# ഹജ്ജ്‌യാത്രയിലെ സാമൂഹിക ചിന്തകൾ

ടി. പി. കുട്ടിയമ്മു

1015

തൻവീർ — നമ്പർ 1.

KOTT-AYAM PUBLIC LIBRARY * KOTTAYAM. *
69800

# ഹജ്ജുയാത്രയിലെ സാമൂഹിക ചിന്തകൾ

ടി. പി. കുട്ടിയമ്മു
(ബി. ഇ., എഫ്. ഐ. ഇ)

NATIONAL BOOK STALL * KOTTAYAM.
SPCS

തൻവീർ പബ്ലിഷിങ്ങ് ഹൌസ്
കോഴിക്കോട്_6 കേരള.

HAJJU YATRAYILE
SAMUHIKA CHINTAKAL
(Sociological Thoughts in Hajj Pilgrimage)

M301

By T. P. KUTTIAMMU, B. E, F. I. E.

First Impression — August, 1974

Copies — 2000 Price — Rs. 6 - 00

Printed at
CHANDRIKA PRESS
Y. M. C. A. ROAD, CALICUT-1.

Publishers:
TANVEER PUBLISHING HOUSE
CALICUT-6 KERALA

Rights reserved by Publishers.

# മുഖവുര

ചന്ദ്രിക വാരാന്തപതിപ്പിൽ 1972 ജൂൺ 10ാംനു-മുതൽ 1973 മേയ് 5ാംനു-വരെയുള്ള നാല്പതോളം ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുള്ള ലേഖനപരമ്പരയാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. ലേഖനങ്ങൾ ചന്ദ്രിക വായനക്കാർ കണ്ടുകഴിഞ്ഞതുകൊണ്ട് ഈ പുസ്തകത്തിനു പ്രത്യേകം ഒരവതാരിക ആവശ്യമില്ല. കടലാസു ക്ഷാമവും അച്ചടിച്ചിലവിൻെറ വർദ്ധനവും കണക്കിലെടുത്തു് പുസ്തകത്തിൻെറ വില കഴിയുന്നത്ര കുറക്കുവാൻ ശ്രദ്ധിച്ചുകൊണ്ടാണ് കടലാസ്സും, പുസ്തകത്തിൻെറ വലുപ്പവും, ഉപയോഗിക്കുന്ന അച്ചും മററും തിരഞ്ഞെടുത്തതു്. ഹജ്ജ്കാലം ആരംഭിക്കുന്നതിനു മുമ്പു വെളിക്കിറക്കേണ്ട ധൃതിയിൽ ചില അച്ചടിപ്പിശകുകളും പോരായ്മകളും വന്നുപോയിട്ടുണ്ട്. അവ ക്ഷമിച്ചുതരേണമെന്നും, ഈ പുസ്തകത്തിൽ വരുത്തേണ്ട മാററങ്ങളെപ്പററി നിർദ്ദേശങ്ങൾ നൽകേണമെന്നും അപേക്ഷ.

കവർപേജ് ആർടിസ്റ്റ് വാസു വരഞ്ഞുതന്നതാണ്. നീലാകാശത്തിൽ മിന്നിത്തിളങ്ങുന്ന വഴികാട്ടി നക്ഷത്രങ്ങളും, വളന്നുകൊണ്ടിരിക്കുന്ന അരിവാൾ നിലാവും ലേഖനത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതാണ് (പേജ് 16, 192). കഅ്ബാശരീഫിൻെറയും മസ്ജിദുന്നബവിയുടെയും പ്ലാൻ പുസ്തകത്തിൻെറ അവസാനത്തിൽ കാണാം. നല്ല നല്ല ഫോട്ടോഗ്രാഫുകൾ ശേഖരിച്ചു് കൊടുക്കുവാൻ സാധിക്കാതെ പോയതിൽ ഖേദമുണ്ട്.

ഹജ്ജ്‌യാത്രയിലും, അതിനെ പുരസ്കരിച്ചുകൊണ്ടു് ഈ ലേഖനപരമ്പര തയ്യാറാക്കുന്നതിലും, ഇതിൻെറ നേരത്തെയുള്ള പ്രസിദ്ധീകരണത്തിലും, ഇപ്പോൾ ഈ പുസ്തകം തയ്യാറാക്കി

അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിലും നാനാഭാഗത്ത്നിന്നും, പ്രത്യേകിച്ച് ചന്ദ്രികയിൽനിന്നും, എനിക്ക് ലഭിച്ചിട്ടുള്ള സഹായസഹകരണങ്ങൾ അളവറ്റതാണ്. അവരോടെല്ലാം എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഇക്കാര്യത്തിൽ മർഹൂം സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ നല്കിയ സ്നേഹസമ്പൂർണ്ണമായ നേതൃത്വവും സഹായസഹകരണങ്ങളും എക്കാലവും ബഹുമാനപൂർവ്വം ഓർക്കുന്നതാണ്. അല്ലാഹു അവരുടെ ആത്മാവിന് നിത്യശാന്തി നല്കട്ടെ. ആമീൻ.

'തൻവീർ പബ്ലിഷിങ്ങ് ഹൌസ്'' കാരുടെ ഒന്നാമത്തെ പുസ്തകമാണിത്. സഹൃദയന്മാരുടെ പ്രോത്സാഹനമുണ്ടാകുന്നപക്ഷം വേറെയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കാം. ഇൻശാ അല്ലാഹ്!

കോഴിക്കോട്-6

15-8-1974 ടി. പി. കുട്ടിയമ്മു.

# ഉള്ളടക്കം


| | |
|---|---|
| മുഖവുര | പേജ് |
| ഈലാഫുൽ ഖുലൂബ് | 1 |
| ബോംബെയിൽ | 6 |
| സാബു സിദ്ദീഖ് മുസാഫർഖാന | 9 |
| മുസഫ്ഫരിയിൽ | 13 |
| തബ്ലീഗ് പ്രഭാഷണങ്ങൾ | 20 |
| സാരോപദേശങ്ങൾ തുടരുന്നു | 23 |
| കപ്പലിലെ ആരാധനകൾ | 27 |
| കപ്പലിലെ മാപ്പിളമാർ | 33 |
| ഏഡൻ, യലംലം, ജിദ്ദ | 37 |
| മക്കാശരീഫിലെ ആദ്യരാവ് | 41 |
| മഹത്തായ നേട്ടം | 44 |
| മക്കായിലെ ദിനചര്യകൾ | 47 |
| ഹറംശരീഫിന്റെ ഭൂമിശാസ്ത്രം | 51 |
| ത്വവാഫ്, സഅ്യ്, ഉംറ | 61 |
| ഹറംശരീഫിലെ പ്രഭാഷണങ്ങൾ | 66 |
| ബലദുൽ അമീൻ | 74 |
| അൽ ഇൻസാനു ഫീകബദ് | 79 |
| ജബലുന്നൂർ | 84 |
| ജബൽ ഖുബൈസ് | 89 |
| ദാറുൽ അർഖം, മസ്ജിദുൽജിൻ, സൌർഗുഹ | 93 |
| ജന്നത്തുൽമുഅല്ലാ | 99 |
| ഒരു വലിയ കുടുംബം | 104 |
| തലശ്ശേരി സംഭവം | 111 |
| സൌഹൃദ സംഭാഷണങ്ങൾ | 116 |
| പൂർണ്ണതയിലേക്കുള്ള ആഹ്വാനം | 123 |
| അറഫാത്തിലേക്ക് | 129 |

ഭാരമേറിയ ചുമതല 135

മക്കായിൽനിന്നു വിടവാങ്ങുന്നു 143

ഹിജ്റ, ബദ്ർ_ചരിത്രം തിരുത്തിയെഴുതിയ സംഭവങ്ങൾ 148

മസ്ജിദുന്നബവി 156

ഉഹ്ദ്, ഖന്തക്, ഹുദൈബിയ 161

പള്ളികളും സർവ്വകലാശാലയും 168

മുഹമ്മദ് നബി (സ) 175

മനുഷ്യന് അത്യുത്തമ മാതൃക 179

സഹാബിവര്യന്മാർ 183

മടക്കയാത്ര 184

അക്ബറിൽ 193

നിങ്ങൾതന്നെ മികച്ചുനിൽക്കും—സത്യവിശ്വാസികളാണെങ്കിൽ 199

ഹറംശരീഫിന്റെ പടം

മദീനത്തുന്നബവിയുടെ പടം

KOTTAYAM PUBLIC LIBRARY * KOTTAYAM. *

# “ഈലാഫുൽ ഖുലൂബ്”

**1971** ഡിസമ്പർ 26ാംനു- ഹജ്ജിന്നുവേണ്ടി ഞാനും ഭാര്യയും തലശ്ശേരി വിട്ടു ഹജ്ജ് കഴിഞ്ഞ് 1972 ഫിബ്രവരി 27ാംനു- അവിടെ തിരിച്ചെത്തുകയും ചെയ്തു. ഈ രണ്ട് മാസങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ എല്ലാം നിലയിലും പ്രാധാന്യമേറിയ ഒരു ഘട്ടമായിരുന്നു. ഓരോ ദിവസവും എന്നുവേണ്ട, ഓരോ മണിക്കൂറും പുതിയ പുതിയ അനുഭവങ്ങളാൽ അനുഗ്രഹീതമായി തോന്നി. പ്രതീക്ഷയും അതുതന്നെയായിരുന്നു. ഈ അനുഭവങ്ങളെപ്പററി തുടർച്ചയായി ചന്ദ്രികയിൽ എഴുതേണമെന്നു പല സ്നേഹിതന്മാരും ആവശ്യപ്പെട്ടിരുന്നു. എന്നാൽ സി. എച്ച്. മുഹമ്മദ്കോയ ഹാജി, എൻ മരക്കാർഹാജി മുതലായവരുടെ ഹജ്ജ്‌യാത്രാ വിവരണങ്ങൾ പുസ്തകരൂപത്തിൽ വന്നിട്ടുണ്ട്. യാത്രക്കുവേണ്ടുന്ന ഒരുക്കങ്ങളെപ്പററിയും ഹജ്ജിനെപ്പററിതന്നെയും അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഹജ്ജ്കമ്മിററിയുടെയും ഖുദ്ദാമുൽ ഇസ്ലാം സംഘത്തിൻെറയും പ്രസിദ്ധീകരണങ്ങളിൽ നല്ലപോലെ വിവരിച്ചിട്ടുമുണ്ട്. ഹജ്ജിൻെറ മതപരമായ അനുഷ്ഠാനകർമ്മങ്ങളും മററും വിശദമാക്കുന്ന പുസ്തകങ്ങളും മലയാളത്തിൽ വന്നുകഴിഞ്ഞിരിക്കുന്നു ഈ ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തിൻെറ ആവത്തനമെന്നോണം ലേഖനപരമ്പര ആവശ്യമില്ല. എങ്കിലും ഹജ്ജ് മുസ്ലിംകളെ സംബന്ധിച്ചേടത്തോളം പുണ്യമേറിയ ഒരാരാധനയാണ്. ഇസ്ലാമിന്റെ വിവിധ വശങ്ങളെപ്പററി ഞാൻ പുലർത്തിപ്പോന്ന ധാരണകൾക്കും വിശ്വാസങ്ങൾക്കും ദൃഢത (യഖീൻ) ലഭിച്ചുവെന്നതാണ് എനിക്കുണ്ടായ വിലമതിക്കാത്ത അനുഭവം. മാത്രമല്ല, സാമൂഹികമായും സാംസ്കാരികമായും ഹജ്ജിന്നുള്ള പ്രാധാന്യം പ്രത്യേകം തന്നെയാണല്ലോ. ഉപമയില്ലാത്ത ഈ അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കുമ്പോഴുണ്ടായ ചിന്തകൾ-പ്രത്യേകിച്ചും സാമൂഹിക പ്രാധാന്യമുള്ളവ- ചന്ദ്രിക വായനക്കാരുമായി പങ്കിടുന്നത് യുക്തമായിരിക്കും. സമുദായത്തിലെ വളരെ ചെറിയ ഒരു വിഭാഗം ആളുകൾ മാത്രമാണ് ഹജ്ജിന്നു പോകുന്നത്. അവരുടെ അനുഭവങ്ങൾ അറിയുവാൻ മററുള്ളവർക്ക് ന്യായമായും കൗതുകമുണ്ടാകും. ഇതെല്ലാം ഓർത്തുകൊണ്ടാണ് ഇത് എഴുതുന്നത്. തിരക്കുപിടിച്ച പരിപാടികളുടെ ഇടയിൽ അവസരം ലഭിച്ചപ്പോഴെല്ലാം എഴുതിവെച്ച കുറിപ്പുക

ളിൽക്കൂടി ഓർമ്മ പുതുക്കിയിട്ടാണ് എഴുതുന്നത്. ഇതെല്ലാം അക്ഷരത്തിലും അർത്ഥത്തിലും "ചിതറിയ ചിന്തകൾ" മാത്രമായിരിക്കും.

## തീരുമാനം പെട്ടെന്ന്

ബംഗ്ലാദേശ് യുദ്ധംമൂലമുണ്ടായ അനിശ്ചിതാവസ്ഥക്കു ശേഷം പെട്ടെന്നാണ് യാത്ര തീരുമാനിച്ചത്. തുടർന്നുണ്ടായ സന്ദർശകന്മാരുടെ "ഉരുളം പൊട്ടൽ" യാത്രയയപ്പ്, തലശ്ശേരി മുതൽ ബോമ്പെവരെ തീവണ്ടിയാപ്പീസുകളിലെ സ്വീകരണങ്ങൾ, ഹസ്തദാനം, ആലിംഗനം, സൽക്കാരങ്ങൾ-ഇവയെല്ലാം മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തവിധം മനസ്സിനെ സ്വാധീനിക്കുന്നതും, ചിന്തയെ തട്ടിയുണർത്തുന്നതുമായിരുന്നു. നാല്പത്തഞ്ചുവർഷങ്ങൾക്കു മുമ്പ് ഇഞ്ചിനിയറിംഗ് കോളേജിൽ ചേരുവാൻ തലശ്ശേരിയിൽനിന്നു തീവണ്ടി കയറിയപ്പോൾ ഒരു യാത്രയയപ്പുണ്ടായിരുന്നു. അന്നുതന്നെ സാമാന്യം വലുതായ എൻെറ ബന്ധുജനങ്ങളുടെയും, സുഹൃത്തുക്കളുടെയും വൃത്തത്തിൽ അതൊരു വിശേഷ സംഭവമായിരുന്നു. അതിനുശേഷം ഒരു ജപ്പാൻയാത്ര ഉൾപ്പെടെ എത്രയോ യാത്രകളും, മററു അനുഭവങ്ങളും എനിക്കുണ്ടായിട്ടുണ്ട്. ധാരാളം ആളുകൾ പങ്കെടുത്തുകൊണ്ടു യാത്രയയപ്പുകളും മാലയിടലും പ്രസംഗങ്ങളും മററും മുറപ്രകാരം നടക്കുകയുമുണ്ടായിട്ടുണ്ട്. പക്ഷെ അതിലൊന്നും കാണുകയോ, കൈവരികയോ ചെയ്തിട്ടില്ലാത്ത ഒരു മാനസിക ചൈതന്യം ഈ യാത്രയിൽ അനുഭവപ്പെട്ടു. ഏതാണ്ട് എല്ലാവരിലും സ്ഫടികസമാനമായ നിഷ്ക്കളങ്കതയും, ദൈവീകമായ ഒരു സ്നേഹബന്ധവും കാണപ്പെട്ടു. 'ഈലാഫുൽഖുലൂബ്-ഹൃദയങ്ങളെ യോജിപ്പിക്കൽ' എന്നു പലപ്പോഴും പഠിക്കുകയും, എഴുതുകയും ചെയ്തിരുന്നത് എന്താണെന്നു ബോദ്ധ്യംവന്നു. ഭാര്യയുടെ അനുഭവവും ഇതു തന്നെയായിരുന്നു. വിദൂരബന്ധുക്കൾപോലും തുരുതുരെ വന്നു, കൈപിടിച്ചു ചുംബിച്ചും നല്ലവാക്കുകൾ പറഞ്ഞും ഈ മഹത്തായ ഇബാദത്തിൻെറ കാതലായ 'ഈലാഫുൽഖുലൂബ്' അരക്കിട്ടുറപ്പിച്ചുകൊണ്ടിരുന്നു. നാട്ടുമര്യാദയനുസരിച്ചുള്ള ക്ഷണമോ, തറവാട്ടു മര്യാദയനുസരിച്ചുള്ള സൽക്കാരവിഭവങ്ങളോ ഒന്നും ഒരു പ്രശ്നമായിരുന്നില്ല. ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ ദൈവീകമായ സ്നേഹത്തിൻെറ പ്രകടനം മാത്രമായിരുന്നു. എവിടെയും; ധാരാളം സ്ത്രീകൾ കരയുകയോ, കണ്ണീരൊലിപ്പിക്കുകയോ ചെയ്തു. പക്ഷെ, വിരഹതാപമല്ല ദൂരയാത്രയെപററിയുള്ള ആശങ്കകളുണ്ടെങ്കിലും, സ്നേഹത്തിൻെറയും സന്തോഷത്തിൻെറയും അശ്രുക്കളായിരുന്നു അവ. മൂന്നു വർഷംമുമ്പ് മകൾ ലിബിയയിലേക്കുപോയ അവസരത്തിലും സ്ത്രീകളിൽ പലരും കരഞ്ഞിരുന്നു; അവളുടെ ഉമ്മ പ്രത്യേകിച്ചും; അതിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു ഇപ്പോഴത്തെ യാത്രയയപ്പ്. ഈലാഫിൻെറ മാസ്മരശക്തി എങ്ങും ദൃശ്യമായിരുന്നു.

തലശ്ശേരിയിൽനിന്നു ആർക്കോണംവരെയും, ആർക്കോണത്തുനിന്നു ബോമ്പെവരെയും പല സ്റ്റേഷനുകളിലും ബന്ധുജനങ്ങളും, സ്നേഹിതന്മാരും, സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉണ്ടായിരുന്നു. തിരൂരങ്ങാടിയിൽനിന്നു പരപ്പന

ങ്ങാടിയിലും, താനൂരിൽനിന്നും വളവന്നൂരിൽനിന്നും തിരൂരിലും, എറണാകുളത്തുനിന്നും നിലമ്പൂർനിന്നും ഷൊറണ്ണൂരിലും പാലക്കാട്ട്നിന്നു് ഒലവക്കോട്ടും, മദിരാശിയിൽനിന്നു ആർക്കോണത്തും അവർവന്നു. മിസ്സിസ് മൂസ്സക്കുട്ടിയും, മിസ്സിസ് അഹ്മദും ബഹുദൂരം യാത്ര ചെയ്തിട്ടാണ് അവരുടെ അമ്മായിയെ യാത്രയയക്കുവാൻ വന്നത്. വയസ്സ മൂത്തകാരണവന്മാരും അളിയന്മാരും അനുജന്മാരും, മരുമക്കളും, മക്കളും, മക്കളുടെ മക്കളുമെല്ലാമുണ്ടായിരുന്നു. ഔസാഫും മിസ്ബാഹും നൌഫലും സഫൂറയും സാധാരണ കൌതുകപൂർവ്വം ശ്രദ്ധിക്കാറുള്ള തീവണ്ടിയെഞ്ചിന്റെ പീസ്റ്റണും ഫ്ളൈവീലും മറന്നു അവരുടെ ഉമ്മാമയെ സ്നേഹനിർഭരമായ കണ്ണുകളാൽ യാത്രയയച്ചു. എന്തോ നല്ല കാര്യത്തിനാണ് അവരുടെ ഉമ്മാമയും ഉപ്പാപ്പയും പോകുന്നതെന്നു അവർ മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ സ്ഥാപനങ്ങൾ കാണിച്ച സ്നേഹം ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. തലശ്ശേരിയിലെ ലീഗ്, യൂത്ത്‌ലീഗ്, മുസ്ലിം അസോസ്യേഷൻ ഖാദിമുൽ ഇസ്ലാം, വെൽഫെയർ സൊസൈററി, യത്തീംഖാന മുതലായ സംഘടനകൾ കോഴിക്കോട്ട് ചന്ദ്രിക, മദിരാശിയിലെ മലബാർ മുസ്ലിം അസോസ്യേഷൻ മുതലായ പല സംഘടനകളും-ഇവയെല്ലാം യാത്രയയപ്പ് നൽകി. മാലയിടലും പ്രസംഗവും മാത്രമല്ല, റിസർവേഷൻ മുതലായ കാര്യങ്ങളിലും ഫലപ്രദമായ സഹായങ്ങൾ അവർ ചെയ്തുതന്നു. വ്യക്തികളുടെ പേരുകൾ പറയുവാൻ പ്രയാസമുണ്ട്. എന്നാലും ചെറിയ മമ്മുക്കേയി, സെയ്തുമ്മർബാഫഖി തങ്ങൾ, മഹമൂദ്ഹാജി, എം. കെ. ഹാജി, പി. എ. അഹമ്മദ് ഇബ്രാഹിം ഹാജി, ടി. എം. മുഹമ്മദ്ഹാജി എന്നിവരുടെ പേർ പറയാതെ നിവൃത്തിയില്ല; അവർ ഓരോരുത്തരും ഓരോ പ്രസ്ഥാനമാണ്. ഇവരുടെയെല്ലാം യാത്രയയപ്പിൽ തെളിഞ്ഞുകണ്ടത് ഹജ്ജിന്റെ ഈലാഫ് തന്നെയാണ്. എന്തുകൊണ്ടെന്നാൽ ഇതെല്ലാം എന്റെ മാത്രമല്ല ഹജ്ജിനു് പോകുന്ന പലരുടെയും അനുഭവമാണ്. ഹജ്ജിനു് പ്രത്യേകമായുള്ളതുമാണ്.

യാത്ര പുറപ്പെടുന്നതിന്നുമുമ്പ് വീട്ടിൽ ഒരു 'ബ്രെഞ്ച' കഴിഞ്ഞു. ബ്രെക്ക്ഫാസ്റ്റും (പ്രാതൽ) ലഞ്ചും (ഉച്ചഭക്ഷണം) 'ജംആ'ക്കിയതാണ്. ബ്രെഞ്ച്! അതിൽ ഭാഗഭാക്കായ ബന്ധുക്കളെപ്പററി ചിന്തിച്ചു. മിക്കവരും ചെറുപ്പക്കാരായിരുന്നു. ഇഞ്ചിനീയർമാർ, ഡാക്ടർമാർ, മററു ബിരുദദാരികൾ, വ്യാപാരികൾ, സമർത്ഥന്മാരായ മെക്കാനിക്കുകൾ ഇങ്ങിനെ പലരും. മിക്കവരും ചെറുപ്പത്തിൽ മണ്ണുവാരിക്കളിച്ച കാലംമുതൽ വളർന്നുവന്നത് കണ്ടവനാണ് ഞാൻ. എല്ലാവരും പഠിച്ചുവളർന്നു നമസ്കാരാദികർമ്മങ്ങളിൽ നിഷ്ഠയുള്ളവരും. ദീനിബോധമുള്ളവരും, കഴിവും സ്വഭാവഗുണങ്ങളുമുള്ളവരുമാണ് എനിക്കവരെപ്പറ്റി അഭിമാനംതോന്നി. അവരുടെ കുടുംബങ്ങളും സമുദായവും അവരിൽ വലിയ പ്രതീക്ഷകൾ അർപ്പിച്ചിരിക്കുകയാണ്. ഇവർക്കു് എന്ത് സന്ദേശമാണ് ഹിജാസിൽനിന്നു കൊണ്ടുവരേണ്ടത് എന്നു ഞാൻ ചിന്തിച്ചു. കേരളത്തിന്റെ പല ഭാഗങ്ങളിലായി ജോലിചെയ്യുന്ന ഈ ചെറുപ്പക്കാർ ഇന്നു് ഇവിടെ വന്നിരിക്കുകയാണ്. ഇങ്ങിനെ ഒരു 'ബ്രെഞ്ച്' മുമ്പുണ്ടായിട്ടില്ല. ബന്ധുക്കളുടെയും സ്നേഹിതന്മാരുടെയും വീടുകളിൽ ദിനേന ഉണ്ടായിക്കൊണ്ടിരുന്ന സൽക്കാരങ്ങളുടെ തുടർച്ചയും സമാപനവുമായിരുന്നു ഇത്. ചിലർ പലഹാ

രങ്ങളും അയച്ചുതന്നു. മററു ചിലർ യാത്രയിലെടുക്കുവാൻ പലഹാരങ്ങളോ ഭക്ഷ്യധാന്യങ്ങളും തന്നെയുമോ അയച്ചുതന്നു.

പിറെറദിവസം രാവിലെ ആർക്കോണത്തുള്ള അളകാപുരി ഹോട്ടലിലായിരുന്നു വിഭവസമൃദ്ധമായ 'ബ്രെഞ്ച്'. ആർക്കോണത്തെ സ്നേഹിതന്മാർക്കു പുറമെ മദിരാശിയിൽനിന്നു ടി. എം. മുഹമ്മദ്ഹാജിയുടെ നേതൃത്വത്തിൽ വന്ന അസോസ്യേഷൻ സുഹൃത്തുക്കളും ബന്ധുജനങ്ങളുമുണ്ടായിരുന്നു. അന്നുതന്നെ രേണിഗുണ്ട, കടപ്പ, ഗുണ്ടക്കൽ, റായ്ച്ചൂർ എന്നിവിടങ്ങളിലെ ചായയും ലഞ്ചും, ഡിന്നറും, അതോടൊപ്പം മാലകളും ഹസ്തദാനവും ആലിംഗനവും തക്ബീർവിളിയും റെഡി! ഏതു കമ്പിയില്ലാകമ്പിയാണ് ഈ റെയിൽവെ റിഫ്രഷ്മെണ്ടുകാർക്കു മുന്നറിവ് നൽകിയതെന്നു അല്ലാഹു അഅ്ലം! ഈ സൽക്കാരശൃംഖലയുടെ സൂത്രധാരനായ അബ്ദുൽകാദർഹാജി കഠിനാദ്ധ്വാനവും സേവനതൽപരതയും കൊണ്ടു ഇവിടങ്ങളിൽ ജനസമ്മതനായി ഉയർന്നു വന്നിട്ടുള്ള ഒരു സമുദായസ്നേഹിയാണ്. ഈ ലൈനിൽകൂടി തനിച്ചും, കുടുംബസമേതവും ഞാൻ എത്രയോ തവണ യാത്ര ചെയ്തിട്ടുണ്ട്. എന്നാൽ ഈ യാത്ര അതിൽനിന്നെല്ലാം വ്യത്യസ്തമാണ്. സമുദായത്തിൻെറ പ്രതിനിധികളായി ഒരന്താരാഷ്ട്ര സമ്മേളനത്തിലേക്കു പോകുകയാണല്ലോ ഞങ്ങൾ. ഞങ്ങളുടെ നേട്ടം എന്തുതന്നെ ആയാലും അതിൽ സമുദായത്തിനും പങ്കുണ്ടാകുമെന്നത് തീർച്ചയാണ് എവിടെ നോക്കിയാലും കാണുന്നതും അനുഭവപ്പെടുന്നതും ഈലാഫ് തന്നെ.

ഈലാഫുൽഖുലൂബ്! എത്ര മഹത്തായ ഒരാദർശം! അതിൻ്റെ സാക്ഷാൽക്കാരം എന്തുമാത്രം സംതൃപ്തി നൽകുന്ന അനുഭവം! ഈ സത്യം ഒരു നിമിഷമെങ്കിലും മറക്കുവാൻ സാധിച്ചില്ല. കുററിപ്പുറം മുതൽ ഷൊറണ്ണൂർവരെ ചീഫ് ഇഞ്ചിനീയർ ശ്രീ. ഭരതൻ എൻെറ കൂടെ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ യുഗോസ്ലാവിയൻ യാത്ര, കേരളത്തിലെ വൻകിട ജലസേചന പദ്ധതികളുടെ ഇപ്പോഴത്തെ മുൻഗണനാക്രമം, ശിരുവാണി-ചാലിയാർ വിഷയങ്ങളെപ്പററി തമിഴ്നാട്ടു മന്ത്രിമാരുമായുള്ള സംഭാഷണങ്ങൾ, കാവേരി തർക്കത്തെപ്പററി സുപ്രീംകോടതിയിലെ വാഗ്വാദങ്ങൾ ഇതെല്ലാം അദ്ദേഹം പറഞ്ഞുതന്നു പിറ്റേദിവസം രായലശീമാ പ്രദേശങ്ങളിൽ കൂടി കടപ്പ-കർണ്ണൂൽ-അനന്തപൂർ എക്സ്പ്രസ്സ് കുതിച്ചുപായുകയാണ്. ഇരുപതു് ഇരുപത്തഞ്ച് വർഷങ്ങൾക്കു മുമ്പ് ഞാൻ ഇവിടങ്ങളിൽ ജോലിചെയ്തിട്ടുണ്ട്. ഉരുളൻ കല്ലുകൾ നിറഞ്ഞ അരുവികളിൽകൂടി കാളവണ്ടിയിലും കുതിരപ്പുറത്തും കടന്നുചെന്നിട്ടുണ്ട്. കുററിക്കാടുകളിൽകൂടി ജീപ്പുകളിൽ ചുററിക്കറങ്ങിയിട്ടുണ്ട്. ഏരികളുടെയും തോടുകളുടെയും കരകളിൽ സൈക്കിളോട്ടിയിട്ടുണ്ട്. തൈരും ചോറും കൈയിലെടുത്തു കുന്നുകളും പാറകളും കയറിയിറങ്ങിയിട്ടുണ്ട്. ഭയാനകമായ മലയിടുക്കുകൾ ചെന്നു പരിശോധിച്ചിട്ടുണ്ട്. പൂർവ്വപിതാക്കളുടെ ആശ്ചര്യകരമായ നേട്ടങ്ങളുടെ ഔന്നത്യവും, സാമാന്യജനങ്ങളുടെ അന്ധവിശ്വാസങ്ങളുടെ ആഴവും അടുത്തടുത്തു് സ്ഥിതിചെയ്യുന്ന സ്മാരകങ്ങളിൽ കാണുവാൻ സാധിച്ചിട്ടുണ്ട്. ഗോദാവരി, കൃഷ്ണ, തുംഗഭദ്ര, പെണ്ണാർ, പാലാർ, കാവേരി മുതലായ വൻനദികളെ കൂട്ടിബന്ധിക്കുകയും, ഒന്നിലെ മിച്ചജലം മററൊന്നിലേക്കു

തിരിച്ചും, വർഷകാലത്ത് കുത്തിയൊലിച്ച് പാഴായിപോകുന്ന ജലം അണകെട്ടി സംഭരിച്ചും, വെള്ളത്തിനുവേണ്ടി ദാഹിച്ചുകിടക്കുന്ന അനേകായിരം ഹെക്ടർ വരണ്ട നിലങ്ങൾക്ക് ജലസേചനം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷ്ണയിൽനിന്നു് ഓരോ സെക്കണ്ടിലും നൂറായിരം ഘനയടി വെള്ളം പെണ്ണാറിലേക്കു തിരിച്ചുവിടുന്ന ഒരുക്കൻ തോട്ട് ഇതിൽപെടും. പിന്നെ ആ തോടിൻെറ കുട്ടികളും പേരക്കുട്ടികളും! ഇതെല്ലാം എൻെറ കൺമുമ്പിൽകൂടി കടന്നുപോകുകയാണ്. റെയിലരികിലുള്ള കമ്പിത്തൂണുകളോടൊപ്പം! പക്ഷെ മലകളും പുഴകളും പദ്ധതികളുമായിട്ടല്ല, സാരസമ്പൂർണ്ണമായ സിംബലുകൾ (പ്രതീകങ്ങൾ) ആയിട്ട്! വെള്ളം അല്ലാഹുവിൻെറ അനുഗ്രഹമാണ്_റഹ്മത്ത്. അതു ഉള്ളടത്തുനിന്നു് ഇല്ലാത്തയിടത്തേക്കും, അധികമുള്ളേടത്തുനിന്നു തികയാത്തയിടത്തേക്കും തിരിക്കേണ്ടതാണ്, വെറുതെ നഷ്ടപ്പെടാതെ സംഭരിച്ചു ആവശ്യാനുസരണം വിതരണം ചെയ്യേണ്ടതാണ്, ലവലനുസരിച്ച താഴോട്ടുമാത്രം പോകുന്ന ആ സമ്പത്തിനെ അതനുസരിക്കുന്ന നിയമങ്ങൾക്കു വിധേയമായിതന്നെ നിയന്ത്രിക്കേണ്ടതാണ്. ഇതുപോലെ തന്നെയാണ് അല്ലാഹുവിൻെറ എല്ലാ അനുഗ്രഹങ്ങളും. സമ്പത്ത്, ആരോഗ്യം അറിവ്, സൽഗുണങ്ങൾ എല്ലാമെല്ലാം. ഉള്ളവർ ഇല്ലാത്തവർക്ക് നൽകുക. അതു ചിട്ടയോടുകൂടി ആയിരിക്കുക. പരസ്പരം സഹായിക്കുക. അന്യോന്യം സ്നേഹിക്കുകയെങ്കിലും ചെയ്യുക ഇതെല്ലാം തന്നെയാണല്ലോ ഹജ്ജ് പഠിപ്പിക്കുന്നത്. നമ്മുടെ നമസ്കാരവും നമ്മുടെ ദാനധർമ്മങ്ങളും നമ്മുടെ ത്യാഗവുമെല്ലാം ഈ പാഠങ്ങൾ പഠിപ്പിക്കേണ്ടതല്ലേ?

ഇത്തരം ചിന്തകൾ തുരുതുരെ മനസ്സിൽ കടന്നുപോകുകയാണ്. വിശുദ്ധ ഖുർആനിൽ എത്രയെത്ര ആയത്തുകൾ നമ്മുടെ ചിന്തയെ ഉണർത്തുന്നു! ഭൂമിയും ആകാശങ്ങളും, പരന്ന ഭൂമിയും ഉറച്ച മലകളും, ആറുകളും അരുവികളും, വരണ്ട ഭൂമിയും അതിന്നു ജീവൻ നൽകുന്ന മഴയും, സൂര്യനും, ചന്ദ്രനും, രാവും പകലും_അങ്ങിനെ പോകുന്നു പ്രകൃതിയിലെ ദൃഷ്ടാന്തങ്ങൾ. നിന്നും ഇരുന്നും കിടന്നും ദൈവത്തെ ഓർക്കുന്നവർക്കു സത്യം സ്വയം പ്രകാശിക്കുന്നു. "രക്ഷിതാവെ, നീ ഇതൊന്നും വ്യർത്ഥമായി സൃഷ്ടിച്ചതല്ല! നരകയാതനയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ!" (വി: ഖു: 3: 191, 6: 1, 6: 73, 10. 22_23,. 10. 101, 21:16_17, 22: 65, 23: 17_22)

പുസ്തകങ്ങൾ വായിച്ചുതുടങ്ങി. വിഷയം ഇതെല്ലാം തന്നെയായിരുന്നു. ടി. ഉബൈദ്സാഹിബ് അല്ലാമാ ഇഖ്ബാലിൻെറ സാമുദായിക ഗാനത്തിൻെറ പരിഭാഷ സ്നേഹപൂർവ്വം അയച്ചുതന്നത് വായിച്ചു. അതിൽ മാടിവിളിക്കുന്ന പടിഞ്ഞാറൻ താഴ്വരകളിലേക്കാണ് ഞങ്ങൾ പോകുന്നത്. ഏകദൈവത്തിൻെറ ആരാധനക്കായി ആദ്യമായി നിർമ്മിക്കപ്പെട്ട ദേവാലയം പ്രദക്ഷിണം ചെയ്യുവാനാണ് പോകുന്നത്. ഇഖബാൽ, ഹാലി, ശിബ്‌ലി മുതലായ മഹാകവികളുടെ കവിതാ രത്നങ്ങളുടെ ഒരു സമാഹാരം തലശ്ശേരി റെയിൽവെ സ്റ്റേഷനിൽവെച്ചു പ്രൊ: ശാകിർസാഹിബ് സമ്മാനിച്ചത്

ഒന്നൊന്നായി വായിച്ചു. എല്ലാം മക്കാ-മദീനാ പുണ്യദേശങ്ങളെപ്പററി, നബികരീം (സ) ൻെറ സുന്നത്തിനെപ്പററി, ഹജ്ജിനെപ്പററി, സിയാറത്തിനെപ്പററി ബദ്റിനേയും ഉഹ്ദിനേയുംപററി! ഓരോ വരിയും ചിന്താമണ്ഡലത്തിലേക്ക് തുളച്ചുകയറുന്നു. ചിന്ത മുന്നോട്ടും പിന്നോട്ടും പാഞ്ഞുചെല്ലുകയാണ്. വരാനിരിക്കുന്ന പുണ്യകർമ്മങ്ങൾ. അവയിൽനിന്നുണ്ടാകുന്ന അനുഭവങ്ങൾ, പ്രചോദനങ്ങൾ, അവ നമ്മുടെ സാമൂഹ്യജീവിതത്തിൽ പകർത്തേണ്ട ആവശ്യകത, അതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ-ഇതെല്ലാം മുന്നിൽ കാണുന്നു. നമ്മുടെ പള്ളികൾ, മഹല്ല് കമ്മിററികൾ, സമാജങ്ങൾ, സംഘടനകൾ, അതിൻെറയെല്ലാം പിന്നിലുള്ള ചെറുപ്പക്കാർ, എല്ലാ പ്രായത്തിലുമുള്ള ചെറുപ്പക്കാർ, ഇവരെയാണ് പിന്നിട്ടുപോകുന്നത്. തീവണ്ടിയാപ്പീസുകളിലും, 'ബ്രെഞ്ച്' പാർട്ടികളിലും, കേരളത്തിൻെറ മുക്കിലും മൂലയിലും അവരെ വിട്ടേച്ചുപോകുകയാണ്, അവരെല്ലാം പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻശാഅല്ലാഹ്, അതു ചെയ്യുകതന്നെ: അവർക്കുവേണ്ടിയും, സമുദായത്തിനുവേണ്ടിയും. അതാണല്ലോ ഈ ശക്തിയേറിയ മുദ്രാവാക്യം: ഇഅ്ലാഫുൽഖുലൂബ്!

# ബോമ്പെയിൽ

അങ്ങിനെ 28ാംനു- ഉച്ചതിരിഞ്ഞു ഞങ്ങൾ ബോമ്പെദാദർ സ്റ്റേഷനിൽ എത്തി. മുമ്പും എത്രയോ തവണ തനിച്ചും കുടുംബത്തോടുകൂടിയും ബോമ്പെയിൽവന്നിരുന്നു. തീവണ്ടിയിലും വിമാനത്തിലും. അന്നൊന്നും ഉണ്ടായിട്ടില്ലാത്ത ഒരു സ്വീകരണമാണ് ഇന്നു ഞങ്ങൾക്ക് ലഭിച്ചതു്. ചന്ദ്രിക ഡയരക്ടർ കല്ലട്ടറ അബ്ദുൾഖാദർഹാജി, ചന്ദ്രിക പ്രതിനിധി ഹംസത്തുമാട്ടു, ഖുദ്ദാമുൽ ഇസ്ലാം സിക്രട്ടരി ഉത്താൻകോയഹാജി, പിന്നെ ബന്ധുക്കൾ, സ്നേഹിതന്മാർ ഇവരെല്ലാമുണ്ടായിരുന്നു. അബ്ദുൽകാദർഹാജി സാഹിബും മററുംകൂടി ഞങ്ങളെ നിലംതൊടാതെ അദ്ദേഹത്തിൻെറ മെസാഗാവൂൻ ടെറസിലെ താമസസ്ഥലത്തേക്ക് എത്തിച്ചു. 'നിലംതൊടാതെ'യെന്നെഴുതിയതു് അക്ഷരാർത്ഥത്തിൽ തന്നെ സത്യമാണ്. ഈ മാതിരി സന്ദർഭങ്ങളിൽ ഹാജിസാഹിബിൽനിന്നു ലഭിക്കുന്ന വിനയമധുരമായ പെരുമാററം എന്നെ വിഷമിപ്പിക്കാറുണ്ട്. വേറെ സ്നേഹിതന്മാർക്കും ഇതേ അനുഭവം ഉണ്ടാകാറുണ്ട്. എന്നാൽ സ്നേഹവും പുഞ്ചിരിയും പരസ്പരസഹായവും മാത്രം കണ്ടുകൊണ്ടു നാലഞ്ചു ദിവസങ്ങൾ കഴിഞ്ഞശേഷം അതിൽനിന്നല്പം വ്യത്യസ്തമായ ഒരനുഭവം ഉണ്ടായപ്പോൾ പ്രത്യക്ഷത്തിൽ നിസ്സാരമെങ്കിലും അതു മനസ്സിൽ വളരെ വ്യക്തമായി മുഴച്ചുനിന്നു.

സ്റ്റേഷനിൽ ഞങ്ങളുടെ സാമാനങ്ങൾ എടുത്തു് ഒരു ട്രോളിയിൽവെച്ചു തള്ളി പിന്നീടു കാറുകളിൽ കയററിത്തന്ന ഒരു പോർട്ടരുടെ മുഖഭാവമാണ് ഈ 'ചെറിയവലിയ' കാര്യം. അയാളുടെ ഇടതുകൈമുട്ടിനു് താഴെ എന്തോ കാരണവശാൽ മുറിച്ചുകളഞ്ഞിരിക്കയാണ്. ഒന്നരക്കൈകളുമായി സാമാനങ്ങൾ പൊക്കുന്നതും പിരടിയിൽ കയററുന്നതും ട്രോളിയിന്മേൽ അട്ടിയട്ടിയായി

വെക്കുന്നതും കയറുകൊണ്ട് വരിഞ്ഞുകെട്ടുന്നതുമെല്ലാം അതിവിദഗ്ദ്ധമായ രീതിയിലാണ് അയാൾ ചെയ്യുന്നത്. ഒരു കൈ മുറിഞ്ഞുപോയതിലുള്ള അസൗകര്യങ്ങൾ അയാൾ ഏതാണ്ട പൂർണ്ണമായും തരണംചെയ്തു കഴിഞ്ഞിരിക്കുന്നു 'പക്ഷെ അതിൽ അയാൾ സ്രഷ്ടാവിനോട് നന്ദിയുള്ളവനായിരിക്കുകയും മററുള്ളവരുമായി സൌമ്യമായി പെരുമാറുകയും ചെയ്യുന്നതായി കണ്ടില്ല. സ്ഥിരമായ പരാതിയും മുൻകോപവുമാണ് അയാളുടെ പെരുമാററത്തിൽ മുഴച്ചു കണ്ടതു്. ഏതു റെയിൽവെ പോർട്ടറേയും നാം സാധാരണ സഹായിക്കാറുള്ളതുപോലെ അയാളെയും സഹായിക്കാനൊരുമ്പെട്ട കോയയോട് അയാൾ ദ്വേഷ്യപ്പെട്ടു: 'തുംഖാനേക്കോ ഭി ഹമാരെ സാത്ഥ് രഹേഗെ? –നിങ്ങൾ ഭക്ഷണ സമയത്തും എൻെറ കൂടെയുണ്ടാകുമോ' ധിക്കാരസ്വരത്തിലുള്ള ഈ ചോദ്യത്തിൻെറ ഒരാവശ്യവും അവിടെ ഉണ്ടായിരുന്നില്ല. പെട്ടികളും ബേഗുകളും ട്രോളിയിൽ കയററി, ഒന്നര കൈകൊണ്ട് കയറ് ചുററിവരിഞ്ഞു മുറുക്കിയപ്പോൾ, ഒരു പോരായ്മ നീക്കുവാൻവേണ്ടി ഒരു കയറ് അല്പം ശരിയാക്കുവാൻ ഞാൻ ശ്രമിച്ചു. അയാൾ എൻെറ നേരെ ഒരു നോട്ടം! ഞാൻ 'ഭയന്നു' എന്റെ ശ്രമം കൈവെടിഞ്ഞു. എനിക്കു എൻെറ സാമാനങ്ങൾ കയററിയ ഈ തള്ളിപ്പൊളി ട്രാളിയുടെ കയറ് നേരെയാക്കുവാൻ പാടില്ല! നമ്മിൽ മിക്കപേർക്കുമുള്ള ഒരു സുഖക്കേടാണിത്. നമുക്ക് ചില പോരായ്മകളുണ്ടാകാം ഉണ്ടായാലും ഇല്ലെങ്കിലും, വല്ലവരും ചെറിയ ചെറിയ സഹായങ്ങൾ ചെയ്യുവാൻ തുനിയുമ്പോൾ അതു നന്ദിപൂർവ്വം സ്വീകരിക്കുകയോ, വേണ്ടായെന്നു നല്ല മുഖം കാട്ടി പറയുകയോ ചെയ്യുന്നതിന്നു പകരം ആ സഹായഹസ്തങ്ങളെ നീരസത്തോടുകൂടി തള്ളിമാററുന്നു. നമുക്കു സഹായം നൽകിയ ബന്ധുക്കളേയും സ്നേഹിതന്മാരെയും സ്ഥാപനങ്ങളെപ്പോലും മറക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നു. ചിലപ്പോൾ തള്ളിപറയുന്നു. ഇതൊന്നും ശരിയല്ല. ചെറിയ ചെറിയ സഹായങ്ങൾ നൽകുന്നതും നന്ദിപൂർവ്വം സ്വീകരിക്കുന്നതും സത്യവിശ്വാസികളുടെ ലക്ഷണമാണ്. പരസ്പരസഹായം നമ്മുടെ ജീവിത മാർഗ്ഗമാണ്. പരിശുദ്ധ ഹജ്ജ് അതാണ് പഠിപ്പിക്കുന്നത്.

## കപ്പലിലേക്ക്

ജനുവരി 4–ാംനു- ഉച്ചതിരിഞ്ഞ ശേഷമാണ് കപ്പൽ കയറിയത്. അങ്ങിനെ ഒരാഴ്ചയോളം ബോമ്പെയിൽ കഴിച്ചുകൂട്ടി കപ്പൽ ടിക്കററ്, പാസ്പോർട്ട്, ഹെൽത്ത്സർട്ടിഫിക്കററ്, ഫോറിൻ എക്സ്ചേഞ്ച് മുതലായ കാര്യങ്ങളിൽ ഉത്താൻകോയഹാജിയും മററും വേണ്ടതെല്ലാം ചെയ്തുതന്നു. ഞങ്ങൾക്കു യാതൊരു പ്രയാസവും തോന്നിയില്ല. ബ്രെഞ്ചും ബിരിയാനിയും ഉച്ചക്കും രാത്രിയും മുറപ്രകാരം നടക്കുകയാണ്. ഹജ്ജിന്നു പോകുന്നവരെല്ലാം ബോമ്പെയിൽ എത്തേണമല്ലൊ. ആർക്കെങ്കിലും ഒരു വിരുന്നു നൽകുമ്പോൾ മററ 'ഹാജി' മാരേയും ക്ഷണിക്കുന്നു. കേരള മുസ്ലിംജമാഅത്തിൻെറയും, ഒരു ജമാഅത്തെ ഇസ്ലാമിഹൽഖയുടെയും, മററ ചില സ്ഥാപനങ്ങളുടെയും സ്വീകരണങ്ങളുണ്ടായിരുന്നു. ബ്ലേക്കൌട്ടിന്നെ തുടർന്നു ബോംബെ വിട്ടുപോയ അനേകം പേർ

മടങ്ങിയെത്തിയിട്ടില്ലായിരുന്നതുകൊണ്ടു ചന്ദ്രികയുടെ കാര്യത്തിലും മററും പ്രത്യേകം താല്പര്യം കാണിക്കാറുള്ള ചില സ്ഥാപനങ്ങൾക്കു യോഗം സംഘടിപ്പിക്കുവാൻ സാധിച്ചില്ല. പ്രവർത്തകന്മാർ നേരിട്ടു കാണുകയും പൊതു സ്വഭാവമുള്ള പരിപാടികളെപ്പററി ചർച്ചചെയ്യുകയും ചെയ്തു. ചന്ദ്രിക, ദാറുൽ അമാനത്ത് മററു സാംസ്കാരിക പ്രശ്നങ്ങൾ, ഹജ്ജ്-ഇവയായിരുന്നു ചർച്ചാവിഷയങ്ങൾ. തലശ്ശേരി സംഭവങ്ങളെപ്പററി ഞങ്ങൾ സംസാരിച്ചു. നമ്മൾ ജീവനെക്കാളധികം വിലമതിക്കുന്ന മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഒററക്കെട്ടായി യോജിച്ചു നിൽക്കുകയും, സമുദായത്തിന്റെയും നാട്ടിന്റെയും ഗുണത്തിന്നായി സഹോദര സമുദായങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുകയും മാത്രമാണ് നമുക്കു കരണീയം. ചന്ദ്രികയുടെ ചില പോരായ്മകൾ സ്നേഹിതന്മാർ പറഞ്ഞുതന്നു., ചില പോരായ്കളുണ്ടെന്നത് സത്യമാണ്. പക്ഷെ കുറെ തെററിദ്ധാരണകളും കുറെയേറെ അതിശയോക്തി കലർന്ന പ്രചരണങ്ങളുമുണ്ടു്. കുറവുകൾ മിക്കതും സാമ്പത്തികസ്ഥിതിയിൽനിന്നുളവായവയാണ്. പ്രചരണം വളരെയധികം വർദ്ധിക്കുകയും, ധാരാളം പരസ്യങ്ങൾ ലഭിക്കുകയുമാണ് ഇതിന്നു പ്രതിവിധി. ഈ രണ്ടുകാര്യങ്ങളിലും ചന്ദ്രികയുടെ ബന്ധുക്കൾക്കു-വ്യക്തികളായാലും സംഘടനകളായാലും ശരി-പലതും ചെയ്യുവാൻ സാധിക്കും. ചില സ്ഥലങ്ങളിൽ അവർ ചെയ്യുന്നുണ്ടു്. അതിന്റെ ഫലം കാണുന്നുമുണ്ട് ചന്ദ്രികയുടെ വളർച്ച സമുദായത്തിന്റെ മാനമായ നിലനിൽപിന്നും, നേരെ ചൊവ്വെയുള്ള വളർച്ചക്കും ഒഴിച്ചുകൂടാത്തതാണ്.

ബോംബെയിൽ കേരള മുസ്ലിംകളുടെ സാംസ്കാരിക സംഘടനകൾ അനേകമാണ്. പ്രാദേശികവും പരിമിതവുമായ ഉദ്ദേശലക്ഷ്യങ്ങളാണ് ഇവക്കെല്ലാമുള്ളത്. ഇവയെല്ലാം സംയോജിപ്പിച്ച് ഒരേകസംഘടനയാക്കുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല. ആവശ്യവുമില്ല. സാമൂഹ്യസേവനം പലപല ചാലുകളിൽകൂടി ഒഴുകിച്ചേർന്നു സമുദായത്തിന്നു ഫലം നൽകിക്കൊള്ളും. പക്ഷെ, പൊതുവായ ചില കാര്യങ്ങൾക്കുവേണ്ടി സമുദായം ഒന്നുചേർന്നു പ്രവർത്തിക്കുന്നത് നല്ലതും കൂടുതൽ ഫലപ്രദവുമാണ് അത്തരം കാര്യങ്ങളെപ്പററി ശ്രദ്ധിക്കുവാൻ ഈ നൂറിൽപ്പരം ചെറുസമാജങ്ങളുടെ ഒരു 'കൊഓരഡിനേഷൻ കമ്മററി'യെങ്കിലും ഉണ്ടായിരിക്കുന്നത് നന്ന്. അംഗസംഘടനകളുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് പൊതുകാര്യങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ അപ്പോൾ സാധിക്കുന്നതാണ്.

ഇസ്ലാമിനെപ്പററി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാൻ സ്റ്റഡീക്ലാസ്സുകളും ലൈബ്രറികളും ഏർപ്പെടുത്തുന്നത് സുപ്രധാനമായ ഒരാവശ്യമാണ്. ലഘുസമ്പാദ്യം, നിക്ഷേപങ്ങൾ, പരസ്പരസഹായം പരസ്പരസഹായാടിസ്ഥാനത്തിലുള്ള വ്യാപാരങ്ങൾ-ഇവയെല്ലാം കഴിവനുസരിച്ചു സംഘടിപ്പിക്കുന്നതാണ് മറെറാരു സേവനം. കൈതൊഴിലുകൾ പഠിക്കുവനുള്ള ഏർപ്പാടുകളും ആവശ്യമാണ്. ഇപ്പറഞ്ഞ സേവനങ്ങളെല്ലാം ചെറിയതോതിൽ അങ്ങിങ്ങായി നടക്കുന്നുണ്ടു്. അതിന്നെല്ലാം വ്യാപ്തിയും, ഊക്കും കൂട്ടേണ്ടതാണ്. ബോംബെയിലെ കേരളീയർ ഒരു വമ്പിച്ച സമുദായമാണ്. അവരുടെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ചു സാമൂഹ്യക്ഷേമവും, സാംസ്കാരിക നിലവാരവും വള

രുന്നതും ആവശ്യമാണ്.

കേരള മുസ്ലിംജമാഅത്തും, ഖുദ്ദാമുൽ ഇസ്ലാം ജമാഅത്തും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാൻ നിശ്ചയിച്ച സ്ഥലങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ വാങ്ങുന്നതിലും കെട്ടിട നിർമ്മാണത്തിന്നു അനുവാദം ലഭിക്കുന്നതിലും അവർക്ക് വളരെ പ്രയാസങ്ങളും തടസ്സങ്ങളും തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. കേരള ജമാഅത്തിൻെറ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരികയാണ്. ഖുദ്ദാമിൻെറ കെട്ടിടനിർമ്മാണവും താമസിയാതെ ആരംഭിക്കും. ഈ രണ്ട് കെട്ടിടങ്ങളും ലഭിച്ചുകഴിഞ്ഞാൽ മലയാളികളായ മുസ്ലിംകൾക്ക് ബോംബെയിൽ അത് ഒരു വലിയ സൌകര്യമായിരിക്കും.

ബോംബെയിലെ തിരക്കുപിടിച്ച പരക്കംപാച്ചിലിന്നിടയിലും ഹജ്ജിൻെറ കാര്യം അൽപനേരത്തേക്ക്പോലും മറക്കുവാൻ സാധിച്ചിട്ടില്ല ഭാര്യയോടൊപ്പം വിശ്രമത്തിന്നു അങ്ങിങ്ങായി അൽപസ്വൽപം ചുററിയെങ്കിലും വെറും ഉല്ലാസത്തിന്നുവേണ്ടിയായിരുന്നില്ല അതിലൊന്നും വലിയ താൽപര്യം തോന്നിയുമില്ല. എവിടെയെല്ലാം പോയാലും ഓരോ ദിവസവും ഒരിക്കലെങ്കിലും മുസാഫർഖാനയിൽ ചെല്ലും. മുസാഫർഖാന ഹജ്ജ്യാത്രക്കാരുടെ തിക്കും തിരക്കും കൊണ്ടു് സജീവമാണ്.

## സാബുസിദ്ദീഖ് മുസാഫർഖാന

ബോംബെയിൽ 'സാബുസിദ്ദീഖ് മുസാഫർഖാന'യാണ് ഹജ്ജ്യാത്രക്കാരുടെ കേന്ദ്രം. മർഹൂം സാബുസിദ്ധീഖ് സേട്ടു് വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ചു വഖഫ്ചെയ്ത ഈ ഊക്കൻ കെട്ടിടം ഹജ്ജ്യാത്രക്കാർക്കു ഒരു വലിയ അനുഗ്രഹമാണ്. താമസം ഉൾപ്പെടെ ബോംബെയിലെത്തി കപ്പൽക്കയറുന്നതുവരെയുള്ള എല്ലാ കാര്യങ്ങൾക്കും അവിടെ സൌകര്യമുണ്ട്. ഇതിൻെറ നടത്തിപ്പിന്നാവശ്യമായ വരുമാനവും വഖഫ്സ്വത്തുക്കളിൽനിന്നു ലഭിക്കുന്നുണ്ട്. എന്നാൽ ഹാജിമാരുടെ ആധിക്യംകാരണം ഇവിടെ ഇപ്പോൾ സ്ഥലം പോരാതായിരിക്കുകയാണ്. കഴിവുള്ളവർ ഹോട്ടലുകളിൽ മുറിയെടുക്കുന്നു. സാധുജനങ്ങൾ, അതായത് ഇടത്തരക്കാർ (നന്ന സാധുക്കൾ ഹജ്ജിന്നു പോകുന്നില്ലല്ലോ) മുസാഫർഖാനയുടെ വരാന്തകളിലു, അധികം ദൂരെയല്ലാതെ സ്ഥിതിചെയ്യുന്ന ജുമാമസ്ജിദ് പരിസരങ്ങളിലും കഴിയുകയാണ്. ഇപ്പോൾ ഹാജിമാർക്കു പുറമെ, അവരെ യാത്രയയക്കാൻ വരുന്ന ബന്ധുജനങ്ങളും മുസാഫർഖാനയിൽ താമസിക്കുന്നുണ്ടു്. ഇത് നിയന്ത്രിച്ചാൽ തന്നെ അത് കുറെയൊക്കെ സൗകര്യം കൂട്ടും എല്ലാവർക്കും, ഡെക്ക് യാത്രക്കാർക്കെങ്കിലും, താമസിക്കുവാൻ സൗകര്യം ഏർപ്പെടുത്തുന്നത് ആവശ്യമാണ്. മുസാഫർ ഖാനയും പരിസരങ്ങളും ഇപ്പോഴത്തെക്കാൾ വളരെയധികം വൃത്തിയാക്കിവെക്കേണ്ടത് ഒഴിച്ചുകൂടാത്ത ഒരു ആവശ്യമാണ്. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും വന്നെത്തുന്ന അനേകായിരം ഹാജിമാർക്കു താമസിക്കുവാൻ ജിദ്ദയിൽ ഏർപ്പെ

ട്ടത്തിയിട്ടുള്ള മദീനത്തുൽ ഹുജ്ജാജ് എത്ര വൃത്തിയിലും ഭംഗിയിലുമാണ് സൂക്ഷിക്കുന്നത് എന്നതു നമ്മുടെ മുസാഫർഖാനാ ഭാരവാഹികൾ കണ്ടതാണല്ലൊ. കൂടാതെ മുസാഫർഖാനയിൽ അനാവശ്യമായ തിക്കുംതിരക്കും, ചില്ലറ വൃഷണങ്ങളും ഒഴിവാക്കുന്നതിൽ ബന്ധപ്പെട്ടവർ ശ്രദ്ധപതിക്കേണ്ടതുണ്ട്. എന്തെല്ലാം അസൗകര്യങ്ങളുണ്ടായാലും പരാതിയില്ലാതെ സഹിക്കുന്നവരാണ് തീർത്ഥാടകർ എന്നു കരുതി തങ്ങളുടെ കർത്തവ്യങ്ങൾ മറക്കുകയോ സമുദായത്തിന്റെ ഇസ്സത്തിനെ പററി അശ്രദ്ധ കാണിക്കുകയോ ചെയ്യുന്നത് അധികാരസ്ഥാനത്തിരിക്കുന്നവർക്കു ഭൂഷണമല്ല. കെട്ടിടങ്ങൾ പെയിൻറിട്ടും, വെള്ളപൂശിയും, ദിനേന കഴുകിയും വൃത്തിയാക്കി വെക്കുക, പാസ്പോർട്ട് തയ്യാറാക്കുന്നതിനും മററും ആവശ്യമുള്ളത്ര ആളുകളെ നിയമിക്കുക, ക്യൂ കൃത്യമായി പാലിക്കാൻ നിർബ്ബന്ധിക്കുക, വ്യക്തമായ നിർദ്ദേശങ്ങൾ ഉച്ചഭാഷിണിയിൽകൂടി കൊടുക്കുക, പരിസരങ്ങൾ വൃത്തിയാക്കിവെക്കുവാൻ വേണ്ടതെല്ലാം ചെയ്യുക-ഇതെല്ലാം എളുപ്പം ചെയ്യാവുന്ന സംഗതികളാണ്. മഹാനായ വാഖിഫിന്റെ ഉദ്ദേശം അതെല്ലാമായിരുന്നുവെന്നതിൽ സംശയമില്ല.

## ഗുലുമാലുകൾ

മുസാഫർഖാന നോക്കുക, ജുമാമസ്ജിദ് നോക്കുക. എത്രയെത്രയാളുകൾ ഏതെല്ലാം ഭാഷ സംസാരിക്കുന്നവർ, എന്തെല്ലാം വേഷം ധരിച്ചവർ! വൃദ്ധന്മാർ, വൃദ്ധകൾ, യുവാക്കൾ, യുവതികൾ, എന്നെപോലെയുള്ള കറിയവർ, എന്റെ ഇരട്ടി വലിപ്പമുള്ളവർ, ദേഹമാസകലം രോമം നിറഞ്ഞവർ, സ്ത്രീകളെപ്പോലെ മാർദ്ദവമേറിയ ചർമ്മമുള്ളവർ, വെളുത്തവർ,കറുത്തവർ ഇങ്ങിനെ പോകുന്നു വൈരുദ്ധ്യം. ഭാര്യ ഒരു മൂലയിലിരുന്നുസ്ത്രീകളുടെവസ്ത്രവിധാനങ്ങളുടെ വൈരുദ്ധ്യംകുറേനേരം എണ്ണിനോക്കി;എണ്ണംകിട്ടാതെ ആ ശ്രമം കൈവെടിഞ്ഞു. ഇത്രയെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും ഇവിടെ യാതൊരു കുഴപ്പവുമില്ല, യാതൊരു ശബ്ദവുമില്ല, മൂട്ടിയിട്ടില്ലാത്ത തുണിയുടുത്തതിന്നു പള്ളിയിൽവെച്ചു എന്നെ ശാസിച്ചിരുന്നു; തൊപ്പിയില്ലാതെ നിസ്കരിച്ചതിന്നു ശപിച്ചിരുന്നു, താടിയില്ലാതെ മയ്യത്ത് നിസ്കാരത്തിന്നു ഇമാമാകുവാൻ ലായിഖല്ല (യോഗ്യനല്ല) എന്നു എന്നെപ്പററി വിധി പറഞ്ഞിരുന്നു, ഉർദു അറിഞ്ഞുകൂടായെന്നു ധരിച്ചു മുസൽമാനല്ല എന്നുപോലും പറഞ്ഞിരുന്നു! ഇവിടെ അതൊന്നും പ്രശ്നമേയല്ല സർവ്വത്ര സഹിഷ്ണുത. ബുർക്കയും മക്കനയും അതിന്റെകൂടെ കസവുതട്ടം ധരിച്ചവരും, അതൊന്നുമില്ലാത്തവരും; തലപ്പാവും ശർവ്വാനിയും പയ്ജാമയും ധരിച്ചവരും, വെറും രണ്ടു മുണ്ടുകൊണ്ട് തൃപ്തിപ്പെട്ടവരും; ബൂട്ടും സൂട്ടും ടൈറററ്പാൻറും ധരിച്ചവരും, ഒരു സിങ്ക്ൾ ജുബ്ബകൊണ്ട് തൃപ്തിപ്പെട്ടവരും എല്ലാം സമം. എല്ലാവരുടെയും മുഖത്ത് ഒരേയൊരു ചൈതന്യം. മൂന്നു മുസൽമാന്മാർചേർന്നാൽ എന്തുമാത്രം ശബ്ദം നാം കേൾക്കാറുണ്ട്? ആറു പേർ ചേർന്നു ഒരു മയ്യത്തുകട്ടിൽ ചുമക്കുമ്പോഴും, മയ്യത്ത് ഖബറിലിറക്കുമ്പോൾപോലും എന്തു ബഹളം? കല്യാണമോ, സദ്യയോ, യാത്രയയപ്പോ എന്തുതന്നെയായാലും എത്രമാത്രം ഗുലുമാലുകൾ? ഇതെല്ലാം എവിടെ ചെന്നൊളിച്ചു? സത്യമായും ഞാൻ ആശ്ചര്യപ്പെട്ടു

പോയി. ശബ്ദകോലാഹലമില്ല, നല്ലതല്ലാത്ത വാക്കുകൾ കേൾക്കാനില്ല, ദുർവ്വിചാരത്തിന്റെ ലക്ഷണങ്ങളൊന്നും കാണാനില്ല. അന്യോന്യം സ്നേഹിക്കുകയും, സഹായിക്കുകയും, ആദരിക്കുകയും ചെയ്യണമെന്ന ആശ സർവ്വവ്യാപകമാണ്. പലരോടും സംസാരിക്കുവാനും, കുശലപ്രശ്നം ചെയ്യുവാനും എനിക്ക് സാധിച്ചു. അല്പം ഉറദു അറിയാമല്ലോ. മലയാളവും തമിഴും മനസ്സിലാകുന്നവരോട് ഭാര്യയും സംസാരിച്ചു. ഒരു ബുർഖയുടെ അടിയിൽ കാച്ചിത്തുണിയുടെ കര കണ്ടപ്പോൾ അവർ അവിടെ ചെന്നു നേർക്കുനേരെ ഊരും പേരും മക്കളുടെ എണ്ണവും മററും അന്വേഷിച്ചു. ഭാഷ വശമില്ലാത്തവരോടു ആംഗ്യംമൂലവും, ഒന്നും നിവൃത്തിയില്ലാത്തേടത്ത് വെറും പുഞ്ചിരികൊണ്ടും ബന്ധം പുലർത്തി. വെറും ആംഗ്യംകൊണ്ട് കുടുംബകാര്യങ്ങൾ, ആഭരണങ്ങളുടെ വിശദവിവരങ്ങൾ, ആരോഗ്യസ്ഥിതി ഇതെല്ലാം മനസ്സിലാക്കുവാൻ സ്ത്രീകൾക്ക് പ്രത്യേകം കഴിവുണ്ടെന്നു തോന്നുന്നു. 'ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം' ഇത്രയേറെ ഹാർദ്ദമായ ഒരുമ ഞാൻ ഇതിന്നുമുമ്പ് കണ്ടിട്ടില്ല.

## കൊച്ചുകേന്ദ്രം

കല്ലട അബ്ദുൽഖാദർ ഹാജിസാഹിബിന്റെ വസതിയും ഒന്നുരണ്ടാഴ്ചയോളം മലയാളി ഹാജിമാരുടെ ഒരു കൊച്ചു കേന്ദ്രമായിരുന്നു. താമസിക്കുന്നവരും വന്നുപോകുന്നവരും, അവരെ കാണുവാൻ വരുന്നവരുമായി രാവുംപകലും മുറിഞ്ഞുപോകാത്ത ഒരു ഒഴുക്കായിരുന്നു അവിടെ. ഈ കൊച്ചു സമൂഹത്തിൽ പോലും എന്തെല്ലാം വൈവിദ്ധ്യങ്ങൾ, വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളുന്ന ഐകമത്യം! വ്യവസായ പ്രമുഖന്മാർ, എസ്റ്റേററുടമകൾ, ഉദ്യോഗസ്ഥന്മാർ, വ്യാപാരികൾ, തൊഴിലാളികൾ-അങ്ങിനെ ഒരു വക; ടൈട്ട് പാൻറും സാരിയും തുടങ്ങി തട്ടവും കാച്ചിയും കൈലിയുംവരെ വിവിധ വേഷവിധാനങ്ങൾ മറെറാരു വക കല്ലടയുടെ വിഭവസമൃദ്ധമായ യാത്രയയപ്പ് വിരുന്നിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ഏർപ്പാടുണ്ടായിരുന്നു. ബിരിയാനിയും പുഡിങ്ങും കഴിച്ചവരായാലും, വെറും ചായകൊണ്ടു തൃപ്തിപ്പെട്ടവരായാലും, എല്ലാവരുടെയും സംസാരവിഷയം ഹജ്ജുതന്നെ ബോംബാക്കിലെ വ്യവസായവും, കേരളത്തിലെ രാഷ്ട്രീയവും അൽപം തലപൊക്കും പിന്നെയും ഹജ്ജും ഉംറയും ഉയർന്നുവരും. അതിന്റെ മസ്അലകൾ, അന്തസത്ത, സാമൂഹികപ്രാധാന്യം, മററനേകം വശങ്ങൾ. ഓരോ ആൾക്കും ഓരോ കാര്യം പറഞ്ഞുതരാനുണ്ട്. ഞങ്ങൾ നമസ്കരിച്ചു. തനിച്ചും സംഘംചേർന്നും നമസ്കരിച്ചു. ജംഉംഖസ്റമായും, അതൊന്നുമല്ലാതെയും നമസ്കരിച്ചു. ദുആഇരന്നു, തനിച്ചും കൂട്ടായും പ്രാർത്ഥിച്ചു. സ്റ്റഡിക്ലാസ്സുകൾ നടത്തി കല്ലട ടെക്സ്റ്റോറിയത്തിലെ പ്രവർത്തകന്മാരും മററുമായി നാലുപേർ വിമാനംവഴി ഹജ്ജിനു പോകുകയായിരുന്നു. അവർ ഇഹ്റാം വസ്ത്രംധരിച്ചു തയ്യാറായിക്കഴിഞ്ഞപ്പോൾ നടന്ന ചെറിയ ജത്സ അങ്ങേയററം ഭയഭക്തി ജനിപ്പിക്കുന്ന ഒന്നായിരുന്നു. ഞങ്ങൾ ചെറിയ ചെറിയ പുസ്തകങ്ങൾ വായിച്ചു, മലയാളത്തിലും, ഇംഗ്ലീഷിലും, ഉറദുവിലും. ഞങ്ങൾ പാഠിച്ചു. എല്ലാവർക്കും അറിയണമെന്നും പഠിക്കേണമെന്നുമുള്ള ആഗ്രഹം തീവ്രമായിരുന്നു. ധാരാളം പണം ചിലവ

ഴിച്ച പോകുകയാണ്. ഒരിക്കലേ പോകുകയുള്ളു, ചെയ്യുന്നതെല്ലാം കുററമററതായിരിക്കണം. വാഗ്വാദങ്ങളും നടക്കാതിരുന്നില്ല. പ്ലെയിൻവഴി പോകുന്നവൻ നേരെ മദീനത്തേക്ക പോകുകയാണെങ്കിൽ ഇഹ്റാം വേണമോ? മക്കായിലോ മദീനായിലോ ആദ്യം പോകുന്നത് എന്ന കാര്യം ഉറപ്പില്ലെങ്കിൽ, ജിദ്ദയിലെത്തിയശേഷം ഇഹ്റാം കെട്ടിയാൽ മതിയോ? മുടിയെടുക്കുന്നതു് ഏററവും ചുരുങ്ങിയത് എങ്ങിനെ? ജഢിധരിക്കാമോ? ചെരിപ്പ ഏതുമാതിരിയായിരിക്കണം? കൂട്ടിത്തുന്നാതെ ഒരു ട്യൂബ്പോലെ നെയ്തുണ്ടാക്കിയ വസ്ത്രം പാടുണ്ടോ? ഇങ്ങിനെ പോകുന്നു മസ്അലകൾ! വേണ്ട! അക്ഷരത്തിലും അർത്ഥത്തിലും വിധിവിലക്കുകളും തിരുസുന്നത്തും നേരെ ചൊവ്വെ അനുസരിക്കുക തന്നെ.

അങ്ങിനെ ഒരാഴ്ച ബോംബെയിൽ തങ്ങി. മുമ്പും പലപ്പോഴും തങ്ങിയിരുന്നു. പക്ഷെ അതെല്ലാം തികച്ചും വ്യത്യസ്തം. ഇന്നത്തേതെല്ലാം പുതിയ പുതിയ അനുഭവങ്ങളായിരുന്നു. ഹൃദയങ്ങളെ യോജിപ്പിക്കുന്നതിൽ ഈ ഇബാദത്തിനുള്ള മാസ്മരശക്തി അവർണ്ണനീയം തന്നെ.

ഞങ്ങൾ 4-ാംനു- യാത്രയായി. സുഹ്രം അസറം ജംആക്കി നമസ്കരിച്ച ഊണ്കഴിച്ച വീടുവിട്ടു. വിടുന്നതിനുമുമ്പ് ഹാജിസാഹിബ് ഒരു മുല്ലപ്പൂമാല കഴുത്തിലണിയിച്ചുതന്നു. സ്നേഹപൂർവ്വം ആലിംഗനം ചെയ്തു. ഗദ്ഗദത്തിൽ സമുദായത്തിന്നും ചന്ദ്രികക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ഞങ്ങൾ രണ്ടുപേരും, കാറിൽ കയറിയിരുന്ന ഭാര്യയും അടുത്തുനിന്നിരുന്ന ഹക്കീംസാഹിബും വികാരഭരിതരായി. ബലമായി നിയന്ത്രിച്ചുനോക്കിയെങ്കിലും, കണ്ണുകൾ നനയുകയും കണ്ണീരിററിവീഴുകയും ചെയ്തു. പേരിനും പെരുമക്കും മററു കാര്യലാഭങ്ങൾക്കും കൊതിക്കാതെ സമുദായത്തിന്നും, അതുകൊണ്ടുതന്നെ ചന്ദ്രികക്കും വേണ്ടി ധനംകൊണ്ടും ദേഹംകൊണ്ടും സേവനങ്ങളർപ്പിച്ചുകൊണ്ടിരിക്കുന്ന ആ മഹാനുഭാവനു് ഇതു മാത്രമേ പറയാനുണ്ടായിരുന്നുള്ളു! അദ്ദേഹംതന്നെ കാറോട്ടി ഞങ്ങളെ ഡോക്കിലേക്ക് കൊണ്ടുവന്നു. കസ്റ്റംസ് ചെക്കിങ്ങിനു് അകത്തുകടക്കുവോളം ഞങ്ങളുടെ കൂടെനിന്നു. അവസാനനിമിഷം വിടവാങ്ങുമ്പോൾ മൂന്നു പേരോടും കരഞ്ഞുപോയി. ഇതിനു മുമ്പും ഞാനദ്ദേഹത്തിൻെറകൂടെ താമസിച്ചിട്ടുണ്ട്. അദ്ദേഹത്തോടു വിടവാങ്ങിയിട്ടുണ്ടു്. അന്നൊന്നും ഇത്തരം വികാരങ്ങൾ അനുഭവപ്പെട്ടിരുന്നില്ല.

കപ്പലിൽ കയറുന്നതിന്നുമുമ്പ് കസ്റ്റംസ് പരിശോധന നടന്നു. ഭാര്യയുടെ കാതിലും കഴുത്തിലും ഒന്നോ രണ്ടോ ആഭരണങ്ങളുണ്ടായിരുന്നു. അതു ഡിക്ലയർ ചെയ്തു പാസ്പോർട്ടിൽ എഴുതിക്കുവാൻ അൽപം പ്രയാസപ്പെട്ടു. ഹജ്ജിനുപോകുന്നവർ സ്വർണ്ണമോ വെള്ളിയോ ഏതു രൂപത്തിലായാലും എടുക്കാതിരിക്കുന്നതാണ് നല്ലത്. കപ്പലിൽ കയറി സെററിൽ ചെയ്യുന്നതുവരെ ഉത്താൻകോയഹാജിയും വളണ്ടിയർ മമ്മുസാഹിബും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. ഹാജിസാഹിബും, ഞങ്ങളുടെ പാർട്ടിയിൽ ഹജ്ജിന്നു പോരുന്ന സയ്യിദു അബ്ദുള്ളബാഫഖി, കൊയിലാണ്ടിയിലെ കെ. എം. കാദർകുട്ടി സാഹിബ് എന്നിവരും ചേർന്നു ഒരു ഫോട്ടോ എടുത്തു. ഉത്താൻകോയ

ഹാജി സാഹിബ് ഹാജിമാർക്കു ചെയ്തുകൊടുക്കുന്ന സഹായം സുപ്രസിദ്ധമാണല്ലൊ. അദ്ദേഹവും മമ്മുസാഹിബും കപ്പലിൽനിന്നു അസർ നിസ്കരിച്ചു വിടവാങ്ങി. ഞാനും ഭാര്യയും ചേർന്നു മഗ്‌രിബും ഇശായും ജംആക്കി നമസ്കരിച്ചു. രാത്രി ഭക്ഷണം കഴിഞ്ഞു കൃത്യം 10 മണിക്ക് കപ്പൽ നങ്കൂരമിളക്കി യാത്ര തിരിച്ചു. നേരെ വടക്കോട്ട്.

KOTTAYAM PUBLIC LIBRARY KOTTAYAM.

# മുസഫ്ഫരിയിൽ

കപ്പൽ മുസഫ്ഫരി പതിനാലുമൈൽ സ്പീഡിൽ അറബിക്കടലിന്റെ ജലപ്പരപ്പിലൂടെ മെല്ലെമെല്ലെ നീങ്ങുകയാണ്. കടൽ ശാന്തമായിരിക്കുന്നു. ഒരു ദീർഘമായ കപ്പൽയാത്ര ഞങ്ങൾ രണ്ടുപേർക്കും ഇതാദ്യമാണ്. ഞങ്ങളുടെ പിൽഗ്രിം പാസുകൾ തുറന്നുനോക്കി. അതിന്റെ ഉള്ളടക്കത്തെപ്പററി ചിന്തിച്ചു. ഇന്ത്യൻ പ്രസിഡണ്ടിന്റെ പേരിൽ നൽകപ്പെട്ടിട്ടുള്ള ഈ അനുവാദപത്രത്തിൽ 'ഈ തീർത്ഥാടകനു ആവശ്യമായ സഹായങ്ങളും സംരക്ഷണവും നൽകേണമെന്നു' അപേക്ഷിച്ചിരിക്കുകയാണ്. ഇത് ഹൃദയത്തിൽ ഒരു കോരിത്തരിപ്പുണ്ടാക്കി. ഏട്ടുവർഷങ്ങൾക്കു മുമ്പ് ഞാൻ ജപ്പാനിലേക്കു പോയപ്പോൾ ഒന്നാമതായി എന്റെ പാസ്പോർട്ട് വായിച്ചപ്പോഴും എനിക്കു ഇതേ അനുഭവം ഉണ്ടായിരുന്നു. സ്വദേശസ്നേഹം നൈസർഗ്ഗികമായ ഒരു ഗുണമാണെന്നതിനു പുറമെ, നമ്മുടെ വിശ്വാസത്തിന്റെ ഒരവിഭാജ്യഘടകവും കൂടിയാണല്ലോ. നാടുവിടുമ്പോഴാണ് അത് മനസ്സിൽ ശക്തിയായി ഉയർന്നുവരുന്നത്. കപ്പലിലെ യാത്രക്കാരെല്ലാം നാടുവിടുന്നത് ഇന്ത്യൻ പൗരന്മാരെന്ന നിലയിലാണ്. ഇന്ത്യയുടെ സൽപേരിനെ കാത്തുരക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണ്. അത് നിമിഷനേരംപോലും മറക്കുവാൻ പാടില്ല, സാദ്ധ്യമല്ല. അല്ലാമാ ഇഖ്ബാൽ പാടിയ ദേശീയ ഗാനത്തിലെ പല വരികളും ഓർമ്മയിൽവന്നു. ആദ്യത്തെ നാലുവരികൾ തന്നത്താൻ ഉരുവിടുകയുംചെയ്തു. 'അഖിലലോകങ്ങളിലും മെച്ചമേറിയ ഹിന്ദുസ്ഥാൻ നമ്മുടെതാണ്. നാം ഇവിടെ പാട്ടുപാടുന്ന കിളികളാണ്. ഇത് നമ്മുടെപൂങ്കാവനവും. അന്യോന്യം വൈരം വെച്ചുപുലർത്തുവാൻ മതം പഠിപ്പിക്കുന്നില്ല. നാമെല്ലാം ഹിന്ദികളാകുന്നു. ഹിന്ദുസ്ഥാൻ നമ്മുടെ സ്വദേശവും.!'

അതിരാവിലെ സുബ്ഹ് ബാങ്ക് കേട്ടപ്പോഴാണ് ഉണരുന്നത്. കപ്പൽ പടിഞ്ഞാറോട്ട് തിരിഞ്ഞുകഴിഞ്ഞു. ഖിബ്‌ലയെ അഭിമുഖീകരിച്ചിട്ടാണ് ഇപ്പോൾ അതോടുന്നത്. അങ്ങിനെ ദേഹവും ദേഹിയുമെല്ലാം വിശുദ്ധ കഅബയെ ലക്ഷ്യംവെച്ചു മുന്നേറുകയാണ്. ദേശീയാതിരുകളെ ഭേദിച്ചു മനുഷ്യലോകത്തിന്റെ–മുസൽമാന്റെ–കേന്ദ്രബിന്ദുവിലേക്കു ചെല്ലുകയാണ്. ഇന്ത്യൻ പൌരന്മാരായ 1500പേർ ഒരഖിലലോക സമ്മേളനത്തെ ലാക്കാക്കി തിരിച്ചിരിക്കുകയാണ്. സാധാരണ സമ്മേളനമല്ല; അത്യുന്നതങ്ങളായ മൂല്യങ്ങളെ സംസ്ഥാപിക്കുകയും അതിലേക്കു മനുഷ്യഹൃദയങ്ങളെ ആകർഷിക്കുകയും അത

നുസരിച്ച ജീവിതത്തിലേക്ക് ജനങ്ങളെ പാകപ്പെടുത്തിയെടുക്കുകയും ചെയ്യുന്ന അനുപമമായ ഒരു ദിവ്യസമ്മേളനം. മനുഷ്യഹൃദയങ്ങൾ അന്യോന്യം അലിഞ്ഞുചേരുന്ന ഒരാരാധന. ഏക ദൈവത്തിൻെറ കീഴിൽ മാനവ സമുദായത്തിൻെറ ഐക്യവും ദേശം, ഭാഷ, വർണ്ണം വേഷം മുതലായ എല്ലാ പരിഗണനകൾക്കും അതീതമായ സത്യസന്ധമായ, സമത്വസുന്ദരമായ സാഹോദര്യവും കെട്ടിപ്പടുക്കുന്ന ഒരു സംസ്കാരം. ഇഖ്ബാലിലെ സാമുദായിക ഗാനത്തിലെ ചില വരികൾ ഓർമ്മയിൽകൂടി, നാവിൽകൂടി കടന്നുപോകുന്നു. 'ചീനയും അറേബ്യയും നമ്മുടേത്, ഹിന്ദുസ്ഥാൻ നമ്മുടേത്; നാം മുസൽമാന്മാരാണ്, ലോകമാസകലം നമ്മുടെതന്നെ! പടിഞ്ഞാറൻ താഴ്‌വരകളിൽ നമ്മുടെ ബാങ്ക് ശബ്ദിച്ചു; ആർക്കും തടഞ്ഞുനിർത്തുവാൻ സാധിക്കാത്ത അതിശക്തമായ ഒഴുക്കായിരുന്നു നമ്മുടേത്! അസത്യത്തിനു വഴങ്ങുന്നവരല്ല നമ്മൾ– ഓ നാഥാ നൂറു നൂറ് തവണ നീ ഞങ്ങളെ പരീക്ഷിച്ചുകഴിഞ്ഞതാണല്ലോ!'

## സത്യം

സത്യത്തിൻെറ പേരിൽ, സമത്വത്തിൻെറയും, സഹോദ്യത്തിൻെറയും പേരിൽ അല്ലാഹുവിനു വണങ്ങുവാൻ, അവനുമാത്രം വണങ്ങുവാൻ അവൻെറ വിളിക്കുത്തരം നൽകുവാൻ ത്യാഗങ്ങൾക്കു തയാറാകുവാൻ നാം പാഞ്ഞുചെല്ലുകയാണ്.

ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്
ലബ്ബൈക്ക, ലാ ശരീക്കലക്ക, ലബ്ബൈക്ക്
ഇന്നൽഹംദ, വന്നിഅ്മത്ത ലക്ക
വൽമുൽക്ക, ലാശരീക്കലക്ക.

'അല്ലാഹുവെ, നിൻെറ വിളിക്കുത്തരം നൽകുവാൻ ഞങ്ങളിതാ വീണ്ടും വീണ്ടും തയ്യാറായിരിക്കുന്നു. നിനക്ക് യാതൊരു കൂട്ടുകാരുമില്ല. സ്തുതി നിനക്കവകാശപ്പെട്ടതും, അനുഗ്രഹവും രാജവാഴ്ചയും നിൻെറതുമാത്രവുമാണ്. നിനക്ക് യാതൊരു കൂട്ടുകാരുമില്ല' ഈ തൽബിയത്ത്'' വിളി കപ്പലിൻെറ മുക്കിലും മൂലയിലും മുഴങ്ങിത്തുടങ്ങിയിരിക്കുന്നു. കഅബയോടു അടുക്കുംതോറും അറഫാത്തിനോടു് അടുത്തുചെല്ലുന്തോറും, കൂടുതൽ കൂടുതൽ കണ്ഠങ്ങളിൽനിന്നു– അനേകലക്ഷം കണ്ഠങ്ങളിൽനിന്ന്–കൂടുതൽ കൂടുതൽ ഉച്ചയോടുകൂടിയും, ആഴത്തിൽ ഇറങ്ങിച്ചെല്ലുന്ന സത്യസന്ധതയോടുകൂടിയും മുഴങ്ങുവാൻ പോകുന്ന, നൂറുനൂറു വർഷങ്ങളായി മുഴങ്ങിക്കൊണ്ടിരുന്നിട്ടുള്ള മുദ്രാവാക്യമാണിതു്.

ഇതിനുള്ള തയ്യാറെടുപ്പാണ്, പരിശീലനമാണ്, കപ്പൽ യാത്രയിൽ നടക്കുന്നതു്. കപ്പലിൻെറ പല ഭാഗങ്ങളിലായി സംഘംചേർന്നുള്ള നമസ്ക്കാരം നടക്കുകയാണ്. ഏററവും വലിയ ഒരു ജമാഅത്തിൽ ഞാൻ ചേർന്നു രണ്ടുറകഅത്ത് സുബ്ഹി നമസ്ക്കാരം, തനിച്ചുതനിച്ചുള്ള സുന്നത്ത് നമസ്ക്കാരം കഴിഞ്ഞു, സംഘംചേർന്നു ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ എല്ലാവരും ഒന്നായി നമസ്ക്കരിക്കുകയാണ്. നല്ല ഹാഫിസും ഖാരിയു

മായ ഇമാം ആദ്യത്തെ റകഅത്തിൽ സൂറത്തുൽ മുനാഫിഖൂൻ ഓതി; രണ്ടാമത്തെതിൽ സൂറത്തുൽ ഇൻശിഖാഖും! നാലുഭാഗവും ശാന്തമായ വിശാലമായ കരകാണാത്ത കടൽ. ഒരു ചെറിയ സംഘം തീർത്ഥാടകർ കഅ്ബയെ ലാക്കാക്കിനീങ്ങുന്നു. കപടവിശ്വാസിക്ക് ഇവിടെ സ്ഥാനമില്ല. കാപട്യം നശിക്കും, സത്യം പുലരുകയും ചെയ്യും. ഈ ജീവിതം ശാശ്വതമായ മരണാനന്തര ജീവിതത്തിലേക്കുള്ള തെയ്യാറെടുപ്പാണ്. ഈ ഭൂമി ഒരു വഴിയമ്പലം മാത്രമാണ്. സുപ്രധാനമായ ഒരു വഴിയമ്പലം. ഇവിടത്തെയും പരലോകത്തെയും വിജയത്തിനുള്ള മാർഗ്ഗങ്ങൾ അല്ലാഹു നമുക്ക് കാണിച്ചുതന്നിരിക്കുന്നു. പ്രവിശാലമായ ഈ കടൽപരപ്പിൽ എത്തും പിടിയുമില്ലാതെ ഓടുന്ന ഈ കൊച്ചുകപ്പലിനു് ആ മിന്നിത്തിളങ്ങുന്ന നക്ഷത്രം, അല്പനിമിഷങ്ങൾക്കകം ഉദിക്കുവാനിരിക്കുന്ന സൂര്യൻ, വഴി കാട്ടുന്നതുപോലെ, അന്ധകാരത്തിന്റെ ധൂമപടലങ്ങളെ തുളച്ചുകൊണ്ട് വിശുദ്ധ ഖുർആൻ സന്മാർഗ്ഗം തെളിയിച്ചുതരുന്നു. നാം ആ വഴിയിലേക്ക് പിച്ചവെച്ചു നടന്നു ചെല്ലുകയാണ്. നൂറു നൂറു പോരായ്മകൾ നമ്മിലുണ്ട്. പലപ്പോഴും നാം നേർമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചുപോയിട്ടുണ്ട്: പക്ഷെ നിരാശപ്പെടേണ്ടതില്ല. ഇരിക്കുന്നതിനേക്കാൾ, കിടക്കുന്നതിനേക്കാൾ, നല്ലതു നടക്കുന്നതാണ്. നടക്കുവാനും പായുവാനും ഇനിയും സമയമുണ്ട്. നമ്മുടെ രക്ഷിതാവ് ബഹുദൂരം ക്ഷമിക്കുന്നവനും, ആവർത്തിച്ചാവർത്തിച്ച് മാപ്പ് നൽകുന്നവനും, ഇടമുറിയാതെ നേർമാർഗ്ഗം കാട്ടിത്തരുന്നവനുമാണ്. നമുക്കു ആത്മവിശ്വാസത്തോടുകൂടി, ഭയഭക്തിയോടുകൂടി മുന്നോട്ടു നടക്കാം. ലക്ഷ്യത്തോടടുക്കുംതോറും വിശ്വാസത്തിന്നു ദൃഢത ലഭിക്കും. നടക്കാം, തനിച്ചും കൂട്ടായും നടന്നുചെല്ലാം. ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്!

നമസ്ക്കാരം കഴിഞ്ഞു ഹൈദരബാദിലെ ഒരു സർക്കാരുദ്യോഗസ്ഥനും ഗുജറാത്തിലെ ഒരു ദന്തവൈദ്യനും സാരോപദേശ പ്രസംഗങ്ങൾ നടത്തി. തബ്ലീഗ് ജമാഅത്തിലെ പണ്ഡിതന്മാരായിരുന്നു അവർ. വേറെയും പണ്ഡിതന്മാർ പലപ്പോഴായി പ്രസംഗിച്ചിട്ടുണ്ട്. ഹജ്ജിനെപ്പററിയാണ് പ്രഭാഷണം. ഇബ്രാഹിം (അ) നബിയുടെയും ഇസ്മാഈൽ (അ) നബിയുടെയും മുഹമ്മദ് നബി (സ) യുടെയും കഥകൾ, രോമാഞ്ചം കൊള്ളിക്കുന്ന ചരിത്രശകലങ്ങൾ. സത്യദീൻ സ്ഥാപിക്കുവാൻ ആ പുണ്യപ്രവാചകന്മാർ ചെയ്ത ശ്രമങ്ങൾ, അനുഭവിച്ച പ്രയാസങ്ങൾ, കഷ്ടപ്പാടുകൾ അവരുടെ വിശ്വാസദാർഢ്യം അചഞ്ചലമായ സ്ഥൈര്യം, നിരന്തര പരിശ്രമം, അനുപമമായ ത്യാഗങ്ങൾ–അല്ലാഹുവിന്റെ സഹായം! ബീബി ഹാജറ (റ) യെയും പൈതലായ ഇസ്മാഈലി (അ) നെയും ഇബ്രാഹിം നബി (അ) വിജനമായ മക്കാപ്രദേശത്തു വിട്ടേച്ചുപോകുന്നു. ബീബി വെള്ളം തേടി അങ്ങുമിങ്ങും ഓടുന്നു. പൈതൽ കാലിട്ടടിക്കുന്നു. അതാ, ഉറവ്പൊട്ടി വെള്ളം ധാരയായി ഉയരുകയാണ്. നാലുഭാഗവും കുന്നുകളാൽ വലയംചെയ്യപ്പെട്ട ആ സമതലപ്രദേശം വെള്ളം നിറഞ്ഞു മൂടിപ്പോകും. അതു പാടില്ല. "സം. സം: നിൽക്കൂ. നിൽക്കൂ!" ബീബി (റ) യുടെ ആഹ്വാനമാണ്. ഉറവ് നിൽക്കുന്നു. എല്ലാം ശാന്തമാകുന്നു. ആ "സംസം" ഇന്നും മുറിയാത്ത ഉറവായി തുടരുകയാണ്. നാം അതു കാണുവാനും, ശുദ്ധജലം കുടിക്കുവാനും പോക

യാണ്. ഓരോ നിമിഷവും നാം സംസം കിണററിനോട്ട് അടുത്തടുത്തു വരുന്നു. എന്നാൽ അതിനു നമ്മുടേതായ പരിശ്രമം ആവശ്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അളവില്ലാതെ നമുക്കു ലഭിച്ചുകൊണ്ടിരിക്കും. പക്ഷെ നാം അതിനു അർഹരാകണം. ബീബി ഹാജറ (റ) വെള്ളം തേടി പായുകയും, പൈതൽ ഇസ്മായിൽ (അ) കാലിട്ടടിക്കുകയും ചെയ്തശേഷം മാത്രമാണ് ഉറവ് പൊട്ടിയത്, നാം ഒരു ചെറിയ പരിശ്രമമെങ്കിലും ചെയ്യുന്ന പക്ഷം, അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും ഇടമുറിയാതെ ഒഴുകികൊണ്ടിരിക്കും. "നിങ്ങൾ അല്ലാഹുവെ സഹായിക്കുമെങ്കിൽ, അവൻ നിങ്ങളെ സഹായിക്കും. നിങ്ങളുടെ കാലടികൾക്കു ദൃഢത നൽകുകയും ചെയ്യും." (വി. ഖു)

പ്രഭാഷണങ്ങൾക്കുശേഷം ഞങ്ങൾ ചെറിയ ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞു നാലും അഞ്ചും പേർ ചുററിയിരുന്നു പ്രാഥമിക പഠനങ്ങൾ നടത്തുകയാണ്. 'തൽബിയ്യത്ത്' ഓതി പഠിച്ചു. ഫാത്തിഹ ഓതി, സൂറത്തുൽ ഇഖ്ലാസ്, അത്തഹിയ്യാത്ത്, സലാത്ത് മുതലായവയും. ഇതിൽ ചിലതെങ്കിലും അറിയാത്തവരുണ്ടായേക്കാം. അറിയുന്നവരിൽതന്നെ അവരുടെ ഓത്തിൽ ചില്ലറപ്പിഴവുകളും പോരായ്മകളും കണ്ടേക്കാം. ഓതിനോക്കുന്നതു തന്നെയാണ് നല്ലത്. സംശയിക്കേണ്ടതോ ലജ്ജിക്കേണ്ടതോ ഇല്ല. അറിയാത്തത് പഠിക്കാം, പഠിക്കണം. അറിയാത്തവനു പഠിക്കാനും, അറിയുന്നവനു പഠിപ്പിക്കുവാനും ആഗ്രഹമാണ്. ഇങ്ങിനെ പഠിപ്പിക്കുന്നത് തബ്ലീഗുകാരുടെ മാർഗ്ഗമാണ്. നമ്മുടെ നാട്ടിൽ നമസ്കാരക്രമവും മററും ശരിക്ക് അറിഞ്ഞുകൂടാത്തവരുണ്ട്. അവർക്കു പഠിച്ചറിയേണമെന്നു് ആഗ്രഹവുമുണ്ട്. ഈ ആവശ്യം നിറവേററുവാൻ സന്ദർഭാനുസരണം ജൽസകൾ ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

## നടുക്കടലിലെ യാത്ര

മുസഫ്ഫരിയുടെ സാവധാനത്തിലുള്ള ഓട്ടം തുടരുകയാണ്. ചുററും വിശാലമായ നീലക്കടൽ. അതിനെ പുതച്ചുമൂടിയ നീലാകാശം. സൂര്യൻ ഉദിച്ചുപൊങ്ങുന്നു, താഴ്ന്നുമറയുന്നു. നിലാവ് ചിലപ്പോൾ പ്രത്യക്ഷപ്പെടുന്നു. നക്ഷത്രങ്ങൾ ആകാശത്തെ അലങ്കരിക്കുന്നു, പിന്നെ അപ്രത്യക്ഷമാകുന്നു. ഇതെല്ലാം ദിനംതോറും നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങിനെ ഒരാഴ്ചയോളം. പടിഞ്ഞാറോട്ടു പോകുംതോറും ഉദയാസ്തമനങ്ങളുടെ സമയം മാറിമാറി വരുന്നു. ദിനേന വാച്ചുകൾ അരമണിക്കൂർ പിന്തിച്ചുസമയം ഒപ്പിക്കുന്നു, ഖിബ്ലയും അല്പാൽപം മാറിവരുന്നതു സൂക്ഷിക്കുന്നു. ഇതിൽകവിഞ്ഞു പ്രകൃതിയിൽ മാററമൊന്നും അനുഭവപ്പെടുന്നില്ല;

കപ്പലിലെ ഭക്ഷണവും അങ്ങിനെതന്നെ. സുബ്ഹിനമസ്കാരം കഴിയുമ്പോഴത്തേക്ക് ചായയും ബിസ്കററും. പിന്നെ പ്രാതലിനു് തന്തൂരിനാൻ, ചപ്പാത്തി, റൊട്ടി ഇങ്ങിനെ വല്ലതും. ഇറച്ചിയോ മുട്ടയോ കറിവെച്ചതുണ്ടാകും, ഒരു പരിപ്പുകറിയും. ഉച്ചക്കും രാത്രിയും ഇതെല്ലാംതന്നെ. കൂടെ ചോറും. വൈകുന്നേരം ചായ. ഇതിനൊന്നും യാതൊരു മാററവും കാണു

നില്ല. ഒറോട്ടിയോ കഞ്ഞിയോ മീൻവരട്ടിയതോ ഒന്നും കിട്ടുമെന്നു ആശിച്ചു കൂട, 'പുട്ട്-പുട്ട്! ഇടിയപ്പം-ഇടിയപ്പം! കടല-കടലേ!' ഇങ്ങിനെ ഇമ്പം നിറഞ്ഞ ശബ്ദമെല്ലാം നൂറു നൂറു മൈലുകൾക്കപ്പുറം തെക്കു കിഴക്കു കിടക്കുന്നു! ഐസ്ക്രീമും ഇഞ്ചി മുറബ്ബയും പുല്ല് മിഠായിയും, അതെല്ലാം മണത്തറിയുന്ന കുട്ടികളും, അവരുടെ കളകളാശബ്ദത്തിൽ ചോർന്നു കാലിയാകുന്ന പണ സഞ്ചിയും അങ്ങു ബഹുദൂരംതന്നെ. രിസ്വാനും അൻസാമും റമീസയും ഉമ്മാമയുടെ അഭാവത്തിൽ ആരുടെ മടിശ്ശീലയാണ് പിടിക്കുന്നത്? സാരിക്കാരികളായ ഉമ്മമാർക്കു മടിശ്ശീലയുണ്ടോ? ഉണ്ടെങ്കിൽ അതിൽ കാശുണ്ടോ? അല്ലെങ്കിൽ നാട്ടിൽതന്നെ ചില്ലറക്കാശുണ്ടോ?

## എല്ലാം ശാന്തം

അതെല്ലാം പോകട്ടെ. കപ്പലിലേക്കു മടങ്ങാം: രാവിലെ പത്രങ്ങളില്ല, കത്തുകളില്ല, റേഡിയോ ഇല്ല. കണ്ടതും കേട്ടതും പോകട്ടെ, കാണാത്തതും കേൾക്കാത്തതും ഊതിവീർപ്പിച്ചതുമായ എന്തെങ്കിലും കഥകൾ പറഞ്ഞു നടക്കുന്ന സമയംകൊല്ലികളുമില്ല. എല്ലാം ശാന്തം! വെള്ളത്തിനു മീതെ മന്ദം മന്ദം നീങ്ങുന്ന ഒരു തീർത്ഥാടക സംഘം. അവർക്കെല്ലാം ഒരേലക്ഷ്യം-കഅബാ ശരീഫ്! അതിലേക്കുള്ള തയ്യാറെടുപ്പും, അതിനെപ്പററിയുള്ള ചിന്തകളും മാത്രം. ചിന്തകളെ തിരിച്ചുകളയുന്ന മററു ആകർഷണങ്ങളൊന്നുമില്ല. എന്താണ് ഈ ചിന്ത? അല്ലാഹുവെപ്പററി, അവൻെറ സൃഷ്ടിമാഹാത്മ്യത്തെപ്പററി-അല്ലാഹുവിന്ന് സ്തോത്രം!-ഉററവരും ഉടയവരുമായി സ്വദേശത്തുള്ളവരെപ്പററി, സ്ഥാപനങ്ങളെപ്പററി, പ്രസ്ഥാനങ്ങളെപ്പററി-അവർക്കുവേണ്ടി പ്രാർത്ഥനകൾ! ആത്മപരിശോധനക്കു പററിയ സന്ദർഭം. ചെയ്തുപോയ പാപങ്ങളെപ്പററി, അബദ്ധങ്ങളെപ്പററി, പോരായ്മകളെപ്പററി ചിന്തിക്കുന്നു, അല്ലാഹുവോട് മാപ്പിനപേക്ഷിക്കുന്നു. ഉറച്ചതീരുമാനങ്ങൾ എടുക്കുന്നു. ഇതെല്ലാം മുമ്പും പലപ്പോഴും ചെയ്തതാണ്. പാപങ്ങൾ ആവർത്തിക്കുകയില്ലെന്നു, പോരായ്മകൾ വരികയില്ലെന്നു, നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടേയിരിക്കുമെന്നു. പക്ഷെ ശൈത്താൻ ആ തീരുമാനങ്ങളെ തകിടം മറിക്കാറുണ്ട്. "ഋജുവായ നിൻെറ മാർഗ്ഗത്തിൽ നിശ്ചയമായും ഞാൻ അവരെ കാത്തു പതിയിരിക്കും. പിന്നീട് അവരുടെ മുമ്പിൽ കൂടിയും, അവരുടെ വലതു വശങ്ങളിൽകൂടിയും അവരുടെ ഇടതു വശങ്ങളിൽകൂടിയും അവരെ ഞാൻ ചെന്നു നേരിടും. നിന്നോട് നന്ദിയുള്ളവരായി അവരിൽ അധികപേരെയും നീ കണ്ടെത്തുകയില്ല. (വി. ഖു: 7: 16-17)" സത്യമാണ്. ശൈത്താൻ നമ്മുടെ രക്തത്തിലും മജ്ജയിലും തലയിലും ഹൃദയത്തിലുമെല്ലാം കടന്നുവരുന്നു. നാം ബലഹീനരായി അവൻെറ കെണിയിൽ വീഴുന്നു. ഇതിന്നു ഒരറുതി വരുത്തേണം. ഉറച്ചതീരുമാനം എടുക്കുകയാണ് അവനുമായി ഒരു കൈ നോക്കാമെന്നു! ഹൃദയം അല്ലാഹുവിങ്കലേക്ക്, സത്യത്തിലേക്ക്, നന്മയിലേക്ക് നീങ്ങുകയാണ്. ആ നീക്കത്തിന്ന് വ്യക്തതയും ദൃഢ

തയും അവൻ നൽകട്ടെയെന്നു പ്രാർത്ഥിക്കുകയാണ്, ഉള്ളഴിഞ്ഞു താണുകേണ പേക്ഷിക്കുകയാണ്: 'രക്ഷിതാവെ, സത്യത്തെ സത്യമായിത്തന്നെ ഞങ്ങളെ അറിയിച്ചുതരേണമേ; അതു സ്വീകരിക്കുവാൻ തുണക്കേണമേ. അസത്യത്തെ അസത്യമായിതന്നെ ഞങ്ങൾക്കു വ്യക്തമാക്കിത്തരേണമെ; അതിനെ തള്ളിക്കളയുവാനും തുണക്കേണമെ! ആമീൻ'

## വൈവിദ്ധ്യം

അങ്ങിനെ ചിന്തിച്ചും, പ്രാർത്ഥിച്ചും, ശുഭാപ്തി വിശ്വാസത്തോടുകൂടി കപ്പലിന്റെ പല ഭാഗത്തും ചുററിനടക്കുകയാണ്. പലരുമായി കുശലപ്രശ്നം നടത്തുന്നു-പല നാട്ടുകാരും, പല ഭാഷക്കാരും, പല വേഷക്കാരും അവരുമായി അടുത്തുകൂടി, ബന്ധം പുലർത്തി സംസാരിച്ചു. തമിഴർ, കർണ്ണാടകക്കാർ, ആന്ധ്രക്കാർ, ഗുജറാത്തികൾ, ബങ്കാളികൾ, ഉത്തരേന്ത്യക്കാർ-ഇവരെല്ലാം അതിൽ പെടും. നാട്ടുകാര്യങ്ങൾ, സാമൂഹികം, സാംസ്കാരികം, സാമ്പത്തികം, രാഷ്ട്രീയം, ആറെസ്സസ് ഇതെല്ലാം ഉള്ളുതുറന്നു സംസാരിക്കാം. പക്ഷെ, അല്പനേരം മാത്രം. തിരിഞ്ഞുമറിഞ്ഞു സംസാരവിഷയം ഹജ്ജിലേക്ക് മടങ്ങും. ഇബാദത്തുകളിലേക്ക്. ഇസ്ലാമിക വിധിവിലക്കുകളുടെ അന്തഃസത്തയിലേക്ക്. വല്ലപ്പോഴും സംസാരവിഷയം നിയന്ത്രണം വിട്ടുപോകുമ്പോൾ, അതുനേരെയാക്കുവാൻ ഒരു മാർഗ്ഗമുണ്ട്. തൽബിയ്യത്ത്! 'ലബ്ബൈക്കല്ലാഹുമ്മലബ്ബൈക്ക്!' ആരെങ്കിലും അതു ചൊല്ലിയാൽ എല്ലാവരും ഏററു ചൊല്ലും. വിഷയം മാറി അന്തരീക്ഷം ക്ലിയറായിക്കഴിഞ്ഞു! ഏതെങ്കിലും ഒരു കൂട്ടത്തിൽ സംസാരവിഷയം അനാശാസ്യ നിലയിലേക്കോ, വ്യർത്ഥമായ മാർഗ്ഗത്തിലേക്കോ നീങ്ങുന്നതുകാണുമ്പോഴെല്ലാം ഈ പൊടിക്കൈ ഉപയോഗിക്കാറുണ്ട്, ഫലം സിദ്ധിക്കാറുമുണ്ട്. ഒരു മൈസൂർക്കാരൻ ഒരിക്കൽ എന്റെ നേരെ ഇതു് പ്രായോഗിച്ചു. ചിലരുടെ നേരെ ഞാനും പ്രയോഗിച്ചു.

ഒരു മൂലയിൽ അഞ്ചാറു മലയാളികൾ ഇരുന്നു അവരിലൊരാൾ ഹജ്ജിനെപ്പററിയുള്ള ഒരറബിമലയാള പുസ്തകം വായിക്കുകയാണ്. ഞാൻ അവരുടെ കൂടെയിരുന്നു ചിലതെല്ലാം പഠിച്ചു. മററൊരു മൂലയിൽ ഒരാൾ തനിച്ചിരുന്നു ഒരു മലയാള പുസ്തകം രണ്ടാംക്ലാസിലെ പൈതങ്ങളെപോലെ അക്ഷരമെണ്ണി ഉച്ചത്തിൽ വായിക്കുകയാണ്. ഹജ്ജിനെപ്പററി ഇവർക്കും പിന്നീട് മക്കായിലും മദീനയിലും മീനായിലും വേറെ ചിലർക്കും കെ. ഉമ്മർ മൌലവിയുടെ 'ഹജ്ജിന്റെ വിളക്ക്' എന്ന ചെറുപുസ്തകത്തിന്റെ കോപ്പികൾ ഞാൻ കൊടുത്തു. അങ്ങിനെ ചെയ്യുവാൻ മൌലവിസാഹിബ് കുറെ പുസ്തകങ്ങൾ എന്നെ ഏല്പിച്ചിരുന്നു. അതു വളരെ പ്രയോജനപ്പെട്ടു.

നമസ്കാരവും ഓത്തും പഠനവും തൽബിയ്യത്തും മാത്രമല്ല ദൈനംദിന നടപടികളിൽ, അന്യോന്യമുള്ള പെരുമാററത്തിൽ, സാധാരണ നിലയിലുള്ള സംഭാഷണങ്ങളിൽ ഇതിലെല്ലാംതന്നെ നന്മയുടെ അംശങ്ങൾ പ്രകാശിക്കുന്നതു

കാണാം. ഡെക്ക യാത്രക്കാർക്കും, ഫസ്റ്റ് ക്ലാസുകാർക്കുപോലും പല അസൌകര്യങ്ങളുമുണ്ടെങ്കിലും, അതിൻെറ പേരിൽ ആരും കടിപിടികൂടുന്നില്ല! വെള്ളം എടുക്കുന്നേടത്ത്, കക്കൂസിനുമുമ്പിൽ, നമസ്കരിക്കുന്ന സ്ഥലത്തു, ആശുപത്രിയിൽ, ഭക്ഷണസമയം, എവിടെ നോക്കിയാലും എപ്പോഠം നോക്കിയാലും അച്ചടക്കവും അന്യോന്യസഹായവും മാത്രമെ ദർശിക്കുന്നുള്ളു. ഇവിടെയൊന്നും 'ക്യൂ' നില്ലാതെതന്നെ പരസ്പര ധാരണയുടെ അന്തഃസത്തയുള്ള ഒരുവിധം ക്യൂ പാലിക്കപ്പെടുന്നു. 'പഹ്‌ലെ ആപ്പ്''-ആദ്യം താങ്കഠം എന്നതാണ് ഇവിടെങ്ങളിലെ ചോദ്യം ചെയ്യപ്പെടാത്ത സംസ്കാരം. ഒരു വയോവൃദ്ധൻ നമസ്കാരത്തിനു വരികയാണ്. ഒരാഠം അയാഠംക്ക ഷാൽ വിരിച്ചു കൊടുക്കുന്നു. അയാഠംക്ക നിൽക്കുവാനും ഇരിക്കുവാനും പ്രയാസമുണ്ട്. അടുത്തുള്ളയാഠം സഹായിക്കുന്നു. ഒരാഠംക്ക മുസല്ലയില്ല; വേറൊരാഠംക്ക അയാളുടെ ഷാൽ വിരിച്ചുകൊടുക്കുന്നു. മുസല്ലകഠം വിരിച്ചു നമസ്കാരത്തിനു നിന്നാൽ ചിലർ മുൻസഫ്ഫുകളിലേക്ക് കയറിച്ചെല്ലുന്നു. അപ്പോഠം മുസല്ലയും തൂക്കിയെടുക്കുന്നില്ല. എല്ലാവരും സഹോദരങ്ങളാണെന്നും, ആർക്കും ആരുടെയും മുസല്ല ഉപയോഗിക്കാമെന്നുമുള്ള ഒരലിഖിത നിയമം പാലിക്കപ്പെടുന്നു. സാധാരണനിലയിൽ മൂക്കിൻെറ അററത്ത് ദേഷ്യം പേറിനടക്കുന്ന നമ്മുടെ ആളുകഠം ആ ദേഷ്യമെല്ലാം പെട്ടിയിലിട്ടടച്ചിരിക്കുകയാണ്. ഇതെല്ലാം ചില്ലറ സംഗതികളാണ്. പക്ഷെ, ഇത്തരം കാര്യങ്ങളെപ്പററിയാണല്ലൊ നാം കടിപിടികൂടാറുള്ളതു്. ഒരു സഹായം അതെത്ര നിസ്സാരമായാലും ചെയ്യുന്നുവെന്നതു മാത്രമല്ല കാര്യം; അങ്ങിനെ ചെയ്യുവാനുള്ള മനഃസ്ഥിതി പ്രകടമാക്കുന്നുവെന്നതും, പോരാ, താനേ പ്രകടമാകുന്നുവെന്നതും കൂടിയാണ് മുഖ്യം. ഇതൊന്നും നാം സാധാരണ വേണ്ടവിധം ശ്രദ്ധിക്കാറില്ല. അതുകൊണ്ടുതന്നെയാണ് നമ്മുടെ സാമൂഹ്യജീവിതത്തിലെ സൌന്ദര്യം കുറഞ്ഞുപോകുന്നതു്. എന്നാൽ ഹജ്ജ്‌യാത്രയിൽ അങ്ങിനെയല്ലാ; ആരംഭംമുതൽ അന്ത്യംവരെ ഈ സാമൂഹ്യഗുണം എങ്ങും പ്രകടമായിരുന്നു. നമസ്കാരത്തിൽ അശ്രദ്ധരായിരിക്കലും, ചെറിയ ചെറിയ ഉപകാരങ്ങഠം ചെയ്യാതിരിക്കലും മതനിഷേധത്തിൻെറ ലക്ഷണങ്ങളാണ്. 'തങ്ങളുടെ നമസ്കാരത്തെക്കുറിച്ചു ശ്രദ്ധിക്കാതെ ഉദാസീനത കാട്ടുന്നവരും, അന്യരാൽ കാണപ്പെടണം എന്നതിനു മാത്രം പ്രവർത്തിക്കുന്നവരും, ചെറിയ ചെറിയ ഉപകാരങ്ങഠംപോലും നിഷേധിക്കുന്നവരുമായ നമസ്കാരക്കാർക്കു നാശം!' (വി: ഖു 107: 4-7) മതകർമ്മങ്ങളിൽ സുപ്രധാനമായ ഹജ്ജിനു് പുറപ്പെട്ടവർ ഇതെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. അതിൽ എല്ലാവരും ബോധവാന്മാരായിട്ടാണ് കണ്ടത്. വളരെ സന്തോഷവും സംതൃപ്തിയും നൽകുന്ന ഒരനുഭവമായിരുന്നു അതു.

# തബ്‌ലീഗ് പ്രഭാഷണങ്ങൾ

മുസഫ്ഫരിയിലെ എട്ടെട്ട് ദിവസങ്ങളിൽ അനേകം മതപ്രഭാഷണങ്ങൾ നടക്കുകയുണ്ടായി തബ്‌ലീഗ് ജമാഅത്തിലെ പണ്ഡിതന്മാരാണ് മിക്ക പ്രസംഗങ്ങളും ചെയ്തത്. അധികവും ഉറദുവിലായിരുന്നു. മററു ചില ഭാഷകളിലും ചില പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു. ധാരാളം സ്റ്റഡി ക്ലാസ്സുകളും കൂടെക്കൂടെ നടക്കുകയുണ്ടായി. ഉറദുവിലും തമിഴിലും സംഘടിപ്പിക്കപ്പെട്ട നല്ലനല്ല ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ ധാരാളം സന്ദർഭങ്ങൾ ലഭിക്കുകയുണ്ടായി. അതെല്ലാം വളരെ പ്രയോജനകരമായിരുന്നു. പുതിയ പുതിയ വിജ്ഞാന ശകലങ്ങൾ ലഭിക്കുന്നത് മാത്രമല്ല, പഴയതും നേരത്തെ അറിഞ്ഞിരുന്നതുമായ പലതും പുതുക്കുന്നതിനും, സർവ്വോപരി ഹജ്ജിലെ ഭക്തി ജനിപ്പിക്കുന്ന ആരാധനകളിലേക്കു മനസ്സിനെ തയ്യാറാക്കുന്നതിനും ഈ ഉപദേശനിർദ്ദേശങ്ങൾ ഗണ്യമായ സഹായംനൽകി. ഇതു ചില്ലറക്കാര്യമല്ല. ഈ ഒരൊററ കാരണത്താൽ ഹജ്ജിനുപോകുന്നവർ വിമാനയാത്രയെക്കാൾ കപ്പൽ യാത്രക്കു മുൻഗണന നൽകുന്നത് ഞാനിഷ്ടപ്പെടും. വിമാനയാത്രക്കാർ ബോംബെയിലെ തിരക്കുപിടിച്ച ജീവിതത്തിൽനിന്ന് മണിക്കൂറുകൾക്കുള്ളിൽ ജിദ്ദയിലെത്തുന്നു. അവിടെയും സർവ്വത്ര തിരക്കാണ്. നേരെ മക്കായിലേക്കോ മദീനയിലോ പോയി ഹജ്ജിലും സിയാറത്തിലും പ്രവേശിക്കുന്നു. നേരെമറിച്ച് കപ്പൽ വഴി ഹജ്ജിന് പോകുന്നവർക്ക് ലൗകിക വിഷയങ്ങളിൽനിന്നെല്ലാം വിട്ടുമാറി മക്കായിൽ എത്തുന്നതിന്നുമുമ്പ് ഒരാഴ്ചത്തെ ദീനി തർബിയ്യത്ത് ലഭിക്കുന്നു. ഇതു നിശ്ചയമായും നല്ലതാണല്ലൊ.

## ഒരു പണ്ഡിതൻ

ഒരു ഹൈദരബാദുകാരൻ പണ്ഡിതൻെറ പ്രസംഗങ്ങളും ക്ലാസ്സുകളും എന്നെ പ്രത്യേകം ആകർഷിച്ചു. ശാഫി, ഹനഫി മദ്ഹബുകളിൽ സാമാന്യം നല്ല അറിവുണ്ടായിരുന്ന അദ്ദേഹം ഉറദുവിലും നല്ല പാണ്ഡിത്യമുള്ള ഒരു മുജാഹിദായിരുന്നു. അദ്ദേഹത്തിൻെറ സാരോപദേശങ്ങൾ കേൾക്കുക മാത്രമല്ല ശറഇയ്യായ പല മസ്അലകളെപ്പററിയും അദ്ദേഹത്തോട് ചർച്ച ചെയ്യുകയും പതിവായിരുന്നു. തമിഴ്നാട്ടിലെ പണ്ഡിതൻെറ ക്ലാസ്സുകളും എനിക്കു വളരെ പ്രയോജനകരമായിത്തോന്നി. ഇവർ രണ്ടുപേരും നേരത്തെ ഹജ്ജ് ചെയ്തിട്ടുള്ളവരായിരുന്നതുകൊണ്ട്, സ്വന്തം അനുഭവത്തിൽനിന്നു പ്രായോഗികമായ പല നിർദ്ദേശങ്ങളും നൽകുവാൻ അവർക്കു സാധിച്ചു. ഇങ്ങിനെ കപ്പലിലെ

ജൽസകളിൽ കേട്ട പ്രഭാഷണങ്ങളിലെ ചില ഭാഗങ്ങൾ സംഗ്രഹിച്ചു ധരിക്കാം.

"നാം ഹജ്ജിനെപ്പററി പല പുസ്തകങ്ങളും വായിച്ചിട്ടുണ്ടാകും, ഹജ്ജി ൻെറ ഫർസുകൾ, വാജിബാത്തുകൾ, സുന്നത്തുകൾ എന്നിവ വിസ്തരിച്ചതിൽ ഇവയിലൊന്നും വ്യത്യാസം കാണുകയില്ല. റസൂൽകരീം (സ) ഒരു ഹജ്ജ് മാത്രമെ ചെയ്തിട്ടുള്ളു. അതു നോക്കി തിരുമേനി (സ) ചെയ്തതുപോലെ എല്ലാ കർമ്മങ്ങളും ചെയ്യുവാനാണ് അവിടുന്ന് നിർദ്ദേശിച്ചത്. അതെല്ലാം വ്യക്ത മായി റിക്കാർഡ് ചെയ്യപ്പെട്ടിട്ടുമുണ്ട്. ആ കർമ്മങ്ങൾ വളരെ എളുപ്പമുള്ള വയാണ്. ആർക്കും നിഷ്പ്രയാസം മനസ്സിലാക്കി അതുപോലെ ചെയ്യാവു ന്നതാണ്." ഈ ഉപദേശം പിന്നീട് പലപ്പോഴും പലരിൽനിന്നും കേൾക്കുക യുണ്ടായി. ഹജ്ജും അതുമായി ബന്ധപ്പെട്ട ഇബാദത്തുകളും കണ്ടും, ചെയ്തും അനുഭവിച്ചറിഞ്ഞതോടുകൂടി ഈ നിർദ്ദേശത്തിലടങ്ങിയിരിക്കുന്ന യാഥാർത്ഥ്യം തികച്ചും ബോദ്ധ്യമായിരിക്കുന്നു. നമ്മുടെ നാട്ടിൽനിന്നു സാധുക്കളായ ചില ശുദ്ധാത്മാക്കൾ തങ്ങൾക്കു ഹജ്ജിലെ ചില കർമ്മങ്ങൾ കാണിച്ചുകൊടുക്കു വാൻ മാത്രമായി ചില മുസല്യാന്മാരെ കൂട്ടിക്കൊണ്ടുപോകുന്നതു് (അവരിൽ ചിലർ ഹജ്ജിൻെറ പേരിൽ മാത്രം ഒന്നിച്ചുപോകുന്ന സ്ത്രീകളെ നിക്കാഹ് ചെയ്യുന്നതും) ഞാൻ ഓർത്തു. ഇതെല്ലാം തികച്ചും അനാവശ്യമാണ്. കഴി വുള്ളവർ അവർക്കിഷ്ടമുള്ളവരെ തുണയ്ക്കുകൂട്ടുന്നതോ, ആവശ്യമുള്ളവർ വിവാഹം ചെയ്യുന്നതോ ആരും എതിർക്കുകയില്ല. പക്ഷെ ഹജ്ജിൻെറ ദീനിയായ ആരാ ധനാമുറകൾ നിറവേററുന്നതിന്നു അത്തരക്കാരുടെ സഹായം ആവശ്യമില്ല. തവാഫ്, സഅ്യ്, സിയാറത്ത് മുതലായ കർമ്മങ്ങൾ ചെയ്യുന്നത് ഒരു പ്രാവശ്യം കാട്ടിത്തരേണ്ടത് മുതവിഫിൻെറയും മുഅല്ലിമിൻെറയും ചുമതല യാണ്. അതിന്നു അവർ മാർഗ്ഗദർശകരെ ഏർപ്പെടുത്തുന്നുമുണ്ട്. അവർ തങ്ങളുടെ ജോലി കൃത്യമായും സത്യമായും, ചെയ്യുമെങ്കിൽ അതു നല്ലതുതന്നെ. ഹജ്ജ്സമയത്തു ഉപദേശംതന്നു സഹായിക്കുവാൻ അറിവുള്ളവർ എപ്പോഴും തയ്യാറാണ്. ആവശ്യമുള്ളപ്പോൾ അത്തരം ഉപദേശങ്ങൾ തേടുന്നത് നല്ലതു തന്നെ. അതല്ലാതെ എപ്പോഴും ഒരു സഹായകൻ വേണമെന്നുവെക്കുന്നത് മൌഢ്യമാണ്. ഹജ്ജിൻെറ അന്തഃസ്സത്തയെ തകരാറാക്കുന്ന ഒരു സമ്പ്ര ദായമാണത്.

## പ്രസംഗം

പ്രസംഗം തുടരട്ടെ: "റസൂൽകരീം (സ) ഹജ്ജ് ചെയ്തപ്പോൾ അവിടുത്തോ ടൊപ്പം ഒന്നേകാൽ ലക്ഷത്തോളം സഖാക്കളുണ്ടായിരുന്നു. അവർക്കൊന്നും ആരും സ്റ്റഡിക്ലാസ്സുകളെടുത്തിരുന്നില്ല. അവർ നബി (സ) തിരുമേനിയെ അനു ഗമിച്ചു. അവിടുന്നു പ്രവർത്തിച്ചതുനോക്കി അതുപോലെ ചെയ്തു. പ്രയാസ മുള്ള യാതൊരു ഇനവും ഹജ്ജിൽ ഇല്ല. നമുക്കും പ്രയാസരഹിതമായിതന്നെ

ഹജ്ജിൽ പെട്ട 'അമലുകൾ' നിർവഹിക്കാം. പിന്നെ ഹജ്ജിൽ നടത്തേണ്ട പ്രാർത്ഥനകളും ഉരുവിടേണ്ട ദിക്റുകളും മററമാണ്. ഇതെല്ലാം ചെറിയ ചെറിയ മനാസിക്കുകളിൽ കാണാം. അറബിഭാഷയിലുള്ള ദിക്റുകളും പ്രാർത്ഥനകളും അടങ്ങിയ ഇത്തരം കിത്താബുകൾ മക്കായിലും മദീനായിലുമെല്ലാം കിട്ടും. ഇവിടെതന്നെ പലരുടെയും പക്കലുണ്ട്താനും. മിക്കഭാഷകളിലും അവയുടെ അർത്ഥവും വ്യാഖ്യാനങ്ങളും വന്നിട്ടുണ്ട്. ഇതെല്ലാം കഴിയുന്നത്ര പഠിച്ച് മനസ്സിലാക്കുക. വിശുദ്ധ ഖുർആനിലും ഹദീസ്ശരീഫിലും വന്നിട്ടുള്ളവയാണെങ്കിൽ കഴിയുന്നത്ര പഠിച്ച് ഹൃദിസ്ഥമാക്കുക അതെല്ലാം നല്ലതുതന്നെ. പക്ഷെ പഠിക്കുവാനും ഓർമ്മിക്കുവാനും സാധിക്കാത്ത ഭാഗങ്ങളെക്കുറിച്ച്, നീണ്ടനീണ്ട പ്രാർത്ഥനകളെക്കുറിച്ച്, വിഷമം തോന്നേണ്ടതില്ല. അറിയാതെ ഉരുവിടുന്ന പ്രാർത്ഥനകളെക്കൊണ്ട് അവയിലടങ്ങുന്ന മാനസികമായ ഭയഭക്തിക്കപ്പുറം ഒരു പ്രയോജനവുമില്ല. ഒരു വഴികാട്ടി ചൊല്ലിത്തരുന്ന അറബിവാക്യങ്ങൾ അർത്ഥമറിയാതെ ഉരുവിടുന്നതുകൊണ്ടോ ഒരു കിത്താബ് കൈയിലേന്തി അർത്ഥമറിയാതെ വായിച്ചുപോകുന്നതുകൊണ്ടോ എന്തുഗുണമാണുണ്ടാകുക? ഇങ്ങിനെ ചെയ്യേണമെന്നു ആർ പറഞ്ഞു? കഴിയുന്നത്ര ദിക്റുകളും പ്രാർത്ഥനകളും പഠിച്ച് ഹൃദിസ്ഥമാക്കി ക്രമപ്രകാരം ഓതുന്നത നല്ലതുതന്നെ. മററെല്ലാ കാര്യങ്ങളും സ്വന്തഭാഷയിൽ_സ്വന്തം ഹൃദയത്തിൻെറ സംശയാതീതമായ സംശുദ്ധമായ ഭാഷയിൽ_തന്നെയാകട്ടെ! ഇബ്രാഹിംനബി (അ) അറബി സംസാരിച്ചിരുന്നില്ല. അബ്റാനി (ഹെബ്രു) യിലാണ് അവിടുന്ന് പ്രാർത്ഥിച്ചത്. അവിടുത്തെ ചില പ്രാർത്ഥനകൾ അറബിഭാഷയിൽ വിശുദ്ധഖുർആൻ മുഖേന നമുക്കു ലഭിച്ചിരിക്കുന്നു. അതു പഠിച്ചു മനസ്സിലാക്കി അറബിയിൽതന്നെ ഓതുന്നത് പല പ്രകാരത്തിലും പുണ്യമേറിയതാണ്. പക്ഷെ അറിവില്ലെങ്കിലോ? ഹൃദയത്തിൻെറ ഭാഷ ഉപയോഗിക്കുക. അതിൻെറ ഉള്ളിൻെറ ഉള്ളിലേക്ക് നോക്കുന്നവനും അറിയുന്നവനുമാണ് അല്ലാഹു. ഓരോ വ്യക്തിയും ആ സത്യത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അതിൻേറതായ ഫലം തീർച്ചയായും ലഭ്യമാകും. ഒരു വ്യക്തി അല്ലാഹുവോട് ചെയ്യുന്ന പ്രാർത്ഥന ആത്മാർത്ഥതയോടെയാണെങ്കിൽ അതു ന്യായമായ, സത്യമായ ഒരാവശ്യത്തെപ്പററിയായിരിക്കും. അതിൻെറ സാക്ഷാൽകാരത്തിനു് വേണ്ടി ആ വ്യക്തി പരിശ്രമിക്കും. അപ്പോൾ അല്ലാഹുവിൻെറ സഹായം ലഭ്യമാകുന്നു ഹജ്ജ്കർമ്മങ്ങൾ 5. 6 ദിവസങ്ങളിലെ ആരാധനകളിൽ ഒതുങ്ങിനിൽക്കുന്നു. അതൊക്കെ വളരെ എളുപ്പമുള്ളവയത്രെ. എന്നാൽ അതിൻെറയെല്ലാം അന്തഃസത്ത ആഴമേറിയതാണ്. അതിനെപ്പററി ഒട്ടും അശ്രദ്ധരാവരുത്. ശ്രദ്ധിക്കാതെ വിട്ടാൽ ഒരു നിർബ്ബന്ധ കടമ നിർവ്വഹിച്ചതിൽ കവിഞ്ഞ ഗുണം നമുക്കുണ്ടാവുകയില്ല. നേരെ മറിച്ച്, നമ്മുടെ ശ്രദ്ധ നമ്മുടെ തഖ്വാ_എത്രത്തോളം പരപ്പിലും ആഴത്തിലും ചെല്ലുന്നുവോ, അത്രയും അധിലധികവും പ്രയോജനം നമുക്കു ലഭ്യമാകുന്നു. അതു ജീവിതകാലം മുഴുവൻ നിലനിൽക്കും. നമുക്കു അതായതു വ്യക്തികൾക്കും, കുടുംബത്തിനും, ബന്ധുജന

ങ്ങൾക്കും സ്നേഹിതന്മാർക്കും മാത്രമല്ല, സമൂഹത്തിന്നൊട്ടാകെതന്നെ അതു ഗുണം ചെയ്യും എന്താണ് ഇഹ്റാം? എന്താണ് തവാഫ്? സഅ്യും റംലും എന്തിനു്? അതുപോലെ ഹജറൽ അസ്‌വദ് എന്താണ്? കഅബാശരീഫ് എന്ത്? സഫാ_മർവാ എന്ത്? പോരാ_ബദ്റും ഉഹ്ദും മദീനത്തുന്നബിയുമെല്ലാം എന്തെല്ലാം സന്ദേശങ്ങളാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്? ഇതെല്ലാം മനസ്സിലാക്കുവാൻ ശ്രമിക്കുക. ചരിത്രത്തിൽ നിന്നും, ചരിത്രവുമായി ബന്ധപ്പെട്ട ആരാധനക ളിൽനിന്നും അറിവും വിശ്വാസദാർഢ്യവും, സേവനസന്നദ്ധതയും നേടിയെടുക്കുക. ഇതിൻെറയെല്ലാം ആകത്തുകയാണ് തഖ്‌വാ. സത്യസന്ധമായ തഖ്‌വാ അല്ലാഹു നമ്മിൽനിന്നു ആവശ്യപ്പെടുന്നു. അതിന്നു ഇഹത്തിലും പരത്തിലും മുറിഞ്ഞുപോകാത്ത പ്രതിഫലം അവൻ നൽകുന്നു, നിശ്ചയം"

# സാരോപദേശങ്ങൾ തുടരുന്നു

പരിശുദ്ധ ഹജ്ജിൻെറ അന്തഃസത്ത വിവിധ വശങ്ങളിൽകൂടി വിശദീകരിക്കുന്ന പ്രഭാഷണങ്ങളും ഉണ്ടായിരുന്നു. അത്തരം ഒരു പ്രസംഗത്തിൻെറ കാതലായഭാഗം ഇങ്ങിനെ സംഗ്രഹിക്കാം: "ഇസ്ലാമിലെ ആരാധനകൾ മനുഷ്യനെ അല്ലാഹുവോട് അടുപ്പിക്കുകയും, മനുഷ്യനും മനുഷ്യനും തമ്മിൽ സഹോദര സ്നേഹം വളർത്തുകയും ചെയ്യുന്നു. ഈ ഗുണങ്ങൾ നേടിത്തരികയാണല്ലോ നമസ്കാരം, നോമ്പ്, സക്കാത്ത് മുതലായ ഏററവും പ്രധാനപ്പെട്ട അമലുകൾ ചെയ്യുന്നതു്. ഇതിന്നെല്ലാം മകുടംചാർത്തുന്ന ഒരുപമയില്ലാത്ത മഹാഇബാദത്താണ് ഹജ്ജ്. അല്ലാഹുവോടുള്ള സ്നേഹം (മുഹബ്ബത്ത്) പ്രകടമാക്കുകയും, അതിനെ അരക്കിട്ടുറപ്പിക്കുകയുമാണ് അതിൻെറ പരമലക്ഷ്യം. അല്ലാഹുവോടുള്ള സ്നേഹം പ്രായോഗികമായി പ്രദർശിപ്പിക്കുന്നതു് റസൂൽ (സ) തിരുമേനിയെ മുറപ്രകാരം പിന്തുടരുകവഴിയാണല്ലോ. 'നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക; എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും' എന്നു ഉപദേശിക്കാൻ അല്ലാഹു തിരുനബി (സ) യോട് കല്പിച്ചിരിക്കുന്നു. (വി ഖു) ഇതിനു 'ഇത്തിബാഉർറസൂൽ'_റസൂലിനെ പിന്തുടരൽ_എന്നു പറയുന്നു. ഹജ്ജ്കർമ്മം ആദ്യംമുതൽ അവസാനംവരെ ഇത്തിബാഉർറസൂലല്ലാതെ മറെറാന്നും തന്നെയല്ല. വാക്കിലും പ്രവർത്തിയിലും മാത്രമല്ല ചിന്തയിലും തിരുമേനിയെ പിന്തുടരുവാൻ നാം ശ്രമിക്കേണ്ടതാണ്"

## ഇബാദത്ത്

"ഹജ്ജിനു്വേണ്ടി മക്കായിലും, സിയാറത്തിനുവേണ്ടി മദീനായിലും, ബന്ധപ്പെട്ട മററ സ്ഥലങ്ങളിലും താമസിക്കുന്ന ചുരുങ്ങിയ ദിവസങ്ങൾ

കഴിയുന്നതു ഇബാദത്തുകളിൽ ചിലവഴിക്കേണ്ടതാണ്. അതാത് സ്ഥലത്തു മാത്രം സാദ്ധ്യമായ ഇബാദത്തുകൾക്കാണ് അവിടങ്ങളിൽ പ്രാധാന്യം നൽകേണ്ടതു്. അതായത് മക്കാശരീഫിൽ ബൈത്തുല്ലായെ ദർശിക്കൽ, അതിന്റെ തവാഫ്, സംസം കുടിക്കൽ, ഉംറയും അതിന്റെ ഭാഗമായ തവാഫും സഅ്യും, ഹറംശരീഫിൽവെച്ചുള്ള ജമാഅത്തിൽ ചേർന്നുള്ള ഫർസ് നമസ്കാരങ്ങൾ, ഹറംശരീഫിൽവെച്ചുള്ള സുന്നത്തു നമസ്കാരങ്ങൾ, ഖുർആൻ പാരായണം, ഖുർആൻ സൂക്തങ്ങളെപ്പററിയുള്ള ചർച്ചകളും ചിന്തയും, ദിക്രുകളും സലാത്തുകളും, അന്യോന്യമുള്ള സഹോദരസ്നേഹത്തിന്റെ പ്രദർശനം, അതിന്റെ കെട്ടുറപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, ദാനധർമ്മങ്ങൾ ഇതെല്ലാമാണ് പ്രധാനം. മദീനയിൽ സിയാറത്തു്, റൗസശരീഫിലെ നമസ്കാരം, ഇഅ്ത്തിക്കാഫ്, ഖുർആൻ പാഠനം, പരസ്പരസഹായം മുതലായവ പ്രത്യേകം പ്രസ്താവ്യമാണ്."

## സന്ദർശനം

"ഹജ്ജുയാത്രക്കാർ ഒരിക്കലും അപ്രധാനമായി കരുതുവാൻ പാടില്ലാത്ത ഒരു കാര്യമാണ് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നത്. ആദം നബി (അ) മുതൽ എത്രയോ നബിവര്യന്മാരുടെ പാദസ്പർശമേററ സ്ഥലങ്ങളാണിവ. ഇബ്രാഹിം (അ) നബിതൊട്ട് ഇങ്ങോട്ടുള്ള നാലായിരത്തിലധികം വർഷത്തെ ചരിത്രംതന്നെ നമുക്കു ലഭിച്ചിട്ടുണ്ടു്. ഇബ്രാഹീം (അ), ഇസ്മാഈൽ (അ) മുഹമ്മദ് (സ) എന്നീ നബിവര്യന്മാരുടെ ജീവിതം കറകളഞ്ഞ ഏക ദൈവ വിശ്വാസത്തിന്റെയും, മനുഷ്യസേവനത്തിന്റെയും ത്യാഗസമ്പൂർണ്ണമായ അനുപമമായ ചരിത്രസത്യങ്ങളാണ്. കഅബ, സഫാ മർവ, മിന, ജബലുന്നൂർ, ജബലുസ്സൌർ, അറഫ, ബദർ, ഉഹ്ദ്, മദീനാ എന്നിവിടങ്ങളിലെ ഓരോ തരിമണലിനും ദൈവഭക്തിയുടെയും, ആത്മവിശ്വാസത്തിന്റെയും, സമസൃഷ്ടി സ്നേഹത്തിന്റെയും, ത്യാഗസന്നദ്ധതയുടെയും, സൽകർമ്മനിരതമായ ജീവിതത്തിന്റെയും, അനേകമനേകം കഥകൾ പറയുവാനുണ്ടാകും. അതെല്ലാം സന്ദർശിച്ചു്, ചരിത്രത്തെപ്പററി ചിന്തിച്ചു്, വിശ്വാസത്തിനു് ദൃഢതയും, പ്രവർത്തനങ്ങൾക്കു ഓജസ്സും നേടേണ്ടതു് ആവശ്യമാണ്. അങ്ങിനെ അറിവും, അറിവിന്നുചേർന്ന പ്രവർത്തനവും, സർവ്വോപരി നിഷ്കളങ്കതയും ഒത്തുചേരുമ്പോൾ ഭക്തൻ വിജയം കൈവരിക്കുകയായി. ഒരു ഹദീസ് ശരീഫിൽ ഇങ്ങിനെ വന്നിട്ടുണ്ടു്: "തീർച്ചയായും മനുഷ്യൻ (ഇൻസാൻ) നാശത്തിലാണ് വിദ്വാന്മാർ (ആലിം) ഒഴികെ. വിദ്വാൻ നാശത്തിലാണ് പഠിച്ചതനുസരിച്ചു പ്രവർത്തിക്കുന്നവർ (ആമിൽ) ഒഴികെ. പ്രവർത്തിക്കുന്നവരും നാശത്തിലാണ് അവരിൽ സത്യസന്ധന്മാർ (ഖാലിസ്) ഒഴികെ. ഈ സത്യസന്ധത (ഇഖ്‌ലാസ്) നേടിയെടുക്കുകയെന്നതാണ് ഒരു ഹാജി മുഖ്യമായും ആശിക്കേണ്ടതു്. അതിനുവേണ്ടിയാണ് കൊണ്ടുപിടിച്ചുത്സാഹിക്കേണ്ടതും."

## മററൊരു പ്രസംഗം

KOTTAYAM PUBLIC LIBRARY KOTTAYAM 69800

മററൊരു പ്രസംഗം: 'കഅബാശരീഫ് നമ്മുടെ ഖിബ്‌ലയാണ്. അതു മുസ്ലിംലോകത്തിൻെറ കേന്ദ്രബിന്ദുവത്രെ. ഏകദൈവത്തെ ആരാധിക്കുന്നതിന് നിർമ്മിതമായ ഒന്നാമത്തെ ആരാധനാലയം. ഇബ്രാഹിം (അ) നബി പുനർനിർമ്മാണം നിർവ്വഹിച്ച അന്നുമുതൽ നാലായിരത്തിലധികം വർഷത്തെ ചരിത്രം അതിന് നിശ്ചയമായും ഉണ്ട്. ഇബ്രാഹിംനബി (അ) ക്കുമുമ്പ് തന്നെ അവിടെ പള്ളി ഉണ്ടായിരുന്നതായി വിശ്വസിക്കാം.

ഐതിഹ്യം ആദംനബി (അ) യുമായി ഇതിനെ ബന്ധിപ്പിക്കുന്നു. അജ്ഞാതമായ (ഗൈബിയായ) ബന്ധങ്ങൾ സൂചിപ്പിക്കുന്ന ഹദീസുകളും ഉണ്ട്. ഏതായാലും ഏകദൈവരാധനക്കായി ഉയർത്തപ്പെട്ട ഒന്നാമത്തെ ദൈവഭവനമാണിതെന്നും, ഇതിൽ പരോക്ഷമായ ദിവ്യത്വം ഉണ്ടെന്നുമുള്ളതിൽ സംശയമില്ല. ഈ വിശുദ്ധകഅബ, അതിനടുത്തുള്ള സംസം, അൽപംദൂരെ സഫാമർവാ, വീണ്ടും ഹിറാ, സൗർ, മിനാ, മുസ്ദലിഫ, അറഫാ, ബദർ, ഉഹ്ദ്, ഖന്തഖ്, റൗസാശരീഫ്–ഇതെല്ലാമാണ് നമ്മുടെ യാത്രാലക്ഷ്യം. കഅബാശരീഫിനെ ത്വാഫ് ചെയ്യുമ്പോൾ നമ്മുടെ ലക്ഷ്യവും മാർഗ്ഗവും നാം ഓർക്കുകയാണ്. ലക്ഷ്യം അല്ലാഹുവിങ്കലേക്കാണ്, അവൻെറ തൃപ്തിനേടൽ. മാർഗ്ഗമാകട്ടെ അമലുസ്സാലിഹാത്തും– അതായത് സൽകർമ്മങ്ങൾ ചെയ്യൽ. നാം സന്ദർശിക്കുന്ന പുണ്യസ്ഥലങ്ങളിൽനിന്നു ഇതെല്ലാം തന്നെയാണ് പഠിക്കേണ്ടത്. പാഠം നല്ലപോലെ ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണം. എന്തുമാത്രം മഹത്വം നിറഞ്ഞ ഒരു യാത്ര!'

## വീണ്ടും ഒരു പ്രസംഗം

'ഹജ്ജ് വളരെ എളുപ്പമുള്ള ഒരു ആരാധനയാണ്. മൂന്നേമൂന്ന് ഫർസുകൾ, അഞ്ചേ അഞ്ച് വാജിബാത്തുകൾ, എല്ലാം എല്ലാവർക്കും ചെയ്യാവുന്ന എളുപ്പമേറിയ കാര്യങ്ങൾ. എന്നാൽ അതിൻെറ സൽഫലങ്ങൾ നിസ്സീമമത്രെ. നമ്മുടെ വിശ്വാസത്തിനു (ഈമാൻ) ദൃഢത (യഖീൻ) ലഭിക്കുകയാണ് ഒന്നാമത്തെ ലക്ഷ്യം. അല്ലാഹുവിൻെറ പരിപൂർണ്ണമായ രക്ഷാകർത്തൃത്വം സ്വീകരിക്കുകയാണ് അതിൻെറ ഫലം. മനുഷ്യൻ ആഗ്രഹങ്ങളുടെ ഒരു സമാഹാരം (ജാമിഉൽ ഹാജാത്ത്) ആണ്. അല്ലാഹുവാകട്ടെ ആഗ്രഹങ്ങളെ സാധിപ്പിച്ചുകൊടുക്കുന്നവനും (ഖാളിയുൽ ഹാജാത്ത്). നമുക്കു ന്യായമായ എല്ലാ ആവശ്യങ്ങളും ഉന്നയിക്കാം. അതു ലഭ്യമാകേണ്ടതിനു നാം ചെയ്യേണ്ട പരിശ്രമങ്ങൾ മുറ

പ്രകാരം ചെയ്യുകയും വേണം. അപ്പോൾ അല്ലാഹുവിൻെറ അനുഗ്രഹം ലഭ്യമാകുന്നു. നമ്മുടെ ആവശ്യം നിറവേറുന്നു. ശ്രമിക്കേണ്ടതു നമ്മുടെ ചുമതലയും നൽകുന്നത് അല്ലാഹുവുമാണ്. അവൻ കാരുണ്യവാനാണ് താനും. നമ്മുടെ ചുററും ധാരാളം വെള്ളം കിടക്കുന്നു; പക്ഷെ നമുക്ക് അതു കുടിക്കുവാനൊക്കുമോ? കണക്കിലധികം ഭക്ഷണം ഇവിടെയുണ്ട്; എന്നുവെച്ച് തിന്നുവാൻ സാധിക്കുമോ? ഓരോരുത്തർക്ക വേണ്ടതിലധികം സമ്പത്തുണ്ട്; എന്നാൽ മാത്രം യഥേഷ്ടം ഉപയോഗിക്കുവാൻ പററുമോ? അതെല്ലാം സുസാദ്ധ്യമാകേണമെങ്കിൽ ബോധപൂർവ്വമുള്ള പരിശ്രമവും അല്ലാഹുവിൻെറ സഹായവും വേണം. ഇബ്രാഹിംനബി (അ), ബീബി ഹാജിറ (റ), ഇസ്മാഈൽനബി (അ), മുഹമ്മദ്നബി (സ), ശുഹദാഉൽ ബദ്ർ (റ), അബൂബക്കർ (റ), ഉമർ (റ) ഇവരെല്ലാം നമ്മെ പഠിപ്പിക്കുന്നതു അചഞ്ചലമായ ഈ സത്യമാണ്. സംസം ഒരു മുഅ്ജിസത്താണ്. പക്ഷെ, ആ ഉറവ് പൊട്ടുന്നതിനുമുമ്പ് ബീബി ഓടിത്തിരക്കേണ്ടതും, പൈതൽ കാലിട്ടടിക്കേണ്ടതും ഉണ്ടായിരുന്നു ബദ്റിലും ഉഹ്ദിലും ശുഹദാക്കൾ കഠിനമായ യാതനകളിൽകൂടി, കത്തിജ്വലിക്കുന്ന തീച്ചൂളകളിൽകൂടി കടന്നുചെന്നു, അവരുടെ തങ്കസമാനമായ ഈമാൻ പ്രകടിപ്പിച്ചശേഷം മാത്രമെ അവർക്കു വിജയം ലഭിച്ചുള്ളു. ഇബ്രാഹിംനബി (അ) കഅബാപള്ളി നിർമ്മിക്കുവാൻ ഓരോ കല്ലും എടുത്തുവെക്കുമ്പോൾ പ്രാർത്ഥിക്കുന്നതു് നോക്കുക:

"ഇബ്രാഹിമും ഇസ്മാഈലും (കഅ്ബാ) മന്ദിരത്തിൻെറ അടിത്തറകൾ ഉയർത്തിയ സന്ദർഭം (ഓർക്കുക: അവർ പ്രാർത്ഥിച്ചു) ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളിൽനിന്നും നീ സ്വീകരിച്ചാലും! നിശ്ചയമായും നീ എല്ലാം കേൾക്കുന്നവനും (എല്ലാം) അറിയുന്നവനുമത്രേ. ഞങ്ങളുടെ രക്ഷിതാവേ! നിന്നെ അനുസരിക്കുന്ന (മുസ്ലിംകൾ) ആയി നീ ഞങ്ങളെ ആക്കേണമേ! ഞങ്ങളുടെ സന്തതികളിൽനിന്നും നിന്നെ അനുസരിക്കുന്നതായ (മുസ്ലിം) ജനതയെ (ഉയർത്തേണമേ). ഞങ്ങളുടെ ആരാധനാവിധങ്ങൾ ഞങ്ങൾക്ക് നീ കാണിച്ചുതരേണമേ! ഞങ്ങളുടെനേരെ (കരുണയോടെ) തിരിയേണമേ! തീർച്ചയായും നീ മാത്രമാണ് (സർവ്വദാ) കാരുണ്യത്തിലേക്ക് തിരിയുന്നവനും കരുണാനിധിയും. ഞങ്ങളുടെ രക്ഷിതാവേ! നിൻെറ സന്ദേശങ്ങൾ അവരെ ഓതിക്കേൾപ്പിക്കുകയും (വേദ) ഗ്രന്ഥവും വിജ്ഞാനവും അവരെ പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരുടെ ഇടയിൽ, അവരിൽനിന്നും നീ ഉയർത്തേണമേ! നിശ്ചയമായും നീ സർവ്വശക്തനും സർവ്വജ്ഞനുമത്രെ."

വി. ഖു. 127, 128, 129

മുഹമ്മദ്നബി (സ) വിജയത്തിൻെറ ഉത്തുംഗശിഖരത്തെ പ്രാപിച്ചപ്പോൾപോലും അല്ലാഹു കല്പിച്ചതു നോക്കുക:

"അല്ലാഹുവിന്റെ സഹായവും വിജയവും വരികയും, അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നതായി ജനങ്ങളെ നീ കാണുകയും ചെയ്യുമ്പോൾ നിൻെറ നാഥൻെറ സ്തുതികീർത്തനം ചെയ്യുകയും, അവനോട് പൊറുത്തുതരാൻ അപേക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അവൻ സദാ കാരുണ്യത്തിലേക്ക് തിരിയുന്നവനത്രെ." വി: ഖു 110

ഇതെല്ലാമാണ് സത്യസന്ധതയുടെ, നിഷ്കളങ്കതയുടെ പരിപൂർണ്ണമായ ഇസ്ലാമിക മാനദണ്ഡം. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും നാം അല്ലാഹുവിൻെറ മുമ്പിൽ കഴിയുകയാണ് എന്ന ബോധം നമ്മിൽ രൂഢമൂലമാകണം. ബലഹീനരായ നമുക്കു നേടുവാൻ സാധിക്കുന്ന ഒരു കാര്യമാണോ ഇത്? ശ്രമിക്കുക. അല്ലാഹു സർവ്വശക്തനും പരമകാരുണ്യകനുമാണ്. അവൻ നമുക്കു പ്രാർത്ഥനാകേന്ദ്രമാക്കി നിശ്ചയിച്ചുതന്നിട്ടുള്ള സ്ഥലത്തേക്കാണ് നാം പ്രയാണം ചെയ്യുന്നത്. അല്ലാഹു നമ്മെ സഹായിക്കട്ടെ....ആമീൻ.

# കപ്പലിലെ ആരാധനകൾ

കപ്പലിൽ ഞങ്ങൾ തനിച്ചും സംഘംചേർന്നും നമസ്കരിച്ചു. പല ഭാഗങ്ങളിലും വലുതും ചെറുതുമായ ജമാഅത്തുകൾ ഉണ്ടായിരുന്നു. എല്ലാ നമസ്കാരങ്ങളും അതാതിൻെറ സമയത്തു മുഴുവനായി നമസ്കരിക്കുന്നവരും, ജംഅ് ആക്കുന്നവരും, ജംഉം ഖസ്റുമാക്കുന്നവരും, ഖസ്റാക്കുന്നവരും എല്ലാമുണ്ടായിരുന്നു. ഞാൻ മിക്കവാറും ഞങ്ങളുടെ ഡീലക്സ് തട്ടിലെ ഏററവും വലിയ ജമാഅത്തിൽ ചേരുകയാണ് പതിവ്. ഒരു ഹനഫി ജമാഅത്തായിരുന്നു അത്. ഞങ്ങളുടെ ഇമാം ഒരു ഹാഫിളും നല്ല ഖാരിയുമായിരുന്നു. വൃത്തിയായി വസ്ത്രംധരിച്ചു, ഭംഗിയായി ഇമാമത്തു നിൽക്കുകയും കർണ്ണമധുരമായും അർത്ഥം സ്ഫുരിക്കുന്ന രീതിയിലും ഖുർആൻ ഓതുകയും ചെയ്യുന്ന ഈ ബറോഡക്കാരൻെറ ഓത്തുകേൾക്കുവാൻ എനിക്കു നമസ്കരിക്കേണ്ടതില്ലാത്ത അവസരങ്ങളിൽപോലും ഞാൻ ചെല്ലാറുണ്ടായിരുന്നു. മഗ്‌രിബ്, ഇശാ, സുബ്ഹി എന്നീ നമസ്കാരങ്ങളിൽ നടുക്കടലിലെ രാവിൻെറ നിശ്ശബ്ദതയിൽ ഓരോ സൂറത്തും ഓതികേൾക്കുമ്പോൾ അതിലെ വിശുദ്ധ സൂക്തങ്ങൾ, അതും നമസ്കാരവേളയിൽ, ഹൃദയത്തിൽ തുളച്ചുകയറുകയാണ്. മനുഷ്യൻെറ കടമകളെ തുറന്നുകാണിക്കുന്ന സൂക്തങ്ങൾ, അവയെപ്പററി സൂക്ഷ്മതയില്ലാതെ പോകുന്നവർ അനുഭവിക്കേണ്ടിവരുന്ന ശിക്ഷകളെപ്പററിയുള്ളവ, ഇതെല്ലാം നിയന്ത്രിക്കുന്ന അല്ലാഹുവിൻെറ മഹത്വത്തെ എടുത്തുകാട്ടുന്നവ-ഓരോന്നും ഏററവും സന്ദർഭോചിതമായിത്തന്നെ അനുഭവപ്പെടുന്നു. മുനാഫിഖൂൻ, ഇൻശിഖാഖ്,

അബസ, വന്നാസിആത്ത്, സബ്ബഹ, സിൽസാൽ_ഇങ്ങിനെ പോകുന്ന ചിന്തയെ പിടിച്ചുനിർത്തുന്ന ഈ സൂറാകൾ. ഒരോ ദിവസവും ഓതുന്ന സൂറാകളുടെ ഔചിത്യവും അനുയോജ്യതയും കണ്ട വല്ല പ്ലാനും അനുസരിച്ചാണോ ഈ സൂറകൾ തിരഞ്ഞെടുക്കുന്നത് എന്ന് മൗലവി സാഹിബിനോട് ഞാൻ അന്വേഷിച്ചു. അങ്ങിനെയൊന്നുമില്ലെന്നും, മഗ്'രിബ്'ന് സൂറത്തുൽ ആദിയാത്തിന് താഴെയുള്ള ചെറിയ സൂറകളും, അസറിനും ഇശാക്കും ബയ്യിന മുതൽ ബുറൂജ് വരെയുള്ള നടത്തരം സൂറകളും, സുബ്'ഹിക്കും സുഹ്'റിനും ഹുജുറാത്ത്മുതൽ ബുറൂജ് വരെയുള്ള നീണ്ട സൂറകളും ഓതുന്നതു സുന്നത്തായതുകൊണ്ടു് അങ്ങിനെ ചെയ്യുകയാണെന്നും പറഞ്ഞുതന്നു. വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ ശാശ്വതങ്ങളായ സത്യങ്ങളെയാണല്ലൊ പ്രഖ്യാപിക്കുന്നതും പല രൂപങ്ങളിലായി പഠിപ്പിക്കുന്നതും. അവ എവിടെ വേണമെങ്കിലും ഏതവസരത്തിലായാലും ഫിറ്റ ചെയ്യും. അതുകൊണ്ടാണ് ഏതു സൂറത്തും ഏതു റക്കൂഉം ഏതു് ആയത്ത്പോലും ഓതുകയോ കേൾക്കയോ ചെയ്യുമ്പോൾ അതു ആ സന്ദർഭത്തിനു യോജിച്ചതായി കാണുന്നതു്. ഇതു് വിശുദ്ധ ഖുർആൻെറ അമാനുഷികതയുടെ ഒരു തെളിവാണ്. കപ്പലിലെ പ്രാർത്ഥനകൾക്ക് സാധാരണ നിലയിൽതന്നെ ഏകാഗ്രത ലഭ്യമാണ്. അർത്ഥം മനസ്സിലാക്കി അതിനെപ്പററി ആഴത്തിൽ ചിന്തിക്കുമ്പോൾ ഏകാഗ്രതക്കു് പതിന്മടങ്ങു മാററുകൂടുന്നു.

## ഹനഫികൾ ഭൂരിപക്ഷം

കപ്പലിൽ ബഹുഭൂരിപക്ഷവും ഹനഫികളായിരുന്നു. അവർക്ക 'ജംഅ്' ക്കുന്ന സമ്പ്രദായമില്ല. നമസ്കാരത്തിൻെറ സമയം ശാഫിഈയേക്കാൾ അല്പാല്പം താമസിച്ചിട്ടാണ്—പ്രത്യേകിച്ചും അസറിനു്. ശാഫികൾ ജംഉം ഖസറും ആക്കി നമസ്കരിക്കുന്നു. ജുമുഅ ആർക്കുമില്ല. നിറത്തവേളയിൽ കൈകെട്ടുന്നതിൽ വ്യത്യാസം കാണാം. നെഞ്ഞത്തും നെഞ്ഞിനു താഴെയും പൊക്കിളിനു താഴെയും കൈകെട്ടുന്നവരുണ്ടു്. ഹനഫികൾ സുബ്'ഹി നമസ്കാരത്തിൽ ഖുനൂത്ത് ഓതുന്നില്ല. അവക്കു് നഫ്'ൽ (സുന്നത്തു്) നമസ്കാരങ്ങളിൽ പ്രത്യേകം താല്പര്യം കാണാം. ഈ വ്യത്യാസങ്ങളൊന്നും ഉണ്ടെന്നുപോലും ആരും ശ്രദ്ധിച്ചില്ല. അതൊന്നും ഒരു പ്രശ്നമല്ലായിരുന്നു. ഭൂരിപക്ഷം ആളുകളും സൌകര്യമുള്ള ജമാഅത്തുകളിൽ ചേരുന്നു. ചുരുക്കം ചില ശാഫിഈകൾ ജംഉം ഖസറുമായി പ്രത്യേകംതന്നെ നമസ്'കരിച്ചുപോന്നു.

വുസു എടക്കുന്നതു് മലയാളികൾക്കൊഴികെ മററാർക്കും പ്രയാസമായിരുന്നില്ല. ഒരു മുരുടയിലോ മൂളിയിലോ വെള്ളമെടുത്തു് പല്ല

തേക്കുകയും വുസുവെട്ടുക്കുകയും ചെയ്തു കഴിഞ്ഞാൽ പിന്നെയും വെള്ളം ബാക്കി കാണാം.

## വേഷവിധാനം

നമസ്കാരസമയത്തും അല്ലാത്തപ്പോഴും പലതരത്തിലുള്ള വേഷവിധാനങ്ങൾ ധരിച്ചു കാണുന്നതു് കൌതുകകരംതന്നെ. പുരുഷന്മാർ ഫുൾ സൂട്ട് മുതൽ ഒററമുണ്ടുവരെ. അധികം പേരും പയ്ജാമ ധരിക്കുന്നു. എന്നാൽ പയ്ജാമതന്നെ പല തരത്തിലാണ്-ആനവിഴുങ്ങി മുതൽ ചൂരിദാർ വരെ. കുപ്പായം വെറും പോക്കിററു മറയുന്ന സ്ലേക്കോ, ബനിയനോ തുടങ്ങി കാലിൽചെന്നു തട്ടുന്ന നീളക്കുപ്പായം, ശർവാനി മുതലായവ വരെ, നാലഞ്ചു മാതിരി തൊപ്പികൾ, കേരളീയൻെറ പത്തിഞ്ചുറമാൽ തുടങ്ങി പത്ഥാൻകാരൻെറ എട്ടു മീററർ തലപ്പാവുവരെ. ദേഹമാസകലം രോമം നിറഞ്ഞ ബിഹാരിയും, സ്ത്രീ സമാനം മിനുസമുള്ള കൊങ്കണിയും ഉണ്ടു്. നന്ന കറുത്തതോ നന്ന വെളുത്തതോ അല്ലാത്ത പല നിറങ്ങളിലും ആളുകളുണ്ടായിരുന്നു. കുള്ളനായ ഞാനും, ഏതാണ്ടിരട്ടി വണ്ണമുള്ള ബലൂചിയും പലപ്പോഴും അടുത്തടുത്തു നിന്നിട്ടുണ്ടു്. ഇവരെല്ലാം ചേർന്നാണ് സഫ്സഫായി നമസ്കരിക്കുന്നത്. സമത്വത്തിൻെറയും സാഹോദര്യത്തിൻെറയും ശക്തിയേറിയ പ്രകടനം!

സ്ത്രീകളും പലവിധ വസ്ത്രങ്ങളും അണിഞ്ഞവരായിരുന്നു. മാപ്പിള നാട്ടിലെ കാച്ചിയും കുപ്പായവും തുടങ്ങി, ലെയിററസ്റ്റ് സ്റ്റൈൽ സാരി വരെ കാണാം. പയ്ജാമ, കുർത്താ, നീളക്കുപ്പായം എന്നിവയായിരുന്നു ഭൂരിപക്ഷം. സ്ത്രീകൾ സൌകര്യമുള്ളേടത്തു് ജമാഅത്തുകളിൽ ചേർന്നു് നമസ്കരിക്കുകയാണ്. അല്ലാത്തപക്ഷം തനിച്ചും. നമസ്കാര സമയത്തു് നിസ്കാരക്കുപ്പായവും മക്കനയും ധരിക്കുന്നു, അല്ലെങ്കിൽ ബുർഖ. സാരികൊണ്ടു ദേഹം നല്ലപോലെ ചുററിമറച്ചു നമസ്കരിക്കുന്നവരും ഉണ്ടായിരുന്നു. ഹിന്ദുസ്താനി സ്ത്രീകളുടെ ഒരു പുതുമ കണ്ടത് അവരുടെ സുജൂദാണ്. കഅബാശരീഫിലും മദീനയിലെ മസ്ജിദുന്നബവിയിലും ലക്ഷക്കണക്കിനു് സ്ത്രീകൾ നമസ്കരിച്ചു കണ്ടപ്പോഴും ഹിന്ദുസ്താനി സ്ത്രീകളുടെ ഈ സുജൂദ് വേറെ ഒരു വിഭാഗത്തിലും കാണപ്പെട്ടില്ല. ഇതു് ബോംബെയിലെ ജുമാ മസ്ജിദിൽനിന്നുതന്നെ എൻെറ ഭാര്യ കണ്ടു മനസ്സിലാക്കിയതും, പിന്നീടു് പരിശോധിച്ചു ഉറപ്പുവരുത്തിയതുമാണ്. ഇഅ്തിലാലിൽനിന്നു നേരെ സുജൂദിലേക്ക് പോകുമ്പോൾ ആദ്യമായി കാലുകൾ മടക്കി അത്തഹിയ്യാത്തുവിനു് ഇരിക്കുന്ന രീതിയിൽ നല്ലപോലെ ഇരിക്കുന്നു. എന്നിട്ടു ചന്തി അധികം പൊക്കാതെ സുജൂദ് ചെയ്യുന്നു. രണ്ടു സുജൂദും കഴിഞ്ഞാൽ നല്ലപോലെ

ഇരുന്നശേഷം വീണ്ടും എഴുന്നേററു നിൽക്കുന്നു. ഹിന്ദുസ്ഥാനിക്കാരായ പണ്ഡിതന്മാരോട് ചോദിച്ചപ്പോൾ സ്ത്രീകൾ അങ്ങിനെ ചെയ്യുന്ന താണ് മര്യാദയെന്നുമാത്രം പറഞ്ഞുതന്നു. അതിന് ഉപോൽബലകമായ യാതൊരു തെളിവും അവർക്കു ശരീഅത്തു കിത്താബുകളിൽ കിട്ടുവാനി ല്ലായിരുന്നു.

## തനിച്ച്

ഈ ജമാഅത്തുകളിലൊന്നും ചേരാതെ വേറെതന്നെ പ്രത്യേക മായി നമസ്കരിക്കുന്ന ഒരു വിഭാഗം ഉണ്ടായിരുന്നു. ഞാൻ അവരുടെ നമസ്കാര രീതി ശ്രദ്ധിച്ച മനസ്സിലാക്കുകയും, അതിനെപററി അവരുമാ യി സംസാരിക്കുകയും ചെയ്തു. ദാവൂദിബോറാക്കാരായ ശിയാക്കളാണി വർ. ഇവർ തനിച്ചതനിച്ചാണ് നമസ്കരിക്കുന്നത്. ഓരോ ആൾക്കും ഒരു നല്ല മുസല്ലപടവും അതിൽ ഒരു മുട്ടിയ കള്ളിതുണിയും ഉണ്ട്. നമ്മുടെ സ്ത്രീകൾ നിസ്ക്കാര കുപ്പായവും മററും ഒരു മുസല്ല പായയിൽ ചുരുട്ടി സൂക്ഷി ക്കുന്നതുപോലെ അവർ ഈ മുസല്ല സൂക്ഷിച്ചുവെക്കുന്നു. പത്തിരുപതു പേർ അടുത്തടുത്തു എതാണ്ട് സഫ്ഫ് സഫായി തന്നെ മുസല്ലകൾ വിരിച്ച വെവ്വേറെ നമസ്കരിക്കുകയാണ്. അവരുടെ 'ഇമാമി'ൻെറ അനുവാദ പത്രം ലഭിച്ചവർക്കുമാത്രമെ നമസ്ക്കാരത്തിൽ ഇമാമത്തു് നിൽക്കുവാൻ പാടുള്ളു. അങ്ങിനെയുള്ള ഒരാൾ ഇല്ലാത്തതുകൊണ്ടാണ് അവരെല്ലാം ജമാഅത്താകാതെ തനിച്ച തനിച്ച നമസ്കരിക്കുന്നതു്. നമസ്ക്കാരത്തിനു് 'നിയ്യത്തു്' ചെയ്യുന്നതു 'സുജൂദ്' ചെയ്തുകൊണ്ടാണ്. സുജൂദിൽ നിയ്യത്ത് ചെയ്യുന്നു, എഴുന്നേററു നിൽക്കുന്നു, തക്ബീർ ചൊല്ലി നമസ്ക്കാരം ആരംഭിക്കുന്നു. തക്ബീർ ചൊല്ലുമ്പോൾ കൈ കൾ കാതുവരെ ഉയർത്തുകയും ഉടനെ താഴ്ത്തി തൂക്കിയിടുകയും ചെയ്യുന്നു. പിന്നെയെല്ലാം നമ്മൾ ചെയ്യുന്നതുപോലെ തന്നെ. ഓരോ തക്ബീ റിനും കൈകൾ ഉയർത്തി ഉടനെ താഴ്ത്തിയിടും. കൈകെട്ടാതെ തൂക്കി യിടുന്ന ഈ സമ്പ്രദായം സുന്നികളുടെ ഇടയിലുള്ള മാലിക്കിമദ്ഹബിലും ഉണ്ടല്ലൊ. ദാവൂദിബോറാക്കാർ ജംഉം ഖസ്റും സ്വീകരിക്കുന്നു. ധാരാളം സുന്നത്തു നിസ്ക്കാരങ്ങളും നിർവ്വഹിക്കുന്നു. ശിയാക്കളുടെ ഇടയിലുള്ള മററു വിഭാഗങ്ങളുടെയും നമസ്ക്കാരം എതാണ്ടിങ്ങനെ തന്നെയാണ്.

## സ്റ്റഡീക്ലാസ്സുകൾ വീണ്ടും

ലക്ഷ്യസ്ഥാനത്തോട് അടുത്തുവരുംതോറും സ്റ്റഡീക്ലാസ്സുകൾ ഏറി യേറിവരികയാണ്. ഹജ്ജിൻെറയും ഉംറയുടെയും ക്രമങ്ങളെപ്പററിയും

ബന്ധപ്പെട്ട മസ്അലകളെപ്പററിയുമാണ് പാഠം. പഠിക്കേണമെന്നും പഠിപ്പിക്കേണമെന്നുമുള്ള ആശ പരക്കെ പ്രകടമായിരിക്കുകയാണ്. നല്ല നല്ല ക്ലാസ്സുകഠം കപ്പലിൻെറ നാനാഭാഗങ്ങളിലും സംഘടിപ്പിച്ചിരിക്കുന്നു. മിക്കതും ഉദ്ദുവിലാണ്. തമിഴിലും മററ ചില ഭാഷകളിലും അവിടവിടെ ക്ലാസ്സുകഠം നടക്കുന്നുണ്ട്. സാരോപദേശങ്ങളും ചർച്ചകളും മാത്രമല്ല, സലാത്ത്, ഭക്തിഗാനങ്ങഠം മുതലായവയും ഇടക്കിടക്ക് ഉണ്ടാകുന്നു. അമീറൽ ഹജ്ജ് (കപ്പലിലെ ഹാജിമാരുടെ പ്രതിനിധിയും നേതാവുമായി നിയമിതനായ മൈസൂർക്കാരനായ ഒരു അഭിഭാഷകൻ) മുഖ്യമായ പ്രഭാഷണങ്ങഠം ഉച്ചഭാഷിണിയിൽകൂടി കപ്പലിൻെറ എല്ലാ ഭാഗത്തും കേഠംക്കാവുന്ന രീതിയിൽ സംഘടിപ്പിച്ചു തുടങ്ങി. കപ്പലിലെ എല്ലാ ഹാജിമാരും ഒരു കുടുംബംപോലെ ആയിത്തീർന്നിരിക്കുന്നു. ഓരോ ആഠംക്കും ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ധാരാളം സ്നേഹിതന്മാർ ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ഉച്ചഭാഷിണിയിൽ കൂടിയുള്ള പ്രസംഗങ്ങളധികവും ഉർദുവിൽതന്നെ. ഉദ്ദുവിൽ തിരുനബി (സ) യെ പുകഴ്ത്തിക്കൊണ്ടുള്ള ഗാനങ്ങഠം (നഅത്ത്) ദിനേന കേഠംക്കുവാൻ സാധിച്ചു. പാട്ടുപാടുവാനുള്ള ശബ്ദമധുരിയോ, മറെറന്തെങ്കിലും ഗുണമോ ഇല്ലാത്ത ചില വൃദ്ധന്മാർ ഗാനാലാപം ചെയ്യുവാൻ നിർബ്ബന്ധം പിടിക്കുന്നത് കാണുമ്പോഠം അവരുടെ സ്പിരിട്ടിനെ മാത്രം മാനിച്ച് അവരെ പാടുവാനനുവദിക്കുകയും അവർക്ക്. ലഭിക്കുന്ന സംതൃപ്തിയിൽ സന്തോഷിക്കുകയും ചെയ്യുന്നതും സാധാരണമായിരുന്നു. തമിഴിലും പഞ്ചാബിയിലും ഭക്തിഗാനങ്ങളുണ്ടായിരുന്നു. ഒരു മലയാളി ഒരു നല്ല കെസ്സ്. ഭംഗിയായി അവതരിപ്പിച്ചു: ഇബ്രാഹിംനബി (അ) മകനെ ബലികഴിക്കുവാൻ ഒരുങ്ങുന്ന കഥയായിരുന്നു ഇതിവൃത്തം. ഇങ്ങിനെ പ്രസംഗവും പ്രഭാഷണവും പാട്ടും സംസാരവുമെല്ലാം മക്കായിലേക്കും മദീനായിലേക്കും എല്ലാവരുടെയും ശ്രദ്ധയെ തിരിച്ചുവിടുകയാണ്. ഭയഭക്തിയും ഹൃദയംഗമമായ സ്നേഹവും ഭക്തിനിർഭരമായ ആകാംക്ഷയായി മാറിക്കഴിഞ്ഞു. മുസഫ്ഫരിക്ക് സ്പീഡ്പോരാ എന്നു എല്ലാവർക്കും തോന്നിതുടങ്ങി.

## സ്ത്രീകഠം

കപ്പലിൽ ഹജ്ജിന്നു പോകുന്ന ധാരാളം സ്ത്രീകളുണ്ടായിരുന്നു. മലയാളികളും തമിഴ് നാട്ടുകാരുമായി പത്തമ്പതോളം സ്ത്രീകളെ ഒഴിച്ചു നിർത്തിയാൽ ബാക്കിയുള്ളവരെല്ലാം ഉദ്ദു സംസാരിക്കുന്നവരോ ഉദ്ദു മനസ്സിലാകുന്നവരോ ആയിരുന്നു. സ്ത്രീ വിഭാഗത്തിന്ന് പ്രത്യേകം ക്ലാസ്സുകഠം വേണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടു. ഉദ്ദുവിൽ അവർക്കായി ക്ലാസുകഠം സംഘടിക്കുകയും ചെയ്തു. തമിഴർ പുരുഷന്മാരോടൊപ്പം പ്രത്യേകമായി ഇരുന്നു പഠിക്കുകയാണ് ചെയ്തത്. മലയാളി

സ്ത്രീകൾ അധികം പേരില്ലാത്തതുകൊണ്ടു അവർക്ക് പ്രത്യേകം ക്ലാസു കൾ വേണ്ടിവന്നില്ല. ഹിന്ദുസ്ഥാനി വനിതകളുടെ ക്ലാസുകൾ നാലഞ്ചു ദിവസം നടക്കുകയുണ്ടായി. അവയെല്ലാം സജീവമായിരുന്നു. ഉറദു വിൽ ധാരാളം ഇസ്ലാമിക സാഹിത്യം ഉള്ളതുകൊണ്ട് വിദ്യാഭ്യാസവും ദീനിബോധവും ഉള്ള ഹിന്ദുസ്ഥാനി സ്ത്രീകൾക്കു താരതമ്യേന മതപരി ജ്ഞാനം കൂടുതലാണ്. ഒരു ദിവസം പഠനം കഴിഞ്ഞശേഷം ഈ സഹോദരികളെല്ലാം ചേർന്നു നബി (സ) കരീമിന്റെ 'മദ്ഹ്'കളുള്ള അറബി ബൈത്തുകളും ഉർദുഗാനങ്ങളും പാടുകയുണ്ടായി. "യാനബീ സലാം അലൈക്ക; യാ റസൂൽ സലാം അലൈക്ക...." എന്നിങ്ങനെ ഭംഗിയായി ചൊല്ലുന്നതു കേട്ടു. ഉറദു അറിഞ്ഞുകൂടാത്ത എന്റെ ഭാര്യയും വേറെ മാപ്പിള സഹോദരികളും ചെന്നു സമൂഹഗാനത്തിൽ പങ്കുചേർന്നു. 'മൌലൂദ്' ഓതി ശീലമുള്ള ഇവർക്ക് ഈ ബൈത്ത് സുപരിചിതമാ ണല്ലോ. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും പല ജാതി സ്ത്രീകൾ-വൃദ്ധ കളും യുവതികളും-യുവതികളുടെ നേതൃത്വത്തിൽ തങ്ങളുടെ പ്രിയങ്കര നായ നബി (സ) തിരുമേനിക്കു ഇമ്പമേറിയ രീതിയിൽ സലാം ചൊല്ലു മ്പോൾ എന്തെന്നില്ലാത്ത കോരിത്തരിപ്പ് അനുഭവപ്പെട്ടതായി അവർ (ഭാര്യ) പിന്നീട് പറയുകയുണ്ടായി. അതു തികച്ചും സത്യമായിരുന്നു. ഈ മഹിളാ മണികളുടെ ഭക്തിനിർഭരമായ, മധുരമനോഹരമായ സലാം നമ്മുടെ ചിന്തയെ 1392 വർഷം പിന്നോട്ടു വലിച്ചിഴക്കുകയാണ്. ഹിജറാ പാലായനത്തിൽ തിരുമേനി (സ) മദീനയിൽ പ്രവേശിച്ചപ്പോൾ അവിടത്തെ പെൺകിടാങ്ങൾ 'യാനബീ സലാം അലൈക്കും' എന്നും 'ത്വലഅൽ ബദറു അലൈനാ' എന്നും മററും പാടി സ്വീകരിച്ച ചരിത്രം കൺമുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ഞാനറിയാതെ കണ്ണുകൾ നിറഞ്ഞു. കണ്ണീരുററി വീണു. ചിന്തയെ നിയന്ത്രിക്കുവാൻ പ്രയാസം തോന്നി. സ്ത്രീ സമൂഹത്തിന്റെ ശരിയായ സ്വാതന്ത്ര്യവും സമത്വവും പ്രഖ്യാപി ക്കുകയും സമൂഹത്തിൽ ഒരു കച്ചവടച്ചരക്കായിട്ടല്ല, നേരെ മറിച്ച് മാന മായ ഒരു ഗൃഹനായികയുടെ സ്ഥാനം കൽപിച്ചുകൊടുക്കുകയും ചെയ്ത ആ പുണ്യപൂമാനെയല്ലാതെ ആരെയാണ് സലാം ചൊല്ലി സ്വീകരിക്കേ ണ്ടത്. ആ ഹിജറയും ആ സ്വീകരണവും അവിടത്തെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. അവിടെനിന്നു തുടങ്ങി, രണ്ടു കൊല്ലങ്ങൾ ക്കുശേഷം ബദ്റിൽ അരക്കിട്ടുറപ്പിച്ചുകൊണ്ടു് ഇസ്ലാമിന്റെ ജൈത്രയാത്ര തുടർന്നുപോന്നു. ഇസ്ലാമിക ഭരണത്തിന്റെ ആരംഭമായിരുന്നു ഹിജറ. ആ ഭരണത്തിന്റെ നിലാവായിരുന്നു അന്നു ഉദിച്ചത്. അവിടങ്ങളിലേക്കു തന്നെയാണല്ലോ നാം യാത്രതിരിച്ചിരിക്കുന്നത്.

അങ്ങിനെ പല ഭാഷകൾ സംസാരിക്കുന്നവരും പല ജാതി വസ്ത്ര ങ്ങൾ ധരിക്കുന്നവരുമായ പുരുഷന്മാരും സ്ത്രീകളുമടങ്ങിയ ഒരു കൊച്ചു കുടുംബം അറബിക്കടലിൽ കൂടി ഹറംശരീഫിനെ ലക്ഷ്യമാക്കി നീങ്ങുക

യാണ്. തലശ്ശേരിയിൽനിന്നു പുറപ്പെട്ടപ്പോൾ ആരംഭിച്ച 'ഈലാഫുൽ ഖുലൂബിന്റെ' അനുഭവം അനുസ്യൂതം തുടർന്നു പോകുകയാണ്. യോജിക്കപ്പെടുന്ന ഹൃദയങ്ങളുടെ എണ്ണം കൂടിക്കൂടി വരുന്നു. ലക്ഷ്യത്തിലും മാർഗ്ഗത്തിലും ഐകമത്യം പ്രകടമാകുന്ന സമൂഹത്തിന്റെ വൃത്തത്തിന്നു വ്യാപ്തി ഏറിയേറി വരുന്നു. ഏകദൈവത്തിന്റെ കീഴിൽ അവന്റെ ആജ്ഞകളെ അനുസരിച്ച്, അവന്റെ തൃപ്തിയെമാത്രം ലക്ഷ്യമാക്കി മനുഷ്യസമുദായത്തെ ഒരു കുടുംബമായി കരുതി സേവനങ്ങളർപ്പിക്കുവാൻ തയ്യാറെടുത്തിട്ടുള്ള ഒരു സമൂഹം! അതിൽ പങ്കുചേരുവാൻ ഭാഗ്യം സിദ്ധിച്ചത് എന്തൊരനുഗ്രഹം!

'തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാവ് പകലുകളുടെ മാററങ്ങളിലും അറിവുള്ളവർക്കു ദൃഷ്ടാന്തങ്ങളുണ്ട്. '(വി. ഖു)'

കപ്പൽയാത്രയിൽ ഇതെല്ലാം ആഴത്തിൽ ചിന്തിക്കുവാൻ അവസരം നൽകുന്നു. രാപ്പകൽ മാറിവരികയാണ്. വാച്ച് ദിനേന തിരിച്ചുവെച്ചു സമയം ഒപ്പിക്കുകയാണ്. കപ്പലിന്റെ ഗതിയനുസരിച്ചു ഖിബ്‌ല കണ്ടുപിടിക്കേണ്ടിവരുന്നു. ഈ കപ്പൽതന്നെയെന്ത്? അതിൽ എന്തെല്ലാം റഹ്മത്തുകൾ അല്ലാഹു കല്പിച്ചുവെച്ചിരിക്കുന്നു. 'രക്ഷിതാവേ, നീ ഇതെല്ലാം വ്യർത്ഥമായി സൃഷ്ടിച്ചതല്ല! നീ ഞങ്ങളെ നരകയാതനയിൽനിന്നു് രക്ഷിക്കേണമേ!' (വി. ഖു) ചിന്തിക്കുകയും പഠിക്കുകയും ചെയ്യുവാനാഗ്രഹിക്കുന്നവർക്കു കപ്പലിലും സൗകര്യമുണ്ട്. മുസഫ്ഫരിയിൽ ഒരു ലൈബ്രറിയുണ്ട്. ഇംഗ്ലീഷിലും ഉറുദു വിലുമുള്ള ഇസ്ലാമിക സാഹിത്യവും അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു, പഴയതാണെങ്കിലും കുറെ നല്ല പുസ്തകങ്ങൾ അതിൽ ഉണ്ട്. അടുത്ത കാലത്ത് വെളിയിൽ വന്നിട്ടുള്ള നല്ലനല്ല പുസ്തകങ്ങൾകൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

# കപ്പലിലെ മാപ്പിളമാർ

സദുപദേശ പ്രഭാഷണങ്ങളും സ്റ്റഡിക്ലാസുകളും മിക്കവാറും ഉറുദുവിലാണെന്നു് പറഞ്ഞുവല്ലോ. കപ്പലിൽ ഏകദേശം 170 മലയാളികളുണ്ടായിരുന്നുവെങ്കിലും അവരിൽ ഉറുദു അറിയുന്നവർ അംഗുലീപരിമിതമായിരുന്നു. പണ്ഡിതനും മുമ്പ് ഹജ്ജ് ചെയ്തു പരിചയം സിദ്ധിച്ചിരുന്ന ആളുമായ ഒരു തബ്‌ലീഗ് നേതാവ് തമിഴിൽ നല്ലനല്ല ക്ലാസുകൾ സംഘടിപ്പിച്ചു. ഉറുദുക്ലാസുകൾ എന്നപോലെ ഈ തമിഴ് ക്ലാസുകളിലും ഞാൻ പങ്കെടുക്കാറുണ്ടായിരുന്നു. തമിഴ് ക്ലാസുകളിൽ തമിഴ് നാട്ടുകാ

രായ സഹോദരികളോടൊപ്പം എന്റെ ഭാര്യയും പങ്കെടുത്തു. ഹജ്ജിന്റെ മസ്അലകളും, ഹജ്ജ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളുമാണ് ഈ ക്ലാസുകളിൽ ചർച്ചചെയ്തത്. വായനക്കാർ അവരവർക്കു സ്വീകാര്യമായ മസ്അലകൾ പഠിക്കുന്നതു നന്നായിരിക്കുമെന്നു കരുതി അതൊന്നും ഇവിടെ ഉദ്ധരിക്കുന്നില്ല.

ഇങ്ങിനെ ക്ലാസുകളെടുക്കാൻ കഴിവുള്ള ആരുംതന്നെ മലയാളികളുടെ ഇടയിലുണ്ടായിരുന്നില്ല. എന്നാലും മലയാളികൾ എല്ലാവരും ഒന്നോരണ്ടോ പ്രാവശ്യം ഒരിടത്തു സമ്മേളിച്ചു അന്യോന്യം പരിചയപ്പെടുകയും, അവരുടെ ഇടയിലുള്ള പണ്ഡിതന്മാർ സംസാരിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു ഖാദിമുൽഹജ്ജ് (അമീറുൽ ഹജ്ജിനെ സഹായിക്കുന്ന വളണ്ടിയർ) കോയാമുസാഹിബും മററു ചിലരും അഭിപ്രായപ്പെട്ടതനുസരിച്ചു ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. രണ്ടു മതപണ്ഡിതന്മാരും ഈ വിനീതനും സംസാരിച്ചു. എല്ലാവരും ചേർന്നു 'തല അൽബദറു' എന്ന ബൈത്ത് ചൊല്ലിപ്പിരിഞ്ഞു.

## ഉർദു

കപ്പലിൽ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള തീർത്ഥാടകർ ഉണ്ടായിരുന്നുവെന്നും, ഭൂരിപക്ഷം ആളുകളും ഉറദു അറിയുന്നവരാണെന്നും പറഞ്ഞുവല്ലോ. ആന്ധ്ര, ഗുജറാത്ത്, ബങ്കാൾ മുതലായ പ്രദേശങ്ങളിൽനിന്നു വരുന്നവരിൽ മാതൃഭാഷ ഉറദു അല്ലാത്തവർക്കും പൊതുവെ ഉറദു മനസ്സിലാകുന്നു. ഉറദു തീരെ മനസ്സിലാകാത്തവർ തമിഴ് നാട്ടുകാരിൽ ഒരു വലിയ ഭാഗവും മലയാളികളും മാത്രമാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഉറദു അറിയാതെയിരിക്കുന്നതു് ഒരു പോരായ്മയാണ്. ഉറദു അറിയാതെ വരുമ്പോൾ ഇന്ത്യൻ മുസ്ലിംകളുടെ പൊതുവായ കൂട്ടങ്ങളിൽ നാം ഒററപ്പെട്ടു പോകുന്നു. നമുക്ക് ഉറദു അറിവില്ലാത്തതുകൊണ്ടു നാം മുസൽമാന്മാരാണോ എന്നു പോലും സംശയിക്കുന്ന ചില ജാഹിലുകൾ ഉണ്ട്! മുസംഫരിയിൽതന്നെ മലയാളികൾ ജംആക്കി നമസ്കരിക്കുന്നതിനാൽ അസർ നമസ്കാരത്തിൽ ജമാഅത്തിൽ ചേരാത്തതുകൊണ്ടും, ഉറദു മനസ്സിലാകാത്തതു കാരണം ജൽസകളിൽ ചെല്ലാത്തതുകൊണ്ടും അവർ കൃത്യമായി നമസ്കരിക്കുകയും, മതപഠനത്തിൽ ശ്രദ്ധിക്കുകയും ചെയ്യാതെ വെറുതെ ഉലാത്തുകയാണെന്നുപോലും ചിലർ പരാതിപ്പെടുകയുണ്ടായി. സംഗതിയുടെ യാഥാർത്ഥ്യം അവരെ പറഞ്ഞു മനസ്സിലാക്കിയപ്പോഴാണ് തെററിദ്ധാരണ നീങ്ങിയതു്. നമുക്കു ഉറദു പഠിക്കുക വളരെ എളുപ്പമാണ്. മലയാളവും അല്പം അറബിയും നമുക്കറിയാം. രാഷ്ട്രഭാഷയെന്ന നിലയിൽ ഹിന്ദിയും നമുക്കു പഠിക്കേണ്ടതായുണ്ട്. അറബി ലിപിയിൽ എഴുതുന്ന ഹിന്ദിയാണ്. ഹിന്ദിയേക്കാൾ ലളിത

മാണ്. ഉറദു. ഉറദു പഠിക്കുന്നതിന്റെ ഗുണം യാത്രാവേളകളിൽ അതു പ്രയോജനപ്പെടുമെന്നതു മാത്രമല്ല ഇന്ത്യൻ മുസൽമാന് ഇസ്ലാമിനെ പഠിച്ചറിയുവാൻ പററിയ ഇസ്ലാമിക സാഹിത്യം ധാരാളം ഉള്ളതു ഉറദുവിലാണ്. നമ്മുടേതായ പ്രത്യേക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഇസ്ലാമിക ഗ്രന്ഥങ്ങൾ അറബിയിൽപോലും ഇല്ലെന്നു പറയാം. കാരണം നമ്മുടെ പ്രശ്നങ്ങൾ അറബികൾ അനുഭവിച്ചറിയുന്നില്ല. അവിടങ്ങളിലുള്ള ഇസ്ലാമേതര മതങ്ങൾ ക്രിസ്തുമതം, ജൂതമതം, നിരീശ്വരവാദം എന്നിവ മാത്രമാണ്; അവിടെയുള്ള ഇസങ്ങൾ മാർക്സിസം, സോഷ്യലിസം മുതലായവയും. നമുക്കു ഇതെല്ലാമുണ്ട്; പുറമെ, ബുദ്ധമതം, ജൈനമതം, ഹിന്ദുമതം മുതലായവയും, അവയിലെ അതിശക്തമായ തത്വശാസ്ത്രങ്ങളും നമുക്കു നേരിടേണ്ടതുണ്ട്. അദ്വൈത സിദ്ധാന്തം, പുനർജന്മ സിദ്ധാന്തം, ചാതുർവ്വർണ്ണ്യം മുതലായവ നമ്മുടെ നേരെയുള്ള ശക്തിയേറിയ വെല്ലുവിളികളാണ്. മതസംസ്കാരങ്ങളുടെ സഹവർത്തിത്വം, ശരീഅത്തു നിയമങ്ങളുടെ സംരക്ഷണം എന്നിവ നമുക്കു പ്രത്യേകമായുള്ള ചില പ്രശ്നങ്ങളാണ്. ഈ വിഷയങ്ങളിൽ നമ്മുടെ സമീപനം എങ്ങിനെയായിരിക്കേണമെന്നു് ചിന്തിക്കേണ്ടതുണ്ടു്. ഇതിന്നു് സഹായകമാകുന്ന മൂലഗ്രന്ഥങ്ങൾ ഉറദുവിലാണ് സുലഭം. അറബിനാടുകളിലെ മുസ്ലിംകൾക്കില്ലാത്ത മറെറാരു വലിയ പ്രശ്നം നമ്മുടെ കടുത്ത ദാരിദ്ര്യമാണ്. നമുക്കു സാമ്പത്തിക ഭദ്രതനേടുവാനുള്ള മാർഗ്ഗങ്ങൾ നാം തന്നെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതാണ്. അതുകൊണ്ടു അറബിയെ കഴിച്ചാൽ ഒരിസ്ലാമിക ഭാഷയായി ഉറദുവെ നമുക്കു ഗണിക്കാവുന്നതാണ്. നാം ഉറദു പഠിക്കേണ്ട ആവശ്യകതയെപ്പററി കപ്പലിലെ സ്നേഹിതന്മാരെല്ലാം ഊന്നി സംസാരിക്കുകയുണ്ടായി. എളുപ്പം ചെയ്യാവുന്നതും, വളരെ ഗുണമുള്ളതുമായ ഒരു കാര്യമത്രെ അതു്.

## ഭക്ഷണം

നമുക്കു യാത്രയിലാവശ്യമായ മറെറാരു കാര്യം പലതരം ഭക്ഷണങ്ങളുമായി ഇണങ്ങിച്ചേരുകയെന്നതാണ്. പുഴുങ്ങലരിയും, നുറുക്കരിക്കഞ്ഞിയും, മീൻകറിയും എല്ലായിടത്തും കിട്ടണമെന്നു് ശഠിച്ചാൽ യാത്ര പ്രയാസമാകും. കഞ്ഞിയും ഉപ്പുനാരങ്ങയും പ്രയോജനമേറിയ ഒരു ഭക്ഷണമാണെന്നതിൽ സംശയമില്ല. പക്ഷെ ഗോതമ്പുമാവിന്റെ ബ്രഡ്ഡു്, ചപ്പാത്തി, തന്തൂരിറൊട്ടി മുതലായവ ലോകത്തിന്റെ എല്ലാ ഭാഗത്തും കിട്ടുന്ന വിലകുറഞ്ഞ ഭക്ഷ്യസാധനങ്ങളാണ്. ഇറച്ചിയോ, മുട്ടയോ, പച്ചക്കറികളോ, പരിപ്പോ ചേർത്തു അവ ഭക്ഷിക്കുന്നതു പഠിച്ചാൽ വലിയ സൗകര്യമായിരിക്കും. ഇന്ത്യൻ കരവിട്ടുകഴിഞ്ഞാൽ വെററില കിട്ടുവാൻ പ്രയാസമാണെന്നും കിട്ടുമെങ്കിൽതന്നെ പൊൻവിലയാണതി

ന്നെന്നും നാമോർക്കണം. മക്കായിലും മദീനായിലും കപ്പലിൽതന്നെയും ഒരു വെററിലക്കു 50 പൈസയോളം കൊടുക്കേണ്ടിവരും. അങ്ങിനെ വാങ്ങി പൊന്നുപോലെ സൂക്ഷിച്ചു രണ്ടുംമൂന്നും ദിവസങ്ങൾ മുറുക്കി സംതൃപ്തിയടയുന്നതു കാണുന്നതു കൌതുകകരംതന്നെ. എന്റെ ഭാര്യയുടെ അനുഭവമാണ് ഞാൻ പറയുന്നതു്.

## വെള്ളം

മററൊരു സംഗതി നമുക്കു ധാരാളം വെള്ളം വേണമെന്നതാണ്. മാപ്പിളമാരെപോലെ ധാരാളം വെള്ളം ഉപയോഗിക്കുന്നവർ ലോകത്തെവിടെയും വേറെയില്ലയെന്നു ഉറപ്പിച്ചു പറയാം. നൂററിരുപതും ഇരുനൂറും ഇഞ്ച് (300-500 സെ മീ.) മഴ പെയ്യുന്ന നമ്മുടെ നാട്ടിൽ എപ്പോഴും എവിടെയും എത്രവേണമെങ്കിലും വെള്ളം കിട്ടും. ഈ സൌകര്യം ഉപയോഗിച്ചു മററു കേരളീയരെപ്പോലെ നാം ദിനേന കുളിക്കുകയും വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കിവെക്കുകയും ചെയ്യുന്നു. ഇസ്ലാമിക വിധികളനുസരിച്ചുള്ള ശുചീകരണ മുറകളും സ്വീകരിക്കുന്നു. അല്പം വസ്വാസും കൂടിയായാൽ പിന്നെ പറയേണ്ടതില്ല. വെള്ളം അല്ലാഹുവിന്റെ റഹ്മത്താണ്. അതു മുറപ്രകാരം ഉപയോഗിച്ചു വൃത്തിയായി നടക്കുന്നതു ആവശ്യവും നല്ലതും തന്നെ. പക്ഷെ അമിതമായി പോകരുത്. കപ്പലിലും മററുമെന്നപ്പോലെ നല്ല വെള്ളം കിട്ടുവാൻ പ്രയാസമുള്ളപ്പോൾ ആ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടു പോകുവാനും നാം പഠിക്കണം. അല്ലാത്തപക്ഷം അസഹ്യമായ മന:പ്രയാസം നേരിടേണ്ടിവരും. മലയാളികളല്ലാത്തവർ കുറഞ്ഞ അളവിൽ വെള്ളം ഉപയോഗിച്ചു എന്തെല്ലാം ചെയ്യുന്നുവെന്നു കാണുമ്പോൾ നമ്മുടെ സ്നേഹിതന്മാർ അമ്പരന്നു പോകും. ഒരു മുരുടവെള്ളംകൊണ്ടു അവർ പല്ലുതേച്ചു മുഖം കഴുകുകയും വുസുവെടുക്കുകയും ചെയ്തു കഴിഞ്ഞ ശേഷവും അല്പം വെള്ളം ബാക്കി കാണും.

## സ്ത്രീകൾ

നമ്മുടെ സ്ത്രീകൾ ഹിന്ദുസ്ഥാനി സ്ത്രീകളെ അപേക്ഷിച്ചു ഉശാറു കുറഞ്ഞവരാണെന്നു പറയാതെ നിവൃത്തിയില്ല. അവരിൽ മിക്കവർക്കും എല്ലാ കാര്യത്തിന്നും മററാരാളുടെ സഹായം വേണ്ടിവരുന്നതായി കാണാം. ഭാഷാപരമായ അസൗകര്യമാണ് ഇതിന്നു കാരണം. നമ്മളുടെ സ്ത്രീകൾ ശാഫിഈകളും മററുള്ളവരധികവും ഹനഫികളുമായതുകൊണ്ടു നമസ്കാരത്തിലും മററുമുള്ള അല്പസ്വല്പ വ്യത്യാസങ്ങളും ഈ വേറിട്ടുനിൽപിന്നു് കാരണമാകുന്നു. എന്നാലും മററുള്ളവരുമായി കൂടിപ്പഴകുന്നതിലും അന്യാശ്രയം കൂടാതെ സ്വന്തകാര്യങ്ങൾ നോക്കുന്ന

തിലും മടികാണിക്കാത്തവരും നമ്മുടെ ഇടയിലുണ്ട്. കൂട്ടത്തിൽ ചെന്നു പെട്ടവനാണ് പ്രയാസം. കൂടികഴിഞ്ഞാൽ അവർ നല്ലപോലെ ശോഭിക്കും.

# ഏഡൻ_യലംലം_ജിദ്ദ

യാത്ര തുടർന്നു കൊണ്ടിരിക്കുന്നു. 10_ാംനു- രാവിലെ ഏഡൻ തുറമുഖത്ത് എത്തുമെന്നു കേപ്ടൻ ഞങ്ങളെ അറിയിച്ചു. അഞ്ചാറ് ദിവസങ്ങൾക്കുശേഷം ഞങ്ങൾ കരകാണുവാൻ പോകുകയാണ്. എല്ലാവരും കൗതുകപൂർവ്വം പ്രതീക്ഷിക്കുകയായി. സാധാരണ നിലയിൽ ഒട്ടും കാര്യമായി കരുതാത്ത 'കര' പെട്ടെന്നു വളരെ ആകർഷകമായ ഒരു വസ്തുവായി. അതാ, കര കണ്ടുതുടങ്ങി. എല്ലാവരും ഡെക്കിൽവന്നു, കരകാണുന്ന ഭാഗത്തേക്കുനീങ്ങി. കപ്പൽ ചരിഞ്ഞുപോകുമോ? ഏതായാലും എല്ലാവരും ഒരു ഭാഗത്തേക്കു പോകരുത്. ഉച്ചഭാഷിണിയിൽ കൂടി കേപ്ററൻ നിർദ്ദേശിച്ചു. ചിലർ മറെറ സൈഡിലേക്കു മാറി. ഏഡൻ തുറമുഖത്ത് എത്തി. കരയോടടുത്തു__പക്ഷെ കരതൊടാതെ__ കപ്പൽ നംകൂരമിട്ടു. ഇവിടെ ഒന്നുരണ്ടു മണിക്കൂർ താമസമുണ്ട്. വെള്ളവും എണ്ണയും മററും എടുക്കുവാൻ. കപ്പലിലെ ചില ഉദ്യോഗസ്ഥന്മാരും, ചുരുക്കം ചില ഹാജിമാരും തോണിയിൽകയറി കരയിലേക്കുപോയി. വ്യാപാരികൾ കപ്പലിനു ചുററുംവന്നടുത്തു. ചെറിയ തോണികളിൽ വാച്ച്, ചെരിപ്പ്, അത്തർ, ടെയ്പ്പ്റിക്കാർഡർ, പരവതാനി മുതലായ സാധനങ്ങൾ വില്പനക്കെത്തിയിരിക്കുകയാണ്. ഒരു ഫ്രീ പോർട്ടായതു കൊണ്ടു് വില സഹായമുണ്ട്. എല്ലാവരുടെയും ശ്രദ്ധ ഇതിലേക്കു തിരിയുന്നു. ചിലർ വല്ലതുമൊക്കെ വാങ്ങുന്നു. മററുള്ളവർ നോക്കിനിൽക്കുന്നു. സാമാനങ്ങൾ വാങ്ങുന്നതു സൂക്ഷിച്ചിട്ടുവേണം. വിദേശനാണയം പരിമിതമാണല്ലൊ. ഏതായാലും ഇന്നലെവരെ പഠനത്തിലും പ്രാർത്ഥനയിലും മുഴകിക്കഴിഞ്ഞവരിൽ വല്ലമാററവും വന്നിരിക്കുകയാണോ?

കൗതുകവസ്തുക്കളെക്കുറിച്ചു കാണുന്ന ഈ കുതുകലം നോക്കിനിന്ന ഒരു മതഭക്തൻ ആശ്ചര്യപൂർവ്വം 'നമ്മുടെ അല്ലാ_വല്ലാ എവിടെപോയി?' എന്നു ചോദിക്കുകയാണ്. അതൊന്നും എവിടെയും പോയിട്ടില്ല. ഏതു പുതുമയും അല്ലാഹുവിൻെറ മഹത്വത്തിൻെറ ഒരടയാളമാണ്. അതു പുച്ഛിച്ചുതള്ളേണ്ട കാര്യമില്ല. അതെല്ലാം കാണുന്നതും അതിൻെറ നല്ലവശങ്ങളെപ്പററി പഠിക്കുന്നതും അല്ലാഹു ഇഷ്ടപ്പെടുന്ന രീതിയിൽ അത് ആസ്വദിക്കുന്നതും നല്ലതാണ്. ഇവിടെ അത്രയേ ഉണ്ടായിട്ടുള്ളു. മക്കത്തും മദീനത്തും ഉപയോഗിക്കുവാൻ ചെരിപ്പുകളും പരവതാനി (മുസല്ല) കളും

സ്വദേശത്തേക്ക മടങ്ങുമ്പോൾ ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും നൽകുവാൻ ചില കൗതുകവസ്തുക്കളും വാങ്ങുന്നതിൽ പന്തികേടൊന്നുമില്ല. ഏഡൻവിട്ട കപ്പൽ ചെങ്കടലിലേക്ക നീങ്ങുകയാണ്, രണ്ട ദിവസം കൊണ്ട് ജിദ്ദയിലെത്തും. അതിനു മുമ്പുതന്നെ ഞങ്ങൾക്കുള്ള മീഖാത്തായ (ഇഹ്റാം കെട്ടേണ്ട സ്ഥലം) "യലംലം' കടക്കും. കപ്പൽയാത്രയുടെ അന്ത്യവും, ഹജ്ജിനുമുമ്പുള്ള "ഉംറ"യുടെ ആരംഭവും! എല്ലാവരുടെയും ശ്രദ്ധ ഇതിലേക്കുതിരിഞ്ഞു.

## ഉംറ

ഒന്നാമത് നിർവ്വഹിക്കേണ്ട അമൽ ഉംറയാണല്ലൊ. അതിനെ പററിയുള്ള വിശദമായ പഠനമാണ് ഇപ്പോൾ. ക്ലാസ്സുകൾ നടക്കുന്നുണ്ട്. പലരും ചെറിയ ചെറിയ ഗ്രൂപ്പുകളായി ഇരുന്നു പഠിക്കുകയും പഠിപ്പിക്കുകയുമാണ്. പുതിയ സംശയങ്ങൾ ഉന്നയിക്കപ്പെടുന്നു. ഉത്തരം ലഭിക്കുന്നു. ഇഹ്റാം കെട്ടിയാൽ വെററില മുറക്കാമോ, പുകവലി പാടുണ്ടോ, ഹാഫ് ഷൂ ധരിക്കാമോ? യലംലം കടക്കുന്നത് മഗ്‌രിബ് അടുത്തായിരിക്കും. ഇഹ്റാം കെട്ടുമ്പോൾ സുന്നത്തുനമസ്കാരം വേണ്ടേ? അസറിനുശേഷം സുന്നത്ത് നല്ലതാണോ? സംശയത്തിനു ഇടനൽകരുത്. ഏതായാലെല്ലാവരും അസർ നമസ്കരിക്കുന്നതിനുമുമ്പുതന്നെ ഇഹ്റാമിനുള്ള തയ്യാറെടുപ്പായി. എല്ലാവരും കുളിച്ചു വൃത്തിയായി പുതു വസ്ത്രങ്ങൾ ധരിക്കുന്നു. മക്കനെയെപ്പററി വലിയ നിർബ്ബന്ധമില്ലാതിരുന്ന സ്ത്രീകളെല്ലാം ഇപ്പോൾ ബുർഖയോ, മക്കനയോടുകൂടിയുള്ള മറവ വേഷവിധാനങ്ങളോ സ്വീകരിച്ചു. പുരുഷന്മാർ മുഴുവനും ഒരു മുണ്ടു ഉടുത്തു, മറെറാരു മുണ്ടു പുതച്ചും ഒരേ തരത്തിലുള്ള വസ്ത്രധാരണം സ്വീകരിച്ചവരായി. പെട്ടെന്നുണ്ടായ ഈ മാററം ചിന്താർഹവും, അർത്ഥഗർഭവുമായിരുന്നു. ശെർവാനിയും ചൂരിദാറും ട്രൗസറും മുണ്ടും വലിച്ചുകെട്ടിയ വേഷ്ടിയും പലവിധം തലപ്പാവുകളും തൊപ്പികളും പമ്പകടന്നു. എല്ലാവരും ഒരു വേഷം, എല്ലാവരും ഏകോദര സഹോദരന്മാർ, സഹോദരികൾ. എല്ലാവരുടെയും ലക്ഷ്യമൊന്നു, മാർഗ്ഗമൊന്നു; പരമലക്ഷ്യവും ഒന്നുതന്നെ. പരിശുദ്ധ കഅബായിൽ കാണുവാനിരിക്കുന്ന സർവ്വലോക സാഹോദര്യത്തിൻെറ നാന്ദി! ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്!

## ജിദ്ദയിൽ

13-ാംനു- രാവിലെ ഞങ്ങൾ ജിദ്ദയിലെത്തി. വാർഫ് അടുക്കുകയാണ്. ഇന്ത്യൻ ദേശീയ നിറങ്ങളുള്ള ബേഡ്ജുകൾ ധരിച്ച ചിലർ അതാ നിൽക്കുന്നു. എനിക്കും, കൂടെയുള്ള സയ്യിദ് അബ്ദുല്ലാബാഫഖി

തങ്ങൾ, കെ. എം. കാദർകുട്ടിസാഹിബ് എന്നിവർക്കും പരിചയമുള്ള ചില മുഖങ്ങൾ കാണുന്നു. അവർ ആംഗ്യം കാണിക്കുകയാണ്. അമ്പാസിഡർ ടി. ടി. പി. അബ്ദുല്ലസാഹിബിന്റെയും, സയ്യിദ് അബ്ദുർറഹിമാൻ ബാഫഖിതങ്ങളുടെയും പ്രതിനിധികൾ ഞങ്ങളെ സഹായിക്കുവാൻ ജിദ്ദാതുറമുഖത്ത് വന്നിരിക്കുകയാണ്. എന്റെ മകന്റെ (ഡോ: അബൂബക്കർഹാജി) കൂടെ 1970ലെ ഹജ്ജ് മെഡിക്കൽ മിഷ്യനിലെ ഒരു ഡോക്ടരായിചേർന്നു, പിന്നീട് എമ്പസിയിലെ ചീഫ് മെഡിക്കൽ ആഫീസരും വൈസ്കോൺസലും ആയിത്തീർന്ന ഡോ: ഖാൻസാഹിബ്, എന്റെ കൂടെ കേരള പി. ഡബ്ല്യു. ഡി. യിൽ ജോലി ചെയ്തിട്ടുള്ള അഹമദ്കണ്ണ് സാഹിബിന്റെ മകൻ അബ്ദുർറഹീം, ഹജ്ജ് കാര്യങ്ങൾ ശ്രദ്ധിക്കുന്ന മി: അബ്ദുസ്സമദ്, ഒരു നല്ല അറബി പണ്ഡിതനായ മി: നയനാർ എന്നിവരായിരുന്നു എമ്പസി ഉദ്യോഗസ്ഥന്മാർ. ബാഫഖിതങ്ങളുടെ അളിയൻ സയ്യിദ് ആമീൻതങ്ങളും സ്നേഹിതന്മാരുമുണ്ടായിരുന്നു. ഇവരുടെയെല്ലാം സഹായസഹകരണങ്ങൾ ഞങ്ങൾ ഹജ്ജ്കഴിഞ്ഞു മടങ്ങുമ്പോളും പലപ്പോഴും ഞങ്ങൾക്കു ലഭിച്ചിരുന്നു. ഞങ്ങളുടെ സാമാനങ്ങൾ തട്ടാതെ പൊളിയാതെ കസ്റ്റംസിൽ നിന്നു കടത്തികിട്ടി. ലഹരി സാധനങ്ങളെക്കാൾ അപകടകാരികളായ ഗ്രന്ഥങ്ങളും കച്ചവടത്തിനുവേണ്ടി കൊണ്ടുവരുന്ന സാധനങ്ങളുമാണ് കസ്റ്റംസുകാർ പ്രത്യേകം പരിശോധിക്കുന്നതു്. മക്കത്തുനിന്നുതന്നെ വിൽക്കുന്ന വിശുദ്ധ ഖുർആൻ ഗ്രന്ഥങ്ങൾ വെളിയിലേക്കു കടത്തി, അതിലെ ചില ഭാഗങ്ങൾ തിരുത്തി വീണ്ടും മക്കയിലേക്കു കടത്തുവാൻപോലും ആഗോള സിയോണിസ്റ്റ് സംഘടനയും മററുചില സംഘടനകളും ശ്രമിക്കുന്നതായി ആഫീസർമാർ പറഞ്ഞുതന്നു. നമ്മുടെ നാട്ടിൽതന്നെ ശത്രുക്കൾ രചിച്ചു പ്രസിദ്ധീകരിക്കുന്ന ഖുർആൻ വ്യാഖ്യാനങ്ങൾ ധാരാളം പ്രചാരത്തിലുണ്ടല്ലോ. സിയോണിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളും മററും, എന്നുവേണ്ട മുസ്ലിംകളുടെ ഇടയിൽതന്നെയുള്ള ചില വിഭാഗങ്ങളും ഒളിഞ്ഞും തെളിഞ്ഞും ഇസ്ലാമികാദർശങ്ങൾക്കും ശരീഅത്തിനും എതിരെ തൊടുത്തുവിടുന്ന ആക്രമണങ്ങൾ ബഹുമുഖങ്ങളത്രെ. അതുകൊണ്ടു് അവക്കെതിരെയുള്ള നമ്മുടെ പ്രതിരോധ പരിശ്രമങ്ങളും ശക്തിയേറിയതും വൈവിദ്ധ്യമുള്ളതുമായിരിക്കണം.

## കേരളീയ ഭക്ഷണം

ഞങ്ങളുടെ മതവ്വിഫ് സയ്യിദ് ഹുസൈൻഹിബ്ശിയും സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖിതങ്ങളും ഹിബ്ശിയുടെ വക്കീലിന്റെ ആപ്പീസിൽ ഉണ്ടായിരുന്നു. തങ്ങളുടെ അമ്മായിയും അളിയന്മാരും വേറെ ബന്ധുക്കളും ജിദ്ദയിലുണ്ട്. അവരുടെ വീട്ടിലും അമ്പാസിഡ

രുടെ വീട്ടിലും ഉച്ചഭക്ഷണം തയ്യാറാക്കി വെച്ചിരുന്നു. അബ്ദുള്ള ബാഫഖിതങ്ങളും കാദർകുട്ടി സാഹിബും തങ്ങളുടെ ബന്ധുക്കളുടെ വീട്ടിലേക്കും ബാഫഖിതങ്ങളും ഞാനും ഭാര്യയും അമ്പാസിഡരുടെ വീട്ടിലേക്കും പോയി. എമ്പസി ബംഗ്ലാവിൽ ഒരൊന്നാംതരം കേരളീയ ഭക്ഷണം കിട്ടി. അഞ്ചു പത്തു ദിവസങ്ങൾക്കുശേഷം ഇങ്ങിനെ ഒരു ചോറു കിട്ടുന്നതു സന്തോഷകരംതന്നെ. ടി. ടി. പി. യുമായി നാട്ടുകാര്യങ്ങളും ഹജ്ജുകാര്യങ്ങളും മററും സംസാരിച്ചു. ഇതിനിടയിൽ പാസ്പോർട്ടും വിസയും സംബന്ധമായ പേപ്പറുകളും എക്സ്ചേഞ്ചും മററും തയാറാക്കിക്കഴിഞ്ഞിരുന്നു. ഞങ്ങൾ ഹിബ്ഷിയുടെ കൂടെ മക്കായിലേക്കു മടങ്ങി. ഞങ്ങളെ സ്വീകരിക്കുകയും, ഞങ്ങളുടെ സുഖസുഖസൗകര്യങ്ങളെപ്പററി അന്വേഷിച്ചു ഉറപ്പുവരുത്തുകയും ചെയ്യുവാനാണ് ബാഫഖിതങ്ങൾ ജിദ്ദയിൽ വന്നത്. ഇത്തരം സംഗതികളിൽ തങ്ങളുടെ ഭാരിച്ച മററ ഉത്തരവാദിത്വങ്ങളും ആരോഗ്യാവസ്ഥയുമൊന്നും തങ്ങൾ ഓർക്കാറില്ല. ഞങ്ങൾ അർഹിക്കുന്നതിൽ കവിഞ്ഞ സ്നേഹവും സഹായസഹകരണങ്ങളും വലിയ ആളുകളിൽനിന്നു ലഭിക്കുമ്പോൾ സത്യമായും വിഷമം തോന്നി. അവർക്കുവേണ്ടി അല്ലാഹുവോടു പ്രാർത്ഥിക്കുകയല്ലാതെ നമുക്കു മറെറാന്നും ചെയ്യുവാൻ സാദ്ധ്യമല്ലല്ലോ.

അല്പനേരം ജിദ്ദാപട്ടണം ചുററിക്കണ്ടു. ഒരു സ്പെഷ്യൽ ടാക്സിയിൽ മക്കാശരീഫിലേക്കു യാത്ര തിരിച്ചു. ഷെവർലെ കാറിന്നു നല്ല സ്പീഡായിരുന്നു. പക്ഷെ ഡ്രൈവരുടെ സ്പീഡ് വളരെ കുറവും. അതുകൊണ്ടു് പലേടത്തും സകാരണമായും അകാരണമായും തങ്ങിയും അറച്ചറച്ചും ഓടുകയായി. ജിദ്ദയിൽനിന്നു മക്കായിലേക്കു 40 മൈലാണ്—64 കി.മീ). ഞങ്ങളുടെ കൂടെ ആമീൻ തങ്ങളുമുണ്ടായിരുന്നു. മഗ്‌രിബ് നമസ്കരിച്ചശേഷമാണ് ജിദ്ദ വിട്ടത്. പകൽവെളിച്ചമില്ലെങ്കിലും ഭൂപ്രകൃതി മനസ്സിലാകുവാൻ പ്രയാസമുണ്ടായിരുന്നില്ല. ഒന്നാംതരം റോഡിന്റെ രണ്ടു ഭാഗത്തും മിക്കവാറും മരുഭൂമിതന്നെ. അങ്ങിങ്ങായി മൊട്ടക്കുന്നുകൾ നിൽക്കുന്നതു കാണാം. വൃക്ഷലതാദികളോ അരുവികളോ ഒന്നുംതന്നെയില്ല; മൈലുകൾ വിട്ടു ജനവാസമുള്ള ചെറിയ ഗ്രാമങ്ങൾ—ഓയസിസ്—കാണാം. വഴിയിൽ പലേടത്തും പാസ്പോർട്ടുകൾ പരിശോധിക്കുന്നുണ്ടായിരുന്നു.

ഞങ്ങൾ മക്കാശരീഫോടു് അടുത്തുവരികയാണ്. പ്രതീക്ഷകൾ ഹൃദയത്തിൽ ഉയർന്നുവരുന്നു. ചരിത്രപ്രസിദ്ധമായ ഹുദൈബിയ്യാ കടന്നു. ചിന്ത നബി (സ) ചരിത്രത്തിലേക്ക് വലിച്ചിഴക്കപ്പെട്ടു. പക്ഷെ അധികം താമസിച്ചില്ല, മക്കാപരിസരത്തെത്തി. ദീപാലങ്കാരങ്ങളാൽ മിന്നിശോഭിക്കുന്ന ഉയരമുള്ള മീനാരത്തുകൾ കൺമുമ്പിൽപെട്ടു. ഹറംശരീഫ്, കഅബാശരീഫ്! വർഷങ്ങളായി ആശിച്ചുകൊണ്ടിരുന്ന സന്ദർശനം കരഗതമായിരിക്കുന്നു. ഞങ്ങൾ മക്കാശരീഫിൽ പ്രവേശി

ച്ചിരിക്കയാണ്. കഅബവും സംസമും സഫാമർവായുമെല്ലാം ഇതാ കൺമുമ്പിലിരിക്കുന്നു. ഹൃദയം പിടച്ചുകൊണ്ടിരിക്കുകയാണ് കണ്ണുകളിൽ അശ്രുക്കൾ നിറയുന്നു. സന്തോഷവും സംതൃപ്തിയും പറഞ്ഞറിയിക്കുവാൻ നാവിനു് ശക്തിയില്ല. എഴുതി അറിയിക്കുവാൻ എന്തായാലും സാദ്ധ്യമല്ല. ആനന്ദവും സംതൃപ്തിയും അല്ലാഹുവിൻെറ പേരിലുള്ള അപാരമായ കൃതജ്ഞതയും നിറഞ്ഞകണ്ണുകൾ മസ്ജിദുൽഹറാമിനെ തന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്. അരനൂററാണ്ടുകാലം മുഹമ്മദു നബി (സ) യെപ്പററിയും അവിടുത്തെ സന്ദേശത്തെപ്പററിയും ഞാൻ എന്തെല്ലാം പഠിച്ചിട്ടുണ്ടോ, അതെല്ലാം എൻെറ ചിന്തയേയും പ്രവൃത്തിയേയും ജീവിതത്തെത്തന്നെയും എങ്ങിനെയെല്ലാം സ്വാധീനിച്ചിട്ടുണ്ടോ അതിൻെറയെല്ലാം ആകത്തുക, ജീവനെക്കാൾ വിലമതിക്കുന്ന ആദർശസമുച്ചയം, സംസ്കാരവിശേഷം—ഇതെല്ലാം ഇരുതുരെ ഹൃദയത്തിൽകൂടി കടന്നുവരികയാണ്. അൽഹാദുലില്ലാഹി വല്ലാഹു അക്ബർ.

# മക്കാശരീഫിലെ ആദ്യരാവു്

ഞങ്ങൾ നേരെ താമസസ്ഥലത്തേക്കു ചെന്നു. ബഹു: ബാഫഖി തങ്ങൾ ഹറംശരീഫിന്നു തൊട്ടടുത്തു നേരത്തെതന്നെ താമസമുറപ്പിച്ച സ്ഥലമാണ്. തങ്ങളുടെ സഹോദരിമാർ ഉത്താൻകോയഹാജിയുടെ കുടുംബം തങ്ങളുടെകൂടെ റംസാനുമുമ്പ് എത്തിയ സി. എം. അഹമ്മദ് സാഹിബും (ബിസ്തിമുഹല്ല) കാസിം സാഹിബും (തിരുവനന്തപുരം), എ കെ. കാദർകുട്ടിസാഹിബിൻെറ സഹോദരി, ഭക്ഷണം പാചകം ചെയ്യുന്നതിന്നു കാദർഹാജി—ഇവരും അവിടെ താമസമായി. അന്നു ഞങ്ങൾ നാലുപേർകൂടി ചെന്നപ്പോൾ ആകെ 9 പുരുഷന്മാരും 7 സ്ത്രീകളുമായി. സ്ത്രീകൾ ഒരു മുറിയിലും, പുരുഷന്മാർ രണ്ടു മുറികളിലുമായി സ്ഥലം പിടിച്ചു. ഓരോ ആളിനും ശരാശരി രണ്ടു കിടക്ക വിരിക്കാനുള്ള സ്ഥലം കാണും. മുറിയിലുള്ള ജീവിതം ഏതാണ്ടു മുഴുവനും നിലത്തുവിരിച്ച കിടക്കയിൽ തന്നെയാണ്—ഇരുന്നു വായിക്കുന്നതും എഴുതുന്നതും ഭക്ഷണം കഴിക്കുന്നതും വിരുന്നുകാരെ സ്വീകരിക്കുന്നതും കിടന്നുറങ്ങുന്നതുമെല്ലാം. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം കുളിമുറികളും കക്കൂസുകളും ഉണ്ടായിരുന്നു. കാദറാജിക്കു ഒരു കുസ്നിമുറിയും. കുസ്നിയിൽ ഗേസടുപ്പുകൾ ഉപയോഗിച്ചു ഭക്ഷണം പാകം ചെയ്യുന്നു. സ്ത്രീകളുടെ മുറിയിൽ ചെറിയ സ്റ്റൗവ്വിന്മേൽ ചായയും പലഹാരങ്ങളും തയ്യാറാകുന്നു.

## സൌകര്യം

ഇതെല്ലാം കൂടിയാകുമ്പോൾ താമസത്തിനുവേണ്ടുന്ന അത്യാവശ്യ സൌകര്യങ്ങളും ഹറംശരീഫിലെ ഇബാദത്തുകൾ കൃത്യമായി നിർവഹിക്കുവാൻ വേണ്ടുന്ന എല്ലാ സൌകര്യങ്ങളും ലഭ്യമായി. നല്ലനിലയിൽ നടക്കുന്ന നാലും അഞ്ചും സ്റ്റാറുകളുള്ള ഒന്നാംതരം ഹോട്ടലുകളിൽ കിടക്കയ്ക്കു ദിനേന നൂറും ഇരുനൂറുംറുപാ വാടകവരും. ഇത്തരം ഹോട്ടലുകളിൽ മുറികളെടുക്കുന്നതു കഴിച്ചാൽ, ഞങ്ങൾക്കു കിട്ടിയതു വളരെ സൗകര്യമുള്ള ഒരിടമാണ്. പലരും ഇതിന്റെ പകുതിയെം, അതിലും കുറഞ്ഞതോ ആയ സൗകര്യങ്ങൾകൊണ്ടു തൃപ്തിപ്പെടുന്നു

മക്ക, മദീന, മീന മുതലായ സ്ഥലങ്ങളിൽ ഹജ്ജ് സമയത്ത് താമസസൗകര്യത്തിനു് കൊടുക്കേണ്ടിവരുന്ന ഭീമമായ വാടകയും, പൂർവ്വേഷ്യൻ രാജ്യങ്ങളിൽനിന്നു ചെല്ലുന്ന തീർത്ഥാടകർക്കുള്ള വിദേശനാണയത്തിന്റെ പരിമിതിയുമാണ് ഇതിനു കാരണം. ഒരേ ലക്ഷ്യത്തെ മുൻനിർത്തി ചുരുങ്ങിയ സമയത്തേക്ക് മാത്രമായിവന്നു ഏതാണ്ടു ഒരേ രീതിയിൽ ജീവിതം നയിക്കുന്ന ഹാജിമാർക്ക് ഇതൊരു പ്രയാസമായിതോന്നിയില്ല.

## നമസ്കാരസമയം

ഇശാബാങ്ക് കഴിഞ്ഞ് മക്കാസമയം ഏതാണ്ട് 3 മണിക്കാണ് ഞങ്ങൾ മക്കയിൽ എത്തുന്നത്. നമ്മുടെ നാട്ടിൽ ഗുറൂബ് (സൂര്യാസ്തമനം) 6 മണിയെന്നു് വെക്കുന്നതുപോലെ, മക്കസമയം ഗുറൂബ് 12 മണിയാണ്. മക്കത്ത് സൂര്യനസ്തമിക്കുമ്പോൾ ഘടികാരം 12 മണിക്കു ഒപ്പിച്ചുവെക്കുന്നു അതനുസരിച്ച്, സുമാറ് $1\frac{1}{2}$ മണിക്കു ഇശാ, $11\frac{1}{2}$ മണിക്ക് സുബ്ഹി, $6\frac{1}{2}$ മണിക്ക് സുഹ്ർ, $9\frac{1}{2}$ മണിക്ക് അസർ-ഇങ്ങിനെപോകുന്നു നമസ്കാര സമയങ്ങൾ. മക്കത്ത് സൂര്യനുദിക്കുന്നതും അസ്തമിക്കുന്നതും നമ്മുടെ നാട്ടിൽ ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്ത ശേഷം സുമാറ് $2\frac{1}{2}$ മണിക്കൂർ കഴിഞ്ഞിട്ടാണ്. ഇന്ത്യൻ സ്റ്റാൻേറർഡ് ടൈമിൽനിന്നു് 3 മണിക്കൂർ പിന്തിച്ചതാണ് ജിദ്ദാ സ്റ്റാൻേറർഡ്ടൈം അതനുസരിച്ച സ്റ്റാണ്ടേർഡ് സമയവും സഊദി അറേബ്യയിൽ അവലംബിക്കപ്പെടുന്നുണ്ട്. ഏതായ ലും മക്കായിൽ എല്ലാവരും സ്വീകരിക്കുന്നത് മക്കാസമയം (ഗുറൂബ്)തന്നെയാണ്. അവിടെ 3 മണിക്ക് എത്തിയെന്നു പറഞ്ഞുവല്ലോ_ഇവിടെ രാത്രി 9 മണിയെന്നു പറയുംപോലെ. ഞങ്ങളെല്ലാം ഇഹ്റാമിലായിരുന്നു. കഞ്ഞി-അതായത് ബ്രഡ്ഡും കറിയും ഉൾപ്പെടെയുള്ള രാത്രി ഭക്ഷണം-കഴിച്ചു, കിടക്കകൾ നിവർത്തി, പെട്ടികളും മററും കേമ്പ് നേതാവായ തങ്ങളുടെ നിർദ്ദേശമനുസരിച്ച്

അതാതിൻെറ സ്ഥാനങ്ങളിൽ ഒതുക്കിവെച്ച്, വുസുവെട്ടത്ത് നേരെ ഹറമിലേക്ക് തിരിച്ചു.

## മസ്ജിദുൽഹറാമിൽ

മുതവ്വിഫ് നിയോഗിച്ച ഒരു വഴികാട്ടിയുടെകൂടെ ഞങ്ങൾ നാലു പേർ സയ്യിദ്അബ്ദുല്ലാബാഫഖി, കാദർകുട്ടിസാഹിബ്, ലേഖകൻ, ഭാര്യ 'ബാബുസ്സലാം' വഴി മസ്ജിദുൽഹറാമിൽ പ്രവേശിച്ചു. ആശ്ചര്യവും ആനന്ദവും ഭയവും ഭക്തിയും സർവ്വോപരി അല്ലാഹുവിന് സ്തോത്രവും ഹൃദയത്തിൻെറ ഉള്ളിൻെറ ഉള്ളിൽനിന്നു പൊങ്ങുന്ന നന്ദിയും ഹൃദയങ്ങളെ കോരിത്തരിപ്പിക്കുകയാണ്. ഭാര്യയുടെ വികാരം സ്പഷ്ടമായിത്തന്നെ അതിലപ്പുറം ഇളകിക്കഴിഞ്ഞിരിക്കുന്നു. നാവിലും ഹൃദയത്തിലും പ്രാർത്ഥനകൾ മാത്രമേ ഉള്ളൂ. 'അല്ലാഹുവേ ഈ പരിശുദ്ധ ഭവനത്തിന് മേന്മയും ബഹുമതിയും ആദരവും ഗൌരവവും ഏററിയേററി കൊടുക്കേണമെ!' അല്ലാഹുവെ, നീയാണ് ശാന്തി. നിൻെറ പക്കൽ നിന്നു മാത്രമാണ് ശാന്തി. രക്ഷിതാവെ, പരിപൂർണ്ണമായ ശാന്തിയിൽ ജീവനുള്ളവരായി നീ ഞങ്ങളെ ആക്കേണമേ! അല്ലാഹുവിൻെറ നാമത്തിൽ! അല്ലാഹുവിന് സകലസ്തുതിയും! മഹത്തായ കാരുണ്യവും ശാന്തിയും അല്ലാഹുവിൻെറ റസൂലിൽ ഉണ്ടാകട്ടെ! അല്ലാഹുവെ, എൻെറ കുററങ്ങൾ പൊറുത്തു തരേണമെ; നിന്റെ അളവററ കാരുണ്യത്തിൻെറ വാതിൽ എനിക്കു തുറന്നുതരികയും ചെയ്യേണമെ'

## സംതൃപ്തി

ഹൃദയത്തിനുള്ളിൽ കിടന്നുപിടക്കുന്ന വികാരങ്ങളെ അടക്കിനിർത്തണം. വഴികാട്ടിയുടെ പിന്നാലെ ശ്രദ്ധവെച്ചു നടക്കണം, ഒരുമിച്ചുള്ള ഭാര്യയെ ശ്രദ്ധിക്കണം. കാദർകുട്ടിസാഹിബ് ചെറുപ്രായവും, നല്ല ആരോഗ്യവും, നീണ്ട കാലുകളുംഉള്ള ആളാണ്. വേഗം നടക്കുവാൻ അദ്ദേഹത്തിന് സാധിക്കും. മത്സരിച്ചിട്ടാണെങ്കിൽ വൃദ്ധനും കുള്ളനുമായ ഞാനും വേഗത്തിൽനടന്ന് അദ്ദേഹത്തോടൊപ്പം എത്തും. പക്ഷെ ഇവിടെ മത്സരമില്ലല്ലൊ. അങ്ങിനെ എല്ലാവരും മിതമായ സ്പീഡിൽ കഅബാ ശരീഫിനെ അഭിമുഖീകരിച്ചുനടന്നു വൈദ്യുതദീപങ്ങളാൽ പൂനിലാവുപോലെ വെളിച്ചംപകർന്നു പ്രശോഭിതമായിരുന്ന പള്ളിയുടെ ഉള്ളിൽ ഞാൻ ഒന്നുകണ്ണോടിച്ചു. മസ്ജിദുൽഹറാമിനെപ്പററി വായിച്ചും കേട്ടും പഠിച്ചിട്ടുള്ള എനിക്ക് മകൻ (ഡോ: അബൂബക്കർഹാജി) ചിത്രം വെച്ചു മനസ്സിലാക്കിത്തന്നിട്ടുള്ള സംഗതികൾ കൺമുമ്പിൽ കണ്ടപ്പോൾ, പള്ളികൾക്കു രൂപരേഖകൾ നൽകുന്നതിൽ സ്പെഷ്യലൈസ്ചെയ്തു വളർ

നുവന്ന എൻെറ സൌന്ദര്യബോധം എന്നെ ആകാശത്തിലേക്കു ഉയർത്തുന്നതായി തോന്നി. എത്ര വിശാലം, എന്തുമാത്രം മനോഹരം, എന്തു ഗാംഭീര്യം! അല്ലാഹുവിൻെറ ഈ മഹോത്തരമായ ഭവനം എനിക്കവകാശപ്പെട്ടതല്ലേ, എൻെറ സമുദായത്തിൻെറതല്ലേ, ഏകദൈവത്തെ പ്രാർത്ഥിക്കുന്ന എല്ലാ നല്ല മനുഷ്യരുടേതുമല്ലേ? അങ്ങിനെ ഞങ്ങളെല്ലാം ഒരേക സമുദായമല്ലേ? ഞാൻ അഭിമാനം കൊള്ളുകയാണ്, അല്ലാഹുവിന്നു തലകുനിക്കുകയാണ്. രക്ഷിതാവെ, നീ ഇതു വ്യർത്ഥമായി നിർമ്മിച്ചതല്ല.’ അതാ, കഅബാശരീഫ് കൺകുളിർക്കെ കൺമുമ്പിൽ പട്ടുകില്ലയാൽ മൂടപ്പെട്ടു ശാന്തഗംഭീരമായി ഉയർന്നുനിൽക്കുന്നു! അതാ നാലുഭാഗവും ഭംഗിയേറിയ മിനാറത്തുകൾ ആകാശത്തിലേക്കു ഉയർന്നുചെല്ലുന്നു. സംസം, സഫാ-മർവാ എല്ലാം ദൂരെയല്ലാതെ കിടക്കുന്നു. സമയം വൈകിയെങ്കിലും ധാരാളം ആളുകൾ-പുരുഷന്മാരും സ്ത്രീകളും, കറുത്തവരും വെളുത്തവരും ഇഹ്റാമുടുത്തവരും അല്ലാത്തവരും-ചുററംകൂടി നമസ്കാരത്തിലും ത്വവാഫിലും പഠനത്തിലും മററുമായി ഏർപ്പെട്ടിരിക്കുന്നു. എല്ലാവരും വൃത്തിയായി കാണപ്പെടുന്നു. പരിസരങ്ങളെല്ലാം വൃത്തിയായിവെച്ചിരിക്കുന്നു. എവിടെ നോക്കിയാലും ഉത്സാഹം ഉന്മേഷം സംതൃപ്തി! അല്ലാഹുവിന്നു ആയിരമായിരം സ്തോത്രം!

# മഹത്തായനേട്ടം കൈവന്ന സംതൃപ്തി

നേരെ കഅബാശരീഫിൽ ‘ഹജറുൽ അസ്വദ്’ പതിച്ചിട്ടുള്ള മൂലയിലേക്കു നടന്നുചെന്നു. അനേകായിരം ആളുകൾ ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നുണ്ടായിരുന്നു. ഹജറിനടുത്തു ചെല്ലുവാൻ പ്രയാസംതന്നെ. ദൂരെനിന്നു ആഗ്യംകാട്ടി ‘ബിസ്മില്ലാഹി’ അല്ലാഹു അക്ബർ—അല്ലാഹുവിൻെറ പേരിൽ, അല്ലാഹു അത്യുന്നതനത്രെ!’ എന്നു ചൊല്ലിക്കൊണ്ട് ത്വവാഫ് ആരംഭിച്ചു. ഇഹ്റാംപുതപ്പ് ഇടത്തെ തോളിന്മേൽ താങ്ങിനിർത്തി വലത്തെ തൊക്കിൻെറ കീഴിലായി വലത്തെതോൾ തുറന്നനിലയിൽ കെട്ടിവെച്ചിരിക്കുകയാണ്. വഴികാട്ടിയുടെ കൂടെ, അദ്ദേഹം ഉച്ചത്തിൽ ഓതുന്ന ദിക്റും സലാത്തും പ്രാർത്ഥനകളും ആവർത്തിച്ചുകൊണ്ട്, കഅബയെ ഇടത്തുഭാഗത്താക്കി ഏഴു പ്രാവശ്യം പ്രദക്ഷിണംചെയ്തു. ആൾതിരക്കുള്ളതുകൊണ്ടു കഅബയിൽനിന്നു അൽപ്പം ദൂരെയായിട്ടാണ് ചുററുന്നത്. ഓരോ ത്വവാഫിലും സാധിക്കുന്നേടത്ത് കഅബയോട് അടുത്തുവരും. തൊട്ടുനിന്നു പ്രാർത്ഥിക്കും, ഖില്ലപിടിച്ചു പ്രാർത്ഥിക്കും. അൽപ്പനേരംമാത്രം. അപ്പോഴത്തേക്കു വഴികാട്ടിയുടെ തിരക്കായി. വീണ്ടും നടക്കും. ഹജറുൽ അസ്വദ് എത്തുന്നതിന്നു മുമ്പത്തെ റുക്നുൽയമാനി’ കൈകൊണ്ടു തടവും. സാധിച്ചില്ലെങ്കിൽ ആഗ്യം കാണിക്കും. പിന്നെ

ഹജ്റുൽഅസ്വദ്വരെ പ്രാർത്ഥനയാണ്. 'റബ്ബനാ-ആതിനാ-ഫി ദ്ദുൻയാ-ഹസനത്തൻ - വഫിൽആഖിറത്തി-ഹസനത്തൻ വഖിനാ-അ ദാബന്നാർ-വദ്ഖിനൽ - ജന്നത്ത-മഅൽഅബ്രാർ- യാഅസീസ്-യാഗ ഫാർ-യാജലീൽ-യാജബ്ബാർ; ഞങ്ങളുടെ രക്ഷിതാവേ, ഈ ലോകത്തു ഞങ്ങൾക്കു നല്ലതിനെ തരേണമേ, പരലോകത്തും നല്ലതിനെ തരേണമേ, നരകശിക്ഷയിൽനിന്നു ഞങ്ങളെ കാത്തുരക്ഷിക്കേണമേ, സജ്ജനങ്ങളുടെ കൂടെ ഞങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ, ഏററവും പ്രതാപ ശാലിയും പൊറുത്തുകൊടുക്കുന്നവനുമായ രക്ഷിതാവേ, മഹാനും സർവ്വാ ധിപതിയുമായ അല്ലാഹുവെ!' പ്രാർത്ഥനതന്നെ, മനസ്സറിഞ്ഞുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രാർത്ഥന ഇഹത്തിൽ നല്ലതു തരേണമേ, നല്ല ആരോഗ്യം, നല്ല പഠിപ്പ്, നല്ല സ്വഭാവം, നല്ല കുടുംബബന്ധങ്ങൾ, നല്ല സ്നേഹബന്ധങ്ങൾ, സദായ ത്തിന്നു അഭിവൃദ്ധി, നാട്ടിന്നു നന്മ, സമാധാനം, സംതൃപ്തി. പുരോഗ മനം! പരലോകത്ത് നല്ലതു തരേണമേ. ചെയ്തുപോയ പാപങ്ങൾക്കു മാപ്പ്. പാപകർമ്മങ്ങളെതൊട്ടുള്ള കാവൽ, മരണാനന്തര ജീവിതത്തിൽ സകലമാന വിജയവും! റബ്ബിനോട് പ്രാർത്ഥന. ആരാണ് റബ്ബ്! ആ റബ്ബും ഈ കഅബയും തമ്മിലുള്ള ബന്ധമെന്ത്? ആരാണു ഞാൻ? എൻെറ കഴിഞ്ഞകാലം എന്തായിരുന്നു. അതിൽ റബ്ബിനെപ്പററി സൂക്ഷി ച്ചിരുന്നുവോ? എവിടെയൊക്കെയാണ് തെററുപററിയതു്. പോരായ്മ ഉണ്ടായത്? രക്ഷിതാവെ, മാപ്പുതരിക! കഅബയെ ചുററിനടക്കുകയാ ണ്. വിചാരവികാരങ്ങൾ ഹൃദയാന്തരത്തിൽ അലയടിക്കുന്നു. തൗബ, ദൃഢപൂതമായ തീരുമാനങ്ങൾ ഇതെല്ലാമറിഞ്ഞുറിഞ്ഞു കോളുകൾ സൃഷ്ടിക്കുന്നു. വീണ്ടും വീണ്ടും വന്നെത്തുന്നു റുക്നുൽയമാനിയുടെ നേരെ. വീണ്ടും കൂട്ടായ പ്രാർത്ഥന 'റബ്ബനാ ആതിനാ ഹസനത്തൻ! ആ ശബ്ദം ഇന്നും ഹൃദയത്തിൽ അലയടിക്കുകയാണ്. ആ പ്രാർത്ഥന കർണ്ണപുടങ്ങളിൽ ശ്രവിച്ചുകൊണ്ടേയിരിക്കുന്നു. അതൊരിക്കലെങ്കിലും മറക്കുവാനിടവരുന്നില്ല ഭാര്യയുടെയും അനുഭവം അതുതന്നെ

## ആൾത്തിരക്ക്

പാതിരാവായെങ്കിലും ആൾത്തിരക്കു തുടരുകയാണ്. ഹജറുൽ അസ്വദിനെ ചുംബിക്കുവാൻ സാധിക്കുന്നില്ല. വഴികാട്ടിയുടെയും പോ ലീസിൻെറയും സഹായത്തോടുകൂടി ഭാര്യക്ക് അടുത്തുചെന്ന് ഹജറിനെ തൊടാനും ചുംബിക്കുവാനും സാധിച്ചു. പക്ഷെ അവർ അങ്ങേ അററം വികാരഭരിതയായിരുന്നു. ഹജറുൽ അസ്വദ് ചുംബിച്ചത് അവർക്കു ഓർമ്മപോലും ഇല്ല. അതെന്താണെന്നു ഒരു രൂപവുമില്ല. പിന്നീടൊ രവസരത്തിൽ ബോധപൂർവ്വം ഹജറ് തൊടുകയും ചുംബിക്കുകയും മററു

ചെയ്തപ്പോഴാണ് എല്ലാം മനസ്സിലായതും സംതൃപ്തി ലഭിച്ചതും. കാദർ കുട്ടിസാഹിബ് അൽപ്പം കൈയ്യൂക്കും യുക്തിയും പ്രയോഗിച്ച് ഹജറി നെ ചുംബിച്ചു. തങ്ങളും ഞാനും അതിനുള്ള ശ്രമം നീട്ടിവെക്കുന്നതാണ് വിവേകമെന്നു നിശ്ചയിക്കുകയും ചെയ്തു. ചുംബിച്ചാലും ഇല്ലെങ്കിലും ആ ചരിത്ര പ്രധാനമായ പുണ്യമേറിയ ശില കാണുമ്പോഴുണ്ടാകുന്ന വികാര ങ്ങളെല്ലാം പറഞ്ഞറിയിക്കുക പ്രയാസമാണ്. തവാഫ് കഴിഞ്ഞു ഇബ്രാ ഹിം മഖാമിൽനിന്നു് രണ്ടു റക്അത്ത് സുന്നത്തു നമസ്ക്കാരം നിർവ്വ ഹിച്ചു. ഇബ്രാഹിം മഖാം! നാലായിരം വർഷങ്ങൾക്കുമുമ്പ് ഖലീലു ല്ലാഹി ഇബ്രാഹിം നബി (അ) നിന്ന സ്ഥലം! ഹജറ ഇസ്മാഈൽ! ഇസ്മാഈൽ നബി (അ) യുടെ പാദസ്പർശനം ഏററ സ്ഥലം! മുഹമ്മദ് നബി (സ) നമസ്കരിച്ച ഇടം! മലക്ക് ജിബ്രീൽ (അ) നബിതിരുമേനി (സ) ക്കു നമസ്കാരം പഠിപ്പിച്ചുകൊടുത്ത ഇടം! ഇങ്ങിനെ പലതും വഴി കാട്ടി പറഞ്ഞുതന്നു. ഇസ്ലാം ചരിത്രത്തിന്റെ ആദ്യകാലം കൺമുമ്പിൽ കൂടി ഓർമ്മയിൽ വരികയാണ്. ഹൃദയം കോരിത്തരിക്കുന്നു. രോമാഞ്ചം അനുഭവമാകുന്നു.

## സംസം

അടുത്തപടി 'സംസം' ആയിരുന്നു. കഅബയിൽനിന്നു അധികം ദൂരെയല്ലാതെ സ്ഥിതിചെയ്യുന്ന ഈ ഭൂഗർഭ നീരുറവിലേക്കു ഇറങ്ങിച്ചെ ല്ലുന്നതിനു് പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പടികൾ നിർമ്മി ച്ചിട്ടുണ്ട്. താഴെയിറങ്ങിച്ചെന്നു് സംസം കുടിക്കുകയും, ആ വെള്ളം കൊണ്ടു കൈകാലുകളും മുഖവും കഴുകുകയും ചെയ്തു. രാവിലെ ജിദ്ദയിൽ കപ്പലിറങ്ങിയതു മുതൽ സ്വസ്ഥതയില്ലാതെ ഓരോ കാര്യങ്ങൾ ചെയ്തു കൊണ്ടു ക്ഷീണിച്ചിരുന്ന ഞങ്ങൾക്കു നല്ല സുഖം അനുഭവപ്പെട്ടു പുണ്യ തീർത്ഥമെന്ന മാനസികമായ സുഖം അതിലപ്പുറം സംതൃപ്തി നൽകി.

ഇതു കഴിഞ്ഞിട്ടാണ് സഫാ-മർവായുടെ ഇടയിലുള്ള 'സഅ്യ്' സംസം കിണററിൽനിന്നു അൽപ്പം ദൂരെയായി മസ്ജിദുൽ ഹറാമിനു തൊട്ടു, അതിന്റെ തന്നെ ഒരു ഭാഗമെന്നു കരുതാവുന്ന രീതിയിൽ സ്ഥി തിചെയ്യുന്നു ഈ സഅ്യിനുള്ള വിശാലമായ ഹാൾ. നിശ്ചയമായും ക്ഷീണിച്ചിരിക്കുന്നുവെന്നു കരുതി ഭാര്യയോടു ഈ കർമ്മം പിററന്ന ത്തേക്കു നീട്ടിവെക്കട്ടെയെന്നു അന്വേഷിച്ചു. അവർക്കു അത് ആവശ്യ മായി തോന്നിയില്ല. എത്ര വേണമെങ്കിലും നടക്കുവാൻ അവർ തയ്യാറാ യിരുന്നു. ഹൃദയം ഒരുകാര്യം ഇഷ്ടപ്പെട്ടുമ്പോൾ ദേഹം അത് ചെയ്യുവാൻ ഉൽസുകമാവുകതന്നെ ചെയ്യും. സമുദായസേവനത്തിന്നു സമയമില്ലാ യെന്നു പറയുന്നവർക്കു ഞാൻ പലപ്പോഴും ചൂണ്ടിക്കാണിക്കാറുള്ള ഒരു സത്യമാണ് ഇത്. ഏതായാലും ഞങ്ങൾ സഅ്യിനു് തയ്യാറായി.

'തീർച്ചയായും സഫായും മർവായും അല്ലാഹുവിൻെറ മതചിഹ്നങ്ങളിൽ പെട്ടതാകുന്നു'. (വി. ഖു) സഫായിൽനിന്നു കൊണ്ട് 'അല്ലാഹു അക്ബർ-അല്ലാഹു മഹോന്നതൻ!' എന്നു മൂന്നുതവണ വിളിച്ചോതുന്നു. പിന്നീട് തൌഹീദിൻെറ വചനങ്ങൾ ഉരുവിടുന്നു 'അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ല. അവൻ ഏകനാണ്, അവന്നു യാതൊരു കൂറുകാരുമില്ല. രാജത്വം അവൻെറതാണ്, എല്ലാ സ്തുതിയും അവന്നു മാത്രമുള്ളതാണ്, അവൻ ജീവിപ്പിക്കുന്നു, മരിപ്പിക്കുന്നു. അവൻെറ കൈയിൽതന്നെയാണ് നന്മ, അവൻ എല്ലാ കാര്യത്തിന്നും ശക്തിയുള്ളവനാകുന്നു. വീണ്ടും അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ല. അവൻ ഏകനാണ്, അവന്നു യാതൊരു കൂറുകാരുമില്ല, അവൻെറ വാഗ്ദത്തം അവൻ പാലിച്ചു, അവൻെറ അടിമയെ അവൻ സഹായിച്ചു. ശത്രുസംഘങ്ങളെ അവൻ ഒററക്കു തുരത്തി. അല്ലാഹുവല്ലാതെ യാതൊരാധ്യനുമില്ല. കീഴ്വണക്കത്തെ അവന്നുമാത്രം നൽകികൊണ്ട് നാം ഉറച്ചുനിൽക്കുന്നു-അവിശ്വാസികൾ ഇഷ്ടപ്പെട്ടില്ലെങ്കിലും ശരി!' പിന്നീടു നടത്തമായി. സഫായിൽനിന്നു മർവായിലേക്കും, മടങ്ങി സഫായിലേക്കും-അങ്ങിനെ ഏഴുപ്രാവശ്യം. വഴിയിൽ പച്ചനിറത്തിലുള്ള രണ്ടു തൂണുകളുടെ ഇടയിലുള്ള ദൂരം അല്പം വേഗതിയിൽ നടക്കുന്നു. ഈ സ്ഥലത്തുവെച്ചാണ് ബീബിഹാജിറ (റ) വെള്ളംതേടി ഓടിനടന്നത്. അവരുടെ കരളലിയിക്കുന്ന കഥകൾ ഓർമ്മയിൽവരുന്നു; പിന്നീട് അല്ലാഹു സഹായമെത്തിച്ചതും. പ്രാർത്ഥനക്കുള്ള സന്ദർഭമായി. ദിക്റുകളും പ്രാർത്ഥനകളുമായി സഅ്യ് മുഴുവിക്കുന്നു. പിന്നെ മുടിവെട്ടി ഇഹ്റാമിൽനിന്നു തഹല്ലുൽ (ഒഴിവ്) ആയി.

ഞങ്ങളെല്ലാം താമസസ്ഥലത്തേക്കുവന്നു. ഒരു മഹത്തായനേട്ടം കൈവരിച്ച സംതൃപ്തിയോടെ കിടന്നുറങ്ങി.

# മക്കായിലെ ദിനചര്യകൾ

ആദ്യരാവിൽ ഹറംശരീഫിലേക്ക് പോകുന്നതിന്നുമുമ്പ്തന്നെ പിറെറ ദിവസം രാവിലത്തെ പരിപാടിയെപ്പററി ബാഫഖിതങ്ങൾ സൂചന നൽകിയിരുന്നു. മക്കാസമയം പതിനൊന്നരമണിക്കാണ് സുബ്ഹി ജമാഅത്ത്. പത്തരമണിക്ക് ഒരു ബാങ്കുണ്ടാകും. അതിന്നു പള്ളിയിൽ എത്തണം. തഹജ്ജുദും, തവാഫും, സുബ്ഹിയും കഴിഞ്ഞു ഖുർആൻ ഓതുകയും രാവിലെ ഒന്നരമണിക്ക് സുന്നത്തു നമസ്കരിച്ചു വീട്ടിലേക്കു മടങ്ങുകയും ചെയ്യാം. പിന്നീട് പ്രാതലും മററു ദിനചര്യകളും. ഇതുപോലെ എല്ലാ ജമാഅത്തിനും കൃത്യമായി ഹാജരാകണം. സുഹ്റ്കഴിഞ്ഞ് ഉച്ചഭക്ഷണവും, അസർകഴിഞ്ഞ് ചായയും, ഇശാക്ക്ശേഷം കഞ്ഞിയും

ഉണ്ടാകും. ഞങ്ങൾ ആദ്യരാവിൽ തവാഫും സഅ്‌യും കഴിഞ്ഞ് ഇഹ്‌റാമിൽനിന്ന് ഒഴിവായി വീട്ടിലെത്തുമ്പോൾ 7 മണിയായിക്കഴിഞ്ഞിരുന്നു. രണ്ടു രണ്ടരമണിക്കൂർ അല്പം കണ്ണുചിമ്മി ഒമ്പതരമണിക്കുതന്നെ ഉണർന്നു. അതിന് മുമ്പുതന്നെ തങ്ങൾ ഉണർന്നു. ആരെയും ബുദ്ധിമുട്ടിക്കാതെ വുസുവും മററും കഴിഞ്ഞു തയ്യാറായിത്തുടങ്ങുകയായിരുന്നു. കുളിമുറി ഒഴിഞ്ഞ തഞ്ചം നോക്കി ഒരു നല്ല കുളി കഴിച്ചു, സാധാരണ വസ്ത്രങ്ങൾ ധരിച്ചു ഞാനും പള്ളിയിലേക്ക് പുറപ്പെടുവാൻ തയ്യാറായി. സ്ത്രീകളുടെ മുറിയിൽനിന്നു കാപ്പിയും തങ്ങളുടെ പെട്ടികളിൽനിന്ന് ബിസ്കററുകളും ലഭിച്ചു. ഉത്താൻകോയഹാജിയുടെ മകൻെറ പേർ അബ്ദുൽലതീഫ് എന്നാണ്. തങ്ങൾ വടികൊണ്ട് ചങ്ങാതിയുടെ അരികിൽചെന്നു ഠിം....ഠിം....ഠിം എന്നു നിലത്ത് കുത്തി ശബ്ദമുണ്ടാക്കിക്കൊണ്ടു "യാ ലത്തീഫ്, യാ ലത്തീഫ്" എന്നു വിളിച്ചു, എല്ലാവർക്കും ഉണരുവാൻ സൗകര്യം നൽകി, പള്ളിയിലേക്കു പുറപ്പെട്ടു. ഇതെല്ലാം ദിനേന മുടങ്ങാതെ നടക്കുന്ന പരിപാടിയാണ്. തങ്ങൾക്കു ചെരിപ്പ് സൂക്ഷിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ക്ലിപ്തമായ സ്ഥലങ്ങളുണ്ടായിരുന്നു. ഇഞ്ചിനിയർ എ. വി. അഹമ്മദ്കോയഹാജിയുടെ ഉപദേശമനുസരിച്ച് ഞാൻ ചെരിപ്പ് ഒരു തുണിസഞ്ചിയിലാക്കി കൈയിലെടുക്കുകയാണ് ചെയ്തത്. എവിടെ വേണമെങ്കിലും ഇരിക്കുവാനും, ഇഷ്ടാനുസരണം ചുററിത്തിരിയുവാനും ഇത് സഹായകമാണ്. എവിടെയും അധികനേരം അടങ്ങിഒതുങ്ങിയിരിക്കുന്നത് ഇഷ്ടപ്പെടാത്ത ഒരു പ്രകൃതമാണല്ലോ എൻേറത്.

ദിക്റ് ചൊല്ലിക്കൊണ്ട് മണിക്കൂറുകളോളം ഒരേ ഇരുത്തം യാതൊരു പ്രയാസവുംകൂടാതെ ഇരിക്കുവാൻ തങ്ങൾക്ക് സാദ്ധ്യമാണ്. ഞാൻ അതുകണ്ടു അത്ഭുതപ്പെടാറുണ്ട്.

പള്ളിയിൽ പ്രവേശിച്ച ഉടനെ തഹജ്ജുദാണ്. മിക്കവാറും 8 റകഅത്താണ് നമസ്കരിക്കുക. തുടർന്നു 3 റകഅത്ത് വിതറും. അതു കഴിഞ്ഞു സമയമുണ്ടെങ്കിൽ തവാഫ് ചെയ്യുന്നു. സാധിക്കാതെ പോയാൽ സുബ്ഹി കഴിഞ്ഞിട്ടാണ് തവാഫ്. പിന്നീട് ഖുർആൻ പാരായണം. സൂര്യനുദിച്ചു വെളിച്ചം വന്നുകഴിഞ്ഞാൽ ഹറം മസ്ജിദിൻെറ വിവിധ ഭാഗങ്ങൾ ചുററിക്കാണുന്നതും, അന്യനാട്ടുകാരായി വല്ലവരെയും കണ്ടുകിട്ടിയാൽ പരിചയപ്പെട്ട് ആശയവിനിമയം ചെയ്യുന്നതും ഞാൻ വളരെ ഇഷ്ടപെട്ട പരിപാടികളായിരുന്നു. ഈ പ്രഭാതസഞ്ചാരത്തിൽ സിലോൺ, ബർമ്മ, പാക്കിസ്താൻ, ബംഗ്ലാദേശ്, മലേഷ്യം, ആഫ്രിക്കൻ രാജ്യങ്ങൾ, യൂഗോസ്ലാവിയ, തുർക്കി, പേർസ്യ മുതലായ വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ഹാജിമാരുമായി പലതും സംസാരിക്കുവാനും കേട്ടുപഠിക്കുവാനും സാധിച്ചു. പ്രത്യേകിച്ചും ഞങ്ങൾ സംസാരിച്ചതു് മുസ്ലിംങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെപ്പററിയാണ്. മസ്

ജിദ്ദൽഹറാമിൻെറ നിർമ്മാണം, വിപുലീകരണം, അതിലെ ശില്പകല മുതലായ വിശേഷങ്ങൾ കണ്ടുപഠിക്കുകയായിരുന്നു പര്യടനത്തിൻെറ മറെറാരുദ്ദേശം. ഈ വിവരങ്ങൾ നൽകുവാൻ കഴിവുള്ള ഇഞ്ചിനിയർമാരെ എനിക്ക് കിട്ടിയില്ല. പരിചയപ്പെടുത്തിത്തരാൻ അമ്പാസഡർ അബ്ദുല്ലസാഹിബ് ശ്രമിച്ചുവെങ്കിലും സൗകര്യപ്പെട്ടില്ല. അളവുകൾ കൊടുത്ത പ്ലാനുകളും കിട്ടിയില്ല. അമ്പാസഡർ സമ്പാദിച്ചുതന്ന ചില ലഘുലേഖകളിൽനിന്നു കുറെ വിവരങ്ങൾ ലഭിച്ചു. മറെറല്ലാം ഞാൻ തന്നെ ചുററിക്കണ്ടും, കാലടിവെച്ചും മററും അളന്നും മനസ്സിലാക്കുകയാണ് ചെയ്തതു്. തൂണുകൾ എണ്ണിതിട്ടപ്പെടുത്തുന്ന ജോലി ഭാര്യയും ചെയ്തുതന്നു.

## ഭക്ഷണം

രാവിലെ 2 മണിയാകുമ്പോഴേക്ക് താമസസ്ഥലത്തേക്ക് മടങ്ങിയെത്തുന്നു. പിന്നെ എഴുത്ത്, വായന, സന്ദർശനങ്ങൾ, പ്രാതൽ ഇതെല്ലാമാണ്. ഭക്ഷണവിഷയത്തിൽ ഞങ്ങൾ ഒന്നുംതന്നെ ശ്രദ്ധിക്കേണ്ടതില്ല. അതെല്ലാം ബാഹാഖിതങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ എന്തു തിന്നണം, എപ്പോൾ തിന്നണം എന്നെല്ലാം തങ്ങൾ തീരുമാനിക്കും. ഞങ്ങളോടു ചോദിച്ചിട്ടാണ് തീരുമാനിക്കുക. എന്തുതരമാണ് പ്രതീക്ഷിക്കുന്നത് എന്നു വിശദമായ രീതിയിൽ തങ്ങൾ മനസ്സിലാക്കിത്തരും. അതേ ഉത്തരം ലഭിക്കുകയും ചെയ്യും. കോഴിസൂപ്പ് ഏതാണ്ട് സ്ഥിരമായ ഒരിനമാണ്. ആളുകൾ ഏറിയാലും കുറഞ്ഞാലും കോഴിയുടെ എണ്ണം ക്ലിപ്തമാണ്. ഉപ്പും വെള്ളവും മാത്രമെ ഏററക്കുറച്ചിലിനു് വിധേയമാവൂ. ബ്രഡ്ഡ്, പുട്ട്, അലീസ, ചപ്പാത്തി, പൂരി, ഉരുളക്കിഴങ്ങ്, ഈത്തപ്പഴം, ചോറ്, നെയ്ച്ചോർ, ബിരിയാനി, സമോസ, മുട്ടമാല—ഇതൊക്കെയായിരുന്നു വിഭവങ്ങൾ. ഹേനക്കേടോ മററ അസ്വാസ്ഥ്യങ്ങളോവരാതെ, ഇബാദത്തിനു് യാതൊരു മുടക്കവും സംഭവിക്കാതെ എല്ലാവരെയും സംതൃപ്തരാക്കുവാൻ ഈ ഭക്ഷണം വളരെ നല്ലതും പോരുന്നതുമായിരുന്നു സുവറയിൽ മുഖ്യഭുക്ക് അഹമദ്സാഹിബായിരുന്നു. ബോംബെയിലെ ഒരു ഹോട്ടലുടമയായ അദ്ദേഹം അനേകംപേരെ തീററി പരിചയമുള്ള ഒരു സഹൃദയനാണ്. ഉമര നല്ലപോലെ കൈകാര്യം ചെയ്യുന്ന ഒരു തീവ്രവാദിയായ മുസ്ലിംലീഗറെന്ന നിലയിൽ ദീർഘനേരം അദ്ദേഹവുമായി സംസാരിക്കുന്നത് ഞാൻ ഏറെ ഇഷ്ടപ്പെട്ടു. പക്ഷെ സംസാരം കഴിഞ്ഞാൽ, വല്ലതും തിന്നേണ്ട സമയമാകുമ്പോൾ, അദ്ദേഹം കൂട്ടുപിടിക്കാറുള്ളത് കാസിം സാഹിബിനെയാണ്! ഇങ്ങിനെ അന്യോന്യം അറിയാതെയും ചായ (സുലൈമാനി), കോഴിമുട്ട പുഴുങ്ങിയത് മററ പലഹാരങ്ങൾ, പഴങ്ങൾ, മധുരപാനിയങ്ങൾ ഇങ്ങി

നയെന്തെങ്കിലുമൊക്കെ ഞങ്ങളെല്ലാം വാങ്ങി ഭക്ഷിക്കാറുണ്ട്. ഇതെല്ലാമുണ്ടെങ്കിലും, ഞങ്ങളെല്ലാവരും ഭക്ഷണവിഷയത്തിൽ സാധാരണ താല്പര്യം കാണിക്കാറുള്ളവരാണെങ്കിലും, മക്കായിൽ ഏററവും ഉത്തമമായ പല ഭക്ഷണസാധനങ്ങളും ഹോട്ടലുകളിൽ തയ്യാറുണ്ടെന്നറിഞ്ഞിട്ടും, ഭക്ഷണം ഒരു പ്രശ്നമേ ആയിരുന്നില്ല. ജീവിക്കുവാൻ നല്ലതായി വല്ലതും തിന്നേണമെന്നു മാത്രം. അതു തങ്ങളുടെ കരുത്തുററ സ്നേഹമസൃണമായ മേൽനോട്ടത്തിൽ സുരക്ഷിതം തന്നെയായിരുന്നു.

## മതപ്രസംഗങ്ങൾ

മഗ്‌രിബ് കഴിഞ്ഞു ഇശാവരെയും, ഇശാക്കുശേഷവും മതപ്രസംഗങ്ങൾ നടക്കുന്നു. ഹറം മസ്ജിദിന്റെ വിവിധ ഭാഗങ്ങളിൽ മൈക്ക് വെച്ചും, വെക്കാതെയും വിവിധ ഭാഷകളിലായി അനേകം പ്രസംഗങ്ങൾ നടത്തുന്നതുകാണാം. അറബി, ഉറുദു, തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രസംഗങ്ങൾ കേൾക്കുവാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്. ഉറുദുവിലും ഇംഗ്ലീഷിലുമുള്ളവയാണ് കൂടുതൽ ഇഷ്ടപ്പെടാറ്. പ്രസംഗങ്ങൾ നടക്കുന്നേടത്ത് അതത് ഭാഷ സംസാരിക്കുന്നവർ ഒന്നിച്ചുകൂടുന്നതു കൗതുകകരമായ ഒരു കാഴ്ചയാണ്. അതികായന്മാരായ അഫ്ഘാൻകാർ കൂടിയിരിക്കുന്നതു പുഷ്തുവിൽ പ്രഭാഷണം കേൾക്കുവാനാണ്. സുന്ദരന്മാരായ പാർസികൾ പാർസിപ്രസംഗം കേൾക്കുന്നു. അതുപോലെ തുർക്കികളെയും ആഫ്രിക്കക്കാരെയും ഇന്തോനേഷ്യക്കാരെയും കാണാം. ഇംഗ്ലീഷ് പ്രസംഗം നടക്കുന്നേടത്ത് അധികവും തെക്കൻ ആഫ്രിക്കയിൽ കുടിയേറിപ്പാർക്കുന്ന ഇന്ത്യക്കാരാണ്. അതാ ഒരു മൂലയിൽ ഒരു ചെറിയ സംഘം ആളുകൾ ഒരു പ്രസംഗം ശ്രദ്ധിച്ചുകേൾക്കുന്നു. അവർ ഗൂർക്കരാണോ? അറിയേണമെന്ന ജിജ്ഞാസയായി ഞാൻ അടുത്തുചെന്നു, അരികത്തിരുന്ന ചപ്പിച്ചമൂക്കും മഞ്ഞനിറവുമുള്ള ചെറുപ്പക്കാരനോടു രാജ്യം ഏതു (മാ ബലദുൻ?) എന്നു അന്വേഷിച്ചു. 'ഭൂത്താൻ'. ഭൂത്താനികളായിരുന്നു അവർ. ഏതുഭാഷയിലുള്ള പ്രസംഗമായാലും ശ്രദ്ധിച്ചുകേട്ടാൽ ഏതാണ്ടെന്താണ് പറയുന്നതു് എന്നു മനസ്സിലാകും. കാരണം എല്ലാ പ്രസംഗങ്ങളും ഹജ്ജുമായി ബന്ധപ്പെട്ടതും, അവയിൽ ധാരാളം ഖുർആൻ വാക്യങ്ങളും അറബിപദങ്ങളും ഉദ്ധരിക്കപ്പെടുന്നതും ആണല്ലോ.

സ്ത്രീകളുടെ പരിപാടിയും ഏതാണ്ടിതെല്ലാംതന്നെ എല്ലാവരും ബുർഖയോ, തത്തുല്യമായ വേറെ ഉടുപ്പോ ധരിച്ചവരായിരിക്കും. മുഖംമറക്കുന്നില്ല. നമസ്കാരത്തിനു പള്ളിയിൽവരുന്നു. പിൻനിരകളിലിരുന്നു ജമാഅത്തിൽ പങ്കെടുക്കുന്നു. അവരുടെ പുരുഷന്മാരൊടൊപ്പമായോ അവർ മാത്രമായോ തവാഫിലും സഅ്‌യിലും പങ്കെടുക്കുന്നു. ഇതെല്ലാം

പുരുഷന്മാരും സ്ത്രീകളും ഇടകലർന്നിട്ടുതന്നെ നടക്കുന്നു. ജമാഅത്തല്ലാത്തപ്പോൾ എവിടെവെച്ചും നമസ്കരിക്കുന്നു. പുരുഷന്മാരും സ്ത്രീകളും അന്യോന്യം തൊട്ടുപോയാൽ വുദുമുറിയുന്നില്ലെന്ന മസ്അലയാണ് പൊതുവെ സ്വീകരിക്കപ്പെടുന്നതു്. നമ്മുടെ നാട്ടിൽ ശങ്കിച്ചും പേടിച്ചും ഒന്നും സാധിക്കാത്തവരെപോലെ പുരുഷന്മാരെ ആശ്രയിച്ചുകഴിയുന്ന സ്ത്രീകൾ മക്കായിലെ പരിപാടികളിൽ ചില ദിവസങ്ങൾ പങ്കെടുത്തു കഴിയുമ്പോൾ ധൈര്യവും തൻേറടവും ഉള്ളവരായി മാറുന്നതു് കാണപ്പെടുന്നു. അവരെ ഓരോ കാര്യത്തിലും ശ്രദ്ധിക്കേണ്ടിവരുന്ന പുരുഷന്മാർക്ക് പിന്നെ സ്വതന്ത്രരായി സ്ത്രീകളെ അവരുടെ പാട്ടിനു് വിടാവുന്നതാണ്.

അസറിനും മഗ്‌രിബിനുമിടയിലാണ് പള്ളിക്ക് വെളിയിലുള്ള സവാരി. ഹറമിനടുത്തായി നല്ലനല്ല ബസാറുകളുണ്ടു്. പല്ലുതേക്കുന്ന മിസ്‌വാക്കു ചുള്ളിമുതൽ വിലപിടിച്ച റേഡിയോ, ടെലിവിഷൻ, മൂവി കേമറ, തുണിത്തരങ്ങൾ, സ്വർണ്ണാഭരണങ്ങൾവരെ ഹജ്ജ് യാത്രക്കാർ മടങ്ങിപോകുമ്പോൾ എടുക്കുവാനിഷ്ടപ്പെടുന്ന പല സാധനങ്ങളും ഇവിടെ കിട്ടുന്നതാണ്. ഹജ്ജ്കാലത്തു നല്ല ആൾതിരക്കും നല്ല വ്യാപാരവുമുണ്ടാകും. കസ്റ്റംസ് നികുതിയോ, വില്പന നികുതിയോ ഇല്ലാത്തതുകൊണ്ടു് വില കമ്മിയാണ്. ആഫ്രിക്കക്കാരും മററുമാണ് ഏററവുമധികം സാധനങ്ങൾ വാങ്ങുന്നതു്. ഇന്ത്യക്കാർക്കു നാണയദൗർലഭ്യം അനുഭവപ്പെടുന്നു. ഈ സായാഹ്നസവാരികളിൽ പലപ്പോഴും ഭാര്യയും ചിലപ്പോൾ അവരോടൊപ്പം കൂട്ടുകാരി മിസ്സിസ് കദീസക്കുട്ടിയും ഉണ്ടാകാറുണ്ടു്. വിദേശനാണയത്തിനു് നിയന്ത്രണമില്ലായിരുന്നുവെങ്കിൽ അവർ രണ്ടുപേരും ഒരു വണ്ടിനിറയെ സാധനങ്ങൾ വാങ്ങിക്കൂട്ടുമായിരുന്നു മക്കളും മക്കളുടെ മക്കളും മററു ബന്ധുക്കളും സ്വദേശത്തു കാത്തിരിക്കുന്നതു അവർക്കറിയാമല്ലോ.

# ഹറംശരീഫിൻെറ ഭൂമിശാസ്ത്രം

ഇനി നമുക്ക് ഹറംശരീഫിൻേറയും പരിസരങ്ങളുടെയും ഭൂമിശാസ്ത്രവും, അവിടെയുള്ള കെട്ടിടങ്ങളുടെ കിടപ്പും അല്പം മനസ്സിലാക്കുന്നത് നന്നായിരിക്കും.

ഈ പ്രദേശങ്ങളെല്ലാം വൃക്ഷലതാദികളോ, പറയത്തക്ക എന്തെങ്കിലും കൃഷിയോ ഇല്ലാത്ത വരണ്ട ഭൂമിയാണെന്നു് പറയേണ്ടതില്ലല്ലോ. മക്കാപട്ടണം എല്ലാ ഭാഗങ്ങളിലും മലനിരകളാൽ ചുററപ്പെട്ട ഒരു സമ

തലപ്രദേശമാണ്. നല്ല പൂഴിയോ പശിമയുള്ള കളിമണ്ണോ അല്ലാത്ത നേർമ്മയുള്ള മണലും, മണ്ണും, ചരലും ചേർന്നതാണ് ഇവിടത്തെ മണ്ണ്. മലകൾ വലിയ ഉയരമില്ല. അവയും ചെടികളോ മണ്ണോ ഇല്ലാതെ വരണ്ടുകിടക്കുന്നു. അങ്ങിങ്ങായി കാണുന്ന കുററിക്കാടുകൾ, ഈത്തപ്പന തോട്ടങ്ങൾ, ഉണങ്ങിയ പുല്ല്-ഇത്രയുമാണ് സസ്യവർഗ്ഗത്തിൽ ആകെ കാണാവുന്നത്. സംസം, അങ്ങിങ്ങായി കാണാവുന്ന ഒററപെട്ട കിണറുകൾ, മൈലുകൾക്കപ്പുറമുള്ള ഒരു നീരുറവയിൽനിന്നുള്ള ജലവിതരണം-ഇതെല്ലാമാണ് ഇവിടത്തെ ജലസമ്പത്ത്. പുഴകളും കുളങ്ങളുമില്ല. മഴ വളരെ വിരളം. എപ്പോഴെങ്കിലും പെട്ടെന്ന് ഒരു പൊടിമഴ വരും. പത്തോ ഇരുപതോ മില്ലിമീററർ മഴ പെയ്യും മണ്ണിൻെറ കനം കുറവായതുകൊണ്ട് അത്രയും മഴമതി എല്ലാം നനക്കുവാൻ. മക്കയുടെ ചുററും മലകളാണെന്നു പറഞ്ഞുവല്ലൊ ഈ പ്രദേശത്ത് ഒരു ചെറിയ മഴപെയ്താൽ തന്നെ കഅബക്കും മസ്ജിദുൽഹറാമിനും ചുററമുള്ള സമനിലം വെള്ളത്തിനടിയിലായി. 1390ലെ ഹജ്ജിനു് വെള്ളപ്പൊക്കമുണ്ടായതും, സയ്യിദ് ഉമർബാഫഖിയും മററും കഷ്ടിച്ച് രക്ഷപ്പെട്ടതും നമുക്കറിയാമല്ലൊ. പമ്പ് ചെയ്തിട്ടുവേണം ഈ താഴ്ന്നപ്രദേശം വററിക്കുവാൻ ഇപ്പോൾ അതിനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. വെള്ളവും പച്ചച്ചെടികളുമില്ലാത്ത ഈ മരുഭൂമിയുടെ സമ്പത്ത് ആട്, ഒട്ടകം മുതലായ വളർത്തുമൃഗങ്ങളും, ഭൂഗർഭത്തിൽ നിറഞ്ഞുകിടക്കുന്ന എണ്ണയും, ചെമ്പ്, ഇരിമ്പ് മുതലായ ലോഹങ്ങളുമാണ്. അല്ലാഹുവിൻെറ അനുഗ്രഹം അളവററവണ്ണം ഭൂമിക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്നു. അദ്ധ്വാനിക്കുന്ന അടിമകൾക്ക അവൻ അതു നൽകുകയും ചെയ്യുന്നു.

## മാതാവ്

മക്കാപട്ടണത്തെ "ഉമ്മുൽഖുറാ"യെന്നാണ് വിശുദ്ധ ഖുർആനിൽ വിശേഷിപ്പിച്ചിട്ടുള്ളത്-അതായത് പട്ടണങ്ങളുടെ മാതാവ്. ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും, സാംസ്കാരികമായും ഈ പേരു തികച്ചും അനുയോജ്യമാണ്. നാല്പതോ അമ്പതോ നൂററാണ്ടുകൾക്കുമുമ്പ്-നമ്മുടെ മോഹഞ്ചദാരോ നാഗരീകതയുടെ കാലത്ത്-മക്ക ഒരു ചെറിയ പട്ടണമായിരുന്നു. അതേകാലത്തുണ്ടായിരുന്ന നാഗരീകതകളായിരുന്നുവല്ലൊ ഈജിപ്ത്, റോമാ, പേർസ്യ, മെസ്സപൊട്ടാമിയ മുതലായവയും. അങ്ങിനെ അന്നു ജനവാസമുണ്ടായിരുന്ന ലോകത്തിൻെറ മദ്ധ്യത്തിലായിരുന്നു മക്ക. അവിടത്തെ ജനങ്ങൾ നൂഹുനബിയുടെ സന്താനപരമ്പരയിൽപെട്ടവരാണ്. മക്കായിലെ ജനജീവിതം അവരുടെ വ്യാപാരങ്ങളെ ആശ്രയിച്ചായിരുന്നു നിലനിന്നത്. അതുകൊണ്ടുതന്നെ അവർ സഞ്ചാരപ്രിയന്മാരുമായിരുന്നു. പക്ഷെ അന്നും ഒരരാധനാകേന്ദ്രമായിരുന്ന കഅബ: അവരു

ടെ പട്ടണത്തിന്ന് പ്രാധാന്യവും, അവരുടെ ജീവിതത്തിന്ന് ഒരു സ്ഥിരതയും നൽകി. ഇവിടെയാണ് നാലായിരം വർഷങ്ങൾക്കപ്പുറം ഇബ്രാഹിംനബി (അ) തന്റെ ഭാര്യ ബീബിഹാജറ (റ) യേയും, മകൻ ഇസ്മായിൽ (അ) നെയും വിട്ടേച്ചുപോയത്.

## സംസം

മക്കയുടെ തെക്കുകിഴക്കു കിടക്കുന്ന മലനിരയാണ് 'ജബൽ ഖുബൈസ്'. അതിന്റെ ഒരു ഭാഗമായി പടിഞ്ഞാറോട്ടു തള്ളിനിൽക്കുന്ന ഒരു ചെറിയ കുന്നാണ് 'സഫാ'. സഫായിൽനിന്ന് ഏകദേശം രണ്ടു ഫർലോങ്ങ് (400 മീററർ) വടക്ക്-അൽപം കിഴക്കോട്ടുമാറി-മററൊരു കുന്ന് കിടക്കുന്നു. 'ജബൽഹിന്തിന്റെ' ഒരു ഭാഗമായ 'മർവാ'യാണ് ആ കുന്നു. ഈ രണ്ടു കുന്നുകൾക്കിടയിൽ പടിഞ്ഞാറ ഏതാണ്ട് ഒരു ഫർലോങ്ങ് (200 മീററർ) ദൂരെ ആയി കഅബാ സ്ഥിതിചെയ്യുന്നു ഇബ്രാഹിംനബി (അ) അവിടെ ചെന്നകാലത്തുള്ള ആ പ്രാർത്ഥനാകേന്ദ്രത്തിന്റെ ആകൃതിയെപ്പററിയോ പ്രകൃതിയെപററിയോ നമുക്ക് വിശ്വാസയോഗ്യമായ വിവരമൊന്നുമില്ല. ചില ഹദീസുകൾ അതിനെ ആദംനബിയുമായും മററും ബന്ധിക്കുന്നുവെന്ന് നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. ഒരു ദിവസം ബീബി ഹാജറ (റ) തന്റെ ഓമനപ്പൈതലിനെ കഅബക്കരികിൽ കിടത്തി സഫായിലേക്കും മർവായിലേക്കും വെള്ളം തേടിച്ചെന്നു എവിടെയുംവെള്ളം കാണാത്ത ഈ കുന്നുകൾക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും പരവശയായി ഓടിനടന്നു. നിരാശതയോടെ പൈതലിന്റെ അടുക്കെ മടങ്ങിച്ചെന്നപ്പോഴാണ് പൈതൽ കാലിട്ടടിക്കുന്നതും, ഉറവുപൊട്ടി വെള്ളം പൊന്തിവരുന്നതും കണ്ടത്. അല്ലാഹുവിന്ന് സ്തുതി! അതായിരുന്നു സംസം. കഅബയിൽനിന്നു ഒമ്പതുമീററർ തെക്കുകിഴക്കായി ഇതു സ്ഥിതിചെയ്യുന്നു. വർഷങ്ങൾക്കുശേഷം ഇബ്രാഹിംനബി (അ) വീണ്ടും അവിടെവരുന്നു. പിതാവും പുത്രനും ചേർന്നു കഅബാപള്ളി നിർമ്മിക്കുന്നു ഏക ഇലാഹിന്ന് വഴങ്ങുവാനുള്ള ഒരു പള്ളി എന്ന നിലയിൽ ഇദംപ്രഥമമായി നിർമ്മിക്കപ്പെട്ടതാണിത്. ഇതിനെപ്പററി വിശുദ്ധഖുർആൻ (2: 124-129) പറയുന്നതു നോക്കുക:-ഇബ്രാഹിമിനെ അവന്റെ രക്ഷിതാവ് ചില കല്പനകൾകൊണ്ട് പരീക്ഷിച്ചപ്പോൾ അവൻ അവ നിറവേററി. (അല്ലാഹു) പറഞ്ഞു തീർച്ചയായും നിന്നെ ഞാൻ മനുഷ്യർക്ക് ഒരു നേതാവാക്കുന്നുണ്ട്. അവൻ(ഇബ്രാഹിം) പറഞ്ഞു 'എന്റെ സന്തതികളിൽനിന്നുകൂടി നേതാക്കന്മാരെ ഉയർത്തേണമെ' അല്ലാഹു പറഞ്ഞു: 'എന്റെ കരാറ് ദുർവൃത്തന്മാർക്ക് ബാധകമല്ല. ജനങ്ങൾക്ക് ഒരു സമ്മേളന സ്ഥാനവും ഒരു രക്ഷാകേന്ദ്രവുമായി പരിശുദ്ധമന്ദിരത്തിനെ നാം ആക്കിയ സന്ദർഭം ഓർക്കുക 'ഇബ്രാഹിമി

ൻെറ (നമസ്കാര) സ്ഥാനത്ത് ഒരു പ്രാർത്ഥനാലയം നിങ്ങൾ എടുക്കുവിൻ. ഇബ്രാഹിമിനോടും ഇസ്മാഈലിനോടും നാം കരാർചെയ്തു അതായത് എൻെറ മന്ദിരത്തിനുചുററും പ്രദക്ഷിണം ചെയ്യുന്നവർക്കും ഉപവാസമിരിക്കുന്നവർക്കും നമിക്കുന്നവർക്കും കുമ്പിടുന്നവർക്കുംവേണ്ടി അതിനെ പരിശുദ്ധമാക്കുക. ഇബ്രാഹിം പറഞ്ഞ സന്ദർഭം ഓർക്കുക. 'എൻെറ രക്ഷിതാവെ ഇതിനെ സുരക്ഷിതമായ ഒരു ദേശമാക്കേണമെ! ഇതിലെ ജനങ്ങൾക്കു അവരിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവർക്ക് കായ്കനികളെക്കൊണ്ട് ആഹാരം നല്കേണമെ!' അല്ലാഹു പറഞ്ഞു: ആരു അവിശ്വസിക്കുന്നുവോ അവനെ ഞാൻ അല്പം സുഖമനുഭവിപ്പിക്കുന്നു പിന്നീട് തീയുടെശിക്ഷയിലേക്ക് അവനെ ഞാൻ പായിക്കും (എത്ര) ദുഷിച്ച പരിണാമസ്ഥലം! ഇബ്രാഹിമും ഇസ്മാഈലും (കഅബാ) മന്ദിരത്തിൻെറ അടിത്തറകൾ ഉയർത്തിയ സന്ദർഭം (ഓർക്കുക. അവർ പ്രാർത്ഥിച്ചു) 'ഞങ്ങളുടെ രക്ഷിതാവെ നിന്നെ അനുസരിക്കുന്ന (മുസ്ലിങ്ങൾ) ആയി നീ ഞങ്ങളെ ആക്കേണമെ! ഞങ്ങളുടെ സന്തതികളിൽ നിന്നു നിന്നെ അനുസരിക്കുന്ന ജനതയെ ഉയർത്തേണമെ! ഞങ്ങളുടെ ആരാധനാ വിധങ്ങൾ ഞങ്ങൾക്ക് നീ കാണിച്ചുതരേണമെ ഞങ്ങളുടെ നേരെ (കരുണയോടെ) തിരിയേണമെ! തീർച്ചയായും നീ മാത്രമാണ് സർവ്വദാ (കാരുണ്യത്തിലേക്ക്) തിരിയുന്നവനും കരുണാനിധിയും. ഞങ്ങളുടെ രക്ഷിതാവെ നിൻെറ സന്ദേശങ്ങൾ അവരെ ഓതിക്കേൾപ്പിക്കുകയും വേദഗ്രന്ഥവും വിജ്ഞാനവും അവരെ പഠിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരുടെ ഇടയിൽ, അവരിൽ നിന്നും നീ ഉയർത്തേണമെ! നിശ്ചയമായും നീ സർവ്വശക്തനും സർവ്വതന്ത്രജ്ഞനുമത്രെ'

## പ്രാധാന്യം

വളരെ പ്രാധാന്യമുള്ള ആയത്തുകളാണ് മേലുദ്ധരിച്ചത്. കഅബാശരീഫിൻെറ നിർമ്മാണം, ഹജ്ജ് കർമ്മത്തിൻെറ ആരംഭം, ഇബ്രാഹീമീദീനിൻെറ സംസ്ഥാപനം, മുഹമ്മദ്നബി (സ) യുടെ വരവിനെ പററിയുള്ള പ്രവചനം—ഇതെല്ലാം ഇതിൽ ഉൾക്കൊള്ളുന്നു. ഹജ്ജിലെ കർമ്മങ്ങളിൽ മിക്കതും ഇബ്രാഹിംനബി (അ) യുടെ ചരിത്രവുമായി ബന്ധപ്പെട്ടവയാണ്. കഅബാശരീഫ്, സംസം, മിനാ, സഫാ-മർവാ- ഇതെല്ലാം മുഹമ്മദ്നബിയുടെ ദൌത്യത്തെപ്പററി കൂലങ്കഷമായ ഒരു രൂപം ആദ്യമായി നൽകുന്നതും ഇബ്രാഹിംനബി (അ) ആകുന്നു—അതായത് മാനവസമുദായത്തിനു് അല്ലാഹുവിൻെറ 'കിത്താബും', 'ഹിക്കമത്തും', പഠിപ്പിക്കലും, അവരെ 'സംസ്കരിച്ചെടുക്ക'ലും. ഈ ദൌത്യത്തിലെ അനേകമനേകം കല്പനകൾക്കും ആരാധനാമുറകൾക്കും മകുടംചാർ

ത്തുന്നതാണ് ഹജ്ജ്, അതിന്റെ കേന്ദ്രബിന്ദുവാണ് കഅബ: ആ ദേവാലയം ഇബ്രാഹിംനബി (അ) നിർമ്മിച്ച അതേ സ്ഥാനത്ത് അതേ അളവുകളോടുകൂടി ഇന്നും നിലനിൽക്കുന്നുണ്ട്. അതിന്നു തൊട്ടടുത്ത് മഖാം ഇബ്രാഹീം, ഹജർ ഇസ്മാഈൽ, സംസം ഇതെല്ലാം കാണാം.

ഇബ്രാഹിംനബി (അ) തുടങ്ങിവെച്ച ഈ സംരംഭം വളർന്നു പുഷ്പിച്ചു. ഇസ്മാഈൽനബി (അ) യുടെ വംശം വളർന്നുപെരുകി. അതിൽ പിറന്നതാണ് ഖുറൈശിഗോത്രക്കാർ. കഅബയുടെ നടത്തിപ്പ് അവരുടെ കൈയിലായിരുന്നു. ഇസ്മാഈൽനബി (അ) ക്കുശേഷം കഅബ: പലപ്പോഴും പുതുക്കിപ്പണിതിട്ടുണ്ട്. മുഹമ്മദ്നബി (സ) യുടെ പിതാമഹൻ അബ്ദുൽമുത്തലിബിന്റെ കാലത്താണ് ഒരു പുനർനിർമ്മാണം നടന്നത്. ഹജ്ജിന്നു വരുന്നവർക്ക് വെള്ളം നൽകുന്ന ചുമതല അദ്ദേഹത്തിന്റേതായിരുന്നു. കാലപ്പഴക്കംകൊണ്ടും അനാസ്ഥ കാരണമായും സംസം മൂടപ്പെട്ടുപോകുകയും അതിന്റെ സ്ഥാനംപോലും അറിയാതെ പോകുകയും ചെയ്ത ഒരവസ്ഥയായിരുന്നു അന്ന്. അബ്ദുൽമുത്തലിബിന്റെ പരിശ്രമഫലമായി ആ സ്ഥാനം കണ്ടുപിടിക്കുകയും, അവിടെ കുഴിച്ച് സംസം വീണ്ടും പ്രയോജനകരമാക്കുകയും ചെയ്തു. ഇതോടുകൂടി കഅബയുടെ പ്രാധാന്യം വീണ്ടും വർദ്ധിക്കുകയും തീർത്ഥാടകർ ധാരാളമായി ഇവിടത്തേക്കുവരാൻ തുടങ്ങുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് യമനിലെ ക്രിസ്ത്യൻ രാജാവ് സൻആയിൽ ഒരു ദേവാലയം പണിതതും, അതിനെ തീർത്ഥാടകരുടെ കേന്ദ്രമാക്കുവാൻ നിശ്ചയിച്ചതും. പക്ഷെ തന്റെ ഉദ്ദേശം സാദ്ധ്യമാകുന്നതിന്ന് കഅബ: തടസ്ഥമായിരുന്നു. ഈ തടസ്ഥം നീക്കുവാൻ അബ്രഹ: ഒരാക്രമണംതന്നെ സംഘടിപ്പിച്ചു, പക്ഷെ അയാളുടെ ആനപ്പടയെ അല്ലാഹു നശിപ്പിച്ചുകളഞ്ഞു. വിശുദ്ധ ഖുർആൻ (സൂറ: 105) ഇതിനെപ്പററി പറയുന്നതുനോക്കുക: 'ആനയുടെ കൂട്ടാളികളോട് നിന്റെ നാഥൻ എങ്ങിനെ പ്രവർത്തിച്ചുവെന്നു നീ കണ്ടില്ലെ? അവരുടെ കുടില തന്ത്രത്തെ അവൻ താറുമാറാക്കിയില്ലെ? അവൻ പക്ഷികളെ കൂട്ടംകൂട്ടമായി തെരുതെരെ അയക്കുകയും ചെയ്തു' ചുട്ട ചെളിക്കല്ലുകൾകൊണ്ട് അവരെ എറിയുകയും, അങ്ങിനെ ചവക്കപ്പെട്ട വൈക്കോൽ പോലെ അവരെ ആക്കിത്തീർക്കുകയും ചെയ്തു. സുപ്രധാനമായ ഈ വിജയത്തെ കണക്കിലെടുത്തു അറബികൾ ആ വർഷത്തെ ആന വർഷം എന്നു നാമകരണം ചെയ്തു. അതേ വർഷത്തിൽ (ക്രി: 571 ഏപ്രിൽ 21. ഠംനു-) റബീഉൽ അവ്വൽ 12 നാണ് മുഹമ്മദ് (സ) ജനിച്ചതും.

ഇരുപത്തിമൂന്നു വർഷങ്ങൾക്കുശേഷം ഒരു വെള്ളപ്പൊക്കം കാരണമായി കഅബാശരീഫിന്നു കേടുപററുകയും അതു പുതുക്കിപ്പണിയു-

വാൻ ഖുറൈശികൾ തീരുമാനിക്കുകയും ചെയ്തു. പ്രമുഖരായ നാലു കുടുംബക്കാരാണ് നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തുപോന്നത്. ഒരാളിൻെറ ഉയരംവരെ കെട്ടിപൊക്കിയപ്പോൾ ഹജ്റുൽ അസ്വദ് ഘടിപ്പിക്കുന്നതു ആരായിരിക്കേണമെന്നതിനെപ്പററി തർക്കവും വാശിയുമായി. ഒരു സംഘട്ടനം ഒഴിവാക്കുവാൻ എല്ലാവർക്കും വിശ്വാസമുള്ള മുഹമ്മദ് (സ) മദ്ധ്യസ്ഥനായി സ്വീകരിക്കപ്പെട്ടു. തിരുമേനി ഒരു മുണ്ടു് വിരിച്ചു നാലു കുടുംബത്തലവന്മാരോടും ഹജ്റ് അതിൽ വെക്കുവാനും മുണ്ടിൻെറ നാലു മൂലകൾ പിടിച്ചു ഹജ്റിനെ അതിൻെറ സ്ഥാനത്തേക്കു എടുത്തു ചെല്ലുവാനും നിർദ്ദേശിച്ചു. നാലുപേരുടേയും ഒരുപോലെയുള്ള സഹായത്തോടെ തിരുമേനിതന്നെ ആ പുണ്യശില അതിൻെറ സ്ഥാനത്ത് പതിച്ചു. അവിടെത്തന്നെ ആ ചരിത്ര പ്രസിദ്ധവും പുണ്യമേറിയതുമായ ശില ഇന്നും സ്ഥിതിചെയ്യുന്നു.

## ബിംബങ്ങൾ തകർന്നു

എന്നാൽ ആന വർഷത്തിന്നുമുമ്പും അതിന്നുശേഷം ഒരമ്പതു വർഷത്തോളവും കഅബ: അനേകം ബിംബങ്ങളുടെ സങ്കേതമായിരുന്നു. ഏക ദൈവത്തിന്നു മാത്രം വണങ്ങുവാൻ വേണ്ടി നിർമ്മിതമായ ഈ പുണ്യ ദേവാലയം ബഹുദൈവാരാധനയുടെയും പല വിധ ദുഷ്ചെയ്തികളുടെയും കേളീരംഗമായി പരിണമിച്ചു. ഇബ്രാഹിം നബി (അ) ഏർപ്പെടുത്തിയ ത്വവാഫ് (പ്രദക്ഷിണം) അവിടെ ഉണ്ടായിരുന്നു. പക്ഷെ അദ്ധ് നഗ്നരായും നഗ്നരായും വളരെ വഷളായ രീതിയിൽ ആയിരുന്നുവെന്നു മാത്രം. കുടുംബകലഹം, അഹങ്കാരം, ഉച്ചനീചത്വങ്ങൾ, ക്രൂരത- ഇതെല്ലാമായിരുന്നു കഅബ പരിസരങ്ങളിൽ വിലസിയിരുന്നത്. റസൂൽ കരീം (സ) തിരുമേനിയുടെ മക്കാവിജയത്തോടു (ഹിജറ: 9) കൂടി അതിനെല്ലാം എന്നെന്നേക്കമായി പൂർണ്ണവിരാമമിട്ടു. എല്ലാ ബിംബങ്ങളും നിഷ്കാസനം ചെയ്യപ്പെട്ടു. അതോടൊപ്പം മനുഷ്യനെ തരംതാഴ്ത്തുകയും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയും ചെയ്യുന്ന എല്ലാ കുട്ടിബിംബങ്ങളും തകർന്നു തരിപ്പണമാകുകയും ചെയ്തു. ഇബ്രാഹിംനബി (അ) യുടെ പ്രാർത്ഥന സാക്ഷാൽക്കരിക്കപ്പെടുകയും പട്ടണങ്ങളുടെ മാതാവായ മക്ക സമാധാനത്തിൻെറയും ശാന്തിയുടെയും സുരക്ഷിതമായ, മധുര മനോഹരമായ കേന്ദ്രമായിത്തീരുകയും ചെയ്തു. 1380 വർഷങ്ങൾ കഴിഞ്ഞുകടന്നു. ഹറംശരീഫ് ഏകദൈവ വിശ്വാസത്തിൻെറയും സമാധാനത്തിൻെറയും മനുഷ്യസഹോദര്യത്തിൻെറയും കേന്ദ്രമായി ഇന്നും വിലസുന്നു. ഇനിയും വിലസിക്കൊണ്ടേയിരിക്കും.

## നിർമ്മാണ പദ്ധതി

മുഹമ്മദ് നബി (സ) ക്കു് ശേഷവും നിർമ്മാണ പ്രവർത്തനങ്ങൾ

ഉണ്ടായിട്ടുണ്ട്. മിക്കതും ത്വവാഫിന്നും നമസ്ക്കാരത്തിന്നും കൂടുതൽ സൗകര്യം നൽകുവാനുദ്ദേശിച്ചിട്ടുള്ളവയാണ്. വിപുലമായ പുനർനിർമ്മാണം നടന്നത് തുർക്കി സുൽത്താന്മാരുടെ കാലത്തായിരുന്നു. അതിനെയെല്ലാം കവച്ചുവെക്കുന്ന രീതിയിലാണ് സഊദി ഗവർമ്മെൻറ് ഒരു നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചത്. 1956 ൽ ആരംഭിച്ച ഈ പദ്ധതിയുടെ മേൽനോട്ടം അന്നു രാജകുമാരനും ഇന്നു രാജാവുമായ ഫൈസൽ രാജാവാണ് വഹിച്ചുപോന്നത്. ഇന്നുവരെ ഈ പദ്ധതിക്കു 70 കോടി ക. യോളം ചിലവായെന്നു പറയുമ്പോൾ ഇതിൻെറ വലുപ്പം നമുക്ക് ഊഹിക്കാമല്ലോ. 32 കോടി ക. യോളം പള്ളിക്കു ചുററുമുള്ള സ്ഥലം പൊന്നും വിലകൊടുക്കുവാൻ തന്നെ വേണ്ടിവന്നു. അത്യധികം വിലപിടിച്ച കെട്ടിടങ്ങളാണ് പൊളിച്ചുനീക്കി നിരപ്പാക്കേണ്ടി വന്നത്. പള്ളി സ്ഥലം 30,900 ചതുരശ്ര മീററുണ്ടായിരുന്നത് 160,000 ച. മി. ആയി അധികരിച്ചു. പള്ളിയിൽ മാത്രം മൂന്നുലക്ഷത്തിൽ പരം ആളുകൾക്കു ഒന്നിച്ചു നമസ്ക്കരിക്കാം. നാലുകെട്ടിന്നുള്ളിലുള്ള മുററവും, പുറത്തുള്ള തുറന്ന സ്ഥലവും മററുംകൂടി ഏഴുലക്ഷത്തോളം ആളുകൾക്ക് നമസ്ക്കരിക്കുവാൻ ഇപ്പോൾ സാദ്ധ്യമാണ്. ഈ പദ്ധതിയനുസരിച്ചു പരിഷ്ക്കരിച്ചു പണിതിട്ടുള്ള മസ്ജിദിൻെറ ഒരേകദേശരൂപമാണ് ചിത്രത്തിൽ കൊടുത്തിട്ടുള്ളത്.

ഈ പുസ്തകത്തിൻെറ അവസാനം വെച്ച ചിത്രം നോക്കുക. 1. എന്ന അക്കമിട്ടതാണ് കഅബാശരീഫ്—മുസൽമാന്മാരുടെ ഖിബ്ല. കരിങ്കല്ലുകൊണ്ട് നിർമ്മിച്ച ഈ ലളിതമായ കെട്ടിടത്തിന്നു 49 അടി നീളവും 47 അടി വീതിയും 45 അടി ഉയരവുണ്ട്. ചുമരിനു വെളിയിൽ പോയിൻറിങ്ങും ഉള്ളിൽ പ്ലാസ്റ്ററിങ്ങുമാണ്. നിലത്തുനിന്നു 8 അടി ഉയരത്തിലാണ് മാർബിൾ പാകിയ നിലം. കിഴക്ക് വശത്ത് ഒരു വാതിലുണ്ട്. അതിൽ കയറുന്നതിന്നു പ്രത്യേകം ഏണി തയാറാക്കിവെച്ചിട്ടുണ്ട്. മേൽപ്പുര സിമൻറ് വാർപ്പാണ്. മഴവെള്ളം ഒരു പാത്തിയിൽകൂടി വെളിയിലേക്ക് ഒഴുകി വീഴുന്നു ഒരു വെള്ള കേൻവാസിന്മേൽ കറുത്ത പട്ടു തുണി തുന്നിപ്പിടിപ്പിച്ച് അതുകൊണ്ടു മൂടിയിരിക്കുന്നു കഅബ. ഈ പട്ടു ഖില്ലയിന്മേൽ മുഴുവനും കസവുനൂലുകൊണ്ട് ഖുർആൻ വാക്യങ്ങൾ കലാചാതുര്യത്തോടെ നെയ്തുപിടിപ്പിച്ചിരിക്കുകയാണ്. കഅബയുടെ തെക്കു കിഴക്കെ മൂലയിൽ 5 അടി ഉയരത്തിൽ 'ഹജ്റുൽ അസ്വദ്' പതിച്ചിരിക്കുന്നു. (4) ചുററും, വെള്ളിത്തകിടുകൊണ്ടു കെട്ടിയിട്ടാണ് ഇത് ഉറപ്പിച്ചിട്ടുള്ളത്. തെക്കു പടിഞ്ഞാറെ മൂലയാണ് 'റുക്നുൽ യമാനി' (5) കഅബയുടെ വടക്ക് അർദ്ധവൃത്താകൃതിയിൽ ഒരു കുട്ടിമതിൽ കെട്ടിയിട്ടുണ്ട് 'ഹജർ ഇസ്മാഈൽ' എന്നു പറയപ്പെടുന്ന (2) ഈ സ്ഥലവും കഅബ

യുടെ ഒരു ഭാഗമാണ്. കഅബയുടെ അകവും അങ്ങേഅററം വൃത്തിയാക്കി വെച്ചിരിക്കുന്നു. അകം കഴുകുന്നത് പനിനീരും സംസവും കൊണ്ടാണ്. ചുമരുകളും ഖില്ലയും നല്ലതരം അത്തർ പൂശിയിരിക്കയാൽ എപ്പോഴും സുഗന്ധം പരത്തുന്നു. കിഴക്കെ ചുമരിൻെറ വാതിലിന് വലത്ത് കഅബയെ അഭിമുഖീകരിച്ച കഅബയോടടുത്ത് നിന്നിട്ടാണ് എല്ലാ ജമാഅത്തുകാരും ഇമാം നമസ്കരിക്കുന്നത്. മലക്ക ജിബ്രീൽ (അ) മുഹമ്മദ് നബി (സ) ക്കു നമസ്കാരത്തിൻെറ രൂപം കാണിച്ചുകൊടുത്തതു് ഇവിടെ വെച്ചാണ്. തിരുനബിക്ക് മുമ്പ് അനേകം നബിവര്യന്മാരുടെയും, തിരുനബി (സ) യുടെ തന്നെയും, തിരുമേനിക്കുശേഷം സഹാബിവര്യന്മാരുടെയും, മററനേകം പുണ്യാത്മാക്കളുടെയും പാദസ്പർശം ഏററതും അവർ പ്രാർത്ഥിച്ചതും ഇവിടെ ആയിരുന്നുവെന്നത് അവിതർക്കിതമാണല്ലോ. എന്തുമാത്രം പുണ്യം നിറഞ്ഞ സ്ഥലം! ആലോചിക്കുമ്പോഠം തന്നെ രോമാഞ്ചമുണ്ടാകുന്നു. ദിവസങ്ങളോളം അതെല്ലാം ദർശിക്കുകയും സ്പർശിക്കുകയും അതു തൊട്ടടുത്തുവിട്ട ചിന്തകഠം മനസ്സിൽകൂടി കടന്നുപോകുകയും ചെയ്തതു് ഓർക്കുമ്പോഠം ഇപ്പോഴും അല്ലാഹുവോടുള്ള നന്ദിയാൽ തല താഴ്ത്തുകയാണ്.

## ത്വവാഫ്

കഅബയെ ചുററി ഏകദേശം 50 മീററർ വ്യാസത്തിൽ മാർബിഠം പതിച്ച മത്വാഫ് സ്ഥിതിചെയ്യുന്നു. സാധാരണ ഇവിടെയാണ് ത്വവാഫ്. സ്ഥലം പോരാതെയാകുമ്പോഠം ഇതിന്നു് വെളിയിലായും ത്വവാഫ് നടക്കുന്നു. മത്വാഫിന്ന് തൊട്ടടുത്തു ചുററും 4_5 മീററർ വീതിയിൽ അല്പം ഉയരത്തിൽ മറെറാരു വൃത്തമുണ്ട്. പ്രായാധിക്യം കൊണ്ടോ, ദേഹാസ്വാസ്ഥ്യംകൊണ്ടോ നടക്കുവാൻ സാധിക്കാത്തവരെ ഒരു കട്ടിലിൽ ഇരുത്തി രണ്ടുപേർ ചുമന്നുകൊണ്ടുപോകുന്ന പാതയാണിത്. മത്വാഫിന്നുള്ളിൽതന്നെ മഖാം ഇബ്രാഹിം സ്ഥിതിചെയ്യുന്നു

(3). ഇബ്രാഹിംനബി (അ) കഅബ നിർമ്മിക്കുമ്പോഠം നിന്നിരുന്ന സ്ഥലമാണിത്. കാലടയാളമുള്ള ഒരു മാർബിഠം ഇവിടെ പതിച്ചിട്ടുണ്ട്. അത് നല്ല ഉറപ്പുള്ള ഒരു കണ്ണാടിക്കൂടിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. മത്വാഫിന്നു തൊട്ടു കഅബക്ക് പടിഞ്ഞാറായി മാർബ്ളിൽചെയ്ത മിമ്പർ (7) ഉണ്ട്. ഇതിന്മേൽ കയറിനിന്നിട്ടാണ് ഖുത്ബാ പ്രസംഗം നടത്തുക. ഇതിന്നു തെക്ക് സംസം(6) കിണററിലേക്കുള്ള കോണിപ്പടികഠം കാണാം. പുരുഷന്മാർക്കും സ്ത്രീകഠക്കും അടുത്തടുത്തു വെവ്വേറെ കോണിപ്പടികളുണ്ട്. കിണർ മത്വാഫിൻെറ അടിയിലാണ്. ഒരു കോൺക്രീററ് സ്ലേബ് വാർത്തിട്ടാണ് കിണറിന്നു മേൽപുര കെട്ടിയിട്ടുള്ളത്.

അതിന്മേൽകൂടി പ്രദക്ഷിണം ചെയ്യുന്നവർ താഴെ കിണറുള്ളത് ഓർക്കുക യില്ല. സംസം ഒരു സാധാരണ കിണർപോലെയാണ്. പമ്പ് ഘടിപ്പിച്ച് വെള്ളം പമ്പ് ചെയ്തു പൈപ്പുകളിൽകൂടിയും ടാപ്പുകളിൽകൂടിയും ധാരാളം പേർക്ക് എടുക്കുവാൻ സൌകര്യം ചെയ്തിട്ടുണ്ട്. തൊട്ടിവെച്ചു കോരിക്കൊണ്ടിരിക്കുന്നുമുണ്ട്. ഈ കിണറിലെ വെള്ളം വിശാലമേറിയ ഒരു ഭൂഗർഭ ജലാശയത്തിൻെറ ഭാഗമാണെന്നുവേണം കരുതുവാൻ. ഈ കിണർ വററിക്കുവാൻ ഇയ്യിടെ ചെയ്ത ശ്രമം വിഫലമായ കഥ നാം വായിച്ചതാണല്ലോ. കഅബാ ശരീഫിൻെറ ചരിത്രവുമായി ഈ പുണ്യതീർത്ഥത്തിന്നു അഭേദ്യമായ ബന്ധമുണ്ട്. കഅബയുടെ തെക്ക് 8 എന്നു അക്കമിട്ടത് ഒരു ചെറിയ കണ്ണാടിപ്പുരയാണ്. ഇതിനകത്ത് ഉച്ചഭാഷിണിയുടെ മൈക്ക് വെച്ചിരിക്കുന്നു. ബാങ്ക്‌വിളിക്കുന്നത് ഇവിടെവെച്ചാണ്. ജുമുഅ, ജമാഅത്ത് മുതലായ സംഘം ചേർന്നുള്ള നമസ്കാരങ്ങൾക്ക് 'മുബല്ലിഗ്' ഇവിടെ തന്നെയായിരിക്കും. മക്കാ റേഡിയോ നിലയത്തേക്ക് ബാങ്ക്, ഖുതുബ, മതപ്രഭാഷണങ്ങൾ, ഖുർആൻ പാരായണം മുതലായവ എത്തിച്ചുകൊടുക്കുന്നതും ഇവിടെനിന്നുതന്നെ. ഹറംശരീഫിലെ എല്ലാ കെട്ടിടങ്ങളും സരസൻ ശിൽപകലയാണ് സ്വീകരിച്ചിട്ടുള്ളത്. പക്ഷെ ഈ റേഡിയോ നിലയംമാത്രം അതിൽനിന്നു വ്യത്യസ്തമായി ആധുനികരീതിയിൽ കെട്ടിയിരിക്കുന്നു. ഇതിൽ അൽപം അസാംഗത്യം എനിക്ക് തോന്നുകയുണ്ടായി.

മതാഫിന്നു ചുററം വിശാലമായ മുററവും (16-16-16) അതിന്നു ചുററം നാലുകെട്ടു രീതിയിൽ വിശാലമായ നമസ്കാരസ്ഥലവും (15-15-15) ആകുന്നു. പള്ളിയുടെ താഴെനിലതന്നെ നിലത്തിൻെറ ലവലനുസരിച്ചു പല തട്ടുകളായി കാണാം. പള്ളിക്കെട്ടിന്ന് (നാലു ഭാഗവും) ഒരു രണ്ടാം നിലയും, അതിന്നുമുകളിൽ മട്ടുപ്പാവും ഉണ്ട്. ചില ഭാഗങ്ങളിൽ ഒരു കീഴ്‌നില (സെല്ലർ ഫ്‌ളോർ)യും ഉണ്ട്. മിനുക്കുപണികൾ നടന്നുകൊണ്ടിരിക്കുന്ന ഈ കീഴ്‌നിലയിൽ സ്റ്റോറുകളും, ആപ്പീസുകളും, വുസുസ്ഥലങ്ങളും ഉൾപ്പെടുത്തുവാനുദ്ദേശമുണ്ടെന്നു് അറിയുന്നു. പള്ളിക്കെട്ടിടം ഉറപ്പും ഭംഗിയും ഗാംഭീര്യവുമുള്ള ഒന്നാംതരം ശില്പമാണ്. ഇഷ്ടിക, മേത്തരം കല്ലുകൾ, സിമൻറ് കോൺക്രീററ്, മാർബ്ൾ മുതലായവ ഉപയോഗിച്ചു ധാരാളം തൂണുകളും, ബീമുകളും, സ്ലേബുകളും, ചില പ്ലോൾ കമാനങ്ങളും ഉൾപ്പെട്ട എടുപ്പ് നല്ല വെളിച്ചവും കാററം നല്ല സുഖസൗകര്യങ്ങളും ഉൾക്കൊള്ളുന്നുണ്ട്. അല്ലാഹുവിൻെറ പേർ, കലിമത്തുശ്ശഹാദ: മുതലായവ ഭംഗിയായി കൊത്തിപ്പിടിപ്പിക്കുകയോ, വാർക്കുകയോ, ചെയ്തിരിക്കുന്നു. വിദ്യുദീപങ്ങളും, അവയുടെ കണ്ണാടിക്കൂടുകളും എല്ലാം ഏററവും ഭംഗിയായിതന്നെ നിർമ്മിക്കുന്നതിൽ ഒട്ടും പിശുക്കു കാണിച്ചിട്ടില്ല. നിലം മുഴുവനും മാർബ്ൾ പലകകൾ പതിച്ചിരിക്കയാണ്. ധാരാളം ഏണികളും വാതിലുകളും ഉണ്ടെങ്കിലും ജമാഅത്തു

കറം കഴിഞ്ഞു ആളുകറം വെളിയിലേക്കു പോകുമ്പോറം തിക്കുംതിരക്കും ഒഴിവാക്കാൻ അവ പര്യാപ്തമല്ല. കുറെയേറെ ജനലുകറംമാററി വാതിലുകളാക്കുന്നതു് നന്നായിരിക്കും. പള്ളിയെടുപ്പിന്റെ നാലുകെട്ടിനുള്ളിൽ കഅബക്കുചുററും വിശാലമായ മുററങ്ങളുണ്ടെന്നു പറഞ്ഞുവല്ലൊ. ഇതിൽ ചില നടപ്പാതകറം മൊസെയ്ക് പാകിയതാണ്. ബാക്കി സ്ഥലത്തു് വൃത്തിയുള്ള ചരൽ വിതറിവെച്ചിരിക്കുന്നു. നമസ്കാരസമയത്തു് ഇവിടെയെല്ലാം മുസല്ലവിരിച്ച നമസ്കാരത്തിന്നു് ഉപയോഗിക്കുന്നു. ഇമാമിന്നു് പിന്നിലായി നിൽക്കുന്ന സഫുകറം കഅബയെ ചുററി അനേകം വൃത്തങ്ങളായിത്തീരുന്നു. ഇമാം സാധാരണ പടിഞ്ഞാറോട്ടു തിരിഞ്ഞാണ് നിൽക്കുക. പിന്നിലുള്ള മഅ്മൂമുകറം വൃത്തങ്ങളിൽ അണിനിരക്കുന്നത് കൊണ്ടു് എല്ലാ ഭാഗത്തും തിരിഞ്ഞുനിൽക്കുന്നതു കാണാം. ഞാൻതന്നെ ഇമാമിന്റെ പിന്നിലും, വലത്തും, ഇടത്തും, ചിലപ്പോറം മുന്നിലുംനിന്നു നമസ്കരിച്ചിട്ടുണ്ടു്. ഈ ഒരു വിശേഷം കഅബാ മസ്ജിദിൽ മാത്രമേ സാദ്ധ്യമാകൂ.

കഅബയുടെ തെക്കുകിഴക്കു് സഫാ (9) യും, വടക്കുകിഴക്കു് മർവാ (10)യും സ്ഥിതിചെയ്യുന്നു. ഇവ തമ്മിലുള്ള അന്തരം 400 മീററാണ്. സഊദ് രാജാവിന്റെ നിർമ്മാണപദ്ധതി വരുന്നതിന്നുമുമ്പു് ഈ രണ്ടു കുന്നുകറംക്കിടയിൽ കെട്ടിടമുണ്ടായിരുന്നില്ല. സാധാരണ നിരത്തുപോലെയായിരുന്നു. അവിടെ ചില്ലറ വ്യാപാരങ്ങറംപോലും ഉണ്ടായിരുന്നു. ഇപ്പോറം ഈ രണ്ടു കുന്നുകറംക്കുമിടയിലുള്ള മസ്അ (18) ഒരൊന്നാംതരം രണ്ടുനില കെട്ടിടത്തിൽ പെടുത്തിയിരിക്കുകയാണ്. 400 മീററർ നീളവും, 22 മീററർ വീതിയുമുള്ള മാർബ്ൾ പതിച്ച ഈ നീണ്ടഹാറം ഭംഗിയും സൌകര്യവും ഉള്ള ഒരു ഹാറംതന്നെ. നടക്കുവാൻ സാധിക്കാത്തവരെ ചക്രംവെച്ച കസേരയിൽ കയററി ഉന്തിക്കൊണ്ടുപോകുന്നതിനു ഹാളിന്റെ നടുവിൽ ഒരു പാതയുണ്ടു്. (10) എന്ന അക്കമിട്ട മർവായുടെയും, (14) എന്ന അക്കമിട്ട കവാടത്തിന്റെയും ഇടയിൽ മൂത്രപ്പുരകളും വുസുവിനുള്ള ടേപ്പുകളും പുരുഷന്മാർക്കും സ്ത്രീകറംക്കും പ്രത്യേകം പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ടു്. അതിനപ്പുറത്തായി ധാരാളം കടകറം നിർമ്മിച്ചു വാടകക്കു വിട്ടിരിക്കുന്നു. കഅബയുടെ നടത്തിപ്പിന്നു് സ്ഥായിയായ വരുമാനം ഉണ്ടാക്കുവാൻ ഈ ഷാപ്പുകറം പ്രയോജനപ്പെടുന്നു.

## ശില്പകല

പള്ളിയുടെ ശില്പകല സരസൻ സ്റ്റൈലിൽ ആകുന്നു. എന്നാൽ ആധുനിക രീതിയിലുള്ള നിർമ്മാണ സൗകര്യങ്ങറം സാധിക്കുന്നതു സ്വീകരിച്ചിട്ടുമുണ്ടു്. തുർക്കിസുൽത്താൻമാർ നിർമ്മിച്ച പള്ളിയുടെ ചില ഭാഗങ്ങറം അങ്ങിനെതന്നെ നിലനിർത്തുകയും, പുതിയ പണികളുമായി

യോജിപ്പിക്കുകയും ചെയ്തിരിക്കുന്നു. വെളിയിൽ നാലുമൂലകളിലും മിനാറത്തുകൾ നിർമ്മിച്ചിരിക്കുന്നു. തെക്കുകിഴക്കെ മൂലയിൽ സഫാമലയുണ്ടല്ലോ. സഫായുടെ മുകളിലായി ഒരു ഖുബ്ബയും അതിനടുത്ത് ഒരൊററ മിനാരവും (11) ആണുള്ളത്. മററ് മൂന്നു മൂലകളിലുള്ള വലിയ കവാടങ്ങളുടെ ഇരുവശത്തുമായി ഇരട്ട മിനാരങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഇങ്ങിനെ ആകെ ഏഴ് മിനാരങ്ങൾ ഉണ്ട്. അവ ഓരോന്നിൻെറയും ഉയരം 90 മീററാണ്. വൈദ്യുദീപങ്ങളാൽ അലംകൃതമായി കഴിയുമ്പോൾ ഈ മിനാരത്തുകൾ അതിമനോഹരമത്രെ.

മസ്ജിദുൽ ഹറാമിനു് ചുററും ഗതാഗതത്തിനു് തടസ്സമുണ്ടാക്കാത്ത രീതിയിൽ 4000 കാറുകൾ പാർക്കു ചെയ്യുവാൻ സൌകര്യമുണ്ട്. 30 മീററർ വീതിയുള്ള നിരത്തുകൾ എല്ലാഭാഗത്തും നിർമ്മിച്ചിരിക്കുന്നു. നാലുഭാഗത്തും വിശാലമായ മുററവുംഉണ്ട്. സഫായുടെ അരികിൽ "ദാറുൽ അർഖം" ഉണ്ടായിരുന്ന സ്ഥലത്ത് ഇസ്ലാമിക സാഹിത്യം പ്രസിദ്ധീകരിക്കുന്നതിന്നുള്ള ഒരു കേന്ദ്രം സ്ഥാപിക്കുന്നതാണ്. ഇവിടെയായിരുന്നുവല്ലോ ഹിജ്റക്കുമുമ്പ് മുഹമ്മദ്നബി (സ) താമസിച്ചതും. മതോപദേശം നൽകിവന്നതും. മസ്ആയുടെയും ബസാറിൻെറയും ഇടയിൽ ഒരു നല്ല തോട്ടം വളർത്തുവാനും ഉദ്ദേശമുണ്ട്.

# ത്വവാഫ്, സഅ്യ്, ഉംറ

മക്കാശരീഫിൽ പ്രവേശിച്ചപ്പോൾ ചെയ്തുതീർത്ത 'ഉംറ'ക്കു പുറമെ, ഹജ്ജിനു് മുമ്പും പിമ്പുമായി മക്കായിൽ താമസിച്ചിരുന്ന ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഞങ്ങൾ മൂന്നു നാലു് പ്രാവശ്യം വീണ്ടും ഉംറ നിർവ്വഹിച്ചു. ഞങ്ങളുടെ പാർട്ടിയിൽ ഞാനും ഭാര്യയും, അബ്ദുല്ല ബാഫഖിതങ്ങളും, കാദർകുട്ടി സാഹിബും അദ്ദേഹത്തിൻെറ സഹോദരിയും ആണ് സാധാരണ ഉണ്ടാകാറ്. ഹറമിൻെറ അതിർത്തികൾക്ക് വെളിയിൽവെച്ച് ഇഹ്റാമിൽ പ്രവേശിക്കുകയും, ക്രമപ്രകാരം ത്വവാഫും, സഅ്യും നിർവ്വഹിച്ച്, തലമുടിയിൽനിന്നു് അല്പമെങ്കിലും നീക്കി 'തഹല്ലുൽ' ആവുകയുമാണല്ലൊ ഉംറ. സുന്നത്തു നമസ്കാരമോ, സുന്നത്തു നോമ്പോ പോലെ ഈ പുണ്യകർമ്മം എപ്പോൾ വേണമെങ്കിലും എത്ര പ്രാവശ്യം വേണമെങ്കിലും ചെയ്യാവുന്നതാണ്. ലത്തീഫു സാഹിബും ഭാര്യയും ആഴ്ചതോറും മൂന്നു പ്രാവശ്യമെങ്കിലും ഉംറ എടുത്തുപോന്നു. ഇക്കാര്യത്തിൽ ഈ യുവദമ്പതിമാരെ ജയിക്കുവാൻ അധികംപേരുണ്ടായിരുന്നില്ല. രാവിലെ സ്നാനം ചെയ്തു, ഇഹ്റാമിൻെറ ഉടുപ്പു ധരിച്ച്, ഒരു ടാക്സിയിൽ ഏതെങ്കിലും ഒരു 'മീഖാത്തി'ലേക്കു പോകുന്നു. അവിടെയുള്ള ചെറിയ പള്ളിയിൽക്കയറി രണ്ടു റകഅത്ത് സുന്നത്ത് നമസ്കരിച്ച്

നിയ്യത്ത് ചെയ്യുന്നു. മടങ്ങി കഅ്ബയിലേക്കു വന്നു ത്വവാഫും, തുടർന്നു സഫാമർവായിൽ സഅ്യും കഴിക്കുന്നു. മർവായുടെ പരിസരത്തുതന്നെ മുടിനീക്കി തഹല്ലുൽ ആകുന്നു. കിഴക്ക് അറഫയോടടുത്ത വാദീനമിറ:, വടക്ക് വാദീനഖ്‌ല; വടക്കു പടിഞ്ഞാറ് തൻഈം; തെക്ക് അളാഅത്തില്ലബൻ; പടിഞ്ഞാറ് ഹുദൈബിയ്യ: എന്നീ സ്ഥലങ്ങളാണ് മീഖാത്തുകൾ. ഇവ കഅ്ബായിൽനിന്നു 6 മുതൽ 20 വരെ കി. മീ ദൂരെ സ്ഥിതിചെയ്യുന്നു. അടുത്തുള്ള സ്ഥലത്തുനിന്നു ആരംഭിക്കുന്ന ഉംറയെ ഉംറാസഗീറെന്നും ദൂരെ നിന്ന് ആരംഭിക്കുന്നതിനു ഉംറാ കബീർ എന്നും പറയുന്നു. ടാക്സികാറിൽ സഞ്ചരിക്കുന്നവർക്കു 10-15 കി. മീ ജാസ്തി ഓടുന്നത് ഒരു വ്യത്യാസത്തെക്കുറിക്കുന്നില്ല. എന്നാൽ കാൽ നടയായും ഒട്ടകപ്പുറത്തും ഈ യാത്രകൾ ചെയ്യുമ്പോൾ യാത്രയിലുള്ള ദൂരവ്യത്യാസത്തിനു അതിൻേറതായ പ്രാധാന്യം ഉണ്ടെന്നുള്ളത് തീർച്ചയാണ്. ഞങ്ങൾ ഉംറകൾ ആരംഭിച്ചതു തൻഈം, വാദീനഖ്‌ലയുടെ അടുത്തുള്ള ജഅ്റാനത്ത് എന്നീ സ്ഥലങ്ങളിൽ വെച്ചായിരുന്നു ജഅ്റാനത്തിൽ ഒരു ചെറിയ കിണറുണ്ട്. പണ്ടു പണ്ടേയുണ്ടായിരുന്ന ഈ കിണററിൽ നിന്നു റസൂൽകരിം (സ) തിരുമേനിയും സഖാക്കളും വെള്ളമെടുത്ത് അംഗശുദ്ധി വരുത്തിയിരുന്നു. വൃത്തിയായി സൂക്ഷിച്ചിട്ടുള്ള ഈ കിണററിൽ നിന്നു തീർത്ഥാടകർ വുസു എടുക്കുന്നു. ഇതു് വൃത്തിയായിതന്നെ സൂക്ഷിക്കുവാനും അനേകം പേർക്ക് ഈ വെള്ളം ഉപയോഗിക്കുവാനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചില നിർമ്മാണ പദ്ധതികൾ സഊദി ഗവർമ്മെണ്ട് ആവിഷ്ക്കരിക്കുന്നുണ്ട്.

ഈ മിഖാത്തുകളിലുള്ള പള്ളികളിൽ ഞങ്ങൾ, പുരുഷന്മാരും സ്ത്രീകളും വെവ്വേറെ അണിനിരന്നു നമസ്കരിച്ചു. ഇവിടത്തെ പള്ളികളിൽ പുരുഷന്മാർക്കെന്നെപോലെ സ്ത്രീകൾക്കും പ്രവേശനമുണ്ട്. ചില പള്ളികളിൽ സ്ത്രീകൾക്കു പ്രത്യേകം സ്ഥലം നീക്കിവെച്ചിരിക്കുന്നു. ചില പള്ളികളിൽ അവർ പൊതുവായുള്ള ഹാളിൽതന്നെ പിൻനിരകളിൽ നിൽക്കുന്നു. ഉംറയുടെ ഭാഗമെന്നനിലയിൽ ചെയ്ത ത്വവാഫ്, സഅ്യ് എന്നിവക്കും, വേറെ അവസരങ്ങളിൽ ചെയ്ത അനേകം ത്വവാഫുകൾക്കും വഴികാട്ടിയുടെ സഹായം വേണ്ടിവന്നില്ല. ആദ്യത്തെ ത്വവാഫിനും മററും വഴിക്കാട്ടിയുണ്ടായിരുന്നുവെന്നു നേരത്തെ പറഞ്ഞുവല്ലോ. പിന്നീട് മനാസിക്കുകളുടെ സഹായത്തോടുകൂടി അവയിലുള്ള ദിക്റുകളും പ്രാർത്ഥനകളും ഉരുവിടുകയുണ്ടായി. ഇങ്ങിനെ ചെയ്യുന്ന കൂട്ടങ്ങൾ ധാരാളമുണ്ടായിരുന്നു. ഗ്രൂപ്പ് നേതാവ് കിത്താബ് നോക്കിയോ, മന:പാഠമായോ ദിക്റുകളും ദുആകളും ഉരുവിടും. മററുള്ളവർ അതുകേട്ടു ആവർത്തിക്കും. അങ്ങിനെയുള്ള ചില ഗ്രൂപ്പുകളിൽചേർന്നു ത്വവാഫ് ചെയ്തിട്ടുണ്ട്. കറുത്ത ആഫ്രിക്കക്കാരുടെയും, വെളുത്ത യൂഗോസ്ലാവിയക്കാരുടെയും, മഞ്ഞനിറമുള്ള മലേഷ്യക്കാരുടെയും കൂടെ പലപ്പോഴും ത്വ

വാഫിനു ചേരുകയുണ്ടായി. ഒരിക്കൽ യമൻകാരുടെകൂടെ സഅ്യിനു ചേർന്നു. അവരുടെ നടത്തംതന്നെ ഏതാണ്ട് ഓട്ടത്തിനു തുല്യമായിരുന്നു. ഞാനും ധൃതിയിൽനടന്നു. പച്ചതൂണുകളുടെ അടുത്തു വേഗത്തിൽ നടക്കേണ്ട സ്ഥലത്തു എത്തിയപ്പോൾ അവർ ഒരൊററ ഓട്ടം–നൂറ് മീററർ ഡേഷ്! ഞാൻ അമ്പരന്നുനിന്നു പോകുകയും, യമനികളെ അവരുടെ പാട്ടിനു വിടുകയുംചെയ്തു. രണ്ടുമൂന്നു ദിവസങ്ങൾ ഇങ്ങിനെ ചില പരീക്ഷണങ്ങൾ നടത്തിയശേഷം അതെല്ലാം കൈവെടിഞ്ഞു ത്വവാഫും സഅ്യും തനിച്ച്, യാതൊരു പരസഹായവും കൂടാതെ, നിർവ്വഹിക്കുകയാണ് ചെയ്തത്. ഏകാഗ്രത ലഭിക്കുവാൻ ഇതുമാത്രമായിരുന്നു ശരിയായവഴി. ജീവിതത്തിൽ ഒരു പക്ഷെ ഒരു തവണമാത്രം ലഭ്യമാകുന്ന ഈ പുണ്യമേറിയ സാരഭൂയിഷ്ഠമായ ആരാധനകൾ തികച്ചും പ്രയോജനപ്പെടുത്തേണ്ടത് ഒഴിച്ചുകൂടാത്ത കടമയാണ്. ത്വവാഫിലും സഅ്യിലും ഏകാഗ്രത ലഭിക്കേണമെങ്കിൽ തനിച്ച്, ഹൃദയംതുറന്നു നിർവ്വഹിക്കുകതന്നെ വേണം. വഴികാട്ടിയേയും കയ്യിലേന്തിനടക്കുന്ന മനാസിക്കുകളേയും ഒഴിവാക്കുന്നതാണ് നല്ലതു്.

തനിച്ചു ഏകാഗ്രതയോടെ ചെയ്യുന്ന ത്വവാഫിൽ സൂറത്തുൽ കാഫിറൂൻ, സൂ: ഇഖ്‌ലാസ്, വിശുദ്ധ ഖുർആനിലെ മററ സന്ദർഭോചിതമായ ആയത്തുകൾ, സലാത്ത്, ദിക്ര്, പ്രാർത്ഥനകൾ ഇതെല്ലാം ഉരുവിട്ടു. സ്വന്തം ഭാഷയിൽ ഹൃദയത്തിൻെറ ഭാഷയിൽ, അല്ലാഹുവോട് നേരിട്ടു–അവനോട് മാത്രം–ഹൃദയം തുറന്നു പ്രാർത്ഥിച്ചു. അങ്ങിനെ ഉംറാ യാത്രയിലും, ത്വവാഫിലും സഅ്യിലുമെല്ലാം ഏകാഗ്രത ലഭിച്ചപ്പോൾ ചിന്ത ഉണർന്നു. ആരാധനകളുടെ അന്തഃസത്തയിലേക്ക് അത് ഇറങ്ങിച്ചെന്നു. ഹറം ശരീഫിൻെറ അതിരുകളിൽനിന്നു കഅ്ബാ ശരീഫിനെ ലക്ഷ്യമാക്കി നടക്കുകയാണ്. എന്താണ് കഅ്ബ? നാമെന്തിനു അതിനെ പ്രദക്ഷിണം വെക്കുന്നു? എന്തിനു സഫാ മർവാ താഴ്‌വരയിൽ നടക്കുകയും ഓടുകയും ചെയ്യുന്നു? എന്തിനു മുടിവെട്ടുന്നു? ദിക് കാല ബന്ധങ്ങൾക്കതീതനായ, എല്ലാ കൂട്ടുകെട്ടുകളിൽ നിന്നും പരിശുദ്ധനായ, നമുക്കു വിഭാവന ചെയ്യാൻപോലും സാധിക്കാത്ത രീതിയിൽ ഏകനായ അല്ലാഹുവിനു മാത്രം വഴങ്ങുന്ന നമുക്ക്–അല്ലാഹുവിൻെറ ഏകത്വത്തിൽ, തൗഹീദിൽ, അണുഅളവും വിട്ടൊഴിച്ചൽ ചിന്തിക്കുവാൻപോലും സാധിക്കാത്ത നമുക്കു ഇതെല്ലാം ചില അടയാളങ്ങൾ മാത്രമാണെന്നതിൽ സംശയമില്ല. 'തീർച്ചയായും സഫായും മർവായും അല്ലാഹുവിൻെറ അടയാളങ്ങളിൽ പെട്ടവയാണ്' (വി. ഖു) അതുപോലെതന്നെയാണ് കഅ്ബയും. ഇവയുടെ ചരിത്രപരമായ പ്രാധാന്യം ഓർത്തും ഇവ ഏതു നിലയിലും പുണ്യമേറിയ സ്ഥലങ്ങളാണെന്നു വിശ്വസിച്ചും അവയുമായി ബന്ധപ്പെട്ട എല്ലാ ഇബാദത്തുകളുടെയും ആവശ്യവും ന്യായീകരണവും അവയെക്കുറിച്ചുള്ള ദൈവ

കല്പനകൾ തന്നെയാണെന്നറിഞ്ഞും അവയുടെ അന്തിമലക്ഷ്യം അല്ലാഹു വിൻെറ പ്രീതി സമ്പാദിക്കുകയെന്നതാണെന്നോർത്തും തന്നെ ചിന്ത ചലിക്കുകയാണ്. ഓരോ ആളിനും ഓരോ ചിന്തയുണ്ടാകും. ഒരാളിനു് തന്നെ സന്ദർഭങ്ങൾക്കനുസരിച്ച് വേറെ വേറെ ചിന്തകളുണ്ടാകാം. ചിന്തിക്കുവാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു: ചിന്തിക്കുന്നതു നല്ലതു മാണ്. ഇസ്ലാമിലെ ഓരോ ഇബാദത്തും നമ്മുടെ ഏറിയേറിവരുന്ന അറിവിൻെറയും പരിചയത്തിൻെറയും വെളിച്ചത്തിൽ അപഗ്രഥിച്ച് ചിന്തിക്കും തോറും ആഴമേറിയതായി കാണപ്പെടും. ഈ അനുഭവം നമ്മുടെ വിശ്വാസത്തിനു് ദൃഢത നൽകുകയും ചെയ്യും.

നാം കഅബയെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നു. കഅബയുടെ നിർമ്മാണവും പൂർവ്വകാലചരിത്രവും മനസ്സിൽക്കൂടി കടന്നുപോകുന്നു. അതു് നമ്മുടെഖിബ്‌ലയാണ്. അതു ഖിബ്‌ലയാക്കി കല്പിച്ചശേഷം അല്ലാഹു പ റയുന്നതുനോക്കുക:“...കിഴക്കും പടിഞ്ഞാറും അല്ലാഹുവിനുള്ളതാണ്. അവൻ ഇച്ഛിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലേക്കു നയിക്കുന്നു. ഇപ്രകാരം ഒരുൽ കൃഷ്ടസമുദായമായി നാം നിങ്ങളെ ആക്കിയിരിക്കുന്നു. നിങ്ങൾ മനുഷ്യരാ ശിയുടെമേൽ സാക്ഷികളായിരിക്കുന്നതിനും, റസൂൽ (സ) നിങ്ങളുടെമേൽ സാക്ഷിയായിരിക്കുന്നതിനുംവേണ്ടി. സ്വന്തംകാലിൽ പിറകോട്ടുതിരിഞ്ഞു പോകുന്നവരിൽനിന്നും റസൂലിനെ പിന്തുടരുന്നവരെ (വേർതിരിച്ച്) അറിയുന്നതിനു് വേണ്ടിയല്ലാതെ നിങ്ങൾക്കുള്ള ഖിബ്‌ല നാം വെച്ചി ട്ടില്ല....തീർച്ചയായും അല്ലാഹു മനുഷ്യരോടു ദയാവായ്പുള്ളവനും കരു ണാനിധിയുമത്രെ! (മാർഗ്ഗനിർദ്ദേശത്തിനു് വേണ്ടി) ആകാശത്തേക്കു് നിൻെറ മുഖംതിരിക്കുന്നതു് തീർച്ചയായും നാം കണ്ടു. അതുകൊണ്ടു നിന്നെ തൃപ്തിപ്പെടുത്തുന്നതായ ഒരു ഖിബ്‌ലയിലേക്കു് നാം തിരിക്കുന്ന താണ്. ആകയാൽ വിശുദ്ധമായ പ്രാർത്ഥനാലയത്തിൻെറ നേർക്കു് (മസ്ജിദുൽ ഹറം) നിൻെറ മുഖത്തെ നീ തിരിക്കുക. നിങ്ങൾ എവി ടെയൊക്കെ ആയിരുന്നാലും അതിൻെറ നേർക്കു നിങ്ങൾ മുഖം തിരിക്കു വിൻ....ഓരോരുത്തനും ഓരോ ലക്ഷ്യമുണ്ട്. അതിലേക്കു അവൻ തിരി യുന്നു. അതുകൊണ്ടു് നിങ്ങൾ നല്ല കാര്യങ്ങളിൽ (ഒന്നിനൊന്നു) മുന്നിട്ടു നിൽക്കുവിൻ. നിങ്ങൾ എവിടെയൊക്കെ ആയിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ചുകൊണ്ടുവരും. തീർച്ചയായും അല്ലാഹു എല്ലാക്കാര്യ ത്തിനും കഴിവുററവനത്രെ!....നീ എവിടെനിന്നു പുറപ്പെട്ടുവന്നാലും വിശുദ്ധ പ്രാർത്ഥനാലയത്തിൻെറ നേർക്കു നിൻെറ മുഖത്തെ തിരിക്കുക നിങ്ങൾ എവിടെ ആയിരുന്നാലും നിങ്ങളുടെ മുഖങ്ങളെ അതിൻെറ നേർക്കു തിരിക്കുവിൻ!... നിങ്ങൾ എന്നെ ഭയപ്പെടുവിൻ-എൻെറ അനു ഗ്രഹത്തെ നിങ്ങളുടെമേൽ ഞാൻ പൂർത്തീകരിക്കുന്നതിനുവേണ്ടി; നിങ്ങൾ നേർവഴി പ്രാപിക്കുന്നതിനുവേണ്ടിയും. (എപ്രകാരമെന്നാൽ) നിങ്ങൾക്കു് നമ്മുടെ സന്ദേശം ഓതി കേൾപ്പിക്കുകയും, നിങ്ങളെ ശുദ്ധീ

കരിക്കുകയും, (വേദ) ഗ്രന്ഥവും, വിജ്ഞാനവും നിങ്ങളെ പഠിപ്പിക്കുകയും നിങ്ങൾക്കു അറിവില്ലാതിരുന്നതെന്തോ അതു നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നിങ്ങളിൽനിന്നും നിങ്ങളുടെ ഇടയിലേക്കു നാം അയച്ചതുപോലെ. അതുകൊണ്ടു് എന്നെ സ്മരിക്കുവിൻ; ഞാൻ നിങ്ങളെ സ്മരിക്കും. എന്നോടു് നന്ദികാട്ടുകയും എന്നെ നിഷേധിക്കാതിരിക്കുകയും ചെയ്യുവിൻ!' (വി. ഖു. 2: 142-152)

പിന്നെ ത്വവാഫാണു്. ഇസ്ലാമിലെ മററ മിക്ക ഇബാദത്തുകളെയും പോലെ ത്വവാഫും ഇസ്ലാമിക സംസ്കാരത്തിൻെറ അന്തഃസത്തയെ നല്ലപോലെ പ്രതിഫലിപ്പിക്കുന്നു. കഅബയെ പ്രദക്ഷിണം ചെയ്യുകയാണു്. കഅബ ഒരുറച്ച അചഞ്ചലമായ കേന്ദ്രബിന്ദുവെ പ്രതിനിധാനം ചെയ്യുന്നു. പ്രദക്ഷിണം ചലനമാണു്. കേന്ദ്രബിന്ദുവെ ആധാരമാക്കി, അതിനെ ചുററികൊണ്ടുള്ള ചലനം. ഇസ്ലാമിക സംസ്കാരത്തിൻെറ ആധാരം ഏകദൈവ വിശ്വാസവും, അതിൻെറ പുരോഗമനപരമായ ചലനം 'അമലുസ്സാലിഹാത്തു്'മാണു്. അല്ലാഹുവിൻെറ പ്രീതിയെ ലാക്കാക്കി നാം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ഇസ്ലാമിൽ ഇബാദത്താണു്-അമലുസ്സാലിഹാത്താണു്. മാനവസമുദായത്തിൻെറ ഗുണത്തിനുവേണ്ടി, വ്യക്തിയുടേതായാലും സമൂഹത്തിൻേറതായാലും ശരി, പ്രയത്നിക്കുവാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു. ആ പ്രയത്നങ്ങളെല്ലാം അല്ലാഹുവിൻെറ തൃപ്തിയെ കാംക്ഷിച്ചുകൊണ്ടായിരിക്കണം എന്നുവെച്ചാൽ സത്യത്തിനും നീതിക്കും യോജിച്ച നിലയിൽ യാതൊരുവിധ ദൂഷണവും കൂടാതെ ചെയ്യുന്ന സൽക്കർമ്മങ്ങളായിരിക്കണം. പാപകർമ്മങ്ങളിൽ നിന്നു ഒഴിഞ്ഞു മാറുന്നതു് ആവശ്യംതന്നെ. പക്ഷെ അങ്ങിനെ ഒഴിഞ്ഞുമാറുന്നതുകൊണ്ടു് മാത്രം തൃപ്തിപ്പെട്ടുകൂടാ. സൽകർമ്മങ്ങൾ ചെയ്തുകൊണ്ടേയിരിക്കുകയും വേണം. അതാണു് ത്വവാഫിൻെറ പാഠം. പ്രദക്ഷിണം, മെല്ലെയും വേഗതയോടെയും നടക്കൽ, ഈ നടത്തത്തിൽ അല്ലാഹുവെ ഓർക്കൽ, അവൻെറ സ്തോത്രം ഉച്ചരിക്കൽ, അവനോടു് പ്രാർത്ഥിക്കൽ, അവനോടു് മാത്രം പ്രാർത്ഥിക്കൽ, ഇഹത്തിൽ നന്മക്കു വേണ്ടി, പരത്തിൽ വിജയത്തിനു്വേണ്ടി. "റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനഃ, വഫിൽആഖിറത്തി ഹസനഃ, വഖിനാ അദാബന്നാർ!"

ഒരിടത്തിരുന്നുകൊണ്ടു മാത്രമുള്ള പ്രാർത്ഥനയല്ല, നടന്നും, വേഗം വേഗം നടന്നും കൊണ്ടുള്ള പ്രാർത്ഥന. ചലനാത്മകമായ ജീവിതത്തെ കുറിക്കുന്ന പ്രാർത്ഥന. ഈ ചലനം വെറുതെ ലക്ഷ്യമില്ലാതെ ചുററിക്കറങ്ങലാണോ? അല്ല, അല്ലാഹുവിൻെറ പ്രീതിയെലക്ഷ്യമാക്കിയുള്ള ചലനം! ത്വവാഫ് കഴിഞ്ഞാൽ നമസ്കരിക്കുന്നു. ഇബ്രാഹിംമഖാമിനു് പിന്നിൽ അല്ലാഹുവിൻെറ "ഖലീലി"നെപ്പററിയുള്ള ഓർമ്മകൾ മനസ്സിൽ തറച്ചുവരികയായി. വീണ്ടും നടക്കുകയാണു്. സഫായിലേക്കും

മർവ്വായിലേക്കും അങ്ങിനെ വീണ്ടും ചലനംതന്നെ. നടന്നും ഓടിയും, അല്ലാഹുവിൻെറ നാമത്തെ പ്രകീർത്തിച്ചും, പ്രാർത്ഥനകൾ ഉരുവിട്ടും ഇഹപര സൌഭാഗ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. പ്രാർത്ഥനക്കുത്തരം ലഭിക്കും 'എന്നെ സ്മരിക്കുവിൻ, ഞാൻ നിങ്ങളെ സ്മരിക്കും". (വി. ഖു. 2: 152)- ഇതു് അല്ലാഹുവിൻെറ വാഗ്ദാനമാണ്. നാം നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നു. അതു സുസാദ്ധ്യമാകേണ്ടതിനു് പരിശ്രമിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. പ്രവൃത്തിയുടെ പിൻബലമില്ലാത്ത, അമലുസ്സാലിഹാത്തില്ലാത്ത, പ്രാർത്ഥന അപൂർണ്ണമാണ്. അമലുസ്സാലിഹാത്ത്, പരിശ്രമം, ജിഹാദ്, ത്യാഗം! നാം ത്യാഗത്തിനു് സന്നദ്ധരായിരിക്കുന്നു. അതിൻെറ ലക്ഷണമത്രെ മുടിവെട്ടൽ.

ചുരുക്കത്തിൽ കഅ്ബയെ ചുററിയുള്ള ഈ ആരാധനകളുടെ ആകെ സാരം ഇതാണ്: നാം തൌഹീദിൽ- ഏക ദൈവത്തിൽ-അടിയുറച്ചു വിശ്വസിക്കണം. അവൻെറ സംതൃപ്തിയെ ലാക്കാക്കി സൽക്കർമ്മങ്ങൾ പ്രവർത്തിക്കണം. കഅ്ബയും സഫാമർവായും ത്വവാഫും സഅ്‌യുമെല്ലാം ഇതിൻെറ അടയാളങ്ങളാണ്. ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് കഅ്ബാശരീഫിനെപ്പററി അല്ലാമാഇഖ്ബാൽ പാടിയത്: 'ഭൂലോകത്തുള്ള ദേവാലയങ്ങളിൽ ഒന്നാമത്തേതായ അല്ലാഹുവിൻെറ ഭവനം! നാം അതിൻെറ കാവൽ ഭടന്മാരാണ്, അതാകട്ടെ നമ്മുടെ കാവൽക്കാരനും', കഅ്ബയെ നോക്കിനിന്നുകൊണ്ടു ഈ ഈരടികൾ ഞാൻ പലവുരു ഉച്ചരിച്ചിട്ടുണ്ട്. കഅ്ബയെ നാം കാത്തു സൂക്ഷിക്കുന്നു. കഴിഞ്ഞ 1380 വർഷങ്ങളായി അതു് മുസ്ലിംലോകത്തിൻേറതായി അവരുടെ സംരക്ഷണത്തിൽ കഴിയുകയാണ്. മേലിലും അല്ലാഹുവിൻെറ സഹായത്താൽ അങ്ങിനെ തന്നെയിരിക്കും. അതു നമ്മെയും കാക്കുന്നു.- എന്നുവെച്ചാൽ ഇസ്ലാംമതം, ഇസ്ലാമിക സംസ്ക്കാരം, ഇസ്ലാമികാദർശം നമ്മെ കാത്തു രക്ഷിക്കുന്നുവെന്നർത്ഥം. ഏകദൈവ വിശ്വാസം, നബി (സ) യിലും രിസാലത്തിലുമുള്ള വിശ്വാസം, അന്ത്യദിനത്തിലും മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസം, സൽകർമ്മങ്ങൾ നിറഞ്ഞ ജീവിതമാർഗ്ഗം-ഇതെല്ലാം നമ്മെ കാത്തു രക്ഷിക്കുന്നു. നാം എത്രത്തോളം ഇതിന്നർഹരാണ് എന്നതാണ് ചോദ്യം.

## ഹറംശരീഫിലെ പ്രഭാഷണങ്ങൾ

അറബി, ഉർദ്ദു, ഇംഗ്ലീഷ്, തമിഴ് മലയാളം മുതലായ ഭാഷകളിൽ ദിനേന ഉണ്ടാകാറുള്ള പ്രഭാഷണങ്ങൾ ശ്രദ്ധിക്കുന്നതു് പതിവായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇംഗ്ലീഷിലും ഉർദ്ദുവിലുമുള്ള പ്രസംഗങ്ങളാണ് അധികവും ഇഷ്ടപ്പെട്ടത്. ഹറംശരീഫിലെ ഈ സാരോപദേ

ശങ്ങൾ കേൾക്കുന്നതു് അറിവും ഭക്തിയും വർദ്ധിക്കുന്നതിന്നു് സഹായകമായിരുന്നു. പ്രഭാഷണങ്ങൾ മിക്കതും ഹജ്ജിനെപ്പററിയുള്ളവയായിരുന്നു. എന്നാൽ ഹജ്ജിൻെറ വിവിധ വശങ്ങൾ വിവരിക്കുമ്പോൾ ഇസ്ലാംമതത്തിൻെറയും സംസ്കാരത്തിൻെറയും പ്രധാന വശങ്ങൾതന്നെയാണു് വ്യക്തമായി തെളിഞ്ഞുവന്നതു്. ഇസ്ലാമിലെ സമത്വത്തെയും സാഹോദര്യത്തേയും പ്രകാശിപ്പിക്കുന്ന ഒരു പ്രസംഗത്തിൽ ഇങ്ങിനെ പറയുകയുണ്ടായി. "ഇസ്ലാമിലെ സമത്വവും സഹോദരത്വവും അനുപമമത്രെ. നിറം, ദേശം, കുടുംബം, സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ—ഇതിനെല്ലാം അതീതമായി ആദർശത്തിൻെറയും തജ്ജന്യമായ ജീവിതരീതിയുടെയും അടിസ്ഥാനത്തിൽ മാനവസമുദായത്തെ ഒന്നായികോർത്ത ഒരു മഹാശക്തിയാണതു്. സമത്വത്തെപ്പററി ഗിരിപ്രഭാഷണങ്ങൾ നടത്തുന്ന പാശ്ചാത്യൻ രാജ്യങ്ങളിൽ തൊലിയുടെ നിറംനോക്കി കഠിനകഠോരമായ വ്യത്യാസങ്ങൾ വെച്ചുപുലർത്തുന്നുണ്ടു്. അഖിലലോക ബോക്സിങ്ങു് ചാമ്പ്യനായ മുഹമ്മദലി ക്ലേക്കും കൂട്ടകാർക്കും എന്തെല്ലാം പ്രയാസങ്ങൾ ഈ ഇരുപതാം നൂററാണ്ടിലും അനുഭവിക്കേണ്ടിവരുന്നു.

"1400 വർഷങ്ങൾക്കുമുമ്പു് മുഹമ്മദ്നബി (സ) കറുത്തവനും വെളുത്തവനും ഖുറൈശിയും അല്ലാത്തവനും അറബിയും അനറബിയും ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും മററുമായുള്ള വ്യത്യാസങ്ങളെ തല്ലിത്തകർത്തു. ഒരു മനുഷ്യനു് മററൊരു മനുഷ്യനെക്കാൾ ഔന്നത്യം ലഭിക്കുന്നതു് അവൻെറ സ്വഭാവത്തിലും പ്രവൃത്തികളിലുമുള്ള നന്മയെ ആസ്പദമാക്കിയിട്ടു മാത്രമാണെന്നു പഠിപ്പിച്ചു. കറുകറുത്ത നീഗ്രോ ഹസ്രത്ത്ബിലാൽ (റ) തിരുനബി (സ) യുടെ ഉത്തമ സുഹൃത്തായിരുന്നു. നമസ്കാരത്തിന്നുവേണ്ടി ബാങ്കു് വിളിക്കുന്ന ബഹുമാന്യപദവി അദ്ദേഹത്തിന്നു് നല്കപ്പെട്ടു. "യാബിലാൽ, യാബിലാൽ" എന്നു് വിളിച്ചുകൊണ്ടു് റസൂൽ (സ) ഉറക്കത്തിൽനിന്നു ഞെട്ടി ഉണരാറുണ്ടായിരുന്നുവെന്നു ഹ. ആയിശാ (റ) പറഞ്ഞിട്ടുണ്ടു്. കാരണം അന്വേഷിച്ചപ്പോൾ ബിലാൽ (റ) സ്വർഗ്ഗത്തിൽ വിഹരിക്കുന്നതായി സ്വപ്നംകണ്ടു എന്നു തിരുമേനി (സ) അരുളുകയുണ്ടായി. ഒരു പാർസിയായിരുന്ന സൽമാൻ (റ) സ്വന്തം കുടുംബാംഗമാണെന്നു നബി (സ) പറയാറുണ്ടായിരുന്നു. അദ്ദേഹം തിരുമേനി (സ) യുടെ ഉത്തമസുഹൃത്തും വിലപ്പെട്ട സഖാവും ആയിരുന്നു. നേരെമറിച്ചു സ്വന്തം പിതൃസഹോദരനായ അബുലഹബിനെ നബി (സ) തള്ളിപ്പറഞ്ഞു. വിശുദ്ധ ഖുർആനിൽ—സൂറത്തുല്ലഹബിൽ-അബുലഹബ് ശപിക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമിൽ വർണ്ണം, ദേശം, ഗോത്രം ഇതിനൊന്നും യാതൊരു പരിഗണനയും ലഭിക്കുന്നില്ല. മനുഷ്യസഹോദര്യത്തെ സംബന്ധിച്ചേടത്തോളം അവക്കൊന്നും പ്രസക്തിയില്ല. മനുഷ്യനു് മേന്മനൽകുന്നതു് ആദർശത്തിലുള്ള വിശ്വാസവും അതനുസരിച്ചുള്ള സൽകർമ്മങ്ങളും മാത്രമാണു്. ബിലാലും സൽമാനും

അബൂബക്കറും ഉമറും അടുക്കുന്നതും അബൂലഹബും അബൂജഹലും അവ രിൽനിന്നു ദൂരപ്പെട്ടുപോകുന്നതും അതിന്മേലാണ്. ഇസ്ലാം നേടിയെ ടുത്ത സമത്വവും സഹോദരത്വവുമാണ് ഇതാ! ഇവിടെ കാണുന്നതു്. നോക്കുക: കഅബാ ശരീഫിനെ പ്രദക്ഷിണം ചെയ്യുന്നവരുടെ ഇടയിലുള്ള ബാഹ്യമായ വൈവിദ്ധ്യങ്ങളും അവർ തമ്മിലുള്ള ഐകമത്യവും! എന്തെല്ലാം രാജ്യക്കാർ, എന്തെല്ലാം നിറം, പ്രകൃതി, ഏതെല്ലാം വേഷവി ധാനങ്ങൾ! പക്ഷെ എല്ലാവരുടെയും ലക്ഷ്യവും മാർഗ്ഗവും ഒന്നുതന്നെ. ഏകനായ അല്ലാഹുവിനു വണങ്ങുന്നു. അവൻെറ തൃപ്തിക്കനുസരിച്ച ജീവിക്കുവാൻ പ്രതിജ്ഞയെടുക്കുന്നു. ഈ ബാഹ്യമായ വ്യത്യാസങ്ങ ളേയും ഉച്ചനീചത്വങ്ങളെയും അല്ലാഹു നോക്കുന്നില്ല. മനുഷ്യരുടെ ഹൃദ യങ്ങളിലുള്ള തഖ്വായെ അവൻ നോക്കുന്നു. അതിൻെറ ഏററക്കുറച്ചിലനുസരിച്ച അവരുടെ യോഗ്യത നിർണ്ണയിക്കുന്നു."

## മുസൽമാൻ എവിടെ

ഇംഗ്ലീഷ് പ്രസംഗത്തിൽ: "ഇസ്ലാം അത്യുത്തമമായ ഒരാദർശ സംഹിതയാണ്, ജീവിത പദ്ധതിയാണ്-പക്ഷെ യഥാർത്ഥ മുസൽമാൻ എവിടെ? ഇതു പലപ്പോഴും പലരും ചോദിക്കാറുള്ളതാണ്. നമ്മുടെ മനസ്സിൽതന്നെ പലപ്പോഴും ഉയർന്നുവരാറുള്ളതാണ്. ഈ ചോദ്യത്തി ന്നുത്തരം പറയുവാൻ സാധിക്കാതെ നാം ലജ്ജിച്ച തലതാഴ്ത്തേണ്ടിവരാൻ കാരണമാകുന്ന ഒരു ദുഃഖസത്യമാണ് യഥാർത്ഥ മുസൽമാന്മാരുടെ സമൂ ഹങ്ങളും രാഷ്ട്രങ്ങളും ഇന്നു വളരെ കുറവാണെന്നതു്. തൗഹീദിൻെറ സന്ദേശം വ്യക്തിപരവും സാമൂഹികവുമായി ജീവിതത്തിൽ പകർക്കു വാൻ, സമത്വവും സഹോദരത്വവും സർവ്വത്ര സംസ്ഥാപിതമാക്കുവാൻ ദേശഭാഷാ വർണ്ണവ്യത്യാസങ്ങൾ അതതിൻെറ അതിർവരമ്പുകളിൽ ഒതുക്കിനിർത്തുവാൻ നാം ശ്രമിക്കേണ്ടതുണ്ട്. ഏകദൈവത്തിൽ വിശ്വ സിച്ച് അവൻെറ കല്പനകൾക്കനുസരിച്ച മനുഷ്യസമുദായം ഒരൊററ കുടുംബമായി വളർന്നുവരുവാൻ വളരെയധികം പണിപ്പെടേണ്ടതുണ്ട്. അതിന്നു ഒരേ ഒരു മാർഗ്ഗം വിശുദ്ധ ഖുർആനും തിരുസുന്നത്തും പിന്തുട രുകയാണ്. അല്ലാഹുവിൻെറ വചനമായ വിശുദ്ധ ഖുർആൻ യാതൊരു കൈകടത്തലും കൂടാതെ അതിൻെറ പൂർണ്ണമായ പരിശുദ്ധതയോടുകൂടി നമ്മുടെ കൈകളിൽ ഇരിക്കുന്നു. നാം നിഷ്കളങ്കമായി പരിശ്രമിക്കുന്ന പക്ഷം അതു നമുക്കു അനുസരിക്കുവാൻ സാധിക്കും. പ്രയാസകരമായി നാം കാണുന്ന സംഗതികൾ അല്ലാഹു നമുക്കു എളുപ്പമാക്കിത്തരും."

## സാഹോദര്യം

ഖുർആൻ പഠിപ്പിച്ച സാഹോദര്യത്തെപ്പററി വീണ്ടും; "ഒരു യുദ്ധം

കഴിഞ്ഞ ശ്രുഹദാക്കാം മുറിവേററ കിടക്കുകയാണ്. അനേകം പേർ മരിച്ചിരിക്കുന്നു. ആരെങ്കിലും ജീവിച്ചിരിക്കുന്നുണ്ടോ എന്നു നോക്കു വാൻ ഒരു സഖാവ് പടക്കളത്തിലേക്കു ചെന്നു. ഒരാാം ആസന്നമരണ നായി കിടക്കുകയാണ്. 'ആഹ്! വെള്ളം!' അത്യാർത്തിയോടെ അയാാം ആവശ്യപ്പെട്ടു. ഉടനെ ഓടിച്ചെന്നു ഒരു പാത്രം വെള്ളവുമായ! അവി ടെ ചെന്നപ്പോാം മററൊരു ശഹീദ് 'ആഹ്' എന്നു പറയുന്നതുകേട്ടു. അയാാംക്കു മുമ്പെ കൊടുക്കുകയെന്നു ആദ്യത്തെ ശഹീദ് ആംഗ്യം കാട്ടി അവിടെ ചെന്നപ്പോാം മൂന്നാമത്തൊരു ശഹീദ് 'ആഹ്' എന്നു പറയു ന്നതുകേട്ടു. രണ്ടാമത്തെ ശഹീദ് ഇയാളുടെ അടുക്കെ വെള്ളം എത്തി ക്കാൻ ആവശ്യപ്പെട്ടു. ഇങ്ങിനെ വെള്ളവുമായി അഞ്ചാമത്തെ ആളെ സമീപിച്ചപ്പോാം അയാാം അന്ത്യശ്വാസം വലിച്ചുകഴിഞ്ഞിരുന്നു. മടങ്ങി നാലാമൻ, മൂന്നാമൻ എന്നിങ്ങിനെ എല്ലാവരുടെയും അടുക്കെ വന്നു നോക്കി. എല്ലാവരും മരിച്ചിരുന്നു! അക്ഷരത്തിലും അർത്ഥത്തിലും സ്വസഹോദരനെ സ്നേഹിച്ച ഇത്തരം കഥകളാണ് പൗരാണിക മുസ്ലിം കളുടേത്".

"ഖലീഫാ ഉമർ (റ) വിജയശ്രീലാളിതനായി ബൈത്തുൽ മുഖദ്ദസ് പട്ടണത്തിൻെറ താക്കോൽ ഏററുവാങ്ങുവാൻ ചെന്ന കഥ ഓർത്തു നോക്കുക. ഒരേ ഒരൊട്ടകം, ഒരേ ഒരു പരിചാരകൻ–ഇതായിരുന്നു അകമ്പ ടി. ഖലീഫയും പരിചാരകനും ഊഴമനുസരിച്ചു മാറിമാറിയാണ് ഒട്ടകപ്പുറ ത്തു സവാരിചെയ്തത്. പട്ടണത്തിൽ പ്രവേശിക്കുമ്പോാം ഒട്ടകപ്പുറത്തുണ്ടാ യിരുന്നതു ഖലീഫയായിരുന്നില്ല, പരിചാരകനായിരുന്നു! ഇതെല്ലാ മാണ് ഇസ്ലാം പഠിപ്പിച്ച സമത്വവും സാഹോദര്യവും. ഇവിടത്തെ ത്വവാഫിലും നമസ്കാരങ്ങളിലുമെല്ലാം ഇതു അർത്ഥശങ്കക്കിടയില്ലാത്ത വിധം, ലോകത്ത് മറെറവിടെയും കാണുവാൻ സാധിക്കാത്തവിധം, നാം കണ്ടും അനുഭവിച്ചും കഴിഞ്ഞു. ഈ അനുഭവം നമ്മുടെ ഹൃദയ ങ്ങളിലും രക്തത്തിലും മജ്ജയിലുമെല്ലാം ഇറങ്ങിച്ചെല്ലണം. ഈ പാഠവും, ഇതുപോലെയുള്ള മററനേകം ഇസ്ലാമികപാഠങ്ങളും ഹൃദയ ത്തിൽ ഉാംക്കൊണ്ട്, പ്രകൃതിയിൽ അലിഞ്ഞുചേർന്നു, സംശുദ്ധമായിട്ടാ യിരിക്കണം ഈ പുണ്യദേവാലയത്തിൽനിന്നു നാം പിരിഞ്ഞുപോകു ന്നതു്.

## ഉർദു പ്രഭാഷണം

വിശുദ്ധ ഖുർആനിനെപ്പററി ഒരു ഉർദു പ്രഭാഷണത്തിൽ വീണ്ടും; "നിങ്ങളുടെ മുമ്പിൽ കാണുന്ന ഈ കഅബാ ശരീഫ് ജാഹിലിയ്യാ കാല ത്ത് പേരുകേട്ട മഹാകവികളുടെയും സാഹിത്യകാരന്മാരുടെയും കേളീ രംഗമായിരുന്നു; മഹാകാവ്യങ്ങളുടെ പ്രദർശനകേന്ദ്രമായിരുന്നു. ഒരു മെച്ച

പ്പെട്ട കൃതി വല്ലവരും നിർമ്മിച്ചാൽ അത് കഅബയുടെ ചുമരുകളിന്മേൽ കെട്ടിത്തൂക്കുകയായി അത് അതിന്നു് തുല്യമായ മറെറാരു കൃതി നിർമ്മിക്കുവാൻ മറവുള്ളവരോടുള്ള ഒരു വെല്ലുവിളിയായിരുന്നു. ഇങ്ങിനെ പല കാവ്യമാലകളും, കാവ്യശകലങ്ങളും കഅബയുടെ ചുമരുകളിന്മേൽ തൂക്കപ്പെടുകയും, അവയെക്കാറ മെച്ചപ്പെട്ട മറെറാന്നു വരുമ്പോഠ അതിന്നു് സ്ഥാനം നൽകി ആദ്യത്തേത് താഴെയിറക്കപ്പെടുകയും ചെയ്യുന്നത് സാധാരണമായിരുന്നു. ജാഹിലിയ്യാ കാലത്തെ അറബികളിൽ പല പോരായ്മകളും ഉണ്ടായിരുന്നുവെങ്കിലും, ചുരുക്കം ചില വിശേഷഗുണങ്ങളും ഉണ്ടായിരുന്നു. അറബിസാഹിത്യത്തിന്റെ ഉന്നതനിലവാരം അവരുടെ നേട്ടങ്ങളിൽ പെട്ടതാണ്. അവരുടെ സകല കഴിവുകളും അറബിസാഹിത്യത്തിന്റെ പരിപോഷണത്തിന്നു അവർ ഉപയോഗിച്ചു. അതിന്റെ ഒരു ഭാഗമായിരുന്നു കഅബയുടെ ചുമരുകളിൽ നടത്താറുള്ള പ്രദർശന മത്സരം വിശുദ്ധ ഖുർആൻ ഇറങ്ങിത്തുടങ്ങിയപ്പോഠ അറബിസാഹിത്യകാരന്മാരോട് അതൊരു വ്യക്തമായ വെല്ലുവിളിയായിത്തീർന്നു. എന്നാൽ മുഹമ്മദ്നബി (സ)യെ അവർ നഖശിഖാന്തം എതിർക്കുകയായിരുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഒരു സഹൃദയൻ വിശുദ്ധ ഖുർആനിലെ ഏററവും ചെറിയ സൂറ-മൂന്നേ മൂന്നു ആയത്തുകഠ- ഒരു പത്രികയിലെഴുതി കഅബയുടെ ചുമരിന്മേൽ കെട്ടിത്തൂക്കി:

"ഇന്നാ അഅ്തൈനാകൽ കൌസർ-
ഫസല്ലിലി റബ്ബിക്ക വൻഹർ-
ഇന്നശാനിഅക്ക ഹുവൽ അബ്തർ-"

"പരസ്യമായ വെല്ലുവിളിതന്നെ. വിശുദ്ധ ഖുർആനിലെ ഈ ചെറിയ സൂക്തങ്ങഠക്ക് തുല്യമായ വല്ലതും രചിക്കുവാൻ അറബിരാജ്യത്തെ കവി സർവഭൌമന്മാരെ ആഹ്വാനം ചെയ്തിരിക്കയാണ്. പക്ഷെ അത് സ്വീകരിക്കുവാൻ ആർക്കും സാധിച്ചില്ല. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞശേഷം ഒരു സത്യസന്ധൻ ആ മൂന്നു ആയത്തുകഠക്ക് കീഴിലായി നാലാമത് ഒരു വരിയുംകൂടി കൂട്ടിച്ചേർത്തു: (ഇതും അറബിൽ) '-മാഹാദാ കലാമുൽ ബശർ- ഇത് മനുഷ്യനിർമ്മിതമായ വാക്യമല്ല!' വിശുദ്ധ ഖുർആന്റെ അമാനുഷികതയെ തെളിയിക്കുന്ന നിരവധി സംഗതികഠ ഇനിയും പറയുവാനുണ്ട്. ദിവ്യഗ്രന്ഥം - അല്ലാഹുവിന്റെ വചനം - യാതൊരു വ്യത്യാസവുമില്ലാതെ നമ്മുടെ പക്കൽ ഉണ്ട്".

## ഹറംശരീഫിലെ പ്രഭാഷണങ്ങഠ പ്രാർത്ഥനകഠ

"വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമായി നാം സ്വീകരിക്കേണ്ടതു

ഹദീസ് ശരീഫിനെയാണ്. സഹീഹായ ഹദീസുകൾ നമുക്ക് ലഭ്യമായിട്ടുള്ള ഒരമൂല്യസമ്പത്താണ്. ഹദീസ് ശേഖരണത്തിൽ മഹാന്മാരായ മുഹദ്ദിസുകൾ ചെയ്ത സേവനങ്ങൾ, അവർ സഹിച്ച ത്യാഗങ്ങൾ, അവർ സ്വീകരിച്ച മാനദണ്ഡങ്ങൾ ഇതെല്ലാം പറഞ്ഞുതീർക്കുവാൻ പ്രയാസം. ഇമാംബുഖാരി (റ) ഹദീസ് ശേഖരണാർത്ഥം (1200 വർഷങ്ങൾക്കുമുമ്പ്) 3000 ത്തിലധികം കിലോമീററുകൾ സഞ്ചരിക്കുകയുണ്ടായി. നിരവധി ത്യാഗങ്ങൾ സഹിച്ച ശേഖരിച്ച ഹദീസുകൾ സത്യസന്ധമായിരിക്കേണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഒരു ദിവസം ഒരു ഹദീസു നിവേദകനെ തിരഞ്ഞു അയാളുടെ വീട്ടിൽ ചെന്നപ്പോൾ അയാൾ തൻെറ ആട്ടിന് ഇലകാണിച്ചു കൊടുക്കുകയായിരുന്നു. അതു തിന്നുവാനുള്ള കൊതിയോടെ ആട് ആ മനുഷ്യന് നേരെ ഓടിച്ചെല്ലുകയും യഥേഷ്ടം പാൽ കറന്നെടുക്കുവാൻ അനുവദിക്കുകയും ചെയ്തു. പക്ഷെ ഇലകാട്ടി വ്യാമോഹിപ്പിച്ചതല്ലാതെ അതു ഇഷ്ടാനുസരണം ഭക്ഷിക്കുവാൻ ആട്ടിനെ സമ്മതിച്ചില്ല. ഒരു മിണ്ടാപ്രാണിയായ ജന്തുവെ ഈ നിലയിൽ ചതിക്കുവാൻ തയ്യാറുള്ള ഒരാളിൽനിന്ന് വിശ്വാസയോഗ്യമായ ഹദീസുകൾ പ്രതീക്ഷിക്കുന്നതു് ശരിയല്ലെന്ന് നിശ്ചയിച്ച ഇമാം (റ) തിരിച്ചുപോവുകയാണുണ്ടായതു്. ഇങ്ങിനെ ഹദീസ് നിവേദനംചെയ്ത പരമ്പരകളിൽപെട്ട എല്ലാവരെപ്പററിയും സൂക്ഷ്മമായ അന്വേഷണംനടത്തി തികച്ചും വിശ്വാസയോഗ്യമായ ഹദീസുകളെയാണ് ഇമാം ബുഖാരി (റ), ഇമാം മുസ്ലിം (റ) തുടങ്ങിയ മുഹദ്ദിസുകൾ സ്വീകരിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിൻെറ വ്യാഖ്യാനമാണ് ഹദീസ്. മുസ്ലിംകളെ ഒരു സമുദായമായി വാർത്തെടുത്തതും അങ്ങിനെ നിലനിർത്തുന്നതും ശരീഅത്താണ്. ശരീഅത്തിനു രൂപംകൊടുത്തത് ഹദീസും. അതുകൊണ്ട് ഹദീസ് ശരീഫിനെ വിശുദ്ധ ഖുർആനിൻെറ വ്യാഖ്യാനമായി അംഗീകരിക്കുകയും അതിലെ വിധിവിലക്കുകളും നിർദ്ദേശങ്ങളും അനുസരിച്ച പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്".

## തർക്കവിഷയങ്ങൾ ഒഴിവാക്കി

തർക്കവിഷയങ്ങൾ ഒഴിവാക്കുക എന്ന ഉദ്ദേശം വെച്ചുതന്നെ രാഷ്ട്രീയപരമായ ഉള്ള സംഗതികൾ ഈ പ്രഭാഷണങ്ങളിൽ ചർച്ച ചെയ്യാറില്ല. എങ്കിലും വിവിധ രാഷ്ട്രങ്ങളിലെ മുസ്ലിംകളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും മററു സാമൂഹ്യപ്രശ്നങ്ങളെയും വിശാലമായ ആദർശങ്ങളുടെ അടിസ്ഥാനത്തിൽ സ്പർശിക്കാറുണ്ട്. ഫലസ്തീൻ, ഫിലിപ്പൈൻസ് മുതലായ പ്രദേശങ്ങളിൽ മുസ്ലിംകൾ അനുഭവിച്ചുവരുന്ന മർദ്ദനങ്ങളും ദുരിതങ്ങളും പലപ്പോഴും ഈ പ്രസംഗങ്ങളിൽ പരാമർശിക്കപ്പെടും. എല്ലാ പ്രസംഗങ്ങളുടെയും അന്ത്യത്തിൽ ദീർഘമായ പ്രാർത്ഥനകൾ ഉണ്ടാകും. ഇസ്ലാമി

ന്റെയും മുസ്ലിംകളുടെയും നന്മക്കും ഇസ്സത്തിന്നും വേണ്ടിയുള്ള പ്രാർത്ഥന ഒരിക്കലും വിട്ടുപോകാറില്ല. ഈ പ്രാർത്ഥനകളുടെ ഭാഷ ഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്നു. പ്രസംഗങ്ങളേക്കാൾ ശക്തിയേറിയ മനം നൊന്തുകൊണ്ടുള്ള വികാരങ്ങളെ ഇളക്കിമറിക്കുന്ന അനുഭവങ്ങളാണ് അവയ്ക്കുള്ളത്. മസ്ജിദുൽ ഹറാമിനുള്ളിലെ വായുവും വെള്ളവും സംസാരവും ആരാധനയുമെല്ലാം ഹൃദയസ്പർശിയായ പ്രാർത്ഥനകൾ തന്നെയാണല്ലോ.

## എന്നിട്ടും തർക്കം

മലയാള ഭാഷയിലും നല്ല നല്ല പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു. എല്ലാ പ്രസംഗങ്ങളിലും വിഷയം ഹജ്ജിനെസംബന്ധിച്ച കാര്യങ്ങൾ തന്നെ. അതിന്റെ ചരിത്രപരമായ പശ്ചാത്തലം, അതുൾക്കൊള്ളുന്ന ആരാധനമുറകളിലെ അന്തഃസത്ത, അവയെക്കുറിച്ചുള്ള മസ്അലകൾ ഇതെല്ലാം സാധാരണ ചർച്ചചെയ്യപ്പെടുന്നു എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, നമ്മുടെ പണ്ഡിതന്മാർ "തഖ്ലീദി"നെപ്പററിയുള്ള തർക്കം ഈ പ്രഭാഷണങ്ങളിൽ വലിച്ചിഴച്ചുകൊണ്ടുവരികയും, മസ്ജിദുൽഹറാമിൽ മലയാളികളുടെ ഇടയിലുണ്ടായിരുന്ന ഭക്തിനിർഭരമായ അന്തരീക്ഷത്തെ അൽപം വഷളാക്കുകയും ചെയ്തു. സന്ദർഭോചിതമല്ലാത്തതും ഒഴിവാക്കേണ്ടതുമായ ഒരു തർക്കമായിരുന്നു അത്. ഈ തർക്കം ഒരു പ്രസംഗത്തിൽ ഉയർന്നുവന്നതിനെതുടർന്നു മുജാഹിദുകളും, മുഖല്ലിദുകളും മാറിമാറി പ്രസംഗങ്ങൾ നടത്തി. ഒരു രാത്രി ഒരേ സമയത്തു് അൽപം ദൂരെയായി രണ്ടു് പ്രസംഗങ്ങൾ നടക്കുകയായിരുന്നു. ഞാനും സ്നേഹിതൻ സയ്യിദ് അബ്ദുല്ലാബാഫഖിയും ഒരു 'മൌലവി'യുടെ പ്രസംഗം ശ്രവിച്ചു. എല്ലാ കാര്യങ്ങളിലും റസൂൽ (സ) കാണിച്ച തന്നമാർഗ്ഗം മുഴുവനായും പിന്തുടരേണ്ട ആവശ്യകതയേയും, അന്ധമായ തഖ്ലീദിന്റെ അപകടത്തേയും വിശദീകരിച്ചശേഷം, നബി ചര്യകളെപ്പററി സൂക്ഷ്മതയില്ലാതെ ചെയ്യുന്ന ആരാധനകൾ അല്ലാഹുവിന് സ്വീകാര്യമല്ലെന്നും, അങ്ങിനെ ചെയ്യുന്നവർ പിഴച്ചവരാണെന്നും പറയുകയുണ്ടായി. വിവാദവിഷയം ഹജ്ജ് സമയത്ത് മീനായിലും അറഫാത്തിലും ജംഉം ഖസ്റും സ്വീകരിച്ചുകൊണ്ടു് നമസ്കരിക്കുന്നതിനെപ്പററിയായിരുന്നു. റസൂൽ (സ) ജംഉം ഖസ്റുമായിട്ടായിരുന്നു നമസ്കരിച്ചിരുന്നതു്. ശാഫിഈകളൊഴിച്ച എല്ലാവരും അങ്ങിനെ ചെയ്യുന്നു. തിരുമേനിയും (സ) സഹാബിമാരും (റ) യാത്രയിലായിരുന്നുവെന്നും, അതുകൊണ്ടാണ് അങ്ങിനെ ചെയ്തത് എന്നുമാണ് ശാഫിഈകളുടെ അഭിപ്രായം. ഈ അഭിപ്രായം സ്വീകരിക്കുന്നവർ 'പിഴച്ചവരാ'ണെന്നു പറയുന്നതുകേട്ടു അല്പം മനോവേദനയോടെ ഞങ്ങൾ 'മുസല്യാ'രുടെ പ്രസംഗം കേൾക്കുവാൻ ചെന്നു. 'സലഫുസ്സാലിഹീങ്ങളെ പിന്തുടരരുതെന്നു പറ

യുന്ന ചില പുഴക്കാം നമ്മുടെ നാട്ടിലുണ്ട്. അവരുടെ 'ശർറിൽനിന്നു രക്ഷതേടുവാനാണ് 'സൂറത്തുന്നാസി'ൽ അല്ലാഹു കല്പിക്കുന്നതെന്നും മററുമായിരുന്നു അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നതു്. ഞാൻ സത്യമായും ഞെട്ടിപ്പോയി. അസഹ്യമായ മനോവേദനയോടുകൂടി അവിടം വിടുകയും, അല്പം ദൂരെയായിനടന്നുകൊണ്ടിരിക്കയായിരുന്ന അത്യുജ്ജ്വലമായ ഒരു ഉർദു പ്രഭാഷണം ശ്രവിക്കുവാൻ ചെല്ലുകയും ചെയ്തു. ഹജ്ജ് വളരെഅടുത്തായിരുന്നതിനാൽഅവിടെയുംവിഷയംഹജ്ജിനെപ്പററിയുള്ള ഫിഖ്ഹ് മസ്അലകളായിരുന്നു. റസൂൽ (സ) ജംഉം ഖസ്റമായി നമസ്കരിച്ച സംഗതി എടുത്തുദ്ധരിച്ചു നാമും അങ്ങിനെ ചെയ്യുന്നതാണ് നല്ലതെന്നു ആ പണ്ഡിതൻ ഉപദേശിച്ചു. 'ശാഫിഈകളൊഴിച്ചു മൂന്നു മദ്ഹബുകാരും അഹ്ലെഹദീസുകാരും ഇങ്ങിനെ ചെയ്യുന്നു. ശാഫിഈ മദ്ഹബിൽ ഇതു യാത്രക്കാർക്കു മാത്രമെ അനുവദിക്കുന്നുള്ളു. സുഹ്റും അസറും മററും മുഴുവനാക്കി നമസ്കരിക്കുവാൻ ആഗ്രഹിക്കുന്നവർ അങ്ങിനെ ചെയ്യട്ടെ. പക്ഷെ ഹജ്ജ് ചെയ്യുന്ന ബഹുഭൂരിപക്ഷം മുസ്ലിംകളും ജംഉം ഖസറുമായി നമസ്കരിക്കുമ്പോാം, റസൂൽ (സ) അങ്ങനെയാണ് ചെയ്തത് എന്നു അറിഞ്ഞുകൊണ്ടു, ജമാഅത്തോടു് യോജിച്ചുപോകുന്നതാണ് നല്ലതു്. മുവല്ലിദുകാംക്ക് പ്രത്യേക സന്ദർഭങ്ങളിൽ അനുയോജ്യമായ നിലയിൽ മദ്ഹബ് മാററിയിട്ടും തഖ്ലീദാവാമല്ലൊ. യോജിപ്പിൻെറ പേരിൽ അങ്ങിനെ ചെയ്യുന്നതിൽ നമുക്കു ബർക്കത്തുണ്ടാകും. എന്നും അദ്ദേഹം തുടർന്നു പറഞ്ഞു. എന്തൊരു വ്യത്യാസം! കാര്യം മുഴുവൻ അദ്ദേഹം വെട്ടിത്തുറന്നു പറയുകയുണ്ടായി. യോജിപ്പിനുള്ള മാർഗ്ഗവും സൌമ്യമായ രീതിയിൽ വ്യക്തമാക്കി. ആരേയും പിഴച്ചവരായോ, പുഴക്കളായോ തള്ളിപ്പറഞ്ഞില്ല. സ്വതന്ത്രമായ ഇജ്തിഹാദുകാരണമായി നൂറോളം മദ്ഹബുകാം മുസ്ലിംകളുടെ ഇടയിൽ വളർന്നു വന്നപ്പോാം സമുദായത്തിനു് പലപ്രകാരത്തിലും ക്ഷീണം ബാധിച്ചിരുന്ന ഒരു സന്നിഗ്ദ്ധ സന്ദർഭത്തിൽ നമ്മളെ കെട്ടുറപ്പുള്ള ഒരു സമുദായമായി നിലനിർത്തുവാൻ നാം തന്നെ സ്വീകരിച്ച ഒരു അച്ചടക്ക നിബന്ധനയായിരുന്നു തഖ്ലീദ്. സമുദായത്തെ ഭിന്നിപ്പിക്കുവാനല്ല, മറിച്ച് ചിന്നിച്ചിതറിപ്പോയിരുന്ന വിഭാഗങ്ങളെ കൂട്ടിയിണക്കി യോജിപ്പിക്കുന്നതിന്നായിരുന്നു അതു രൂപം കൊണ്ടതു്. ആവശ്യമായ കാരണങ്ങളിൽ ഇജ്തിഹാദിൻെറ ആവശ്യം തള്ളിപ്പറയുവാനോ, ഇജ്തിഹാതിൻെറ വാതിലുകാം കൊട്ടിയടക്കുവാനോ, അന്ധമായ തഖ്ലീദോ വെറും തഖ്ലീദിൻെറ മാത്രമായ സമീപനമോ വളർത്തുവാനോ മദ്ഹബുകളുടെ പ്രണേതാക്കാം ഉദ്ദേശിച്ചിരുന്നില്ല. അഗാധമായ പാണ്ഡിത്യവും അതിനനുയോജ്യമായ തഖ്വായും ഉണ്ടായിരുന്ന ഫിഖ്ഹിൻെറയും ഹദീസിൻെറയും പണ്ഡിതന്മാർ ഇബാദത്തുകളെപററി നമുക്കറിയേണ്ട

എല്ലാ സംഗതികളും വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഹദീസ് ഗ്രന്ഥങ്ങൾ ക്രോഡീകരിക്കപ്പെട്ടശേഷം വന്ന മുജാഹിദ് പ്രസ്ഥാനം "ഇത്തിബാഉർറസൂലിൻെറ അടിസ്ഥാനത്തിൽ സമുദായത്തെ കൂട്ടതൽ സംയോജിപ്പിക്കുവാനും കൂട്ടതൽ കെട്ടുറപ്പുള്ളതാക്കുവാനുമാണ് ശ്രമിച്ചത്. മുഖല്ലിദ് മുജാഹിദ് വിവാദങ്ങളിലേക്ക് ഞാൻ പ്രവേശിക്കുകയല്ല. രണ്ട് കൂട്ടരുടെയും ലക്ഷ്യം സമുദായത്തിൻെറ ഐക്യവും കെട്ടുറപ്പുമായിരുന്നുവെന്ന ചരിത്രസത്യം വ്യക്തമാക്കുകമാത്രമാണ്. പക്ഷെ രണ്ടു വിഭാഗങ്ങളിലുമുള്ള സ്ഥാപിതതാല്പര്യക്കാരും, വിവേകത്തെക്കാൾ വികാരത്തിന്നു പ്രാധാന്യം നൽകുന്ന ശുദ്ധാത്മാക്കളും സ്ഥാനത്തും അസ്ഥാനത്തും ഈ തർക്കങ്ങൾ ഉന്നയിക്കുകയും, യോജിപ്പിന്നു പകരം ഭിന്നിപ്പിനെ വളർത്തുകയും ചെയ്യുന്നതു് സമുദായ ശരീരത്തിൻെറ ആരോഗ്യത്തെ കാർന്നു തിന്നുകയാണ്. നമ്മുടെ മുസല്യാരും മൌലവിയും വിവാദ വിഷയത്തിലെ വ്യത്യാസങ്ങൾ വലുതാക്കുവാനും, എതിരാളികളെ പഴിക്കുവാനും മെനക്കെട്ടപ്പോൾ, ഹിന്ദുസ്ഥാനിക്കാരനായ പണ്ഡിതൻ യോജിപ്പിൻെറ മേഖലകളെ തുറന്നു കാട്ടുകയും, 'ഈലാഫി'ൻെറ ഭാഷ ഉപയോഗിക്കുകയും ചെയ്തു. ഒരേ ഒരു വിഷയം, ഒരേ ഒരു കാര്യം, വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിൻെറ ഭവിഷ്യത്ത് നോക്കുക. വിശുദ്ധ ഖുർആൻ നമ്മോടു കല്പിക്കുന്നതു് ഇത്തരം സംഗതികൾ സൌമ്യമായും സമർത്ഥമായും കൈകാര്യം ചെയ്യേണമെന്നാണ്:' യുക്തിദീക്ഷയോടും സദുപദേശത്തോടുംകൂടി നീ (ജനങ്ങളെ) നിൻെറ രക്ഷിതാവിൻെറ മാർഗ്ഗത്തിലേക്ക് ക്ഷണിക്കുക. ഏററവും നല്ല (ഉപാധികൾ) മൂലം അവരോട് വാദപ്രതിവാദം നടത്തുകയും ചെയ്യുക. തൻെറ മാർഗ്ഗത്തിൽനിന്നും പിഴച്ചു പോകുന്നവരെ നിൻെറ നാഥൻ ഏററവും നന്നായി അറിയുന്നു. നേർവഴി പ്രാപിച്ചവരെയും ഏററവും നന്നായി അവൻ അറിയുന്നു' (വി: ഖു 16-125)

# ബലദുൽ അമീൻ

ദിവസങ്ങൾ നീങ്ങുംതോറും, ഹജ്ജ്നാൾ അടുത്തു വരുന്തോറും; ദീനിയായ അറിവും പരിചയവും ഉള്ളറിഞ്ഞുകൊണ്ടുള്ള ഭക്തിയും ഏറിയേറിവരികയാണ്. അഖിലലോക വ്യാപ്തിയുള്ള ഒരു വമ്പിച്ച കുടുംബത്തിലെ സമന്മാരായ അംഗങ്ങളായി നാമെല്ലാം ഹറംശരീഫിൽ വന്നു ചേർന്നിരിക്കുന്നു. ദേശം, വംശം, നിറം, ഭാഷ, വേഷവിധാനങ്ങൾ മുതലായവയിൽ വൈവിദ്ധ്യങ്ങളുണ്ടെങ്കിലും, മാനസികമായി എന്തെന്നി

ല്ലാത്ത ഒരു യോജിപ്പ് എന്തും പ്രകടമായിരുന്നു. ആദർശം, വിശ്വാസം, ആചാരമര്യാദകൾ മുതലായവയിലുള്ള ഐക്യം സ്വഭാവഗുണങ്ങളെ രൂപവല്ക്കരിച്ചിട്ടുള്ളതിനാൽ, എല്ലാവരും ഏകോദരസഹോദരങ്ങളെ പോലെ പെരുമാറുകയും പരസ്പരം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നു. ആര് ആരെ കാണുമ്പോഴും സലാം ചൊല്ലുകയും ഒരു പുഞ്ചിരിയെങ്കിലും സമ്മാനിക്കുകയും ചെയ്യാതിരിക്കുന്നില്ല. ഏതെങ്കിലും ഭാഷയിൽ രണ്ടു വാക്ക് സംസാരിക്കാമെങ്കിൽ അതും ചെയ്യുന്നു. മാനവസമുദായത്തെ ഒരേ ഒരു ചരടിൽ കോർത്തിണക്കുന്ന ഇസ്ലാമികസംസ്കാരം പ്രാവർത്തികമായി അനുഭവിച്ചറിയുകയാണ്. കളവോ കവർച്ചയോ ഇവിടെയില്ല. കളവുപറയുന്ന സ്വഭാവമേയില്ല. പിട്ട്, പിരട്ട്, ചതി, അസൂയ, അഹങ്കാരം, അതിമോഹം ഇതൊന്നും കാണാനില്ല. ലക്ഷക്കണക്കിനു സ്ത്രീ പുരുഷന്മാർ ഇടകലർന്നു ജീവിക്കുകയും ക്രയവിക്രയങ്ങൾ നടത്തുകയുമാണെങ്കിലും എന്തെങ്കിലും പ്രകാരത്തിലുള്ള അരക്ഷിതാവസ്ഥയോ അവിഹിതമായ ലൈംഗിക പ്രകടനങ്ങളോ ഒട്ടുംതന്നെയില്ല. ഇങ്ങിനെ സർവ്വത്രികമായ സ്നേഹത്തിന്റെയും, ഔദാര്യത്തിന്റെയും, നന്മയുടെയും അന്തരീക്ഷത്തിൽ തികഞ്ഞ സംതൃപ്തിയോടെ ആരാധനകളിലും, സ്നേഹബന്ധങ്ങൾ വികസിപ്പിക്കുന്നതിലും, മററു ദിനചര്യകളിലും മുഴുകിക്കഴിയുകയാണ്. തൽഫലമായി സാന്മാർഗ്ഗികവും ആത്മീയവുമായ പുരോഗമനം ലഭ്യമാകുകയും, ദീനിവിശ്വാസം ദൃഢമൂലമാകുകയും, ഭക്തി വർദ്ധിച്ചുവരികയും ചെയ്യുന്നു. ഇസ്ലാം ദൈവീക മതമാണ്, പ്രകൃതി മതമാണ്, സത്യമതമാണ്; മനുഷ്യന്റെ വ്യക്തിപരവും സാമൂദായികവുമായ എല്ലാ പ്രശ്നങ്ങൾക്കും അത് പരിഹാരം നൽകുന്നു. ഇങ്ങിനെ പോകുന്നു ചിന്ത. പക്ഷെ യഥാർത്ഥ മുസൽമാൻ എവിടെ? അത്തരം മുസൽമാന്മാരുൾക്കൊള്ളുന്ന സമൂഹമെവിടെ? തികച്ചും ഇസ്ലാമികമെന്നു അഭിമാനിക്കാവുന്ന ഒരു രാഷ്ട്രമെവിടെ? ഇസ്ലാം പ്രാപ്യമല്ലാത്ത ഒരു ആദർശം മാത്രമാണോ? അല്ല. എന്തുകൊണ്ടെന്നാൽ തികച്ചും വിജയകരമായി തെളിഞ്ഞുകഴിഞ്ഞ ഒരു ചരിത്രസത്യമാണത്. പിന്നെ എന്തുകൊണ്ട് അതാവർത്തിച്ചുകൂടാ? ഇസ്ലാം വിഭാവനം ചെയ്യുന്ന ഉത്കൃഷ്ട സമുദായം എന്തുകൊണ്ട് പടുത്തുയർത്തിക്കൂടാ? ഈ വിഷയങ്ങളെപ്പററി ചിന്തിക്കുന്നു. ആശയവിനിമയം നടത്തുന്നു. അന്യനാട്ടുകാരുമായി ഉറദുവിലോ, ഇംഗ്ലീഷിലോ മററോ സംസാരിക്കാൻ അവസരം കിട്ടുമ്പോൾ ഇതൊക്കെ തന്നെയാണ് ചർച്ച. അറബിഭാഷ കൈകാര്യം ചെയ്യുവാൻ സാധിക്കാത്തതു ഒരു വലിയ പോരായ്മതന്നെ. സന്ദേഹങ്ങളും ആശാഭംഗവും ചിലപ്പോഴൊക്കെ തല പൊക്കാതെയല്ല. പക്ഷെ മൊത്തത്തിൽ ആത്മീയമായ വളർച്ചയും ദൃഢതയും തന്നെയാണ് അനുഭവപ്പെട്ടത്. ചിന്തയുടെഗതി മുന്നോട്ടും മേല്പോട്ടുംതന്നെ ആയിരുന്നു.

## മനുഷ്യന്നുള്ള സ്ഥാനം

അല്ലാഹു അവന്റെ സൃഷ്ടികളിൽ മനുഷ്യന്ന് നൽകിയിട്ടുള്ള സ്ഥാനം അത്യുന്നതമാണ്: "ആദമിന്റെ സന്തതികളെ തീർച്ചയായും നാം ബഹുമാനിച്ചിട്ടുണ്ട്........നാം സൃഷ്ടിച്ചിട്ടുള്ള പലതിനെക്കാളു പരി മേന്മ നൽകി അവരെ മെച്ചപ്പെടുത്തുകയും ചെയ്തു" (വി:ഖു: 17:70) അത്യുത്തമമായ പ്രകൃതിയോടുകൂടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്നും അല്ലാഹു പറയുന്നു: "മനുഷ്യനെ തീർച്ചയായും ഏററവും നല്ല പ്രകൃതിയിൽ നാം സൃഷ്ടിച്ചു". (വി: ഖു. 95:4) സൂറത്തുത്തീനിലെ ഈ വിശുദ്ധ വാക്യത്തിന്റെ അർത്ഥവ്യാപ്തിയെപ്പററി നമ്മിൽ പലരും ധാരാളം പഠിക്കുകയും, ചിന്തിക്കുകയും ചെയ്തിട്ടുണ്ടാകുമല്ലോ. മനുഷ്യന്ന് ഈ മാഹാത്മ്യം സിദ്ധിക്കുന്നത് ശാരീരികമായ കഴിവുകൾ കാരണമായിട്ടാണോ? അതല്ല അവന്റെ ബുദ്ധിയും സാമർത്ഥ്യവുംകൊണ്ടോ? അതുമല്ല സ്വഭാവവൈശിഷ്ട്യവും മാനസിക ഗുണങ്ങളും ഹേതുവായിട്ടോ? ശാരീരികമായ ഓരോ ഗുണവും പ്രത്യേകം പ്രത്യേകം എടുത്തുനോക്കുമ്പോൾ മററു ജന്തുക്കളെ അപേക്ഷിച്ച് വലിയ മെച്ചമൊന്നും കാണുന്നില്ല. നിസ്സാരമായി നാം കാണുന്ന ഒരു ഉറുമ്പിന്ന് അതിന്റെ ആയിരംമടങ്ങ് ഘനമുള്ള ഒരു സാധനം ചുമന്നുകൊണ്ട് കുത്തനെയുള്ള ചുമരിന്മേൽകൂടി കയറുവാൻ സാധിക്കുന്നു; മനുഷ്യന്ന് അവന്റെ അത്രതന്നെയുള്ള ഭാരം ചുമക്കുവാൻ പ്രയാസമാണ്. ഒരു കൊതുക് അതിന്റെ ഇരട്ടിഘനംവരുന്ന രക്തം കുടിച്ചശേഷം ഒരു സെക്കണ്ടിൽ 300 പ്രാവശ്യം ചിറകടിച്ച് പറന്നു പോകുന്നു. പുഷ്പങ്ങളിൽനിന്നു പലതരം നീരുകൾ ശേഖരിച്ച് രുചിയുംഗുണവുംനിറഞ്ഞ തേൻ ഉണ്ടാക്കുന്നതിലും, നല്ലചന്തത്തിൽ അനേകമനേകം അറകളുള്ള കൂടുനിർമ്മിക്കുന്നതിലും അത്ഭുതംകാണിക്കുന്ന തേനീച്ചയെ അതിജയിക്കുവാൻ ഏതുകരകൌശലക്കാരനാണ് സാധിക്കുക. ഒരു ഈച്ചയുടെ ഗോളാകൃതിയിലുള്ള കണ്ണുകൾ മുകളിലും താഴെയും വലത്തുംഇടത്തുംമുമ്പിലും ഒരുപോലെ കാണുന്നു. നമുക്കതു സാദ്ധ്യമാണോ? ഒരു പാപ്പാത്തിക്കു രുചിച്ചറിയുവാനും ഒരു പട്ടുപുഴുവിന്ന് മണത്തറിയുവാനും, ഒരു മണ്ണട്ടക്കു കേട്ടറിയുവാനുമുള്ള കഴിവ് മനുഷ്യന്റേതിനേക്കാൾ എത്രയോ മടങ്ങ് ജാസ്തിയാണ്. ഇങ്ങിനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാവുന്നതാണ്. പക്ഷെ മനുഷ്യനിൽ ഈ എല്ലാ ഗുണങ്ങളും അത്യുത്തമമായ അളവിലും തോതിലും ഒത്തിണങ്ങി നിൽക്കുന്നു. ഈച്ചയെപോലെ നാലുപാടും കാണുകയും, മണ്ണട്ടയെപോലെ എല്ലാ ശബ്ദവും കേൾക്കുകയും, പട്ടുപുഴുവെപ്പോലെ ചുററുമുള്ളതെല്ലാം മണക്കുകയും ചെയ്താൽ, ഏതെങ്കിലും വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനോ ചിന്തിക്കുവാനോ ബോധപൂർവ്വം അല്ലാഹുവിന്ന് വഴങ്ങുവാനോ സാദ്ധ്യമല്ലാതെ വരും. നമ്മുടെ കണ്ണുകളുടെയും, ചെവികളു

ടെയും, മൂക്കിൻെറയും ഘടന ചിന്തയെ വളർത്തുവാൻ സഹായകമായ രീതിയിലാണ്. ചിന്തിക്കുവാൻ മനുഷ്യനു് ബുദ്ധി നൽകിയിരിക്കുന്നു. ബുദ്ധിയും, അറിവും, ശാരീരികമായ കഴിവുകളും ഉപയോഗിക്കുമ്പോൾ അവൻ സൃഷ്ടികളിൽ ഉന്നതനാകുന്നു; ഒരു യഥാർത്ഥ ഭക്തനായി ത്തീരുന്നു.

മാത്രമല്ല, 'ആകാശങ്ങളിലും ഭൂമിയിലുമുള്ള സകലതിനെയും നിങ്ങ ൾക്കു് കീഴ്പെടുത്തിത്തന്നിരിക്കുന്നു' (വി. ഖു. 45:13) എന്നും അല്ലാഹ പറയുന്നു. ചെടികളിലും വൃക്ഷങ്ങളിലുമുണ്ടാകുന്ന ധാന്യങ്ങളും പഴങ്ങളും അവയുടെ പുനരുൽപാദനത്തിന്നു ആവശ്യമുള്ളതിൽ അനേകം മടങ്ങ് ജാസ്തിയാണ്. മൃഗങ്ങൾ തങ്ങളുടെ കിടാങ്ങൾക്കാവശ്യമുള്ളതിൽകവിഞ്ഞ പാൽ തരുന്നു. പ്രകൃതിവിഭവങ്ങളുടെ ശരിയായ ചൂഷണംമൂലം മനുഷ്യനു ലഭ്യമാകുന്ന അനുഗ്രഹങ്ങൾ എണ്ണിയാൽ തീരുമോ? ഇതെല്ലാം എന്താണ് പഠിപ്പിക്കുന്നത്? ഈ അനുഗ്രഹങ്ങൾ ശരിയായ നിലയിൽ പ്രയോജന പ്പെടുത്തി സുഖമായും സംതൃപ്തിയോടുകൂടിയും ജീവിതം നയിക്കുവാനല്ലേ? പക്ഷെ മനുഷ്യൻ അതാണോ ചെയ്യുന്നത്? അല്ല! അല്ലാഹ പറയുന്നു: 'പിന്നീടു് നാം അവനെ അധമന്മാരിൽ ഏററവും അധമനാക്കി മാററുന്നു' (വി. ഖു. 95.5) തനിക്കു് നല്കപ്പെട്ടിട്ടുള്ള വിശിഷ്ട ഗുണങ്ങളെ നേരെ ചൊവ്വെ പ്രയോഗിക്കാത്തപക്ഷം അവനു അല്ലാഹ നൽകിയിട്ടുള്ള അനു ഗ്രഹങ്ങൾക്കു് നന്ദി കാണിക്കാത്ത പക്ഷം, അവൻ അധ:പതിക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. ഇതിൻെറ കാരണം വിശുദ്ധ ഖുർആൻ 31: 20ൽ തന്നെ അല്ലാഹ വ്യക്തമാക്കുന്നു: 'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹ നിങ്ങൾക്കു് അധീനപ്പെടുത്തിത്തരികയും, പ്രത്യക്ഷവും പരോ ക്ഷവുമായി അവൻെറ അനുഗ്രഹങ്ങളെ നിങ്ങളുടെ മേൽ അവൻ നിറച്ചു തരികയും ചെയ്തിട്ടുണ്ടെന്നു നിങ്ങൾ കാണുന്നില്ലേ? (എന്നിട്ടും) മനുഷ്യ രിൽ ചിലരുണ്ടു്-അറിവില്ലാതെ, മാർഗ്ഗദർശനമില്ലാതെ, വെളിച്ചംകൊടു ക്കുന്ന ഒരു ഗ്രന്ഥവുമില്ലാതെ, അല്ലാഹുവിനെക്കുറിച്ചു അവർ തർക്കിക്കുക യാണ്. 'ഈ മാർഗ്ഗദർശനത്തെയാണ് സൂറത്തുത്തീനിലെ തീൻ, സൈ തൂൻ, തൂരിസീനാ, ബലദുൽ അമീൻ (അത്തി, ഒലീവ്, സീനായ്മല, രക്ഷാബോധമുള്ള ഈ പട്ടണം-മക്കാശരീഫ്) എന്നിവ സൂചിപ്പിക്കുന്ന ത് ഈ ഉദാഹരണങ്ങൾ തൌറാത്ത്, ഇഞ്ചീൽ, ഖുർഖാൻ എന്നീ മതങ്ങളെ ഓർമ്മിപ്പിക്കുന്നു. ഈ മതങ്ങൾ, എല്ലാ സത്യമതങ്ങളും, പഠിപ്പി ക്കുന്നത്. 'സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കു കയും' (വി. ഖു. 95: 6) ചെയ്യുവാനാണ്. സത്യം, സമത്വം, സഹോദര ത്വം, മമത, സ്നേഹം, പരസ്പരസഹായം, വിശ്വസ്തത, ധൈര്യം, ഔദാര്യം, ത്യാഗസന്നദ്ധത, ദൈവഭക്തി മുതലായ മഹൽഗുണങ്ങളുൾക്കൊള്ളുന്ന ശാശ്വതമൂല്യങ്ങളാണ് മനുഷ്യനെ ഉത്തമ സൃഷ്ടിയാക്കുന്നത്. അത്

അവനെ മലക്കുകളെക്കാൾ ഉയർന്നവനും, ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിപുരുഷനും (ഖലീഫ) ആക്കുന്നു. ഈ മഹൽസ്ഥാനം നൽകപ്പെടുന്ന തോടുകൂടി അവന്നു വിവേചനവും ഒരതിരുവരെ സ്വാതന്ത്ര്യവും നൽക പ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി ശൈത്വാന്റെ മന്ത്രണങ്ങൾക്ക് വിധേയനാകുമ്പോൾ, അവൻ അധമരിൽ അധമനാകുന്നു.

## ആ ചോദ്യം

ഇതെല്ലാം ഞാൻ മുമ്പെത്തന്നെ പഠിച്ചറിഞ്ഞതാണ്. എന്റെ ബോധപൂർവമുള്ള വിശ്വാസമായിരുന്നു ഇതെല്ലാം. എന്നാൽ ഉത്തമ പുരുഷന്മാർ എവിടെയെന്ന ചോദ്യം വീണ്ടും വീണ്ടും നമ്മെ തുറിച്ചു നോക്കുന്നു. നാം വിശ്വസിക്കുന്ന സൽഗുണങ്ങളും മൂല്യങ്ങളും നമ്മുടെ കൺമുമ്പിൽ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. സത്യസന്ധതയും ധർമ്മ നിഷ്ഠയും നാം ന്യായമായും പ്രതീക്ഷിക്കുന്ന കേന്ദ്രങ്ങളിൽപോലും അപൂർവവും അപ്രാപ്യവുമായിരിക്കുന്നു. സ്വാർത്ഥം, അസത്യം, ചതി, അതിമോഹം മുതലായ ദുർഗുണങ്ങൾ സർവത്ര പടർന്നു പിടിച്ചിരിക്ക യാണ്. പലപ്പോഴും 'നല്ലവർ' കഷ്ടപ്പെടുന്നതായും, 'സാമർത്ഥ്യമുള്ളവർ' കാര്യങ്ങൾ നേടിയെടുക്കുന്നതായും അനുഭവപ്പെടുന്നതായി കാണുന്നു. മതങ്ങൾ പഠിപ്പിക്കുന്ന സൽഗുണങ്ങൾ, അവയ്ക്കു ആധാരമായ വിശ്വാ സങ്ങൾ, ഏതോ ഒരാദർശ ലോകത്തിലേക്കുള്ള ലക്ഷ്യങ്ങൾ മാത്രമാണോ? സത്യസന്ധമായ, സൽഗുണ സമ്പൂർണ്ണമായ, ജീവിതം പ്രായോഗികമല്ലെ? തികച്ചും പ്രായോഗികമല്ലാത്ത ഒരു ലക്ഷ്യമാണെങ്കിൽതന്നെ, അതു പ്രാപിക്കുവാൻ ശ്രമിക്കുന്നതല്ലെ ഭൂഷണം? ആ ലക്ഷ്യംപോലും തള്ളി പറഞ്ഞാൽ സമുദായത്തിന്റെ സാന്മാർഗ്ഗിക നില എന്തായിത്തീരും? "ഉത്തമസൃഷ്ടി"യാകുവാൻ ശ്രമിച്ചാൽ മനുഷ്യൻ കുറെയൊക്കെ നന്നാ വുകയില്ലെ? നേരെ മറിച്ചാണെങ്കിൽ നാം എത്രമാത്രം അധഃപതിച്ചു പോകും? സൂറത്തുത്തീൻ ഓതുമ്പോൾ സാധാരണ മനസ്സിൽ പൊങ്ങി പോകാറുള്ള ചിന്തകളാണിത്.

ഈ സൂറ: മഗ്‌രിബ്_ഇശാ നമസ്കാരങ്ങളിൽ പലപ്പോഴും ഓതാറുണ്ട്. അതിന്റെ സാരാംശം: "അത്തിയും ഒലീവും സത്യം! സീനായ് മലയെകൊണ്ട് സത്യം! രക്ഷാബോധമുടയ ഈ പട്ടണത്തെ ക്കൊണ്ടു സത്യം! മനുഷ്യനെ ഏററവും നല്ല പ്രകൃതിയിൽ നാം സൃഷ്ടിച്ചു. പിന്നീട് നാം അധമന്മാരിൽ ഏററവും അധമനാക്കി മാററുന്നു-വിശ്വ സിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെയൊ ഴിച്ചു. അവർക്കാകട്ടെ ഒരിക്കലും മുറിഞ്ഞുപോകാത്ത ഒരു പ്രതിഫലം ഉണ്ട്. എന്നാൽ ഇതിനുശേഷം വിധിദിനത്തെക്കുറിച്ചു നിഷേധിക്കു ന്നവൻ ആരാണ്. വിധികർത്താക്കളിൽവെച്ചു ഏററവും നല്ല വിധി

കർത്താവു് അല്ലാഹു അല്ലേ?" ഒരു ദിവസം മഗ്‌രിബിനു് ഇമാം ഈ സൂറത്തു് ഓതുകയായിരുന്നു. സാധാരണപോലെ ഞാൻ ശ്രദ്ധവെച്ചു കേൾക്കുകയുമായിരുന്നു.

"വഹാദാബലദിൽ അമീൻ" എന്ന വാക്യം കേട്ടപ്പോൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തരീതിയിൽ പെട്ടെന്നു ഞാൻ ഒന്നു ഞെട്ടിപ്പോയി. മുഹമ്മദ് നബി (സ) യേയും, ഖുർആനുൽ അസീമിനേയും കുറിക്കുന്ന ഒരു വാക്കായിട്ടു മാത്രമല്ല, തികച്ചും സമാധാനവും സംതൃപ്തിയും വിളയാടുന്ന ഒരാദർശ നഗരമായിട്ടു്, സമാധാനത്തിൻെറ ഇരിപ്പിടമായിട്ടു, മക്കാശരീഫും, വിശാലമായ ഹറം പരിസരങ്ങളും കൺമുമ്പിൽ പ്രത്യക്ഷമായി! സത്യവിശ്വാസത്തിലും സൽകർമ്മങ്ങളിലും അധിഷ്ഠിതമായ ജീവിതം അപ്രാപ്യമല്ല, ഈ ആദർശം ഒരു വെറും സ്വപ്നമല്ല. വ്യക്തികൾക്കും സമൂഹത്തിനും സാദ്ധ്യമായ ഒരു കാര്യമാണു്. ഇതിനു് ചരിത്രം സാക്ഷിയാണു്. മുഹമ്മദ് നബി (സ) യുടെയും സഖാക്കളുടെയും (റ) ചരിത്രം, ആദ്യകാല മുസ്ലിംകളുടെ ചരിത്രം, സാക്ഷിയാണു്. ഈ വിശുദ്ധഭൂമി—ഈ മക്കാശരീഫ്—1400 വർഷങ്ങളായി സാക്ഷ്യം വഹിച്ചു നിൽക്കുന്നു. ഇതു് "ബലദുൽ അമീൻ" ആണു്—സമാധാനത്തിൻെറ നാടു്! ഇവിടെ കളവില്ല, ചതിയില്ല, വിദ്വേഷമില്ല; സ്നേഹം, സഹായം, സാഹോദര്യം — ഇതെല്ലാം പ്രകടമാണു്. വിശ്വാസവും ഭക്തിയും വ്യാപകമായിരിക്കുന്നു. തഖ്‌വായാണു് എല്ലാവരുടെയും ലക്ഷ്യം! എൻെറ സംശയങ്ങൾ പെട്ടെന്നു് അപ്രത്യക്ഷമായി. സത്യദീനിനെപ്പററി യഖീൻ—വിശ്വാസദാർഢ്യം—ലഭിച്ചു! ഉടനെ വരുന്നു ചോദ്യം: "ഫമായുകദ്ദിബുക്കബഅ്ദുബിദ്ദീൻ!" ദീനിനെപ്പററി സംശയമുണ്ടോ? ഇല്ല! മനുഷ്യൻ അത്യുത്തമമായ പ്രകൃതിയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സത്യത്തിൽ വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും വേണം. അങ്ങിനെ ചെയ്താൽ അവൻ ഉയർന്നുകൊണ്ടേയിരിക്കും—ഇഹത്തിലും പരത്തിലും. അതിനുള്ള ഒരുത്തമ ദൃഷ്ടാന്തമാണു് ഹറംശരീഫ്! ബലദുൽ അമീൻ!

# അൽഇൻസാനു ഫീ കബദ്

ഈമാനും അമലുസ്സാലിഹാത്തും മനുഷ്യനെ ഔന്നത്യത്തിൻെറ ശിഖരങ്ങളിലേക്കു് ഉയർത്തുന്നുവെന്നും, അവയുടെ അഭാവം അവനെ അധമരിൽ അധമനാക്കുന്നുവെന്നും നാം കണ്ടുവല്ലോ. അല്ലാഹുവിൻെറ തൃപ്തിയെ കാംക്ഷിച്ചു ചെയ്യുന്ന പ്രവർത്തികളാണു് സാലിഹായ അമലുകൾ. 'നിഷ്കാമകർമ്മം' ഇതിൽനിന്നും അൽപം വ്യത്യസ്തമാണെന്നു് സാന്ദർ

ഭികമായി ഇവിടെ പറഞ്ഞുകൊള്ളട്ടെ. അല്ലാഹുവിൻെറ തൃപ്തിക്കുള്ള വ്യക്തമായ മാനദണ്ഡം ഖുർആനും സുന്നത്തുംതന്നെ. അതായത് ഏകദൈവത്തിലും (തൌഹീദ്), ദിവ്യദൌത്യത്തിലും (രിസാലത്ത്), മരണാനന്തരജീവിതത്തിലും (മആദ്) വിശ്വസിച്ച് ഖുർആനും സുന്നത്തും പഠിപ്പിച്ചതന്ന നിലയിൽ സൽക്കർമ്മങ്ങൾ ചെയ്ത് ജീവിച്ചാൽ നാം ഇഹത്തിലും പരത്തിലും വിജയം വരിക്കുന്നു. ഇസ്ലാമിക സംസ്കാരത്തിൻെറ സാരാംശം ഇതുതന്നെ. മനുഷ്യപ്രകൃതിയും വേദങ്ങളും പഠിപ്പിക്കുന്നത് ഇതാണെന്നും, 'ബലദുൽ അമീൻ' ഇതിൻെറ ഒരു വ്യക്തമായ തെളിവാണെന്നും സൂറത്തുത്തീനിൽ (സൂ: 95) നാം കണ്ടുകഴിഞ്ഞു. പരിശുദ്ധ മക്കായിൽ ഈ സത്യം ഒരു നിമിഷ നേരത്തേക്കെങ്കിലും മറക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ഭാര്യയുടെ അനുഭവവും അതുതന്നെയായിരുന്നു. മക്കനയും ബുർഖയും ധരിച്ച് അഞ്ച്നേരം പള്ളിയിൽ പോകുമ്പോഴും, പള്ളിയിൽചെന്നു അനേകായിരം സഹോദരസഹോദരികളോടൊപ്പം സംഘം ചേർന്നോ തനിച്ചോ നമസ്കരിക്കുമ്പോഴും, സ്വദേശത്ത് ഒരിക്കലും ചെയ്തിട്ടില്ലാത്ത രീതിയിൽ ദിനേനയെന്നോണം മയ്യത്ത്നമസ്കാരം നിർവ്വഹിക്കുമ്പോഴും, താമസസ്ഥലത്തു ബീമാരും മററു സഹോദരികളുമായി ദീനീവിഷയങ്ങൾ സംസാരിക്കുമ്പോഴും, അവർക്ക് അതുതന്നെയാണ് ഓർമ്മ. എൻെറ ചിന്ത മുഴുവനും ഇസ്ലാമിക സംസ്കാരത്തിൻെറ കാതലായ ഈ സത്യത്തിന്മേൽ ചുററിപ്പററിക്കൊണ്ടേയിരുന്നു. ത്വവാഫ് ചെയ്യുമ്പോൾ, സഅ്യ് നടക്കുമ്പോൾ, നമസ്കരിക്കുമ്പോൾ, വിശുദ്ധ ഖുർആനിലെ ഓരോ റുക്കൂഉം ഓതി ഉള്ളടക്കത്തെപ്പററി ചിന്തിക്കുമ്പോൾ, ആരെങ്കിലുമായി സംസാരിക്കുമ്പോൾ, ചുരുക്കത്തിൽ എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ—എല്ലാം നിമിഷവും, ഈ ശാശ്വതസത്യം, സൂര്യപ്രകാശംപോലെ തെളിഞ്ഞുകാണുന്നു. ഈ ദൈവികസംസ്കാരം സ്വീകരിക്കുവാൻ ലോകം തയ്യാറായെങ്കിൽ ജീവിതം എത്ര മനോഹരമായേനെ! ഇതിനെ നിരാകരിച്ചുകൊണ്ട് നാം ഈ ലോകത്തുതന്നെ നരകം സൃഷ്ടിക്കുകയല്ലേ ചെയ്യുന്നത്. ഇസ്ലാമിക സന്ദേശം ലോകമാസകലം സ്വീകരിക്കപ്പെടാത്തതിൻെറ ഉത്തരവാദിത്വം മുസ്ലിംകളായ നമ്മുടേത് തന്നെയല്ലേ?.

## വിജയത്തിൻെറ നിദാനം

പലപ്പോഴും മഗ്‌രിബിനു ഓതാറുള്ള സൂറത്തുൽ അസറിൽ—വിശുദ്ധ ഖുർആനിലെ ഏററവും ചെറിയ സൂറായാണിത്—അല്ലാഹു കല്പിക്കുന്നതു നോക്കുക: 'കാലത്തെകൊണ്ടു് സത്യം! നിശ്ചയമായും മനുഷ്യനു നഷ്ടത്തിലത്രെ — വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും, സത്യത്തെ അന്യോന്യം അനുശാസിക്കുകയും, ക്ഷമയെ അന്യോന്യം

അനുശാസിക്കുകയും ചെയ്യുന്നവർ ഒഴിച്ച്!' (സൂ: 103) സത്യവിശ്വാസവും സൽക്കർമ്മങ്ങളും-അതിൻെറ പര്യായമെന്നുതന്നെ പറയാം, സത്യവും ക്ഷമയോടുകൂടിയുള്ള ക്ഷീണമറിയാത്ത പരിശ്രമങ്ങളും വിജയത്തിൻെറ നിദാനമാണെന്നു കാലത്തെ, കാലത്തിൻെറ ഗതിവിഗതികളെ, ചരിത്രത്തെ സാക്ഷിയാക്കി അല്ലാഹ്ഹു നമ്മെ പഠിപ്പിക്കുകയാണ്. ഈ ഗുണങ്ങൾ വ്യക്തികളിൽ മാത്രം ഒതുങ്ങിനിൽക്കാതെ സാമൂഹ്യനിലവാരത്തിലും വളർന്നുവരേണമെന്നും, അങ്ങിനെ സംസ്ക്കാരസമ്പന്നമാകേണമെന്നുമുള്ള ലക്ഷ്യത്തെ പരസ്പരാനുശാസനത്തിനുള്ള ആഹ്വാനം കുറിക്കുന്നു. ഈ സൂറാ ഇറങ്ങിയ ശേഷം സഹാബികൾ അന്യോന്യം കണ്ടു മുട്ടുമ്പോൾ ഇതു ചൊല്ലാറുണ്ടത്രെ. നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ എല്ലാ സംരംഭങ്ങളും വിജയകരമാക്കുന്നതിന് ഇതുതന്നെയാണ് നേരായ മാർഗ്ഗം. ലക്ഷ്യവും മാർഗ്ഗവും സത്യത്തിലും സ്ഥിരോത്സാഹത്തിലും അധിഷ്ഠിതമായിരിക്കണം. സത്യസന്ധമല്ലാത്ത പരിശ്രമങ്ങളോ, പ്രവർത്തനത്തിൻെറ പിൻബലമില്ലാത്ത വിശ്വാസമോ ഫലവത്താകയില്ല. സാലിഹായ അമൽ-തഖ്‌വാ-എവിടെയുണ്ടോ അവിടെ വിജയവുമുണ്ട്, നിശ്ചയം. ഇതിനു ചരിത്രം സാക്ഷിയാണ്, മക്കാപട്ടണം സാക്ഷിയാണ്, മക്കാശരീഫിൻെറ ചരിത്രം സാക്ഷിയാണ്-കഅബാ ശരീഫിനെ ദർശിച്ചുകൊണ്ട് അവിടെ നബീകരീം (സ) തിരുമേനിയുടെ ദൌത്യകാലത്തും, അതിനു മുമ്പ് മുപ്പതു നൂററാണ്ടുകളിലും പിമ്പ് പതിനാലു നൂററാണ്ടുകളിലും നടന്ന സംഭവബഹുലമായ ചരിത്രത്തെപ്പററി ചിന്തിക്കുമ്പോൾ വികാരങ്ങൾ തള്ളിത്തള്ളി വരികയായിരുന്നു. "തൌഹീദിൻെറ അമാനത്ത് നമ്മുടെ നെഞ്ചിൽ കുടിയിരിക്കുകയാണ്, നമ്മുടെ പേരും പെരുമയും നശിപ്പിക്കുവാൻ ആരാലും സാദ്ധ്യമല്ല." (ഇഖ്ബാൽ)

മക്കാപട്ടണത്തെ സാക്ഷിയാക്കിക്കൊണ്ടുള്ള മറ്റൊരു സൂറ-സൂറത്തുൽ ബലദ് (സൂ; 90) ഇശാ നമസ്കാരത്തിൽ വീണ്ടും വീണ്ടും ഓതാറുണ്ടായിരുന്നു. ക്ലേശങ്ങൾ സഹിച്ചുകൊണ്ട് നിരന്തരം അദ്ധ്വാനിക്കേണ്ട ആവശ്യത്തെ ശക്തിയായി കൽപിക്കുന്ന ഈ സൂറയിലെ പ്രസക്ത ഭാഗങ്ങളുടെ സാരാംശം നോക്കുക:

"അല്ല! ഈ പട്ടണത്തെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു! നീ ഈ പട്ടണത്തിൽ നിയന്ത്രണ സ്വാതന്ത്ര്യമുള്ളവനത്രെ. ജനകനും അവൻ ജനിപ്പിച്ച സന്തതികളും കൊണ്ട് സത്യം! മനുഷ്യനെ തീർച്ചയായും അദ്ധ്വാനക്ലേശത്തിലേക്ക് നാം സൃഷ്ടിച്ചുവിട്ടു....എന്നാൽ (ഉയരത്തിലേക്കുള്ള) മലമ്പാതയിൽ അവൻ സാഹസപ്പെട്ടു കയറുന്നില്ല. മലമ്പാത എന്താണെന്ന് നിന്നെ മനസ്സിലാക്കിത്തരട്ടെയോ?—അടിമയെ മോചിപ്പിക്കുന്നത്; അല്ലെങ്കിൽ വിശപ്പിൻെറതായ ഒരു ദിനത്തിൽ ആഹാരം കൊടുക്കുന്നത്—അടുത്ത ബന്ധമുള്ള അനാഥകുട്ടിക്കു, അല്ലെങ്കിൽ ദാരി

ദ്ദൃത്തിൻെറ പൊടി ഇഴകിപ്പിടിച്ച പാവങ്ങൾക്ക്'—എന്നിട്ട് വിശ്വസിക്കുകയും, ക്ഷമയെ അന്യോന്യം അനുശാസിക്കുകയും, കരുണയെ അന്യോന്യം അനുശാസിക്കുകയും ചെയ്യുന്നത്!...." മക്കാപട്ടണത്തിൻെറ പുണ്യത്തെപ്പററി നേരത്തെ പറഞ്ഞിട്ടുണ്ട്. നബി (സ) യുടെ ജന്മദേശമെന്നതുതന്നെ പുണ്യമേറിയ ഒരു വസ്തുതയാണല്ലോ. നബി (സ) യെ മക്കാനിവാസികൾ എല്ലാ പ്രകാരത്തിലും തടസ്ഥപ്പെടുത്തുകയും, എതിർക്കുകയും, ഉപദ്രവിക്കുകയും ചെയ്തുപോന്നിരുന്ന കരുത്തിരുണ്ട സന്ദർഭത്തിലാണ് ആ പട്ടണത്തിലെ "സ്വാതന്ത്ര്യം" തിരുമേനി (സ) ക്ക് അല്ലാഹു കല്പിച്ചുകൊടുക്കുന്നത്. വരാനിരിക്കുന്ന വിജയത്തിൻെറ മുന്നറിയിപ്പായിരുന്നു അതു്. പിതാവും സന്താനവും തമ്മിലെന്നതുപോലെയുള്ള ഒരു ബന്ധമാണ് മക്കാപട്ടണത്തിനും അതിൻെറ ഏററവും ശ്രേഷ്ഠനായ സന്തതി (സ)ക്കും തമ്മിലുണ്ടായിരുന്നത്. മക്കക്കാർ നബി (സ) യെ നിന്ദിക്കുകയും, ഉപദ്രവിക്കുകയും, കൊല്ലുവാൻ പ്ലാനിടുകയും, നാട്ടുകടത്തുകയും ചെയ്തു. മദീനയിലേക്ക് ഹിജറപോയ നബി (സ) യെയും സഹാക്കളെയും അവിടെയും സ്വൈരമായിരിക്കുവാൻ വിട്ടില്ല. അവർ യുദ്ധങ്ങൾ ഒന്നിനുപിറകെ ഒന്നായി സംഘടിപ്പിച്ചു. എന്നാൽ അവരുടെ ഈ കുതന്ത്രങ്ങളെല്ലാം പറെറ പരാജയപ്പെടുകയും സമയമെത്തിയപ്പോൾ തിരുമേനി (സ) വിജയശ്രീലാളിതനായി, സർവ്വാധികാരിയായി മക്കായിലേക്ക് മടങ്ങുകയും ചെയ്തു. മാത്രമോ, കഅബാശരീഫിനെയും മക്കാപട്ടണത്തെയും പരിസരങ്ങളേയും എന്നെന്നേക്കുമായി ശുദ്ധീകരിക്കുകയും ഉണ്ടായി. ബിംബങ്ങളെയെല്ലാം തല്ലിത്തകർത്തു്, കഅബയെ ചുററിയുള്ള സകല വൃത്തികേടുകളേയും തുടച്ചുനീക്കി, അഹങ്കാരികളായ പ്രഭുക്കളെ നിലക്കുനിർത്തി, നീതിമാന്മാരുടെ കൈകളിൽ അധികാരം ഏൽപിച്ചു. അങ്ങിനെ തൌഹീദിൻെറ സന്ദേശം പുനഃസ്ഥാപിതമാകുകയും, സ്വാതന്ത്ര്യവും സംതൃപ്തിയും പ്രകാശിച്ചുതുടങ്ങുകയും ചെയ്തു സത്യം ജയിച്ചു, അസത്യം തകർന്നു. എന്നാൽ ഈ വിജയത്തിൻെറ പിന്നിൽ ഇരുപത്തിമൂന്നു വർഷത്തെ തളർച്ചയറിയാത്ത ശ്രമമുണ്ടായിരുന്നു. നബി (സ) യും സഹാക്കളും 'ഉയരത്തിലേക്കുള്ള മലമ്പാതയിൽ സാഹസപ്പെട്ടു് കയറുക'യായിരുന്നു. 'ക്ലേശകരമായ അദ്ധ്വാനമ'ല്ലാതെ വേറെ മാർഗ്ഗമുണ്ടായിരുന്നില്ല. അല്ലാഹുവിൻെറ പ്രീതിയെ മാത്രം ലക്ഷ്യമാക്കി ചെയ്തുപോന്ന ഈ പരിശ്രമങ്ങൾ എല്ലാമറിയുന്ന അവൻ കാണുന്നുണ്ടെന്നും എല്ലാററിനും കഴിവുള്ള അവൻ വിജയിപ്പിക്കുമെന്നും അവർ പൂർണ്ണമായും വിശ്വസിച്ചിരുന്നു. എന്തിനു വേണ്ടിയാണ് നാം അദ്ധ്വാനിക്കേണ്ടതു്? തുടർന്നു കൊണ്ടുവരുന്ന ആയത്തുകൾ ശ്രദ്ധാപൂർവ്വം പഠിക്കുക. അടിമകളെ മോചിപ്പിക്കുവാൻ, ശാരീരികവും സാമൂഹികവും സാമ്പത്തികവുമായ എല്ലാവിധ അടിമത്വത്തിൽനിന്നും സമുദായത്തെ മോചിപ്പിച്ചു സമുദ്ധരിക്കുവാൻ, അനാഥകളുടേയും അശരണരുടേയും

അവകാശങ്ങളെ സംരക്ഷിച്ച മൂഷണങ്ങളും കുതിരകയററവും അവസാനിപ്പിക്കുവാൻ, അഗതികൾക്കും എല്ലാ ദുർബ്ബല വിഭാഗങ്ങൾക്കും സഹായംഎത്തിക്കുവാൻ, സത്യത്തെപ്പററിയും സ്നേഹത്തെപ്പററിയും അന്യോന്യം ഉപദേശിക്കുവാൻ, അങ്ങിനെ പരസ്പര സഹായത്തിൻെറയും സംതൃപ്തിയുടെയും ഒരു ലോകം സൃഷ്ടിക്കുവാൻ നാം കൽപ്പിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം സുസാദ്ധ്യമാകേണമെങ്കിൽ തൗഹീദിൽ, ഏകനായ അല്ലാഹുവിൽ, അടിയുറച്ച വിശ്വാസം കൂടിയേതീരൂ.

## സൂറകൾ; ആയത്തുകൾ

തൗഹീദിന്നു് ശക്തികൂട്ടുന്ന എത്രയോ സൂറകളും ആയത്തുകളും ദിക്‌റുകളും ഇടമുറിയാതെ കേൾക്കുന്നുണ്ടായിരുന്നു. സൂറത്തുൽ കാഫിറൂൻ, സൂറത്തുൽ ഇഖ്‌ലാസ് (സൂ. 109, 112) എന്നിവ എത്രയെങ്കിലും തവണ ഓതാത്ത ദിവസമുണ്ടായിരുന്നില്ല. സൂറത്തുൽ കാഫിറൂൻ, ഇങ്ങിനെ സംഗ്രഹിക്കാം: "പറയുക: അല്ലയോ വിശ്വാസികളെ! നിങ്ങൾ വണങ്ങുന്നതിനെ ഞാൻ വണങ്ങുന്നില്ല, ഞാൻ വണങ്ങുന്നതിനെ നിങ്ങൾ വണങ്ങുന്നവരുമല്ല; നിങ്ങൾ വണങ്ങുന്നതിനെ ഞാൻ വണങ്ങാൻ പോകുന്നുമില്ല; ഞാൻ വണങ്ങുന്നതിനെ നിങ്ങൾ വണങ്ങാൻ പോകുന്നുമില്ല; നിങ്ങൾക്കു നിങ്ങളുടെ മതം, എനിക്കു് എൻെറ മതം!" മക്കായിൽ തിരുദൗത്യത്തിൻെറ ആരംഭദശയിൽതന്നെ ഇറങ്ങിയ ഈ സൂറ അവിശ്വാസികളുടെ നേരെ തിരുനബി (സ) സ്വീകരിച്ചതും, അവിശ്വാസികളുടെ മദ്ധ്യത്തിൽ ജീവിക്കുന്ന നമുക്കു സ്വീകരിക്കാവുന്നതുമായ നിലപാടു് വ്യക്തമാക്കുന്നു. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം, മൂല്യങ്ങളെ സംബന്ധിച്ചിടത്തോളം, ആദർശലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം വിട്ടുവീഴ്ചകൾക്കു പഴുതില്ല. മതമെല്ലാം ഒന്നു തന്നെയെന്നോ, സർവ്വമതസാരവുമേകമെന്നോ, മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നോ അപ്പടി സമ്മതിച്ചുകൊടുക്കാൻ മുസൽമാനു് നിവൃത്തിയില്ല. അവൻെറ മതം– വിശുദ്ധ ഖുർആർ-ദൈവത്തമാണെന്നും സത്യമാണെന്നും അവൻ വിശ്വസിക്കുന്നു. ആ വിശ്വാസമനുസരിച്ചുജീവിക്കുവാനും അതു് സമാധാനപൂർവ്വം പ്രചരിപ്പിക്കുവാനും അവനു സാധിക്കണം. അതവൻെറ ജന്മാവകാശമാണു്. അതേ അവകാശം മററ മതസ്ഥർക്കും, ഇസക്കാർക്കും ഉണ്ടാകേണ്ടതാണു്. സഹവർത്തിത്വത്തിൻെറ ഈ നയം പ്രഖ്യാപിച്ചുകൊണ്ടു് കഅബയുടെ അരികിൽ ശത്രുക്കളുടെ മദ്ധ്യത്തിൽ പതിമൂന്നു സംവത്സരങ്ങളോളം നബി (സ) മതപ്രചരണം നടത്തുകയുണ്ടായി. അനേകം വിഗ്രഹങ്ങൾവെച്ചു പൂജ നടത്തപ്പെട്ടുപോന്ന കഅബ, നഗ്നരായും അർദ്ധനഗ്നരായും മദ്ധ്യപന്മാരായും പ്രതിക്ഷണം ചെച്ചപ്പെട്ടുപോന്ന കഅബ, വംശത്തിൻെറയും സമ്പത്തിൻെറയും

പൗരോഹിത്യത്തിന്റെയുംപേരിൽ ഉച്ചനീചത്വങ്ങൾക്ക് സാക്ഷ്യം വഹി ച്ചുനിന്ന കഅ്ബ-ഈ കഅ്ബയുടെ മുന്നിൽനിന്നുകൊണ്ട് കറകളഞ്ഞ ഏകദൈവവിശ്വാസത്തെ പ്രബോധനം ചെയ്യുകയും, അതിന്മേൽ കെട്ടി പ്പടുത്ത ഇസ്ലാമികസംസ്കാരത്തെ വളർത്തിയെടുക്കുകയും ചെയ്തു. "പറ യുക: 'അവൻ അല്ലാഹു ഏകനാണ്. അല്ലാഹു നിത്യനും അഖിലത്തിനും ആശ്രയവുമാണ്. അവൻ സന്തതിയെ ജനിപ്പിച്ചിട്ടില്ല. അവൻ ജാതനു മല്ല. അവനു തുല്യമായി ഒന്നുമില്ല" (വി. ഖു. 112) കളങ്കമററ, സ്ഫടിക ത്തെക്കാൾ തെളിഞ്ഞുവിളങ്ങുന്ന, ഈ തൌഹീദ്സന്ദേശം വളർന്നുവിക സിച്ച രണ്ടു ദശവർഷങ്ങൾക്കകം അറബിലോകത്തെ പരിശുദ്ധമാക്കി. ബലദുൽ അമീനായ മക്കാശരീഫിലെ ഓരോ തരിമണലും അതിനു സാക്ഷിയാണ്. തലയുയർത്തിനില്ക്കുന്ന ജബൽ ഖുബൈസ് ബി ലാൽ (റ) മർദ്ദനങ്ങളേററ 'അഹദ്', അഹദ്-ഏകൻ, ഏകൻ' എന്നു വിളിച്ചുപറഞ്ഞതിന്റെ മാറെറാലി ഇന്നും പരത്തിവിടുകയാണ്. ഈ സന്ദേശത്തിന്റെ പ്രചരണത്തിനും ഇതിന്മേൽ അധിഷ്ഠിതമായ സംസ്കാ രത്തിന്റെ സംസ്ഥാപനത്തിനും സത്യമാർഗ്ഗത്തിൽകൂടി അവിശ്രമം പരിശ്രമിക്കുവാൻ, പ്രത്യേകിച്ചും മാതൃകാജീവിതം കൈക്കൊള്ളുകവഴി പരിശ്രമിക്കുവാൻ നാം ചുമതലപ്പെട്ടവരാണ്. എന്തുകൊണ്ടെന്നാൽ അദ്ധ്വാനക്ലേശത്തിലേക്കായി സൃഷ്ടിക്കപ്പെട്ടവരാണ് നാം. ഉയരങ്ങ ളിലേക്കുള്ള മലമ്പാതകളിൽ സാഹസപ്പെട്ടു കയറുകതന്നെ.

# ജബലുന്നൂർ അഥവാ പ്രകാശത്തിന്റെ മല

മസ്ജിദുൽ ഹറാമിലെ നമസ്കാരം, ത്വവാഫ് മുതലായ ആരാ ധനകളിൽ ഭക്തിനിർഭരമായി വളർന്നുവരുന്ന ഹൃദയത്തോടുകൂടി മക്കാ ശരീഫിലും പരിസരങ്ങളിലും ഇസ്ലാമിന്റെ വളർച്ചയുമായി ബന്ധ പ്പെട്ട ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. മദീനാ യൂനിവേഴ്സിററിയിൽ പഠിക്കുന്ന മലയാളി സുഹൃത്തുക്കൾ ഏർപ്പെ ടുത്തിത്തന്ന ഒരു കാറിൽ കയറിയാണ് പ്രധാനമായ പല സ്ഥലങ്ങളും സന്ദർശിച്ചത്. ഡ്രൈവർ തന്നെയായിരുന്നു വഴികാട്ടിയും ഗൈഡും. ഞങ്ങളുടെ കമ്പനിയിൽ സയ്യിദ് അബ്ദുല്ലാബാഫഖി, കാദർകുട്ടിസാ ഹിബ്, അദ്ദേഹത്തിന്റെ സഹോദരി, എന്റെ ഭാര്യ എന്നിവരും ഉണ്ടായിരുന്നു. വലിയ ബാഫഖിത്തങ്ങളോടൊപ്പം ജന്നത്തുൽമുഅല്ലാ എന്ന ഖബറിസ്ഥാൻ സന്ദർശിച്ചു. അവിടെ സ്ത്രീകൾക്ക് പ്രവേശന മില്ലായിരുന്നു. ഹറം പള്ളിയുടെ പുറമായി കിടക്കുന്ന ചില സ്ഥല ങ്ങൾ ഭാര്യയോടൊപ്പം നടന്നുകാണുകയാണ് ചെയ്തത്.

ഇവിടെയൊന്നും വിനോദസഞ്ചാരികളുടെ കണ്ണുകൾക്ക് കളിർമ്മ നൽകുന്ന പ്രകൃതിരമണീയമായ സീനറികളോ അത്ഭുതകരങ്ങളായ കെട്ടിടങ്ങളോ ഒന്നുംതന്നെയില്ല. വൃക്ഷലതാതികളില്ലാത്ത മലകൾ, ഉണങ്ങി വരണ്ട കുന്നുകൾ, പാറക്കല്ലുകൾക്കടിയിലുള്ള ചെറിയ ഗുഹകൾ; വെറും മതിലുകളിൽ ചുററപ്പെട്ട മണൽപരപ്പുകൾ എന്നിവ മാത്രമാണ് കാണുവാനുള്ളത്. എന്നാൽ അവയോരൊന്നിനും ഗഹനങ്ങളായ കഥകൾ പറയുവാനുണ്ടായിരുന്നു. ഓരോന്നും ഉണർത്തിവിടുന്ന ചിന്തകൾ ആഴമേറിയതായിരുന്നു. മാനവ സമുദായത്തിൻെറ സാമൂഹിക സാംസ്കാരിക രംഗത്തുണ്ടായ ഏററവും വലിയ വിപ്ലവം ഉടലെടുക്കുകയും വളർന്നു പുഷ്ടിക്കുകയും ചെയ്തത് ഈ പ്രദേശങ്ങളിലായിരുന്നുവല്ലൊ. ഈ മലകളും മണൽപ്പരപ്പുകളും അതിനു് സാക്ഷ്യം വഹിക്കുന്ന അമൂല്യ സ്മാരകങ്ങളാണ്. ഈ വിപ്ലവത്തിൻെറ സന്ദേശവാഹകനായ, സർവ്വലോകങ്ങൾക്കും അനുഗ്രഹമായി ഭൂജാതനായ, സൃഷ്ടികളിൽവെച്ച ഏററവും ശ്രേഷ്ഠനായ, മുഹമ്മദ്മുസ്തഫാ (സ) ജനിച്ചുവളർന്നതു ഇവിടെയായിരുന്നു. തിരുമേനി (സ) യെപോലെ ഒരു നേതാവിനേയോ, അവിടത്തെ സഖാക്കളെപോലെയുള്ള ഒരു ശിഷ്യഗണത്തെയോ, അവിടുന്നു നേടിയെടുത്തതുപോലെയുള്ള ഒരു വിപ്ലവവിജയത്തെയോ അതിനു് മുമ്പോ പിമ്പോ ലോകം കണ്ടിട്ടില്ല. തിരുനബി(സ)യിൽ കൂടി അല്ലാഹു നൽകിയ ദിവ്യസന്ദേശം-വിശുദ്ധ ഖുർആൻ-നമ്മുടെ മുമ്പിൽ യാതൊരു മാററവും ഏററക്കുറച്ചിലുംകൂടാതെ സ്ഫടികസമാനമായ പാവനതയോടെ ഇന്നും നിലകൊള്ളുന്നുണ്ട്. നബി (സ) യുടെ 40-ാമത്തെ വയസ്സിൽ ആരംഭിച്ച് 63ാം വയസ്സുവരെയുള്ള 23 വർഷത്തെ കാലയളവിൽ പലപ്പോഴായി ദിവ്യവെളിപാടിൽ (വഹ്യ്) ലഭിച്ച സൂക്തങ്ങളുടെ സമാഹാരമാണല്ലൊ ഖുർആൻ ശരീഫ്. റംസാൻ മാസത്തിൽ ലൈലത്തുൽ ഖദ്ർ രാവിലാണ് ഈ ദൈവീക സന്ദേശം ലഭിച്ചു തുടങ്ങിയത്.

"മനുഷ്യർക്ക് മാർഗ്ഗദർശകവും, നേർവഴിയെക്കുറിച്ച് വ്യക്തമായ തെളിവുകളും, (നന്മതിന്മകളെ വേർതിരിക്കുന്ന) വിവേചകവും ആയി ഖുർആൻ ഇറക്കപ്പെട്ട റംസാൻമാസം:" (വി. ഖു. 2: 185) "തീർച്ചയായും ഇതിനെ പ്രഭാവരാത്രിയിൽ നാം ഇറക്കി. എന്താണ് പ്രഭാവത്തിൻെറ രാത്രിയെന്നു ഗ്രഹിപ്പിക്കട്ടെയോ? പ്രഭാവരാത്രി ആയിരം മാസങ്ങളെക്കാൾ ഉത്തമമത്രെ! മലക്കുകളും റൂഹും അതിൽ ഇറങ്ങുകയായി-അവരുടെ നാഥൻെറ അനുമതിയോടെ-എല്ലാ ഓരോ കാര്യത്തിനുമായി! സമാധാനം! ഉഷസ്സിൻെറ ഉദയംവരെ!' (സൂ: 97) ഈ ദിവ്യവെളിപാട്-വിശുദ്ധ ഖുർആൻ-ഇദംപ്രഥമമായി തിരുനബി (സ) ക്കു സിദ്ധിച്ചതു് ഹിറാഗുഹയിൽവെച്ചാണ്. സാമാന്യം ഉയരമുള്ള ഒരു മലമുകളിലാണ് ഈ ചെറിയഗുഹ. ഈ മലക്കു 'ജബലുന്നൂർ-പ്രകാശത്തിൻെറ മല' എന്നു പേർ നൽകിയിരിക്കുകയാണ്. ദിവ്യവെളിച്ചം പ്രകാശിച്ചു തുട

ങ്ങിയതു ഇവിടെ ആയതുകൊണ്ടു് ഈ പേർ തികച്ചും അനർത്ഥംതന്നെ.

മക്കായിൽനിന്നു് 5 കി: മീ. ദൂരെയുള്ള ഈ മലയുടെ അടിവാരത്തിൽ ഞങ്ങളുടെ കാർ വന്നുനിന്നു. ശീതളപാനീയങ്ങളും പഴവർഗ്ഗങ്ങളും വിൽക്കുന്ന ബങ്കുകളും ഞങ്ങളെപോലെ തീർത്ഥാടകരെ കൊണ്ടുവന്നിട്ടുള്ള കാറുകളും ധാരാളം ഉണ്ടായിരുന്നു. മറ്റൊന്നുമില്ലതാനും. പുരുഷന്മാരും സ്ത്രീകളുമടങ്ങിയ അനേകം തീർത്ഥാടകർ മലമുകളിലേക്കു വളഞ്ഞുപുളഞ്ഞുപോകുന്ന ഒറ്റടിപ്പാതയിൽക്കൂടി കയറിപ്പോകുന്നതും, ഇറങ്ങിവരുന്നതും കാണാമായിരുന്നു. ഭാര്യക്കു് മലകയറുന്നതു് പ്രയാസമായിരിക്കുമെന്നു് മനസ്സിലാക്കി അവരും ഞാനും താഴെയിരിക്കാമെന്നും, മററു മൂന്നുപേരും ഗുഹ കണ്ടുവരട്ടെയെന്നും പറഞ്ഞുനോക്കി. പക്ഷെ ഈ കാഴ്ച എനിക്കു നഷ്ടപ്പെടരുതെന്നു് ഭാര്യക്കു നിർബ്ബന്ധമുണ്ടായിരുന്നു. അങ്ങിനെ അവർ തനിച്ചു താഴെയിരിക്കുവാനും, ഞങ്ങൾ നാലുപേർ മലകയറുവാനും നിശ്ചയിച്ചു. ഒരു നൂറുവാരഉയരത്തിൽ പാറകളുടെ ചരുവിൽ ഒരു പരന്ന തറയുണ്ടു് .അവിടംവരെ എല്ലാവരും കയറി രണ്ടുറക്കാഅത്തു സുന്നത്തു് നമസ്കരിച്ചു. ഭാര്യ അവരുടെ മുസല്ലയിൽ ഒരു പാറയോടടുത്തു് വെയിൽതട്ടാതെ ഇരിപ്പുറപ്പിച്ചു. ഞങ്ങൾ മലകേറുവാൻ തുടങ്ങി. കാദർകുട്ടി സാഹിബിനു് സഹോദരിയുടെക്കൂടെ അവരെപ്പററി ശ്രദ്ധിച്ചുവരേണ്ടതുണ്ടായിരുന്നു . അതുകൊണ്ടു്. വേഗത്തിൽ കയറുക സാദ്ധ്യമായിരുന്നില്ല. എനിക്കു് പ്രായം കൂടിയിരുന്നെങ്കിലും; മലകൾ കയറി ശീലമുള്ളതുകൊണ്ടും, താഴെ ഭാര്യ തനിച്ചായതുകൊണ്ടും വേഗം കയറിയിറങ്ങണമെന്നുണ്ടായിരുന്നു. അതു കൂട്ടുകാർ സമ്മതിച്ചുതരികയും ചെയ്തു. അങ്ങിനെ ഞാൻ മുമ്പിലും കൂട്ടുകാർ പിമ്പിലുമായി. ഞാൻ അൽപം വേഗത്തിൽ മലമുകളിലോളം കയറിച്ചെന്നു് ഹിറാഗുഹ കണ്ടു സുന്നത്തു് നമസ്കാരം നിർവ്വഹിച്ചു മടങ്ങിവന്നു. ഞാൻ ആകെ രണ്ടരമണിക്കൂർ എടുത്തു. ഒന്നരമണിക്കൂർ കയറുവാനും ഒരു മണിക്കൂർ ഇറങ്ങുവാനും. കൂട്ടുകാർ പിന്നെയും അരമണിക്കൂർ എടുത്തു.

ഈ രണ്ടരമണിക്കൂർ സമയം ഭാര്യയെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത ഒരനുഭവമായിരുന്നു. ശീതളപാനീയം വിൽക്കുന്ന ചില ചെറുപ്പക്കാരും ടാക്സികളുടെ ഡ്രൈവർമാരും ചെറിയ ചെറിയ ഗ്രൂപ്പുകളായി വരുന്ന തീർത്ഥാടകരും മാത്രമെ അവിടെയുള്ളു. സർവ്വരും ഊരും പേരും തിരിയാത്ത, അന്യോന്യം സംസാരിക്കുവാൻ സാധിക്കാത്ത, ആളുകൾ. മുസല്ലയിൽതന്നെ ഇരുന്നുകൊണ്ടു് അവിടെ വന്നുംപോയും കൊണ്ടിരുന്ന തീർത്ഥാടകരേയും, അവരെ കബളിപ്പിച്ചു കാശുതട്ടിയെടുക്കുന്ന ചില ചെറുപ്പക്കാരെയും, ഈ തട്ടിപ്പിന്നു് വഴങ്ങാത്ത കൂട്ടരേയും വെറുതെ നോക്കിയും, ദിക്റും സ്വലാത്തും ചൊല്ലിയും സമയം കഴിക്കുകയായിരുന്നു അവർ. അങ്ങിനെ കുറെ നേരം കഴിഞ്ഞപ്പോൾ പെട്ടെന്നു് ഒരു ചെറുപ്പക്കാരൻ ആംഗ്യം കാട്ടുകയും അറബിയിൽ

എന്തോ വിളിച്ചു പറയുകയും ചെയ്തു. പാറക്കല്ലുകളുടെ ഇടയിൽകൂടി ഭാര്യ ഇരിക്കുന്നേടത്തേക്ക് ഒരു പാമ്പു ഇഴഞ്ഞുവരികയായിരുന്നു! അവർ പെട്ടെന്നു എഴുന്നേററു മുസല്ലയെടുത്തു ദൂരെ മാറിനിന്നു. ഒരു നിമിഷത്തേക്ക് ഭയന്നു വിറച്ചുപോയി. പാമ്പു പാറകല്ലുകൾക്കിടയിൽതന്നെ മറഞ്ഞതോടൊപ്പം ഭയവും തീർന്നു. വീണ്ടും ഒന്നുംസംഭവിച്ചില്ലെന്ന മട്ടിൽ, പക്ഷെപാറകളിൽനിന്നു് അകലെയായി ഇരുത്തമായി അപരിചിതന്മാരുടെയും ഇഴജന്തുക്കളുടെയും ഇടയിൽ തനിച്ചു് രണ്ടു് മൂന്നു മണിക്കൂർ പൂർണ്ണസമാധാനത്തോടുകൂടി ഇരിക്കുവാൻ അവർക്കെങ്ങിനെ സാധിച്ചു? സാധിച്ചുവെന്നതും അതിൽ യാതൊരു പരിഭവവും തോന്നിയില്ലെന്നതും നേരാണ്. കാരണം ഒന്നു മാത്രമായിരുന്നു: ആ സ്ഥലം "ബലദുൽ അമീൻ" ആയിരുന്നു. സുരക്ഷിതത്വത്തെപ്പററി അല്പമെങ്കിലും ശങ്കയുണ്ടായിരുന്നില്ല.

മലയുടെ ഉച്ചിയിലും അതിന്നിടയിൽ രണ്ടുമൂന്നിടങ്ങളിലും ശീതളപാനീയങ്ങൾ വില്പനക്കുണ്ടായിരുന്നു. സാധാരണ അരറിയാൽ (ഒരു രൂപാ വിലയുള്ള "പെപ്സികോലാ", "സെവൻഅപ്" പോലെയുള്ള പാനീയങ്ങൾക്കു മുകളിലേക്കു പോകുന്നവരോട് ഒരു റിയാലും താഴോട്ടിറങ്ങുന്നവരോട് അരറിയാലും വാങ്ങിയിരുന്നതു പ്രസ്താവ്യമാണ്. ആവശ്യത്തിന്നനുസരിച്ച വില! മുകളിലേക്ക് പോകുന്നവർ ഇരട്ടിവിലകൊടുത്തും ഈ സാധനം വാങ്ങുന്നതു് കുടിച്ചു് ദാഹം തീർക്കാൻ മാത്രമല്ല, അവിടെയുള്ള ചെറിയ പന്തലിൽ അല്പം വിശ്രമിക്കുവാൻ കൂടിയാണ്. എന്തെല്ലാം പ്രയാസങ്ങളുണ്ടായാലും മുകളിലെത്തി ഹിറാ ഗുഹ കാണുമ്പോൾ എന്തെന്നില്ലാത്ത സംതൃപ്തി അനുഭവപ്പെടുന്നു. പാറക്കല്ലുകളുടെ ഇടയിൽ ഒരാൾക്കു നിവർന്നു നിന്നും ഇരുന്നും കിടന്നും കഴിയുവാനുള്ള സ്ഥലം! മക്കാപട്ടണത്തിലെ ആൾതിരക്കിൽ നിന്നെല്ലാം മാറി, തനിച്ചിരുന്നു ധ്യാനിക്കുവാനും ചിന്തിക്കുവാനും ഈ ഗുഹയായിരുന്നു നബി (സ) തിരഞ്ഞെടുത്തത്. തിരുമേനിക്കു് 40 വയസ്സടുത്തായപ്പോൾ അവിടെചെന്നു ദൈവസ്മരണയിലും ധ്യാനത്തിലും ധാരാളം സമയം ചിലവഴിക്കുക പതിവായി. കുറെ ദിവസങ്ങളിലേക്ക് വേണ്ടുന്ന ആഹാരവുമായി അവിടെ ചെല്ലും. അതു തീർന്നാൽ മടങ്ങി വീട്ടിലേക്ക് വരും. ചില ദിവസങ്ങൾ കഴിഞ്ഞു വീണ്ടും പോകും. ബീബി ഖദീജ (റ) ചിലപ്പോൾ മലയുടെ താഴ്വാരത്തിൽ ഭർത്താവിൻെറ തിരിച്ചുവരവു് കാത്തിരിക്കും. അല്ലെങ്കിൽ ആഹാരപ്പൊതിയുമായി അവർ അങ്ങു കയറിച്ചെല്ലും.

## വഹ്യ്

ഇങ്ങിനെയിരിക്കുമ്പോഴാണ് ഒരു രാവിൽ ആദ്യമായി 'വഹ്യ്'

വന്നതു്. ഗുഹക്കുള്ളിൽ ഉറങ്ങികിടക്കവെ 'ഒരാൾ' വന്നു് തിരുമേനി (സ) യെ ഉണർത്തുകയും, 'ഇഖ്‌റഅ്-വായിക്കുക' എന്നു പറയുകയും ചെയ്തു 'എനിക്കു വായിക്കുവാനറിയില്ലല്ലോ?, എന്നായി തിരുമേനി (സ). അപ്പോൾ ആ ആൾ (മലക്ക് ജിബ്രീൽ) തിരുമേനിയെ നെഞ്ചോടമർത്തി ആലിംഗനം ചെയ്തു. വീണ്ടും വായിക്കുക എന്നു പറഞ്ഞു. 'എനിക്കു് വായിക്കാൻ അറിയില്ല' എന്നു നബി (സ) യും! ഈ നിർദ്ദേശവും മറുപടിയും ആലിംഗനവും മൂന്നു തവണ ആവർത്തിച്ചു. എന്നിട്ടു ജിബ്രീൽ ഓതുകയായി: 'വായിക്കുക! (അഖിലത്തേയും) സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക. ഒരു രക്തക്കട്ടയിൽനിന്നു് മനുഷ്യനെ അവൻ സൃഷ്ടിച്ചു. വായിക്കുക! നിന്റെനാഥൻ ഏററവും ഔദാര്യവാൻ അത്രെ. പേനകൊണ്ടുള്ള (ഉപയോഗത്തെ) പഠിപ്പിച്ചവൻ, മനുഷ്യൻ അറിഞ്ഞിട്ടില്ലാത്തതു് അവൻ പഠിപ്പിച്ചു.' (വി. ഖു. 96: 1-5) ഇതാണ് വിശുദ്ധ ഖുർആൻ അവതരണത്തിന്റെ ആരംഭം. ചിന്ത 1400 വർഷങ്ങൾക്കപ്പുറമുള്ള ആ സുദിനത്തിലേക്കു് പാഞ്ഞെത്തുകയാണ്. വിജനമായ ആ പ്രദേശത്തു് ആരുമില്ലാത്ത ആ മലകളിൽ. ഒരിടുങ്ങിയ ഗുഹക്കുള്ളിൽ തനിച്ചുകിടക്കുന്ന മുഹമ്മദിനെ തട്ടിയുണർത്തി, ആ കൂരാക്കൂരിരുട്ടിൽ തിരുമേനിയോടു് ഒരജ്ഞാത മനുഷ്യൻ പറയുകയാണ്; 'വായിക്കുക' എന്നു. എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ഒരാളോടാണ് വായിക്കുവാൻ പറയുന്നതു്. വായിക്കുക, ഓതുക, വിശുദ്ധ ഖുർആൻ ഓതുക, പ്രകൃതിയെ പ്രകൃതിയിൽ കാണുന്ന സൃഷ്ടി മഹാത്മ്യങ്ങളെ-അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ-വായിക്കുക, പഠിക്കുക, ചിന്തിക്കുക! അവൻ മാലിക്കാണ്, റബ്ബാണ്, കരീമാണ്-സൃഷ്ടാവ്, രക്ഷകർത്താവു്; ഔദാര്യവാൻ! അവൻ മനുഷ്യനെ സൃഷ്ടിച്ചു, പേനയുടെ ഉപയോഗം പഠിപ്പിച്ചു. അറിയാത്ത പലതും പഠിപ്പിച്ചു. ഇതൊക്കെതന്നെയാണ് ഇസ്ലാം മതത്തിന്റെയും സംസ്കാരത്തിന്റെയും അടിത്തറ. സൃഷ്ടാവും രക്ഷിതാവുമായ അല്ലാഹു അവന്റെ ഔദാര്യം പ്രദർശിപ്പിക്കുന്നതു് ജ്ഞാനവിജ്ഞാനങ്ങൾ മനുഷ്യനു് നൽകികൊണ്ടത്രെ. ഭൗതികജ്ഞാനം പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും ഉപയോഗിച്ചു കരസ്ഥമാക്കേണം. അതിനു് സഹായകമായ പലതും അവൻ നൽകിയിരിക്കുന്നു. ഏററവും പ്രധാനമായതാണ് പേന! പ്രായപൂർത്തിവന്ന മാനവസമുദായത്തിന്റെ പുരോഗമനത്തിനു് അക്ഷരജ്ഞാനത്തിൽ കവിഞ്ഞ മറെറാന്നുമില്ലെന്നതു് തീർച്ചയാണല്ലോ. എന്നാൽ ഭൗതികജ്ഞാനം മാത്രം മതിയോ? പഞ്ചേന്ദ്രിയങ്ങൾക്കും ബുദ്ധിക്കും എത്തുവാനൊക്കാത്ത ജ്ഞാനമണ്ഡലങ്ങളില്ലെ? ഈ ലോകത്തിന്റെ ആരംഭവും അന്ത്യവും, സൃഷ്ടാവിന്റെ സത്തയും ഗുണവിശേഷങ്ങളും, നന്മതിന്മകളും ശാശ്വതമൂല്യങ്ങളും, മരണാനന്തരജീവിതം-ഇതെല്ലാം എങ്ങിനെ അറിയും? അല്ലാഹുതന്നെ ദിവ്യവെളിപാടു് (വഹ്‌യ്) മുഖേന നബിമാരെ അറിയിക്കുന്നു. നബി

മാരിൽനിന്നു നാം പഠിക്കുന്നു. ഇങ്ങിനെ വഹ്‌യ് മുഖേന അവസാന മായും പരിപൂർണ്ണമായും നമുക്കുലഭിച്ച സന്ദേശമാണ് വിശുദ്ധ ഖുർആൻ. അതിന്റെ ഉൽഘാടനം നടന്ന പരിശുദ്ധസ്ഥലം ജബ്‌ലുന്നൂറിലെ ഹിറാഗുഹ കാണുവാനും, അവിടെനിന്നു നമസ്കരിക്കുവാനും ഭാഗ്യംനൽകിയ അല്ലാഹുവിന്നു് ആയിരമായിരം ശുക്ർ. ഗുഹാമുഖത്തിന് പുറം പാറക്കല്ലുകൾ പ്രകൃതിദത്തമായ നിലയിൽതന്നെ നിലകൊള്ളുകയാണ്. അതിന്റെ മുകളിൽ ബിസ്മിയും കലിമയും കൊത്തിയെഴുതിയിരിക്കയാണ്. "പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ! അല്ലാഹുവല്ലാതെ ആരാധ്യനായി ആരുമില്ല മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാകുന്നു." സത്യം!

# ജബൽ ഖുബൈസ്

ജബൽഖുബൈസ് കഅബയുടെ തൊട്ടുകിടക്കുന്ന സാമാന്യം ഉയരമുള്ള ഒരു മലയാണ്. അതിന്റെ ഒരു ഭാഗമായി അതിൽനിന്നും വെളിയിലോട്ടു തള്ളിനിൽക്കുന്ന ഒരു കുന്നാണ് സഫാ. ഇതുരണ്ടിനെപ്പററിയും നേരത്തെ പറഞ്ഞിട്ടുണ്ട്. ഇതിന്റെ മുകളിൽ ഇപ്പോൾ ധാരാളം നിരത്തുകളും എടുപ്പുകളും മററും വന്നുകഴിഞ്ഞിരിക്കയാണ്. തനിച്ചും ഭാര്യാസമേതവും, മററു സ്നേഹിതന്മാരോടൊപ്പവും നടന്നും, കാറിലും ഇതിന്റെ പല ഭാഗത്തും പലപ്പോഴും സഞ്ചരിക്കുകയുണ്ടായി. സഫായിൽനിന്നാണ് സഅ്‌യ് ആരംഭിക്കുന്നതെന്നും, ഇതിന്നുമുകളിലായി ഇരുനിലകെട്ടിടവും ഒരു ഖുബ്ബയുമുണ്ടെന്നും, ഖുബ്ബയുടെ കീഴിൽ 'തീർച്ചയായും സഫായും മർവായും അല്ലാഹുവിന്റെ അടയാളങ്ങളിൽപെട്ടവയാണ്.......' (വി: ഖു:) എന്ന ആയത്ത് എഴുതിവെച്ചിരിക്കുന്നുവെന്നും മുമ്പ് പറഞ്ഞിട്ടുണ്ട്. ഈ കുന്നിന്മേലും, മുകൾതട്ടിലും, ടെറസിലും പലപ്പോഴും ചെന്നുനിൽക്കുകയും, സഫാ ഒരടയാളമെന്ന ആയത്തു വായിച്ചു അതിനെപ്പററി ചിന്തിക്കുകയും ചെയ്തിരുന്നു. ഈ കുന്നും, തൊട്ടുകിടക്കുന്ന ജബൽഖുബൈസും മററുമായി ബന്ധപ്പെട്ട പല ചരിത്രസംഭവങ്ങളും സ്വാഭാവികമായും ഓർമ്മയിൽ വന്നുകൊണ്ടിരുന്നു മുഹമ്മദ്നബി (സ) മക്കാവാസികളെ ഇസ്ലാമിലേക്കു പരസ്യമായി ക്ഷണിച്ചുതുടങ്ങിയത് ഇവിടെവെച്ചായിരുന്നു. ഹിറാ ഗുഹയിൽവെച്ചു ദിവ്യസന്ദേശം ലഭിച്ച ഉടനെ തന്നെ ബീവി ഖദീജ (റ), അബൂബക്കർ (റ), സൈദ് (റ), അലി (റ) എന്നിവർ നബി (സ) യുടെ പ്രവാചകത്വത്തിൽ വിശ്വസിച്ചു. ഒരു ചെറിയ ഇടവേള കഴിഞ്ഞു രണ്ടാമത്തെ ദൈവസന്ദേശം വരികയുണ്ടായി: "അല്ലയോ മൂടിപ്പുതച്ചവരെ! എഴുനേൽക്കുക, മുന്നറിയിപ്പ് കൊടുക്കുക, നിന്റെ നാഥന്റെ മഹത്വ

ത്തെ വർണ്ണിക്കുക, നിന്റെ വസ്ത്രങ്ങൾ വെടിപ്പാക്കുക, മാലിന്യത്തെ വർജ്ജിക്കുക, കൂടുതൽ ആശിച്ചുകൊണ്ട് (ഒന്നും) നൽകുകയാവരുത്, നിന്റെ നാഥനുവേണ്ടി ക്ഷമകൊള്ളുക'' (വി. ഖു. 74: 1-7) ഇതിനുശേഷം ഒച്ചപ്പാടില്ലാതെ, സ്വകാര്യമായി മതപ്രചരണം നടത്തുകയും അടുത്ത ബന്ധുക്കളും സുഹൃത്തുക്കളുമായ പലരേയും ഇസ്ലാമിലേക്ക് ആകർഷിക്കുകയും ചെയ്തു. ഈ നില ഏതാണ്ട് മൂന്നു വർഷങ്ങളോളം തുടർന്നുപോന്നു. അന്നെല്ലാം മുസ്ലിംകൾ കഅബയുടെഅടുത്തുള്ള "ദാറൽ അർഖം" എന്ന വീട്ടിലായിരുന്നു സമ്മേളിച്ചുകൊണ്ടിരുന്നത്. സാവധാനത്തിലാണെങ്കിലും സംശയലേശമെന്യെ പടിപടിയായി വളർന്നു വരുന്ന സമുദായത്തെ മക്കാനിവാസികൾ ശത്രുതയോടെ വീക്ഷിച്ചുകൊണ്ടിരിക്കുകയും അവർക്കെതിരെ കഴിയുന്നപ്രകാരത്തിൽ തടസ്സങ്ങൾ വലിച്ചിടുകയും ചെയ്തു. ഈ പ്രയാസങ്ങൾ വകവെക്കാതെ ഇസ്ലാം പരസ്യമായി പ്രഖ്യാപിക്കുവാൻ ദൈവ കല്പന വന്നു. ഇസ്ലാമിക പ്രബോധനം സൌമനസ്യത്തോടും നല്ലമുറയിലുമായിരിക്കേണമെന്നും അല്ലാഹു കല്പിച്ചു: "അതുകൊണ്ട് നിന്നോട് കല്പിക്കപ്പെട്ടത് വെളിവായി പ്രഖ്യാപിക്കുക. ബഹുദൈവാരാധകരിൽനിന്നും വിട്ടുമാറുകയും ചെയ്യുക. പരിഹാസക്കാർക്കെതിരായി നിനക്കു നിശ്ചയമായും നാം മതിയാകും'' (വി. ഖു. 15: 94. 95) "വിജ്ഞാനവും നല്ലതായ തത്വോപദേശവും മൂലം നീ നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്കു ക്ഷണിക്കുക. ഏററവും നല്ല (ഉപാധികൾ) മൂലം അവരോട് വാദപ്രതിവാദം നടത്തുകയും ചെയ്യുക'' (വി. ഖു 16: 125)

തിരുമേനി (സ) അറച്ചുനിന്നില്ല. മക്കാനിവാസികളെ സഫായുടെ താഴെ ഒന്നിച്ചുകൂട്ടുകയും കുന്നിന്മേൽ കയറിനിന്നുകൊണ്ടു അവരെ അഭിമുഖീകരിച്ചു സംസാരിക്കുകയും ചെയ്തു: "മഹാജനങ്ങളെ ഈ കുന്നിന്റെ പിൻഭാഗത്തു ഒരു വലിയ പട്ടാളം നിങ്ങളെ ആക്രമിക്കുവാൻ വരുന്നുണ്ടെന്നു ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയാൽ നിങ്ങളത് വിശ്വസിക്കുമോ?'' ഈ ചോദ്യത്തിന്നു അവരെല്ലാം ഒരേ സ്വരത്തിൽ ഉത്തരം നൽകി: "നിശ്ചയമായും വിശ്വസിക്കും. എന്തുകൊണ്ടെന്നാൽ താങ്കൾ സത്യമല്ലാതെ യാതൊന്നും പറയാറില്ലല്ലോ?'' അപ്പോൾ നബി (സ): "എന്നാൽ ഞാൻ പറയുന്നത് ശ്രദ്ധിക്കുക: നിങ്ങൾ ഏകദൈവത്തിലും അവന്റെ കൽപനകളിലും വിശ്വസിക്കാത്തപക്ഷം, നിങ്ങൾക്കു കഠിനമായ ശിക്ഷ അനുഭവിക്കേണ്ടതായി വരുന്നതാണ്.'' (ബുഖാരി) ആ ജനങ്ങൾക്കു ഇതു രസിച്ചില്ല. ഇതിനാണോ തങ്ങളെ വിളിച്ചുകൂട്ടിയതെന്നായി അവരുടെ പരാതി. അവർ ചിരിച്ചും കൂകിയും തിരുമേനി (സ) യെ പരിഹസിച്ചു. എന്തുകൊണ്ടും പ്രാധാന്യമേറിയ ഒരാഹ്വാനത്തെ കേവലം നിസ്സാരമാക്കി തള്ളുകയാണവർ ചെയ്തത്.

സഫാ അല്ലാഹുവിന്റെ അടയാളമാണ്! അതിന്റെ ഉച്ചിയിൽ

നിന്നുകൊണ്ട് നബി (സ) ബഹുജനങ്ങളോട് സംസാരിക്കുകയായിരുന്നു. അവർക്കു കാണുവാൻ സാധിക്കാത്ത ശത്രുക്കളെപ്പററി–അറിയാൻകഴിയാത്ത കാര്യങ്ങളെപ്പററിയാണ് നബി (സ) താക്കീത് ചെയ്തത്. ആതാക്കീത് അവർ എന്തിനു് അവിശ്വസിക്കണം? തിരുമേനി (സ) ആരാണ്! നാല്പതുവർഷത്തിലധികം അവരുടെ ഇടയിൽ ജീവിച്ചുവളർന്നു വന്ന സത്യസന്ധൻ. അവർതന്നെ 'അൽഅമീൻ–വിശ്വസ്തൻ' എന്നു പേർ നല്കി ബഹുമാനിച്ച മാന്യൻ. ഒരിക്കലെങ്കിലും അവിടുന്ന് കളവ് പറഞ്ഞതായി അവർ കണ്ടിട്ടില്ല. ഇപ്പോൾ മാത്രം അസത്യം പറയേണ്ട ആവശ്യമുണ്ടോ? തിരുമേനി (സ) ക്കു ദിവ്യവെളിപാട് ലഭിച്ച സത്യം അവരെ പറഞ്ഞു ധരിപ്പിക്കുകയാണ്. അല്ലാഹു ഏകനാണ്, സ്രഷ്ടാവും രക്ഷകർത്താവും ഔദാര്യവാനുമാണ്, അവൻ മനുഷ്യനു് അറിവില്ലാത്തതു് പഠിപ്പിച്ചുകൊടുക്കുന്നു. അഭൗതികമായ ശാശ്വതിസത്യങ്ങൾ ഭൗതിക ജീവിത വിജയത്തിനാസ്പദമായ ശാശ്വതമൂല്യങ്ങൾ, ജീവിത മാകമാനം ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥയുടെ വിവിധ വശങ്ങൾ–ഇതെല്ലാം ദിവ്യവെളിപാടു വഴിയായി മാത്രം ഗ്രഹിക്കാവുന്ന കാര്യങ്ങളാണ്. ഇതെല്ലാമാണ് നബി (സ) പഠിപ്പിച്ചു തുടങ്ങിയത്. മക്കക്കാരിൽ ഭൂരിപക്ഷവും അതിഷ്ടപ്പെട്ടില്ല. ഈ നിർദ്ദേശങ്ങളിൽ പലതും അവരുടെ സ്ഥാപിത താല്പര്യങ്ങൾക്കെതിരായിരുന്നു. നബി (സ) തിരുമേനിക്കു് തെററ് പററിയെന്നും, അവിടുന്നു് വഴിപിഴച്ചെന്നും, സുബോധമില്ലാതെ ആയെന്നും മററും അവർ പറഞ്ഞു പരത്തി. ഇതിനെല്ലാം അല്ലാഹുതന്നെ അവർക്കു മറുപടി നൽകിക്കൊണ്ടിരുന്നതു് അവർ ശ്രവിച്ചില്ല.

വിശാലമായ മരുഭൂമിയിൽ രാത്രിസമയങ്ങളിൽ തെക്കുംവടക്കും തിരിയാതെ അന്ധാളിച്ചുനിൽക്കുന്ന യാത്രക്കാർക്കു വഴികാട്ടുന്നതു് നക്ഷത്രങ്ങളാണല്ലോ. നക്ഷത്രത്തെ സാക്ഷിയാക്കി അല്ലാഹു കല്പിക്കുന്നതു് നോക്കുക: "നക്ഷത്രം അസ്തമിക്കുമ്പോൾ അതേകൊണ്ട് സത്യം! നിങ്ങളുടെ സ്നേഹിതനു് വഴിതെററിയിട്ടില്ല. അവിടുന്നു് വ്യതിചലിച്ചിട്ടുമില്ല. സ്വേച്ഛയിൽ പെട്ടത് അവിടുന്നു സംസാരിക്കുകയില്ല. അരുളപ്പെട്ട ദിവ്യവെളിപാടല്ലാതെ ഇത് (ഖുർആൻ) മററൊന്നുമല്ല. കഴിവുകളാൽ സുശക്തനായ (ജിബ്രീൽ) അവനെ പഠിപ്പിച്ചു. വിജ്ഞാനമുടയവൻ! അപ്പോൾ അവൻനിന്നു, പരമോന്നതമായ ചക്രവാളത്തിൽ!" (വി. ഖു. 53: 1–7)

പക്ഷെ ഇതൊന്നും മക്കാനിവാസികൾ ശ്രദ്ധിച്ചില്ല. വിശ്വസിക്കാൻ സാധിക്കാത്തതുകൊണ്ടോ, വിശ്വാസം വരാത്തതുകൊണ്ടോ ആയിരുന്നില്ല. നേരെമറിച്ചു സ്ഥാപിത താല്പര്യങ്ങളും അഹങ്കാരവും കാരണമായിമാത്രം. അവർ നബി (സ) യെ പരിഹസിച്ചു, എതിർത്തു, ഉപദ്രവിച്ചു. സഖാക്കളെ മർദ്ദിച്ചു. അങ്ങിനെ

സഖാക്കളിൽ പലരും നാടുംവീടുംവിട്ട് അബ്സീനിയായിലേക്കുപോയി. തിരുമേനി (സ) തന്നെ ത്വായിഫിലേക്കുപോയി. അവിടെയും ക്രൂരമായ പെരുമാററമാണ് അനുഭവപ്പെട്ടത്. പിന്നീട് നബി (സ) യെ കൊന്നുകളയുവാൻ തന്നെ അവർ പ്ലാനിട്ടു. അവിടുന്നു അതിൽനിന്നും രക്ഷപ്പെട്ടു മദീനയിലേക്കുപോയി. ശത്രുക്കൾ മദീനായിലും ഇരിക്കപ്പൊറുതി കൊടുത്തില്ല. മുസ്ലിംകൾക്കെതിരായി അവർ യുദ്ധങ്ങൾ സംഘടിപ്പിച്ചു. അല്ലാഹുവിൻെറ സഹായത്താൽ മുസ്ലിംകൾ അതിനെയെല്ലാം അതിജീവിച്ചു, അവസാനം തിരുമേനി (സ) വിജയശ്രീലാളിതനായി മക്കായിൽ തിരിച്ചുവന്നു; വീണ്ടും ജബൽഖുബൈസിന്മേൽ നിന്നുകൊണ്ട് മക്കക്കാർക്കാകമാനം പൊതുമാപ്പ് നൽകി! അറബിരാജ്യം മുഴുവൻ ഇസ്ലാം സ്വീകരിച്ചു. ഇങ്ങിനെ ഇസ്ലാമിൻെറ വളർച്ചയുടെ വിവിധദശകളുടെ ചരിത്രത്തിനു് ഈ മലകൾ സാക്ഷിയാണ്. ഇസ്ലാം മതം സ്വീകരിച്ചതിനു് ബിലാൽ (റ) എന്ന നീഗ്രോ അടിമയെ തൻെറ യജമാനൻ ചുട്ടുപഴുത്ത മണലിന്മേൽ കിടത്തി, നെഞ്ഞത്തു് കല്ലു കയററി വെച്ചു, ചാട്ടവാറകൊണ്ടു അടിച്ചു ഭേദ്യംചെയ്തത് ഈ മലമുകളിലായിരുന്നു. ഓരോ അടിക്കും 'അഹദ്, അഹദ്-ഏകൻ, ഏകൻ' എന്ന പ്രത്യുത്തരം മാത്രമെ ബിലാൽ (റ) നൽകിയുള്ളൂ. ഈ ക്രൂരമായ പെരുമാററംകണ്ടു അബൂബക്കർ സിദ്ദീഖ് (റ) ബിലാലിനെ (റ) മോചിപ്പിക്കുകയുണ്ടായി. തൌഹീദിൽ കറകളഞ്ഞ വിശ്വാസം പ്രകടിപ്പിച്ച ഈ കറുത്ത മനുഷ്യനായിരുന്നു നബി (സ) യുടെ 'മുഅദ്ദീൻ'. തിരുമേനി (സ) ജീവിച്ചിരുന്ന കാലമത്രയും നമസ്കാരങ്ങൾക്കായി ബാങ്ക്‌വിളി നടത്തിയത് സ്വരമാധുര്യത്തിൻെറ ഉടമയായ ബിലാൽ (റ) ആയിരുന്നു. നബി (സ) യുടെ വഫാത്തിന്നുശേഷം 'മുഹമ്മദുൻറസൂലുല്ലാഹ്' എന്നു വിളിച്ചോതുമ്പോൾ വികാരം നിയന്ത്രിക്കുവാനാവാതെ ഉച്ചത്തിലുള്ള ബാങ്ക് വിളി തുടർന്നുപോകുവാൻ ആ പുണ്യപൂമാന്നു് സാദ്ധ്യമായില്ല. ഇന്നു ആ മലയുടെ ഉച്ചിയിൽ ഒരു മനോഹരമായ പള്ളിയുണ്ട്; അതിൻെറ പേർ മസ്ജിദുൽ ബിലാൽ എന്നാകുന്നു. ആ പള്ളിയിൽ ദിനേന എത്രയോ തവണ ബാങ്ക്‌വിളി നടക്കുന്നു. 1400 വർഷങ്ങൾക്കുമുമ്പു് ചുട്ടുപഴുത്ത മണലിൽകിടന്നു മർദ്ദനങ്ങൾക്കുവഴങ്ങാതെ 'അഹദ്, അഹദ്' എന്നു വിളിച്ചോതിയ ആ മഹൽശബ്ദത്തിൻെറ മാറെറാലിയാണത്. ബിലാൽ (റ) സ്വർഗ്ഗാവകാശിയാണ്! ആ പുണ്യപുരുഷൻ ഇന്നെവിടെ? മർദ്ദനങ്ങളുമായി ആ പുണ്യവാനെ നേരിട്ട ദുഷ്ടന്മാർ എവിടെ?

ഈ കഴിഞ്ഞുപോയ ചരിത്രത്തിൽ നമുക്കും പാഠങ്ങളുണ്ട്. സഫാ നമുക്കും ഒരടയാളമാണ്. മലമുകളിൽനിന്നു നബി (സ) ചെയ്ത ആഹ്വാനം മക്കക്കാരോടു മാത്രമല്ല, ലോകാവസാനംവരെയുള്ള മാനവജനതയോടാണ്. ബുദ്ധിജീവികൾ ചിന്തിക്കട്ടെ! നമ്മുടെ ബുദ്ധിക്കതീതമായി അനേകമനേകം കാര്യങ്ങളുണ്ട്. അവ അല്ലാഹു നമുക്കു പഠി

പ്പിച്ചുതരുന്നതു് ദിവ്യദൂതന്മാർ മുഖേനയാണ്. മുഹമ്മദ് നബി (സ) നൂറുശതമാനവും ഒരു ചരിത്രപുരുഷനാണ്. തിരുമേനി (സ) യുടെ ജീവചരിത്രം ഒരു തുറന്ന പുസ്തകമാണ്. വിശദമായി, സത്യസന്ധമായി, അതു നമ്മുടെ മുമ്പിൽ രേഖപ്പെട്ടു കിടക്കുന്നു. തിരുമേനി (സ) ഒരിക്കലെങ്കിലും ഒരസത്യം പറഞ്ഞതായി തിരുമേനിയുടെ കഠിനശത്രുക്കൾ പോലും ആരോപിച്ചിട്ടില്ല. വിശുദ്ധ ഖുർആൻ വഹ്‌യായി ലഭിച്ചതാണെന്നു തിരുമേനി (സ) പറയുകയും ചെയ്തിട്ടുണ്ട്. ആ വിശുദ്ധ സന്ദേശം യാതൊരു വ്യത്യാസവുമില്ലാതെ നമ്മുടെ മുമ്പിലുണ്ട്. മാത്രമല്ല. അതിലെ ഓരോ നിർദ്ദേശവും തികച്ചും പ്രായോഗികമാണെന്നു് തിരുമേനി (സ) കാണിച്ചുതന്നിട്ടുമുണ്ട്. ആ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരുന്നത സമുദായത്തെ തിരുമേനി (സ) വാർത്തെടുക്കുകയും ചെയ്തു. ഇതെല്ലാം ചരിത്രം കണ്ട സത്യമാണ്. അതിന്റെ സംശയമില്ലാത്ത തെളിവുകൾ ഇതാ എന്റെ കൺമുമ്പിൽ. സഫാ, ജബൽഖുബൈസ്, ബിലാൽ മസ്ജിദ്! ദിനേന നാം കേൾക്കുന്ന ബാങ്ക് വിളി! അല്ലാഹുഅക്ബർ!

# ദാറുൽ അർഖം,
# മസ്ജിദുൽ ജിൻ, സൌർ ഗുഹ

മക്കായിൽ മുഹമ്മദ് (സ) ജനിച്ച സ്ഥലത്തു് ഇന്നു 'മക്തബാ മക്കാ മുകർറമ:' എന്ന പേരിൽ നടത്തുന്ന ഒരു മദ്രസക്കായുള്ള കെട്ടിടം മാത്രമെയുള്ളു. ഇതിന്നടുത്തു തന്നെ ആയിരുന്നു ബീബിഖദീജയുടെയും, അബൂബക്കർ സിദ്ദീഖിന്റെയും വീടുകളും കച്ചവട സ്ഥലങ്ങളും. നബുവ്വത്തിനു്ശേഷം നബി (സ) സ്വകാര്യമായി മതപ്രബോധനം ചെയ്തത് 'ദാറുൽഅർഖം' എന്ന ഭവനത്തിൽ വെച്ചായിരുന്നു. ഈ സ്ഥലത്തും ഇപ്പോൾ ഒരു മദ്രസ്സയാണുള്ളത്. അതിന്റെ വെളിയിൽ കിത്താബുകൾ വിൽക്കുന്ന ഒരു ഗ്രന്ഥാലയമുണ്ട്. ദാറുൽഅർഖമിൽവെച്ചു നടന്ന ഒരു ചരിത്ര പ്രസിദ്ധമായ സംഗതി ഉമർ (റ) ന്റെ ഇസ്ലാമിലേക്കുള്ള വരവായിരുന്നു. മുപ്പത്തഞ്ചുവയസ്സുകാരനായ ആ ധീരവീരപരാക്രമി നബി(സ)യെ കൊല്ലുവാനായി ഊരിപ്പിടിച്ച വാളുമായി പുറപ്പെട്ടതായിരുന്നു. വഴിയിൽവെച്ചു തന്റെ സഹോദരി ഫാത്തിമ(റ) ഭർത്താവായ സഅദ്(റ)വോടൊപ്പം ഇസ്ലാമിൽ പ്രവേശിച്ച വിവരമറിഞ്ഞു, അടക്കുവാൻ വയ്യാത്ത കോപത്തോടെ അങ്ങോട്ടേക്കു തിരിഞ്ഞു. വീടോടടുത്തപ്പോൾ അകത്തു് നിന്നു ഖുർആൻ ഓതുന്നത് കേട്ടു അതിന്റെ ആകർഷത

യിൽ സ്തംഭിച്ചുനിന്നുപോയി. കോപാകുലനായ ഉമർ വാതിൽ തുറന്നു സഹോദരിയെ ഭയപ്പെടുത്തി നോക്കിയെങ്കിലും, ഇസ്ലാമിൽ ചേർന്ന വിവരം സധൈര്യം സമ്മതിക്കുകയാണ് അവർ ചെയ്തത്. കൂടുതൽ വികാരപരവശനായ ഉമർ (റ) ഖുർആൻ കാണണമെന്നാവശ്യപ്പെടുകയും, സൂറത്തുത്വാഹായിലെ ആദ്യഭാഗം വായിച്ചുകേൾക്കുകയും ചെയ്തു. "ത്വാഹാ! നീ ക്ലേശപ്പെടുന്നതിനു്വേണ്ടി നാം നിനക്ക് ഈ ഖുർആൻ ഇറക്കിയിട്ടില്ല. എന്നാൽ (അല്ലാഹുവെ) ഭയപ്പെടുന്നവനു് ഒരനുസ്മരണം മാത്രമാണിത്_ഉന്നതാകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ഒരുവനിൽനിന്നും (ഇറക്കപ്പെട്ട) വെളിപാട്. പരമകാരുണികൻ അർശിന്മേൽ സുസ്ഥിരനത്രെ. അവൻെറതാണ് ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും, അവ രണ്ടിനുമിടയിലുള്ളതും, മണ്ണിനടിയിലുള്ളതുമെല്ലാം വചനത്തെ നീ ഉറക്കെ ഉച്ചരിക്കുന്നുവെങ്കിലും-എന്നാൽ തീർച്ചയായും അവൻ രഹസ്യത്തേയും ഏററവും നിഗൂഢമായതിനേയും അറിയുന്നുണ്ട്. അല്ലാഹു! അവനല്ലാതെ ഒരു ഇലാഹില്ല. ഏററവും ഉത്തമനാമങ്ങൾ അവനുള്ളതത്രെ"! (വി. ഖു 20: 1_7)

## അതിമഹത്തായ പ്രതിഫലം

മററൊരു റിപ്പോർട്ടു പ്രകാരം ഉമർ (റ) വായിച്ചതു് സൂറത്തുൽഹദീദിലെ ആദ്യസൂക്തങ്ങളായിരുന്നു: "ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിനെ വാഴ്ത്തുന്നു. അവൻ സർവ്വശക്തനും സർവ്വതന്ത്രജ്ഞനുമത്രെ. ആകാശങ്ങളുടെയും ഭൂമിയുടേയും ആധിപത്യം അവൻെറതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാററിനും കഴിവുററവനത്രെ. ആദ്യവും അന്ത്യവും ബാഹ്യവും ആന്തരികവും അവനത്രെ. അവൻ എല്ലാ കാര്യത്തിലും അറിവുററവനുമത്രെ. അവൻ ആകാശങ്ങളെയും ഭൂമിയേയും ആറുനാളുകളിൽ സൃഷ്ടിച്ചവൻ. പിന്നീടു് (ആധിപത്യത്തിൻെറ) സിംഹാസനത്തിൽ ഏറി ഭൂമിയിൽ ഉയർന്നുകിടക്കുന്ന എന്തിനേയും, അതിൽനിന്നു പുറത്തുവരുന്ന എന്തിനെയും, ആകാശത്തിൽനിന്നു ഇറങ്ങുന്നഎന്തിനെയും, അതിൽ കയറിപ്പോകുന്ന എന്തിനേയും അവൻ അറിയുന്നു. നിങ്ങൾ എവിടെ ആയാലും അവൻ നിങ്ങളുടെ കൂടെയുണ്ട്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കാണുന്നവനത്രെ. ആകാശഭൂമികളുടെ ആധിപത്യം അവൻെറതാണ്. അല്ലാഹുവിങ്കലേക്ക് കാര്യങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു. അവൻ രാത്രിയെ പകലിലേക്ക് കടത്തിവിടുകയും, പകലിനെ രാത്രിയിലേക്ക് കടത്തിവിടുകയും ചെയ്യുന്നു. ഹൃദയങ്ങളിലുള്ള (രഹസ്യത്തെ) അവൻ നന്നായി അറിയുന്നവനത്രെ. അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും അവൻ യാതൊന്നിനു നിങ്ങളെ അവകാശി

കളാക്കിയിട്ടുണ്ടോ അതിൽനിന്നു നിങ്ങാം ചിലവാക്കുകയും ചെയ്യുവിൻ! എന്നാൽ നിങ്ങളിൽനിന്നും വിശ്വസിക്കുകയും (സന്മാർഗ്ഗത്തിൽ) ചില വാക്കുകയും ചെയ്യുന്നവർ, അതിമഹത്തായ പ്രതിഫലം അവർക്കുണ്ട്." (വി. ഖു. 57: 1_7)

## അരുവിയിൽ പാറ

ഓരോ ആയത്തും ഓതുമ്പോാം ആ ഉരുക്കുമനുഷ്യന്റെ ഹൃദയത്തിലേക്ക് അത് തുളച്ചുകയറുകയായിരുന്നു. വികാരങ്ങളെ നിയന്ത്രിക്കുവാൻ സാധിക്കാതെ ഉമർ (റ) ദാറുൽ അർഖമിലേക്ക് പാഞ്ഞുചെന്നു! വാതിലിന്നു മുട്ടി നബി (സ) തിരുമേനിയുടെ അനുമതിയോടെ അകത്തു പ്രവേശിച്ചു. ഊരിയ വാളോടെ വന്ന ഉമറി (റ) ന്റെ തോളുകാം പിടിച്ചുകൊണ്ട് "ഉമർ, എന്തുദ്ദേശത്തോടുകൂടിയാണ് വന്നിരിക്കുന്നത്?" എന്നു ചോദിച്ചു. താഴെ നോക്കി നിറഞ്ഞ സ്വരത്തിൽ 'വിശ്വാസം കൊള്ളുവാൻ:' എന്നു ഉമർ (റ) പ്രത്യുത്തരം നൽകി. 'അല്ലാഹു അക്ബർ' എന്ന ജയാരവം അവിടെ ഏകകണ്ഠമായി മുഴങ്ങി! വിശുദ്ധ ഖുർആനിലെ ചില സൂക്തങ്ങാം ഉമറിനെ (റ) പോലെയുള്ള ഒരുരുക്കുമനുഷ്യനെ തലകുനിപ്പിക്കയാണ്. അതിൽ ആശ്ചര്യപ്പെടാനെന്തുള്ളൂ? "പിന്നെ നിങ്ങളുടെ ഹൃദയങ്ങാം കട്ടത്തുപോയി. അങ്ങിനെ അത് പാറകാം പോലെ ആയി. അല്ലെങ്കിൽ അതിൽകൂടുതൽ കട്ടപ്പമായിത്തീർന്നു. (എന്തെന്നാൽ) തീർച്ചയായും പാറകളിൽ തന്നെ അരുവികാം പൊട്ടിയൊഴുകുന്ന (ചിലത്) ഉണ്ട്. സ്വയം പൊട്ടിപ്പിളരുന്ന (ചിലതും) ഉണ്ട്. അങ്ങിനെ അതിൽനിന്നും തണ്ണീർ പുറപ്പെട്ടുവരും. അല്ലാഹുവിനോടുള്ള ഭയത്താൽ താണുവീഴുന്ന (ചിലതും) അവയിലുണ്ട്. നിങ്ങാം പ്രവർത്തിക്കുന്നതിനെക്കുറിച്ചു അല്ലാഹു അശ്രദ്ധനല്ല' (വി. ഖു. 2: 74) ഉമർ (റ)വിന്റെ വരവോടുകൂടി മുസ്ലിംകാംക്ക് പൂർവ്വാധികം ധൈര്യംവന്നു. അർഖമിന്റെ ഈ വീട് ഇങ്ങിനെ പല സംഭവങ്ങാംക്കും സാക്ഷിയാണ്.

## മസ്ജിദുൽ ജിൻ

മക്കാപട്ടണത്തിലുള്ള ഒരു പള്ളി 'മസ്ജിദുൽ ജിൻ' എന്ന പേരിൽ അറിയപ്പെടുന്നു 'സൂറത്തുൽജിൻ' ഇറങ്ങിയത് ഈ സ്ഥലത്തുവെച്ചായിരുന്നു. തിരുമേനി (സ) യുടെ ത്വായിഫ് യാത്രയെ ഇത് ഓർമ്മിപ്പിക്കുന്നു. മക്കായിൽനിന്നു അല്പം ദൂരെയായി വളരെ ഫലപുഷ്ടിയുള്ള ഒരുയർന്ന പ്രദേശമാണ് ത്വായിഫ്. അവിടെയുള്ള പ്രബലന്മാരെ ദീനിലേക്കു ക്ഷണിക്കുവാനും, മുസ്ലിംകാംക്ക് അവിടെയെങ്കിലും സ്വൈരജീവിതം സാദ്ധ്യമാകുമോ എന്നന്വേഷിക്കുവാനുമാണ് അവി

ടുന്നു് അങ്ങോട്ടു പോയതു്. മക്കാജീവിതം തികച്ചും അസഹ്യമായിക്കഴിഞ്ഞിരുന്നു. കുറെ മുസ്ലിംകൾ അബിസീനായിൽചെന്നു അഭയം പ്രാപിച്ചിരിക്കുകയാണു്. ചുരം കയറി ത്വായിഫിയിലേക്കു് ചെല്ലുന്നതുതന്നെ പ്രയാസമാണു്. എന്നാലും ധൈര്യം അവലംബിച്ചുകൊണ്ടു് സൈദുബ്നുഹാരിസ് (റ) മോടൊപ്പം തിരുമേനി അവിടെ ചെന്നു. പക്ഷെ തൌഹീദിന്റെ സന്ദേശവുമായി ചെന്ന തിരുനബി (സ)യോടു നിന്ദ്യവും നിഷ്കരുണവുമായിട്ടാണു് ആ നാട്ടുകാർ പെരുമാറിയതു്. നിരാശരായി മടങ്ങുമ്പോൾ അവർ തെരുപ്പിള്ളരെവിട്ടു കൂകിയും പരിഹസിച്ചും കല്ലെറിഞ്ഞും ഉപദ്രവിച്ചു. കാലിൽ മുറിവേററു ക്ഷീണിതനായി വല്ലേടത്തും ഇരുന്നാൽ ഈ പിള്ളേർ തിരുമേനിയെ പിടിച്ചു വലിച്ചു് എഴുന്നേൽപിക്കുകയും വീണ്ടും പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യുമായിരുന്നു. ഒടുക്കം പട്ടണത്തിന്നു വെളിയിൽ ഉഖ്ബത്തുബ്നു റബീഅത്തിന്റെ തോട്ടത്തിൽ രക്ഷതേടി, ഒരു മരച്ചുവട്ടിലിരുന്നു മുറിവുകളൊക്കെ കഴുകി വൃത്തിയാക്കി, മക്കായിലേക്കു മടങ്ങി. മുമ്പിൽ കാണുന്നതു് മക്കാ—പ്രത്യക്ഷത്തിൽതന്നെ രക്ഷക്കുള്ള യാതൊരു ലക്ഷണവും അവിടെയില്ല. പിന്നിൽ ത്വായിഫ്—അവിടെ എന്താണുള്ളതെന്നും നാം കണ്ടുവല്ലോ മനസ്സിന്നുള്ളിലാണെങ്കിൽ ദൌത്യനിർവ്വഹണം ഒരു വമ്പിച്ച ഭാരമായി അവശേഷിക്കുന്നു. കഠിന കഠോരമായ, നാലുഭാഗത്തുനിന്നും ഞെക്കിഞെരുക്കുന്ന ഈ സാഹസങ്ങളുടെ ഇടയിലും തിരുമേനി പ്രാർത്ഥിക്കുന്നതു് എന്തെന്നു നോക്കുക:

"ജഗന്നിയന്താവായ അല്ലാഹുവേ, എന്റെ കഴിവുകേടുകളെയും നിസ്സഹായതയേയും, ജനങ്ങൾ എന്നോടു് കാണിച്ചുവരുന്ന അവഗണനകളെയും കുറിച്ചു ഞാൻ നിന്നോടു് പരാതിപ്പെടുകയാണു്. നീ കരുണാനിധികളിൽവെച്ചു ഏററവും കാരുണ്യമുടയവനാകുന്നു. അഗതികൾക്കും അശരണർക്കുമുള്ള അഭയവും നീതന്നെ, എന്റെ യജമാനനും നീ മാത്രമാകുന്നു. എന്നെ ആരുടെപക്കൽ ഏൽപിക്കാനാണു് നീ ഉദ്ദേശിക്കുന്നതു്? അക്രമകാരികളായ തായ്ഫ്കാരെയോ? അതോ തങ്ങളുടെ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്താൻ കെൽപുള്ള മക്കാനിവാസികളെയോ? ഏതായാലും, നീ എന്റെ നേരെ വെറുക്കാത്ത കാലത്തോളം എനിക്കു് അക്കാര്യത്തിൽ യാതൊരു വ്യാകുലതയുമില്ല. എന്തുകൊണ്ടെന്നാൽ, നിന്റെ സംരക്ഷണത്തിന്റെ മടിത്തട്ടു് എന്നെ സംബന്ധിച്ചേടത്തോളം അത്രയും വിശാലമാണു്. സർവ്വ അന്ധകാരങ്ങളും നീങ്ങിമറയുന്ന പ്രകാശമാനമായ നിന്റെ സംരക്ഷണത്തിൻകീഴിൽ ഞാൻ അഭയംതേടുന്നു. ഇപ്പോൾ നടക്കുന്നതും ഭാവിയിൽ നടക്കാതിരിക്കുന്നതുമായ സർവ്വ കാര്യങ്ങളും നിന്റെ നിയന്ത്രണങ്ങൾക്കധീനമായി നിലകൊള്ളുകയും ചെയ്യുന്നു. സർവ്വ കഴിവുകളുടെയും ഉറവിടം നീമാത്രം! നിന്റെ കാരുണ്യംമൂലം കരഗതമാകുന്ന ദിവ്യസമീപനം എനിക്കു് ഇന്നു അനുപേക്ഷണീയമായി വന്നിരിക്കുന്നു."

പ്രിയവായനക്കാരെ, നബി (സ) തിരുമേനിയുടെ ഈ പ്രാർത്ഥന വീണ്ടും വീണ്ടും വായിച്ചുനോക്കുക. അങ്ങിനെ പ്രാർത്ഥിക്കേണ്ടിവന്ന സന്ദർഭത്തെപ്പററി ചിന്തിക്കുക. എന്നിട്ട് 'ഈമാൻ' എന്താണെന്നു മനസ്സിലാക്കുക. 'ശരിയായ ഈമാനുള്ള പുരുഷൻെറ ഒരൊററനോട്ടം മതി, വിധികളെയെല്ലാം തകിടം മറിക്കാൻ' എന്നാണ് അല്ലാമാ ഇഖ്ബാൽ പാടിയത്. അല്ലാഹു തൻെറ ഹബീബി (സ) നെ കൈവെടിയുക സാദ്ധ്യമല്ലല്ലോ. അവൻ തിരുമേനി (സ) ക്കു സഹായവും സമാധാനവും നാനാപ്രകാരേണയും നൽകിക്കൊണ്ടിരുന്നു. ഈ അവസരത്തിലാണ് 'സൂറത്തുൽ ജിൻ' (സൂ: 72) ഇറങ്ങിയത്. ഒരു സംഘം ജിന്നുകൾ ഇസ്ലാം സ്വീകരിച്ചതും ഈ സന്ദർഭത്തിലായിരുന്നു. ആ സംഭവംനടന്ന സ്ഥലത്താണ് 'മസ്ജിദുൽ ജിൻ' പണിതിട്ടുള്ളത്. തുടർന്നു പല സഹായങ്ങളും നബി (സ) ക്കു ലഭിച്ചു. രണ്ടു മാസങ്ങൾ കഴിഞ്ഞു മദീനയിലെ ഒരു സംഘം ആളുകൾ നബി (സ) യെ സമീപിക്കുകയും ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു. അതിൻെറ ശേഷമാണല്ലോ ഹിജ്റയും തുടർന്നുള്ള വിജയങ്ങളും ഉണ്ടായത്.

## സൌർ ഗുഹ

മദീനയിലേക്കുള്ള ക്ഷണം ഒരു രജതരേഖയായിരുന്നുവെങ്കിലും ഇരുളുകൾ അവസാനിച്ചില്ല. പതിമൂന്നു വർഷക്കാലമായി മക്കായിലെ ശത്രുക്കളിൽനിന്നും അനുഭവിക്കേണ്ടിവന്ന ഉപദ്രവങ്ങൾ മൂർദ്ധന്യത്തിലേക്ക് നീങ്ങുകയാണ്. വിവരണ സാദ്ധ്യമല്ലാത്ത ഉപദ്രവങ്ങളേയും, മർദ്ദനങ്ങളേയും സഹിച്ചും ക്ഷമിച്ചും കൊണ്ടു തന്നെ നിരന്തരമായി അദ്ധ്വാനിച്ചതിൻെറ ഫലമായി ഒരു നല്ല ജനവിഭാഗം തിരുമേനി (സ)യിൽ വിശ്വസിച്ചു മുസ്ലി-കളായി മാറിയിട്ടുണ്ടായിരുന്നു. ഇത് ശത്രുക്കൾക്ക് പൊറുപ്പിക്കാൻ സാധിച്ചില്ല. ചുമരെഴുത്ത് അവർ വായിച്ചു. വളർന്നുവരുന്ന പ്രസ്ഥാനത്തെ തകർക്കുവാൻ നബി(സ) യെ കൊന്നുകളയുക മാത്രമെ നിവൃത്തിയുള്ളു എന്നു അവർ മനസ്സിലാക്കി. എല്ലാ ഗോത്രക്കാരും ചേർന്നു നബി (സ)യുടെ വീട്ട് വളയുവാനും, അതിരാവിലെ എല്ലാവരും ഒരുമിച്ചു തിരുമേനിയെ (സ) വെട്ടിക്കൊല്ലുവാനും പ്ലാനിടുകയും ചെയ്തു. എന്നാൽ ശത്രുക്കൾ വീട്ട് വളയുന്നതിന്നുമുമ്പ് പാതിരാസമയത്ത് തിരുമേനി (സ) തൻെറ കിടക്കയിൽ അലി (റ) യെ കിടത്തി, പുതപ്പുകൊണ്ട് മൂടി, അബൂബക്കർ സിദ്ദീഖിനോടൊപ്പം (റ) മക്കാവിട്ടു, ആദർശത്തിൻെറ പേരിൽ ബന്ധുക്കളേയും, ഗോത്രക്കാരെയും, സ്വദേശത്തെയും എല്ലാം വിട്ടേച്ചു മദീനായിലേക്ക് ഹിജ്റ പോവുകയാണ്. ഇസ്ലാം ചരിത്രത്തിൽ സർവ്വപ്രധാനമായ ഒരു സംഭവമായിരുന്നു ഇത്. ഹിജ്റവർഷം ആരംഭിക്കുന്നത് അതിൽനിന്നാണല്ലോ. വ്യക്തിപര

മായ സംസ്കരണത്തോടൊപ്പം ഒരാദർശസമുദായത്തേയും, രാഷ്ട്രത്തേയും വാർത്തെടുക്കുന്ന പ്രക്രിയയുടെയും ആരംഭമായിരുന്നു അത്. എന്നാൽ, പ്രയാസമേറിയതും ആപത്തുനിറഞ്ഞതുമായിരുന്ന ആ യാത്ര. ശത്രുക്കളുടെ കണ്ണിൽപെട്ടുപോയെങ്കിൽ എന്തു സംഭവിക്കുമായിരുന്നുവെന്നു ഊഹിക്കാൻപോലും സാദ്ധ്യമല്ല. മക്കയിൽനിന്നു 7 കീമീ. ദൂരം ഉയരമുള്ള ഒരു മലയുടെ മുകളിൽ ആർക്കും ചെന്നെത്തുവാൻ പ്രയാസമുള്ള ഒരു ഗുഹയിൽ ചെന്നു മൂന്നു ദിവസങ്ങൾ നബി (സ) യും വിശ്വസ്ത സഖാവും (റ) കഴിച്ചുകൂട്ടി.

രാവിലെ വീട്ട് തുറന്നു ശത്രുക്കൾ ഒന്നായി തിരുമേനി (സ) യുടെ പണി കഴിക്കാനുദ്ദേശിച്ചു കട്ടിലേലടുത്തപ്പോഴാണ് ഒന്നും സംഭവിച്ചില്ലെന്നമട്ടിൽ അലി (റ) എഴനേററു പുറത്തിറങ്ങുന്നത്. തങ്ങളുടെ കൈകളിൽ നിന്നു രക്ഷപ്പെട്ട നബി (സ) യെ തേടി ശത്രുക്കൾ നാലുപാടും ചുററി സഞ്ചരിച്ചു പരിശോധന നടത്തി. അവരിൽ ഒരു സംഘം നബി (സ) സഖാവും (റ) ഒളിഞ്ഞിരിക്കുന്ന ഗുഹയുടെ മുമ്പിലോളം എത്തി. നബി (സ) യുടെ ജീവനെപ്പററിയുള്ള ആശങ്കയാൽ, "നബിയെ, നാം രണ്ടുപേർ മാത്രമല്ലെ ഉള്ളൂ!" എന്നു അബൂബക്കർ (റ) ബോധിപ്പിച്ചപ്പോൾ, "അല്ല, അല്ലാഹുവും നമ്മുടെ കൂടെയുണ്ട്," എന്നു തിരുമേനി (സ) ആശ്വസിപ്പിച്ചു. മാറാലകളാൽ മൂടപ്പെട്ട ഗുഹാദ്വാരം കണ്ട ശത്രുക്കൾ ഇതിനുള്ളിൽ ആരുമില്ലെന്നു പറഞ്ഞു സ്ഥലം വിട്ടു. അത്യധികം സന്നിഗ്ദ്ധമായിരുന്ന ആ നിമിഷത്തെ രക്ഷപ്പെടലിനെപ്പററി അല്ലാഹു പറയുന്നത് നോക്കുക: "അവിശ്വാസികൾ അവനെ (സ്വദേശത്തുനിന്നും) ബഹിഷ്കരിച്ചപ്പോൾ അല്ലാഹു തീർച്ചയായും അവനെ സഹായിച്ചു. അപ്പോൾ അവൻെറ കൂടെ രണ്ടിൽ രണ്ടാമനായി (ഒരു സഹചരൻ മാത്രമെ ഉണ്ടായിരുന്നുള്ളു) രണ്ടാളും ഗുഹയിലായിരുന്നപ്പോൾ, തൻെറ കൂട്ടുകാരനോട് അവൻ പറഞ്ഞ സന്ദർഭം (ഓർക്കുക:) 'നീ വിഷമിക്കേണ്ട; തീർച്ചയായും അല്ലാഹു ഉണ്ട് നമ്മുടെ കൂടെ!' അപ്പോൾ അല്ലാഹു തൻെറ സമാധാനത്തെ അവൻെറ മേൽ ഇറക്കി; നിങ്ങൾ കാണാത്ത സൈന്യങ്ങളെ കൊണ്ട് അവനെ ശക്തിപ്പെടുത്തുകയും, അവിശ്വാസികളുടെ വാക്കിനെ ഏററവും താഴ്ത്തപ്പെട്ടതാക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിൻെറ വചനം-അതത്രെ ഏററവും ഉയർന്നു നിൽക്കുന്നത്. അല്ലാഹു സർവ്വശക്തനും പരമ തന്ത്രജ്ഞനുമത്രെ!" (വി: ഖു: 9: 40)

ഈ ചരിത്രപ്രസിദ്ധമായ ഗുഹ സൗർ മലയുടെ ഉച്ചിയിൽ കിടക്കുന്നു. ഞങ്ങൾ മലയുടെ അടിവാരംവരെ പോയതേഉള്ളൂ. സമയക്കുറവും പ്രയാസവും ഓർത്തു മലമുകളിൽ കയറിയില്ല. താഴെ നിന്നു കാണുന്ന മലയുടെ പിന്നിൽ മലനിരകൾ ഉണ്ടെന്നും അതിൽ പല ഗുഹകളു

മുണ്ടെന്നും, അവയിൽ ഒന്നാണ് സൌർഗുഹയെന്നും അറിവുള്ളവർ പറഞ്ഞുതന്നു. സൌർഗുഹ 5-8 പേർക്കു ഇരിക്കാനും കുനിഞ്ഞുമാത്രം നിൽക്കാനും സൗകര്യമുള്ള ഒന്നാണ്. രാത്രി സമയത്ത് ഇവിടത്തോളം സഞ്ചരിച്ച് മലകയറി ഈ ഗുഹക്കുള്ളിൽ ഒളിച്ചും പിന്നീട് ശത്രുക്കൾക്കു പിടുത്തം കൊടുക്കാതെ വഴികൾ മാറിമാറിയും മദീനയിലേക്കു ഹിജറ പോയത് എത്രമാത്രം സാഹസമേറിയ ഒരു ശ്രമമായിരുന്നുവെന്നു ആലോചിക്കുമ്പോൾ രോമാഞ്ചമുണ്ടാകുന്നു. അതാണ് ഹിജറയുടെ ആരംഭം. ആ സംഭവം കഴിഞ്ഞു ഇപ്പോൾ (1971 ജനുവരി) 1391 വർഷങ്ങളായി. ഈ കാലയളവിൽ എന്തെല്ലാം സംഭവിച്ചു!

# ജന്നത്തുൽ മുഅല്ല: മക്കാശരീഫിലെ ഖബറിസ്ഥാൻ

ജന്നത്തുൽ മുഅല്ലാ മക്കാശരീഫിലെ ഖബറിസ്ഥാനാണ്. ഇസ്ലാമിന്റെ സുദീർഘമായ ചരിത്രത്തിലെ പല മഹൽ വ്യക്തികളേയും ഖബറടക്കിയതു് ഇവിടെയാണ്. വിശാലമായ ഉണങ്ങിവരണ്ട ഒരു സ്ഥലം. ചുററും മതിൽ കെട്ടിയിരിക്കുന്നു. ഒരു എളിയസ്ലോപ്പിൽ ചരിഞ്ഞുകിടക്കുന്നതു് കൊണ്ടായിരിക്കാം ചെറിയ മതിലുകൾ കുറങ്ങനെയും വിലങ്ങനെയും കെട്ടിയിട്ടുണ്ട്. ഖബറുകളിന്മേലൊന്നും ഒരു കെട്ടിടവുമില്ല. ചെറിയ ഉരുളൻകല്ലുകളാൽ അടയാളപ്പെടുത്തിവെച്ചിട്ടുണ്ടെന്നുമാത്രം. ചില ഖബറുകൾക്കു രണ്ടു മീസാൻ കല്ലുകളുണ്ട്; ചിലതിനു് ഒന്നുമാത്രം. മതവിധികളനുസരിച്ചു സിയാറത്തിനല്ലാതെ നേർച്ച വഴിപാടുകൾ നൽകുവാനോ, ചന്ദനത്തിരി മുതലായവ പുകയിക്കുവാനോ ഒന്നും അനുവദിക്കുകയില്ല. അതുകൊണ്ടു് തന്നെ ഈ പുണ്യസ്ഥലത്തിന്റെ മഹത്വം ഹൃദയത്തിൽ തുളച്ചുകയറുന്നു. ചിന്തയ്ക്കുമാത്രമെ അവസരമുള്ളു; ചിന്തിക്കുവാനൊട്ടുണ്ടുതാനും.

ആദംനബി (അ) യുടെ ഖബർ ഇവിടെയാണെന്നു് ഐതിഹ്യമുണ്ട്. മുഹമ്മദ്നബി (സ) യുടെ പിതാക്കളുടെ പരമ്പരയിൽപെട്ട അബ്ദുല്ല (റ), അബ്ദുൽമുത്തലിബ്, ഹാശിം മുതലായ പലരുടെയും അന്ത്യവിശ്രമം ഇവിടെയാണ്. ഇബ്നുഹജരൽ അസ്ഖലാനി (റ) എന്ന പണ്ഡിതശ്രേഷ്ഠന്റെ ഖബർ ഇവിടെതന്നെ. ഇതെല്ലാം കണ്ടും അവരെപ്പററി ഓർത്തും അവർക്കുവേണ്ടി പ്രാർത്ഥിച്ചും കുറച്ചുനേരം അവിടെ കഴിച്ചു. എന്നാൽ ചിന്തയെ ബലമായി പിടിച്ചുനിർത്തിയതു് ബീബിഖദീജ (റ) യുടെ ഖബറാണ്. ആ പുണ്യവതി ആരായിരുന്നു! നബി (സ) യുടെ സ്നേഹാദരങ്ങളുടെ അവകാശിയായിരുന്ന, തിരുമേനി

(സ)യെ ഉള്ളഴിഞ്ഞുസ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത, തിരുമേനി (സ) യിൽ നൂറുശതമാനവും വിശ്വാസമർപ്പിച്ച, സമ്പത്ത് കാലത്തും ആപത്ത്കാലത്തും ഒരുപോലെ താങ്ങും തണലുമായിരുന്ന പത്നി-ആ മഹിളാരത്നം, ഒന്നാമത്തെ മുസ്ലിംവനിത, സത്യവിശ്വാസികളുടെ മാതാവ്, അവരുടെ മൃതദേഹം നബി (സ) തിരുമേനിയുടെ തൃക്കരങ്ങളാൽ സുമാർ ആയിരത്തിനാന്നൂർ വർഷങ്ങൾക്കുമുമ്പ് ഈ മണ്ണിൽ താഴ്ത്തി വെക്കപ്പെടുകയുണ്ടായി.

ആ ഖബ്റും സാധാരണ ഖബ്ർപോലെ മാത്രം. ഞങ്ങളുടെ ചിന്ത ചിറക്പൊടിച്ച വിദൂരമായ ആഗ്രയിലേക്കും, ലോകത്തെമ്പാടും- നമ്മുടെ നാട്ടിലുമുള്ള എണ്ണിയാൽ തീരാത്ത മഖാമുകളിലേക്കും പറന്നു ചെന്നു. താജ്മഹൽ ഒരു മഹാറാണിയുടെ ഖബ്റിന്മേൽ ഒരു മുസ്ലിം രാജാവു നിർമ്മിച്ചതും ഏററവും ഭംഗിയുള്ള കെട്ടിടമെന്നു സർവ്വരും സമ്മതിച്ചതുമായ ഒരു സർവ്വലോകാത്ഭുതമാണ്. ഇവിടെയും മററു നൂറായിരം മഖാമുകളിലും എന്തെല്ലാംതരം കെട്ടിടങ്ങൾ; പാട്ടുള്ളതും ഇല്ലാത്തതുമായ എന്തെല്ലാം ആചാരങ്ങൾ? ബീബി ഖദീജ (റ) യുടെ ഖബറിന്മേൽ ഒരു കെട്ടിടം നിർമ്മിക്കാനും മററും സാധിച്ചെങ്കിൽ എന്തായിരിക്കും സ്ഥിതി എന്നു ഞങ്ങൾ ഓർക്കുകയുണ്ടായി. താജ്മഹലിനെ കവച്ചുവെക്കുന്ന ഒരു കെട്ടിടം അവിടെ ഉയർന്നുവരുമായിരുന്നു. നേർച്ചയായ നേർച്ചയെല്ലാം ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും വന്നു കുമ്പാരമായി, കുന്നുകൂടുമായിരുന്നു. പ്രാർത്ഥനയും കരച്ചിലും മാറത്തടിയുമെല്ലാം അവിടെ കാണുമായിരുന്നു. ആ പുണ്യസ്ഥലത്തിൻെറ പവിത്രതയും, ഇസ്ലാമിൻെറ ജീവനും അവിടെനിന്നു പമ്പകടക്കുകയും ചെയ്യുമായിരുന്നു! അല്ലാഹു അതു സമ്മതിച്ചില്ല. അവിടെ ഉള്ളത് ശാന്തത, സമാധാനം, ദിക്ർ-അല്ലാഹുവെപ്പററി, അവൻെറ തിരുദൂതരെപററി, അവൻെറ ദീനിനെപ്പററി ആ ദീൻ പഠിപ്പിക്കുന്നതു 'അവൻെറ വജ്ഹ് ഒഴികെ എല്ലാം നശിക്കും' എന്നാണ്. നബി (സ) യും ഭാര്യയും സഖാക്കളുമെല്ലാം മരിച്ചു. അല്ലാഹു ജീവിച്ചിരിക്കുകയും ചെയ്യും.

ഞങ്ങൾ ഈ ഖബറുകൾ സിയാറത്ത് ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു മയ്യത്ത് മറവ് ചെയ്യുന്നതിനായി അവിടെ കൊണ്ടുവന്നു. സുമാർ നാലഞ്ചടി ആഴത്തിൽ മണ്ണുകുഴിച്ചു, ഒരു പാറക്കല്ലിൻെറ അടിയിൽ കൂടെ വിലങ്ങനെ മണ്ണുതോണ്ടിയെടുത്ത് ഒരു ഗുഹപോലെയുണ്ടാക്കി, മയ്യത്ത് അതിൽവെച്ച മണ്ണിട്ടുമൂടുകയാണ് ചെയ്തത്. ജന്നത്തുൽ മുഅല്ലായിലെ മണ്ണും പാറയും ഇടകലർന്ന ഭൂസ്ഥിതിക്ക് തികച്ചും അനുയോജ്യമായിരുന്നു ഇത്. [മർഹൂം ബാഫഖിതങ്ങളെ ഇവിടെയാണ് പിറെറ വർഷം ഖബറടക്കിയത്.]

## മീനായിൽ

മീനായിൽ ഞങ്ങൾ മൂന്നുതവണ പോവുകയുണ്ടായി: ഹജ്ജിനുവേണ്ടിയും, അതിനുമുമ്പും, അതിനുപിമ്പും ഹജ്ജ് സമയത്ത് അവിടെ പതിനഞ്ചു ലക്ഷത്തിലധികം ജനങ്ങൾ കൂടിയിരുന്നു. അതിനുമുമ്പും പിമ്പും ഒരു ചെറിയ ഗ്രാമത്തിന്റെ പ്രതീതി മാത്രമെ അവിടെ കണ്ടുള്ളൂ. കല്ലേറിനുള്ള മൂന്നു ജംറകൾ വളരെ വീതിയുള്ള ഒരു റോഡിന്റെ നടുവിലായി സ്ഥിതിചെയ്യുന്നു. ഇരുവശവും രണ്ടുംമൂന്നും തട്ടുകളുള്ള കെട്ടിടങ്ങളുണ്ട്. ഏതാണ്ട് ഈ റോഡിനു സമാന്തരമായി വേറെയും ഒന്നുരണ്ടു റോഡുകളും അവയുടെ വശങ്ങളിൽ ഏട്ടപ്പുകളുമുണ്ട്.

മീനായിലുള്ള രണ്ടു പള്ളികളാണ് മസ്ജിദുൽകൌസറും, മസ്ജിദുൽ ഖൈഫും. സൂറത്തുൽകൌസർ ഇറങ്ങിയതു് മസ്ജിദുൽകൌസർ ഇരിക്കുന്ന സ്ഥലത്ത് വെച്ചായിരുന്നു. ആ സൂറയെപററി നേരത്തെ വിവരിച്ചിട്ടുണ്ട്. ഇതൊരു ചെറിയ പള്ളിയാണ്. മസ്ജിദുൽഖൈഫ് സാമാന്യം വലിയ ഒരു പള്ളിയാണ്. നബി (സ) തിരുമേനി ഹജ്ജതുൽ വിദാഇൽ തമ്പടിച്ചു താമസിച്ചതും പ്രാർത്ഥന നടത്തിയതും ഇവിടെയായിരുന്നു. ആദ്യമായി നിർമ്മിച്ച പള്ളി എട്ടുമൂലകളോടു കൂടിയതാണ്. ഊക്കൻ തൂണുകളും ആർച്ചുകളുമുള്ള ഈ പള്ളി ഇപ്പോഴും അവിടെയുണ്ട്: അതിനുപുറം വിശാലമായ പള്ളിയാണ് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നതു ഇവിടെയും വെള്ളംകിട്ടുവാൻ പ്രയാസമുണ്ട്.

## മുസ്ദലിഫ

മുസ്ദലിഫയിൽ പ്രധാനമായുള്ളതു 'മശ്ഹറുൽഹറാം' എന്ന പള്ളിയാണ്. ഒരു ചെറിയ കുന്നു് ലവൽചെയ്തു കെട്ടിയുണ്ടാക്കിയ വിശാലമായ തറയാണ് ഈ പള്ളി. ഖിബ്'ലയുടെ ഭാഗത്തു ഒരു മതിലും മിഹ്റാബും മിമ്പറുമുണ്ട്. നാലുഭാഗവും ഉയരംകുറഞ്ഞ മതിലുകൾ കെട്ടിയിരിക്കുന്നു. ഇന്ത്യയിൽ പലേടത്തും (കേരളത്തിലില്ല) കാണാറുള്ള ഈദ്ഗാഹ്പോലെ ധാരാളം ആളുകൾക്കു നമസ്കരിക്കാവുന്ന ഒരു തറമാത്രം. മശ്അറുൽഹറാ (പുണ്യസ്മാരകം) മിനെപ്പററി വിശുദ്ധ ഖുർആൻ കൽപിക്കുന്നത് നോക്കുക: "ഹജ്ജ്‌വേളയിൽ നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള ഔദാര്യത്തെ നിങ്ങൾ അന്വേഷിക്കുന്നത് (കൊണ്ടു്) നിങ്ങളുടെമേൽ കുററമില്ല. അതുകൊണ്ടു് നിങ്ങൾ അറഫാത്തിൽനിന്നു കൂട്ടത്തോടെ പ്രവഹിക്കുമ്പോൾ "പുണ്യസ്മാരക"ത്തിൽവെച്ചു അല്ലാഹുവിനെ സ്മരിക്കുക" (വി. ഖു. 2. 197) നബി (സ) ഇവിടെവെച്ചു ദീർഘനേരം പ്രാർത്ഥിക്കുകയുണ്ടായി. പ്രാർത്ഥനക്കുത്തരമുള്ള പുണ്യസ്ഥല

ങ്ങളിൽ ഒന്നാണിത്. എല്ലാവിധ നന്മകൾക്കുവേണ്ടിയും ഞങ്ങൾ ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുകയുണ്ടായി.

## അറഫാ

അറഫായിലുള്ള മസ്ജിദ് നംറ വിശാലമായ ഒരു പള്ളിയാണ്. നബി (സ) ഇവിടെവെച്ചു നമസ്കരിച്ചിട്ടുണ്ട്. അറഫാ ഒരു വിശാലമായ ഭൂപ്രദേശമാണ്. അങ്ങിങ്ങായി ചെറിയ കുന്നുകൾ കാണാം. അതിൽ ഒന്നാണ് "ജബലുർ റഹ്മത്ത്". ഈകുന്നിന്മേൽ നാലുഭാഗത്തും മതിൽകെട്ടി വൃത്തിയാക്കിവെച്ചിട്ടുള്ള വിശാലമായ ഒരു തറയുണ്ട്. നമസ്കരിക്കുവാനുള്ള സ്ഥലമാണിത്. ഇതിൻെറ നടുവിൽ അൽപം ഉയരത്തിൽ വീണ്ടും ഒരു തറകെട്ടിയിരിക്കുന്നു. അതും നമസ്കാരത്തിനുള്ളതാണ്. ഞങ്ങൾ അവിടെ ചെന്നത് 'ളുഹർ' സമയത്താണ്. ഞങ്ങൾ ജമാഅത്തായി നമസ്കരിച്ചു. അബ്ദുല്ലാബാഹഖിതങ്ങൾ ഇമാം, ഞാനും കാദർകുട്ടിസാഹിബും പിന്നിൽ, കൂടെയുണ്ടായിരുന്ന രണ്ടു സ്ത്രീകൾ ഞങ്ങളുടെ പിന്നിൽ. പാർസികളുടെ ഒരു വലിയ സംഘവും അവിടെ നമസ്കരിക്കുന്നുണ്ടായിരുന്നു. ഇവിടെ വെള്ളത്തിനു ഏർപ്പാട് ചെയ്തിട്ടുണ്ട്. ദൂരെയുള്ള ഒരു നീരുറവിൽനിന്ന് തോടുകളും കൽതുരങ്കങ്ങളും നിർമ്മിച്ചിട്ടാണ് വെള്ളം കൊണ്ടുവ..ന്നത്. ഈ ഏർപ്പാടു ഇപ്പോൾ നല്ലനിലയിൽ ആധുനികരീതിയിൽ പുതുക്കിയിട്ടുണ്ടെങ്കിലും ഒന്നാമതായി നിർമ്മിച്ചതു അനേകം നൂററാണ്ടുകൾക്കുമുമ്പ് സുൽത്താൻ ഹാറൂൻറശീദായിരുന്നു. 'നെഹ്റസുബൈദ:' എന്ന പേരിലെ 'സുബൈദ:' ഹാറൂൻറശീദിൻെറ പത്നിയുടെ പേരാണ്. ലോകത്തവിടെയെങ്കിലും എന്തെങ്കിലും സൌകര്യങ്ങൾ (ജലവിതരണം, എലക്ട്രിസിററി മുതലായവ) ഉണ്ടാകുമ്പോൾ അത്തരം സൌകര്യങ്ങൾ മക്കായിലും മദീനായിയിലും മററും എത്തിക്കുവാൻ മുസ്ലിം ഭരണകർത്താക്കൾ ശ്രദ്ധിച്ചിരുന്നു.

വിശാലമായ അറഫാ മൈതാനം നമ്മുടെ ചിന്തയെ അവിടെ വർഷംതോറും നടക്കുന്ന മഹാസമ്മേളനത്തിലേക്ക് തിരിക്കുകയാണ്. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നുമായി ലക്ഷക്കണക്കിനു മുസ്ലിംകൾ 'അറഫാ' നാളിൽ (ദുൽഹജ്ജ് 9) അവിടെ സമ്മേളിക്കുന്നു. 1380ൽ ചില്വാനം വർഷങ്ങളായി ഇടമുറിയാതെ ഇത് നടന്നുപോന്നിട്ടുണ്ട്. ഈ വർഷം അവിടെ സമ്മേളിച്ച ഹാജിമാർ 15 ലക്ഷമായിരുന്നു. 1383 വർഷങ്ങൾക്കുമുമ്പ് റസൂൽകരീം (സ) തിരുമേനി ഒന്നേകാൽ ലക്ഷത്തോളം മുസ്ലിംകളുമായി അവിടെ സമ്മേളിച്ചു ഹജ്ജ് ചെയ്തിട്ടുണ്ട്. തിരുമേനി (സ) യുടെ ഹജ്ജ് തിരുമേനിയുടെ ദൌത്യത്തിൻെറ വിജയകരമായ പര്യവസാനത്തെ കുറിക്കുന്ന ഒന്നായിരുന്നു. അവിടുന്ന്

അന്നു ചെയ്ത പ്രസംഗം ആ ദൌത്യത്തിൻെറ പരിസമാപ്തിയെ വ്യക്തമാക്കുന്നു. മാനവസമുദായത്തിന്നു നബി (സ) യിൽ കൂടി അല്ലാഹു നൽകിയ മൌലികാവകാശ ചാർട്ടർ ആയിരുന്നു ആ പ്രസംഗം. അതിലെ ഓരോ വാക്യവും ശ്രദ്ധിച്ചുപഠിക്കേണ്ടതാണ്. അതിൻെറ പ്രാധാന്യം അന്നത്തെപോലെ, അല്ലെങ്കിൽ അതിലും ഉപരിയായി, ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യ നീതിയുടെയും, പുരോഗതിയുടെയും ശാശ്വതമൂല്യങ്ങൾ ഉൾക്കൊള്ളുന്നവയാണ് അതിലെ നിർദ്ദേശങ്ങളെല്ലാം. പ്രസക്ത ഭാഗങ്ങളുടെ സാരാംശം ഇവിടെ ഉദ്ധരിക്കാം: "അല്ലയോ ജനങ്ങളെ: എൻെറ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കുക. ഇനിയും ഈ സ്ഥലത്തുവെച്ച് നിങ്ങളെ കാണുവാൻ സാധിക്കുമോ എന്നതു സംശയമാണ്. ഈ നാട്ടിലും, ഈ മാസത്തിലും, ഈ ദിവസത്തിലും ഏത് പ്രകാരം നിങ്ങൾ ആദരവ് കാണിക്കുന്നുണ്ടോ, അതേ പ്രകാരം നിങ്ങളുടെ നാഥനുമായി കണ്ടുമുട്ടുന്നതുവരേക്കും നിങ്ങളുടെ മാനത്തേയും നിങ്ങളുടെ സ്വത്തിനേയും നിങ്ങൾ മാനിക്കേണ്ടതാണ്. അവ പരസ്പരം കൈയേറുന്നത് നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾ വഴിപിഴച്ച് പരസ്പരം കഴുത്തുവെട്ടാൻ മുതിരരുത്. നിങ്ങളുടെ നാഥനുമായി നിങ്ങൾ കണ്ടുമുട്ടുമ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവൻ ചോദ്യം ചെയ്യുന്നതാണ്. ജാഹിലിയ്യാ കാലത്തെ കൊലപാതകങ്ങൾക്കുള്ള പ്രതികാര നടപടികളെയെല്ലാം ഞാനിതാ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. അബ്ദുൽ മുത്തലിബ് (നബി (സ) യുടെ പിതാമഹൻ) കുടുംബത്തിലെ ആമിറബ്നു റബീഅത്തിൻെറ രക്തം ചിന്തിയതിനുള്ള പ്രതികാരമാണ് ഈയവസരത്തിൽ ഞാൻ ഒന്നാമതായി ദുർബ്ബലപ്പെടുത്തുന്നത്. ജനങ്ങളെ! നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളെല്ലാവരുടെയും പിതാവും ഏകൻതന്നെ. നിങ്ങളെല്ലാം ആദമിൽ(അ)നിന്നും ജനിച്ചു; ആദം (അ) ആകട്ടെ, മണ്ണിൽനിന്നും. നിങ്ങളിൽവെച്ച് കൂടുതൽ സൂക്ഷ്മത (തഖ്‌വ) ഉള്ളത് ആർക്കാണോ അവനത്രെ അല്ലാഹുവിങ്കൽ ഏററവും മാന്യൻ!.

"അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല. ശ്രേഷ്ഠതക്കടിസ്ഥാനം തഖ്‌വാ മാത്രമാണ്. ഞാൻ നിങ്ങൾക്കിടയിൽ ഒരു നിധിവിട്ടേച്ചിട്ടാണ് പോകുന്നത്. അതടിസ്ഥാനമാക്കി ജീവിക്കുന്ന കാലത്തോളം നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിൻെറ കിത്താബത്രെ അതു്. സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. തൻെറ സഹോദരൻെറ സംതൃപ്തിയോടുകൂടിയല്ലാതെ അവൻെറ ധനം കരസ്ഥമാക്കുവാൻ ഒരാൾക്കും പാടില്ല. ജാഹിലിയ്യാ (അജ്ഞാന) കാലത്തെ പലിശയിടപാടുകളെല്ലാം ഞാനിതാ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. ഒന്നാമതായി ദുർബ്ബലപ്പെടുത്തുന്നതു് എൻെറ പിതൃവ്യൻ അബ്ബാസി (റ) ന് കിട്ടാനുള്ള പലിശയാണ്. നിങ്ങളോടു നിങ്ങളുടെ ഭാര്യമാർക്കുള്ളതു്പോലെതന്നെ, അവരോടു്

നിങ്ങൾക്കും ചില ബാദ്ധ്യതകൾ ഉണ്ട്. നിങ്ങൾ നിങ്ങളുടെ സ്ത്രീക ളോട് നല്ലനിലയിൽ പെരുമാറുക. അല്ലാഹുവിൻെറ അമാനത്തായി ട്ടാണ് അവരെ നിങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. നിങ്ങളുടെ അടിമ കളെ ശ്രദ്ധിക്കുക. നിങ്ങൾ ഭക്ഷിക്കുന്നതു് തന്നെ അവർക്കും ഭക്ഷിക്കു വാൻ കൊടുക്കുക. നിങ്ങൾ ധരിക്കുന്ന വസ്ത്രംതന്നെ അവർക്കും ധരിക്കു വാൻ കൊടുക്കുക. ജനങ്ങളെ! എനിക്കുശേഷം ഒരു നബിയും വരാനില്ല. അതു്കൊണ്ട് പ്രത്യേകം ശ്രദ്ധിക്കുക നിങ്ങളുടെ നാഥൻെറ കല്പനക്ക് കീഴ്പെട്ടു ജീവിക്കുക. അഞ്ചുനേരം നമസ്കരിക്കുക. പരിശുദ്ധ ഹറ മിൽവന്നു ഹജ്ജ്ചെയ്യുക. നിങ്ങളുടെ മേലധികാരികളെ അനുസരി ക്കുക. അപ്പോൾ നിങ്ങളുടെ നാഥൻെറ സ്വർഗ്ഗത്തിൽ പ്രവേശിക്കാം"

പ്രസംഗം എല്ലാവരും കേൾക്കത്തക്കവണ്ണം നല്ലശബ്ദമുള്ളവർ പദം നപദം ആവർത്തിച്ചു. പ്രസംഗം തീർന്നശേഷം ജനസമൂഹത്തെ അഭി മുഖീകരിച്ചുകൊണ്ടു നബി (സ) ചോദിച്ചു: "നിങ്ങളോടു് അല്ലാഹുവിന്റെ സന്നിധിയിൽവെച്ചു എന്നെപ്പററി ചോദിക്കപ്പെട്ടമ്പോൾ നിങ്ങൾ എന്താണ് പറയുക?" ജനസമൂഹം ഒരേസ്വരത്തിൽ പ്രത്യുത്തരം നൽകി. "അങ്ങുന്നു അല്ലാഹുവിൻെറ സന്ദേശം ഞങ്ങളെ പഠിപ്പിക്കുകയും, അങ്ങ യുടെ ബാദ്ധ്യതകൾ നിറവേററുകയും ചെയ്തിട്ടുണ്ടെന്നു ഞങ്ങൾ മറുപടി നൽകും" തിരുമേനി (സ) വികാരഭരിതനായി ആകാശത്തിലേക്കു കണ്ണു കളും കൈകളും ഉയർത്തിക്കൊണ്ടു് പ്രാർത്ഥിച്ചു: "അല്ലാഹുവെ! നീ സാക്ഷ്യം വഹിക്കേണമെ! അല്ലാഹുവെ! നീ സാക്ഷ്യം വഹിക്കേണമെ! അല്ലാഹുവെ! നീ സാക്ഷ്യം വഹിക്കേണമെ!"

അധികം താമസിയാതെ വിശുദ്ധ ഖുർആനിലെ ഏററവും ഒടുവി ലത്തെ ആയത്ത് ലഭിച്ചു: "ഈ ദിനം നിങ്ങളുടെ മതത്തെക്കുറിച്ചു അവി ശ്വാസികൾ നിരാശപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് അവരെ നിങ്ങൾ ഭയ പ്പെടരുത്. എന്നെ ഭയപ്പെടുവിൻ! ഈ ദിനം നിങ്ങളുടെ മതത്തെ ഞാൻ നിങ്ങൾക്കു പൂർണ്ണമാക്കിത്തരികയും, എൻെറ അനുഗ്രഹത്തെ നിങ്ങളിൽ ഞാൻ പൂർത്തിയാക്കുകയും, 'ഇസ്ലാം' നിങ്ങൾക്കു മതമായി ഞാൻ തൃപ്തി പ്പെടുകയും ചെയ്തിരിക്കുന്നു: (വി. ഖു. 5: 3) ഈ സൂക്തം അവതരിപ്പിച്ച തിനുശേഷം എണ്പതിൽ ചില്വാനം ദിവസങ്ങൾ മാത്രമെ നബി (സ) ക്കു് ഐഹികജീവിതം ഉണ്ടായിരുന്നുള്ളു.

# ഒരു വലിയ കുടുംബം

ഹജ്ജ് അടുത്തുകഴിഞ്ഞു. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നും തീർത്ഥാടകർ വന്നു നിറയുകയാണ്. കപ്പലുകളും വിമാനങ്ങളും ഇടതടവില്ലാതെ ജിദ്ദയിൽ തീർത്ഥാടകരെ ഇറക്കിവിടുന്നു. ജിദ്ദയിൽ

നിന്നും അറേബ്യയുടെ മററെല്ലാ ഭാഗങ്ങളിൽനിന്നും ലക്ഷക്കണക്കിനു തീർത്ഥാടകർ മക്കായിലേക്കു നീങ്ങുകയാണ്. മോട്ടോർ വാഹനങ്ങളുടെ നീണ്ട നീണ്ട ഖാഫില (കാറവൻ) കൾ വരുന്നത് കാണേണ്ട കാഴ്ച തന്നെ. യൂഗോസ്ലാവിയ, ഇറാൻ, തുർക്കി, ട്രൂഷ്യൽസ്റ്റേററുകൾ—ഇവിടങ്ങളിൽനിന്നു വരുന്ന ടൂറിസ്റ്റ് ബസ്സുകൾ വലുപ്പമുള്ളതും സൌകര്യങ്ങൾ നിറഞ്ഞതുമത്രെ. വാഹനങ്ങളുടെ മുകളിൽ ധാരാളം സാമാനങ്ങൾ പെട്ടികളിലും ബേഗുകളിലുമായി ഭദ്രമായും ചിട്ടയോടെയും കെട്ടിവെച്ചിരിക്കുന്നു. അടുത്ത പ്രദേശങ്ങളിൽനിന്നു വരുന്ന വണ്ടികളാണെങ്കിൽ ഇത്തരം സാമാനക്കെട്ടുകളുടെ മുകളിലും ഡിക്കികളുടെ ഉള്ളിൽ പോലും ആളുകൾ കുമിഞ്ഞിരിക്കുന്നതു കാണാം.

ഹോട്ടലുകളും മുസാഫർഖാനകളും സ്വകാര്യ വീടുകളും നിറഞ്ഞു കഴിഞ്ഞു. പള്ളിക്കൂടങ്ങളും ആപ്പീസുമുറികളുമെല്ലാം താമസസ്ഥലങ്ങളായി മാറി ഇനിയും വരുന്നവർ, ധനികരായാലും സാധുജനങ്ങളായാലും, കുന്നിൻപുറങ്ങളിലും റോഡരുകിലും എവിടെയെല്ലാം ഒഴിവുണ്ടോ അവിടെയെല്ലാം ഭക്ഷണം പാകം ചെയ്യാനും, അല്പം ചരിഞ്ഞു വിശ്രമിക്കുവാനും പലവിധ സൂത്രങ്ങളും ഉപയോഗിച്ചു സൌകര്യം സൃഷ്ടിക്കുകയാണ്. മസ്ജിദുൽഹറാമിന്റെ ഒഴിഞ്ഞമൂലകളിലും, ഏണിക്കുണ്ടുകളിലുമെല്ലാം ചിലർ താമസമുറപ്പിച്ചിട്ടുണ്ട്—ഒരു കാലില്ലാത്തവർ രണ്ടു കാലുകളും മുറിഞ്ഞവർ, കാലും കൈയുമില്ലാത്തവർ അവരവർക്കു അനുയോജ്യമായ കൃത്രിമാവയവങ്ങളോ വണ്ടികളോ, കിടക്കകളോ കൊണ്ടു വന്നിട്ടുണ്ട്. ധർമ്മം ആവശ്യപ്പെടുന്നവരെയും കാണാം, പക്ഷെ വളരെ വളരെ ചുരുക്കം പേർ മാത്രം. പിച്ചക്കാരെകൊണ്ടുള്ള ശല്യം ഇല്ലതന്നെ. എല്ലാവർക്കും ആവശ്യമായ ജലം നൽകുവാനും, മലമൂത്ര വിസർജ്ജനത്തിനും, കുളിക്കേണ്ടവർക്കു അതിനും വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ശുചീകരണം, ദുർഗന്ധ നശീകരണം, കൊതുകു നിർമ്മാർജ്ജനം മുതലായവയ്ക്കു് ഏററവും ആധുനികമായ ഉപാധികൾ ലോഭമെന്യേ ഏർപ്പെടുത്തിയിരിക്കുന്നു. ഇതിനെല്ലാം നൂറുക്കണക്കിനല്ല, ആയിരക്കണക്കിനു തൊഴിലാളികൾ രാവും പകലും പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

## അച്ചടക്കം

എന്തൊരച്ചടക്കമെന്നോ? അത്ഭുതകരം തന്നെ! വാഹനങ്ങളുടെ നീക്കം കണിശമായും കർശനമായും നിയന്ത്രിക്കുവാൻ പോലീസ് ജാഗരൂകരായിരിക്കയാണ്. അവരുടെ കൈകളിലുള്ള ചൂരൽ ആവശ്യമായി വരുമ്പോൾ പ്രയോഗിക്കുവാൻ തയ്യാറാണ്. പക്ഷെ വളരെ വിരളമായേ അതിന്നു ആവശ്യം നേരിടുന്നുള്ളു. എല്ലാവരും നിയമത്തെ മാനിക്കുന്നു. ഓരോരു

ത്തരും മററുള്ളവരുടെ താൽപര്യങ്ങളെപ്പററി ബോധവാന്മാരാണ്. അധികാരസ്ഥന്മാർ ന്യായവും നീതിയും ചെയ്യുന്നുവെന്നു പരക്കെ ബോദ്ധ്യമുണ്ട്. അവരെ യാതൊരു വൈമനസ്യവും കൂടാതെ അനുസരിക്കുന്നു. ഇടമുറിയാതെ ചലിച്ചുകൊണ്ടിരിക്കുന്ന എണ്ണിയാൽ തീരാത്ത വാഹനങ്ങളുടെ ഇടയിൽകൂടി പരസഹസ്രം സ്ത്രീകളും പുരുഷന്മാരും യാതൊരു പ്രയാസവും കൂടാതെ കടന്നുപോകുന്നു.

അടങ്ങി ഒതുങ്ങി സൗകര്യംപോലെ നമസ്കാരങ്ങൾനിർവ്വഹിക്കുന്നു അവസാനിച്ചു. അഞ്ചുനേരവും പള്ളിയുടെ എല്ലാ തട്ടുകളിലും, മട്ടുപ്പാവിന്മേലും, പള്ളിയുടെ പുറമുള്ള മുററങ്ങളിലും, റോഡരുകിലും, ഷാപ്പുകളിലും, വീടുകളിലും എവിടെയെല്ലാം ഒഴിവുസ്ഥലങ്ങളുണ്ടോ അവിടങ്ങളിലെല്ലാം നമസ്കാരത്തിനു ആളുകൾ തിങ്ങിനിൽക്കുകയാണ്. സഫുകൾ തമ്മിലുള്ള അകലം കുറഞ്ഞുകുറഞ്ഞുവരുന്നു. നാലടി മൂന്നരടിയായി, പിന്നെ മൂന്നടിയും. മുൻ സഫിലെ ആളിന്റെ കാലുകൾക്കിടയിലായിരിക്കും ചിലപ്പോൾ സുജൂദിൽ തലവെക്കുന്നത്. ഈ തിക്കും തിരക്കും ഓർത്തു ഇമാം നമസ്കാരവും ഖുത്തുബയും കഴിയുന്നതു ചുരുങ്ങിയ സമയത്തിൽ മുഴമിക്കുകയാണ്. ചെറിയ സൂറാകൾ, ചെറിയ ഖുത്തുബാകൾ, ഖുത്തുബയിലെ വിഷയം സന്ദർഭോചിതമായിരിക്കും. തൗഹീദ്, സർവ്വ സാഹോദര്യം, അച്ചടക്കം, ഹജ്ജിലെ മര്യാദകൾ—ഇതെല്ലാം ചുരുക്കിയും ഭംഗിയായും പ്രതിപാദിക്കുന്നു.

## സാഹോദര്യം

പതിനഞ്ച് ലക്ഷം ആളുകൾ! എവിടെനിന്നെല്ലാം വന്നിരിക്കുന്നു! ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക, ആസ്ത്രേലിയ എന്നിങ്ങനെ എല്ലാ ഭൂഖണ്ഡങ്ങളിലെയും ആളുകളെ അവിടെ കാണാം. സിറിയ, ഈജിപ്ത്, ഇറാഖ്, സുദാൻ, ലിബിയ, യമൻ മുതലായ അറബി രാജ്യങ്ങളിൽനിന്നുമാത്രം (സഊദി അറേബ്യക്കു പുറമെ) രണ്ടു ലക്ഷത്തിലേറെ തീർത്ഥാടകർ വന്നിരുന്നു. അതിൽ പകുതിയോളം സ്ത്രീകളാണ്. തുർക്കി, ഇറാൻ, പാക്കിസ്ഥാൻ, ഇന്തോനേഷ്യ, മലേഷ്യ, തായ്ലണ്ട് മുതലായ ഏഷ്യൻരാജ്യങ്ങളിൽനിന്നു ഒന്നരലക്ഷത്തോളം തീർത്ഥാടകരാണ് വന്നത്. അതിൽ മൂന്നിലൊന്നു സ്ത്രീകളായിരുന്നു ഇന്ത്യയിൽനിന്നു പോയവർ 16,607 ആയിരുന്നു. മററു രാജ്യങ്ങളിൽനിന്നു പോയ ഇന്ത്യക്കാർ വേറെയും ആഫ്രിക്കയിൽനിന്നു ഒന്നരലക്ഷത്തോളം തീർത്ഥാടകരുണ്ടായിരുന്നു. സ്ത്രീകളാണ് പുരുഷന്മാരേക്കാൾ ജാസ്തി. നൈജീരിയയിൽനിന്നു മാത്രം 44061 പേർ. പാശ്ചാത്യനാടുകളിൽനിന്നു 6200 ഹാജിമാരുണ്ടാന്നതിൽ 1300 പേർ സ്ത്രീകളായിരുന്നു. സഊദി അറേബ്യക്കു പുറമെ ഏററവും അധികം ഹാജിമാർ വന്ന രാജ്യങ്ങൾ ക്രമപ്രകാരം യമൻ,

നൈജീരിയ, ഇറാൻ, ഈജിപ്ത്, സുഡാൻ, സിറിയ, പാക്കിസ്താൻ, തുർക്കി, ഇന്തോനേഷ്യ, ഇറാഖ്, ലിബിയ, ഇന്ത്യ മുതലായവയാണ്. യമനിൽനിന്ന് അറുപതിനായിരവും, നൈജീരിയയിൽനിന്നു നാല്പത്തിനാലായിരവും ഹാജിമാർ വന്നപ്പോൾ നേപ്പാളിൽനിന്നു വന്നതു ഒരാൾ മാത്രമായിരുന്നു.

മുകളിൽ പറഞ്ഞ വിവരങ്ങളിൽനിന്നുതന്നെ ഹറമിൽ എത്തിയ ജനലക്ഷങ്ങളുടെ വൈവിധ്യത്തെപ്പററി ഓർക്കാവുന്നതാണ്. വലിപ്പവും ദേഹപുഷ്ടിയുമുള്ള കറുത്ത നൈജീരിയനും വെളുത്ത പഖ്തൂനിയും ഊതിയാൽ പാറിപ്പോകുന്ന മഞ്ഞനിറമുള്ള ചെറിയ ഇന്തൊനീഷ്യനും. പത്ഥാൻകാരന്റെ രോമനിബിഡമായ ശരീരമെവിടെ, തീരെ രോമമില്ലാതെ കണ്ണാടിപോലെ മിനുസമുള്ള ചൈനക്കാരന്റെതെവിടെ; തലകൾ നോക്കുക: നീണ്ടമുടിയുള്ളവർ, ചുരുളൻ മുടിക്കാർ, മുടി തീരെയില്ലാത്തവർ. ഉടുപ്പുകൾ നോക്കുക: മുണ്ട്, ട്രൌസർ, പൈജാമ, കളർതുണികൾ ഇവ ഓരോന്നും പല പല മാതിരി. ചെരിപ്പ്, ഷൂസ്, ഷൂസിനുമുകളിൽ ഷൂസ്! പാർസികൾ പള്ളിക്കകത്തും ഒരു തരം വൃത്തിയുള്ള ഷൂസ് ധരിക്കുവാനിഷ്ടപ്പെടുന്നു. മേൽ മറക്കുവാൻ തോർത്ത്, പുതപ്പ്, ഷർട്ട്, നീളക്കുപ്പായം, കോട്ട്, സദ്‌രിയ, ജുബ്ബ, ശർവാനി, തലയിൽ തലപ്പാവ്, തൊപ്പി, ഉറുമാൽ-അല്ലെങ്കിൽ ഒന്നുമില്ല. പലതരം ബെൽററുകൾ; ബെൽററിന്മേൽ സഞ്ചി. സ്ത്രീകളാണെങ്കിൽ ബുർഖ, മക്കന, നമസ്കാരക്കുപ്പായം, പൈജാമ, മുണ്ട്_ഇതെല്ലാം പല നിറത്തിലും പക്ഷെ ഇതെല്ലാം അടക്കവും ഒതുക്കവുമുള്ള രീതിയിൽ മാത്രം. സൗന്ദര്യം പ്രദർശിപ്പിക്കുവാനോ, ശ്രദ്ധയെ ആകർഷിക്കുവാനോ ആരും മിനക്കെടുന്നില്ല. അതൊന്നും അവിടെ ഒരു പ്രശ്നമല്ല ഇസ്ലാമിക സംസ്കാരത്തിൽ ബാഹ്യമായ സൗന്ദര്യപൂജക്ക് സ്ഥാനമില്ല. സൗന്ദര്യം നിലകൊള്ളുന്നത് സത്യത്തിലും നന്മയിലുമാണ്. അതു് രണ്ടും തൊലിയിന്മേലോ, തയ്യൽക്കാരന്റെ ഡിസൈനുകളിന്മേലോ ഒതുങ്ങിനിൽക്കുന്നില്ല.

## വീണ്ടും നോക്കുക

ഹിമാലയ പർവ്വതത്തിന്റെ മുകളിൽനിന്നും, മൊറീഷ്യസ് ദ്വീപിൽനിന്നും എന്നു വേണ്ട ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും വന്നു ചേർന്നിട്ടുള്ള ലക്ഷോപലക്ഷം ആളുകൾ ഒരിമാമിന്റെ പിന്നിൽ അനേകം വൃത്തങ്ങളിലായി അണിനിരക്കുകയാണ്. ഒരേ തക്ബീറിന്റെ ശബ്ദം കേട്ടു എല്ലാവരും കുനിയുന്നു. കുമ്പിടുന്നു. ഇരിക്കുന്നു. കുത്തനെ നിൽക്കുന്നു. ഒരേ ഒരു അല്ലാഹുവിനുവേണ്ടി നമസ്കരിക്കുന്നു. എല്ലാ മനുഷ്യരേയും സഹോദര സഹോദരികളായി കരു

ുന്നു. ഒരു കുടുംബം, ഒരേയൊരു കുടുംബം, ആഗോള വ്യാപകമായ ഒരു മഹാ കുടുംബം!

ഹമ്പലി മദ്ഹബനുസരിച്ചാണ് ഇമാം നമസ്കരിക്കുന്നത്. പിന്നിൽ മുഖല്ലിദുകളും മുജാഹിദുകളുമുണ്ട്. മാലിക്കീകൾ കൈകൾകെട്ടുന്നില്ല, തൂക്കിയിടുന്നു; മററുള്ളവർ നെഞ്ഞിനുമുകളിലോ, പൊക്കിളിനു താഴെയോ, അതു രണ്ടിനുമിടയിലോ, കൈകൾ വെക്കുന്നു. 'അത്തഹിയ്യാത്തു'വിൽ ശാഫിഈകൾ വലതു കൈ കൂട്ടിപിടിച്ച 'ഇല്ലല്ലാ' ഓതുമ്പോൾ ചൂണ്ടു വിരൽ നീട്ടുന്നു ഹനഫികളും മററും 'ഇല്ലല്ലാ' എന്നു ചൊല്ലുമ്പോൾ ചൂണ്ടുവിരൽ പൊക്കുന്നു. കൈ കെട്ടിപിടിക്കുന്നില്ല. മാലിക്കീകൾ ഈ വിരൽ തുടർച്ചയായി അനക്കികൊണ്ടേയിരിക്കുന്നു. ഫാത്തിഹ ചിലർ ഓതുന്നു, ചിലർ ഓതുന്നില്ല. ചിലർ ബിസ്മി ചൊല്ലുന്നു, ചിലർ അങ്ങിനെ ചെയ്യുന്നില്ല. തീർന്നു–ഇത്രയെ വ്യത്യാസമുള്ളു. അതൊന്നും ആരും ഒരു തർക്കവിഷയമാക്കുന്നില്ല. സുബ്ഹിയിൽ എല്ലാ ദിവസവും ഖുനൂത്ത് ഓതുന്ന സമ്പ്രദായമില്ല. നമസ്കാരം കഴിഞ്ഞാൽ ഇമാം ഉറക്കെ ദുആ ചെയ്യുന്നില്ല. ഉടനെ എഴുന്നേററ് ഓടിക്കളയുന്നുമില്ല. തിരിഞ്ഞു മഅ്മൂമുകളെ അഭിമുഖീകരിച്ച ഇരിക്കുന്നു. തനിച്ച ദിക്റുകളും മററും ഓതുന്നു. സാവധാനത്തിൽ എഴുന്നേററു സുന്നത്തു നമസ്കരിച്ച സ്ഥലം വിടുന്നു.

സ്ത്രീകൾ എല്ലാ നമസ്കാരങ്ങളിലും പങ്ക് ചേരുന്നു. സാധാരണ പിൻസഫുകളിൽ ഇരിക്കുകയാണ് പതിവ്. ത്വവാഫ് കഴിഞ്ഞു മടങ്ങുമ്പോൾ സമയം അതിക്രമിച്ചുപോയാൽ ചിലപ്പോൾ ഇടയിൽ കെണിഞ്ഞുപോകുന്ന സ്ത്രീകൾ കുടുങ്ങിയതുതന്നെ. പുരുഷന്മാരോടൊപ്പം നിൽക്കുവാൻ സാധിക്കുകയില്ല. നിന്നെങ്കിൽതന്നെ 'ഹറാം, ഹറാം' എന്നു പറഞ്ഞു ആരെങ്കിലും അവരെ വിരട്ടും. സഫുകൾ നിന്നുകഴിഞ്ഞാൽ എവിടെ പോകാനാണ്? അടക്കുവാൻ സാധിക്കാത്ത വേദനയോടെ ചിലർ കരഞ്ഞുപോകും. ഹജ്ജ്നാൾ അടുത്തതോടുകൂടി ഇതെല്ലാം നിയന്ത്രണാതീതമായിത്തീർന്നു. ചിലർ 'ഹറാം' എന്നുപറയും, സ്ത്രീകൾ അവരുടെ പാട്ടിനു എത്തിയേടത്തുവെച്ച നമസ്കരിക്കുകയും ചെയ്യും.

സ്ത്രീകളെ തൊട്ടുപോയാൽ വുദു മുറിയുകയില്ല എന്ന മസ്അല എല്ലാവരും സ്വീകരിക്കുന്നു അല്ലാതെ നിവൃത്തിയില്ല. എന്റെ സ്നേഹിതനായ ഒരു മുസല്ല്യാർ കാലുറ, കൈയുറ, തൊപ്പി, കുപ്പായം ഇതെല്ലാം ധരിച്ച ത്വവാഫിനു ചെന്നു; അദ്ദേഹം വളരെ സൂക്ഷിച്ചു, എന്നിട്ടും തൊട്ടുപോയി കഴുത്തിലോ മറേറാ! ഉടനെ ബാങ്കായി, ഇഖാമത്തായി, ജമാഅത്തായി. വുദു എടുക്കുവാൻ സമയമില്ല. മൂപ്പർ തയമ്മുംചെയ്തു. അധികം ദൂരെയല്ലാതെ സംസം ഉള്ളപ്പോൾ തയമ്മും ശരിയാകുമോ എന്നു ചോദിച്ചപ്പോൾ മുസല്യാർ കുഴങ്ങി!

## മയ്യത്തു നമസ്കാരം

ഏതാണ്ട് എല്ലാ നമസ്ക്കാരസമയത്തും മയ്യത്ത് നമസ്ക്കാരമുണ്ടാകും. പത്തുനാല്പതു കിലോമീററർ ചുററളവിൽ മരണമുണ്ടായാൽ മയ്യത്ത് ഹറമിൽകൊണ്ടുവരിക പതിവാണ്. ജമാഅത്ത് കഴിഞ്ഞാൽ മയ്യത്തുകൾ ഇമാമിൻെറ അരികിലെത്തിക്കഴിഞ്ഞു എല്ലാവരും ചേർന്നു മയ്യത്തു നമസ്ക്കാരം നിർവ്വഹിക്കുന്നു. ഉടനെ മയ്യത്ത് എടുത്തുകൊണ്ടു പോകുന്നു. ഒരിക്കൽ എൻെറ സ്നേഹിതന്മാരോടു ഞാൻ ഒരു ചോദ്യം ചോദിച്ചു. 'ഞാൻ ഒരു പോലീസ്കാരനെ ഇമാമാക്കിയിട്ട് ഇന്നു ഒരു നമസ്ക്കാരം നിർവ്വഹിച്ചു. എന്താണെന്നു പറയാമോ?' അതായിരുന്നു ചോദ്യം. അന്നു എല്ലാ ഫർള് നമസ്ക്കാരവും അവരോടൊപ്പം നമസ്ക്കരിച്ചിരുന്ന എൻെറ ചോദ്യത്തിന്ന് അവർക്കുത്തരം പറയുവാൻ സാധിച്ചില്ല. അസർ നമസ്ക്കാരം കഴിഞ്ഞ ഉടനെ ഞാൻ തനിച്ചു ത്വവാഫിന്ന് പോയതായിരുന്നു. അപ്പോൾ താമസിച്ചുവന്ന ഒരു മയ്യത്തു ഇബ്രാഹിം മഖാമിനടുത്തെത്തി. നമസ്ക്കാരാനന്തരം ത്വവാഫ് ആരംഭിച്ചു കഴിഞ്ഞതുകൊണ്ട് മയ്യത്തു അതിനപ്പുറം കൊണ്ടുപോകാൻ സാധിച്ചില്ല. ഒരു പോലീസുകാരൻ വന്നു മയ്യത്ത് താഴെ വെപ്പിച്ചു. ആരെങ്കിലും ഇമാമായി നമസ്ക്കരിക്കാൻ നിർദ്ദേശിച്ചെങ്കിലും, പെട്ടെന്നു ആരും മുന്നോട്ടുവരുന്നതു കാണാത്തതുകൊണ്ട് അയാൾതന്നെ ഇമാമായി. അടുത്തുണ്ടായിരുന്ന ഞങ്ങൾ കുറേപേർ മഅ്മൂമും. ഉടുപ്പുധരിച്ച പോലീസുകാരനെ തുടർന്നു ഞാൻചെയ്ത നമസ്ക്കാരം അതായിരുന്നു. ഹജ്ജിനു പോകുന്നതിനുമുമ്പ് എൻെറ ഭാര്യക്കു ആരെങ്കിലും മരിച്ചുവെന്നു കേട്ടാൽ, പത്രങ്ങളിൽ മരണവാർത്ത കണ്ടാൽ, പള്ളിയിൽ മയ്യത്തുകട്ടിൽ കണ്ടാൽ ഭേജാറായിരുന്നു. ഹറം പള്ളിയിൽ ആ ഭയംതീർന്നു. അവർ എത്രയോ തവണ മയ്യത്തുനമസ്കാരം നിർവ്വഹിച്ചു; കൺമുമ്പിൽകൂടി മയ്യത്തുകൾ കടന്നുപോയി; മടങ്ങിവരുന്ന കപ്പലിൽ രണ്ടുപേർ മരിക്കുകയും അവരുടെ മയ്യത്തുകൾ കടലിൽ ഇറക്കുന്നതു ഭാര്യ കാണുകയും ചെയ്തു.

## സ്നേഹം

കളവും കൈയേററവുമില്ലായ്മ, പരസ്പരസഹായം, ഔദാര്യം മുതലായ സാമൂഹ്യഗുണങ്ങളെപ്പററി മുമ്പൊരു കുറിപ്പിൽ എഴുതിയിരുന്നുവല്ലോ. അൽപം മനഃപ്രയാസമുണ്ടാക്കിയ ഒരു ചെറിയ സംഭവംപറയാം. നമസ്കാരസമയം കാത്തുകൊണ്ട് എല്ലാവരും കഅബാ ശരീഫിനു ചുററുമുള്ള മുററത്തു സഫുകളിലായി ഇരിക്കുകയാണ്. പുതുതായി വരുന്നവർക്ക് നുഴഞ്ഞുകയറുവാൻ ഒരു പഴുതും അടുത്തൊന്നുമില്ല. എൻെറ അടുത്തിരുന്നു ഖുർആൻ ഓതിക്കൊണ്ടിരുന്ന ഒരു ദക്ഷിണാഫ്രിക്കക്കാരൻ

തന്റെ മുസല്ല കാത്തുസൂക്ഷിക്കാൻ എന്നെ ഏൽപിച്ചശേഷം മുസ്ഹഫ് കൊണ്ടുവെക്കുവാൻ അൽപം അകലെപോയി. ആ തരത്തിന്നു ഒരു ദീർഘകായനായ നീഗ്രോ അവിടെവന്നു സ്ഥലം പിടിക്കുവാൻ ശ്രമിച്ചു. അവിടെ വേറെ ആളുണ്ടെന്നു പറഞ്ഞു ഞാൻ തടഞ്ഞുവെങ്കിലും അയാൾ വഴങ്ങിയില്ല. അല്ലാഹുവിന്റെ പള്ളിയിൽ റിസർവ്വേഷൻ പാടില്ലെന്നായി ചങ്ങാതി. ഞാൻ എന്റെ സ്ഥലം അയാൾക്കു കൊടുത്തു പാറാവേറെറടുത്ത മുസല്ലയിൽ സ്ഥലം പിടിച്ചു. മടങ്ങിവന്ന ദക്ഷിണാഫ്രിക്കക്കാരൻ എന്റെ സ്ഥലം സ്വീകരിക്കാൻ വിസമ്മതിച്ചു ഒരു പുഞ്ചിരിയോടെ മുന്നോട്ടുകടന്നു. എല്ലാവരും അല്പാൽപം ഞെരുങ്ങി അദ്ദേഹത്തിനു സ്ഥലം കൊടുത്തു. ആ നീഗ്രോ സ്നേഹിതനു താൻ ചെയ്ത തെററു മനസ്സിലായി. മാപ്പിനപേക്ഷിച്ചതോടെ ആ സംഭവത്തിന്നു തിരശ്ശീല വീണു. ആ പരിപാവനമായ സ്ഥലത്തുള്ള അച്ചടക്കവും സംസ്കാരവും എത്ര മഹത്തരമായിരുന്നുവെന്നു കാണിക്കുവാനാണ് ഞാൻ ഈ ചെറിയ സംഗതി ഇവിടെ കുറിച്ചത്.

ആ ദക്ഷിണാഫ്രിക്കക്കാരൻ സ്വഭാവഗുണങ്ങളുടെ ഒരൊന്നാന്തരം ഉദാഹരണമായിരുന്നു. ഞങ്ങൾ പിന്നീട് 2-3 പ്രാവശ്യം കണ്ടുമുട്ടുകയും ഇസ്ലാമിക വിഷയങ്ങൾ സംസാരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടുവർഷങ്ങൾക്ക് മുമ്പ് മെഡിക്കൽമിഷ്യനിലെ ഒരു ഡോക്ടരായി എന്റെ മകൻ ഹജ്ജിന്നു പോയിരുന്നപ്പോൾ ദക്ഷിണാഫ്രിക്കയിൽ കുടിയേറിപ്പാർക്കുന്ന ഇന്ത്യൻ വംശജരായ മുസ്ലിങ്ങളുടെ സ്വഭാവഗുണങ്ങളെ ശ്ലാഘിച്ചുകൊണ്ട് പറഞ്ഞത് ഞാനോർത്തു. അതെനിക്കും പലപ്പോഴും അനുഭവപ്പെടുകയുണ്ടായി. പരുഷമായ പെരുമാററത്തിന്നു മകൻ സമ്മാനം നൽകിയത് യമൻകാർക്കായിരുന്നു. അത് നേരായിരിക്കാം. പക്ഷെ യമൻകാരുടെ ചുറുചുറുക്കും, ഉന്മേഷവും, ഉത്സാഹവും എനിക്ക് വളരെ പിടിച്ചു. ഒരു ദിവസം ഹറംപള്ളിയിൽ നാലാമത്തെ സഫിൽ ഇരിക്കുകയായിരുന്നു ഞാൻ. ഒരു ചെറുപ്പക്കാരൻ, ഇഹ്റാം ഉടുപ്പിൽ, മുൻവശം വന്നു കുടിച്ചുമരിന്മേൽ കയറി അങ്ങുമിങ്ങും നോക്കി ഒരു ചാട്ടം! ഒന്നാം സഫിൽ ഉണ്ടായിരുന്നവരുടെ തലക്കുമുകളിൽകൂടി രണ്ടാം സഫിൽ ഉണ്ടായിരുന്ന ഒരൊഴിവ് സീററിലേക്ക്. പൂച്ചയോ മററോ ചാടുന്നതുപോലെ! ഞാൻ ഉറപ്പിച്ചു ഈ പുള്ളി യമനിൽനിന്നു വന്നതാണെന്ന്. പിന്നെ ഒരു ദിവസം ഒരു കൂട്ടം യമനികളോടൊപ്പം ഞാൻ സഅ്യ്ന് ചേർന്നു. സാധാരണതന്നെ വേഗത്തിൽ നടക്കുന്ന അവർ പച്ച തൂണടുത്തപ്പോൾ- അതായത് വേഗത്തിൽ നടക്കേണ്ട സ്ഥലത്തെത്തിയപ്പോൾ- ഒരോട്ടം- നൂറു മീററർ ഡാഷ്! ഞാൻ തോററു പക്ഷെ നമ്മുടെ നാട്ടിൽ ചായപ്പീടികകളുടെ തിണ്ണകളിലും, നമ്മുടെ തറവാടുകളിലും വെറുതെയിരുന്നു സൊറ പറയുന്നവരും, സത്യാഗ്രഹത്തിന്റെ പേരിൽ കൊടിപിടിച്ചു ചുമ്മായിരിക്കുന്നവരും ഇതിന്റെ പകുതിയെങ്കിലും ഉന്മേഷവും ചലനവും കാണി

ച്ചെങ്കിൽ എന്നു ഓർത്തുപോയി. ഒരു യമൻകാരനെ അവസാനമായി ഞാൻ കണ്ടത് ജിദ്ദയിൽ കപ്പൽ കയറുന്ന സമയത്താണ്. എൻെറ സാമാനങ്ങൾ കെട്ടി കപ്പലിൽ കയററിയ കൂലിക്കാരൻ. എൻെറ കെട്ടുകളിന്മേലും പെട്ടികളിന്മേലും ചങ്ങാതി പെയിൻറിൽ എഴുതിയ അടയാളം ഇന്നും കാൺമാനുണ്ട്. അടയാളം V എന്നതാണ്. നിരക്ഷരകുക്ഷിയായ അയാൾക്ക് അതിലപ്പുറം സാദ്ധ്യമല്ല. ചുരുചുരുക്കുള്ള യമൻകാർക്ക് വിദ്യാഭ്യാസവും, വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള നമ്മുടെ വെള്ളഷർട്ടുകാർക്കു ചുരുചുരുക്കും ഉണ്ടാകേണ്ടിയിരിക്കുന്നു. മുസൽമാന്മാരുടെ ഈ ലോകകുടുംബത്തിന്നു അതാണാവശ്യം. അതിനെപ്പററി ഞാൻ പലരുമായി സംസാരിച്ചു അതെല്ലാം അടുത്ത ലേഖനത്തിൽ.

# തലശ്ശേരി സംഭവം

ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്നിട്ടുള്ള സഹോദരങ്ങളുമായി ആശയവിനിമയം ചെയ്യുവാൻ ചില സന്ദർഭങ്ങൾ ലഭിച്ചു. മലയാളം, തമിഴ്, ഉറദു, ഇംഗ്ലീഷ് എന്നീ ഭാഷകൾ അറിയുന്നവരുമായിട്ടു മാത്രമേ നല്ലപോലെ സംസാരിക്കുവാൻ സാധിച്ചുള്ളൂ. അറബിയിൽ സംസാരിക്കാമായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെയെന്നോർത്തു ഖേദിച്ചു. ലോകത്തെമ്പാടുമുള്ള മുസ്ലീങ്ങളുടെ സാമൂഹ്യനിലയെപ്പററിയാണ് മുഖ്യമായും സംസാരിച്ചത്. രാഷ്ട്രീയമായ ചില പരാമർശങ്ങൾ നുഴഞ്ഞുകയറിയത് സാന്ദർഭികമായിട്ടു മാത്രമാണ്.

ഏററവും അധികം ഇടപഴകിയത് മലയാളികളായ ഹാജിമാരുമായിട്ടുതന്നെയെന്ന് പറയേണ്ടതില്ലല്ലോ. ഇന്ത്യയിൽനിന്നും, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, സിങ്കപ്പൂർ, കുവൈത്ത്, അബൂദാബി, ദുബൈ മുതലായ രാജ്യങ്ങളിൽനിന്നുമെല്ലാംകൂടി വന്നെത്തിയ മലയാളി ഹാജിമാർ ഏകദേശം രണ്ടായിരത്തോളമുണ്ടായിരുന്നു. ഇതിൽ സർക്കാരുദ്യോഗസ്ഥന്മാർ, സാങ്കേതിക വിദഗ്ദ്ധന്മാർ, വ്യാപാരി, വ്യവസായികൾ, പണ്ഡിതന്മാർ, സാധാരണക്കാർ–ഇങ്ങിനെ എല്ലാ വിഭാഗത്തിൽ പെട്ടവരും ഉണ്ടായിരുന്നു. സ്വദേശത്ത് പല വേഷവിധാനങ്ങളിലും, പ്രകൃതിയിലും കണ്ട പരിചയമുള്ള പലരും ഏതാണ്ട് ഒരേ വേഷത്തിലും, ഒരേ പ്രകൃതിയിലും കാണപ്പെട്ടത് ആനന്ദദായകമായിരുന്നു.

സംസാരം, മുഖ്യമായും ഹജ്ജിനെ സംബന്ധിച്ച കാര്യങ്ങൾ തന്നെ. പൊതു പ്രാധാന്യവും അടിയന്തിര സ്വഭാവവുമുള്ള മററു ചില വിഷയങ്ങളും സംസാരവിഷയമായി. അതിലൊന്നു് തലശ്ശേരി സംഭവമായിരുന്നു. വാസ്തവത്തിൽ ഹജ്ജ്കാലം മുഴുവൻ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ഈ സംഗതി "ആലിസിൻെറ ആശ്ചര്യലോക"ത്തിലെ

"ചെഷയർ പൂച്ചയുടെ വികൃതഹാസം' പോലെ എപ്പോഴും കൺമുമ്പിൽ പ്രത്യക്ഷമായികൊണ്ടിരുന്നു. ഡിസമ്പർ 26-ാംനു- തലശ്ശേരി വിട്ടു 28-ാംനു- ബോമ്പെയിൽ ഞങ്ങൾ എത്തിയ ഉടനെയാണ് കലാപം നടന്നത്. ജനുവരി 4-ാംനു- ബോമ്പെ വിടുന്നതിനു മുമ്പ് അത് അവസാനിക്കുകയും നിയന്ത്രണാധീനമാകുകയും ചെയ്തിരുന്നു. സംഭ്രമജനകമായ റിപ്പോർട്ടുകൾ കേട്ടു തുടങ്ങിയതു മുതൽ കല്ലട്ടറ ഹാജിസാഹിബിന്റെ വീട്ടിൽനിന്നു തലശ്ശേരി കേയി സാഹിബിന്റെ ആപ്പീസുമായും, കോഴിക്കോട് ചന്ദ്രികാ ആപ്പീസു മായും ടെലഫോൺ ബന്ധം പുലർത്തിപ്പോന്നു. വി. പി. മഹമ്മൂദ് ഹാജി സാഹിബിനേയോ മററതെങ്കിലും ലീഗു നേതാവിനേയോ ഏതവസരത്തിലും കിട്ടുകയുണ്ടായി. എന്റെ വീട്ടുകാരുമായും ഫോണിൽ സംസാരിച്ചു. എന്റെ ഒരളിയൻ ഒരിടവഴിയിൽകൂടി തനിച്ചു നടന്നു പോകുമ്പോൾ ആക്രമിക്കപ്പെട്ടതും, മകന്റെ ഭാര്യാവീട്ടുകാർ താമസിച്ചു വരുന്ന ഒരു വീട് ഒഴിഞ്ഞുപോയതും അവർ പറഞ്ഞുതന്നു. ഒന്നും സാരമില്ലെന്നും എല്ലാവരും സുഖത്തിലും സമാധാനത്തിലുമാണെന്നും ഉറപ്പുതന്നു. ഞങ്ങൾ കപ്പൽ കയറുന്നതിനുമുമ്പ് ബോമ്പെയിൽ പ്ലെയിൻ വഴി എത്തിയ എ. കെ. കാദർകുട്ടിസാഹിബ്, ജസ്റ്റീസ് മൊയ്തുസാഹിബ് മുതലായവരും കുറെ വിവരങ്ങൾ മനസ്സിലാക്കി തന്നു. ജീവനാശം ഉണ്ടായിട്ടില്ലെന്നതും, സ്ഥിതിഗതികൾ നിയന്ത്രണാധീനമാണെന്നതും, സമുദായ നേതാക്കൾ റിലീഫ് പ്രവർത്തനങ്ങൾ ചെയ്തുപോരുന്നുണ്ടെന്നതും ഒഴിച്ചാൽ, പൊതുവെ ആശങ്കാവഹമായിരുന്നു സംഗതി. അസഹ്യമായ മനോവേദനയോടെയാണ് ഞങ്ങൾ ബോമ്പെ വിട്ടത്. ഞങ്ങൾ മക്കായിൽ എത്തുന്നതിന് മുമ്പ്തന്നെ ബന്ധുക്കളുടെയും സ്നേഹിതന്മാരുടേയുമായ ഒട്ടേറെ കത്തുകൾ എനിക്കുവേണ്ടി കാത്തിരിക്കുന്നുണ്ടായിരുന്നു. അളിയന്റെ തലക്ക് ഒരു നല്ല അടി കിട്ടിയെന്നും, ചില ബന്ധുക്കൾ തനിച്ചു താമസിച്ച ചില വീടുകൾ ഒഴിയേണ്ടിവന്നുവെന്നും, അവിടങ്ങളിലെ ഫർണ്ണിച്ചറും മററും തച്ചുടച്ചും തീവെച്ചും നശിപ്പിച്ചുവെന്നും അറിവായി. ഇതൊന്നും ബോമ്പെ വിടുന്നതിനുമുമ്പ് പറയാതിരുന്നത് ഞങ്ങൾ-പ്രത്യേകിച്ചും ഭാര്യ-ബേജാറാകരുത് എന്നു കരുതിയാണെന്നും കത്തുകളിൽനിന്നും മനസ്സിലാക്കി. അപ്പോഴത്തേക്കു് സ്വദേശത്തുനിന്നു വിമാനം വഴിയായും മററും വേറെയും ആളുകൾ വന്നെത്തി. അവരിൽനിന്നു കൂടുതൽ വിവരങ്ങൾ ലഭിച്ചു. ആക്രമണം ആസൂത്രിതമായിരുന്നു, പങ്കെടുത്തവരിൽ അഭ്യസ്ത വിദ്യരുമുണ്ടായിരുന്നു, ലക്ഷ്യം മുഖ്യമായും സ്വത്തുക്കൾ നശിപ്പിക്കുന്നതിലായിരുന്നു, പുരുഷന്മാരില്ലാതെ കാവലില്ലാതെ തനിപ്പെട്ടു കിടന്നിരുന്ന വീടുകളും പള്ളികളുമാണ് ആക്രമണവിധേയമായത്. ഏതെങ്കിലും തരത്തിലുള്ള എതിർപ്പോ, പ്രതിരോധമോ, തയ്യാറെടുപ്പെങ്കിലു

മാ ഉണ്ടായേടത്ത് അക്രമകാരികൾ ചെന്നില്ല എന്നതായിരുന്നു സ്ഥിതി. സമുദായത്തിന്നു സാമ്പത്തിക നഷ്ടവും മാനഹാനിയും ഉണ്ടായി എന്നതു വ്യക്തമായിരുന്നു. ഇതെല്ലാം ഞങ്ങളുടെ മനസ്സിൽ അസഹ്യമായ വേദനയുണ്ടാക്കി. ജനസമ്മതിയുള്ള ഒരു ഗവർമ്മെണ്ട് അധികാരത്തിലുണ്ടായിരുന്നത്കൊണ്ട് കലാപം പടർന്നു പിടിക്കാതെ, നിയന്ത്രണാതീതമായി പോകാതെ സമാധാനം സ്ഥാപിക്കുവാൻ സാധിച്ചു. അവയിലെ പ്രധാന വിഷയം കലാപത്തെ തുടർന്നു സമുദായ മദ്ധ്യത്തിൽ ഉളവായ ഭിന്നതകളാണ്.

## ക്രൂരവിനോദം

ഒരു വലിയ വിപത്ത് വന്നുപെട്ടപ്പോൾ, അത് ഉറങ്ങിക്കിടക്കുന്ന സമുദായത്തെ ഞെട്ടിപ്പിക്കുകയും ശക്തിയായി യോജിപ്പിക്കുകയും ചെയ്തില്ല എന്നതു പോകട്ടെ, മുമ്പത്തേക്കാൾ രൂക്ഷമായ രീതിയിലേക്ക് തങ്ങളുടെ അഭിപ്രായവ്യത്യാസങ്ങളെ വലിച്ചിഴക്കുകയാണുണ്ടായത് എന്നറിഞ്ഞപ്പോൾ ഞങ്ങളുടെ മനോവേദന കൂടുതൽ അസഹ്യമായിതീർന്നു. ഞങ്ങൾ പത്രങ്ങൾ പരിശോധിക്കുകയും, അവയിലെ ഉള്ളടക്കത്തെപ്പററി സംസാരിക്കുകയും ചെയ്തു. ഒഴിവാക്കുന്നതും ഒഴിവാക്കേണ്ടതുമായ പലതും ഈ പത്രങ്ങളിൽ കണ്ടു ഞങ്ങൾ അമ്പരന്നുപോയി. തങ്ങളുടെമേൽ പെട്ടെന്ന് വന്നുവീണ ഭാരിച്ച ഉത്തരവാദിത്വങ്ങൾ കഴിയുന്നത്ര ഭംഗിയായി നിറവേററുകയായിരുന്ന മുസ്ലിംലീഗ് നേതാക്കന്മാരെയും പ്രവർത്തകന്മാരേയും രാഷ്ട്രീയമില്ലാ എന്നു പുരപ്പുറത്തു കയറി വിളിച്ചു പറയുന്നവരും, ദൈനംദിനം ഭരണകാര്യങ്ങളിൽ ഉത്തരവാദിത്വം എടുക്കുവാൻ തയ്യാറില്ലാത്ത ആദർശവാദികളും വിമർശിക്കുന്നതും റിലീഫ് പ്രവർത്തനങ്ങളിൽ പ്രയാസങ്ങളുണ്ടാക്കുന്നതും ക്രൂരമായ വിനോദമായി എനിക്കു തോന്നി.

തലശ്ശേരി സംഭവത്തെപ്പററി സത്യവും, അസത്യവും അതിശയോക്തിയും കലർന്ന പല വാർത്തകളും റേഡിയോവിൽ കൂടിയും ഇംഗ്ലീഷ്-അറബി പത്രങ്ങളിൽ കൂടിയും മക്കായിലും മററും പ്രചരിച്ചു കഴിഞ്ഞിരിക്കുന്നു. ബംഗ്ലാദേശ് വിമോചനത്തെ തുടർന്നാണ് ഈ സംഭവം നടന്നത് എന്നത് ഇന്ത്യാവിരുദ്ധ പ്രചാരവേലക്കു പ്രത്യേക കാരണമായിരുന്നു. അന്യനാട്ടുകാരോടു സത്യസ്ഥിതി പറഞ്ഞു മനസ്സിലാക്കുവാനും, നമ്മുടെ നാട്ടിനെപ്പററിയുള്ള തെററിദ്ധാരണകൾ നീക്കുവാനും ഞങ്ങൾ ആവുന്നതെല്ലാം ചെയ്തു. തലശ്ശേരിയിൽ മുസ്ലിംലീഗ് ആരംഭിച്ച റിലീഫ് ഫണ്ടിലേക്കു മലയാളികൾ ചെറിയ സംഭാവനകൾ നല്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. വളരെ പരിമിതമായ വിദേശനാണ്യം മാത്രം കൈയി

ലുള്ള തീർത്ഥാടകർക്കു ഇതു സുസാദ്ധ്യമല്ലായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അവർ ഹജ്ജ് കഴിഞ്ഞു നാട്ടിലേക്കു മടങ്ങിയെത്തിയാൽ എനിക്കു എത്തിച്ചുതരുവാനും അതെല്ലാം ശേഖരിച്ചു ഫണ്ടിലേക്കു അടക്കുവാനും നിശ്ചയിച്ചു. ആകെ 2500ക. വാഗ്ദത്തം ചെയ്തതിൽ 2400ക. കിട്ടിയത് ഫണ്ടിലേക്കു നൽകിയിട്ടുണ്ട്.

## നഷ്ടം ആർക്കു്?

ഇതെല്ലാം നടന്നുകൊണ്ടിരിക്കുമ്പോഴും മനസ്സിലുള്ള വ്യഥ ചിന്തയിലും പ്രാർത്ഥനയിലും പ്രകടമായിത്തന്നെയിരുന്നു. സമുദായത്തിന്റെ സാമ്പത്തിക നിലയുടെ നേരെയാണ് മുഖ്യമായും ആക്രമണമുണ്ടായത്. കുറെ സ്വത്തുക്കൾ നശിപ്പിക്കപ്പെട്ടു. അതു ഏതെങ്കിലും ഒരു സമുദായത്തിന്റെ മാത്രം നഷ്ടമാണോ? എല്ലാവരുടേതുമായ ദേശീയ സമ്പത്തിനല്ലെ നാശംവന്നത്? സമുദായത്തെമാത്രം എടുത്താലും നമ്മുടെ സാമ്പത്തികനിലയെ ദിനേനയെന്നല്ല, നിമിഷംതോറും നാം തന്നെയല്ലേ അറിഞ്ഞും അറിയാതെയും തകർത്തുകൊണ്ടിരിക്കുന്നതു്? വിദ്യാഭ്യാസ വിഷയത്തിൽ നാം വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ടോ? കൈത്തൊഴിലുകൾ പഠിക്കുന്നതിൽ നാം വിമുഖരല്ലെ? വ്യവസായരംഗത്തു എത്തിനോക്കുകപോലും ചെയ്യുന്നുണ്ടോ? വരുമാനം വർദ്ധിപ്പിക്കുന്ന മാർഗ്ഗങ്ങളിൽ ശ്രദ്ധപതിക്കാതെയും വേണ്ടതിനും വേണ്ടാത്തതിനും കണ്ടമാനം ചിലവുകൾ ചെയ്തും ദാരിദ്ര്യം ക്ഷണിച്ചുവരുത്തുകയല്ലേ ചെയ്യുന്നത്? തലശ്ശേരിയും കേരളവും പോകട്ടെ, ലോകത്തെമ്പാടുമുള്ള നമ്മുടെ സ്ഥിതി ഏറെക്കുറെ ഇതുതന്നെയാണ്. കൺമുമ്പിൽ–ഹറംശരീഫിൽ–മുക്കർറമായ മക്കായിൽ–എന്താണ് നടക്കുന്നതു? അവിടെ അല്ലാഹു അളവില്ലാത്തവിധം അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊടുത്തിരിക്കുകയാണ്. ഭൂഗർഭത്തിലുള്ള എണ്ണയാണ് പ്രധാന വരുമാനം. അവിടത്തെ എല്ലാ ആവശ്യങ്ങൾക്കും അതുതന്നെ ധാരാളം മതി. കൂടാതെ ഹജ്ജ് തീർത്ഥാടകരും ധാരാളം പണം അവിടെ കൊണ്ടുവന്നു ചിലവഴിക്കുന്നുണ്ട്. ഇതെല്ലാം എവിടെപ്പോകുന്നു; ബസാറുകളിൽ ചെന്നുനോക്കുക. അമേരിക്ക, ജപ്പാൻ, ജർമ്മനി മുതലായ രാജ്യങ്ങളിൽനിന്നു നിർമ്മിച്ചുവരുന്ന തുണിത്തരങ്ങൾ, ആഭരണങ്ങൾ, ഉിക്കോപ്പുകൾ, എലക്ടിക് സാധനങ്ങൾ, എലക്ടോണിക് ഉപകരണങ്ങൾ മുതലായവ കോടിക്കണക്കിനു ഉറുപ്പികയുടേത് ചിലവഴിഞ്ഞുപോകുകയാണ്. ഇവിടത്തുകാർക്ക് കുറേ ലാഭം കിട്ടുന്നത് ശരിതന്നെ. പക്ഷെ യഥാർത്ഥ ലാഭം എവിടെ പോകുന്നു? എണ്ണയെടുക്കുന്നതിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ മുഴുവനും, അത് മാർക്കററ് ചെയ്തു സമ്പാദിക്കുന്ന ലാഭം മുഴുവനും പാശ്ചാത്യരുടെ കൈകളിലല്ലേ! അറബികളുടേതായ ഉല്പന്നങ്ങൾ എണ്ണയും, ഈത്തപ്പഴവും മാത്ര

മാണ്. കാലാവസ്ഥ, ഭൂപ്രകൃതി മുതലായവയെല്ലാം കണക്കിലെടുത്താൽ തന്നെ അവിടെ സ്ഥാപിക്കാവുന്ന വ്യവസായങ്ങൾ പലതുമുണ്ട്. അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിക്കുന്നതായി കാണുന്നില്ല പ്രഭുകുമാരന്മാർക്ക് അദ്ധ്വാനമില്ലാതെ സമ്പാദ്യം ലഭിക്കുന്നു. പലരും പാരീസിലും മററും ചെന്നു ലക്ഷം ലക്ഷം ലഗാനമില്ലാതെ ഈ പണം ചിലവഴിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ അടുത്ത കാലത്ത് മാത്രമാണ് അവർ ശ്രദ്ധ പതിച്ചുതുടങ്ങിയത്. പാശ്ചാത്യ രാജ്യങ്ങളോടൊപ്പം എത്തുന്നതുപോകട്ടെ, പാശ്ചാത്യരെ ആശ്രയിക്കാതെ അത്യാവശ്യങ്ങൾ നിർവ്വഹിക്കാൻ തക്ക കഴിവുകൾ നേടുന്നതിനുതന്നെ ഇനിയും എത്രയോ പാടുപെടേണ്ടതുണ്ട്. നാം സാമ്പത്തിക ഭദ്രതയെപ്പററി പരാതിപ്പെടുകയും, ദിവാസ്വപ്നം കാണുകയുമാണ്. അടിസ്ഥാനപരമായ കാര്യങ്ങൾ കണക്കിലെടുത്ത് അർഹമായ രീതിയിൽ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നില്ല.

## മാനഹാനി

തലശ്ശേരിയിൽ ആർക്കും ജീവഹാനി ഉണ്ടായിട്ടില്ല, എന്നാൽ മാനഹാനി എല്ലാവർക്കും ഉണ്ടായി. ആക്രമണങ്ങൾ നടത്തിയവരും, അനുഭവപ്പെട്ടവരും നാണിച്ചു തലതാഴ്ത്തേണ്ടിയിരിക്കുന്നു. ജീവഹാനി ഉണ്ടായിട്ടില്ലെന്നു് പറഞ്ഞുവല്ലോ, അത് ജീവനെപ്പററി പരസ്പരം ബഹുമാനമുള്ളതുകൊണ്ടാണോ? അല്ല എന്തു വില കൊടുത്തും ജീവനെ രക്ഷിക്കേണമെന്ന നിർബന്ധമുള്ളതുകൊണ്ടോ? നമ്മുടെ മാനത്തെ രക്ഷിക്കേണ്ടതു നാം തന്നെയാണ്. അതു നശിപ്പിക്കുവാൻ മററാർക്കും സാദ്ധ്യമല്ല. "ഒരു സമുദായത്തിൻെറ നില അവർതന്നെ മാററുന്നതുവരെ അല്ലാഹു മാററുകയില്ല." (വി ഖു.) നമ്മുടെ മാനം നിലകൊള്ളുന്നത് നമ്മുടെ ആദർശങ്ങളിലും, അവസ്ഥ നാം തന്നെ നൽകുന്ന സാക്ഷാൽ പരിഗണനകളിലുമാണ്

ഇങ്ങിനെ ഒരു സ്വയം വിമർശനം നടത്തുമ്പോൾ, നമ്മുടെ പോരായ്മകളെപ്പററി ഉള്ളറിഞ്ഞു ചിന്തിക്കുമ്പോൾ, എല്ലാമറിയുന്ന അല്ലാഹുവോട് പ്രാർത്ഥിക്കുമ്പോൾ, കഠിനമായ മനഃപ്രയാസം തോന്നുകയായി. ഈ സമുദായം നൂററാണ്ടുകളായി ചെയ്തുപോന്ന പാപങ്ങൾ പൊറുത്തുതരാനും, തന്നത്താൻ വലിച്ചുവെച്ച ആപത്തുകളിൽനിന്നു് ഈ സമുദായത്തെ രക്ഷിക്കുവാനും, ഒരു പുതിയ അദ്ധ്യായം ആരംഭിച്ച ഇസ്ലാമിൻെറ പാതയിൽ ചലിക്കുവാനുള്ള കഴിവുനൽകുവാനും പ്രാർത്ഥിച്ചു. ഒരിക്കലല്ല, അനേകമനേകം തവണ. പ്രാർത്ഥനകൾ സുപ്രതീക്ഷയെ ജനിപ്പിച്ചു; പ്രവർത്തനങ്ങളിലേക്കു ഉന്മേഷംനൽകി. ആത്മധൈര്യവും ആത്മാഭിമാനവും ഉദ്ദീപിപ്പിച്ചു.

തലശ്ശേരി സംഭവം മനസ്സിലുണ്ടായിരുന്നതുകൊണ്ടായിരിക്കാം അഹമ്മദാബാദ്, ഭീവാണ്ടി മുതലായ ചില സ്ഥലങ്ങളിൽനിന്നുവന്ന ഹാജിമാരുമായി അവിടങ്ങളിലെ അനുഭവങ്ങളെപ്പററി സംസാരിച്ചു. കലാപങ്ങളുടെ ആരംഭവും അവയുടെ പിന്നിൽ കാണാവുന്ന ആസൂത്രണവുമെല്ലാം ഏതാണ്ട് തലശ്ശേരിയിലേതുപോലെ തന്നെ, പക്ഷെ തലശ്ശേരിയിൽ ജീവനാശമുണ്ടായില്ലെന്നതും സ്ഥിതിഗതികൾ പെട്ടെന്ന് നിയന്ത്രണാധീനമായെന്നതും ഒരു വിധം തൃപ്തികരമായ രീതിയിൽ നഷ്ടപരിഹാരവും പുനരധിവാസവും നടന്നുവെന്നതും എടുത്തുപറയാതെ നിവൃത്തിയില്ല. സാമുദായിക ലഹളകളുണ്ടായ അഹമദാബാദിലും മററും കൂടുതൽ നാശനഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്തുതന്നെ ആയാലും അക്രമകാരികൾക്ക് രാഷ്ട്രീയമോ സാമൂഹികമോ സാംസ്കാരികമോ ആയ വല്ല ദുരുദ്ദേശങ്ങളുമുണ്ടായിരുന്നുവെങ്കിൽ അതൊന്നും സാദ്ധ്യമായില്ല എന്നതു ഒരു യഥാർത്ഥ വസ്തുതയാണ്. ദേശീയ സമ്പത്തിന്ന് നാശനഷ്ടങ്ങൾ സംഭവിച്ചതും നാട്ടിന്റെ സൽപേരിനു കളങ്കം സൃഷ്ടിക്കപ്പെട്ടതും മാത്രമാണ് ഫലം. മുസ്ലീങ്ങളിൽ സ്ഥായിയായ ഭീതി ജനിപ്പിക്കുവാനോ അവരെ ബലഹീനരാക്കുവാനോ സാധിച്ചിട്ടില്ല. നാശനഷ്ടങ്ങൾ അനുഭവിച്ചവർ കൂടുതൽ ശക്തമായ നിലയിൽ ഈമാൻ (സത്യവിശ്വാസം) ആർജ്ജിച്ചുകൊണ്ട് തല ഉയർത്തിനിൽക്കുവാൻതന്നെ തീരുമാനിക്കുകയാണുണ്ടായത്. ഇത്തരം സംഭാഷണങ്ങൾ നൽകിയ മന:സമാധാനവും ആത്മധൈര്യവും അപാരമായിരുന്നു. 'ഖഡ്ഗങ്ങളുടെ നിഴലിൽ പയററിയിട്ടാണ് നാം യുവാക്കളായി വളർന്നത്. അരിവാൾ പോലെയുള്ള ചന്ദ്രക്കലയാണല്ലൊ നമ്മുടെ സാമുദായിക ചിഹ്നംതന്നെ!' എന്ന അല്ലാമാ ഇഖ്ബാലിന്റെ ഈരടി ഓർമ്മയിൽ പൊങ്ങിവന്നു.

## സൌഹൃദ സംഭാഷണങ്ങൾ

പാക്കിസ്ഥാനികളായ പലരേയും കണ്ടുമുട്ടുകയും അവരുമായി സംസാരിക്കുകയും ചെയ്തു. സിന്ധിൽ സ്ഥിരതാമസമാക്കിയിട്ടുള്ള ഒരു ബലൂചിയായിരുന്നു അവരിൽ ഒന്ന്. സുബ്ഹി നമസ്കാരവും മററും കഴിഞ്ഞ് മസ്ജിദുൽ ഹറാമിന്റെ മുകളിലെ തട്ടിൽ സൈ്വരമായി നടന്നുപോകുമ്പോൾ വരാന്തയിൽ കഅബാശരീഫിനെ ദർശിച്ചുകൊണ്ട് തനിച്ചുനിൽക്കുന്ന ഒരതികായനായിരുന്നു അദ്ദേഹം. ആന വിഴുങ്ങി പാജാമ, നെടുനീളൻ ഷർട്ട്, സദ്രിയ, ഒമ്പതുവാര തുണി ചുററി കെട്ടിയ തലപ്പാവ്, ആകാരസൌഷ്ഠവം, അതിനു മാററ കൂട്ടുന്ന നീണ്ട

താടി, ഈമാൻ തുളുമ്പുന്ന മുഖം—ഇതായിരുന്നു ആരേയും ആകർഷിക്കുമായിരുന്ന ആ പ്രകൃതി. ഞാൻ അടുത്ത് ചെന്നു സലാം ചൊല്ലി. ഒരു ഹിന്ദുസ്ഥാനിയും മലബാരിയുമാണെന്ന് സ്വയം പരിചയപ്പെടുത്തി. മുസാഫഹത്തിന്നു ശേഷം താൻ ഒരു ബലൂചിയാണെന്നും, സിന്ധിൽ സ്ഥിരതാമസമാക്കിയിരിക്കയാണെന്നും ഒരു മൗലവിയും സ്കൂൾ ടീച്ചറും സാമാന്യം നല്ല ഒരു കർഷകനുമാണെന്നും പറഞ്ഞുതന്നു. തൻെറ കൃഷിയെപ്പററിയും അതിന്ന് വെള്ളം നൽകുന്ന സക്കർബറാജ് പദ്ധതിയെപ്പററിയും, മൊഹഞ്ചെദരോവെപ്പററിയും അല്പം സംസാരിച്ചു. ഇതു രണ്ടും 28 വർഷങ്ങൾക്കുമുമ്പ ഞാൻ കണ്ടതായിരുന്നു. അന്യോന്യം പരിചയപ്പെട്ടശേഷം അപകടമേഖലയിലേക്കു കടന്നു: ബംഗ്ലാദേശ് യുദ്ധത്തെപററി ചർച്ചയായി. ബങ്കബന്ധുക്കൾ പാക്കിസ്താനികൾക്കെതിരായി ഉന്നയിക്കുന്ന പരാതികൾ ശരിയാണെന്ന് അദ്ദേഹം സമ്മതിച്ചില്ല. അല്പാല്പം സത്യമുള്ള കാര്യങ്ങൾതന്നെ അതിശയോക്തി കലർത്തിയാണ് പ്രസിദ്ധീകരിച്ചത് എന്നും ആക്ഷേപിച്ചു. എന്നാൽ ബങ്കാളികളും പശ്ചിമ പാക്കിസ്താനിലെ മുസ്ലിംങ്ങളും തമ്മിൽ വൈകാരികമായ അടുപ്പം ഉണ്ടായില്ല എന്നതു യഥാർത്ഥമാണ്. അടുപ്പം ഉണ്ടാക്കുവാൻ അധികാരവൃത്തങ്ങളിലോ പൊതുജനങ്ങളുടെ ഇടയിലോ ശരിയായ പരിശ്രമങ്ങൾ സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. സാംസ്കാരിക സംഘടനകൾ ചെയ്ത ശ്രമങ്ങൾ വേണ്ടത്ര വ്യാപകമോ ഫലപ്രദമോ ആയിരുന്നില്ല. സാമ്പത്തിക മേഖലകളിലുള്ള അസമത്വവും അതിൽനിന്നു അറിഞ്ഞും അറിയാതെയുമുണ്ടായ ചൂഷണങ്ങളും കുതിരകയററവും ശക്തിയേറിയ വിടവുകൾ സൃഷ്ടിച്ചു, ജനതകളെ കൂട്ടിയിണക്കുന്നതിൽ ഇസ്ലാമിന്നുള്ള കഴിവും സ്വാധീനവും നിഷേധിക്കുക സാദ്ധ്യമല്ലെങ്കിലും അത് ഏട്ടിൽ മാത്രമായാൽ മതിയോ? അത് ബോധപൂർവ്വം സ്വീകരിക്കപ്പെടുവാൻ ഇസ്ലാമികമായ പ്രവർത്തനങ്ങൾ ആവശ്യമല്ലേ? ബങ്കാളിലെ ജനങ്ങളുടെ സൗഹൃദം പാക്കിസ്ഥാനു നഷ്ടപ്പെട്ടശേഷം വെറും യുദ്ധംകൊണ്ട് അവരെ അടിച്ചമർത്തുക എന്നതു പ്രയാസമായിരുന്നു. ഇന്ത്യയുടെ സഹായ സഹകരണങ്ങളുംകൂടി ബങ്കാളികൾക്കു ലഭ്യമായതോടെ അതു തികച്ചും അസാദ്ധ്യവുമായി ഇന്ത്യ നിർബ്ബന്ധിതയായതുകൊണ്ടാണ് ചില നടപടികൾ എടുക്കേണ്ടിവന്നത് എന്നു ഞാൻ മനസ്സിലാക്കുവാൻ ശ്രമിച്ചു. യുദ്ധത്തിൽ പങ്കെടുത്ത അഫ്രിദികളും മുജാഹിദുകളും മററ പഠാൻകാരും തോൽക്കേണ്ടിവന്നതിൽ ലജ്ജയും കുണ്ഠിതവുമുണ്ടെന്നു സൂചിപ്പിച്ചുകൊണ്ട് വന്നതെല്ലാം വന്നു, ഇനിയെങ്കിലും ഈ ഭൂഖണ്ഡത്തിലെ മൂന്നു രാഷ്ട്രങ്ങളും അന്യോന്യം യോജിച്ചും സഹകരിച്ചും പുരോഗമിക്കുന്നതാണ് ശരി എന്നും പറഞ്ഞു ആ വിഷയം അവസാനിപ്പിച്ചു. തുടർന്നു പഖ്തൂനിസ്ഥാൻ വാദത്തെപ്പററിയും ബലൂചിസ്ഥാനിലെ

സ്വാതന്ത്ര്യസമരങ്ങളെപ്പററിയും ഞാൻ അന്വേഷിച്ചു. സംസ്ഥാനങ്ങൾക്ക് മിക്ക വിഷയങ്ങളിലും സ്വയം ഭരണാധികാരം വേണമെന്ന ആവശ്യം വളരെ ശക്തിയോടെ ഉന്നയിക്കപ്പെട്ടനുണ്ടെന്നും ആ വാദത്തിന്നു ജനങ്ങളുടെ പിന്തുണയുണ്ടെന്നും, എന്നാൽ പാക്കിസ്താനെ ഇനിയും ഛിന്നഭിന്നമാക്കുവാൻ ആരും ആഗ്രഹിക്കുന്നില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം.

ബങ്ക്ളാദേശ്കാരുമായി നേരിട്ടു സംസാരിക്കുവാൻ സാധിച്ചിരുന്നില്ല. പക്ഷെ ഞങ്ങളുടെ പാർട്ടിയിലുണ്ടായിരുന്ന സി എം. അഹ്മദ്സാഹിബ് (ബിസ്തിമുഹല്ല) അവരിൽ ഒരാളുമായി സംസാരിച്ചിരുന്നു. പാക്കിസ്താനികളുടെ നേരെ ബങ്കാളികൾക്ക് കഠിനമായ പരാതിയുണ്ടായിരുന്നുവെന്ന് ആ ബങ്കാളി തറപ്പിച്ചു പറഞ്ഞു. അതു ഇസ്ലാമിനെപ്പററിയല്ല-മനുഷ്യവിഭാഗങ്ങളെ യോജിപ്പിക്കുന്നതിൽ ഇസ്ലാമിനുള്ള അപാരമായ കഴിവിനെ അവർ നിരാകരിക്കുന്നില്ല. പക്ഷെ അതു പാക്കിസ്താനികൾ മറന്നു കളിച്ചു. ഇസ്ലാമിന്റെ പേരിൽ ഒരൊന്നാംതരം രാഷ്ട്രം ഉടലെടുത്തെങ്കിലും ഒരിസ്ലാമിക രാഷ്ട്രമായി അതിനെ ഉറപ്പിച്ചു നിർത്തുകയും വളർത്തുകയും ചെയ്യാൻ അവർക്കു സാധിച്ചില്ല. ആയിരത്തി ഇരുന്നൂർ മൈൽ അകലെകിടക്കുന്ന, ഭാഷയിലും മററ പല കാര്യങ്ങളിലും വിഭിന്നമായി നിലകൊള്ളുന്ന ഒരു ജനവിഭാഗത്തെ തങ്ങളുടെ കൂടെ നിർത്തുവാൻ ശക്തിയേറിയ പ്രയത്നങ്ങൾ ആവശ്യമായിരുന്നു, അതൊന്നും പാക്കിസ്താനിൽ അധികാരത്തിലിരുന്നവരോ മററു ബുദ്ധിജീവികളോ ശ്രദ്ധിച്ചില്ല. അങ്ങിനെ പാക്കിസ്താൻ വിഭജിക്കപ്പെട്ടു. ബങ്കാളി ഭാഷയുടെ പേരിൽ കിഴക്കും പടിഞ്ഞാറും വിഭാഗങ്ങൾ ഒന്നായി ചേർന്നു വിശാലബങ്കാൾ രൂപീകരിക്കുന്നതിനെപ്പററി ആരാഞ്ഞപ്പോൾ "ഞങ്ങളുടെ മേൽ കുതിരകയറിക്കൊണ്ടിരുന്ന പഞ്ചാബികളിൽനിന്നു വിമോചനം നേടിയ ശേഷം വീണ്ടും മറെറാരു കൂട്ടരുടെ ചൂഷണത്തിനു വിധേയരാകുവാൻ ഞങ്ങളിഷ്ടപ്പെടുന്നില്ല" എന്നു അയാൾ പറഞ്ഞു. 1905-ലെ വിഭജനത്തെത്തുടർന്നുണ്ടായ ചരിത്രം അയവിറക്കിക്കൊണ്ട് വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരവസ്ഥയിൽ നിന്ന് മുന്നേറിവരുവാൻ വളരെ പാട്പെടേണ്ടതുണ്ടെന്നും അതിന് തങ്ങളെ സഹായിക്കുകയാണ് എല്ലാവരും ചെയ്യേണ്ടതെന്നും പറഞ്ഞുകൊണ്ട് ശുദ്ധഗതിക്കാരനായ ഈ വയോവൃദ്ധൻ പൊട്ടിക്കരഞ്ഞു.

ബംഗ്ലാദേശിൽനിന്നു വന്ന ചില മലയാളി വർത്തകന്മാരെ കാണുവാൻ സാധിച്ചു. ഡാക്കയിലും ചിററഗാംഗിലും മററും നല്ല ബിസിനസുള്ളവരായിരുന്നു ഇവർ. യുദ്ധം ആരംഭിക്കുന്നതിന്നു മുമ്പ് ഹജ്ജിന്നു വന്ന ഇവർക്ക് ഹജ്ജ് കഴിഞ്ഞാൽ ഇന്ത്യൻ കപ്പലിൽ ബംഗ്ലാദേശിലേക്കോ, പാക്കിസ്താൻ കപ്പലിൽ പാക്കിസ്താനിലേക്കോ മടങ്ങിപ്പോകാൻ സഊദി ഗവർമ്മെണ്ട് അനുമതി നൽകിയിരുന്നു. ബങ്ക്ളാദേശ് ഇന്ത്യയു

മായി വളരെ അടുത്ത ബന്ധം പുലർത്തുന്നതുകൊണ്ട് ഇവർക്കു മേലിൽ ഇന്ത്യയിലേക്ക് വരാനും മററും-പാസ്പോർട്ട്-വിസാകാര്യങ്ങളിൽ-മുമ്പത്തെ അപേക്ഷിച്ച് കൂടുതൽ സൌകര്യങ്ങൾ ലഭിക്കുമെന്ന ആശ ഇവർ പ്രകടിപ്പിച്ചു.

ഗാമ്പിയാക്കാരനായ ഒരിഞ്ചിനീയർ കുടുംബസമേതം ഹജ്ജിനു വന്നിരുന്നു. കറുത്തു ഗംഭീരനായ ഇദ്ദേഹവും മക്കളും അവരുടെ സുഹൃത്തുക്കളും ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കുന്നവരാണ്. പെൺമക്കളിൽ ഒരാൾ ടീച്ചറും ഒരാൾ നർസും ആണ്. തങ്ങളുടെ രാജ്യം സ്വാതന്ത്രമായതിനുശേഷം ജനങ്ങൾ കൂടുതലായി ഇസ്ലാമുമായി അടുത്തുവരികയാണ് എന്നു അവർ പറഞ്ഞു. അഭ്യസ്തവിദ്യരായ ഉദ്യോഗസ്ഥന്മാർ, സാങ്കേതികവിദഗ്ധന്മാർ, വ്യാപാരവ്യവസായികൾ, സാമൂഹ്യസേവകന്മാർ-ഇങ്ങിനെ പലരും മതത്തോട് അടുക്കുകയും, മതവും സംസ്കാരവും പഠിച്ചുതുടങ്ങുകയും ചെയ്യുന്നു. ഖുർആൻ പള്ളിക്കൂടങ്ങളും ഇസ്ലാമിക് ലൈബ്രറികളും എല്ലായിടത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇസ്ലാം പഠിപ്പിക്കുകയും, പ്രായോഗികമായി സ്ഥാപിക്കുകയും ചെയ്യുന്ന സമത്വവും സഹോദരത്വവും ആഫ്രിക്കക്കാരുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കറുത്തവരുടെയും വെളുത്തവരുടെയും ഇടയിൽ പാശ്ചാത്യർ കാണിക്കുന്ന വ്യത്യാസത്തെ തമാശയാക്കിക്കൊണ്ട് ഈ നീഗ്രോ ഇഞ്ചിനീയർ പറഞ്ഞത് "ഈ നിറ വ്യത്യാസം തൊലിപ്പുറത്തു് മാത്രമാണ്. ഒരു സൂചികൊണ്ട് കുത്തിനോക്കിയാൽ ഉള്ളിലിരിക്കുന്ന ചോരയുടെ നിറം എല്ലാവരിലും ഒന്നുതന്നെയല്ലേ?" എന്നായിരുന്നു. ഗാംബിയയിൽനിന്നു ആയിരക്കണക്കിന്നു് ആളുകൾ ഹജ്ജിനുവന്ന കൂട്ടത്തിൽ ധാരാളം സ്ത്രീകളുമുണ്ടായിരുന്നു. അവരുടെ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവാൻ ഒരു ചുറുചുറുക്കുള്ള യുവാവും ആഗതനായിരുന്നു. ഏതു നേരമെങ്കിലും, എത്രപ്രാവശ്യമെങ്കിലും സംസാരിക്കുവാൻ തയ്യാറുള്ള ആ യുവസഹോദരൻെറ ചുറുചുറുക്കും ഓട്ടവും ചാട്ടവും കണ്ടപ്പോൾ നമ്മുടെ ജെ. ഡി. ററിയിലെ ഹസൻ ഹാജിയെ ഓർമ്മവന്നു.

നൈജീരിയക്കാരനായ ഒരുദ്യോഗസ്ഥൻ അവിടെ സ്വാതന്ത്ര്യത്തിനുമുമ്പുണ്ടായിരുന്ന അനുഭവങ്ങൾ പറഞ്ഞുതന്നു. പാശ്ചാത്യഭരണം ക്രിസ്ത്യൻ മിഷ്യനറിമാരെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കുകയുണ്ടായി. കോളേജുകളും ആശുപത്രികളും ചില തൊഴിൽശാലകളും ക്രസ്ത്യൻ മിഷ്യനറിമാരുടെ കുത്തകയായിരുന്നു. മതംമാററം അവരുടെ സർവ്വപ്രധാനമായ തൊഴിലുമായിരുന്നു. കോളേജുകളിൽ പ്രവേശനത്തിനു്, ആശുപത്രികളിൽ നല്ല ചികിത്സ ലഭിക്കുന്നതിന്നു് അവരുടെ സ്ഥാപനങ്ങളിൽ എന്തെങ്കിലും ഉദ്യോഗം ലഭിക്കുന്നതിനു്, അവരുടെ സഹായം കൂടിയേ തീരൂ. ഈ സഹായം ലഭ്യമാകുവാൻ മതം മാററം പോലും ധാരാ

ളം നടക്കുന്നുണ്ടായിരുന്നു. ഈ സ്ഥിതിക്കു മാററം വന്നു തുടങ്ങിയിട്ടുണ്ടു്, ഇസ്ലാമിക സംസ്ക്കാരം മനസ്സിലാക്കുവാനും സ്ഥാപിക്കുവാനും സമൂഹ്യനിലവാരത്തിൽ ശ്രമങ്ങൾ നടക്കുന്നുണ്ടു്.

പലസ്തീൻകാരനായ ഒരു യുവാവിനേയും, ഈജിപ്തുകാരനായ ഒരു മദ്ധ്യവയസ്ക്കനേയും കണ്ടു അല്പനേരം—വെവ്വേറെ സന്ദർഭങ്ങളിലായി സംസാരിക്കുവാൻ സാധിച്ചു. വിദ്യാർത്ഥിയായ യുവാവു് ഒരു തീവ്രവാദിയായ ഇഖ്വാനുൽ മുസ്ലിമൂൻ അനുഭാവിയായിരുന്നു. നാസിറിനെപ്പററി കഠിനമായ എതിർപ്പാണു് ആ യുവാവു് പ്രകടിപ്പിച്ചതു്. സാദത്തിൻെറ നിലപാടു് സൂക്ഷ്മമായി വീക്ഷിക്കേണ്ടിയിരിക്കുന്നുവെന്നും അയാൾ പറഞ്ഞു. നേരെമറിച്ചു നാസിറിനു മാത്രമെ ഈജിപ്തിനെ രക്ഷിക്കുവാൻ കഴിയുമായിരുന്നുള്ളുവെന്നാണു് ഈജിപ്തുകാരൻെറ വാദം. അദ്ദേഹവും സാദത്തിനെപ്പററി ഒന്നും പറയാറായിട്ടില്ലെന്നു അഭിപ്രായപ്പെട്ടു. അറബിരാജ്യങ്ങൾ ഒന്നുചേർന്നു, ഒററക്കെട്ടായി ശക്തി സംഭരിച്ചുകഴിഞ്ഞാൽ മാത്രമെ അവരെ ലോകം പരിഗണിക്കുകയുള്ളുവെന്നു രണ്ടു പേരും സമ്മതിക്കുന്നു. അഭികാമ്യമായ ഈ ഐക്യം അറബിദേശീയതത്തിൻെറ പേരിലോ, അതല്ല ഇസ്ലാമിൻെറ പേരിലോ എങ്ങിനെയാണു് നേടിയെടുക്കേണ്ടതു് എന്നതിനെപ്പററി അഭിപ്രായവ്യത്യാസം കാണുകയുണ്ടായി. പലസ്തീൻ യുവാവു് ഇസ്ലാമിനു് മാത്രമേ ഇതു സാദ്ധ്യമാകയുള്ളുവെന്നു വാദിച്ചപ്പോൾ, കുറെക്കൂടി പ്രായംചെന്ന ഈജിപ്തുകാരൻ അറബിഐക്യം ആഗോള മുസ്ലിം ലോകത്തിൻെറ ഐക്യത്തിൻെറ മുന്നോടിയായിരിക്കേണമെന്നു ശഠിക്കുകയായിരുന്നു. രണ്ടുപേരും വികാരങ്ങളുടെ അതിപ്രസരത്തിന്നു് വശംവദരായതുകണ്ടു് ഞാൻ സംഭാഷണം ദീർഘിപ്പിച്ചില്ല.

നാസിർ, സാദത്തു്, ഗദ്ദാഫി, നുമൈറി എന്നീ രാഷ്ട്രത്തലവന്മാരെപ്പററിയും വഹാബി, ഇഖ്വാൻ, സനൂസി, മഹ്ദി, ജമാഅത്തെഇസ്ലാമി മുതലായ പ്രസ്ഥാനങ്ങളെപ്പററിയും ചിലരോടൊക്കെ അന്വേഷിച്ചു. അധികം പേരും ഉത്തരം പറയാതെ ഒഴിഞ്ഞുമാറുകയായിരുന്നു. ചിലർ ഒന്നുരണ്ടു വാചകത്തിൽ അവരുടെ അഭിപ്രായം പറഞ്ഞു വിഷയം മാററിക്കളയും. അറബിഭാഷയിൽ സംസാരിക്കാൻ അറിഞ്ഞിരുന്നുവെങ്കിൽ കുറെയേറെ സംഭാഷണങ്ങൾ നടത്തുവാനും കാര്യങ്ങൾ പഠിക്കുവാനും സാധിച്ചിരുന്നേനെ.

ഒരോ പ്രസ്ഥാനത്തെയും കണ്ണുചിമ്മി അനുകൂലിക്കുന്ന പലരും ഉണ്ടായിരുന്നു. ചില വശങ്ങൾ സന്ദർഭോചിതമല്ലെന്നും പ്രായോഗികമല്ലെന്നും പറയുന്നവരും കാണപ്പെട്ടു. ഒരു സുഡാനീസ് ഇഞ്ചിനീയർ ഈ പ്രസ്ഥാനങ്ങളുടേയെല്ലാം പൊതുവായ ആദർശങ്ങൾ സ്വീകാര്യമാണെന്നു സമ്മതിച്ചതോടൊപ്പം അവരുടെ രാഷ്ട്രീയ സമീപനം അല്പം ധൃതിപിടിച്ചതായിപ്പോയെന്നും, അതുകൊണ്ടു ഇസ്ലാഹിപ്രവർത്തനങ്ങൾ

വേരൂന്നുവാൻ തരപ്പെട്ടില്ലെന്നും പറഞ്ഞു. ഇഖ്‌വാൻ, മഹ്ദി, സനൂസി പ്രസ്ഥാനങ്ങളെയാണ് അദ്ദേഹം വിലയിരുത്തിയത്. സമുദായം ദീനിബോധത്തിൽനിന്നു വളരെ അകന്നുകഴിഞ്ഞിരിക്കയാണെന്നും ബഹുഭൂരിപക്ഷ ജനങ്ങളും ഇസ്ലാമിനെ ചില ആരാധനമുറകളിലും കുറെ അന്ധവിശ്വാസങ്ങളിലും ഒതുക്കി നിർത്തിയിരിക്കുകയാണെന്നും ആ സ്ഥിതി മാററി ശരിയായ ദീനീബോധം വളർത്തുകയാണ് ഒന്നാമതായി വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇസ്ലാഹീ പ്രസ്ഥാനത്തിൽ രാഷ്ട്രീയം കടക്കുമ്പോൾ ഭരണകർത്താക്കൾ-അവരായാലും-സംശയത്തോടെ വീക്ഷിക്കുകയോ, എതിർക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നു. അങ്ങിനെ പ്രസ്ഥാനം ക്ഷീണിക്കുകയും, അതിൻെറ വളർച്ച മുട്ടിപ്പോകുകയും ചെയ്യുന്നുവെന്നതാണ് ഫലം. സമുദായത്തിലെ ഒരു വലിയവിഭാഗം അവരുടെ ദീർഘകാലനിദ്രയിൽനിന്നുണർന്നു സംസ്കരിക്കപ്പെടുകയും, ഇസ്ലാമികമൂല്യങ്ങളിൽ ഉറച്ച വിശ്വാസമുള്ള ഒരു ജീവൽ സമുദായമായി വളരുകയും ചെയ്തശേഷം, ജനായത്താടിസ്ഥാനത്തിൽ ഭരണം നിയന്ത്രിക്കുവാൻ സ്വാഭാവികമായും അവർക്കു സാധിക്കേണ്ടതാണ്. സ്വഭാവസംസ്കരണത്തിന്നു സകലവിധമായ പ്രാധാന്യം നൽകുകയാണ് ഇന്നത്തെ ആവശ്യം. ഇക്കാര്യത്തിൽ രാഷ്ട്രീയപാർട്ടികൾ തീരെ ശ്രദ്ധിക്കുന്നില്ല. ഇതെല്ലാം രാജ്യങ്ങളെപ്പററിയും പറയാവുന്ന ഒരു സത്യമാണ്. ഇങ്ങിനെ പോയി ഞങ്ങളുടെ സംഭാഷണം.

ഏതാണ്ടിതേ മാതിരി ഒരഭിപ്രായം ഒരു പാക്കിസ്ഥാനി യുവാവും പ്രകടിപ്പിച്ചു. ജമാഅത്തെ ഇസ്ലാമിയും മററു ചില മത സാമൂഹിക പ്രസ്ഥാനങ്ങളും അഭ്യസ്ഥവിദ്യരിൽ ഒരു വിഭാഗത്തെ സ്വാധീനിച്ചിട്ടുണ്ട്. പക്ഷെ അതു തിരഞ്ഞെടുപ്പുകളിൽ പ്രതിഫലിച്ചില്ല. അവർ സമൂഹത്തെ മൊത്തമായി സംസ്കരിക്കുകയും, അതിൽകൂടി അവരുടെ അനുഭാവം നേടുകയും ചെയ്യുന്നതിന്നു പകരം, ഒരു പുതിയ ഗ്രൂപ്പ് സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സമുദായത്തിലെ ഗണ്യമായ വിഭാഗങ്ങൾ അവരെ സംശയത്തോടെ വീക്ഷിക്കുകയോ, അവഗണിക്കുകയോ ചെയ്യുന്നു. ഇതേ അനുഭവം വേറെ ചില കക്ഷികൾക്കും സംഭവിക്കുന്നുണ്ട്. രാഷ്ട്രീയപാർട്ടികൾ സാംസ്കാരിക വിഷയങ്ങളിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുമില്ല.

ഇന്തോനേഷ്യക്കാരും മലേഷ്യക്കാരും വളരെ നല്ലവണ്ണം പെരുമാറുവാൻ അറിയുന്നവരാണ്. അവരോട് അടുക്കുവാനും ഹൃദയം തുറന്നു സംസാരിക്കുവാനും എളുപ്പമാണ്. പലർക്കും ഇംഗ്ലീഷ് നല്ലപോലെ സംസാരിക്കാം. മസ്ജിദുൽഹറമിൻെറ മുകൾത്തട്ടിൽ ജമാഅത്തിന്നു വേണ്ടി കാത്തിരിക്കുന്ന സന്ദർഭങ്ങളിൽ, അല്ലെങ്കിൽ ജമാഅത്തിനു ശേഷം, ഇവരുടെ അരികിലിരുന്ന് സംഭാഷണം ആരംഭിച്ചാൽ

അന്യോന്യം യോജിപ്പ്തോന്നുന്ന പല കാര്യങ്ങളും ചർച്ച ചെയ്യാം. പ്രശ്നങ്ങളിലും ഈ നാട്ടുകാരുമായി നമുക്കു വളരെ യോജിപ്പുണ്ട്. സാമ്പത്തിക നിലവാരം ഇന്ത്യയുടെയും ഇന്തൊനേഷ്യയുടെയും നില ഏതാണ്ട് തുല്യമാണ്. കടുത്ത ദാരിദ്ര്യവുമായി നാം മല്ലിടുകയാണ്. ദാരിദ്ര്യത്തിൽനിന്നുളവാകുന്ന കഠിനമായ യാതനകളുടെ സമ്മർദ്ദംകൊണ്ടു നമ്മുടെ സംസ്കാര വിശേഷങ്ങൾ വിട്ടുകളിക്കാമോ? ഈ സാമ്പത്തിക വിഷമങ്ങൾ തരണം ചെയ്യാതെ സാംസ്കാരിക വളർച്ച സാദ്ധ്യമാണോ?

അപ്പോഴാണ് കുവൈത്ത്, അബൂദാബി, ദുബായ് മുതലായ സമ്പൽസമൃദ്ധമായ രാജ്യങ്ങൾ ഓർമ്മയിൽ വരുന്നത്. ഈ പ്രദേശങ്ങളിൽനിന്നു ഹജ്ജിനു വന്ന മലയാളി ഹാജിമാർ വരച്ചുകാട്ടിയ ചിത്രം തികച്ചും അഭിമാനകരമോ ആശ നൽകുന്നവയോ അല്ല. എണ്ണയിൽനിന്നു ലഭിക്കുന്ന സമ്പത്ത് ചിട്ടയോടെ നല്ല നല്ല മാർഗ്ഗങ്ങളിൽ ചിലവഴിക്കുവാൻ അവിടങ്ങളിലെ ധനികന്മാർ ശ്രദ്ധിക്കുന്നില്ലത്രെ. ആസൂത്രിതമായ വ്യവസായവൽക്കരണമോ സാംസ്കാരിക പുനരുത്ഥാനമോ അവിടെയൊന്നും നടക്കുന്നില്ല.

എന്റെ അടുത്തിരിക്കുന്ന ഒരാൾ ഞങ്ങളുടെ മുസല്ലയിലെ മസ്ജിദുൽഹറാമിന്റെ ചിത്രത്തിൽ വിരൽവെച്ചു അതിലുള്ള കഅബ, സംസം, ഇബ്രാഹിം മഖാം, മിനാരത്തുകൾ മുതലായവ ഒന്നൊന്നായി കാണിച്ചു മനസ്സിലാക്കിക്കൊടുപ്പാൻ ആവശ്യപ്പെട്ടു. നമ്മുടെ കരകൗശല വ്യവസായങ്ങളുടെ നിശ്ചലത—പുരോഗമനമില്ലായ്മയാണ് അപ്പോൾ എന്റെ മനസ്സിലുദിച്ചത്. നമ്മുടെ ഈ പടത്തിന്മേൽ മക്കായിലെ മസ്ജിദുൽഹറമിന്റെയും മദീനയിലെ മസ്ജിദുന്നബിയുടേയും ചിത്രങ്ങൾ കാണാം. എത്രയോ പഴക്കമുള്ള പടങ്ങളിലും ഇതേ ചിത്രങ്ങൾതന്നെയാണ് കാണുക. ഇവയ്ക്കു മാററമില്ല. ഒന്നാമത്, ഈ ചിത്രങ്ങൾ ശാസ്ത്രീയമായി വരഞ്ഞതല്ല; ജ്യോമിതി വരപ്പിന്റെ നിയമങ്ങൾ പരിപാലിക്കപ്പെട്ടില്ല. പള്ളികളുടെയും പരിസരങ്ങളുടെയും ഒരേകദേശ രൂപം വിഭാവനം ചെയ്തു വരഞ്ഞതെന്നല്ലാതെ, അതിൽനിന്നു വ്യക്തമായ കാര്യങ്ങളോ അളവുകളോ മനസ്സിലാക്കുക സാദ്ധ്യമല്ല. രണ്ടാമതു്, ഈ പടം വരഞ്ഞശേഷം ഈ കെട്ടിടങ്ങളിൽ പല പരിഷ്കാരങ്ങളും വരികയും, അവയുടെ ആകൃതിതന്നെ ഗണ്യമായി മാറുകയും ചെയ്തിട്ടുണ്ട്. എന്നാലും പടങ്ങളിലെ ചിത്രങ്ങൾക്ക് മാററമില്ല.

ഇതേ പ്രതീതി ഷാപ്പുകളിൽ വില്പനക്കുവെച്ച മുസ്ഹഫുകൾ കണ്ടപ്പോഴും എനിക്കുതോന്നി. പൊന്നാനി എഴുത്തിൽ നമ്മുടെ (കേരളീയരുടെ) മുസ്ഹഫുകൾ അനേകം ശതവർഷങ്ങൾക്കുമുമ്പ് തയ്യാറാക്കിയതാണല്ലോ. അറബി അക്ഷര കലയിൽ പിന്നീട് എത്രയോ മാററങ്ങൾ വന്നു, ഭംഗിയേറിയ നസ്ഖും, നസ്തലിഖും മററും ലോക

മെങ്ങും പ്രചാരമായി. നമുക്കമാത്രം മാററമില്ല. പൊന്നാനിയെഴുത്തി ലുള്ള ഒരൊററ മുസ്ഹഫെങ്കിലും അവിടെയൊന്നും കാണാനില്ലായി രുന്നു. അതുപോലെതന്നെ നൂററാണ്ടുകൾക്ക് മുമ്പ് നിസാമിയാ പാഠ പദ്ധതിയിൽ പെടുത്തിയിട്ടുള്ള അതേ ഭൂമിശാസ്ത്രവും ഗണിതശാസ്ത്രവുമെല്ലാം നമ്മുടെ മദ്രസ്സകളിൽ ഇന്നും പഠിപ്പിക്കുന്നു! മനു ഷ്യൻ ചന്ദ്രനിൽ കാൽവെച്ചു, ഗണിതശാസ്ത്രം അതു സുസാദ്ധ്യമാക്കി. അറിവിൻെറ അതിർവരമ്പുകൾ അങ്ങിനെ വിശാലമായി നീങ്ങിയതും, അനുനിമിഷം നീങ്ങിക്കൊണ്ടിരിക്കുന്നതും നാം ശ്രദ്ധിക്കുന്നില്ല!

ചുരുക്കത്തിൽ സ്ഥായിയായ മൂല്യങ്ങളെപ്പററിയും, ഈ മൂല്യങ്ങ ളിന്മേൽ പടുത്തുയർത്തേണ്ട ചലനാത്മകമായ പുരോഗതിയെപ്പററിയും നാം ബോധവാന്മാരല്ല. നമ്മുടെ കഥ ഒരു കുത്തഴിഞ്ഞ പുസ്തകമായിരി ക്കുന്നു. ചെയ്യാൻ പാടില്ലാത്തതു ചെയ്യുന്നു; ചെയ്യേണ്ടതെല്ലാം ചെയ്യു ന്നില്ല; ചെയ്യുന്നതുതന്നെ ചിട്ടയോടെ ചെയ്യുന്നുമില്ല: ആകപ്പാടെ ഒരു ദൂഷിതവലയത്തിൽകിടന്നു പിടക്കുകയാണ്. ഇതിനെല്ലാം പരിഹാര മുണ്ടോ? ഉണ്ട്! അതാ ബാങ്ക്‌വിളി കേൾക്കുന്നു.

# പൂർണ്ണതയിലേക്കുള്ള ആഹ്വാനം

അറുപത്തൊന്നു വർഷങ്ങൾക്കുമുമ്പ് ഞാൻ ഉമ്മയുടെ വയററിൽ നിന്നു് പെററുവീണ് ചില നിമിഷങ്ങൾക്കകം എൻെറ ചെവികളിൽ "അല്ലാഹു അക്ബർ'' എന്നു തുടങ്ങുന്ന 'ബാങ്ക്' ഓതി കേൾപ്പിക്ക പ്പെട്ടു. അടുത്ത കാലത്ത് എൻെറ പേരകുട്ടികളുടെ (അൻസാം, രിസ് വാൻ, റമീസ്) ചെവികളിൽ തിരുവനന്തപുരത്തേയും മഞ്ചേരിയി ലേയും ആസ്പത്രികളിൽവെച്ചു ഞാൻ ബാങ്ക് ഓതികൊടുത്തു. മുസൽ മാൻമാരായ മാതാപിതാക്കൾക്ക് ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങളുടെ കാതു കളിലും ബാങ്ക് ഓതി കേൾപ്പിക്കുന്നു. ഓരോ പൈതലും ആദ്യമായി കേൾക്കുന്ന പുണ്യശബ്ദം ബാങ്കവിളിയിലെ 'അല്ലാഹുഅക്ബർ' ആണ്. അങ്ങിനെ ആരംഭിക്കുന്ന ആ ശബ്ദം പിന്നീട് ജീവിതകാലം മുഴുവൻ കേട്ടുകൊണ്ടേയിരിക്കും, ഉച്ചരിച്ചുകൊണ്ടേയിരിക്കും. പള്ളികളിൽവെച്ചു, മുസൽമാൻ എവിടെയെല്ലാംവെച്ചു, നമസ്കരിക്കുന്നുവോ അവിടെ യെല്ലാം, അതായത് കടലിലും കരയിലും, മരുഭൂമിയിലും വയലിലും പർവ്വതശിഖരങ്ങളിലും, കുടിലിലും കൊട്ടാരത്തിലും ഈ ശബ്ദം മുട ങ്ങാതെ മുഴങ്ങികൊണ്ടേയിരിക്കുന്നു. സൂര്യഗതിയനുസരിച്ചു ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും മാറിമാറി വരുന്ന നമസ്കാര സമയങ്ങളിലെല്ലാം ലക്ഷോപലക്ഷം കണ്ഠങ്ങളിൽനിന്നു ഈ ശബ്ദം പുറപ്പെടുകയാണ്.

ഭൂമിയെ ചുററിയുള്ള അന്തരീക്ഷത്തിൽ അനുനിമിഷം ഇങ്ങിനെ ഇട മുറിയാതെ കേൾക്കുന്ന വേറെ ഒരു മുദ്രാവാക്യമില്ലെന്നു തന്നെ പറയാം. എന്താണ് ഈ മുദ്രാവാക്യം? "ദഅവത്തുത്തംമ്മ", പരിപൂർണ്ണമായ ക്ഷണം, പരിപൂർണ്ണതയിലേക്കുള്ള ആഹ്വാനം! "അല്ലാഹു മഹോന്നതൻ! അല്ലാഹു മഹോന്നതൻ! അല്ലാഹുവല്ലാതെ ആരാധനക്കർഹൻ ആരുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു! നിശ്ചയമായും മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. നമസ്കാരത്തിലേക്ക് നിങ്ങൾ കുതിച്ചു ചെല്ലുക; വിജയത്തിലേക്ക് നിങ്ങൾ കുതിച്ചു ചെല്ലുക! നമസ്ക്കാരം ഉറക്കത്തേക്കാൾ ഗുണമുള്ളതാണ്! അല്ലാഹു മഹോന്നതൻ; അല്ലാഹുവല്ലാതെ ആരാധനക്കർഹൻ ആരുമില്ല!" ഇതാണ് ബാങ്കുവിളികളിൽ നാം ആവർത്തിച്ചാവർത്തിച്ചു കേൾക്കുന്നത്. ഇതിൻെറ സമഗ്രമായ സാരാർത്ഥവും അന്ത:സത്തയും നാം ചിന്തിച്ചു നോക്കിയിട്ടുണ്ടോ? മസ്ജിദുൽ ഹറാമിലെ സുദീർഘമായ, കർണ്ണമധുരമായ, ഹൃദയാവർജ്ജകമായ ബാങ്ക് വിളി എന്നെ ഇരുത്തി ചിന്തിപ്പിച്ചു.

## മക്കാശരീഫിലെ ബാങ്ക്

മധുരമനോഹരമായ എത്രയോ ബാങ്കുകൾ ഞാൻ കേട്ടിട്ടുണ്ട്. എൻെറ ഉസ്താദ് അലിസീതിയുടെയും, പള്ളിക്കൻ പോക്കുഹാജിയുടെയും ബാങ്കുകൾ ചെറുപ്പകാലത്ത് കേട്ടാസ്വദിച്ചത് ഇന്നും ഓർക്കുകയാണ്. കോഴിക്കോട്ട് മത്സരത്തിൽ സമ്മാനം നേടിയ റംസീ ഇസ്മായിലിൻ്റെയും വേറെ പലരുടെയും ബാങ്കുകളും അടുത്തകാലത്ത് കേട്ടിട്ടുണ്ട്. പക്ഷെ അതിനെക്കാളെല്ലാം എല്ലാ നിലയിലും മെച്ചപ്പെട്ട ശൈലിയും, സ്വരവും, ശക്തിയും, ഗൗരവവും ഉണ്ടായിരുന്നു മക്കാശരീഫിലെ ബാങ്കിനു്. ഒരു ബാങ്ക് ഏതാണ്ട് അഞ്ച് മിനുട്ട് നീണ്ടുനിൽക്കും. നമ്മുടെ പള്ളികളിലെ ബാങ്ക്‌വിളിക്കെടുക്കുന്ന സമയത്തിൻെറ ഇരട്ടിസമയം! "അല്ലാഹു അക്ബർ" ഓതിക്കഴിഞ്ഞാൽ അതിൻെറ ശബ്ദവും മാറെറാലിയും നെടുനേരം കർണ്ണപുടങ്ങളിൽ കേട്ടുകൊണ്ടേയിരിക്കും. മുഅദ്ദിൻ തൻെറ സർവ്വശക്തിയും ഈ മുദ്ര്യാവാക്യത്തിൽ ചെലവഴിക്കുന്നത്കൊണ്ട്, വീണ്ടും വീർപ്പെടുത്തു അടുത്ത വാക്യം ഓതുന്നതിനുമുമ്പ് അൽപം വിശ്രമിക്കേണ്ടിവരുന്നു. ഏതായാലും ഈ ബാങ്ക് ശ്രദ്ധാപൂർവ്വം ആസ്വദിക്കുവാനും അത് ഓതുന്ന സമയത്ത് എല്ലാവരും നിശ്ശബ്ദത പാലിക്കുന്നതുകൊണ്ട് ബാങ്കിൽ ഉൾകൊള്ളുന്ന ആഹ്വാനങ്ങളെപ്പററി നല്ലപോലെ ചിന്തിക്കുവാനും അവസരം ലഭിക്കുന്നു.

സുബ്ഹിബാങ്കിനു സമയം അടുത്തുവരികയാണ്. തഹജ്ജുദും മററും കഴിഞ്ഞു സുബ്ഹിക്ക് തയാറായി ഇരിക്കുന്നു. ഹറംമസ്ജിദിൻ്റെ

വടക്കെ അങ്കണത്തിൽ തെക്കുകിഴക്ക് അഭിമുഖമായിട്ടാണിരിക്കുന്നത്. കഅബാ ശരീഫ് കൺമുമ്പിൽ തല ഉയർത്തിനിൽക്കുന്നു; അതിൻെറ പിന്നിൽ സഫാമലയിന്മേൽ പണിത ഖുബ്ബ, തൊട്ടടുത്തു ഉയരമുള്ള മിനാറത്തു്; ഇതെല്ലാം വിദ്യുദീപങ്ങളാൽ അലംകൃതമായി പ്രകാശിക്കുകയാണ്. പിന്നിൽ ദൂരെ നിൽക്കുന്നു ജബൽഖുബൈസ് മലനിര. സൂര്യനുദിച്ചിട്ടില്ലാത്തതുകൊണ്ട് ഒരു മങ്ങിയ നിറത്തിലെ അത് കാണാനൊക്കൂ. പക്ഷെ വെള്ളപൂശിയ മസ്ജിദുൽ ബിലാൽ ഒരു വെള്ളിക്കുറിപോലെ വ്യക്തമാണ്. അതിൻെറ ചെറിയ ഖുബ്ബയും മിനാറത്തും നീലാകാശത്തിൽ പതിഞ്ഞുകാണുന്നു. സുബ്ഹിബാങ്ക് ആരംഭിച്ചു 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ!' മസ്ജിദുൽ ഹറാമിലെ ഉച്ചഭാഷിണികളിൽകൂടി ഈ മഹാശബ്ദം എങ്ങും പരന്നു. ഏററവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഉച്ചഭാഷിണികളാണ് അവിടെയുള്ളത്. മുഅദ്ദിൻെറ ശൈലിയും ശബ്ദവും ഉച്ചഭാഷിണിയുടെ പ്രതിഫലനവും തുടർന്നുള്ള മധുരമനോഹരമായ സംഗീതവും സർവ്വോപരി ആ മുദ്രാവാക്യത്തിൻെറ സാരഗാംഭീര്യവും ശ്രദ്ധയെ പിടിച്ചുനിർത്തുകയാണ്. മക്കാറേഡിയോ ഇതിനെ ലോകമൊട്ടുക്കും പരത്തിവിടുന്നു. അതാ, മസ്ജിദുൽ ബിലാലിൻെറ ഉച്ചിയിൽ വിളക്ക് പ്രകാശിക്കുന്നു. അവിടെയും ബാങ്ക് വിളിക്കുകയായിരിക്കും. ആലോചന ചിറകെട്ടുത്തു പുറകോട്ടു പറക്കുകയാണ്. 1400 വർഷങ്ങൾക്കുമുമ്പ് ഹസ്രത്തു് ബിലാൽ (റ) ഇതേ ബാങ്ക് ഇതേ സ്ഥലത്തുവെച്ച് വിളിച്ചോതിയിട്ടുണ്ട്. അതേ സ്വരമാണോ നാം കേൾക്കുന്നത്? അതേ ശൈലിയാണോ? അതേ വീര്യം ഇന്നും ഉണ്ടോ? ആരാണ് ഈ ബിലാൽ? മുഹമ്മദ്നബിയുടെ മഹ്ബൂബ്, സ്വർഗ്ഗത്തിനവകാശി, ഇതേ സ്ഥാനത്തുവെച്ചു മൃഗീയമായി മർദ്ദിക്കപ്പെട്ടപ്പോൾ 'അഹദ്, അഹദ്' എന്നു ഉറപ്പിച്ചുപറഞ്ഞ ധീരവീരനായ മുവഹിദ്! ഓരോ രോമക്കുഴിയിലും 'തൌഹീദ്' ചുമന്നു, അതിൻെറ പേരിൽ യാതനകളുടെയും വേദനകളുടെയും തീച്ചൂളയിൽകൂടി കടന്നു, ഉരുകി തങ്കക്കട്ടിയായി വളർന്നപുണ്യപൂമാനായിരുന്നു ബിലാൽ (റ)! അവരുടെ ബാങ്ക്വിളിയെപ്പററി ഓർത്തപ്പോൾ രോമാഞ്ചമുണ്ടായി-മനസാ വാചാകർമ്മണാ അത് തൌഹീദിൻെറ കാഹളമുഴക്കമായിരുന്നു!

## മൂലപ്രമാണം

"അല്ലാഹു അക്ബർ....അല്ലാഹു മഹോന്നതൻ, അവനല്ലാതെ ആരാദ്ധ്യനായിട്ടാരുമില്ല, മുഹമ്മദ് (സ) അവൻെറ ദൂതനാണ്...." അല്ലാഹു ഏകനാണ്! തൌഹീദിൻെറ, ഏകദൈവ വിശ്വാസത്തിൻെറ, മണിനാദമാണിത്. ഇതിലെന്തെല്ലാമടങ്ങിയിരിക്കുന്നു! ഇസ്ലാമിൻെറ മൂലപ്രമാണമത്രെ ഇത്. ഈ സത്യം തുറന്നുപറയുകയും, അതിൽ പാറപോലെ ഉറച്ചു

നിൽക്കുകയും, അതിൻെറ പേരിൽ കഠിനകഠോരമായ ത്യാഗങ്ങൾ സഹിക്കുകയും ചെയ്ത എത്രയെത്രയോ നല്ല മനുഷ്യരിൽ ഒരാൾ മാത്രമാണ് ബിലാൽ (റ). മുഹമ്മദ്നബി (സ) അല്ലാഹുവിൻെറ റസൂലാണ്. അവിടുന്നുതന്നെ എന്തെല്ലാം വിധത്തിലുള്ള എതിർപ്പുകളും കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. മുന്നിൽകാണുന്ന കഅബാശരീഫ് ഇതിനു് സാക്ഷ്യംവഹിക്കുന്നു. അതിനുള്ളിൽ മാത്രം 360 വിഗ്രഹങ്ങളുണ്ടായിരുന്നു! ഓരോ ദിവസത്തേക്ക് ഓരോദൈവം! അതെല്ലാം തിരുനബി (സ) 23 വർഷത്തെ കഠിനാദ്ധ്വാനത്തിനു് ശേഷം തച്ചുടച്ചു കഅബയെ ശുദ്ധീകരിച്ചു. അതോടൊപ്പം മാനവസമുദായത്തിൽ കുലംകുത്തി വാഴ്ന്നുപോന്ന അനേകായിരം കള്ളദൈവങ്ങളും, അന്ധവിശ്വാസങ്ങളും, ദൂഷണങ്ങളും തകർന്നുവീണു. ഒരു സമുദായത്തിൻെറ പരിവർത്തനമായിരുന്നു അത്. അതു ചരിത്രത്തെ മാററിമറിച്ചു. ആ വിപ്ലവത്തിൻെറ സ്വാധീനം ഉണ്ടായിട്ടില്ലാത്ത ഒന്നുംതന്നെ പിന്നീടു സംഭവിച്ചിട്ടില്ല. മനുഷ്യൻെറ മേൽ മനുഷ്യനും, പുരോഹിതനും, കനകത്തിനും ഉണ്ടായിരുന്ന അവിഹിതമായ എല്ലാ ദുസ്സ്വാധീനങ്ങളും അവസാനിപ്പിച്ച ഒരു മഹാവിപ്ലവമായിരുന്നു അത്. അങ്ങിനെ ഉടലെടുത്ത സമുദായം നൂററാണ്ടുകളോളം ഔന്നത്യത്തിൻെറ സോപാനത്തിൽ കയറിച്ചെന്നു ലോകത്തെങ്ങും പ്രകാശംപരത്തി. ജ്ഞാനം, സഹോദരത്വം, സ്നേഹം, പരസ്പരസഹായം മുതലായ മൂല്യങ്ങളെ സംസ്ഥാപിതമാക്കി. വ്യക്തിയും സമൂഹവും തമ്മിൽ അതിവിശിഷ്ടമായ ബന്ധംസൃഷ്ടിച്ചു. സമാധാനവും ശാന്തിയും ശരിയായ പുരോഗമനവും സുസാദ്ധ്യമാക്കി.

## വിജയത്തിലേക്കുള്ള മാർഗ്ഗം

അല്ലാഹുവിലും റസൂലിലുമുള്ള സത്യസാക്ഷ്യം ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചശേഷം നമസ്കാരത്തിലേക്കും വിജയത്തിലേക്കും മാടി വിളിക്കുകയാണ്. നമസ്കാരവും അതോട് ബന്ധപ്പെട്ട ആരാധനകളും പ്രവർത്തനങ്ങളുമെല്ലാം വിജയത്തിലേക്കുള്ള മാർഗ്ഗമാണ്. മുസൽമാൻെറ ഒഴിച്ചുകൂടാത്ത ലക്ഷണമാണ് നമസ്കാരം, അവൻെറ ജീവിതലക്ഷ്യമാണ് വിജയം. വിജയമാകട്ടെ ഇഹത്തിലും പരത്തിലും– ഇഹലോകത്ത് സുസ്ഥിതിയും, നന്മയും, ഇസ്സത്തും ലഭ്യമാകണം. പരലോകത്ത് രക്ഷയും സമാധാനവും നന്മയും ലഭിക്കണം. ഇതെല്ലാം നാം നേടിയെടുക്കുന്നുണ്ടോ? ഇവിടത്തെ സ്ഥിതി നോക്കുക. നമ്മുടെ ഇടയിൽ ദാരിദ്ര്യമില്ലേ, അജ്ഞതയില്ലേ, രോഗങ്ങളും കഷ്ടപ്പാടുകളുമില്ലേ? ജീവിതാവശ്യങ്ങൾ മിതമായ തോതിൽ നിർവ്വഹിച്ചു, സൽസ്വഭാവിയായി, സംസ്കാര സമ്പന്നനായി, തലഉയർത്തി നിൽക്കുവാൻ, സമൂഹത്തിനു് ഗുണകരമായ സേവനങ്ങളർപ്പിച്ചു സംതൃപ്തിനേടുവാൻ,

അല്ലാഹുവിനു വഴങ്ങി അവൻെറ തൃപ്തിയ ലാക്കാക്കി ജീവിക്കുവാൻ അങ്ങിനെ പരലോകവിജയം നേടിയെടുക്കുവാൻ നമുക്കു പൊതുവെ സാധിക്കുന്നുണ്ടോ? ഏകോദര സഹോദരന്മാരെപോലെ ജീവിക്കേണ്ട നാം തമ്മിൽ തലതല്ലിക്കീറുന്നില്ലെ? അസൂയ, വിദ്വേഷം, വൈരം-ഇതെല്ലാം സമുദായത്തിൽ കളിയാടുകയല്ലേ? തറവാട്ടിൻെറയും, ഭാഷയുടെയും, ദേശത്തിൻെറയും പേരിൽ കലഹിക്കുകയും കൂട്ടക്കൊല നടത്തുകയും ചെയ്യുന്നില്ലേ? ഒരു കൊച്ചു സമൂഹത്തിൽതന്നെ എന്തെല്ലാം ഏതെല്ലാം കക്ഷികളാണുണ്ടാകുന്നത്? സ്പെയിനിൽ മുസ്ലിംകൾ കൂട്ടം കൂട്ടമായി കൊല്ലപ്പെടുകയും, അവരുടെ ഭരണം തകർന്നു നിഷ്കാസനം ചെയ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, മുസ്ലിംകൾ അത്തഹിയ്യാത്തുവിനിരുന്നാൽ ചൂണ്ടുവിരൽ നിവർത്തി നിർത്തണമോ, അല്ല അനക്കികൊണ്ടിരിക്കേണമോ എന്ന വാദത്തിൽ അവരുടെ കഴിവുകൾ നശിപ്പിക്കുകയും, അന്യോന്യം വിരൽ അറുക്കുകയുമായിരുന്നുപോൽ! നമ്മുടെ കൊച്ചു കേരളത്തിലെ സ്ഥിതിയെന്ത്? നമ്മുടെ ഉലമാക്കളും, ഉമറാക്കളും, രാഷ്ട്രീയ നേതാക്കളും, സാമാന്യജനങ്ങളും അവരവരുടെ കടമകളെപ്പററി തെല്ലെങ്കിലും ബോധവാന്മാരാണോ? നമ്മുടെ ദീനിയും ദുൻയവിയുമായ വിദ്യാഭ്യാസത്തിൽ നാം ശരിക്കു ശ്രദ്ധിക്കുന്നുണ്ടോ? സമുദായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ദീനിൻെറ കാതലായ അടിസ്ഥാനപരമായ സംഗതികൾതന്നെ അറിയാതെ, തെററിത്തെറിച്ചു പോകുമ്പോൾ താരതമ്യേന അപ്രധാനമായ കാര്യങ്ങളിൽ വഴക്കടിച്ചു കക്ഷിത്വം സൃഷ്ടിച്ചു സമുദായശരീരത്തെ കാർന്നു തിന്നുകയാണ്. പരിസരങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുവാനും, പാർപ്പിടങ്ങൾ ഭംഗിയാക്കിവെക്കുവാനും നാം മെനക്കെടാറുണ്ടോ? നല്ലവണ്ണം തിന്നേണമെന്നാഗ്രഹമുണ്ടെങ്കിലും, തിന്നുന്നത് ആരോഗ്യത്തിനും ദേഹപുഷ്ടിക്കും ഉതകത്തക്കവിധം സമന്വയിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടോ? ഇല്ലയെന്നതാണ് വാസ്തവം. കാരണം ദാരിദ്ര്യമാണെന്നു പറയും. അതു ശരിയാണോ? ഉള്ളവരുമാനം വെച്ചുകൊണ്ടുതന്നെ വൃത്തിയായി ജീവിക്കുവാനും, സൌജന്യമായി നൽകപ്പെടുന്ന പ്രാഥമിക വിദ്യാഭ്യാസം സ്കൂളിലും മദ്രസകളിലും ചേർത്തി നമ്മുടെ കുട്ടികൾക്കു് കൊടുക്കുവാനും നമുക്കു ശ്രമിച്ചുകൂടെ? നമ്മുടെ ദാരിദ്ര്യം ഒരു യഥാർത്ഥമാണ്. എന്നാൽ അതു ദൂരീകരിക്കുവാൻ ചിട്ടയോടെ വല്ലതും നാം ചെയ്യുന്നുണ്ടോ? 'ദുൻയാവിൽ നന്മ നൽകേണമെന്നും, ആഖിറത്തിൽ നന്മനൽകേണമെന്നും' നാം പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷെ അതിനു നാം ചെയ്യേണ്ട കാര്യങ്ങൾ നേരെചൊവ്വെ ചെയ്യുന്നില്ലയെന്നതാണ് സത്യം.

## ഏററവും പ്രധാനം

നാം ചെയ്യേണ്ട കാര്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടതാണ് നമ

സ്കാരം. 'ഗ്രന്ഥത്തിൽനിന്നു നിന്നിലേക്കു പ്രചോദനമരുളപ്പെട്ടത് നീ ഓതുകയും, നമസ്കാരത്തെ നിലനിറുത്തുകയും ചെയ്യുക; തീർച്ചയായും നമസ്കാരം (മനുഷ്യനെ) ചീത്ത പ്രവർത്തിയിലും നിഷിദ്ധകാര്യത്തിലും നിന്നു തടഞ്ഞുനിർത്തും. അല്ലാഹുവിൻെറ സ്മരണയാണ് (ജീവിതത്തിൽ) ഏററവും വലുത്. നിങ്ങൾ പ്രവർത്തിക്കുന്നത് എന്തും അല്ലാഹു അറിയുന്നുണ്ട്'. (വി. ഖു. 29, 45) നമസ്കാരം നമ്മെ അല്ലാഹുവിങ്കലേക്ക് അടുപ്പിക്കുന്നു. തിന്മകൾ മനസ്സിൽനിന്നകററുകയും, നന്മകൾ മുളപ്പിക്കുകയും ചെയ്യുന്നു. സത്യം, നീതി, സ്നേഹം, പരസ്പരസഹായം എന്നീ സൽഗുണങ്ങൾ നമ്മിൽ വളർത്തുന്നു. വൃത്തി, സമത്വം, സഹോദരത്വം. അച്ചടക്കം, ക്ഷമ, അദ്ധ്വാനശീലം ഇതെല്ലാം പടിപടിയായി നമ്മിൽ ഉണ്ടാക്കിത്തീർക്കുന്നു. അല്ലാഹുവിൻെറ ഓർമ്മ പുതുക്കിക്കൊണ്ട് അവൻെറ സന്നിദാനത്തിൽ ജീവിക്കുമ്പോൾ, നാം ചെയ്യുന്ന പ്രവർത്തികൾ അവൻെറ തൃപ്തിയെ ലാക്കാക്കിയുള്ളതായിത്തീരുന്നു. അങ്ങിനെ വരുമ്പോൾ വിജയം സുനിശ്ചിതം; ഇഹത്തിലും പരത്തിലും വിജയം! "അല്ലയോ വിശ്വാസികളെ, നമസ്കാരത്തിന്നായി വെള്ളിയാഴ്ച ദിനത്തിൽ വിളിക്കപ്പെട്ടമ്പോൾ, അല്ലാഹുവിൻെറ സ്മരണയിലേക്കു നിങ്ങൾ പാഞ്ഞുചെല്ലുകയും, ക്രയവിക്രയത്തെ വിട്ടുപോരുകയും ചെയ്യുവിൻ. അതാണ് നിങ്ങൾക്ക് ഏററവും നല്ലതു്—നിങ്ങൾ അറിയുന്നുവെങ്കിൽ! എന്നാൽ നമസ്കാരം സമാപിക്കുമ്പോൾ, നാട്ടിൽ പിരിഞ്ഞുപോകുകയും അല്ലാഹുവിൻെറ ഔദാര്യത്തിൽപ്പെട്ടവ തേടിക്കൊള്ളുകയും, അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുവിൻ—നിങ്ങൾ വിജയിക്കുന്നതിന്നു് വേണ്ടി! എന്നാൽ അവർ ഒരു വ്യാപാരമോ വിനോദമോ കണ്ടാൽ, അതിലേക്കു അവർ ചിതറിപ്പിരിഞ്ഞു പോകുകയും, (ഖുതുബയിൽ) നിൽക്കുന്നനിലയിൽ നിന്നെ അവൻ വിട്ടുകളയുകയും ചെയ്യുന്നു. നീ പറയുക: 'വിനോദത്തെക്കാളും വ്യാപാരത്തെക്കാളും ഏറെ നല്ലത് അല്ലാഹുവിലുള്ളതത്രെ. അന്നദാതാക്കളിൽ ഏററവും ഉത്തമനാണ് അല്ലാഹു' (വി: ഖു: 62: 9_11) ഇതാണ് ഇസ്ലാമിൻെറ ആഹ്വാനം. ഇതത്രെ പരിപൂർണ്ണമായ, പൂർണ്ണവിജയത്തിലേക്കുള്ള ക്ഷണം. അല്ലാഹുവിലുള്ള വിശ്വാസവും, മരണാനന്തര ജീവിതത്തെപ്പററിയുള്ള ഓർമ്മയും ഒരിക്കലും വിട്ടുപോകാതെ നന്മക്കും, സുസ്ഥിതിക്കും, വിജയത്തിനും വേണ്ടി പ്രാർത്ഥിക്കുക, പ്രവർത്തിക്കുക; വീണ്ടും പ്രാർത്ഥിക്കുക, പ്രവർത്തിക്കുക; ഇങ്ങിനെ ചെയ്തുകൊണ്ടേയിരിക്കുക. നാം വളരെ വളരെ പിഴച്ചുപോയിട്ടുണ്ട്. കണ്ടിട്ടും കൊണ്ടിട്ടും നാം പഠിക്കുന്നില്ല. എന്നാലും നാം ഭഗ്നാശയരാകരുത്. അല്ലാഹു കൃപാവാരിധിയാണ്. പരമമായ ഔദാര്യമുടയവനാണ്. നമുക്ക് ഉണർന്നു പ്രവർത്തിക്കാം. ഉറക്കത്തെക്കാൾ ഗുണമേറിയതാണ് നമസ്കാരം. അല്ലാഹു മഹോന്നതനാണ്. അല്ലാഹുവല്ലാതെ ആരാദ്ധ്യനായി ആരുമില്ല.'

കുറിപ്പ്: ഈ ലേഖനമെഴുതികൊണ്ടിരിക്കുമ്പോൾ (ഡിസമ്പർ 30, 31) അഖിലേന്ത്യാ തലത്തിൽ കാലിക്കററ് മുസ്ലിം അസോസിയേഷൻ സംഘടിപ്പിച്ച അദാൻ മത്സരം ഹിമായത്തുൽ ഇസ്ലാം അങ്കണത്തിൽ ഒരു മഹാസദസ്സിൽ വെച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ഈ "ദഅ്വത്തുത്താമ്മ:" തീർച്ചയായും ഒരമാനുഷിക മുദ്രാവാക്യം തന്നെ.

# അറഫാത്തിലേക്ക്

അങ്ങിനെ ശാരീരികമായും മാനസികമായും പരിശുദ്ധ ഹജ്ജിലേക്ക് പ്രവേശിക്കുവാൻ ഞങ്ങളെല്ലാം തയ്യാറായിക്കഴിഞ്ഞു. ഹജ്ജ് ആസന്നമായിരിക്കുന്നു. ദുൽഹജ്ജ് 5_6_7. എങ്ങും തിക്കും തിരക്കും. എവിടെയും ഉന്മേഷവും ഉൽസാഹവും. ലക്ഷക്കണക്കിന്നു ഹാജിമാർ പ്രതീക്ഷാനിർഭരരായി തയ്യാറെടുത്തിരിക്കുകയാണ്. ഞങ്ങളുടെ ചെറിയ ഗ്രൂപ്പിൻെറ നേതൃത്വം സ്വാഭാവികമായും ബാഫഖിതങ്ങളുടെ ചുമലിലായിരുന്നു. ആ ഭാരം എത്രയും ഭംഗിയായി ചുമക്കുവാൻ കെൽപ്പും കരുത്തുമുള്ള ചുമലുകളായിരുന്നു തങ്ങളുടേത്. ഹജ്ജുമായി ബന്ധപ്പെട്ട എല്ലാ ഏർപ്പാടുകളും തങ്ങൾ ശ്രദ്ധിച്ചിരുന്നു. അമലുകളെല്ലാം മുറപ്രകാരം ചെയ്യുവാൻ അപ്പപ്പോൾ നിർദ്ദേശങ്ങൾ നൽകുകയും അതിന്നു വേണ്ടുന്ന സൗകര്യങ്ങൾ വിദഗ്ദമായി ശരിപ്പെടുത്തിത്തരികയും ചെയ്തു. ഞങ്ങൾക്കെല്ലാം_പുരുഷന്മാർക്കും സ്ത്രീകൾക്കും_വെവ്വേറെ ക്ലാസുകൾ എടുക്കുകയും യാത്ര, ഭക്ഷണം, താമസം മുതലായ കാര്യങ്ങൾ മുത്വവ്വിഫ് മുഖേന സംഘടിപ്പിക്കുകയും ചെയ്തു. അറഫാത്തിൽനിന്നും മുസ്ദലിഫായിൽനിന്നും സമയമാകുന്നതിന്നുമുമ്പ് യാത്ര തുടങ്ങുവാൻ ഡ്രൈവർമാർ കാട്ടാറുള്ള ധൃതിക്ക് തങ്ങൾ വഴങ്ങിയില്ല.

## ഒരു ചടങ്ങ്

കഅബാശരീഫിൻെറ അകം പനിനീർകൊണ്ട് കഴുകുകയും, കഅബയെ മൂടിയ പട്ടുഖില്ല മാററുകയും ചെയ്യുന്നത് വർഷംതോറും ഹജ്ജ് സമയത്തു് ചെയ്യാറുള്ള ഒരു കാര്യമാണ്. പുതിയ ഖില്ല വരുന്ന സമയമടുത്താൽ പഴയ ഖില്ലയിൽനിന്നു കഷ്ണങ്ങൾ മുറിച്ചെടുത്തു പുണ്യമുള്ള സാധനമെന്ന നിലയിൽ സൂക്ഷിക്കുവാൻ പലരും ശ്രമിക്കാറുണ്ട്. ഈ കൈയേററം ഒഴിവാക്കാൻ ആർക്കും കൈ എത്താത്ത ഉയരത്തിലേക്കു ഖില്ലയുടെ അടിഭാഗം ഉയർത്തി തുന്നിക്കെട്ടുകയാണ്. കഅബാ കഴുകുന്നത് ഒരു രാജകീയ പരിപാടിയായിട്ടാണ് നിർവ്വഹിക്കുക. അതു

നടന്നത് രാവിലെയാണ്: നിശ്ചിത സമയത്ത് സഊദ് രാജാവ് പരിവാരസമേതനായി ഹറംമസ്ജിദിൽ എത്തി. കഅബാ ശരീഫിനെ ഏഴുപ്രാവശ്യം ത്വവാഫ് ചെയ്യുകയും, സുന്നത്തുനമസ്കാരം നിർവ്വഹിക്കുകയും ചെയ്തശേഷം കഅബാക്കുള്ളിൽ പ്രവേശിച്ചു. ഒന്നിച്ച് രാജകുമാരന്മാരും വിവിധ രാജ്യങ്ങളിലെ മുസ്ലിങ്ങളായ നയതന്ത്രപ്രതിനിധികളും മററു പ്രധാനികളുമുണ്ടായിരുന്നു. നമ്മുടെ അമ്പാസഡർ ടി. ടി. പി അബ്ദുല്ലസാഹിബ് വെളുത്ത ജുബ്ബയും പൈജാമയും ധരിച്ചു ആ കൂട്ടത്തിലുണ്ടായിരുന്നു. ഇവരെല്ലാം വരുന്നതിന്നു അൽപം മുമ്പ്തന്നെ പോലീസും പട്ടാളവും ചേർന്നു പൊതുവായ ത്വവാഫ് നിർത്തിവെക്കുകയും, മത്വാഫിന്നു ചുററും ഒരു വലിയവൃത്തത്തിൽ ഒരു വലയം സൃഷ്ടിക്കുകയും ചെയ്തു. പിന്നീട് വിവിധ വർണ്ണങ്ങളിലുള്ള പ്ലാസ്റ്റിക്ക് ബക്കററുകളിൽ പനിനീരും സംസവും കൊണ്ടുവന്നു ഉള്ളിലേക്കെത്തിച്ചു. ആ സുഗന്ധജലമുപയോഗിച്ചു കഅബാ കഴുകി വൃത്തിയാക്കിയതു രാജാവും മററു പ്രധാനികളുമായിരുന്നു. ഈ ആവശ്യത്തിനുപയോഗിച്ച പുൽചൂലുകളും, ബ്രഷുകളും, തുവാലകളും മററും ഓരോ ആളും പുണ്യ സ്മാരകങ്ങളായി എടുത്തുകൊണ്ടുപോവുന്നു. ഈ ചടങ്ങു മസ്ജിദുൽ ഹറാമിൻെറ മുകൾത്തട്ടിൽനിന്ന് വീക്ഷിച്ചുകൊണ്ടിരുന്ന എനിക്കു അവിടെ കണ്ട അച്ചടക്കവും, വൃത്തിയും മററും വളരെ പിടിച്ചു. രാജകുമാരന്മാരും മററും വെളുത്ത ഇസ്താശയും തലയിൽ ഷാലും ധരിച്ചിരുന്നു. ഓരോ ആളുടെയും അരയിൽ ഒരു കഠാരിവാൾവരം ഉണ്ടായിരുന്നു ഈ ചടങ്ങിന്നു മതപരമായ പ്രത്യേക വിശേഷങ്ങളുണ്ടെന്നു തോന്നുന്നില്ല. ഇല്ലായെന്നുതന്നെ പറയാം.

സഊദ്രാജാവ് സംബന്ധിച്ച മറെറാരു ചടങ്ങ് ഞാനും ഭാര്യയും ചേർന്നു കണ്ടത് അദ്ദേഹത്തിൻെറ ത്വവാഫും സഅ്യും ആയിരുന്നു. അതിന്നും പോലീസിൻെറയും പട്ടാളത്തിൻെറയും അകമ്പടിയും കാവലും ഉണ്ടായിരുന്നു.

## സംതൃപ്തി

ദുൽഹജ്ജ് 8. ഞങ്ങൾ കുളിയും മററും കഴിഞ്ഞു ഇഹ്റാമിൽ പ്രവേശിച്ചു. പുരുഷന്മാരെല്ലാം ഒരു വെള്ളമുണ്ടും, വെള്ളപുതപ്പും; സ്ത്രീകളെല്ലാം വെള്ളബുർഖ; എങ്ങും സന്തോഷം, സംതൃപ്തി. മൂന്നുനാലു ദിവസത്തെ താമസത്തിനാവശ്യമുള്ള ഉടുപ്പുകളും, കിടക്ക, ഭക്ഷണ സാധനങ്ങളാതിയായവയും നേരത്തെതന്നെ പെട്ടികളിലും ഹോൾഡാളുകളിലുമായി കെട്ടിവെച്ചിരുന്നു. ഈ സാമാനങ്ങൾ തൂക്കി, പിരടിയിൽകയററി ബസ്സുകളിൽ കയററുന്നതു കാണേണ്ടതാണ്. മൂന്നു വലിയ ഇരിമ്പ്പെട്ടികൾ, മൂന്നു ഹോൾഡാൾ വേറെയും കുറെ സാധനങ്ങൾ-ഇതെല്ലാം കയററുകൊ

ണ്ടുകെട്ടി പുറത്തു കയററിവെക്കുകയും താഴെ വീണുപോകാതെയിരിവാൻ കയറ് നെററിയുടെ മുകളിൽചുററി അങ്ങിനെ ആ ഭാരം ചുമക്കുകയും ചെയ്തുകൊണ്ടു് ഒരു കൂലിക്കാരൻ ഏണി ഇറങ്ങുന്നത് കണ്ടാൽ ആശ്ചര്യപ്പെട്ടുപോകും-ആ കൂലിക്കാരൻെറ പിരടിയിൽ ഒരു ടോളിയിൽ കയററാവുന്ന ഭാരമുണ്ടായിരുന്നു. അങ്ങിനെ ബസ്സിൽകയറി യാത്രയായി. മോട്ടോർ വാഹനങ്ങളിലായും കാൽനടയായും മററും ലക്ഷക്കണക്കിനു ഹാജിമാർ മീനായിലേക്കു് നീങ്ങുകയാണ്. മക്കാ-മീനാറോഡിൽ അനേകം ലൈനുകളിലായിട്ട് നീങ്ങുന്ന വണ്ടികളെ വളരെ കാര്യക്ഷമമായ രീതിയിൽ പോലീസ് നിയന്ത്രിക്കുന്നുണ്ട്. നിലന്തിരയുടെ സ്പീഡ്! ഉത്താൻകോയഹാജി പറഞ്ഞത് ഈ വാഹനങ്ങൾ മെല്ലെമെല്ലെ നീങ്ങുകയല്ല, വേഗത്തിൽ നിൽക്കുകയാണ് എന്നത്രെ. അങ്ങിനെ 'നിന്നു നിന്നു' ഞങ്ങൾ 'മീനാ'യിൽ എത്തി.

## കൂട്ടജീവിതം

മീനായിൽ ഞങ്ങൾ താമസിച്ചത് സിങ്ക്ഷീററുകൊണ്ടു മറച്ചുണ്ടാക്കിയ ഒരു താൽക്കാലിക പന്തലിലായിരുന്നു. ഞങ്ങളുടെകൂടെ ചെറിയ മമ്മുക്കേയിസാഹിബിൻെറ അനുജനും അളിയനും കുടുംബവും, അബ്ദുല്ലാഹാജി (വടകര), ഡോക്ടർ മമ്മിയും ഭാര്യയും (വടകര), ഹംസ ഹാജിയും കുടുംബവും (പൊന്നാനി) മററു പലരും ഉണ്ടായിരുന്നു. കുറെ മലയാളികൾക്കു പുറമെ കുറെ സുഡാൻകാരെയും ഗാമ്പിയക്കാരെയും കൂട്ടാളികളായി ലഭിച്ചു. മുകളിൽ രണ്ടു ചെറിയ മുറികളുണ്ടായിരുന്നതിൽ ഒന്നു ഞങ്ങളുടെ സ്ത്രീകളും മറെറതു ആഫ്രിക്കക്കാരായ സ്ത്രീകളും എടുത്തു. അവർക്കു വെവ്വേറെ കുളിമുറികളുണ്ടായിരുന്നു. പക്ഷെ വെള്ളം ഞങ്ങൾ കൊണ്ടുകൊടുക്കണം. താഴെ പന്തലിൻെറ ഒരു മൂലയിലെ ഒരു മുറി സ്ത്രീകൾക്കു നീക്കിവെച്ചതാണ്. തങ്ങളുടെ കുടുംബാംഗങ്ങളുടെ കൂടെ തുണികൊണ്ടു മറകെട്ടി ഇരിപ്പുറപ്പിച്ച സ്ത്രീകളുമുണ്ടായിരുന്നു. പുരുഷന്മാരെല്ലാം അവരവരുടെ കിടക്കകൾ അടുത്തടുത്തു വെച്ചു ഓരോ കിടക്കമാത്രം വെക്കാവുന്ന സ്ഥലംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. മൂന്നു നാലുവരികളായി വിരിച്ച ഈ കിടക്കകളുടെ ഇടയിൽ ഒരു വീതി കുറഞ്ഞ നടപ്പാത മാത്രമാണ് ഒഴിവാക്കിവെച്ചത്. ഇതു തന്നെ പോരാതെ വന്നതുകൊണ്ടു് പലപ്പോഴും ചെരിപ്പുകൾ അവരവരുടെ കിടക്കക്കരികിൽ വെക്കുവാനും, യഥേഷ്ടം മററുള്ളവരുടെ കിടക്കകളിലും മററും ചവുട്ടി നടക്കുവാനും ഏതാണ്ടെല്ലാവരും നിർബന്ധിതരാകാറുണ്ട്. അത്രയും ഇടുങ്ങിയതയിരുന്നു താമസത്തിനു കിട്ടിയ സ്ഥലം. മുന്നൂറിലധികം ആളുകൾക്കു രണ്ടോരണ്ടു കഴിക്കൂസും, രണ്ടു മൂന്നു വാട്ടർടേപ്പുകളും മാത്രമായിരുന്നു ഉണ്ടായിരുന്നതു. വെള്ളം പല

പ്പോഴും പോരാതെ വന്നു; മലയാളികൾ കണ്ടമാനം വെള്ളം ഉപയോഗിക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നുവെന്ന് മുതവ്വിഫിൻെറ പരാതിയും! ഭക്ഷണം പാകം ചെയ്യുവാനും വേണ്ടത്ര സൗകര്യമുണ്ടായിരുന്നില്ല. മൂന്നുനാലു ദിവസത്തേക്കു മാത്രമുള്ള ഒരു താൽക്കാലിക കേമ്പായതുകൊണ്ടും എല്ലാവരുടേയും ശ്രദ്ധ ഹജ്ജ്സംബന്ധമായ ഇബാദത്തുകളിലായിരുന്നതുകൊണ്ടും ഇതെല്ലാം ക്ഷമയോടെ സഹിക്കുകയേ നിവൃത്തിയുള്ളു. അതിന്ന് തയ്യാറാകാത്ത ചുരുക്കം ചിലർ ഓരോ ദിവസത്തേക്കും നൂറും അധികവും റിയാൽ (200ക) വീതം കൊടുത്തു ആധുനിക സൗകര്യങ്ങളുള്ള ഹോട്ടലുകളിൽ മുറികളെടുത്തു. ഞങ്ങളുടെ പന്തൽപോലെയോ, അൽപ്പം മെച്ചപ്പെട്ടതോ ആയിരുന്നു മററു കേമ്പുകളും. വെള്ളത്തിൻെറ സൗകര്യക്കുറവ് ഒഴിച്ചാൽ ഈ കൂട്ടുജീവിതം രസകരമായ ഒരനുഭവമായിരുന്നു. പലരുമായി കൂടുതൽ അടുത്തുപഴകുവാനും, പലതും സംസാരിച്ചു മനസ്സിലാക്കുവാനും, പലതും അനുഭവിച്ചു പഠിക്കുവാനും അവസരം ലഭിച്ചു. മുൻ ലേഖനത്തിൽ പറഞ്ഞ ഗാംബിയൻ ഇഞ്ചിനീയർ, അദ്ദേഹത്തിൻെറ കുടുംബം, ജെ. ഡി. ടി. യിലെ ഹസൻഹാജിയുടെ പകർപ്പായ കേപ്ടൻ അബ്ദുറഹ്മാൻ മുതലായവർ ഇതിൽപെടും.

## ഒരു മരണം

മിനായിൽ ആദ്യത്തെ രാത്രിതന്നെ കേമ്പിലെ എല്ലാവരേയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് കേമ്പിലുണ്ടായിരുന്ന മൊക്കം ഉണ്ണിമോയിസാഹിബ് നിര്യാതനായി. ശ്വാസകോശ സംബന്ധിയായ ഒരു മാറാരോഗത്തോട് മല്ലിട്ടുകൊണ്ടു വളരെ കഷ്ടം സഹിച്ചുകൊണ്ടാണ് അദ്ദേഹം ഹജ്ജിനുവന്നത്. കഴിയുന്നത്ര ആശ്വാസം നൽകുവാൻ ഡോ: മമ്മി വളരെയധികം പ്രയാസപ്പെടുകയായിരുന്നു. അന്ത്യശ്വാസം വിട്ടുകഴിഞ്ഞപ്പോൾ ഏററവും അടുത്ത ഒരു ബന്ധു മൌത്തായതുപോലെ ദുഃഖിച്ചു കണ്ണീരൊഴിക്കുകയായിരുന്നു ഈ സ്നേഹസമ്പന്നനായ ഡാക്ടർ. ഇന്ത്യൻ മെഡിക്കൽ മിഷ്യനിലെ ഒരു കാശ്മീരി ഡാക്ടർ, നമ്മുടെ വെൽഫെയർ ഓഫീസർ മി. പി. കെ. മുഹമ്മദ്, മുതവ്വിഫിന്റെ പ്രതിനിധി എന്നിവർ ചേർന്നു മൃതദേഹം ആശുപത്രിയിലേക്കു നീക്കി. ജനാസയെ സംബന്ധിച്ച ചടങ്ങുകൾക്കു വളരെനേരം പിടിക്കുമെന്നറിഞ്ഞതുകൊണ്ടും അതിരാവിലെ എല്ലാവരും ചേർന്നു അറഫാത്തിലേക്കു പോകേണ്ടതുകൊണ്ടും ഞങ്ങൾക്ക് കൂടുതലായൊന്നും ചെയ്യാൻ സാധിച്ചില്ല.

## വാഹനങ്ങൾ, തമ്പുകൾ

ദുൽഹജ്ജ് 9-രാവിലെ അറഫാത്തിലേക്കു പുറപ്പെട്ടു. വാഹനങ്ങ

ളൂടെ ഒരു മഹാസമുദ്രംമെല്ലെമെല്ലെ നീങ്ങുകയാണ്. നമിറത്തു പള്ളിയിൽ നമസ്കരിക്കുകയും, ഖുത്തുബാ പ്രസംഗം കേൾക്കുകയും ചെയ്യുന്നതു നല്ലതാണെങ്കിലും അതു സാദ്ധ്യമല്ലായിരുന്നു. നേരെ അറഫാത്തിൽ ഞങ്ങൾക്ക്‌വേണ്ടി തയ്യാറാക്കിവെച്ചിരുന്ന തമ്പുകളിലേക്കാണ് ഞങ്ങൾ പോയത്. മഗ്‌രിബ്‌വരെ ഞങ്ങളുടെ തമ്പുകളിലും പരിസരങ്ങളിലുമുള്ള മററു തമ്പുകളിലുമായി കഴിച്ചുകൂട്ടി. നമസ്കാരം, പ്രാർത്ഥന, ഖുർആൻ പാരായണം മുതലായവയായിരുന്നു മുഖ്യമായ അമലുകൾ. ഞങ്ങൾ എടുത്തിരുന്ന ടിൻ ഭക്ഷണങ്ങൾക്ക് പുറമെ, മുതവ്വിഫ് ഏർപ്പാടുചെയ്ത ഉച്ചഭക്ഷണ (ബിരിയാനി) വും ഉണ്ടായിരുന്നു. ഒരു പുണ്യ അമലെന്ന നിലയിൽ ബാഫഖിതങ്ങളുടെ നേതൃത്വത്തിൽ ഒരായിരം പ്രാവശ്യം സൂറത്തുൽ ഇഖ്‌ലാസ് ഓതുകയുണ്ടായി. തങ്ങൾ ഒരേ ഇരുത്തത്തിൽ ആയിരവും, ഇടക്കിടക്കുള്ള ദീർഘമായ ദുആയും ഓതിത്തീർത്തു. ഞങ്ങളിൽ ചിലർ ഇടക്കിടക്ക് അല്പം വിശ്രമത്തിന്നായി വെളിയിലിറങ്ങി, വീണ്ടും കൂട്ടത്തിൽചേർന്നു ഓതുകയുണ്ടായി. സ്ത്രീകൾക്കു പ്രത്യേകം തമ്പുണ്ടായിരുന്നു. അടുത്തുള്ള ഒരു തമ്പിൽ ഹസ്രമൗത്തുകാരായ കുറെ അറബികളായിരുന്നു പാർത്തിരുന്നത്. നമ്മുടെ നാട്ടിൽ ശാദുലി ബൈത്തുകൾ ചൊല്ലുന്ന—എന്നാൽ, അതിലേറെ സംഗീതാത്മകമായ രീതിയിൽ ബൈത്തുകൾ ചൊല്ലുകയായിരുന്നു അവർ. കുറച്ചുനേരം ഞങ്ങളും ചെന്നിരുന്നു അവരുടെ ബൈത്തുകൾ കേൾക്കുകയും, പ്രാർത്ഥനയിൽ പങ്കുചേരുകയും ചെയ്തു. ഏററവും നന്നായി ബൈത്തു ചൊല്ലിയ ചെറുപ്പക്കാരൻ നന്നായി ഇംഗ്ലീഷ് സംസാരിച്ചു. ബൈറൂത്തിലെ ഒരു ത്രീസ്റ്റാർ ഹോട്ടലിലെ മാനേജരായിരുന്നു ആ ചെറുപ്പക്കാരൻ.

വിശാലമായ അറഫാമൈതാനം തമ്പുകളാൽ നിറഞ്ഞിരുന്നു. ഒരു ലക്ഷത്തോളം തമ്പുകൾ ഉണ്ടായിരിക്കുമെന്നു തോന്നുന്നു. വാട്ടർ ടാപ്പുകളും, ഒരുതരം പെട്ടിക്കക്കൂസുകളും മററു സൗകര്യങ്ങളും വേണ്ടത്ര ഉണ്ടായിരുന്നുവെന്നു പറയാം. ചുററിനടന്നു പരസ്പരം പരിചയപ്പെടുവാൻ ധാരാളം സൗകര്യമുണ്ട്. പക്ഷെ ആൾക്കൂട്ടത്തിൽ വഴിതെററിപ്പോയാലോ എന്നു ഭയന്നും മററും അതിനൊന്നും മുതിർന്നില്ല. അറഫാത്തിൽ 10–15ലക്ഷം ആളുകൾ ഒരുമിച്ചുചേർന്ന മഹാസദസ്സായിരുന്നുവല്ലോ അത്. ഇനിയെന്നി കൂടുതൽ ഹാജിമാർ വരാൻ സാദ്ധ്യതയുണ്ട്. സഊദ്‌രാജാവ് ഈ മനുഷ്യസമൂഹത്തെ അഭിമുഖീകരിച്ചു സുപ്രധാനമായ ഒരു പ്രസംഗംചെയ്യുന്നു. ഇത് അറഫാ മൈതാനത്തിൻെറ എല്ലാ ഭാഗങ്ങളിലും കേൾക്കത്തക്കവണ്ണം റേഡിയോ സെററുകളും ഉച്ചഭാഷിണികളും ഘടിപ്പിക്കുന്നത് നന്നായിരിക്കുമെന്നു തോന്നി—മുസ്ലിംലോകത്തിൻെറ സിരാകേന്ദ്രത്തിൽനിന്നു അവിടെ കൂടിയിരിക്കുന്ന ആഗോള മുസ്ലിംകളുടെ വാർഷിക സമ്മേളനത്തിൽ ഹറമൈനിശ്ശരീഫൈനിയുടെ ഭരണാധിപൻ ചെയ്യുന്നപ്രഭാഷണം അവിടെ കൂടിയിരിക്കുന്നവരെല്ലാം ശ്രവിക്കുന്നതും, റേഡിയോവഴി ലോക

മാസകലം അറിയുന്നതും മഹത്തായ കാര്യങ്ങളാണെന്നു ആവർത്തിക്കേണ്ടതില്ല.

വെയിൽ താഴ്ന്നു മഗ്‌രിബാകുന്നതുവരെ പ്രാർത്ഥനകളും മററുമായി സമയം കഴിച്ചു. അറഫാത്തിൽനിന്നു ഹാജിമാർ മുഴുവനും അന്നു രാത്രിതന്നെ മുസ്ദലിഫക്കും പിന്നെ രാവിലെ വീണ്ടും മീനായിലേക്കും പോകേണ്ടതുണ്ട്. ഞങ്ങൾ വീണ്ടും ബസ്സിൽ കയറി യാത്രയായി. മെല്ലെ മെല്ലെ മുസ്ദലിഫയിൽ എത്തി. റോഡരുകിൽതന്നെ ബസ്സ് നിർത്തി ഞങ്ങൾ കല്ല് പെറുക്കുകയും നമസ്കാരങ്ങൾ കഴിക്കുകയും ചെയ്തു. സുബ്ഹി കഴിഞ്ഞു വീണ്ടും ബസ്സ് നീങ്ങിത്തുടങ്ങി. വാഹനനിയന്ത്രണം വളരെ മെച്ചമായിരുന്നു. ധാരാളം പോലീസും പട്ടാളവും സ്കൗട്ടും മററും ഇതിൽ പങ്കെടുത്തു. വയർലസ്സ് ഘടിപ്പിച്ച ജീപ്പുകൾ റോഡുകളിലും, ഹെലികോപ്ടറുകൾ ആകാശത്തിലും റോന്ത് ചുററിക്കൊണ്ടിരിക്കുകയും അന്യോന്യം നിർദ്ദേശങ്ങൾ കൈമാറുകയും ചെയ്തുകൊണ്ടിരുന്നു.

അറഫാനാളത്തെ ഈ ചലനങ്ങളെപ്പററി അല്പനേരം ചിന്തിച്ചു. അന്നു രാവിലെ 17-18 ലക്ഷം ഹാജിമാർ അറഫാ മൈതാനിയിൽ സമ്മേളിക്കുന്നു. പുരുഷന്മാരും, സ്ത്രീകളും, മുതിർന്നവരും ചെറുപ്പക്കാരുമായി ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും വന്നവരാണിവർ. വൈകുന്നേരം ഇവരത്രയും മുസ്ദലിഫയിലേക്കു നീങ്ങുന്നു. പിറേറ ദിവസം രാവിലെ ഇവർ മുഴുവനും വീണ്ടും മീനായിലേക്കു നീങ്ങുന്നു. ഇതെല്ലാം ഇവരെല്ലാം സ്വമേധയാ ചെയ്യുകയാണ്. എന്തൊരു ചിട്ട, എന്തൊരച്ചടക്കം, എന്തൊരനുസരണം. ഇവർക്കാർക്കും പരിശീലനം നൽകിയിട്ടില്ല, പട്ടാളച്ചിട്ട ഇവിടെ ഉദിക്കുന്നില്ല. ഭൌതികമായ സമ്മർദ്ദമോ, പ്രേരണയോ ഒന്നും ഉണ്ടായിട്ടില്ല. പക്ഷെ സംഭവം നടന്നു. എല്ലാ വർഷവും നടക്കുന്നു. ഇനിയും നടക്കും. ഒരു മതവിധിയുടെ ശക്തിനോക്കുക. ഇസ്ലാം ഉൾക്കൊള്ളുന്ന കഴിവുകളെപ്പററി ചിന്തിക്കുക. ഈ ഹാജിമാർ ഈ ഒരു ദിവസം കാണിക്കുന്ന ഈ അനുസരണവും ചിട്ടയും അച്ചടക്കവും അവരുടെ ജീവിതത്തിൽ പകർക്കുമെങ്കിൽ, സമുദായം പൊതുവെ ഇങ്ങിനെ അച്ചടക്കവും അനുസരണവും കാണിക്കുമെങ്കിൽ, എന്തുമാത്രം ശക്തിയും കെട്ടുറപ്പും ആർജ്ജിക്കുമായിരുന്നു. കഅബാശരീഫിന് ചുററും കണ്ട ത്വവാഫ്, മസ്ജിദുൽഹറാമിലെ ജുമുഅ:, അറഫാത്തിലെ സമ്മേളനം, അവിടെനിന്നുള്ള യാത്ര ഇതെല്ലാം ആലോചിക്കുമ്പോൾ രോമാഞ്ചമുണ്ടാകുന്നു. ലക്ഷക്കണക്കിനു മുസ്ലിമീങ്ങൾ ഒന്നിച്ചു നിൽക്കുന്നു, ഇരിക്കുന്നു, കുനിയുന്നു, കുമ്പിടുന്നു, ചുററി നടക്കുന്നു, അങ്ങോട്ടുമിങ്ങോട്ടും പായുന്നു, വാഹനങ്ങളിൽ കയറി യാത്ര ചെയ്യുന്നു—എല്ലാം ഒരൊററ ശരീരം പോലെ. ഇതിനൊന്നും വേറെ ഉപമയില്ല. ഇതൊന്നും നേടുവാൻ ഇസ്ലാമല്ലാത്ത മറെറാരു ശക്തിക്കും സാദ്ധ്യമല്ല. ഏക ഇലാഹിൻെറ കൽപ്പനക്കു വഴങ്ങി,

അവൻെറ പ്രീതിയെ ലാക്കാക്കി ഒരു സമുദായം നീങ്ങുകയാണ്. ഈ നീക്കം താൽക്കാലികമാകാതെ, അവരുടെ ജീവിതാദർശമായി വളർന്നുവെങ്കിൽ! "അല്ലാഹുവെ, നിൻെറ വിളിക്കിതാ ഞങ്ങൾ ഉത്തരം ചെയ്യുന്നു!"...."അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ല. അവൻ ഏകനാണ്. അവനു യാതൊരു കൂറുകാരനുമില്ല. രാജത്വം അവൻെറതാണ്. എല്ലാ സ്തുതിയും അവനു അവകാശപ്പെട്ടതാണ്. അവൻ ജീവിപ്പിക്കുന്നു, മരിപ്പിക്കുന്നു. അവൻെറ കയ്യിൽതന്നെയാണ് നന്മ, അവൻ എല്ലാ കാര്യത്തിനും ശക്തിയുള്ളവനാണ്"...."ഞങ്ങളുടെ നാഥാ, ഈ ലോകത്തു നീ ഞങ്ങൾക്കു നല്ലതിനെ തരേണമേ! പരലോകത്തും നല്ലതിനെ തരേണമെ! നരക ശിക്ഷയിൽനിന്നും നീ ഞങ്ങളെ കാക്കുകയും ചെയ്യേണമെ!"

# ഭാരമേറിയ ചുമതല

മിനായിലെത്തി മൂന്നു ജംറകളിലും കല്ലെറിയുകയും, ബലിയർപ്പിക്കുകയും ചെയ്തശേഷം ഞങ്ങളുടെ കൂടെ ചിലർ മക്കായിലേക്കു പോയി ത്വവാഫും, സഅ്യും, മുടികളയലും കഴിച്ചു മടങ്ങിവന്നു. പിന്നെ രണ്ടു് മൂന്നു ദിവസം കല്ലെറിയുന്നതോടുകൂടി അവരുടെ ഹജ്ജ് പൂർത്തിയായി. ഞാനും വേറെ പലരും മിനായിൽതന്നെ തങ്ങി. അവിടത്തെ അമലുകൾ മുഴമിപ്പിച്ചു മക്കായിലേക്ക് മടങ്ങുവാനാണ് നിശ്ചയിച്ചത്. അങ്ങിനെ രണ്ടുദിവസം കല്ലേറ്, ഉൾഹിയ, മററു ഇബാദത്തുകൾ—ഇതെല്ലം കഴിഞ്ഞശേഷം മക്കായിലേക്ക് തിരിച്ചു.

മിനായിലെ താമസം തിരക്കുപിടിച്ച ദിവസങ്ങളായിരുന്നു. രാവിലെ കഴിയുന്നത്ര നേരത്തെ, മററുള്ളവർക്ക് മുമ്പ്, എഴുനേററു കക്കൂസ് ഒഴിവുള്ള സമയംനോക്കി ശൌചവും മററും തീർക്കണം, സ്ത്രീകളുടെ മുറിയിലേക്ക് വെള്ളം എത്തിക്കണം, ബാഫഖിതങ്ങളുടെയും അബ്ദുറഹിമാൻകേയിയുടേയും പലഹാരപ്പെട്ടികൾ തുറന്നു് എന്തെങ്കിലും കഴിക്കണം. അല്ലെങ്കിൽ വെളിയിൽ ചെന്നു് തൊട്ടുകാണിച്ചും, അല്ലെങ്കിൽ അറിയാവുന്ന ഭാഷയും ആംഗ്യങ്ങളും പ്രയോഗിച്ചും വല്ലതുമൊക്കെ വാങ്ങി തിന്നുകയും, പെണ്ണുങ്ങൾക്കുവേണ്ടി കൊണ്ടുവരികയും ചെയ്യണം, അലീസയോ ബ്രഡ്ഡും, നെയ്ചോറോ കഞ്ഞിയോ, കിട്ടുന്നത് ഭക്ഷിക്കണം, വിവിധ കേമ്പുകളിൽ ചെന്നു തലശ്ശേരി ഫണ്ടിലേക്ക് സംഭാവനകൾ വാഗ്ദത്തം ചെയ്തു വാങ്ങണം മിനായിലുള്ള വിശേഷ സ്ഥലങ്ങൾ സന്ദർശിക്കണം, ജംറകൾ നിൽക്കുന്ന വിശാലമായ റോഡിൽ കൂടി നീങ്ങുന്ന മനുഷ്യസമുദ്രത്തെ വീക്ഷിച്ചു ആവേശം നുകരണം, പലത

രക്കാരായ ആളുകൾ ജംറകളുടെ നേരെ ചെരിപ്പുകളും മററും എറിഞ്ഞു് കാട്ടിക്കൂട്ടുന്ന കോപരാട്ടികൾ കാണണം, ആൾത്തിരക്കു് അൽപമെങ്കിലും കുറയുന്ന തഞ്ചംനോക്കി ഭാര്യയേയുംകൂട്ടി എറിന്നു് പോകണം—ഇതെല്ലാം ഒരുവിധം ഭംഗിയായി നിർവ്വഹിച്ചുപോന്നു.

## മൃഗബലി

ഞങ്ങളുടെ കൂട്ടത്തിൽപെട്ട എല്ലാവരും ചേർന്നു് ഉൾഹിയ്യക്കു് വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. ഞങ്ങളുടെ പ്രതിനിധികളായി സയ്യിദ് അബ്ദുല്ലാബാഫഖി, കാദർകുട്ടിസാഹിബ് മുതൽപേർ പോകുകയാണു ണ്ടായതു്. അവർ ഉസ്ഹിയ്യ അറുത്തും, അറപ്പിച്ചും അൽപം ഇറച്ചി യുമായി മടങ്ങിവന്നു. നേരിട്ടു പങ്കെടുക്കാൻ സാധിക്കാഞ്ഞതിൽ വ്യസ നമുണ്ടായിരുന്നു. ഹജ്ജിന്റെ ഒരു പ്രധാന ഭാഗമാണല്ലൊ മൃഗബലി. ഇബ്രാഹിംനബി (അ) തന്റെ ഓമനപുത്രനെ ബലിയർപ്പിക്കുവാൻ തയ്യാ റായ കഥ ഓർമ്മിക്കുവാനും, സ്വഭാവ സംസ്കരണത്തിൽ ത്യാഗശീല ത്തിനുള്ള സ്ഥാനം മനസ്സിലാക്കുവാനും, ജിഹാദിനാവശ്യമായ മനഃക്ക രുത്തും ശിക്ഷണവും ലഭ്യമാകുവാനും ഇതു വളരെ സഹായകമാണ്. "ഓരോ ജനസമുദായത്തിന്നും ബലി നാം നിശ്ചയിച്ചിട്ടുണ്ടു്; നാൽക്കാലി മൃഗങ്ങളിൽനിന്നു്, അവർക്കു നൽകിയിട്ടുള്ളവയിന്മേൽ അല്ലാഹുവിന്റെ നാമം അവർ ഉച്ചരിക്കുന്നതിനുവേണ്ടി, എന്നാൽ നിങ്ങളുടെ ദൈവം ഏകദൈവമത്രെ; അതുകൊണ്ടു അവന്നു നിങ്ങൾ അനുസരണമർപ്പിക്കു വിൻ. വിനയശീലരെ നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക— അല്ലാഹുവിനെക്കുറിച്ചു അനുസ്മരിക്കപ്പെട്ടപ്പോൾ തങ്ങളുടെ ഹൃദയങ്ങൾ ഭയചകിതമാകുന്നവരെയും തങ്ങൾക്കു പിണയുന്ന ആപത്തുകൾക്കെതിരെ ക്ഷമകൊള്ളുന്നവരെയും നമസ്കാരത്തെ നിലനിർത്തുന്നവരെയും അവക്കു് നൽകിയിട്ടുള്ള വിഭവങ്ങളിൽനിന്നു ചിലവു ചെയ്യുന്നവരെയും (സന്തോ ഷവാർത്ത അറിയിക്കുക). ഒട്ടകങ്ങളെ അല്ലാഹുവിന്റെ അടയാളങ്ങ ളിൽപെട്ട ഒന്നായി നിങ്ങൾക്കു നാം നിശ്ചയിച്ചിരിക്കുന്നു. അവയിൽ നിങ്ങൾക്കു നന്മയുണ്ടു്. അതുകൊണ്ടു് (ബലിക്കുവേണ്ടി) അണിനിര ക്കുന്ന അവയുടെമേൽ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചു (അറുക്കുക) അങ്ങിനെ അവയുടെ പാർശ്വങ്ങൾ താഴെ വീഴുമ്പോൾ അവയിൽനിന്നും നിങ്ങൾ ഭക്ഷിക്കുകയും (യാചനക്കു പോകാത്ത) സംതൃപ്ത ജീവിതക്കാ രനും ഇരന്നു കഴിക്കുന്നവനും ആഹാരത്തിന്നു കൊടുക്കുകയും ചെയ്യുവിൻ! ഇപ്രകാരം നിങ്ങൾക്കു അവയെ നാം കീഴ്പ്പെടുത്തിയിരിക്കുന്നു. നിങ്ങൾ നന്ദികാട്ടുന്നതിന്നുവേണ്ടി. അവയുടെ മാംസമോ അവയുടെ രക്തമോ അല്ലാഹുവിങ്കൽ എത്തിച്ചേരുകയില്ല. എന്നാൽ നിങ്ങളിൽനിന്നുള്ള

ഭക്തി അവനിൽ എത്തുന്നു (അല്ലാഹു) നിങ്ങളെ വഴികാട്ടിയതിൽ അല്ലാഹുവിന്റെ (മഹത്വത്തെ) നിങ്ങൾ പ്രകീർത്തിക്കുന്നതിന്‌വേണ്ടി. ഇപ്രകാരം അവയെ നിങ്ങൾക്ക്‌ അവൻ അധീനമാക്കിത്തന്നു. നന്മചെയ്യുന്നവരെ സന്തോഷവാർത്തയും അറിയിക്കുക" (വി ഖു. 22: 54-57) ഹജ്ജ്‌സമയത്ത്‌ ആയിരക്കണക്കിനു് ആടുകളും ഒട്ടകങ്ങളും അറുക്കപ്പെടുന്നു. ഇതിൽ ഒരു നല്ലഭാഗം ഉപയോഗശൂന്യമായി നഷ്ടപ്പെട്ടുപോകുന്നുണ്ടു്. ഇതൊഴിവാക്കുകയോ, കുറച്ചു കൊണ്ടുവരികയോ ചെയ്യാൻ ശ്രദ്ധിക്കുന്നുണ്ട്‌. പാടുള്ളേടത്തോളം ഖുർബാൻ മക്കായിൽവെച്ചു ചെയ്യാവുന്നതാണ്‌. അവിടെ അറുക്കപ്പെടുന്ന മൃഗമാംസം മുഴുവനായും ഭക്ഷണത്തിന്നു് ഉപയോഗിക്കപ്പെടും. ഉസ്‌ഹിയ്യായായി അറുക്കപ്പെടുന്ന ആടുകളും ഒട്ടകങ്ങളും തോലോടെ വിട്ടേച്ചുവിടാതെ തോലുരിഞ്ഞുവിട്ടാൽ മിക്കവാറും ആ ഇറച്ചി ബദവികളും മററും എടുത്തു ഉണക്കി സൂക്ഷിക്കുന്നു. ഇതു് രണ്ടും ഞങ്ങൾ ചെയ്തു, ഇതെല്ലാമായാലും ധാരാളം മാംസം ഉപയോഗശൂന്യമായി നഷ്ടപ്പെടുന്നുവെന്നത്‌ ഒരു ദുഃഖസത്യമാണ്‌. ഇതിനെപ്പററി പണ്ഡിതന്മാരും സഊദി ഗവമ്മെണ്ടും ചെയ്ത പഠനങ്ങളുടെ ഫലമായി ഒരു പദ്ധതി ആവിഷ്‌കരിച്ചിട്ടുണ്ടു്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരൊന്നാന്തരം അറവുകേന്ദ്രം (Slaughter House) സ്ഥാപിച്ചു, ഉസ്‌ഹിയ്യാ അറുക്കപ്പെടുന്ന മൃഗങ്ങളുടെ മാംസം ശുദ്ധിചെയ്തു, ടിന്നുകളിലാക്കി ലോകത്തെമ്പാടുമുള്ള ദരിദ്രലക്ഷങ്ങൾക്ക്‌ ധർമ്മമായി അയച്ചുകൊടുക്കുകയാണ്‌ ഈ പദ്ധതി. ഇതു ഭാരിച്ച ചിലവു വരുന്ന ഒരു പദ്ധതിയാണെന്നു് പറയേണ്ടതില്ലല്ലോ. ഹജ്ജ്‌കാലം കഴിഞ്ഞാൽ ഒരു ഫാക്ടറിപോലെ പ്രവർത്തിച്ചു നഷ്ടത്തിന്റെ ഒരു ഭാഗം നികത്താവുന്നതാണ്‌. ബാക്കിയുള്ള നഷ്ടം ഗവർമ്മെണ്ടുതന്നെ ധർമ്മമെന്ന നിലയിൽ വഹിക്കും; നമ്മുടെ യതീംഖാനകൾക്കും പള്ളിക്കൂടങ്ങൾക്കും മററും യു. എൻ. ഒ. വക പാൽപൊടിയും മററും ലഭിക്കുന്നതുപോലെ ആടിന്റെയും ഒട്ടകത്തിന്റെയും മാംസം ലഭിക്കുന്നത്‌ നിശ്ചയമായും ഗുണമുള്ള ഒരു കാര്യമാണ്‌"

## കല്ലേറു്

മിനായിൽ ഏററവും പ്രധാനമായിട്ടു ചെയ്യാനുള്ളത്‌ കല്ലേറാണല്ലോ. ജംറത്തുൽ ഊലാ, ജംറത്തുൽ വുസ്‌ത്വാ, ജംറത്തുൽ അഖബാ എന്നീ മൂന്നു സ്ഥലങ്ങളിൽ പണിതിട്ടുള്ള കൽതൂണുകളുടെ നേരെ ഏഴ്‌ കല്ലുകൾ വീതം എറിയണം. ഓരോ കല്ലും എറിയുമ്പോൾ തക്ബീർ ഓതുകയും, ഏറു് കഴിഞ്ഞാൽ ഖിബ്‌ലയെ അഭിമുഖീകരിച്ചു കൈകളുയർത്തി അല്ലാഹുവോടു ദുആ ഇരക്കുകയും ചെയ്യുന്നു. ഓരോ കല്ലും എറിയുമ്പോൾ പിശാചിനെ എന്നിൽനിന്നും അകററി

ത്തരേണമെ എന്ന മനസ്സുകൊണ്ട് അല്ലാഹുവോടു തേടുന്നു. കല്ലേറിനു് അനുഭവിക്കേണ്ടിവരുന്ന തിക്കും തിരക്കും വിവരിക്കുവാൻ പ്രയാസം. ജംറകളുടെ അടുത്തുള്ള കെട്ടിടങ്ങൾ വിലക്കെടുത്തു പൊളിച്ചുനീക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനു് പുറമെ ജംറകൾ ഉള്ള നിരത്തിന്റെ മുകളിലായി ഒരു കോൺക്രീററ് ഹൈവെ നിർമ്മിക്കുവാനും നിശ്ചയിച്ചിട്ടുണ്ട്. ഇതു് നിർമ്മിച്ചു കഴിഞ്ഞാൽ വാഹനങ്ങളുടെ ഗതാഗതം ഇതിന്മേലേക്കു തിരിച്ചു വിടാവുന്നതാണ്. കാൽനടക്കാർക്കും 'വൺവെ സിസ്റ്റം' ഏർപ്പെടുത്തുന്നതു് തിക്കും തിരക്കും കുറക്കുവാൻ സഹായിക്കുന്നതാണ്.

ഞങ്ങളുടെ കേമ്പിൽ രണ്ടുമൂന്നു ജമാഅത്തുകളായിട്ടാണ് നമസ്കാരങ്ങൾ നടത്തിപോന്നതു്. ബാഫഖിതങ്ങളുടെ ഇമാമത്തിലായിരുന്നു ഞങ്ങൾ അധികസമയവും നമസ്കരിക്കാറ്. മലയാളികളുടെയും ആഫ്രിക്കക്കാരുടെയും ജമാഅത്തുകൾ വേറെയും ഉണ്ടാകാറുണ്ട്. മലയാളികളുടെ ജമാഅത്തുകളിൽ ആഫ്രിക്കക്കാരും, മറിച്ചു അവരുടെ ജമാഅത്തുകളിൽ മലയാളികളും ചേരാറുണ്ട്. നാലുറകഅത്തുകളുള്ള നമസ്കാരങ്ങൾ ശാഫിഈകൾ മുഴുവനായും, മറെറല്ലാവരും രണ്ടുറകഅത്തായും നമസ്കരിക്കുന്നു. ഒന്നു രണ്ടു പ്രാവശ്യം ഒരേ സമയത്തു് രണ്ടു ജമാഅത്തുകൾ നടക്കുകയുണ്ടായി. ഇതു് ഒഴിവാക്കാമായിരുന്നുവെന്നു് എനിക്കു് തോന്നി. ഹദ്ദാദ് റാത്തീബും, ദിക്റുകളും, ദുആകളും ഉണ്ടാകാറുണ്ടു്. മലയാളികൾ ധാരാളമുള്ള വേറെ രണ്ടു കേമ്പുകൾ അബ്ദുർറഹ്മാൻ ധൂമിന്റെയും, ബാഖർ ജമാലിന്റെയും ആയിരുന്നു അവിടങ്ങളിൽ നല്ല നല്ല മതപ്രസംഗങ്ങൾ സംഘടിപ്പിച്ചിരുന്നു. ഞങ്ങളുടെ കേമ്പ് സയ്യിദ്ഹുസൈൻ ഹിബ്ശിയുടെതായിരുന്നു.

## കേമ്പുകളിലെ ഭക്ഷണം

കേമ്പുകളിലെ ഭക്ഷണം ബ്രഡ്ഡ്, അലീസ, ചോറ്, റൊട്ടി മുതലായവയാണ്. യാത്രക്കാരുടെവകയായി ചായയും, റാഗി മുതലായവ കഞ്ഞിവെച്ചതും റൊട്ടിയാക്കിയതും കാണാറുണ്ടു്. ഒരേ പാത്രത്തിൽനിന്നു വാരിതിന്നുന്നതും, വേറെതിന്നുന്നതും കാണാമായിരുന്നു. ഒരു തണ്ടൂരി (തീയിൽ വേവിച്ചെടുക്കുന്ന) റൊട്ടി ഒരു കൈയിലും, ഉള്ളിയോ മുളകോ മറെറാ മറെറാരു കൈയിലും പിടിച്ചു കടിച്ചു തിന്നുന്നതും സാധാരണയാണ്. കോഴി, മുട്ട, ഈത്തപ്പഴം, ഉംഹിയ്യയുടെ ഇറച്ചി മുതലായവ ധാരാളം ലഭ്യമായിരുന്നു.

മീനായിലായിരുന്ന ഞങ്ങൾക്കു് പെരുന്നാൾ ഉണ്ടായിരുന്നില്ലെന്നു് പറയേണ്ടതില്ലല്ലൊ. ഹജ്ജിൽ ഏർപ്പെട്ട ജനലക്ഷങ്ങളോടു് മാനസി

കമായി കൂട്ടുചേരുവാനാണ് ലോകമൊട്ടുക്കും മററു മുസ്ലീംകൾ പെരുന്നാൾ കൊണ്ടാടുന്നത്. ഹജ്ജിന് പുറപ്പെടുന്നതിനുമുമ്പ് തിരുവനന്തപുരം, ചേന്ദമംഗലൂർ, കോഴിക്കോട്, തലശ്ശേരി മുതലായ സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ട യാത്രയയപ്പ് യോഗങ്ങളിൽ സമുദായത്തിന്‌വേണ്ടിയും നമ്മുടെ സംഘടനകൾക്ക് വേണ്ടിയും അറഫാത്തിൽവെച്ചും മററും പ്രാർത്ഥിക്കാമെന്ന് ഞാൻ വാഗ്ദത്തം ചെയ്തിരുന്നു. ഹജ്ജിന് പോയ ഞങ്ങളെപ്പററി ഓർക്കുകയും ഞങ്ങൾക്ക്‌വേണ്ടി പ്രാർത്ഥിക്കുകയും (പ്രത്യേകിച്ചും പെരുന്നാളിന്) ചെയ്യണമെന്ന് അവരോടും അപേക്ഷിച്ചിരുന്നു. എൻെറ വാഗ്ദത്തങ്ങളെല്ലാം ഓർക്കുകയും നിറവേററുകയും ചെയ്തു. അറഫാത്തിൽ മഗ്‌രിബ് കഴിഞ്ഞു ഞങ്ങളുടെ തമ്പു നിന്നേടത്ത് ബാഫഖിതങ്ങൾ ഒരു കസേരയിൽ ഇരുന്നു വിശ്രമിക്കുകയായിരുന്നു. അടുത്തുള്ള ഒരു പെട്ടിയിന്മേൽ ഞാനും ഇരുന്നു. ഞങ്ങളുടെ ഓർമ്മ സ്വദേശത്തേക്ക് തിരിഞ്ഞു. 'നമ്മുടെ നാട്ടിൽ ഇന്നു തക്ബീർ തുടങ്ങിയിരിക്കും. നാളെ പെരുന്നാളാണ്'' എന്നു പറഞ്ഞുകൊണ്ട് തങ്ങൾ നാട്ടുകാര്യങ്ങൾ സംസാരിച്ചു. എൻെറ ഓർമ്മയും നാട്ടിലേക്ക്‌തിരിഞ്ഞു. തിരുവനന്തപുരത്തേക്കും തലശ്ശേരിക്കുംമററും. കഴിഞ്ഞ ചെറിയപെരുന്നാളിന് ഞാനും ഭാര്യയും മക്കളുമെല്ലാംചേർന്നു തലശ്ശേരി ഈദ്ഗാഹിൽവെച്ചു നമസ്കരിച്ചിരുന്നതാണ്. അവിടെ ഇക്കൊല്ലത്തെ വലിയ പെരുന്നാൾ നമസ്കാരം ഈദുഗാഹിലാണൊ? സ്ത്രീകൾക്കു കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ? തിരുവനന്തപുരത്ത് വല്ല പുരോഗതിയും ഉണ്ടായോ? സമുദായത്തിൻെറ സമഗ്രമായ പുരോഗതിക്കാവശ്യമായ കാര്യങ്ങൾ ഒന്നുചേർന്നു സംഘടിപ്പിക്കുന്നുണ്ടോ?

KOTTAYAM PUBLIC LIBRARY
KOTTAYAM

## നാട്ടുകാര്യങ്ങൾ

മീനായിൽ ഞങ്ങളുടെ പന്തലിൽ നാട്ടുകാര്യങ്ങളെപ്പററി ചർച്ച ഉയർന്നുവന്നു. കോഴിക്കോട്ടെ ഉത്താൻകോയഹാജി, പൊന്നാനിയിലെ ഹംസഹാജി, വടകര അബ്ദുല്ലഹാജി ഇങ്ങനെ പലരും. വിഷയം സ്വാഭാവികമായും തലശ്ശേരി സംഭവത്തിലേക്ക് തിരിഞ്ഞു. ഞങ്ങൾക്ക് കൂടുതൽ വിവരങ്ങൾ കത്തുകൾ വഴിയായും പത്രങ്ങൾ വഴിയായും ലഭിച്ചിരുന്നു. ഇതെല്ലാം അന്യോന്യം കൈമാറുകയും ഹൃദയം തുറന്നു അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു. അപ്പോൾ അടുത്തു ഒലവക്കോട്ട് കെ. പി മൊയ്തീൻകുട്ടിസാഹിബിൻെറതായി ഒരു പെട്ടിയിന്മേലുണ്ടായിരുന്ന മുസ്ഹഫ് എടുത്തു മറിച്ചുനോക്കി. അല്ലാമാ യൂസ്ഫ്അലിയുടെ പരിഭാഷയും വ്യാഖ്യാനവും അടങ്ങിയ ആ ഗ്രന്ഥത്തിൽ സൂറത്തുൽ ഹശർ ആണ് കൈയിൽവന്നതു്. അത് സ്നേഹിതന്മാരുടെ ശ്രദ്ധയിൽപെടുത്തുകയും വായിച്ചു ചർച്ച ചെയ്തു

കയും ചെയ്തു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്ന വിഷയങ്ങളുമായി വളരെ അടുത്തു ബന്ധപ്പെട്ട പല ആയത്തുകളും ആ സൂറായിലും തൊട്ടടുത്ത സൂറത്തുൽ മുംതഹിനയിലും കാണുകയുണ്ടായി. സമുദായത്തെ അന്യായമായി അക്രമിക്കുന്ന ശത്രുക്കളുടെ തന്ത്രങ്ങൾ അന്തിമവിശകലനത്തിൽ അക്രമികളുടെ മേൽ തന്നെ തിരിച്ചടിക്കുന്നതും, ഇത്തരം ആക്രമണങ്ങൾ സമുദായത്തിന്റെ വിവിധ ഭാഗങ്ങളെ കൂടുതൽ അടുപ്പിച്ചു ബന്ധിക്കുന്നതും സൂറത്തുൽഹശർ വ്യക്തമാക്കുന്നു: ഇങ്ങിനെ സംഭവിക്കേണ്ടതാണ്. യോജിപ്പിന്റെ മേഖലകളെ വികസിപ്പിക്കുന്നതിന്നും സമുദായത്തിന്നു കെട്ടുറപ്പ് നൽകുന്നതിന്നും നാം ചെയ്യുന്ന ശ്രമങ്ങൾ നാം ആശിക്കുന്ന വിധം ഫലപ്രദമായി കാണുന്നില്ലയെന്നത് ഒരു ദുഃഖസത്യമാണ്. അതിന്നു കാരണമെന്ത് എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

മീനായിലെ ഇബാദത്തുകളെല്ലാം കഴിഞ്ഞു മുടി കളയുകയുണ്ടായി. ഒരു നീഗ്രോ മറ്റൊരാളുടെ മുടി വടിക്കുന്നത് ഒരു പുതുമയായിതോന്നി. നമ്മൾ താടി വടിക്കുമ്പോൾ ചെയ്യുന്നതുപോലെ തലയിൽ നല്ലപോലെ സോപ്പ്തേച്ച് നുരവരുത്തുകയും, ഒരു ബ്ലേഡ്കൊണ്ട് വടിക്കുകയുമാണ് ചെയ്തത്.

വൈകുന്നേരം ഞങ്ങൾ (ഞാനും ഭാര്യയും കാദർകുട്ടിസാഹിബും പങ്ങളും) മക്കായിലേക്ക് മടങ്ങി. തങ്ങളും കുടുംബവും പിറ്റെ ദിവസമാണ് മടങ്ങിയത്. മക്കായിലെത്തി ഒരു നല്ല കുളി കഴിഞ്ഞു പുതുവസ്ത്രങ്ങളണിഞ്ഞു ഞാൻ തനിച്ചു മസ്ജിദുൽ ഹറാമിലേക്ക് ചെന്നു ഹജ്ജിന്റെ പരിസമാപ്തി കുറിക്കുന്ന ത്വവാഫും സഅ്യും നിർവ്വഹിച്ചു. അതിന്നു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം മനസ്സറിഞ്ഞുകൊണ്ടുള്ള ഇബാദത്തായിരുന്നു അത് രണ്ടും. തൌഹീദിലുള്ള വിശ്വാസത്തിന്ന് ഭദ്രത നൽകുന്ന ദിക്റുകളും ഉള്ളറിഞ്ഞുകൊണ്ടുള്ള പ്രാർത്ഥനയുമായിരുന്നു ആദ്യാവസാനം.

അങ്ങിനെ സഅ്യ് കഴിഞ്ഞപ്പോൾ ഞാൻ മർവാ കുന്നിൻ പുറത്ത് കയറിയിരുന്നു. ദേഹം അൽപം ക്ഷീണിച്ചിരുന്നു, അങ്ങിനെ ചിന്തയിൽ മുഴുകിക്കൊണ്ട് ദീർഘനേരം ഇരുന്നുപോയി. ചിന്തകളും പ്രാർത്ഥനകളും മനസ്സിൽകൂടി തെരുതെരെ കടന്നുപോകുകയായിരുന്നു. മറക്കാനാവാത്ത ചില പ്രാർത്ഥനകളെപ്പറ്റി ഞാൻ ഓർത്തു, വ്യക്തിപരമായ, കുടുംബപരമായ, പല സംഗതികളിലും പ്രതിസന്ധികൾ നേരിട്ടപ്പോൾ ചെയ്ത പ്രാർത്ഥനകളും അവയ്ക്കുണ്ടായ ഫലങ്ങളും ഓർത്തു. അല്ലാഹുവിന്നു ശുക്ർ ചെയ്തു. സാമൂഹിക വിഷയങ്ങളിൽ മററുള്ളവരോട് ചേർന്നു ചെയ്ത ചില പ്രാർത്ഥനകളെപ്പററിയും, ചിന്തിച്ചു.

എനിക്ക് പതിനൊന്നു വയസ്സ് പ്രായം. ഖിലാഫത്തു സമരം നാടാകെ കൊടുമ്പിരിക്കൊണ്ടിരിക്കുകയാണ്. സമുദായം സടകുടഞ്ഞെഴുന്നേററിരിക്കുന്നു. എവിടെയും ഉത്സാഹവും ആവേശവും തന്നെ. തലശ്ശേരി മട്ടാമ്പുറം പള്ളിയിൽ ഇശാനമസ്കാരം കഴിഞ്ഞു മർഹൂം ടി. യു. കെ. അഹമദ്മൌലവി അത്യുജ്ജ്വലമായ ഒരു സാരോപദേശ പ്രസംഗം ചെയ്ത ശേഷം ദുആ ചെയ്യുകയാണ്. ഹൃദയത്തിനുള്ളിൽ തുളച്ചു കയറുന്ന-ഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്ന-ദുആ. ഞങ്ങൾ ആമീൻ ഓതുന്നു. ഓരോ വാചകവും കേൾക്കുമ്പോൾ കൂടുതൽ കൂടുതൽ ഉറക്കെ, കൂടുതൽ കൂടുതൽ ആവേശത്തോടെ, ആമീൻ ഓതുന്നു. "അല്ലാഹുമ്മ, അഇസ്സൽ ഇസ്ലാമ വൽ മുസ്ലിമീൻ"-ഈ ദുആയുടെ അന്തഃസ്സത്തയാണ് എൻെറ മനസ്സിൽ ആദ്യമായി തറച്ചത്. 'ആമീൻ'-ഒരു നിഷ്കളങ്ക ഹൃദയത്തിൽനിന്ന് വന്ന പ്രാർത്ഥനയായിരുന്നു അത്. അതിന്നു ഉത്തരം ലഭിച്ചുവോ?

ഒരു നാൽപത് വർഷങ്ങൾക്കു ശേഷം കാശ്മീരിൽ ശ്രീനഗറിലെ ഹസ്രത്ത്ബാൽ പള്ളിയിൽ ജുമാനമസ്കാരത്തിൽ പങ്കെടുക്കുകയാണ്. മിലാദ് ശരീഫിൻെറ തൊട്ടടുത്ത വെള്ളിയാഴ്ചയാണ്. ഇരുപത്തയ്യായിരത്തോളം ആളുകൾ പങ്കെടുത്ത ജുമാ. ഏതാണ്ടു രണ്ടായിരത്തിലധികം സ്ത്രീകൾ പിൻനിരയിലുണ്ട്. നമസ്കാരത്തിനു മുമ്പ് ഉജ്ജ്വലങ്ങളായ പ്രസംഗങ്ങളും സംഘം ചേർന്നുള്ള ബൈത്തുകളും സലാത്തും മററും ഉണ്ടായിരുന്നു. സമുദായം ഒരു സന്നിഗ്ദ്ധഘട്ടത്തെ തരണം ചെയ്യുകയാണ് എന്ന ഒരു പ്രതീതി മനസ്സിൽ ഉളവായിട്ടുണ്ട്. ഭക്തിനിർഭരമായ പ്രാർത്ഥനയാണ്. അങ്ങിനെ റുകൂളിലും സുജൂദിലും പ്രവേശിച്ചു. സുജൂദിൽ കുമ്പിട്ടുകഴിഞ്ഞ ഓരോ തവണയും ഹൃദയം തുടിക്കുകയായിരുന്നു! സമുദായത്തിൻെറ ഇസ്സത്തിന്നുവേണ്ടി ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു ഉത്തരമുണ്ടായോ?

## ചോദ്യങ്ങൾ

പിന്നെയും വർഷങ്ങൾ കടന്നുപോയി. തലശ്ശേരിയിലെ കോടതിക്ക് സമീപമുള്ള ചെറിയ ജുമാമസ്ജിദ്. എൻ. കെ. അഹമ്മദ്മൌലവി ഖുത്തുബയിൽ പ്രാർത്ഥനയുടെ അർത്ഥവും അന്തഃസത്തയും വ്യാഖ്യാനിച്ചു. സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ ജുമാനമസ്കാരത്തിൽ ഖുനൂത്ത് ഓതുന്നതും അങ്ങിനെ പ്രത്യേക പ്രാർത്ഥന ചെയ്യുന്നതും വിവരിച്ചു. തുടർന്നുണ്ടായ നമസ്കാരത്തിൽ ഖുനൂത്ത്ഓതി പ്രാർത്ഥിച്ചു. ബൈത്തുൽമുഖദ്ദസിൻെറ മോചനത്തെപ്പററിയാണ്. 'ആമീൻ-ആമീൻ' എന്നു ഞങ്ങൾ ഏററുപറഞ്ഞു. ഹൃദയംതട്ടി ചെയ്ത ഒരു കൂട്ടപ്രാർത്ഥനയായിരുന്നു അതു. ഉത്തരം ലഭിച്ചുവോ?

ഈ ചോദ്യങ്ങൾ മനസ്സിൽകൂടി തുരുതുരെ കടന്നുപോകുകയാണ്. സമുദായത്തിന്റെ പ്രശ്നങ്ങൾ ചില്ലറയൊന്നുമല്ല അനേകമാണ്. കാന്തീലാട്ടുപള്ളിയുടെ ഭരണം തുടങ്ങി ഇസ്രായേൽ പ്രശ്നംവരെ, പ്രാഥമിക വിദ്യാഭ്യാസം തുടങ്ങി ഹുക്കൂമത്തെ ഇലാഹിയുടെ സംസ്ഥാപനംവരെ, മതപരം, സാംസ്കാരികം, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം എന്നു വേണ്ട എല്ലാ സംഗതികളും പ്രശ്നങ്ങളുടെ നൂലാമാലകളിൽ കെട്ടുപിണഞ്ഞിരിക്കുകയാണ്.

ഇതിനു് പരിഹാരമുണ്ടോ? സമുദായത്തിനു് ഇസ്സത്ത് നേടിയെടുക്കുവാൻ നാം എന്തു് ചെയ്യണം? ഇക്കാര്യത്തിലുള്ള പ്രാർത്ഥനകൾക്ക് ആശിച്ച നിലയിലുള്ള ഫലം ഉണ്ടാകുന്നില്ലെങ്കിൽ കാരണമെന്തു്? നാം എവിടെയാണ് പിഴച്ചത്? ആദർശലക്ഷ്യങ്ങൾക്കനുയോജ്യമായ, പ്രായോഗികമായ, മാർഗ്ഗങ്ങൾ എന്ത്? അല്ലാഹുവെ, പ്രകാശം നല്കുക! സഹായം നല്കുക! തലതാഴ്ത്തി കൈപടങ്ങളിൽ താങ്ങി കണ്ണടച്ചു പ്രാർത്ഥിക്കുകയാണ്.

## ചുമതല

പെട്ടെന്നു ആരോ ഉറക്കെ പ്രാർത്ഥിക്കുന്നതുകേട്ട കണ്ണു തുറന്നു. അരികിൽ ഒരു മദ്ധ്യവയസ്കൻ നല്ല അറബിയിൽ വ്യക്തമായും ശക്തമായും പ്രാർത്ഥിക്കുകയാണ്, ഒരു ചെറുപ്പക്കാരൻ പിന്നിൽനിന്നു ആമീൻ ഓതുന്നുമുണ്ട്. ഇഹ്റാം ഉടുപ്പിലായിരുന്നു. ആരോഗ്യവും സൗന്ദര്യവും തുളുമ്പുന്ന ഈ സുമുഖന്മാർ ഈജിപ്ത്കാരോ, സിറിയക്കാരോ മറേറാ ആയിരിക്കണം. ഞാനറിയാതെ തന്നെ ഞാൻ എഴുന്നേററ അവരോടൊപ്പം ചേർന്നു 'ആമീൻ' ഓതിത്തുടങ്ങി. പ്രാർത്ഥനയിൽ 'ഇഖ്‌വാനുൽ മുസ്ലിമൂൻ' കൂടകൂട ഉച്ചരിക്കപ്പെടുന്നുണ്ട്. ഇഖ്‌വാൻ അംഗങ്ങളോ അനുഭാവികളോ ആയിരിക്കണമെന്നു് എനിക്കു തോന്നി. ആരായാലും സാരമില്ല, പ്രാർത്ഥന വ്യക്തമായിരുന്നു. സമുദായത്തിന്റെ ഇസ്സത്തിന്നുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. നഷ്ടപ്പെട്ടുപോയ പേരും പെരുമയും, വന്നുപോയ പിഴവുകളെപ്പററിയുള്ള ക്ഷമാപണം, ഭാവിയെപ്പററിയുള്ള ദൃഢനിശ്ചയങ്ങൾ—ഇതെല്ലാം പ്രാർത്ഥനയിൽ വീണ്ടും വീണ്ടും വരുന്നു. ആ സഹോദരൻ ശബ്ദമുയർത്തി പ്രാർത്ഥിച്ചു: "അല്ലാഹുമ്മ അഇസ്സൽ ഇസ്ലാമ വൽ മുസ്ലിമീൻ!" അദ്ദേഹം പൊട്ടിക്കരയുകയായിരുന്നു; ഹംദിന്റെയും തസ്ബീഹിന്റെയും ഇസ്തിഗ്ഫാറിന്റെയും കരച്ചിൽ! കണ്ണുകളിൽനിന്നു നീർതുള്ളികൾ ഉററിയുററിവീഴുന്നു. ചെറുപ്പക്കാരൻ ശബ്ദമുയർത്തിക്കൊണ്ടു് ആമീൻ ഓതി—ഗദ്ഗദത്തിൽ! അവിടെയും കണ്ണീർ വീഴുകയായിരുന്നു. ഞാൻ ആമീൻ ആവർത്തിച്ചു. പൊട്ടിപൊട്ടിക്കരഞ്ഞുപോയി. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം.

പ്രാർത്ഥന അവസാനിച്ചു രണ്ടുപേരും എന്നെ സൂക്ഷിച്ചുനോക്കി. കൈപിടിച്ചു മുസാഫഹത്ത് ചെയ്തു. എന്തെങ്കിലും സംസാരിക്കുമോ എന്ന ആകാംക്ഷയോടെ ചെറുപ്പക്കാരൻ തന്റെ നേതാവിന്റെ കണ്ണിലേക്ക് നോക്കി. ഞാനും നോക്കി; ഒന്നുരണ്ടു സെക്കന്റ് മാത്രം. ഒന്നും സംസാരിച്ചില്ല. സലാം ചൊല്ലി കഅ്ബാ ശരീഫിന്റെ ഭാഗത്തേക്ക് അദ്ദേഹം നടന്നുപോയി. ആ ദൃഢതാമായ കാലടികളെ തുടർന്നു ചെറുപ്പക്കാരനും നടന്നു. ബഹുശീഘ്രം നടന്നു കാഴ്ചയിൽനിന്നു മറഞ്ഞു. എന്തോ ശക്തിയേറിയ തീരുമാനങ്ങളുടെ നടത്തമായിരിക്കണം.

അൽപം സ്തംഭിച്ചു ഇതികർത്തവ്യതാമൂഢനായി നിമിഷനേരം നിന്ന ശേഷം ഞാനും മെല്ലെ നടന്നുതുടങ്ങി. താമസസ്ഥലത്തേക്ക് നടക്കുകയാണ്. ഹൃദയം വികാരങ്ങളുടെ ഒരു കൂമ്പാരം പേറിയിരിക്കുന്നു. ഞാൻ "ഹാജി"യായി; അതൊരു നേട്ടംതന്നെ; ഭാരമേറിയ ചുമതലയും! ചുമതലയുടെ ഭാരം താങ്ങുവാൻ സാധിക്കുമോ? സാധിക്കുവാൻ തൌഫീഖ് നൽകണമെ, ആമീൻ! സുബ്ഹാനല്ലാഹിവൽഹംദുലില്ലാഹ്! അസ്തഗ് ഫിറുല്ലാഹി വല്ലാഹു അക്ബർ!

# മക്കയിൽനിന്നു വിടവാങ്ങുന്നു

പിറെറദിവസം ഭാര്യയെ കൂട്ടിക്കൊണ്ടുപോയി ത്വവാഫും സഅ്‌യും നിർവ്വഹിച്ചു. അവരും ഒരു 'ഹജ്ജുമ്മ'യായി. പിന്നെയും ചില ദിവസങ്ങൾ മക്കാശരീഫിൽ താമസിച്ചു. അവസാനമായി ഭാര്യാസമേതം ഒരു ഉംറ നിർവ്വഹിച്ചു.

മക്കായിൽ താമസിച്ച മൂന്നാഴ്ചകൾക്കുള്ളിൽ ചില സൽക്കാരങ്ങളിൽ പങ്കെടുക്കുവാനും പലരുമായി പരിചയപ്പെടുവാനും അവസരം ലഭിച്ചു. ഇന്ത്യൻ പാർലിമെണ്ട് മെമ്പർമാരുടെ ഹജ്ജ് ഡെലിഗേഷനു് അമ്പാസഡർ ടി. ടി. പി അബ്ദുല്ലസാഹിബ് ജിദ്ദയിൽവെച്ച് നൽകിയ ടീപാർട്ടിയായിരുന്നു ആദ്യത്തേത്. മക്കായിൽനിന്നു് തനിച്ചായിരുന്നു ഞാൻ ജിദ്ദയിലേക്ക് പോയത്. ജിദ്ദ ഒരന്താരാഷ്ട്ര പ്രാധാന്യമുള്ള തുറമുഖമായതുകൊണ്ട് ഇംഗ്ലീഷും ഉറദുവും ഉപയോഗപ്പെടുത്തി എമ്പസി ആപ്പീസും മററും കണ്ടുപിടിക്കാമെന്നു് ഞാൻ കരുതി. പക്ഷെ അത്ര എളുപ്പമായിരുന്നില്ല. കുറെ പ്രയാസപ്പെട്ടു സ്ഥലം കണ്ടുപിടിച്ചു. പാർട്ടിയിൽവെച്ച് ഡെലിഗേഷൻ മെമ്പർമാർ, വേൾഡ് മുസ്ലിം ലീഗ് സെക്രട്ടറി ജനറൽ ഉുക അബ്ദുറഹ്മാൻ, ജിദ്ദയിലെ പൌരമുഖ്യന്മാർ, വിദേശരാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ എന്നിങ്ങിനെ

പലരുമായും പരിചയപ്പെടാൻ സാധിച്ചു. ജിദ്ദയിൽ ഉദ്യോഗങ്ങളിലും വ്യാപാരസംരംഭങ്ങളിലും ഏർപ്പെട്ടിട്ടുള്ള കേരള മുസ്ലിംകളിൽ പലരേയും കാണുവാനും സാധിച്ചു.

ടി. ടി. പി. തന്നെ മക്കയിൽ സംഘടിപ്പിച്ച ഒരു ഡിന്നർ പാർട്ടിയായിരുന്നു മറെറാന്നു്. ബോറാ റബാത്തിൽവെച്ചു് നടന്ന ഈ സൽക്കാരത്തിൽ ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിൽനിന്നും ഏതാണ്ട് 25 പേർ വീതം ക്ഷണിക്കപ്പെട്ടിരുന്നു. പലരുമായും പരിചയപ്പെടുവാൻ ഇതു സൌകര്യം നൽകി. മീനായിൽവെച്ചും ടി. പി. പി. ഒരു സൽക്കാരം ഏർപ്പെടുത്തി. ഒരു ചെറിയ സുഹൃൽസംഘമായിരുന്നു അന്നു പാർട്ടിയിൽ പങ്കെടുത്തതു്.

മക്കായിൽ സഊദ്‌രാജാവു് ഒരു വലിയ സൽക്കാരം ഏർപ്പെടുത്തിയിരുന്നു. പക്ഷെ ക്ഷണം തക്കസമയത്തു് കിട്ടാതെ പോയതുകൊണ്ടു് എനിക്കു് അതിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള ഹാജിമാരുടെ പ്രതിനിധികൾ അടങ്ങിയ ഒരു സൽക്കാരമായിരുന്നു അതു്. ഇതിനെല്ലാം പുറമെ വ്യക്തിപരമായ സൽക്കാരങ്ങളുമുണ്ടായിരുന്നു.

## അല്പം രാഷ്ട്രീയം

ഇന്ത്യക്കാരുടെ സൽക്കാരങ്ങളിൽവെച്ചുണ്ടായ സംഭാഷണങ്ങളിൽ ചിലപ്പോൾ അല്പം രാഷ്ട്രീയവും ചർച്ചാവിഷയമായി. മുസ്ലിംകളുടെ സാംസ്കാരിക വ്യക്തിത്വത്തെ നശിപ്പിക്കുവാൻ 1926 മുതൽ സംഘടിതമായ പരിശ്രമങ്ങൾ നടക്കുന്നുണ്ടെന്നും, തങ്ങളുടെ മതബോധവും "ഈമാനും" ശക്തിപ്പെടുത്തി, സ്വഭാവഗുണങ്ങളുടെ മെച്ചംമൂലം അത്തരം പരിശ്രമങ്ങളെ പരാജയപ്പെടുത്തേണമെന്നും ഒരു സഹോദരൻ വാദിച്ചു. രാഷ്ട്രീയ സംഘടനകളുടെ ശക്തമായ പ്രവർത്തനങ്ങൾകൊണ്ടല്ലാതെ മുസ്ലിങ്ങൾക്കു് ഒരു നേട്ടവും ഉണ്ടായിട്ടില്ലെന്നു സമ്മതിച്ചെങ്കിലും, മുസ്ലിംകൾ രാഷ്ട്രീയമായിസംഘടിക്കുന്നതു ശരിയല്ലെന്നും അദ്ദേഹം ശഠിക്കുകയുണ്ടായി. തന്റെ വാദത്തിലുള്ള ആശയക്കുഴപ്പം ചൂണ്ടിക്കാണിച്ചപ്പോൾ നമുക്കു ഒരേ ഒരു പോംവഴി നമ്മുടെ സ്വഭാവഗുണം വളർത്തിയെടുക്കുക മാത്രമാണെന്നു് ആവർത്തിക്കുക മാത്രമെ അദ്ദേഹം ചെയ്തുള്ളു. മറെറാരു സ്നേഹിതൻ മുസ്ലിംങ്ങൾക്കു് രാഷ്ട്രീയമില്ലാത്ത സാമൂഹിക സംഘടനകൾ വേണമെന്നും, അത്തരം സംഘടനകൾ മതിയെന്നും ഒരഭിപ്രായം ഉന്നയിച്ചു. രാഷ്ട്രീയാവകാശങ്ങൾ ഇത്തരം സംഘടനകളുടെ പരോക്ഷമായ സമ്മർദ്ദംകൊണ്ടു നേടേണമെന്നായിരുന്നു ചങ്ങാതിയുടെ പക്ഷം. പാർലിമെണ്ടു് കമ്മിററിയിലെ ഒരംഗം മുസ്ലിംങ്ങൾ രാഷ്ട്രീയമായി സംഘടി

ക്കുന്നതിനെ ശക്തിയായി എതൃത്തു! 'കമ്യൂണൽ' രാഷ്ട്രീയം പാടില്ലെന്നും കേരളത്തിലെ മുസ്ലിംലീഗ് കമ്യൂണൽ അല്ലെന്നും, വടക്കെ ഇന്ത്യയിലെ മുസ്ലിം രാഷ്ട്രീയം-ലീഗ്, ജമാഅത്തെ ഇസ്ലാമി, തഅമീരെ മില്ലത്ത്, ഇത്തിഹാദുൽമുസ്ലിമീൻ മുതലായ സകലതും - കമ്യൂണൽ ആണെന്നും ആണ് അദ്ദേഹത്തിൻെറ അഭിപ്രായം. ലീഗിനെസംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ, അതു ഇന്ത്യയൊട്ടാകെ ഉൾക്കൊള്ളുന്ന ഒരേക സംഘടനയാണെന്നും കേരളത്തിലും വടക്കെ ഇന്ത്യയിലും അതിൻെറ സ്വഭാവം വ്യത്യസ്തമാകുന്നതെങ്ങിനെയെന്ന് മനസ്സിലാകുന്നില്ലെന്നും ഞങ്ങൾ പറഞ്ഞതിന് അദ്ദേഹത്തിന്ന് ഉത്തരമില്ലായിരുന്നു. ഇത്തരം ആശയകുഴപ്പങ്ങൾക്കിടം കൊടുക്കാതെ മുസ്ലിംകൾ ഒരേ ഒരു രാഷ്ട്രീയ പാർട്ടിയുടെ കീഴിൽ സംഘടിക്കുകയും, അവരുടെ സാമൂഹിക സാംസ്കാരിക പരിപാടികൾ വിവിധ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്രായോഗികവും ഫലപ്രദവുമെന്നു ഞാനും, സി. എം. അഹമ്മദ് സാഹിബും മററും വിശദീകരിച്ചു. 'രാഷ്ട്രീയം അധികാര'ത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ്. സഹവർത്തിത്വം അതിൽ എളുപ്പമല്ല. കൂടാതെ ഒന്നിലധികം സ്ഥാപനങ്ങൾ വിഭിന്നമാർഗ്ഗങ്ങളിൽകൂടി കയ്യാളുമ്പോൾ ശക്തി സംഭരിക്കുവാൻ സാദ്ധ്യവുമല്ല. മറിച്ചു സാംസ്കാരിക സാമൂഹിക സാമ്പത്തിക പ്രയത്നങ്ങൾ 'സേവന'മാണ്. എത്ര സംഘടനകൾക്കുവേണമെങ്കിലും സേവനം അർപ്പിക്കാവുന്നതാണ്. അവ തമ്മിൽ സംയോജനം ഉണ്ടാകുന്നതു തീർച്ചയായും നല്ലതുതന്നെ

## സ്റ്റെയ്ററ് പോളിസി

ഫെബ്രുവരി 1-ാംനു. ഞങ്ങളുടെ മക്കാ വാസത്തിലെ അവസാനത്തെ ദിവസം. സുബ്ഹി നമസ്കാരത്തിൽ അന്നു ഇമാം ഓതിയത് സൂറത്തുത്തൌബയിലെ ചില വക്യ (ഖണ്ഡിക)കളായിരുന്നു. ആ സൂറയിലെ എല്ലാ ആയത്തുകളും (വിശുദ്ധ ഖുർആനിലെ എല്ലാം ആയത്തുകളേയും പോലെ) ശാശ്വതമൂല്യങ്ങളുടെ ആവർത്തനവും സ്ഥിരീകരണവുമെന്ന നിലയിൽ ഹൃദയാവർജ്ജകമായിരുന്നു. എങ്കിലും ചില ഭാഗങ്ങൾ പരിസരപ്രാധാന്യം കാരണം പ്രത്യേകം സന്ദർഭോചിതമായിതോന്നി. ആദ്യത്തെ 29 വാക്യങ്ങൾ ഹിജ്റ 9-ാം വർഷം ശവ്വാൽ മാസത്തിലിറങ്ങിയതും സ്റ്റേററ് പോളിസി എന്ന നിലയിൽ ആ വർഷത്തെ ഹജ്ജ് വേളയിൽ അലി (റ) മുസ്ലിം ജനതയെ പ്രത്യേകമായി വായിച്ചുകേൾപ്പിച്ചു പ്രസിദ്ധീകരണം നൽകിയതുമാണ്. സന്ധിയിലേർപ്പെട്ട മിത്രങ്ങളോടും, കപടവിശ്വാസികളോടും, ശത്രുക്കളോടും എങ്ങിനെ പെരുമാറേണമെന്നു ഈ സൂറാ ആദ്യന്തം നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവിൻെറ തൃപ്തി ലഭി

ക്കുന്നത് നിഷ്കളങ്കമായി സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുന്നവർക്കത്രെ. മനസ്സറിഞ്ഞ പ്രായശ്ചിത്തം എപ്പോഴും സ്വീകരിക്കപ്പെടുന്നു. പക്ഷെ കരുതിക്കൂട്ടി കുഴപ്പങ്ങൾ സൃഷ്ടിക്കുകയും സമുദായമദ്ധ്യത്തിൽ ഭിന്നിപ്പുണ്ടാക്കുകയും ചെയ്യുന്നത് ആരായാലും പൊറുക്കപ്പെടുകയില്ല. നാം എപ്പോഴും സത്യവും നീതിയും കൈക്കൊള്ളുന്നവരോട് ചേർന്നു പ്രവർത്തിക്കേണ്ടതാണ്. പള്ളികൾ നിർമ്മിക്കുക, അവ നല്ലനിലയിൽ നോക്കിനടത്തുക, പ്രാർത്ഥനയ്ക്കായും പഠനത്തിനായും പള്ളികൾ സന്ദർശിക്കുക-ചുരുക്കത്തിൽ പള്ളികളിൽ ഇസ്ലാമികമായ ജീവനും പ്രകാശവും വളർത്തിയെടുക്കുക-ഇതെല്ലാം ഏകദൈവവിശ്വാസികൾ തന്നെ ചെയ്യേണ്ട കാര്യങ്ങളാണ്. തൌഹീദിൽ വിശ്വാസമില്ലാത്തവരുടെ സഹായം ഇക്കാര്യത്തിൽ നാം ആശ്രയിക്കരുത്. സാമ്പത്തിക ഗുണങ്ങളോ മററു ലൌകിക സഹായങ്ങളോ ആശിച്ചു പള്ളികളിൽ അനാശാസ്യ പ്രവർത്തനങ്ങൾ അനുവദിക്കരുത്. അങ്ങിനെ ചെയ്യുമ്പോൾ അല്ലാഹുവിലുള്ള വിശ്വാസത്തിനു ഉലച്ചിൽ തട്ടുന്നതാണ്. "അപ്പോൾ അല്ലാഹുവിനോടുള്ള ഭയഭക്തിയുടെയും, (അവൻെറ) തൃപ്തിയുടെയും, മീതെ തൻെറ കെട്ടിടത്തെ അടിത്തറകെട്ടി ഉറപ്പിച്ചവനാണോ ഭേദം, അതോ തകർന്നുവീഴാറായ ഒരു തിട്ടയുടെ വക്കിന്മേൽ തൻെറ കെട്ടിടത്തിനു അടിത്തറ പാകുന്നവനാണോ?....അവരുടെ ഹൃദയങ്ങൾ പൊട്ടിനുറുക്കി (പശ്ചാത്താപം കൊണ്ട്) ഛിന്നഭിന്നമാകുന്നില്ലെങ്കിൽ, അവർ പണിതകെട്ടിടം അവരുടെ ഹൃദയങ്ങളിൽ ഒരു ആശങ്കയായി ക്കൊണ്ടേയിരിക്കും. അല്ലാഹു അറിവുററവനും പരമതന്ത്രജ്ഞനുമത്രെ. വിശ്വാസികളിൽനിന്നും അവരുടെ ജീവനും അവരുടെ മുതലുകളും അല്ലാഹു തീർച്ചയായും വിലക്കു വാങ്ങിയിരിക്കുന്നു....(പശ്ചാത്താപത്തോടെ അല്ലാഹുവിങ്കലേക്കു) തിരിയുന്നവർ, (അവനെ) വണങ്ങുന്നവർ, സ്തുതിക്കുന്നവർ, വ്രതമനുഷ്ഠിക്കുന്നവർ, നമിക്കുന്നവർ, പ്രണമിക്കുന്നവർ, നന്മയെ കല്പിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്നവർ അല്ലാഹുവിൻെറ നിയമപരിധിയെ സൂക്ഷിക്കുന്നവർ-(ഇത്തരക്കാരായ) വിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുക....തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനുള്ളതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു ഒഴികെ നിങ്ങൾക്കു രക്ഷാധികാരിയില്ല, ഒരു സഹായിയും ഇല്ല" (വി. ഖു. 109-116)

## അന്വേഷണം

അടുത്തിരുന്നു ഖുർആൻ ഓതുകയായിരുന്ന ബാഹഖിതങ്ങളോട് സൂറത്തുത്തൗബയിൽ ഏററവും പ്രധാനമായും തങ്ങൾക്കനുഭവപ്പെട്ട ആയത്തു ഏതാണെന്നു ഞാൻ കൗതുകപൂർവ്വം അന്വേഷിച്ചു അൽപനേരം കഴിഞ്ഞു.

"നിശ്ചയമായും അല്ലാഹു (തഖ്‌വാ) സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയുണ്ട് എന്നു അറിയുവിൻ!" (9: 119) എന്ന സൂക്തം കാണിച്ചുതന്നു. വ്യക്തിയുടെ ജീവിതത്തിൽ തഖ്‌വാക്കുള്ള സർവപ്രധാനമായ സ്ഥാനം തങ്ങൾ എപ്പോഴും ഉപദേശിക്കാറുള്ളതും സ്വന്തം ജീവിതത്തിൽ പാലിക്കുവാൻ കഴിവിൻെറ അങ്ങേഅററം പരിശ്രമിക്കാറുള്ളതും ആണ്. വർഷങ്ങൾക്ക്മുമ്പ് മയ്യഴി പൂഴിക്കൽ പള്ളിയിൽ ജുമുഅ: ഉൽഘാടനം ചെയ്യുന്നതിനുമുമ്പ് അടുത്തടുത്തിരുന്നു ഖുർആൻ ഓതിക്കൊണ്ടിരുന്നപ്പോൾ "ഫിത്ന; (മർദ്ദനം) കൊലയേക്കാൾ കടുപ്പമാണ്" (വി. ഖു. 2: 217) എന്ന ആയത്ത് തങ്ങൾ എനിക്ക് കാണിച്ചുതന്നത് ഓർക്കാറുണ്ട്. സാമൂഹ്യജീവിതത്തിൽ കുഴപ്പങ്ങളില്ലാതെ സമാധാനം നിലനിന്നുകാണുവാൻ തങ്ങൾക്കുള്ള ഉൽക്കടമായ ആഗ്രഹത്തെ അത് വ്യക്തമാക്കുന്നു. സമാധാനവും സംതൃപ്തിയുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ തഖ്‌വാക്ക് സാദ്ധ്യമാണെന്നു, അങ്ങിനെയുള്ള ഒരു സമൂഹാന്തരീക്ഷത്തിൽ തഖ്‌വാ ചെയ്തു നാളുകൾ കഴിക്കുകയെന്നതാണ് മനുഷ്യൻെറ ലക്ഷ്യമെന്നും തങ്ങൾ വിശ്വസിക്കുന്നു. തഖ്‌വായുടെ വ്യാപ്തി വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ എല്ലാ ഉത്തരവാദിത്തങ്ങളെയും ഉൾക്കൊള്ളുന്നുവെന്നു പറയേണ്ടതില്ലല്ലോ. തങ്ങളുടെ മതഭക്തി, സമുദായസ്നേഹം, സ്വരാജ്യസ്നേഹം, പ്രായോഗികബുദ്ധി മുതലായ ഗുണങ്ങളെപ്പററി അനേകം അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. അതിൻെറ പേരിൽ ഞാൻ തങ്ങളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു ഹജ്ജിന്റെ എല്ലാ ദശകളിലും തങ്ങൾ തന്ന നേതൃത്വത്തെപ്പററി ഞങ്ങൾ അഭിമാനിച്ചു മദീനായിലേക്കുള്ള യാത്രയെപ്പററിയും മദീനായിലുണ്ടാകുന്ന ഇബാദത്തുകളെപ്പററിയും വ്യക്തമായ നിർദ്ദേശങ്ങൾ തങ്ങൾ തരികയും ചെയ്തു.

## മദീനയിലേക്ക്

ഫെബ്രുവരി 2-ാംനു- മക്കാശരീഫിൽനിന്നു വിടവാങ്ങുകയാണ. ഞങ്ങൾ അഞ്ചുപേർക്കായി ഒരു വലിയ കാറ് ഏർപ്പെടുത്തി-സയ്യിദ് അബ്ദുല്ലാ ബാഫഖി, കാദർകുട്ടിസാഹിബും സഹോദരിയും, ഞാനും ഭാര്യയും. കൂടെയുണ്ടായിരുന്ന മററുള്ളവരെല്ലാം ഹജ്ജിനുമുമ്പ് മദീനാ സന്ദർശിച്ചു കഴിഞ്ഞവരാണ്. ഞങ്ങൾക്ക് മദീനായിൽ ആവശ്യമുള്ള തുണിസമാനങ്ങളും ഭക്ഷണപദാർത്ഥങ്ങളും മററും പേക്ക് ചെയ്ത് കാറിൻെറ ഡിക്കിയിലും മുകളിലും കയററി ഭദ്രമാക്കി ബാക്കി സാമാനങ്ങൾ നേരിട്ട് ജിദ്ദയിലേക്ക് എത്തിക്കുവാനുള്ള ഏർപ്പാടും ചെയ്തു. മൂന്നാഴ്ചത്തെ മക്കാ ജീവിതം അവസാനിക്കുകയാണ്. എന്തു സംഭവബഹുലമായ, എത്രമാത്രം സംതൃപ്തി നൽകുന്ന ജീവിതം! സമാധാനം തുളുന്നമ്പു മു

പുണ്യ പട്ടണം വിടുകയോ? വികാരം നിറഞ്ഞ ഹൃദയങ്ങളുമായി ഞങ്ങൾ കഅ്ബാശരീഫിലേക്ക് ചെന്നു. വിദാഇന്റെ ത്വവാഫ് നിർവ്വഹിച്ചു, (അവസാനമായി?) സുന്നത്ത് നമസ്കരിച്ച് കാറിലേക്ക് മടങ്ങി. കാറിന്റെ അരുകിൽ ഞങ്ങളെ യാത്രയാക്കാൻ ബഹു: തങ്ങളും മററു സ്നേഹിതന്മാരും നിൽക്കുന്നുണ്ടായിരുന്നു. എല്ലാവരോടും അനുവാദമെടുത്ത് പ്രത്യേകം പ്രത്യേകം മുസാഫഹത്ത് ചെയ്തു ഞങ്ങളെല്ലാം കാറിൽ കയറി. കയറുന്നതിനുമുമ്പ് തങ്ങളുടെ അനുവാദം എടുക്കുകയായിരുന്നു. തങ്ങൾ എന്നെ ആലിംഗനം ചെയ്യുകയും, ഞാൻ അദ്ദേഹത്തിന്റെ കരങ്ങൾ പിടിച്ചു ചുംബിക്കുകയും ചെയ്തു. വർഷങ്ങളോളമുള്ള പരിചയവും, പതിനഞ്ച് വർഷങ്ങളോളമുള്ള വളരെ അടുത്ത ബന്ധവും ഞങ്ങൾ തമ്മിലുണ്ടായിരുന്നിട്ടും ഇതിനുമുമ്പൊരിക്കലും ആലിംഗനം ചെയ്യുകയോ കൈ പിടിച്ചു ചുംബിക്കുകയോ ഉണ്ടായിട്ടില്ല. അതു രണ്ടും ഇപ്പോൾ സ്വമേധയാ ഉണ്ടായതാണ്; കഴിഞ്ഞ മൂന്നാഴ്ചത്തെ ജീവിതത്തിൽ വളർന്നുവന്ന "ഈലാഫുൽ ഖുലൂബിന്റെ" ബഹിർപ്രകടനമായിരുന്നു അത്!

ഞങ്ങളുടെ കാർ നീങ്ങി. മദീനാ റോഡ് വഴി വടക്കോട്ട് യാത്രയായി. കാർ സ്പീഡെടുത്തു. മീനായിലേക്ക് പോകുമ്പോഴുണ്ടായിരുന്ന പദയാത്രാ സ്പീഡല്ല. ഒരൊന്നാന്തരം കാർ, ഒരൊന്നാംതരം റോഡിൽ, എൺപതും നൂറും കിലോമീററർ വേഗതയിൽ ഓടുകയാണ്. മുകർറമായ മക്കായിൽനിന്നു മുനവ്വറായ മദീനായിലേക്ക്.

# ഹിജ്റ:, ബദ്ർ_ചരിത്രം തിരുത്തി എഴുതിയ സംഭവങ്ങൾ

ഞങ്ങൾ മദീനാ റോഡിൽകൂടി കുതിച്ചുപായുകയാണ്. എയർകണ്ടീഷൻ ചെയ്ത കാറിലെ റേഡിയോ ചിലപ്പോൾ വല്ല പാട്ടോ ബൈത്തോ കേൾപ്പിക്കും. അല്ലെങ്കിൽ ഡ്രൈവർ ഒരു മൂളിപ്പാട്ട് പാടും. രണ്ടുഭാഗവും വിശാലമായ മരുഭൂമിയാണ്. അങ്ങിങ്ങായി വൃക്ഷലതാദികളില്ലാതെ വരണ്ടുകിടക്കുന്ന കുന്നുകളും, ചുഴലിക്കാററിനാൽ നിർമ്മിതമായ മണൽതിട്ടകളും മാത്രമാണ് ഈ പരപ്പിനെ മുറിക്കുന്നത്. കറുത്തു പളാപളായെന്നു മിന്നുന്ന റോഡിന്മേലും, വെള്ളനിറത്തിൽ പരന്നുകിടക്കുന്ന ഭൂമിയിന്മേലും സൂര്യപ്രകാശം തട്ടുമ്പോഴുണ്ടാകുന്ന മരീചിക കാണുമ്പോൾ ശുദ്ധജലപ്പരപ്പാണെന്നു മാത്രമെ തോന്നുകയുള്ളു. പക്ഷെ വെള്ളം അവിടെ തുമില്ലതാനും. പരന്നു വിശാലമായ ഭൂമിയും, കീലുകൾ കണക്കെയുള്ള

മലകളും, കൃത്രിമ ജലം കാട്ടുന്ന മരീചികയുമെല്ലാം വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള ഉപമകളാണല്ലോ. ഇവ എത്രമാത്രം അർത്ഥവത്താണെന്നു് നേരിട്ടു കാണുമ്പോൾ അനുഭവപ്പെടുന്നു. കുറെ കിലോമീററർ ഓടിക്കഴിയുമ്പോൾ ഒരു കുഗ്രാമവും അൽപം മനുഷ്യജീവിതവും കാണാം. കഴുത്തിനു് താഴെ ദേഹമാസകലം മറക്കുന്ന നീളക്കുപ്പായം, തലയും പിരടിയുമെല്ലാം മറക്കുന്ന തലപ്പാവു്, പാദരക്ഷ-ഇതെല്ലാം ധരിച്ച യുവാക്കളോ ബുർഖധരിച്ച യുവതികളോ ആടുകളെയോ ഒട്ടകങ്ങളെയോ മേയ്ക്കുന്നതു് കാണാം. ശക്തിയായ കാററിൽപറക്കുന്ന മണൽത്തരികളിൽനിന്നു ദേഹത്തിന്നു് രക്ഷ നൽകുവാൻ പററിയ ഡ്രസ്സാണു് നീളക്കുപ്പായവും ബുർഖയും. ജനജീവിതമുള്ളേടത്തു് വെള്ളം ലഭിക്കുന്ന കുഴിക്കിണറോ മറേറാ പ്രതീക്ഷിക്കാം. 30/40 കി. മീ. വിട്ടു യാത്രക്കാരുടെ സൗകര്യത്തിന്നുവേണ്ടി വഴിയമ്പലങ്ങളുണ്ടു്. പെട്രോൾ ബങ്കു്, ശീതളപാനീയങ്ങൾ, ബ്രഡ്ഡു്, ബിസ്കററു്, ആപ്പിൾ മുതലായവ ഇവിടെ കിട്ടും. തന്തൂരിറൊട്ടി, മീൻപൊരിച്ചതു്, കോഴിമുട്ട, ചായ മുതലായവ ചിലേടങ്ങളിൽ ഉണ്ടാകും. ചില സ്ഥലങ്ങളിൽ പാസ്പോർട്ടും മററും പരിശോധിക്കുന്നു. ചെറിയ പള്ളികളില്ലെങ്കിൽ ഹോട്ടലുകളോടു് തൊട്ടു നമസ്കാരത്തിന്നുള്ള സൌകര്യം ഏർപ്പെടുത്തിയിരിക്കും-അതായതു് വൃത്തിയുള്ള ഒരു തറ, അത്രതന്നെ! പലേടങ്ങളിലും വെള്ളം ലഭിക്കേണമെങ്കിൽ കാശുകൊടുക്കണം. കിണറുകളിൽനിന്നു വെള്ളം കോരി പീപ്പകൾ നിറച്ചുവെക്കുന്നതിൻെറ കൂലിയായിട്ടാണു് കാശു് വാങ്ങുന്നതു്. ഒരിടത്തു കാക്കുട്ടിസാഹിബു് ഒരു കുഴിക്കിണററിൻെറ പടവുകൾ ചവിട്ടിയിറങ്ങി വെള്ളം കോരിത്തരികയും ഞങ്ങൾ അതു് യഥേഷ്ടം വുസൂവിന്നും മററും ഉപയോഗിക്കുകയും ചെയ്തു അവിടെനിന്നുതന്നെയാണു് ഒരു നല്ല മീൻ പൊരിച്ചതും തന്തൂരിറൊട്ടിയും ഭക്ഷിച്ചതും. യാത്രാസമയത്തു് കാര്യമായ ഒരു പണി ഞങ്ങളുടെ പക്കലുണ്ടായിരുന്ന ചുക്കപ്പം, മണ്ട മുതലായ പലഹാരങ്ങൾ തിന്നുകൊണ്ടിരിക്കുകയാണു്. ഇതെല്ലാം ഭക്ഷിക്കുമ്പോൾ നാട്ടിലുള്ളവരെപ്പററി ഓർക്കുക സ്വാഭാവികമാണല്ലോ. ചുക്കപ്പം തിന്നുമ്പോൾ സാധാരണയിൽ കുറഞ്ഞ സൈസിലുള്ള മണികൾ കാണുന്നപക്ഷം ചെറുമകൾ സഫൂറയെ ഓർക്കും. കാരണം, 'ഈ ചെറിയ മണികൾ ഞാൻ ഉരുട്ടിയതാണു്. ഇതു് കാണുമ്പോൾ നിങ്ങൾ അതു ഓർമ്മിക്കണം' എന്നു ആ കൊച്ചു മിടുക്കി അവളുടെ ഉപ്പുവുമ്മയോടു് നേരത്തെ അപേക്ഷിച്ചിരുന്നു! ഇങ്ങനെ പ്രവിശാലമായ മരുഭൂമിയിൽ പ്രത്യേകിച്ചു കാണാനൊന്നുമില്ലാതെ, അന്യോന്യം സംസാരിക്കാനൊന്നുമില്ലാതെ വരുമ്പോൾ ഹൃദയം മാത്രം പ്രവർത്തിച്ചുതുടങ്ങുന്നു; ചിന്തകൾ നാനാ ഭാഗവും പറന്നുചെല്ലുന്നു. വീട്ടിലേക്കും നാട്ടിലേക്കും മാനസികമായി അടുപ്പമുള്ള മററു ദിക്കുകളിലേക്കും അതു് ചെന്നെത്തുന്നു. ഞങ്ങൾ ഏർപ്പെട്ടിരിക്കുന്ന യാത്രയെപ്പററി ആഴത്തിൽ ചിന്തിക്കുവാൻ തുടങ്ങി

മക്കായിൽനിന്നു് മദീനായിലേക്ക് എല്ലാ സുഖസൌകര്യങ്ങളോടും കൂടി ഒരുല്ലാസയാത്ര കണക്കെ പോകുകയാണ് ഞങ്ങൾ. വെറും നാലഞ്ചുമണിക്കൂറിന്റെ യാത്ര. സമാധാനം വിളയാടുന്ന ഒരിടത്തുനിന്നു് അതേമാതിരിയുള്ള മറെറാരിടത്തേക്കു്. എന്നാൽ ഞങ്ങൾ ആരുടെ റൌസായിലേക്കാണോ പോകുന്നതു്, ആ മഹാപുരുഷൻ, മുഹമ്മദ്നബി (സ), 1391 വർഷങ്ങൾക്കു് മുമ്പു് തികച്ചും വ്യത്യസ്തമായ സാഹചര്യത്തിൽ മക്കായിൽനിന്നു് മദീനായിലേക്ക യാത്രപോയിരുന്നു. ജന്മദേശമായ മക്കായിൽ സ്വഗോത്രക്കാരുടെ മദ്ധ്യത്തിൽ താമസം അസാദ്ധ്യമായശേഷം മക്കാവാസികൾ ഒന്നുചേർന്നു തിരുമേനി (സ) യെ കൊന്നുകളയുവാൻ പ്ലാനിട്ടു കഴിഞ്ഞപ്പോൾ, രാവിന്റെ കൂരിരുട്ടിൽ അവിടുന്നു മക്കാപട്ടണം വിടുന്നു. വിശ്വസ്ത സഖാവായ അബൂബക്കർസിദ്ദീഖ് (റ) വോടൊപ്പം മൂന്നു് ദിനരാത്രികൾ സൌർഗുഹയിൽ കഴിച്ചുകൂട്ടുന്നു. മുഹമ്മദ്നബി (സ) യുടെ തലയ്ക്കു് മക്കായിലെ ശത്രുക്കൾ വില പ്രഖ്യാപിക്കുകയും, പലരും കുതിരപ്പുറത്തും മററുമായി തിരഞ്ഞുചുററുകയുമാണ്. നബി (സ) യുടെ പാർട്ടി ആരുടെയും കണ്ണിൽപെടാതെ സൂക്ഷിച്ചുവളഞ്ഞും പുളഞ്ഞുമുള്ള മാർഗ്ഗങ്ങളിൽകൂടി കാൽനടയായും ഒട്ടകത്തിന്മേലായും പോകേണ്ടിവന്നു. യാത്ര എത്ര ദിവസമെടുക്കുമെന്നു് യാതൊരു തിട്ടവുമില്ലാതെ, കഷ്ടങ്ങളും പ്രയാസങ്ങളും അപകടങ്ങളും നിറഞ്ഞ ഒരു യാത്രയായിരുന്നു അതു്. മക്കാപട്ടണം വിടുന്നവേളയിൽ വികാരപരവശനായി തിരുമേനി ഇങ്ങിനെ വിലപിച്ചു. "മക്കാപട്ടണമെ, ഞാനിതാ നിന്നോടു വിടവാങ്ങുന്നു. അല്ലാഹുവിന്റെ ഭൂമിയിൽ ഏററവും ഉൽകൃഷ്ടമായ സ്ഥലമാണ് നീ; അവന്റെ ദൃഷ്ടിയിൽ ഏററവും ഇഷ്ടപ്പെട്ടതും. ഇവിടെ നിന്നു് പുറപ്പെട്ടുപോകുവാൻ ഈ നാട്ടുകാർ എന്നെ നിർബ്ബന്ധിതനാക്കിയിരുന്നില്ലെങ്കിൽ, ഞാൻ നിന്നോടു യാത്രപറഞ്ഞു പോകുകയില്ലായിരുന്നു!" 53 വർഷം ആ പുണ്യസ്ഥലത്തു് ജീവിച്ചു്, നല്ലതായി എന്തെല്ലാമുണ്ടോ അതെല്ലാം അതിന്നായിനൽകി, അതിനെ ശുദ്ധീകരിച്ചെടുക്കുവാൻ പാടുപെട്ടശേഷം, തൌഹീദിന്റെ പേരിൽ അല്ലാഹുവിൽ പൂർണ്ണവിശ്വാസം അർപ്പിച്ചുകൊണ്ടു് അന്ത്യവിജയം സത്യത്തിന്നായിരിക്കുമെന്ന ഉറപ്പോടെ ക്ലേശങ്ങളുടെയും അപായങ്ങളുടെയും മുൾക്കാടുകളിൽകൂടി മന്ദമന്ദം നീങ്ങുകയായിരുന്നു തിരുനബി (സ). എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗങ്ങൾ ആശ്ചര്യകരം തന്നെ. ഏററവും സന്നിഗ്ദ്ധവും അന്ധകാര നിബിഢവുമായിരുന്ന അതേ സാഹസിക യാത്രതന്നെയായിരുന്നു ഇസ്ലാമിക ചരിത്രത്തിലെ ഏററവും പ്രധാനമായ ഒരു വഴിത്തിരിവും. പ്രഭാതത്തിന്റെ മുന്നോടിയായ കൂരിരുട്ടായിരുന്നു അതു്. ഈ 'ഹിജ്റ"യോടുകൂടി ഇസ്ലാമിന്റെ പ്രഭാതം ഉദിച്ചു. ഒരു സമുദായമെന്ന

നിലയിൽ, ഒരു രാഷ്ട്രമെന്ന നിലയിൽ, ഇസ്ലാമിക സംസ്കാരവും ജീവിതവ്യവസ്ഥയും രൂപംകൊണ്ടു തുടങ്ങിയത് അതിനു് ശേഷമാണ്. മുസ്ലിങ്ങളുടെ കലണ്ടർ (ഹിജ്റവർഷം) ആരംഭിക്കുന്നതും അതോടൊപ്പം തന്നെ. തീർച്ചയായും ഹിജ്റ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു.

ഞങ്ങൾ സുമാറ് 160 കി. മീററർ യാത്രചെയ്തിരിക്കണം. അസർ അടുത്തതോടെ ഒരു ചെറിയ ഗ്രാമത്തിൽ എത്തി. ഒരു പള്ളിയും കുറെ ഷാപ്പുകളും ഒരു കുഴിക്കിണറും ഉള്ള ഈ ഗ്രാമത്തിൽ ഭക്ഷണം കഴിക്കാനും അല്പം വിശ്രമിക്കാനും ഡ്രൈവർ നിർദ്ദേശം നൽകി. അവിടെ നിന്നു് ചില ഹെക്ടോ മീററുകൾ മാത്രമെയുള്ള 'ബദർ' മൈതാനിയിലേക്ക്. ഞങ്ങൾ അവിടത്തേക്കു് തിരിച്ചു. മണ്ണും കല്ലും മാത്രമായി വിശാലമേറിയ ഒരു മൈതാനം. വടക്കും തെക്കും ചെറിയ കുന്നുകളുണ്ടു്. ഈ കുന്നുകൾക്കിടയിലുള്ള പരന്ന ഭൂപ്രദേശത്തുവെച്ചാണ് ബദർയുദ്ധം നടന്നത്. ശഹീദായ 13 സഖാക്കളുടെ മൃതദേഹം അടക്കം ചെയ്തത് ഇവിടെതന്നെ. നാലുഭാഗവും 8-10 മീററർ സമചതുരത്തിൽ സുമാർ ഒരു മീററർ മാത്രം ഉയരമുള്ള മതിലുകൾ കെട്ടി അടയാളപ്പെടുത്തിയിരിക്കുന്നു. കരിങ്കല്ലു് അടുക്കികെട്ടിയ ഈ മതിലുകൾ വെള്ളപൂശി വൃത്തിയാക്കിവെച്ചിട്ടുണ്ടു്. പരിസരങ്ങൾ വൃത്തിയായിതന്നെ ഇരിക്കുന്നു. അത്രമാത്രം! മതിലുകൾക്കുടുത്ത് ഒരു ധർമ്മപെട്ടിയോ, ഉള്ളിൽ ഒരു മീസാൻ കല്ലുപോലുമോ ഇല്ല. അതിൻെറ ആവശ്യമുണ്ടോ? യുദ്ധത്തിൽ മരിച്ചവരും അല്ലാത്തവരുമായ ശുഹദാക്കളുടെ ഓർമ്മ കോടാനുകോടി മുസ്ലിങ്ങളുടെ ഹൃദയങ്ങളിൽ എല്ലാ കാലവും അവശേഷിക്കുന്നു. ശുഹദാക്കളുടെ സ്ഥിരമായ പാർപ്പിടം സ്വർഗ്ഗവും! അവരെപ്പററി ബഹുമാനവും ആദരവും വെച്ചുകൊണ്ടല്ലാതെ അവരെ ഓർക്കുവാൻ സാധിക്കുകയില്ല. അവർ മാനവലോകത്തിൻെറ സാമൂഹിക സാംസ്കാരിക ചരിത്രം മാററി എഴുതിയവരാണ്. ബദർ യുദ്ധം ഉണ്ടാക്കിത്തീർത്ത സാമൂഹിക സാംസ്കാരിക വിപ്ലവത്തെ അല്ലാമാ യൂസുഫലി വിലയിരുത്തുന്നതു നോക്കുക. "ഹിജറയുടെ ആറോ ഏഴോ വർഷങ്ങൾക്കു് മുമ്പും ഹിജറയുടെ ഒന്നോ രണ്ടോ വർഷങ്ങൾക്കു ശേഷവും, ഇസ്ലാം മനുഷ്യമനഃസാക്ഷിയുടെ മുമ്പിൽ നിശ്ചലമായ നേരിയ ശബ്ദം കണക്കെ, ലോകത്ത് അലതല്ലുകയായിരുന്നു. അത് അധികമൊന്നും ഗൗനിക്കപ്പെട്ടിരുന്നില്ല. ദിവ്യമാണെന്ന അവകാശവാദം ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്തോറും അത് അവഹേളിക്കപ്പെടുകയും, കയ്യേററം ചെയ്യപ്പെടുകയും, മർദ്ദിക്കപ്പെടുകയും, അവസാനം ബഹിഷ്കരിക്കപ്പെടുകയും, പ്രത്യക്ഷത്തിൽ അടിച്ചമർക്കപ്പെട്ടതായി ഗണിക്കപ്പെടുകയും ചെയ്തു. തായിഫിലെ പീഢനങ്ങളും (ഹിജറയുടെ രണ്ടു വർഷം മുമ്പ്) ഹിജറവേളയിലെ വധ ഗൂഢാലോചനയും നടക്കാൻ പോകുന്ന സംഭവങ്ങളായിരുന്നു, എന്നാൽ ദൈവത്തിൻെറ ദൌത്യം

പരാജയപ്പെടുത്താനുള്ളതായിരുന്നില്ല. വിധി നിർണ്ണായകമായ സന്നിദ്ധ ദിനമെന്നു (യൌമുൽഖദർ) ശരിയായും വിളിക്കപ്പെടുന്ന ബദർയുദ്ധം (ഹിജറവർഷം 2=ക്രിസ്തുവർഷം 634) ഇസ്ലാമിൻെറ ആദ്യകാല സംഭവങ്ങളുടെ ബാഹ്യമായ അസന്തുലിതാവസ്ഥക്ക് പരിഹാരം കാണാൻ തുടങ്ങി. അതേകൊല്ലംതന്നെയായിരുന്നു റോമാ പേർഷ്യൻ ബന്ധങ്ങളിലെ ബാഹ്യസംഭവങ്ങളുടെ അസന്തുലിതാവസ്ഥക്ക് ഇസ്സസ്സം പരിഹാരം കാണാൻ തുടങ്ങിയത്. (ഇതു് വിശുദ്ധ ഖുർആൻ പ്രവചിച്ചതാണ് സൂ. 30: 1_4) മഹൽ സംഭവങ്ങൾ ഇനിയും നടക്കാനിരിക്കുന്നതേയുള്ളു. ഇസ്ലാം മുഖേന ഒരു പുതിയ അന്തർലോകം സൃഷ്ടിക്കപ്പെടുകയായിരുന്നു. ഈ ആദ്ധ്യാത്മിക വിപ്ലവം ലോക ചരിത്രത്തിലെ അനന്തവും അതിമഹത്തരവുമായ കാലഘട്ടത്തെയാണ് ഉൾക്കൊള്ളുന്നത്. പൌരോഹിത്യവൃത്തിയും കപടാരാധനയും പുറന്തള്ളപ്പെട്ടനിലയിൽ, വിശ്വാസത്തിലും ജീവിതത്തിലും പരിശുദ്ധത പുനഃസ്ഥാപിക്കപ്പെട്ടു. പരലോകത്തെ മനസ്സിലാക്കുന്നതിന്നുള്ള ആദ്യത്തെ പടിയെന്ന നിലയിൽ, ഈ ജീവിത പരിശുദ്ധിയുടെ പുനഃസ്ഥാപനം യുക്തിയുക്തമായ അന്വേഷണബോധത്തിൻെറയും വിജ്ഞാനത്തിൻെറയും അടിസ്ഥാനത്തിൽ, അന്ധവിശ്വാസത്തെയും തലനാരിഴ കീറുന്ന മതസിദ്ധാന്തങ്ങളെയും പിഴുതെറിയുകയും ചെയ്തു. അതോടുകൂടി 'മതം' എന്നു പറയപ്പെടുന്ന ഒററപ്പെട്ട കാര്യം മാത്രമല്ല, ജീവിത രീതിയും വിചാര വികാരങ്ങളും അപ്പടി നിയന്ത്രിക്കുന്ന ദിവ്യശക്തിയാണ് ദൈവമെന്നു് അംഗീകരിക്കപ്പെടുകയും ചെയ്തു. ഇതായിരുന്നു ഇസ്ലാമിൻെറയും അതിൻെറ ദൌത്യത്തിൻെറയും യഥാർത്ഥ സന്ദേശം. അതിൻെറ ത്യാഗവും സമരവും തുടരുകയാണ്. എന്നാൽ അതൊന്നും നിഷ്ഫലമല്ല. ലോക ചരിത്രത്തിൽ നൂററാണ്ടുകളുടെ മുന്നേററത്തിൽ അതു കാണാവുന്നതുമാണ്."

ഹിജ്റ രണ്ടാം വർഷമാണ് ബദർ യുദ്ധം നടന്നത്. നബി (സ) മക്കയിൽനിന്നു രക്ഷപ്പെട്ടു മദീനയിൽ താമസമുറപ്പിച്ചത് മക്കായിലെ ശത്രുക്കളെ ക്ഷുഭിതരാക്കി. മദീനായിൽ ഒരു കെട്ടുറപ്പുള്ള സമുദായത്തെ വാർത്തെടുക്കുകയാണെന്നും, മുസ്ലിങ്ങൾ ശക്തിയാർജ്ജിച്ചു മക്കായിലേക്കു തിരിച്ചുവരുമെന്നും അവർ സ്വാഭാവികമായും ഭയന്നു. അതിനു് സാവകാശം നൽകാതെ സർവ്വവിധമായ കഴിവുകളും ഒരുക്കൂട്ടി ഒരു ഘോരയുദ്ധം നടത്തി മുസ്ലിംകളെ നാമാവശേഷമാക്കണമെന്നു തീരുമാനിച്ചു, അതനുസരിച്ചു പ്ലാനിടുകയുണ്ടായി. അബുജഹലും, അബൂസുഫ്യാനും (റ) അതിൻെറ എല്ലാ വശങ്ങളും സൂക്ഷ്മമായി ആസൂത്രണം ചെയ്തു. മക്കായിൽനിന്നു ഒരു വലിയ പട്ടാളത്തെയും സിറിയായിൽനിന്നു് മടങ്ങിവരുന്ന വിഭവസമൃദ്ധമായ ഒരു വാണിജ്യ സംഘത്തെയും ബദറിലേക്ക് നയിച്ചു. ആയിരത്തിലേറെ ആയുധ ധാരികളായ ധീരവീരശൂരന്മാരുണ്ടായിരുന്നു അബൂജഹ്ലിൻെറ കൂടെ.

അവർക്കു 700 ഒട്ടകങ്ങളും 100 കുതിരകളും ഉണ്ടായിരുന്നു. എല്ലാവർക്കും എത്ര ദിവസം വേണമെങ്കിലും നിന്നു പൊരുതുവാനാവശ്യമായ ഭക്ഷണസാധനങ്ങളും തയ്യാർ. എന്നാൽ ഇവരോട് പോരാടുവാൻ നിർബ്ബന്ധിതരായി നബി (സ) തിരുമേനിയുടെ കൂടെവന്ന പട്ടാളത്തിൽ ആകെ 313 ഭടന്മാർ, 70 ഒട്ടകം, 3 കുതിര! ഭക്ഷണസാധനങ്ങൾ വളരെ പരിമിതം. ഭടന്മാരിൽ വൃദ്ധന്മാരും കുട്ടികളും ഉൾപെടുന്നു. റംസാൻ മാസത്തിന്റെ മദ്ധ്യം എല്ലാവരും നോമ്പെടുത്തു ക്ഷീണിതരാണ്. 86 പേർ മക്കായിൽനിന്നു ഹിജ്റവന്ന മുഹാജിറുകളാണ്. അവരിൽ പലരുടെയും ജീവിതമാർഗ്ഗങ്ങൾ ഉറപ്പിച്ചുകഴിഞ്ഞിട്ടില്ല. മുഹാജിറുകളായാലും അൻസാരികളായാലും അവരിൽ മിക്കവരും പട്ടാള പരിശീലനം ലഭിച്ചിട്ടില്ലാത്തവരും മുഴുപട്ടിണിയും അരപ്പട്ടിണിയുമായി കഴിയുന്ന പാവങ്ങളുമാണ്. ശരിയായ ആയുധങ്ങളില്ലതാനും. മദീനായിലാണെങ്കിൽ ജൂതന്മാരും കപടവിശ്വാസികളും മുസ്ലിമീങ്ങൾക്കെതിരായി എന്തും ചെയ്യാൻ തക്കം പാർത്തിരിക്കുകയുമാണ്. ഇതെല്ലാം നല്ലപോലെ അറിഞ്ഞിരുന്ന തിരുനബി (സ) സാധാരണ നിലയിൽ യാതൊരാശക്കും വഴിയില്ലാത്ത ആ സന്നിഗ്ദ്ധഘട്ടത്തിൽ ധൈര്യംപൂണ്ട് അനുയായികളെ ചിട്ടയോടെ അണിനിരത്തി അവർക്കുവേണ്ട നിർദ്ദേശങ്ങളും ഉൽബോധനങ്ങളും നൽകി. എത്ര കഠിനതരമായ പരീക്ഷണങ്ങളേയും ധീരധീരം സമീപിച്ച തൌഹീദിന്റെ സന്ദേശത്തിന് ഭൂമിയിൽ സ്ഥിരപ്രതിഷ്ഠ നൽകുവാൻ ദൃഢനിശ്ചയം ചെയ്തു. "അതിനുവേണ്ടി രക്തം ചിന്തുവാനും രക്തസാക്ഷികളാകുവാനും അഹമഹമികയാ മുന്നോട്ടുവന്ന ഈ സജ്ജനങ്ങളിൽ അഭിമാനംകൊണ്ട്." ആവശ്യമില്ലാതെ ഒരു ഉറുമ്പിനെപോലും തൊടാൻ മടിക്കുന്ന തിരുനബി (സ) തപിക്കുന്ന ഹൃദയത്തോട്കൂടി 'അല്ലാഹുവെ, ഈ ചെറുസംഘം നശിച്ചുപോകയാണെങ്കിൽ ഈ ഭൂമുഖത്തു നിന്നെ ആരാധിക്കുവാൻ ആരും ഉണ്ടാകുകയില്ലല്ലോ' എന്നു പരാതിപ്പെട്ടു, അവന്റെ സഹായത്തിനുവേണ്ടി ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.

പ്രാർത്ഥനക്ക് ഉടനെതന്നെ ഉത്തരം ലഭിക്കുകയുംചെയ്തു: "നിങ്ങൾ നിങ്ങളുടെ നാഥനോടു രക്ഷതേടുകയും, തൽഫലമായി തുടരെതുടരെ വരുന്ന ആയിരം മലക്കുകളെക്കൊണ്ട് നിങ്ങളെ ഞാൻ സഹായിക്കുന്നവനാണ് എന്നു അവൻ നിങ്ങൾക്കുത്തരം നൽകുകയും ചെയ്ത സന്ദർഭം ഓർമ്മിക്കുക! നിങ്ങൾക്കു ഒരു സന്തോഷം അറിയിക്കലായും നിങ്ങളുടെ ഹൃദയങ്ങൾ ശാന്തമാക്കുവാൻ വേണ്ടിയും അല്ലാഹു അതിനെ ആക്കിയെന്നേ ഉള്ളു. സഹായം അല്ലാഹുവിങ്കൽനിന്നു തന്നെയാണ്. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു. ഓർമ്മിക്കുക! അല്ലാഹുവിൽനിന്നു ലഭിച്ച നിർഭയാവസ്ഥമൂലം അവൻ നിങ്ങളെ ഒരു നിദ്രാമയക്കത്തിന് വിധേയരാക്കി. ആകാശത്തിൽനിന്നു് അവൻ നിങ്ങൾക്ക് വെള്ളം ഇറക്കിത്തരികയും ചെയ്തു. അതുകൊണ്ട് നിങ്ങളെ

ശുദ്ധീകരിക്കുവാനും, പിശാചിന്റെ മാലിന്യത്തെ നിങ്ങളിൽനിന്നു നീക്കുവാനും, നിങ്ങളുടെ ഹൃദയങ്ങളെ ദൃഢീകരിക്കുവാനും, കാലുകൾ ഉറപ്പിച്ചുനിർത്തുവാനും വേണ്ടി. ഞാൻ നിങ്ങളുടെ കൂടെതന്നെയുണ്ട്. അതിനാൽ വിശ്വസിച്ചവരെ നിങ്ങൾ ഉറപ്പിച്ചുനിർത്തുവിൻ; അവിശ്വസിച്ചവരുടെ ഹൃദയങ്ങളിൽ ഞാൻ ഭയം ഇടും. 'അതുകൊണ്ട് നിങ്ങൾ അവരുടെ കഴുത്തിന് മേലെ വെട്ടുക, അവരുടെ വിരൽകൊടികളെല്ലാം വെട്ടിമുറിക്കുക' എന്നു മലക്കുകൾക്കു നിന്റെ രക്ഷിതാവ് സന്ദേശം അറിയിച്ചപ്പോൾ (നിങ്ങളുടെ കാലുകൾ ഉറപ്പിച്ചുനിറുത്തി)" (വി. ഖു. 8: 9-12)

എന്നാൽ അല്ലാഹുവിന്റെ സഹായം ലഭ്യമാകേണമെങ്കിൽ വിശ്വാസികൾ അതിന്നു ശരിക്കും അർഹരാകണം. അവരോട് അല്ലാഹു കല്പിക്കുകയാണ്: 'വിശ്വസിച്ചവരെ! യുദ്ധസന്നദ്ധരായി നീങ്ങുന്ന അവിശ്വാസികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ അവരിൽനിന്നു പിന്നോട്ട് ഓടരുത്. അവരിൽനിന്നു ആരെങ്കിലും പിന്തിരിഞ്ഞുപോകുന്നതായാൽ- യുദ്ധം ചെയ്യാൻവേണ്ടി സ്ഥലം മാറുന്നവനോ, (സ്വന്തം സൈന്യ) സംഘത്തിലേക്ക് ചെന്നുചേരുന്നവനോ അല്ലാത്ത സ്ഥിതിയിൽ-അല്ലാഹുവിങ്കൽനിന്നുള്ള കോപവുമായി അവൻ മടങ്ങി. അവന്റെ അഭയസ്ഥാനം നരകമാകുന്നു. ആ മടക്കസ്ഥലം എത്ര ചീത്ത!" (വി. ഖു. 8: 15-16) അവർ മടങ്ങുന്നവരായിരുന്നില്ല. അവരുടെ ഈമാൻ സുദൃഢമായിരുന്നു. വിശ്വാസാദർശങ്ങളുടെ സംരക്ഷണത്തിന്നുവേണ്ടി ജീവിക്കുവാനെന്നപോലെ മരിക്കുവാനും അവർ തയ്യാറായിരുന്നു. മരണം ജീവിതത്തിന്റെ അന്ത്യമായിട്ടല്ല, ശാശ്വതമായ പരലോകജീവിതത്തിന്റെ ആരംഭമായിട്ടാണ് അവർ കണ്ടത്. രക്തസാക്ഷിയായിക്കൊണ്ട് ആ ജീവിതം ആരംഭിക്കുന്നത് എത്ര മഹത്തരം!

സുബ്ഹി നമസ്കാരം കഴിഞ്ഞു പ്രഭാതം ആയതോടെ യുദ്ധം തുടങ്ങി. 'അഹദ്, അഹദ്' എന്നു വിളിച്ചോതിക്കൊണ്ട് വിശ്വാസികൾ പോരാടി. ആമിറമായി ദ്വന്ദ്വയുദ്ധം നടത്തി മിഹ്ജഅ് (റ) ശഹീദായി. തുടർന്ന് ഉത്ത്ബത്ത്, ശൈബത്ത്, വലീദ് എന്നീ ശത്രുക്കൾ പടക്കളത്തിലിറങ്ങി മുഹാജിറുകളെ ആഹ്വാനം ചെയ്തപ്പോൾ ഹംസ(റ), അലി (റ), ഉബൈദത്ത് (റ) എന്നിവർ പടക്കിറങ്ങി. ഹംസ (റ) യും അലി (റ)യും പുലികളെപോലെ യുദ്ധം ചെയ്തു ശൈബത്തിനെയും വലീദിനെയും വെട്ടിവീഴ്ത്തി. ഉത്ത്ബത്ത് ഉബൈദത്ത് (റ)വിന്റെ കാലിനു വെട്ടി മുറിവേൽപിച്ചു. ഉടനെ അലി (റ) അങ്ങോട്ട് തിരിഞ്ഞു ഉത്ത്ബത്തിനെ വധിക്കുകയും ഉബൈദത്തി (റ) നെ താങ്ങിയെടുത്തു നബി (സ) യുടെ സന്നിധിയിലേക്കെത്തിക്കുകയും ചെയ്തു. ശത്രുക്കളുടെ സേനാധിപതിയായ ഉത്ത്ബത്ത് വധിക്കപ്പെട്ടതോടെ പരക്കെ യുദ്ധമായി. സർവ്വസന്നാഹങ്ങളോടും കൂടി ശത്രുസൈന്യം ഇരമ്പിക്കയറി. വിശപ്പ് സഹി

ക്കവെയ്യാതെ ഈത്തപ്പഴം തിന്നുകയായിരുന്ന ഒരു സ്ഹാബി അത് വലിച്ചെറിഞ്ഞു മുന്നോട്ട് കുതിച്ചു. ചെറുപ്പക്കാരായ മുആദും മുഅവ്വദും (റ) അബൂജഹ്ലിന്റെ നേരെ കുതിച്ചുചെന്നു. 'അഹദ്', അഹദ്" എന്ന പോർവിളിയോടെ ഘോരഘോര സംഘട്ടനങ്ങൾ നടക്കുകയാണ്. മുആദി(റ) ന്റെ ഇടത്തുകൈ വെട്ടേററ് തൂങ്ങിനിൽക്കുന്നത് ഒരു പ്രതിബന്ധമാണെന്നു കരുതി താൻ തന്നെ ആ കൈ മുറിച്ചുനീക്കി മുന്നോട്ട് പാഞ്ഞു. വീണ്ടും അഹദ്, അഹദ്! ഉക്കാഷ (റ)വിന്റെ വാൾ പൊട്ടി ഉപയോഗശൂന്യമായപ്പോൾ പകരം വാളില്ലാതെ നബി (സ) എടുത്തുകൊടുത്ത ഒരു ഈത്തപ്പനത്തണ്ടുമായി ധീരധീരം പോരാടി. രക്തബന്ധം ഇവിടെ പ്രശ്നമായിരുന്നില്ല. അബൂബക്കർ (റ) സ്വപുത്രനായ അബ്ദുർറഹ്മാനെ വെട്ടി. ഉമർ (റ) അമ്മാവൻ ആസിമിനെ വെട്ടിവീഴ്ത്തി. നബി (സ) യുടെ പിതൃവ്യൻ അബ്ബാസ് (റ) വെയും, പുത്രി സൈനബയുടെ ഭർത്താവ് അബുൽ ആസിനെയും, അലി (റ)യുടെ സഹോദരൻ അഖീലിനെയും ബന്ധനസ്ഥരാക്കി. മുസ്ലിംകളിൽ 13 പേർ പോർക്കളത്തിൽ ശഹീദായി. (കാലിന് മുറിവേററ ഉബൈദത്ത് (റ) പിന്നീട് മദീനയിലേക്ക് നീക്കപ്പെടുന്ന വഴിയിൽവെച്ചാണ് ശഹീദായത്) ശത്രുപക്ഷത്ത് പ്രമുഖനേതാക്കളെല്ലാം കൊല്ലപ്പെട്ടിരുന്നു. ആകെ 70 പേർ വെട്ടേററ് മരിക്കുകയും 70 പേർ ബന്ധനസ്ഥരാവുകയും ചെയ്തു.

ജേതാക്കൾ അല്ലാഹുവിനു ശുക്ർ ചെയ്തു. അല്ലാഹുവിന്റെ അപാരമായ സഹായം കൊണ്ടാണ് അവർക്കു ജയം ലഭിച്ചത് എന്ന് അവർക്ക് ബോധ്യമായിരുന്നു: "എന്നാൽ നിങ്ങളല്ല അവരെ കൊന്നത്. പക്ഷെ അല്ലാഹു അവരെ കൊന്നു. നീ എറിഞ്ഞപ്പോൾ അവർക്കു ഏറു കൊള്ളിച്ചതു് നീയല്ല. പക്ഷെ അല്ലാഹു ഏറ് കൊള്ളിച്ചു. സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽനിന്നു നല്ല അനുഗ്രഹം നൽകുവാൻ വേണ്ടിയും! നിശ്ചയമായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനും ആകുന്നു ഇതാണ് (വസ്തുത); അവിശ്വാസികളുടെ കുതന്ത്രം ബലഹീനമാക്കുന്നവനും അല്ലാഹുവാകുന്നു" (വി. ഖു. 8: 17_18)

അവിശ്വാസികളുടെ കഥ നേരെ മറിച്ചായിരുന്നു. അവർക്കു വിലപ്പെട്ട ഒരാദർശമുണ്ടായിരുന്നില്ല. ചീഞ്ഞു നാറുന്ന ബിംബാരാധനയേയും, കുടുംബപാരമ്പര്യങ്ങളേയും, പ്രശസ്തിയേയും നിലനിർത്തുവാനാണ് അവർ ശ്രമിച്ചതു്. അതെല്ലാം കൺമുമ്പിൽ തവിടുപൊടിയായതു് കണ്ടു് അമ്പരന്നു അവർ വിരണ്ടോടി. നന്മയും തിന്മയും വ്യക്തമായി വേർ തിരിക്കപ്പെട്ടു. "അല്ലയോ സത്യവിശ്വാസികളെ! നിങ്ങൾ അല്ലാഹുവോട് കടമ (തഖ്വാ) സൂക്ഷിക്കുമെങ്കിൽ നിങ്ങൾക്കു അവൻ (നന്മതിന്മകൾ തിരിച്ചറിയുന്നതിനു്) ഒരു വിവേചകത്തെ (ഫുർഖാൻ) തരികയും, നിങ്ങളിൽനിന്നും നിങ്ങളുടെ ദൂഷ്യങ്ങളെ മാററിക്കളയുകയും, നിങ്ങൾക്ക് പൊറുത്തു് തരികയും ചെയ്യും. അല്ലാഹു വലുതായ ഔദാ

ര്യമുടയവനത്രെ! (വി. ഖു. 8: 29)

ബദ്ർയുദ്ധം ഇസ്ലാമിക ചരിത്രത്തിൽ യൌമുൽഖദ്ർ (വിധി നിർണ്ണായക ദിനം) എന്നും, ഫുർഖാൻ (നന്മതിന്മകളുടെ വേർതിരിവ്) എന്നും പറയപ്പെടുന്നു. ഹിജ്റയും ബദ്റും ചരിത്രം തിരുത്തിയെഴുതിയ രണ്ടു സംഭവങ്ങളായിരുന്നു. ഹിജ്റയിൽ ആരംഭിച്ച ഈ നിർണ്ണായകമായ വഴിത്തിരിവ് ബദ്റിൽ സംശയത്തിനിടനൽകാത്ത വിധം വ്യക്തമായി. ഇതിന്റെ സൂത്രധാരന്മാരായിരുന്ന ശുഹദാക്കളുടെ ഓർമ്മ ഹൃദയം കോരിത്തരിപ്പിക്കുകയാണ്. എത്രയും ലളിതമായ അവരുടെ മഖ്ബറ: അവിടെ ഉലുവാനോ ഊദുബത്തിയോ പുകക്കുന്നില്ല. ശിർക്കിലേക്ക് നയിക്കാവുന്ന യാതൊന്നും അവിടെ ഇല്ല. അതുകൊണ്ടുതന്നെ അല്ലാഹുവെപ്പററിയുള്ള ഭയഭക്തിയും, അവൻ സത്യത്തെ അസത്യത്തിൽനിന്നു വേർതിരിച്ചു കാട്ടുന്ന മാർഗ്ഗങ്ങളും സൂര്യപ്രകാശംപോലെ തെളിഞ്ഞുശോഭിക്കുന്നു.

# മസ്ജിദുന്നബവി

ബദ്റിൽനിന്നു പുറപ്പെട്ടു മദീനായിലേക്കുള്ള യാത്ര തുടർന്നു. ഹിജ്റയെപ്പററിയും ജിഹാദിനെപ്പററിയും ചിന്തിച്ചുകൊണ്ടുതന്നെയാണ് യാത്ര: വിശ്വാസം, ത്യാഗം, അദ്ധ്വാനം, സമരം! ആദർശത്തിന്റെപേരിൽ, ഏക ദൈവവിശ്വാസത്തിന്മേലധിഷ്ഠിതമായ ജീവിതവ്യവസ്ഥയുടെ സംസ്ഥാപനത്തിന്റെ പേരിൽ, സർവ്വസ്വവും ബലികഴിച്ചു നാടും വീടും വിട്ടു ഹിജ്റ തിരിക്കുക, അതേ ലക്ഷ്യങ്ങൾക്കു വേണ്ടി കഠിനാദ്ധ്വാനവും യുദ്ധംതന്നെയും ചെയ്യുക, രക്തസാക്ഷികളായി മരിക്കുക_ഇതാണ് നാം കണ്ടത്. ഇസ്ലാം മാനവലോകത്തു എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചുവോ, എന്തെല്ലാം വിപ്ലവങ്ങൾ സൃഷ്ടിച്ചുവോ, അതിന്റെയെല്ലാം ജനയിതാക്കൾ കടന്നുപോയ പരീക്ഷണങ്ങൾ കൺമുമ്പിൽ കാണുകയാണ്. "സത്യത്തിൽ വിശ്വാസം കൊണ്ടവരും സ്വദേശത്തുനിന്നു ബഹിഷ്കൃതരായി ഹിജ്റ പോയവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്തവരും ആരോ അവർ അല്ലാഹുവിന്റെ കാരുണ്യത്തെ പ്രത്യാശിക്കുന്നു. അല്ലാഹു സർവ്വദാ പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമത്രെ." (വി. ഖു. 2_218) ഇതു ഒരു ചരിത്രസത്യമാണ്, എന്നും സത്യമായി നിലകൊള്ളുകയും ചെയ്യും.

ഇങ്ങിനെ ഹിജ്റയെപ്പററിയും തുടർന്നുണ്ടായ പരിവർത്തനങ്ങളെപ്പററിയും ബദ്റിനെപ്പററിയും മററും മററും ചിന്തിച്ചുകൊണ്ടിരി

ക്കവെ വിദ്യുദീപങ്ങളാൽ അലംകൃതമായ മദീനാ നഗരം ദൃശ്യമായി. ഇശാ ആയിക്കഴിഞ്ഞിരുന്നു. മസ്ജിദുന്നബവിയുടെ ഉയരമുള്ള മിനാരത്തുകളും പച്ചപൂശിയ ഖുബ്ബയും കാഴ്ചയിൽ പെട്ടു. കണ്ണുകൾക്ക് കുളിർമ്മ നൽകുന്ന ഈ കാഴ്ച വീണ്ടും ചിന്തയെ 1391 വർഷങ്ങൾക്കു മുമ്പു റബീഉൽ അവ്വൽ മാസത്തിൽ തിരുനബി (സ) മദീനായിൽ പ്രവേശിച്ച ആ സുദിനത്തിലേക്ക് തിരിച്ചുവിട്ടു. മദീനാ നിവാസികൾ ആബാലവൃദ്ധം-സ്ത്രീകളും പുരുഷന്മാരും – ഹൃദയാവർജ്ജകമായ ഒരു സ്വീകരണമാണ് അന്നു തിരുനബി (സ) ക്കു നൽകിയതു്. നമുക്ക് സുപരിചിതമായ 'ത്വലഅൽബദ്റു അലൈനാ' എന്ന ബൈത്തു പാടിക്കൊണ്ട് അവർ സ്വാഗതമരുളി: ''വദാഅ്'' മലയിടുക്കിലൂടെ പൂർണ്ണചന്ദ്രൻ ഇതാ ഉദിച്ചു വരുന്നു. നാം അല്ലാഹുവോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കാലമത്രയും അവനോട് കൃതജ്ഞത പ്രകടിപ്പിക്കേണ്ടത് നമ്മുടെ കടമയായിത്തീർന്നിരിക്കുന്നു. ഞങ്ങളിലേക്കു നിയോഗിക്കപ്പെട്ടിട്ടുള്ള പുണ്യപൂമാനെ! അനുസരിക്കപ്പെടേണ്ട സന്ദേശവുമായാണ് അവിടുന്നു വന്നിട്ടുള്ളത്. പ്രതാപത്തിൻെറ-ഇസ്സത്തിൻെറ – ഉടയാട ഞങ്ങൾ അണിഞ്ഞിരിക്കുന്നു; ഒളിമങ്ങാത്ത പ്രകാശത്തോടെതന്നെ. ചാർച്ചയുടെ മുലപ്പാൽ ഞങ്ങൾക്കുട്ടപ്പെട്ടു, മുലകുടിയുടെ നാളുകൾക്കു മുമ്പുതന്നെ! ഞങ്ങളുടെ അനുസരണം അർഹിക്കുന്ന നേതാവെ! അങ്ങു സർവ്വരിലും സുന്ദരനാണ്; അവിടുന്നുതന്നെ സൌന്ദര്യമാണ്!'' തീർച്ചയായും നബി (സ) തിരുമേനിയുടെയും, സഖാക്കളുടെയും ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു കഴിഞ്ഞു.

ഞങ്ങൾ നേരെ ഞങ്ങളുടെ മുസല്ലിം സയ്യിദ്ഹാശിം ബാഫഖിയുടെ ആപ്പീസിൽചെന്നു. അദ്ദേഹത്തിൻെറ സഹായത്തോടെ മൂന്നുനാലു പാർപ്പിടങ്ങൾ നോക്കിയശേഷം 200 റിയാൽ വാടകയ്ക്കു നല്ല സൌകര്യമുള്ള രണ്ടു മുറികൾ എടുത്തു. ഒന്നിൽ രണ്ടുസ്ത്രീകളും, മറെറതിൽ മൂന്നു പുരുഷന്മാരും താമസമാക്കി. സ്ത്രീകളുടെ മുറിയിൽ ഭക്ഷണം പാകം ചെയ്യുവാൻ സൗകര്യമുണ്ടാക്കി, കുളിമുറി മുതലായ സൌകര്യങ്ങൾ വേറെയും ഉണ്ടായിരുന്നു. സ്ത്രീകളെ അവിടെവിട്ടു ഞങ്ങൾ മൂന്നുപേരും വെളിയിൽ ചെന്നു ഒരു കെറസിൻസ്റ്റവ്വും എണ്ണയും ചില്ലറ ഭക്ഷണസാധനങ്ങളും മേടിച്ചുകൊണ്ടുവരികയും, നമസ്കാരവും രാത്രി ഭക്ഷണവും കഴിഞ്ഞു ഉറങ്ങുകയും ചെയ്തു. ഭാഷാ പരിചയം പോരാഞ്ഞതിനാൽ മണ്ണെണ്ണ കണ്ടുപിടിക്കുവാൻ അല്പം പ്രയാസപ്പെട്ടിരുന്നു. മദീനായിൽ അന്നു നല്ല ശീതമായിരുന്നു.

മദീനാശരീഫിൽ പത്തുദിവസങ്ങൾ കഴിച്ചുകൂട്ടി. ചുരുക്കം ചില സന്ദർഭങ്ങളിലൊഴിച്ച് എല്ലാ നമസ്കാരവും മസ്ജിദുന്നബവിയിൽ വെച്ചുതന്നെ നിർവ്വഹിച്ചു. ആൾത്തിരക്ക്കൊണ്ട് മിക്കപ്പോഴും വെളിയിൽ പള്ളിമുററത്തും റോഡരുകിലും കടത്തിണ്ണയിലും മററും മുസല്ലവിരി

ച്ചിട്ടാണ് നമസ്കാരം നിർവ്വഹിച്ചത്. സന്ദർഭം കിട്ടുമ്പോൾ പള്ളിക്കകത്തുതന്നെ കയറി നമസ്ക്കരിച്ചു. ചില അവസരങ്ങളിൽ റൌസാ ശരീഫിൽ വെച്ചുതന്നെ നമസ്ക്കരിക്കുവാനും അവിടെയിരുന്നു ഓതുവാനും, പ്രാർത്ഥിക്കുവാനും ചിന്തിക്കുവാനും സാധിച്ചു. സന്ദർഭം കിട്ടിയപ്പോഴെല്ലാം റൌസാശരീഫിൽ വെച്ചു സിയാറത്ത് ചെയ്യുവാനും വിട്ടുപോയില്ല. ഈ ഇബാദത്തുകളെല്ലാം വളരെ സംതൃപ്തി നൽകുന്നവയും ഭയഭക്തി ഉണ്ടാക്കുന്നവയുമായിരുന്നു. ഈ പുണ്യദേവാലയത്തെ കേന്ദ്രമാക്കിക്കൊണ്ട് റസൂൽ കരീം (സ) തിരുമേനിയും സഖാക്കളും കെട്ടിപ്പടുത്ത ജീവിതരീതി, വളർത്തിയെടുത്ത സമുദായം, കൈവരിച്ച നേട്ടങ്ങൾ-ഇവയെല്ലാം മനസ്സിൽ കൂടി തെരുതെരെ കടന്നുപോയിക്കൊണ്ടിരുന്നു. 1300 വർഷങ്ങൾക്ക് മുമ്പു ഇവിടെയുണ്ടായിരുന്ന പള്ളി, അതോടുചേർന്ന ഭവനം, ഇതെല്ലാം എത്ര ലളിതമായിരുന്നു! കല്ലും കട്ടയും പടുത്തുയർത്തിയ, ഈത്തപ്പനയുടെ തടിമുറിച്ചു നിരത്തി ഓലമേഞ്ഞ ലളിതമായ മുറികൾ. എന്നാൽ സൽഗുണസമ്പന്നന്മാരും വീരശൂരരുമായ മനുഷ്യർ; അവർ തങ്ങളുടെ ചുററും എന്താണ് നടക്കുന്നത് എന്നു അറിയാത്തവിധം ഏകാഗ്രചിത്തരായി പ്രാർത്ഥിക്കുന്നു, ആവശ്യം വരുമ്പോൾ വാളെടുത്തു പുലികളെപ്പോലെ യുദ്ധം ചെയ്യുന്നു, മററ സമയങ്ങളിൽ ജിഹാദിന്നു തയ്യാറെടുക്കുന്നു. അവരുടെ നേതാവോ? സർവ്വലോകങ്ങൾക്കും അനുഗ്രഹമായി ജനിച്ച, സർവ്വ സൃഷ്ടികളിലുംവെച്ചു ശ്രേഷ്ഠനായ, മുഹമ്മദ് മുസ്തഫാ (സ) മക്കായിൽ ഉദിച്ചു മദീനായിൽ പ്രകാശിച്ച ആ വെളിച്ചം, ലോകം മുഴുവനും മിന്നിത്തിളങ്ങി ഇന്നും മാനവസമുദായത്തിന്നു മാർഗ്ഗദർശനം നൽകിക്കൊണ്ട് അതു പ്രശോഭിച്ചുതന്നെ ഇരിക്കുന്നു.

മസ്ജിദുന്നബവി കഴിഞ്ഞ 14 നൂററാണ്ടുകളിൽ പല അവസരങ്ങളിലായി വിപുലീകരിക്കപ്പെട്ടിട്ടുണ്ട്. അതൊരു നീണ്ട കഥയാണ്. 1951-55ൽ സഊദിരാജാവ് അബ്ദുൽ അസീസ് മർഹൂം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അത് വലിയ തോതിൽ വിപുലീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്തു. പത്തുകോടിയോളം രൂപാ ചിലവഴിച്ചുചെയ്ത ഈ വിപുലീകരണത്തോടുകൂടി പള്ളിയങ്കണം 16,326 ചതുരശ്രമീററായിത്തീർന്നിരിക്കയാണ്. താഴെനില മാത്രമുള്ള ഈ പള്ളിയിൽ നാൽപതിനായിരം പേർക്കു ഒന്നിച്ചു നമസ്കരിക്കാവുന്നതാണ്. ഹജ്ജ്കാലത്തു ഈ സ്ഥലം തീരെ മതിയാകുന്നില്ല. വെളിയിൽ മൂന്നു ഭാഗവും സൌകര്യമുള്ളേടത്തെല്ലാം മുസല്ല വിരിച്ചു നമസ്കരിക്കുകയാണ് ജനക്കൂട്ടം ചെയ്യുന്നത്. ഇനിയും കൂടുതൽ സ്ഥലം സൌകര്യപ്പെടുത്തുവാൻ സഊദി ഗവർമ്മെണ്ട് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കഅബാ ശരീഫം മസ്ജിദുന്നബവിയും പരിഷ്കരിക്കുകയും, അവിടങ്ങളിൽ കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടു

ത്തുകയും, അവയർഹിക്കുന്ന രീതിയിൽ മോടികൂട്ടുകയും ചെയ്യുന്നകാര്യത്തിൽ സഊദിഗവമ്മെണ്ട് ഒട്ടുംതന്നെ അശ്രദ്ധ കാണിച്ചിട്ടില്ല. ഇപ്പോഠം പണിതീർന്നിരിക്കുന്ന മസ്ജിദുന്നബവി സാരസൻ ശില്പകലയുടെ അതിമനോഹരമായ ഒരു നേട്ടമാണ്. വടക്കുവശത്തെ മുററത്തിരുന്നുകൊണ്ട് അതിൻെറ ഓരോ സവിശേഷതയും നോക്കിക്കണ്ടാസ്വദിക്കുന്നത് ഹൃദയത്തിനും മസ്തിഷ്കത്തിനും ഒരുപോലെ സംതൃപ്തി നൽകുന്നു. ഈ പുണ്യസൗധത്തിൻെറ മുൻ (വടക്ക്) ഭാഗം 70 മീററർ ഉയരത്തിൽ അതിമനോഹരമായ രണ്ട് മിനാറത്തുകഠം ഉണ്ട്. തെക്കുവശത്തെ രണ്ടററങ്ങളിൽ വേറെ രണ്ട് മിനാറത്തുകളും, റൌസാ ശരീഫിൻെറ മുകളിലെ ഒരു ഖുബ്ബയും നേരത്തെയുള്ളവയാണ്. നാല്ല് മിനാറത്തുകളിൽ നാലു പേർ നിന്നുകൊണ്ടാണ് ഒരേ സമയത്തു് ബാങ്ക്‌വിളിക്കുന്നത്. കഅബാശരീഫിലേത്പോലെ ഒരൊററ മുഅദ്ദിൻ ബാങ്ക് വിളിക്കുന്ന ഏർപ്പാട് ഇവിടെയും വരുന്നതാണെന്നു് അറിയുന്നു. പരമ്പരാഗതരായി ബാങ്ക് വിളിച്ചുകൊണ്ട് വന്നിട്ടുള്ള ആളുകളെ തൽക്കാലം തുടർന്നുപോകുവാൻ അനുവദിച്ചിരിക്കുകയാണ്.

മസ്ജിദുന്നബവിയുടെ അളവുകളോടുകൂടിയ ഒരു ശരിയായ പ്ലാൻ എനിക്കു കിട്ടിയിട്ടില്ല. പുസ്തകങ്ങളിൽ കാണുന്ന കരടുപ്ലാനുകളെ ആധാരമാക്കിയും, ഭാര്യയുടെയുംകൂടി സഹായത്തോടെ തൂണുകഠം എണ്ണിയും കാലടികഠം വെച്ചും തിട്ടപ്പെടുത്തിയും, സുമാർ അളവുകഠം സ്വീകരിച്ചും ഒരു പ്ലാൻ തയ്യാറാക്കിയതു് പുസ്തകത്തിൻെറ അവസാനത്തിൽ കൊടുത്ത ചിത്രത്തിൽ കാണാം. അതിൽ **A. C. T. S.** ഇപ്പോഴത്തെ പള്ളികെട്ടിടത്തിൻെറ അതിരുകളാണ്. കിഴക്കുപടിഞ്ഞാറു സുമാറു 120 മീററർ വീതിയും തെക്കുവടക്ക് സുമാർ 170 മീററർ നീളവും കാണും നടുവിലായി **u, v, w, x,** എന്നിവ നാലുകെട്ടു മുററങ്ങളാണ്. ഈ മുററങ്ങളൊഴിച്ചു ബാക്കിസ്ഥലം മുഴുവൻ ടെർറസ് (മട്ടുപ്പാക്ക്) കൊണ്ടു മൂടിയിരിക്കുന്നു. ഇതിനു 232 തൂണുകഠം ഉണ്ടു്. തെക്കുകിഴക്കു ഭാഗത്തു് **Defgrp** എന്ന അടയാളമിട്ടു കാണിച്ച സ്ഥലമാണ് നബികരിം (സ) നിർമ്മിച്ച പള്ളി. ഇതു് സുമാർ 50 മീററർ ചതുരം കാണും. അതിൽതന്നെ **Delk** എന്നതു തിരുമേനി താമസത്തിന്നുപയോഗിച്ച ബീബിആയിശാ (റ)യുടെ വീടാണ്. അതിനു വടക്ക് ബീബിഫാത്തിമ (റ) യുടെ വസതി ആയിരുന്നു. ഇതെല്ലാം ഇരുമ്പഴികളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ് ഇപ്പോഠം. ഉള്ളിലേക്കു ആർക്കും പ്രവേശനമില്ല. ബീബി ആയിശായുടെ വീടായിരുന്ന സ്ഥലത്തു്, അതായത്, **DELK** യിൽ റസൂൽകരീം (സ) തിരുമേനിയുടെയും, സഖാക്കളായ അബുബക്കർ (റ), ഉമർ (റ) എന്നിവരുടെയും ഖബറുകഠം സ്ഥിതിചെയ്യുന്നു. അവയെ ചുററിവരഞ്ഞിട്ടുള്ള വൃത്തത്തിനു മുകളിലാണ് റൌസാശരീഫിൻെറ പച്ചനിറത്തിലുള്ള ഖുബ്ബ. **EFML** റൌസാശരീഫ് തന്നെ. ഇതിൻെറ പുണ്യം ഹദീസ്ശരീഫിൽ

വന്നിട്ടുള്ളതാണ്. ഇവിടെനിന്നു് പ്രാർത്ഥിക്കുന്നതു പുണ്യമേറിയ ഇബാദത്താണ്. **H** നബി (സ) നമസ്കരിച്ച മിഹ്റാബും, **J** തിരുമേനി ഉപയോഗിച്ച മിമ്പർ നിന്ന സ്ഥലവുമത്രെ. **M** എന്നത് ഇപ്പോഠം മുബല്ലിഗ് നമസ്കരിക്കുന്ന ഉയർന്ന സ്ഥലമാണ്. **NOPQ** അസ്ഹാബുസ്സഫ്ഫ തങ്ങിയ സ്ഥലമാകുന്നു. അവിടെ അവർ അനേകനാഠം താമസിക്കുകയും പ്രാർത്ഥനയിലും പഠനത്തിലും സമയം ചിലവഴിക്കുകയും ചെയ്തു. ഇവരിൽനിന്നാണ് നമുക്ക് ഏററവുമധികം ഹദീസുകഠം ലഭ്യമായതു്. 1 മുതൽ 10 വരെ അക്കമിട്ടു കാട്ടിയിട്ടുള്ളതു കവാടങ്ങളാണ്. 1 എന്നതു ബാബു ജിബ്രീൽ, 2 എന്നതു് ബാബുന്നിസാഅ്. ഒന്നാമത്തേതിൽകൂടി മലക്ക് ജിബ്രീൽ (അ) വന്നതായും, രണ്ടാമത്തേത് തിരുമേനി (സ) യുടെ കാലത്തു സ്ത്രീകഠംക്കുള്ള പ്രവേശന വഴിയായിരുന്നുവെന്നും അറിയുന്നു. ഇപ്പോഠം 2, 3, 4 എന്നീ കവാടങ്ങഠം മിക്കവാറം സ്ത്രീകളാണ് ഉപയോഗിക്കുക. ജമാഅത്തായുള്ള നമസ്കാരങ്ങളിൽ സ്ത്രീകഠം ഈ വാതിലുകളുടെ ഭാഗത്ത്-അതായതു പള്ളിയുടെ കിഴക്കെ പകുതിയിൽ സഫ്ഫ്‌സഫ്ഫായി സ്ഥലം പിടിക്കുന്നു. പള്ളിയുടെ പുറത്തു കിഴക്കെ പകുതി സ്ത്രീകഠംക്കുവേണ്ടി നീക്കിവെച്ചിരിക്കുകയാണ്. ജമാഅത്തിനു് ചില നിമിഷങ്ങഠംക്കുമുമ്പ് സ്ത്രീകളുടെ സിയാറത്ത് നിർത്തലാക്കുന്നു. അങ്ങിനെ സ്ത്രീകളും പുരുഷന്മാരും കിഴക്കും പടിഞ്ഞാറുമായി അണിനിരന്നു, തെക്കോട്ടു ഖിബ്ലയെ അഭിമുഖീകരിച്ചു അച്ചടക്കത്തോടുകൂടി എല്ലാവരും നമസ്കരിക്കുകയാണ്.

സിയാറത്തു് വളരെ കണിശമായി നിയന്ത്രിക്കപ്പെടുന്നു. 'അസ്സലാമു അലൈക്ക യാ റസൂലല്ലാഹ്!' 'അസ്സലാമു അലൈക്ക യാ അബാബക്കർ!' 'അസ്സലാമു അലൈക്ക യാ ഉമർ!'–എന്നു സലാം ചൊല്ലുകമാത്രമാണ് സിയാറത്ത്. ദുആ ചെയ്യുന്നതു് അല്ലാഹുവോടാണ്. അതു് ഏതാണ്ടെപ്പോഴും ഖിബ്ലയെ (തെക്ക്) അഭിമുഖീകരിച്ചിട്ടാണ്താനും. ഇരുമ്പഴികഠംക്കുള്ളിലുള്ള മഖ്ബറകഠം കാണുവാനും മററും ജനങ്ങഠം തിങ്ങിക്കൂടി പരിശ്രമിക്കാറുണ്ട്. ചിലർ കാണും, ചിലർക്കു കാണുവാൻ സാധിക്കുകയില്ല. സ്ത്രീകഠംക്കാണ് കാണുവാൻ നിർബ്ബന്ധം. അച്ചടക്കം പാലിക്കുവാനും, അനാവശ്യങ്ങഠം തടയുവാനും പോലീസ് എപ്പോഴും ജാഗരൂകരാണ്. എന്റെ ഭാര്യ പോലീസുകാരുടെ സഹായത്തോടെ എല്ലാം സൂക്ഷിച്ചുനോക്കി. ഇരുമ്പഴികളിലെ വൃത്താകൃതിയിലുള്ള തുളയിൽകൂടി ഉള്ളിലേക്കു് നോക്കുവാൻ സാധിച്ചതു് അവസാനത്തെ ദിവസം മാത്രമായിരുന്നു. അതു് അവരുടെ ജീവിതത്തിലെ ഏററവും പ്രധാനമായ അനുഭവങ്ങളിലൊന്നായി അവർ ഓർക്കുകയാണ്. മറെറാന്നു ഹജ്റുൽ അസ്വദിനെ ചുംബിച്ചതാണ്. റൌസാശരീഫ് പരിസരങ്ങളിൽ ശിർക്കിലേക്കു് നയിക്കുന്ന യാതൊന്നും ചെയ്യുവാൻ അനുവദിക്കുകയില്ല. ഏററവും വലിയ അക്ഷരങ്ങളിൽ

'അപ്പോാം അറിയുക നിശ്ചയമായും അത്-അല്ലാഹുവല്ലാതെ ആരാധന ക്കർഹൻ ഇല്ലതന്നെ!' എന്ന വിശുദ്ധവാക്യം അവിടെ എഴുതിവെച്ചി ട്ടുണ്ട്.

പ്ലാനിലേക്ക ഒന്നുകൂടി നോക്കുക. റൌസാശരീഫും തൊട്ടുകിട ക്കുന്ന സ്ഥലങ്ങളും. എന്നിട്ടു ചിന്തയെ 1390 വർഷങ്ങൾമുമ്പ്, ഹിജ്റ 1 മുതൽ തുടങ്ങി 10-30 വർഷങ്ങൾ അവിടെ നടന്ന സംഭവബഹുല മായ ചരിത്രത്തെപററി ഓർമ്മിക്കുക. മുഹമ്മദ് നബി (സ), അബൂ ബക്കർ, ഉമർ, ഉസ്മാൻ, അലി, തൽഹ, സുബൈർ, അബ്ദുറഹ്മാനു ബ്നു ഔഫ്, ബിലാൽ, ഹസൻ, ഹുസൈൻ, ഖാലിദ്, അബൂ ഹുറൈറ, അനസ്, ആയിശ, ഫാത്തിമ (റ) ഇങ്ങിനെ എത്രയെത്ര പേർ! ഇവരെല്ലാം നമസ്കരിച്ച സ്ഥലം, ഇസ്ലാം പഠിച്ച അതിൻെറ ശിക്ഷണത്തിൽ വളർന്നസ്ഥലം, സമുദായ കാര്യങ്ങളും രാജ്യകാര്യ ങ്ങളും ചർച്ചചെയ്തു തീരുമാനങ്ങളെടുത്ത സ്ഥലം, ജിഹാദിനു് ആഹ്വാനം നൽകുകയും തയ്യാറെടുക്കുകയും ചെയ്ത സ്ഥലം! ചരിത്രത്തി ൻെറ താളുകൾ തെരുതെരെ മറിഞ്ഞു മറിഞ്ഞു പോകുകയാണ്. ആ ചുരുങ്ങിയ 10-30 വർഷങ്ങളിൽ എന്തെല്ലാം സംഭവിച്ചു; ലോകഗതി എങ്ങിനെ തിരുത്തിയെഴുതി! അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, വലില്ലാഹിൽ ഹംദ്.

# ഉഹ്ദ്, ഖന്തക്ക്, ഹുദൈബിയ

ബദ്റ് സന്ദർശിച്ചപ്പോഴുണ്ടായ വികാരങ്ങൾ കെട്ടടങ്ങുന്നതിനു് മുമ്പ് ഉഹ്ദും തുടർന്നു് ഖന്തക്കും സന്ദർശിച്ചു. ചിന്ത ചരിത്രത്തി ലേക്ക് തിരിഞ്ഞു. മുസ്ലിം സമൂഹത്തിനു് എണ്ണവും വണ്ണവും കൂടിവരി കയായിരുന്നു. എന്നാൽ അവരോടുള്ള എതിർപ്പിനും ശക്തി ഏറിവരിക യായിരുന്നു. മദീനായിലും പരിസരങ്ങളിലുമുള്ള ജൂതന്മാരും, മുസ്ലിംക ളുടെ ഇടയിൽതന്നെ കടന്നുകൂടിയ കപടവിശ്വാസികളും എപ്പോഴും അപ കടങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. ബദ്റിൽ തങ്ങൾക്കുണ്ടായ തോൽ വിക്ക് പകരംവീട്ടുവാനും, മുസ്ലിംകളുടെ ശക്തി നശിപ്പിക്കുവാനും തയ്യാ റെടുത്തുകൊണ്ടു് അബൂസുഫിയാൻെറ നേതൃത്വത്തിൽ ഖുറൈശികൾ മദീനയുടെ നേരെ കുതിച്ചുവരികയാണ്. സർവ്വ സന്നാഹങ്ങളോടു കൂടിയ മൂവ്വായിരത്തോളം വരുന്ന സേനയിൽ ഇരുനൂറോളം കുതിരപ്പടയാ ളികളും, എഴുനൂറോളം പടയങ്കി ധരിച്ച കാലാൾപടയും ഉണ്ടായിരുന്നു. ഇവക്ക് വീര്യം കൂട്ടുന്നതിനു് പാട്ടുപാടിയും, മുദ്രാവാക്യംമുഴക്കിയുംകൊണ്ടി രുന്ന ധാരാളം സ്ത്രീകളും ഉണ്ടായിരുന്നു. ഇവർക്കെതിരായി പ്രതിരോധം

സംഘടിപ്പിക്കുവാനും, ഏററുമുട്ടുവാനും നബി (സ) തിരുമേനി തെരഞ്ഞെടുത്തത് മദീനായുടെ വടക്ക് സുമാർ 5 കി മീ. ദൂരെയുള്ള ഉഹ്ദ് മലകളുടെ അടിവാരമാണ്. എഴുന്നൂറ് പട്ടാളക്കാരും (അതിൽ ഇരുന്നൂർ പേർ മാത്രം പടയങ്കിയുള്ളവർ) ചെറിയ കുതിരപ്പട്ടാളവും–ഇതായിരുന്നു മുസ്ലിംകളുടെ ഭാഗത്തുണ്ടായിരുന്നത്. സുബൈറിബ്നു അവാമി(റ)ന്റെ നേതൃത്വത്തിൽ കുതിരപ്പട്ടാളത്തെയും, ഹംസ (റ) വിൻെറ നേതൃത്വത്തിൽ കാലാൾപടയേയും അണിനിരത്തി. അബ്ദുല്ലാഹിബ്നുജുബൈർ (റ)ൻെറ കീഴിൽ 50 വില്ലാളികളെ പുറകളിലുള്ള ഒരു മലയിടുക്ക് കാത്തുസൂക്ഷിക്കുവാനും നിറുത്തുകയുണ്ടായി. എന്തുതന്നെ സംഭവിച്ചാലും ഈ സ്ഥലം വിടരുതെന്ന് അവർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയിശ (റ), ഉമ്മുസലീത്ത് (റ), ഉമ്മുസലീം (റ), ഉമ്മുആമിറ (റ) എന്നിങ്ങനെ കുറെ മഹിളാരത്നങ്ങളും യോദ്ധാക്കളെ സഹായിക്കുവാനുണ്ടായിരുന്നു. ഹിജറ 3 ശവ്വാൽ 7ന് യുദ്ധം തുടങ്ങി. ഹംസ (റ) യും അലി (റ) യും ദ്വന്ദ്വയുദ്ധത്തിൽ തൽഹയേയും മകനേയും വകയിരുത്തി. പിന്നെ പരക്കെയുള്ള പടയായി. ഹംസ (റ), അലി (റ), അബൂദുജാന (റ) എന്നിവരും മററും ഇടവും വലവും കയറി വെട്ടി ശത്രുക്കളുടെ ഇടയിൽ ഭീതി സൃഷ്ടിച്ചു. മുസ്ലിംകളോട് രക്ഷയില്ലെന്ന് കണ്ട് അവർ പിന്മാറി. തങ്ങൾ ജയിച്ചുവെന്ന് കരുതി മുസ്ലിം പട്ടാളക്കാർ അണികൾ വിടുകയും യുദ്ധമുതലുകൾക്കായി പരക്കംപായുകയും ചെയ്തു. മലയിടുക്കു കാത്തുനിന്ന വില്ലാളികളും ഇതിൽ പങ്ക്ചേരാൻ ശ്രമിച്ചു. ആ തഞ്ചം നോക്കി ഖാലിദ് (റ) തൻെറ പട്ടാളക്കാരെയുംകൂട്ടി മുസ്ലിംപടയുടെ പിന്നിൽ ചാടിവന്നു ആക്രമണം തുടങ്ങി. എല്ലാം കുഴപ്പമായി മാറി നബി (സ) മരണപ്പെട്ടുപോയി എന്ന കിംവദന്തി പരത്തിവിട്ടു. പക്ഷെ നബി (സ) അചഞ്ചലനായി നിന്നുകൊണ്ട് നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. മുസ്ലിംപട ചെയ്തുപോയ തെററ് മനസ്സിലാക്കി വീണ്ടും അണിനിരന്നു നബി (സ) യുടെ നേരെ ചീറിപാഞ്ഞുവരുന്ന അസ്ത്രങ്ങളെ തടുക്കുവാൻ തിരുമേനിക്കുചുററും അവർ ഒരു മനുഷ്യമതിൽതന്നെ ഉണ്ടാക്കി. മുറിവേററു ആസന്നമരണവുമായി മല്ലിട്ടുകൊണ്ട് നബി (സ) യുടെ അരികിലെത്തിയ സിയാദ് (റ) തൻെറ തല നബി (സ)യുടെ കാലിൽ ചായ്ച്ചുവെച്ചു. ഉമ്മു അമ്മാറ (റ) നബി (സ)യുടെ നേരെ വരികയായിരുന്ന ഒരു വെട്ട് തൻെറ ചുമലിൽ ഏററുവാങ്ങി. അബൂദുജാന (റ) നബി (സ) യുടെ മുന്നിൽ നിന്നുകൊണ്ട് തൻെറ ദേഹത്തിൽ അനേകം അസ്ത്രങ്ങൾ സ്വീകരിച്ചു. തൽഹ (റ) കൈകൊണ്ട് പല വെട്ടുകളും തടഞ്ഞു. അവസാനം കൈ നഷ്ടപ്പെട്ടു. ഇസ്ലാമിലേക്ക് അടുത്തുവരികയായിരുന്ന സാമിത്തിബിനു് അംറ് ദീനിൽ പ്രവേശിക്കുകയും പടവെട്ടി ശഹീദാകുകയും ചെയ്തു. നബി (സ) തിരുമേനിയുടെ തലയിലും മുഖത്തും മുറിവ് പററുകയും ഒരു പല്ല് തെറിച്ചുപോകുകയും ചെയ്തു. ആകെ 70 മുസ്ലിംകൾ

രക്തസാക്ഷികളായി, 40 പേർക്ക് മുറിവുപററി. ഖുറൈശികൾക്ക് നഷ്ടപ്പെട്ടത് 30 പേർ മാത്രമാണ്. എങ്കിലും അവസാനവിജയം മുസ്ലിംകളുടേതായിരുന്നു. അവരുടെ അച്ചടക്കവും, ധൈര്യവും, വിശ്വാസദാർഢ്യവും ശത്രുസേനയെ നിഷ്ക്രിയരാക്കി. അവർ പെട്ടെന്നു പിന്മാററി വിരണ്ടോടുകയും ചെയ്തു.

മുസ്ലിംകൾ ഉഹദ് യുദ്ധത്തിൽ പല പാഠങ്ങളും പഠിച്ചു. അനുസരണക്കേട്, അച്ചടക്കരാഹിത്യം, അത്യാഗ്രഹം—ഇതെല്ലാം അപകടകരമായ ദോഷങ്ങളാണ്. തിരുമേനിയുടെ വിശ്വാസദാർഢ്യത, മനഃസമാധാനം, ധൈര്യം മുതലായ ഗുണങ്ങൾ അവർക്കു മാതൃക നൽകി. ആദർശത്തിൽ വിശ്വസിച്ചു, സ്ഥൈര്യമായി, അചഞ്ചലമായി, പൂർണ്ണമായ ബോധത്തോടുകൂടി ഒററക്കെട്ടായി നിൽക്കുക, നേതൃത്വത്തെ അനുസരിക്കുക, ചെയ്തുപോയ പിഴവുകളെപ്പററി പശ്ചാത്തപിച്ചു അവയിൽനിന്നു പിന്മാറുക, അല്ലാഹുവിൽ സർവ്വസ്വവും അർപ്പിക്കുക—എന്നാൽ വിജയം നിശ്ചയം—ഇതെല്ലാം അവർക്ക് ബോധ്യമായി. ഇതിനെപ്പററി വിശുദ്ധ ഖുർആൻ കൽപിക്കുന്നത് നോക്കുക:

"അല്ലാഹുവിൻെറ അനുമതിയോടെ, നിങ്ങൾ അവരെ വധിച്ച സന്ദർഭം. അല്ലാഹു അവൻെറ വാഗ്ദാനം നിങ്ങൾക്ക് നിറവേററി തന്നു. നിങ്ങൾ കാമിക്കുന്നതായ (സ്വത്ത്) അവൻ നിങ്ങളെ കാണിച്ചതിനുശേഷം നിങ്ങൾ (മനഃ) ശക്തി കെടുകയും, (നിങ്ങൾക്ക് നല്കപ്പെട്ട) കൽപനയെക്കുറിച്ചു നിങ്ങളന്യോന്യം തർക്കിക്കുകയും, നിങ്ങൾ അനുസരണക്കേട് കാട്ടുകയും ചെയ്തുവരെ; നിങ്ങളിൽ ഈ ലോകത്തെ ആഗ്രഹിക്കുന്ന ചിലരുണ്ട്, പരലോകത്തെ ആഗ്രഹിക്കുന്ന ചിലരുമുണ്ട്. പിന്നീട് നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടി അവരിൽനിന്നും നിങ്ങളെ അവൻ തിരിച്ചുവിട്ടു. അവൻ നിങ്ങൾക്ക് തീർച്ചയായും മാപ്പ്തന്നു. അല്ലാഹു വിശ്വാസികളോട് ഔദാര്യമുള്ളവനത്രെ" (വി. ഖു. 3: 152)
"അതുകൊണ്ട് നിങ്ങൾ (മനഃ)ശക്തി വിടരുത്; നിങ്ങൾ ദുഃഖിക്കുകയുമരുത്; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ, നിങ്ങൾ തന്നെ മികച്ചുനിൽക്കും. നിങ്ങളെ ഒരു മുറിവ് ബാധിച്ചെങ്കിൽ, അപ്പോൾ അതുപോലൊരു ക്ഷതം അക്കൂട്ടരേയും ബാധിച്ചിട്ടുണ്ട്; (ജയാപജയങ്ങൾ ഇടവിട്ടുവരുന്ന) ഈ ദിവസങ്ങൾ നാം മനുഷ്യരുടെയിടയിൽ മാററിമാററിക്കൊടുക്കുന്നു. വിശ്വാസികളെ അല്ലാഹു അറിയുന്നതിനും, രക്തസാക്ഷികളെ നിങ്ങളിൽനിന്ന് എടുക്കുന്നതിനും വേണ്ടി. അല്ലാഹു അക്രമികളെ സ്നേഹിക്കുന്നില്ല" (വി. ഖു. 3: 139-140)
"പറയുക: ആധിപത്യത്തിന്നു അധിരാജനായ അല്ലാഹുവേ! നീ നിശ്ചയിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു; നീ നിശ്ചയിക്കുന്നവരിൽ നിന്നും നീ ആധിപത്യം എടുത്തുകളയുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ ഉയർത്തുന്നു, നീ ഉദ്ദേശിക്കുന്നവരെ നീ താഴ്ത്തുന്നു. എല്ലാ നന്മയും

നിൻെറ കൈയിൽ തന്നെ; നിശ്ചയമായും നീ എല്ലാററിനും കഴിവുള്ളവനത്രെ. രാത്രിയെ പകലിലേക്ക് നീ കടത്തുന്നു. പകലിനെ രാത്രിയിലേക്കും നീ കടത്തുന്നു. ജീവനുള്ളതിനെ നിർജ്ജീവിയിൽ നിന്നും നീ പുറപ്പെടുവിക്കുന്നു, നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നീ വിഭവങ്ങൾ നൽകുകയും ചെയ്യുന്നു" (വി. ഖു. 3: 26_27).

ഉഹദ്ദ് ശുഹദാക്കളുടെ ഖബർ അവിടെ തന്നെയാണുള്ളത്. എല്ലാവരേയും ഒരു ഖബറിൽതന്നെ അടക്കുകയാണുണ്ടായത്. എല്ലാവരേയും പ്രത്യേകം പ്രത്യേകം കഫൻ ചെയ്യുവാൻ വേണ്ടത്ര തുണി ഉണ്ടായിരുന്നില്ല. ബദറിനെപററി പറഞ്ഞതുപോലെ ഇവിടെയും മഖാമും ജാറവും കൊടികുത്തുമൊന്നുമില്ല. ഒരു പള്ളി ഇവിടെയുണ്ട്. ഞങ്ങൾ സുന്നത്ത് നമസ്കരിക്കുകയും, ശുഹദാക്കൾക്കുവേണ്ടിയും, അവരുടെ മാതൃകയേ പിൻപററി ജീവിക്കുവാൻ സമുദായത്തിനു കരുത്തും കഴിവും നൽകുവാൻ വേണ്ടിയും അല്ലാഹുവോട്ട് പ്രാർത്ഥിക്കുകയും ചെയ്തു.

ഉഹ്ദിൽനിന്നു് ഞങ്ങൾ ഖന്തക്കിലേക്കുപോയി. ഇവിടെയായിരുന്നു മൂന്നാമതും ഖുറൈശികൾ അവരുടെ സർവ്വശക്തിയും ഉപയോഗിച്ചു മുസ്ലിംകളെ തകർക്കുവാൻ യുദ്ധംചെയ്തതു്. ഇത്തവണ അവർ മുസ്ലിംകളോടു വിരോധമുള്ള മററു ഗോത്രക്കാരെയും കൂട്ടുപിടിച്ചു. അബുസുഫിയാൻെറ നേതൃത്വത്തിൽ മക്കക്കാർതന്നെ 4000 പേർ ഉണ്ടായിരുന്നു. ഇതിൽ 300 കുതിരയും 1000 ഒട്ടകവും പെടും. മററു ഗോത്രക്കാരുംകൂടി ആ പട്ടാളത്തിൽ ഒട്ടാകെ പതിനായിരത്തിലധികം പേർ ഉണ്ടായിരുന്നു. വാസ്തവത്തിൽ മുസ്ലിംകളുടെ നേരെ അറബിഗോത്രങ്ങളെല്ലാം ചേർന്നുനടത്തിയ ഒരാക്രമണമായിരുന്നു അതു്. ശത്രുക്കൾ വരുന്നുവെന്നറിഞ്ഞ ഉടനെ നബി (സ) സഖാക്കളുമായി ആലോചിക്കുകയും സൽമാനുൽ ഫാരിസി (റ) യുടെ അഭിപ്രായം സ്വീകരിച്ചു ഒരു കിടങ്ങു കീറി അതിൻെറ പിന്നിൽ അണിനിരന്നു പ്രതിരോധം സംഘടിപ്പിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു.

അർദ്ധചന്ദ്രാകൃതിയിലുള്ള ഒരു പർവ്വതനിരയുടെ അടിവാരത്തിലാണ് മുസ്ലിംകൾ താവളമുറപ്പിച്ചതു്. അവരുടെ മുമ്പിൽ മലനിരകളുടെ രണ്ടററങ്ങളും ബന്ധിച്ചുകൊണ്ടു അർദ്ധവൃത്തത്തിൽ ഒരു കിടങ്ങുകീറുകയുണ്ടായി. അതിൻെറ ചില അവശിഷ്ടങ്ങൾ ഇപ്പോഴും കാണാമായിരുന്നു. കിടങ്ങിൻെറ നീളം സുമാറ് 6 കിലോമീററും, വീതി 10 മീററും, ആഴം 5 മീററും ആയിരുന്നു. ഈ മൂന്നുലക്ഷം ക്യൂബിക്ക്മീററർ മൺവേല മൂവ്വായിരം സന്നദ്ധഭടന്മാർ ചേർന്നു ജോലിചെയ്തു മൂന്നാഴ്ചകൊണ്ടു മുഴമിച്ചു. എല്ലാ നേതാക്കന്മാരും നബി (സ) തിരുമേനി തന്നെയും കഠിനമായി ജോലി ചെയ്തിരുന്നു. ജോലിയിൽ മുഴുകി ഒരു ദിവസം

അവർ നമസ്കാരം താമസിച്ചുപോയതിനാലുളവായ അമർഷം സഹിക്കവയ്യാതെ ഇതിന്ന് കാരണക്കാരായവരെ ശപിക്കുകപോലും ചെയ്തതായി രേഖപ്പെട്ടുകാണുന്നു. മററു പലരും ശ്രമിച്ചിട്ട് പൊട്ടാതെകിടന്ന ഒരു പാറക്കല്ല് നബി (സ) തിരുമേനി ഊക്കോടെ അടിച്ചു പൊട്ടിച്ചതായും ഓരോ പാറക്കഷ്ണവും പൊട്ടിവീണപ്പോൾ "ഇതാ, യമൻ നമ്മൾ പിടിച്ചടക്കി, ശ്യാമും മഗ്‌രിബും നമ്മൾക്കു കീഴടങ്ങി, പേർസ്യയെ നമ്മൾ കീഴ്പെടുത്തി." എന്നു പ്രവചിച്ചതായും സൽമാനുൽ ഫാരിസി (റ) പ്രസ്താവിച്ചിട്ടുണ്ട്.

കിടങ്ങിന്റെ പണിതീരുമ്പോഴത്തേക്കു് അതായത് ഹി 5 ശവ്വാൽ മാസം ശത്രുക്കൾ മദീനാ പരിസരത്ത് എത്തിക്കഴിഞ്ഞിരുന്നു. അവർ എണ്ണത്തിൽ വളരെ ഉണ്ടായിരുന്നുവെങ്കിലും ഈ "കിടങ്ങ്" അവർ പ്രതീക്ഷിച്ചിരുന്നില്ല. കുതിരകളും ഒട്ടകങ്ങളും കിടങ്ങിന്റെ വക്കോളം എത്തും, അവിടെ അന്ധാളിച്ചുനിൽക്കും. കടക്കുവാൻ ശ്രമിച്ചാൽ മുസ്ലിംകളുടെ അസ്ത്രം അവരുടെനേരെ ചീറിപ്പാഞ്ഞുവരും. അവർ പിന്തിരിഞ്ഞോടും. ചാടിക്കടക്കാൻ ശ്രമിച്ചവർ കുഴിയിൽ വീണുചാവും. വാളിനും കുന്തത്തിനും പ്രയോജനമില്ലാതായി. രണ്ടുഭാഗവും അസ്ത്രപ്രയോഗമെ സാദ്ധ്യമായുള്ളു. അതുകൊണ്ടു് യുദ്ധം അനേക ദിവസങ്ങളിലേക്ക് നീണ്ടുനിന്നു. ഇങ്ങനെ നീണ്ടുപോകുന്നതിൽ മനംമടുത്തിട്ടായിരിക്കാം ഒരു ദിവസം അംറബ്‌നു അബ്ദുവുദ്ദും കൂട്ടുകാരും എങ്ങിനെയോ കിടങ്ങു താണ്ടി പടവെട്ടുവാൻ പാഞ്ഞുവന്നു. അലി (റ) അയാളെ വെട്ടിവീഴ്ത്തി. തുടർന്നുനടന്ന യുദ്ധം കഠിനകഠോരമായിരുന്നു. പക്ഷെ അതൊരു തീരുമാനത്തിലെത്തിയില്ല. ശത്രുക്കൾ മറെറാരടവു പ്രയോഗിച്ചു. മുസ്ലിംകളുമായി സന്ധിയിലായിരുന്ന ബനൂഖുറൈസാ ഗോത്രത്തെ കബളിപ്പിച്ചു മുസ്ലിംകളെ പിന്നിൽനിന്നും ആക്രമിക്കാൻ അവരെ പ്രേരിപ്പിച്ചു. ഇതു തീർച്ചയായും ഒരു മഹാപാതകമായിരുന്നു. ഈ വിവരം നബി (സ) അറിഞ്ഞപ്പോൾ അശേഷം കലുങ്ങാതെ "അല്ലാഹു മഹോന്നതനാണ്. ഞങ്ങൾക്കു് അല്ലാഹു മതി. അത്യുത്തമനായ കാര്യനിർവ്വഹകനാണവൻ!" (വി. ഖു. 3: 173) എന്നു പറയുക മാത്രമെ ചെയ്തുള്ളു. യുദ്ധഭൂമിയുടെ വിശാലത, പ്രതിരോധ ദിവസങ്ങളുടെ ദൈർഘ്യം, എണ്ണത്തിലുള്ള കുറവ്, സാമഗ്രികളിലുള്ള കടുത്ത ദാരിദ്ര്യം, പട്ടിണി, ഉറക്കമില്ലാത്ത രാവുകൾ, കപടവിശ്വാസികളുടെ ചതി, മദീനായിൽ തങ്ങളുടെ വീടുകളിൽ കഴിയുന്ന കുടുംബാംഗങ്ങളെപ്പററിയുള്ള ആകാംക്ഷ—ഇതെല്ലാം മുസ്ലിംകളുടെ ക്ഷമയെ അങ്ങേഅററം പരീക്ഷിച്ചുകൊണ്ടിരിക്കുമ്പോഴാണ് ബനൂഖുറൈസായുടെ പിൻഭാഗത്തുനിന്നുള്ള കുത്ത്! മുസ്ലിംകൾ മുമ്പൊരിക്കലും ഇത്രയും കഷ്ടതരമായ ഒരവസ്ഥ അനുഭവിച്ചിരുന്നില്ല. ഉഹ്ദിൽ അവർക്കു കഠിനമായ പരീക്ഷണം നേരിടേണ്ടിവന്നിരുന്നു പക്ഷെ അതെല്ലാം ഒന്നുരണ്ടു ദിവസങ്ങൾ മാത്രമായിരുന്നു. ഇവിടെ

പരീക്ഷണം നീണ്ടുനീണ്ടു പോവുകയാണ്. വിശുദ്ധ ഖുർആൻ ഇതിനെ പററി പറഞ്ഞതു നോക്കുക. "നിങ്ങൾക്കു മീതെകൂടിയും നിങ്ങളുടെ താഴെക്കൂടിയും അവർ നിങ്ങൾക്കെതിരെവന്ന സന്ദർഭം (ഓർക്കുക). ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാളങ്ങളിൽ എത്തുകയും (പല) വിഭാവനകൾ അല്ലാഹുവെക്കുറിച്ചു നിങ്ങൾ നിനക്കുകയും ചെയ്ത സന്ദർഭം!" (വി ഖു. 33: 10) എന്നാൽ മുസ്ലിംകൾ ക്ഷമ കൈവെടിഞ്ഞില്ല. അന്തിമവിജയം അവരുടെതാണെന്നതിൽ അവർക്കു സംശയമില്ലായിരുന്നു. വീടുകളിലെ സ്ത്രീജനങ്ങളും ധൈര്യം അവലംബിച്ചുതന്നെ ഇരുന്നു. അവരെ ഉപദ്രവിക്കാൻ ഒററതിരിഞ്ഞുവന്ന കശ്മലന്മാരെ അവർ തന്നെ നേരിട്ടു വകവരുത്തി

ശത്രുക്കൾക്കും പ്രയാസങ്ങൾ കുറവല്ലായിരുന്നു. കാലദൈർഘ്യം അവരുടെ പ്രയാസങ്ങളെ വർദ്ധിപ്പിച്ചു. കാലാവസ്ഥയും മാറിത്തുടങ്ങി. പെട്ടെന്നു ഒരു രാത്രി ഒരു കൊടുങ്കാററുണ്ടാകുകയും തമ്പുകൾ പൊളിഞ്ഞു താറുമാറാകുകയും കുതിരകളും ഒട്ടകങ്ങളും അന്തമില്ലാതെ അങ്ങുമിങ്ങുംഓടിത്തുടങ്ങുകയും, എല്ലാം കുഴങ്ങിമറിയുകയും ചെയ്തു ഉടൻ പിൻവലിയുന്നതാണ് നല്ലതെന്ന് അബൂസുഫിയാൻ നിശ്ചയിച്ചു. അങ്ങിനെ ഖന്തക്ക് യുദ്ധം അവസാനിച്ചു. അല്ലാഹു പറയുന്നു: "അല്ലയോ വിശ്വാസികളെ, സൈന്യങ്ങൾ നിങ്ങൾക്കെതിരെ വന്നപ്പോൾ നിങ്ങളുടെ മേൽ ഉണ്ടായ അല്ലാഹുവിൻെറ അനുഗ്രഹത്തെ ഓർക്കുവിൻ! അപ്പോൾ അവർക്കെതിരെ ഒരു കൊടുങ്കാററിനെയും, നിങ്ങൾ കാണാത്തതായ സൈന്യങ്ങളേയും നാം അയച്ചു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കാണുന്നവനത്രെ!" (വി. ഖു. 33-9)

ഖന്തക്ക് യുദ്ധം നടന്ന പ്രദേശത്ത് അടുത്തടുത്തായി ആറ് പള്ളികൾ ഉണ്ട്. സൽമാനുൽഫാരിസി (റ), അബൂബക്കർ (റ), ഉമർ (റ), ഉസ്മാൻ (റ), അലി (റ) ഫാത്തിമ (റ) എന്നിവരുടെ പവിത്രനാമങ്ങളിൽ അറിയപ്പെടുന്നവയാണ് ഈ പള്ളികൾ. ഞങ്ങൾ ഒന്നു രണ്ടു പള്ളികളിൽ ചെന്നു നമസ്കരിച്ചു. അല്പം ഉയരെ ആയി മലമുകളിൽ മറെറാരു പള്ളിയുണ്ട്. അതിന് 'മസ്ജിദുൽ ഫത്തഹ്' (വിജയത്തിൻെറ പള്ളി) എന്നു പേർ. ഇവിടെയായിരുന്നു നബി (സ) കേമ്പു ചെയ്തതു; വിജയകരമായി പര്യവസാനിച്ച ഖന്തക്ക് യുദ്ധത്തിന്നു നേതൃത്വം നൽകിയതും.

തിരുനബി (സ) എവിടെ ആയാലും അതു് വിജയത്തിൻെറ കേന്ദ്രം തന്നെയാണല്ലൊ. മസ്ജിദുൽ ഫത്തഹ് സ്ഥിതിചെയ്യുന്ന കുന്നിന്മേൽ വെച്ചാണ് 'സൂറത്തുൽ ഫത്തഹ്' (വി. ഖു 48) ലഭിച്ചത് എന്നു റിപ്പോർട്ടുണ്ട്. ഇത് ഹുദൈബിയാ സന്ധിയെ ഓർമ്മിപ്പിക്കുന്നു. മക്കായുടെ വടക്ക് സുമാർ 5 കി. മീ ദൂരെ മക്കാ ജിദ്ദാ റോഡിന്നടു

ത്താണ് ഹുദൈബിയ്യാ. ഹിജ്റ 6, ദുൽഖഅദ് മാസം നബി (സ) യും 1400-1500 സഖാക്കളും ഉംറക്കായി മക്കായിലേക്കു പോകുകയായിരുന്നു. ആയുധങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇത് മക്കക്കാർ ഇഷ്ടപ്പെട്ടില്ലെന്നു പറയേണ്ടതില്ലല്ലോ. അവർ ഇത് തടയുവാനും, മുസ്ലിംകളോട് യുദ്ധം ചെയ്യുവാനും തയ്യാറായി. പക്ഷെ യുദ്ധത്തിൽ ജയിക്കുമെന്ന പ്രതീക്ഷ അവർക്കില്ലായിരുന്നു. ഒരേറാമുട്ടൽ ഒഴിവാക്കണമെന്ന് നബി (സ) തിരുമേനിക്കും ആഗ്രഹമുണ്ടായിരുന്നു. അങ്ങിനെ സന്ധി സംഭാഷണം നടക്കുകയും താഴെ പറയുന്ന പ്രധാന വ്യവസ്ഥകളടങ്ങിയ ഒരു സന്ധി ഒപ്പിടുകയും ചെയ്തു: (1) പത്തു വർഷത്തേക്കു ഇരു വിഭാഗങ്ങളും തമ്മിൽ യുദ്ധം ഉണ്ടാകരുത് (2) ഏതു് വ്യക്തിക്കും ഗോത്രത്തിനും ഏതെങ്കിലും ഒരു വിഭാഗത്തിൽ ചേരുവാനും, അവരുമായി കൂട്ടുകെട്ടുണ്ടാക്കുവാനും പാടുണ്ട്. (3) ഒരു മക്കാനിവാസി മദീനായിൽ നബി (സ) യുടെ ഭാഗത്തു ചേർന്നാൽ അയാളെ മക്കായിലേക്കു മടക്കി അയക്കേണം. (4) മറിച്ച്, മദീനായിൽനിന്നു ആരെങ്കിലും മക്കായിലേക്കു ചെന്നാൽ അയാളെ മടക്കി അയക്കേണ്ടതില്ല. (5) മുസ്ലിംകൾ മക്കായിൽ പ്രവേശിക്കാതെ മടങ്ങി പോകണം. അടുത്ത കൊല്ലം അവർക്കു മക്കായിൽ വന്നു ഹജ്ജുചെയ്യുവാൻ സൌകര്യം നൽകും.

പ്രത്യക്ഷത്തിൽ മുസ്ലിംകൾക്ക് പരാജയമാണെന്നു തോന്നിക്കുന്ന ചില വ്യവസ്ഥകൾ ഇതിൽ ഉള്ളതുകൊണ്ട് മുസ്ലിംകളിൽ ചിലർ ഈ സന്ധിയെപ്പററി അസന്തുഷ്ടരായിരുന്നു. പക്ഷെ അവരെല്ലാം അവരുടെ നേതാവിൻെറ ദീർഘദൃഷ്ടിയിൽ പൂർണ്ണമായും വിശ്വസിച്ചു, സന്ധിവ്യവസ്ഥകൾ അക്ഷരത്തിലും അർത്ഥത്തിലും പാലിക്കുകയും ചെയ്തു. എന്നാൽ ഈ സന്ധിയുടെ ഫലം മുസ്ലിംകൾക്ക് തികച്ചും ഗുണകരമായിട്ടാണ് പര്യവസാനിച്ചത്.

മക്കാവാസികൾ മദീനായിലേക്കും, ചിലപ്പോൾ മദീനയിലെ മുസ്ലിംകൾ മക്കായിലേക്കും സ്വമേധയാ പോയിത്തുടങ്ങി. ഇസ്ലാമിനെപ്പററിയും, മുസ്ലിംകളെപ്പററിയും സത്യസന്ധമായ വിവരങ്ങൾ കൈമാറുവാൻ സാധിച്ചു. അമുസ്ലിംകൾ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് പ്രവേശിക്കുവാൻ തുടങ്ങി. ഇതാണ് ഹുദൈബിയാസന്ധി ഒരു വ്യക്തമായ വിജയമാണെന്നു തെളിയിച്ചത്. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക:- "തീർച്ചയായും വ്യക്തമായ വിജയത്തെ നിനക്ക് നാം അനുവദിച്ചുതന്നിരിക്കുന്നു മുൻ കടന്നതും മേൽവരാനുള്ളതുമായ നിൻെറ തെററുകളിൽ പെട്ടത് അല്ലാഹു നിനക്ക് പൊറുത്തുതരുന്നതിനും, നിന്നിൽ അവൻെറ അനുഗ്രഹത്തെ പൂർത്തിയാക്കുന്നതിനും, നേരായ മാർഗ്ഗത്തിൽ നിന്നെ നയിക്കുന്നതിനും, ശക്തിയുററ സഹായത്താൽ നിന്നെ അല്ലാഹു സഹായിക്കുന്നതിനുംവേണ്ടി. തങ്ങളുടെ വിശ്വാസത്തിൻെറ കൂടെ (മേൽക്കുമേൽ) വിശ്വാസത്തെ അവൻ വർദ്ധിപ്പിക്കുന്നതിനായി. സത്യവിശ്വാസിക

ളുടെ ഹൃദയങ്ങളിൽ പ്രശാന്തതയെ ഇറക്കിക്കൊടുത്തവൻ (അല്ലാഹു) അത്രെ. ആകാശഭൂമികളിലെ സേനകൾ അല്ലാഹുവിൻേറതാണ്. അല്ലാഹു അറിവുററവനും തന്ത്രജ്ഞനുമത്രെ.... വൃക്ഷത്തിന്നു താഴെവെച്ച് (ഹുദൈബിയ:) നിനക്ക് പ്രതിജ്ഞ തന്നപ്പോൾ, തീർച്ചയായും വിശ്വാസികളെക്കുറിച്ചു അല്ലാഹു തൃപ്തി പൂണ്ടു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്തു. അതുകൊണ്ട് അവരുടെ മേൽ അവൻ പ്രശാന്തതയിറക്കുകയും സമീപസ്ഥമായ വിജയത്തെ അവർക്ക് പ്രതിഫലം കൊടുക്കുകയും ചെയ്തു." (വി. ഖു. 48: 1_4, 18).

# പള്ളികളും സർവ്വകലാശാലയും

ഉഹ്ദിലും, ഖന്തക്കിലും ആറേഴ പള്ളികൾ സന്ദർശിച്ച കാര്യം മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. വേറെയും ചരിത്ര പ്രാധാന്യമുള്ള ചില പള്ളികൾ കാണുകയും, അവിടങ്ങളിൽവെച്ച് നമസ്കരിക്കുകയും ഉണ്ടായി. മസ്ജിദുൽ ഖുബായാണ് ഒന്നു്. നബി (സ) തൃക്കൈകളാൽ തറക്കല്ലിട്ടു നിർമ്മിക്കപ്പെട്ട ഒന്നാമത്തെ പള്ളിയായിരുന്നു അത്. ഹിജ്രാ യാത്രയുടെ അവസാനം റബീഉൽഅവ്വൽ മാസത്തിൽ (ക്രി 622 സപ്തമ്പർ 20_ാംനു- തിങ്കളാഴ്ച) നബി (സ) തിരുമേനിയും, ഉത്തമ ശിഷ്യനും സുഹൃത്തുമായ അബൂബക്കർ സിദ്ദീഖും (റ) മദീനക്കടുത്തു 5 കി. മീ. തെക്കുകിഴക്ക് 'ഖുബാ'യിൽ പ്രവേശിച്ചു. അവിടെ 4 ദിവസം താമസിക്കുകയും വെള്ളിയാഴ്ച സമാധാനംനിറഞ്ഞ അന്തരീക്ഷത്തിൽ ഇദംപ്രഥമമായി ജുമാനമസ്കാരം നിർവ്വഹിക്കുകയും ചെയ്തു. അന്നുതന്നെ പള്ളിക്കു തറക്കല്ലിട്ടു. പിന്നീടു മദീനായിൽ സ്ഥിരതാമസമാക്കിയശേഷം മിക്ക ശനിയാഴ്ചകളിലും നബി (സ) ഖുബാ മസ്ജിദിൽ ചെന്നു നമസ്കരിക്കുക പതിവായിരുന്നു.

ഖുബായിൽനിന്നും യാത്ര തുടർന്നു നബി (സ) മദീനായിലേക്ക് (അന്നു യസ്രിബ് എന്നായിരുന്നു പേർ) തിരിച്ചു. മദീനായിലെ പ്രമാണികൾ ഓരോരുത്തരും നബി (സ) അവരവരുടെ വീട്ടിലേക്ക് ചെല്ലേണമെന്ന് തിരുമേനിയോടു് അപേക്ഷിക്കുകയുണ്ടായി. അവരുടെ ഇടയിൽ പക്ഷഭേദം കാണിക്കരുതെന്നുവെച്ച്, തിരുമേനി സവാരി ചെയ്തിരുന്ന ഒട്ടകം എവിടെ നിൽക്കുന്നുവോ അവിടെ തങ്ങാമെന്നു പ്രഖ്യാപിച്ചു. അബൂഅയ്യൂബ് അൻസാരി (റ) യുടെ വീട്ടിന് മുമ്പിലാണ് ഒട്ടകം ചെന്നു നിന്നത്. നബി (സ) 6 മാസങ്ങളോളം അവിടെ താമസിച്ചു. അബൂഅയ്യൂബ് (റ) ഒരൊന്നാന്തരം മുജാഹിദായിരുന്നു. നബി (സ) യുടെ കൂടെ എല്ലാ ജിഹാദിലും ആ പുണ്യവാൻ

പങ്കകൊണ്ടു. അദ്ദേഹത്തിന്റെ വീട്ടിന്ന് തൊട്ടാണു നബി (സ) സ്ഥലം വാങ്ങിയതും മസ്ജിദുന്നബവി നിർമ്മിച്ചതും. അൻസാരി (റ) യുടെ വീട്ട് നിന്നേടത്തു ഇപ്പോൾ ഒരു ഗ്രന്ഥശാലയാണുള്ളത്. ഇത് മസ്ജിന്നബവിയുടെ തെക്കു പടിഞ്ഞാറ് ബാബു ജിബ്രീലിന്ന് അടുത്തായിട്ടു കാണാം.

## മസ്ജിദുൽ ഖിബ്ലത്തൈൻ

ഖുബായിൽനിന്നു അല്പം ദൂരെയായി 'മസ്ജിദുൽ ഖിബലതൈൻ' (രണ്ട് ഖിബ്ലകളുടെ പള്ളി) സ്ഥിതി ചെയ്യുന്നു. ഈ ചെറിയ പള്ളിയുടെ തെക്കും വടക്കുമുള്ള ചുമരുകളിൽ രണ്ടു മിഹ്റാബുകൾ അടയാളപ്പെടുത്തിയിരിക്കുന്നു. 'ഖിബ്ല' നമസ്കാരത്തിന്റെ സുപ്രധാനമായ ഒരു ശർത്താണല്ലോ. ലോകത്തെങ്ങുമുള്ള മുസ്ലിംകൾ ഒരേ ഒരു ബിന്ദുവിലേക്ക് തിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നതിന്റെ തത്വം വിസ്തരിക്കേണ്ടതില്ല. ആദ്യകാലങ്ങളിൽ നബി (സ) ബൈത്തുൽ മുഖദ്ദസിനെയാണ് ഖിബ്ലയാക്കിയിരുന്നത്. ജൂതന്മാർക്കും, ക്രൈസ്തവർക്കും (അഹ്ലു കിത്താബ്) പുണ്യമുള്ള ഒരു കേന്ദ്രമെന്ന നിലയിൽ ദൈവസന്ദേശങ്ങളുടെ തുടർച്ചയെ അത് കുറിക്കുകയുണ്ടായി. നബി (സ) മദീനയിൽ വന്നശേഷം മുസ്ലിംകളെ ഒരു പ്രത്യേക സമുദായം (ഉമ്മത്ത്) ആയി സംഘടിപ്പിക്കുകയും വികസിപ്പിച്ചു തുടങ്ങുകയും ചെയ്തു. അപ്പോഴാണ് അതായത് ഹിജ്റ കഴിഞ്ഞു 16½ മാസമായപ്പോൾ, കഅ്ബയെ ഖിബ്ലയാക്കുവാൻ കൽപന ലഭിച്ചത്. ഇബ്രാഹിംനബി (അ)യും ആദംനബി (അ)യും ആയി ബന്ധപ്പെട്ടിരുന്ന ഒന്നാമത്തെ ദേവാലയമെന്ന നിലയിൽ ആ കൽപന അർത്ഥവത്തായിരുന്നു. ഈ കല്പന ലഭിച്ചതു ഈ പള്ളിയിലായിരുന്നതുകൊണ്ടാണ് അതിന്നു മസ്ജിദുൽ ഖിബലതൈൻ എന്നു പേർ വന്നത്.

ഈ മാററത്തെപ്പററി അല്ലാഹു പറയുന്നതുനോക്കുക: "ജനങ്ങളിൽ പെട്ട മൂഢന്മാർ പറയും: 'അവർക്കുണ്ടായിരുന്ന അവരുടെ ഖിബ്ലയിൽ നിന്നും അവരെ തിരിച്ചുകളഞ്ഞതെന്താണ്'? പറയുക: 'കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്നുള്ളതാണ്. അവൻ ഇച്ഛിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. ഈ പ്രകാരം ഒരുൽകൃഷ്ടസമുദായമായി നിങ്ങളെ നാം ആക്കിയിരിക്കുന്നു. നിങ്ങൾ മനുഷ്യരാശിയുടെമേൽ സാക്ഷികളായിരിക്കുന്നതിന്നും റസൂൽ നിങ്ങളുടെമേൽ ഒരു സാക്ഷിയായിരിക്കുന്നതിന്നും വേണ്ടി. സ്വന്തംകാലിൽ നേരെ പിറകോട്ടുതിരിഞ്ഞു പോകുന്നവരിൽനിന്നും റസൂലിനെ പിന്തുടരുന്നവരെ (വേർതിരിച്ചു) നാം അറിയുന്നതിന്നു വേണ്ടിയല്ലാതെ, നിങ്ങൾക്കുണ്ടായിരുന്ന ഖിബ്ല

നാം വെച്ചിട്ടില്ല. അല്ലാഹു നേർവഴിയിലാക്കിയവർക്കൊഴികെ അതു വലുതായ പരീക്ഷണമായിരുന്നു. നിങ്ങളുടെ വിശ്വാസത്തെ അല്ലാഹു നിഷ്ഫലമാക്കുവാൻ പോകുന്നില്ല. തീർച്ചയായും അല്ലാഹു മനുഷ്യരോടു ദയാവായ്പുള്ളവനും കരുണാനിധിയുമത്രെ." (വി. ഖു. 2: 142 143)

മസ്ജിദുൽ ഖുബായെപ്പററി നേരത്തെ പറഞ്ഞിട്ടുണ്ടല്ലൊ. അതിനു 'മസ്ജിദുത്തഖ്വാ' (ഭയഭക്തി) എന്നും 'മസ്ജിദു ഖുവത്തുൽ ഇസ്ലാം' (ഇസ്ലാമിൻെറ ശക്തി) എന്നും പേരുണ്ടായിരുന്നു. സമുദായത്തിലെ ചില കപടവിശ്വാസികൾ ഇതിനെതിരായി അതിനടുത്തു മറെറാരു പള്ളി നിർമ്മിച്ചു. ഹിജ്റ 9ൽ മുസ്ലിംകളുടെ ശത്രുവായ അബൂഅമീറിൻെറ കരങ്ങളായിരുന്നു ഇതിൻെറ പിന്നിൽ പ്രവർത്തിച്ചത്. ഇതിൻെറ ഉള്ളുകള്ളികളും ഇതിലടങ്ങിയ അപകടങ്ങളും മനസ്സിലാക്കിയ തിരുമേനി (സ) ഇത് അംഗീകരിച്ചില്ലെന്നു മാത്രമല്ല, ഈ 'പള്ളി പൊളിച്ചു കളയുകയും ചെയ്തു. ഇതിനെപ്പററി വിശുദ്ധ ഖുർആനിൽ ഇങ്ങിനെ കൽപിക്കുന്നു. "(ഇസ്ലാമിനെ) ദ്രോഹിക്കുവാനും, സത്യ നിഷേധത്തിനും, വിശ്വാസികളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനും, മുമ്പ് അല്ലാഹുവിനും അവൻെറ റസൂലിനും എതിരെ യുദ്ധം ചെയ്ത ഒരുവനു പതിയിരിപ്പിനു താവളമായും ഒരു പള്ളിയുണ്ടാക്കിയെടുത്ത ചിലരും ഉണ്ട്. 'നന്മയല്ലാതെ മറെറാന്നും ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല' എന്നു അവർ തീർച്ചയായും ആണയിടും. തീർച്ചയായും അവർ കളവു പറയുന്നവർതന്നെയെന്നു അല്ലാഹു സാക്ഷി നിൽക്കുന്നു. ആ പള്ളിയിൽ നീ ഒരിക്കലും നമസ്കാരത്തിനു) നിൽക്കരുത്. ആദ്യദിനം മുതൽ ഭക്തിയിന്മേൽ അടിത്തറ ഉറപ്പിക്കപ്പെട്ട പള്ളിയാണ് അതിൽ നിന്നു നമസ്കരിക്കുവാൻ കൂടുതൽ അർഹതയുള്ളത്. സ്വയം ശുദ്ധീകരിക്കപ്പെടുവാനിഷ്ടപ്പെടുന്ന ആളുകൾ അതിലുണ്ട്. സ്വയം ശുദ്ധീകരിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. അപ്പോൾ അല്ലാഹുവിനോടുള്ള ഭയഭക്തിയുടെയും, (അവൻെറ) തൃപ്തിയുടെയും മീതെ തൻെറ കെട്ടിടത്തെ അടിത്തറകെട്ടി ഉറപ്പിച്ചവനാണോ ഭേദം, അതോ തകർന്നു വീഴാറായ ഒരു തിട്ടയുടെ വക്കിന്മേൽ തൻെറ കെട്ടിടത്തിനു അടിത്തറ പാകുന്നവനാണോ? അങ്ങിനെ അത് അവനെയുംകൊണ്ടു നരകാഗ്നിയിലേക്കു തകർന്നു വീഴുകയായി. തെററു ചെയ്യുന്ന ജനതയെ അല്ലാഹു നേർവഴിയിലാക്കുന്നില്ല"

## ലളിതം

മദീനായിലെ ഒരു വലിയ പള്ളിയിലും, അടുത്തുള്ള ഒരു ഗ്രാമത്തിലെ ഒരു പള്ളിയിലും ഞങ്ങൾ നമസ്കരിക്കുകയുണ്ടായി. ഈ

ചെറിയ പള്ളികളും മക്കായിലും പരിസരങ്ങളിലും മദീനയിലുമെല്ലാം ഞങ്ങൾ സന്ദർശിച്ച പള്ളികളും വളരെ ലളിതമായ_ഒരു മുസൽമാൻെറ ഹൃദയം പോലെ ലളിതമായ_കെട്ടിടങ്ങളാണ്. ചെറുതോ വലുതോ ആയ ഒരു നല്ല മുറി_ചതുരമോ, ദീർഘ ചതുരമോ ആകാം_ചിലപ്പോൾ മുമ്പിൽ ഒരു വരാന്ത, അതിനു് മുമ്പിൽ മതിലുകളാൽ ചുററപ്പെട്ട ഒരു മുററം_ഇതാണ് പള്ളി. ഖിബ്'ലയെ അഭിമുഖീകരിച്ചാണ് കെട്ടിടമെന്നും, ശുദ്ധമായി സൂക്ഷിക്കപ്പെടുന്നുവെന്നും പറയേണ്ടതില്ലല്ലോ. മിഹ്റാബും മിമ്പറും വളരെ ലളിതം. ഏതെങ്കിലും ഒരു മൂലയിലോ പള്ളിമുററത്തോ ഒരു മിനാറത്തുണ്ടാകും. പള്ളിയാണെന്നു് അറിയിക്കുവാൻ പ്രയോജനപ്പെടുന്ന മിനാറത്തിൻെറ മുകളിൽ കയറിനിന്നിട്ടാണ് സാധാരണ ബാങ്ക് വിളിക്കുന്നത്. നമ്മുടെ നാട്ടിലുള്ള മാതിരി 'ഹൌള്' എവിടെയും കണ്ടില്ല. വുളുവിനു വെള്ളം ചിലേടത്തു പൈപ്പുകൾ വഴി ഏർപ്പെടുത്തിയിരിക്കുന്നു. മററു ചിലേടത്തു ഡ്രമ്മുകളിലോ മററോ വെള്ളം നിറച്ചുവെച്ചിരിക്കുന്നു. ചിലേടത്തു വെള്ളം ഇല്ലതന്നെ. എല്ലാ പള്ളികളിലും സ്ത്രീകൾക്കു് പ്രവേശനമുണ്ട്. ചില പള്ളികളിൽ ഒരു മൂല പ്രത്യേകം മറകെട്ടി സ്ത്രീകൾക്കായി തിരിച്ചുവെച്ചിരിക്കുന്നു. മിക്ക പള്ളികളിലും ഇതുമില്ല. അവർ പുരുഷന്മാരുടെ പുറകിലോ, ഒരു മൂലയിലോ മാറി ഒതുങ്ങി നമസ്കരിച്ചുപോകുന്നു.

## ജന്നത്തുൽ ബാഖിയ്യ

മദീനായിലെ ഖബറിസ്താനാണ് "ജന്നത്തുൽ ബാഖിയ്യ". കരിങ്കൽ മതിലുകളാൽ ചുററപ്പെട്ട ഈ ഖബറിസ്ഥാനിൽ മക്കാശരീഫിലെ ജന്നത്തുൽ മുഅല്ലായിലെപോലെതന്നെ, സ്ത്രീകൾക്കു് പ്രവേശനമില്ല. ഒരു നേരിയ സ്ലോപ്പിൽ വിശാലമായി കിടക്കുന്ന ഈ ഖബറിസ്ഥാൻ അരച്ചുമരുകൾകൊണ്ടു് പല ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയുടെ ഇടയിൽകൂടി നടപ്പാതകളുണ്ട്. ബീവി ഫാത്തിമ (റ), ഉസ്മാൻ (റ), ബീവി ഹലീമ (റ) മുതലായ എത്രയോ പുണ്യവാന്മാരും പുണ്യവതികളും അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടെയാണ്. നബി (സ) യുടെ മക്കളായ ഇബ്രാഹിം, സൈനബ, ഉമ്മുൽകുൽസും, റുഖിയ്യ, പൌത്രൻ ഹസൻ, പിതൃവ്യൻ അബ്ബാസ്, ഇമാം മാലിക്ക് (റ) ഇങ്ങിനെ പലരുടേയും ഖബറുകൾ ഇവിടെയുണ്ട്. ഞങ്ങൾ ഇതെല്ലാം സിയാറത്തു ചെയ്തു ഇവിടെ കമ്പിടുന്നതുപോകട്ടെ, നേർച്ച കൊടുക്കുന്നതും, ചന്ദനത്തിരി പുകയിക്കുന്നതും, കൊടികുത്തുന്നതും, ഇവിടുത്തെ മണ്ണുവാരി സൂക്ഷിക്കുന്നതുമെല്ലാം കർശനമായി നിരോധിച്ചിരിക്കുന്നു. അത്തരം പ്രവർത്തികൾ അനിസ്ലാമികമാണെന്നു് അറബിയിലും, ഇംഗ്ലീഷിലും എഴു

തിവെച്ചിട്ടുണ്ട്. സന്ദർശകന്മാർ ഏതാണ്ടെല്ലാവരും ഇതു മനസ്സിലാക്കു കയും സിയാറത്തുകൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്നു. മരണാനന്തര ജീവിതത്തേയും, മൺമറഞ്ഞ മഹാന്മാരുടെ ത്യാഗഭരിതമായ ജീവിതത്തെയും പററി ചിന്തിക്കുവാനും, അവയിൽനിന്നു് നാം പഠിക്കേണ്ട കാര്യങ്ങളെപ്പററി ആഴത്തിൽ ചിന്തിച്ച് പ്രചോദനം നുകരുവാനും ഇതു സഹായിക്കുന്നു. തൌബയും പ്രാർത്ഥനയും, അല്ലാഹുവോടുള്ള സമീപനവും സുസാദ്ധ്യമായിത്തീരുന്നു മറിച്ച് എന്തെങ്കിലും നേർച്ച നൽകി അതിൻെറ ഫലമെന്നോണം, താൻ ചെയ്യേണ്ടതൊന്നും കൃത്യമായി ചെയ്യാതെ, ചുളുവിൽ കാര്യം പററിക്കുവാൻ ശ്രമിക്കുന്നത് ശരിയല്ല. അല്ലാഹുവിനല്ലാതെ മററാർക്കെങ്കിലും (അവർ എത്ര വലിയവരായാലും ശരി) എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നത് തെററാണ്. ഇത്തരം വിശ്വാസങ്ങൾ ശിർക്കിലേക്കു നയിക്കുന്നു. ശിർക്കാകട്ടെ പൊറുക്കപ്പെടാത്ത മഹാപാപവുമാണ്. ഇതെല്ലാം വ്യക്തമാക്കിയിട്ടും പോലീസ് കാവലുണ്ടായിട്ടും വിരലിലെണ്ണാവുന്ന ചുരുക്കം ചില അവരുടെ നാട്ടിൽ പഠിച്ച് പരിചയിച്ച ദു:സ്വഭാവം കൈവെടിയുകയില്ല. അങ്ങുമിങ്ങും തിരിഞ്ഞുനോക്കി പോലീസുകാരൻ കാണാത്ത തഞ്ചത്തിൽ അവർ അല്പം മണ്ണു വാരിയെടുക്കുന്നു. അല്ലെങ്കിൽ ഖബറിന്മേൽ 20-ഓ 40-ഓ ഖുർശ് എറിഞ്ഞുവിടുന്നു. കാശെറിയുന്നത് കാണാത്തതുപോലെ നടിക്കുന്ന ചില പോലീസുകാരും ഉണ്ട്. ഖബറിന്മേൽ വീഴുന്ന കാശ് പോലീസുകാർ എടുക്കുമെന്നാണ് ഊഹിക്കേണ്ടത്. അവരിൽ ചിലരെങ്കിലും അങ്ങിനെ ചെയ്യും. ചില പോലീസുകാർ എല്ലാവരും കാൺമാർ തന്നെ ഈ കാശ് പെറുക്കിയെടുത്ത് കീശയിലിടുന്നു. ഒരു പോലീസുകാരൻ നേരെതന്നെ കാശുവാങ്ങി കീശയിലിടുന്നതും ഞങ്ങൾ കണ്ടു. അഴിമതിയുടെ ആരംഭമാണിത്. ഇതു തടയാതെ വിട്ടാൽ മററു കുഴപ്പങ്ങളിലേക്കും ശിർക്കിലേക്കും ചെന്നെത്തും. കാശു നിശ്ചയമായും ഒരു വലിയ ശൈത്വാൻ തന്നെ.

## യൂനിവേഴ്സിററിയിൽ

മദീനാ യൂനിവേർസിററിയിൽ പത്തുപതിനാഞ്ചു മലയാളി വിദ്യാർത്ഥികളും, മർഹൂം കെ. എം. മൌലവിസാഹിബിൻെറ മകൻ അബ്ദുസമദ് മൌലവി, സഅദുദ്ദീൻമൌലവി എന്നീ രണ്ടു മലയാളികളായ അദ്ധ്യാപകന്മാരും ഉണ്ട്. ഇവരെല്ലാവരും മക്കയിലും മദീനായിലും മലയാളി ഹാജിമാർക്ക് പലവിധ സഹായസഹകരണങ്ങളും നൽകാറുണ്ട്. ഞങ്ങളുമായി അവർ തുടർച്ചയായ ബന്ധം പുലർത്തിയിരുന്നു. അവരുടെ ശ്രമഫലമായി ഞങ്ങൾ മദീനാ യൂനിവേർസിററി സന്ദർശിച്ചു. ഈ യൂനിവേർസിററി മുഖ്യമായും മതപഠനത്തെ ഉദ്ദേശിച്ചുള്ളതാണ്. ലോകത്തി

ൻെറ നാനാഭാഗത്തുനിന്നും വരുന്ന വിദ്യാർത്ഥികൾക്ക ശരീഅത്തു് (നിയമശാസ്ത്രം) ദഅ്വത്ത് (മതപ്രചരണം) മുതലായ വിഭാഗങ്ങളിൽ ഉന്നത വിദ്യാഭ്യാസം നൽകുകയാണ് ഇവിടെ ചെയ്യുന്നത്. ഭാഷ, സാഹിത്യം, ചരിത്രം, ശാസ്ത്രം, ടെക്നോളജി എന്നീ വിഭാഗങ്ങൾക്ക് രിയാളിൽ വേറെ യൂനിവേർസിററിയുണ്ട്. ജിദ്ദയിൽ മററൊരു യൂനിവേർസിററി ആരംഭിക്കുവാനിരിക്കുകയാണ്. മദീനാ യൂനിവേർസിററിയിലേക്ക് പ്രിപ്പറേട്ടറി ക്ലാസുകളെന്ന നിലയിൽ പ്രാഥമികവും, മദ്ധ്യമവുമായ വിഭാഗങ്ങൾ വേറെയും ഉണ്ട്. ഞങ്ങൾക്ക് കിട്ടിയ ചുരുങ്ങിയ ഒന്നുരണ്ടു മണിക്കൂറുകളിൽ ചാൻസലറേയും, ദഅ്വാ വിഭാഗത്തിൻെറയും ശരീഅത്താ വിഭാഗത്തിൻെറയും പ്രിൻസിപാൾമാരെയും കണ്ടു സംഭാഷണം നടത്തുവാൻ സാധിച്ചു. ചാൻസലർ അബ്ദുൽഅസീസ് ബിൻബാസ് ഒരസാധാരണ പണ്ഡിതനാണ്. രണ്ടു കണ്ണുകളുടേയും കാഴ്ച നഷ്ടപ്പെട്ട അദ്ദേഹം സഊദി ഗവർമെണ്ടിൻെറ ഏററവും ഉയർന്ന നിയമോപദേഷ്ടാവത്രെ. ഞങ്ങളെ സ്വീകരിച്ചിരുത്തുന്നതിലും മാന്യതയോടെയും സ്നേഹസമ്പൂർണ്ണമായും പെരുമാറുന്നതിലും, കാര്യങ്ങൾ എളുപ്പം ഗ്രഹിച്ച നിർദ്ദേശങ്ങൾ നൽകുന്നതിലും അദ്ദേഹം കാണിച്ച ശുഷ്കാന്തിയും കാര്യക്ഷമതയും ആശ്ചര്യകരമായിരുന്നു. എന്നെയും കൂടെയുണ്ടായിരുന്ന സെയ്തബ്ദുല്ലാബാഫഖി, കാദർകുട്ടിസാഹിബ് എന്നിവരെയും അബ്ദുസ്സമദ്മൗലവി പരിചയപ്പെടുത്തി. പ്രത്യേകമായി എടുത്തുപറഞ്ഞതു് കാലിക്കററ് യൂനിവേർസിററിയുമായ! എനിക്കുള്ള ബന്ധത്തെപ്പററിയും, മദീനാ യൂനിവേർസിററിയുടെ ബിരുദങ്ങൾ കാലിക്കററ് യൂനിവേർസിററി അംഗീകരിക്കുന്നതുകൊണ്ടു മദീനയിൽനിന്നു ബിരുദങ്ങളെടുത്തു വരുന്ന കേരളീയർക്കുണ്ടാകാവുന്ന സൗകര്യങ്ങളെപ്പററിയും മററുമായിരുന്നു. ചാൻസലർ കാര്യങ്ങൾ എളുപ്പം മനസ്സിലാക്കി അടുത്തിരിക്കുന്ന സിക്രട്ടരിക്ക് നിർദ്ദേശംനൽകി. ഈ നിർദ്ദേശങ്ങൾ എഴുതിയെടുക്കുവാൻ 2 പേർ എപ്പോഴും തയ്യാറുണ്ടായിരുന്നു. അദ്ദേഹത്തെ കണ്ടു സംസാരിക്കുവാൻ വിവിധ നാട്ടുകാരായ അനേകം പേർ ആ വലിയ സ്വീകരണ മുറിയിൽ കാത്തിരിക്കുന്നുണ്ടായിരുന്നതിനാൽ ഞങ്ങൾ വിടവാങ്ങി.

ദഅ്വാ വിഭാഗത്തിൻെറ പ്രിൻസിപ്പാൾ അബ്ദുൽഅസീസ് ഖുവൈഫിലിക്ക് ഹസൻമൗലവിയും, മുഹിയദ്ദീൻ മൗലവിയും എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. ഒരിഞ്ചിനീയരാണെന്നും, തബ്ലീഗിൽ താൽപര്യമുള്ള ആളാണെന്നും പറഞ്ഞപ്പോൾ പലിശരഹിത ബേങ്കിങ്ങി (ദാറുൽ അമാനത്തു) നെപ്പററി എഴുതിയ ആളാണോ എന്നദ്ദേഹം അന്വേഷിച്ചു. തന്നെയെന്നു പറഞ്ഞപ്പോൾ പ്രത്യേകം സന്തോഷം പ്രകടിപ്പിക്കുകയും കുറച്ചു നേരം സംസാരിക്കുകയും ചെയ്തു. ശരീഅത്ത് വിഭാഗത്തിൻെറ തലവനെ കണ്ടപ്പോഴും ദീർഘനേരം സംഭാഷണം ചെയ്വാൻ സാധിച്ചു. കേരളത്തിലെ വിദ്യാഭ്യാസ സംരംഭ

ങ്ങളെയും, തബ്‌ലീഗ് പ്രവർത്തനങ്ങളെയും അവർ പ്രശംസിച്ചു. ഓരാൽ അമാനത്തു പോലെയുള്ള പദ്ധതികൾക്ക് വിജയം ആശംസിച്ചു. മുഖല്ലിദ്, മുജാഹിദ്, ജമാഅത്തെ ഇസ്ലാമി, ഇഖ്‌വാനുൽ മുസ്ലിമൂൻ മുതലായ എല്ലാ ഗ്രൂപ്പുകളും അനേകം നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും, ഖുർആനിന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ ഇവരെല്ലാം യോജിച്ചു പ്രവർത്തിക്കേണ്ടതാണെന്നും, അതു സാദ്ധ്യമാണെന്നും ഖുവൈഫിലി അഭിപ്രായപ്പെട്ടു. യൂനിവേർസിററിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എല്ലാ ഭൂഖണ്ഡങ്ങളിൽനിന്നും വരുന്നവരാണ്. അവർ കക്ഷി വ്യത്യാസമൊന്നും കൂടാതെ വിഷയങ്ങൾ ചർച്ചചെയ്യുന്നു, കൈകാര്യം ചെയ്യുന്നു ഈ നിലപാട് അവരുടെ നാട്ടുകളിലേക്കു മടങ്ങിച്ചെല്ലുമ്പോഴും സ്വീകരിച്ചുകൂടെ? ഇബാദത്തുകളിൽ മുഴുകി 'മതനിഷ്ഠ' യുള്ളവരായി വളരുന്ന പലരിലും ക്ഷമ, വിനയം, സ്നേഹം, മുതലായ 'ജമാലി' യായ ഗുണങ്ങൾ ഉണ്ടാകുന്നതുപോലെ, ധൈര്യം, സ്ഥൈര്യം, ശൂരത മുതലായ 'ജലാലി'യായ ഗുണങ്ങളും ഉണ്ടാകുന്നില്ലെന്നും, അതിനു് എന്താണ് വേണ്ടതെന്നും ആരാഞ്ഞപ്പോൾ, ശറഈ പണ്ഡിതൻ പറഞ്ഞത് ഒരു മുസ്ലിമിനു് എല്ലാവിധ ഗുണങ്ങളും ഉണ്ടായിരിക്കേണമെന്നും, ഈ വിവിധ ഗുണങ്ങളുടെ സന്തുലിതമാണ് ഇസ്ലാമിന്റെ ലക്ഷ്യമെന്നും, ഇത്തിബാഉർറസൂൽ (റസൂലിന്റെ മാതൃക സ്വീകരിക്കൽ) തന്നെയാണ് ഇതിനു് ഏററവും നല്ല മാർഗ്ഗമെന്നും ആയിരുന്നു.

## ചില പ്രത്യേകതകൾ

അബ്ദുസ്സമദ് മൗലവി സെക്കണ്ടറി സെക്ഷനിലെ ഒരു കോമ്പോസിഷ്യൻ ക്ലാസ് എടുക്കുന്നത് ഞങ്ങൾ വീക്ഷിച്ചു. ദൈവത്തിന്റെ ആസ്തിക്യം, ഏകത്വം എന്നിവയെപ്പററി ഭൗതികവാദികളുടെയും ബഹുദൈവാരാധകരുടെയും വാദമുഖങ്ങളെ എങ്ങിനെ നേരിടേണമെന്നതായിരുന്നു വിഷയം. അദ്ധ്യേതാക്കൾ ഉപന്യാസങ്ങളെഴുതി സമർപ്പിക്കുകയും, ഓരോരുത്തനും അവരെഴുതിയ പ്രബന്ധത്തിന്റെ രത്നച്ചുരുക്കം പ്രസംഗിക്കുകയുമാണ് പതിവ്. മോറിത്വാനിയാ, യമൻ മുതലായ രാജ്യങ്ങളിലെ വിദ്യാർത്ഥികളുടെ പ്രഭാഷണങ്ങളാണ് ഞങ്ങൾ കേട്ടത്. കാര്യകാരണശൃംഖലയിലെ ആദ്യകാരണം, പ്രകൃതിയിൽ കാണുന്ന അത്യത്ഭുതകരമായ യോജിപ്പ്, മനുഷ്യമനഃസാക്ഷിയിൽ പ്രകൃത്യാ ഉള്ള ദൈവവിശ്വാസം, അദ്വൈതം മുതലായ പലതും അവർ സ്പർശിച്ചു. ഇതെല്ലാം വളരെ ആഴത്തിൽ പഠിക്കുകയും, ശാസ്ത്രീയമായി വിശദീകരിക്കുകയും ചെയ്യുവാൻ നമ്മുടെ പണ്ഡിതന്മാർക്കു സാധിക്കണം.

യൂനിവേർസിററിയിലെ പഠനത്തിലുള്ള ചില പ്രത്യേക ഗുണങ്ങൾ അറബിഭാഷ എഴുതുവാനും സംസാരിക്കുവാനും നല്ലവണ്ണം പഠിക്കുന്നു, മതവിഷയങ്ങളിൽ ഉന്നതാഭ്യസനം ലഭിക്കുന്നു, ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നും വരുന്ന പണ്ഡിതന്മാരുമായി പരിചയപ്പെടുന്നു എന്നൊക്കെയാണ്. വളരെ പണം ചിലവ്ചെയ്തു സഊദി ഗവർമ്മെണ്ട താല്പര്യപൂർവ്വം വളർത്തിക്കൊണ്ടുവരുന്ന ഈ സ്ഥാപനം ഇസ്ലാമിനും, മുസ്ലിം ലോകത്തിനും ചെയ്യുന്ന സേവനങ്ങൾ സ്തുത്യർഹമത്രെ.

## മലയാളി വിദ്യാർത്ഥി സമാജം

മലയാളി വിദ്യാർത്ഥികളുടെ ഒരു സമാജം ഉണ്ട്. സഅ്ദുദ്ദീൻ മൌലവിയും, അബ്ദുസ്സമദ് മൌലവിയും നേതൃത്വം നൽകികൊണ്ടു ഈ സമാജം പല നല്ല കാര്യങ്ങളും ചെയ്തുപോരുന്നു. സമാജത്തിൻെറ വകയായി അബ്ദുസ്സമദ്മൌലവി സാഹിബിൻെറ വസതിയിൽ ഞങ്ങൾക്ക് ഒരു സ്വീകരണം ഏർപ്പെടുത്തുകയുണ്ടായി. വിഭവസമൃദ്ധമായ തേയില സൽക്കാരവും, പ്രസംഗങ്ങളും, സുഹൃൽസംഭാഷണങ്ങളും, അടുത്തുള്ള പള്ളിയിലെ പ്രാർത്ഥനയും എല്ലാംകൂടി ഒരു കുടുംബകാര്യംപോലെ സംതൃപ്തി നൽകുന്ന ഒരു പരിപാടിയായിരുന്നു അത്. 'തലശ്ശേരി സംഭവം, ഇനിയെന്ത്? സമുദായമദ്ധ്യത്തിൽ യോജിപ്പുണ്ടാക്കുവാനുള്ള മാർഗ്ഗങ്ങൾ, സാമ്പത്തികഭദ്രത, തൊഴിൽപരിശീലനം, ഇത്തിബാഉർറസൂൽ'– ഇതെല്ലാം ചർച്ചയിൽ പൊങ്ങിവന്നു. ഖുർആനും സുന്നത്തും മുറുകെ പിടിച്ചു, കൂടുതൽ ശ്രദ്ധയോടുകൂടി പ്രവർത്തിക്കേണമെന്നും, വിദ്യാഭ്യാസം, സംഘടന, സാമ്പത്തിക ഭദ്രത എന്നിവയിലെല്ലാം വേണ്ടത്ര ശ്രദ്ധപതിച്ചു പ്രബുദ്ധരും സുശക്തരുമാകേണമെന്നും, സൽകർമ്മങ്ങൾ മൂലം സർവ്വരുടേയും സ്നേഹം ആർജ്ജിക്കേണമെന്നുമൊക്കെയായിരുന്നു പരിഹാരമാർഗ്ഗങ്ങളായി പൊതുവിൽ എത്തിച്ചേർന്ന അഭിപ്രായം.

# മുഹമ്മദ് നബി (സ)

മദീനായിലെ താമസം അവസാനിക്കാറായി, ഇനിയും രണ്ടു മൂന്ന് ദിവസങ്ങളേയുള്ളു എന്ന വിചാരം മനസ്സിൽ വന്നു കഴിഞ്ഞു. മസ്ജിദുന്നബവിയിലും, അതിൽതന്നെ റൌളാശരീഫിലും, കൂടുതൽ സമയം കഴിഞ്ഞുകൂടേണമെന്ന ആഗ്രഹത്തിനു ഊക്കു കൂടിത്തുടങ്ങി. സ്നേഹിതന്മാരുടെകൂടെയോ, ഭാര്യയുമായോ, തനിച്ചോ റൌളാശരീഫിലും, അസ്ഹാബുസ്സുഫ്ഫായുടെ മൂലയിലും കഴിയുന്നത്ര സമയം ഇരിക്കുക

യായി. അവിടെയെല്ലാം കഠിനമായ തിക്കും തിരക്കുമാണ്. ശരിക്കു നിവർന്നുനിന്നും കുനിഞ്ഞും കുമ്പിട്ടും നമസ്കരിക്കാൻതന്നെ പ്രയാസം. പ്രയാസപ്പെട്ടിട്ടുതന്നെ രണ്ടു റക്കഅത്തു നമസ്കരിച്ചു ഒരു മൂലയിലിരുന്നു് തഹ്ലീലും സലാത്തും ചൊല്ലുകയാണ്. എന്നാൽ മനസ്സ് അടങ്ങിയിരിക്കുന്നില്ല. ചിന്ത പാറിപ്പറക്കുകയാണ്. ഞാനെവിടെയാണിരിക്കുന്നത്? വിധി നിർണ്ണായകമായ എന്തെല്ലാം സംഭവങ്ങൾ ഇവിടെ നടന്നു! റൌളാ ശരീഫിൻെറ ഭിത്തിയിലേക്കു ശ്രദ്ധ തിരിയുകയാണ്. നബി (സ) തിരുമേനിയെ സ്പർശിക്കുന്ന അഞ്ചാറു ആയത്തുകൾ അതിന്മേൽ ഉല്ലേഖനം ചെയ്തുവെച്ചിരിക്കുന്നു. ഓരോന്നും ചിന്തയെ ബലമായി ആകർഷിക്കുകയാണ്.

## സാരവത്തായ താക്കീത്

ഒന്നാമത് കണ്ണിൽപെടുന്നത്: "അല്ലയോ വിശ്വാസികളെ! പ്രവാചകൻെറ ശബ്ദത്തിന്നു്മീതെ നിങ്ങളുടെ ശബ്ദത്തെ നിങ്ങൾ ഉയർത്തുകയോ, നിങ്ങൾ തമ്മതമ്മിൽ ഉച്ചത്തിൽ സംസാരിക്കാറുള്ളതുപോലെ അവരോടു നിങ്ങൾ സംസാരിക്കുകയോ അരുത്. നിങ്ങൾ അറിയാതെ തന്നെ നിങ്ങളുടെ പ്രവർത്തികൾ പാഴായിപോകാതിരിക്കുന്നതിന്നു്!" (വി. ഖു. 49 : 2) എത്ര സാരവത്തായ താക്കീത്! അല്ലാഹു-അവൻെറ സൃഷ്ടിജാലം-എല്ലാ സൃഷ്ടികളിലുംവെച്ചു അത്യുന്നതനായ നബി (സ) തിരുമേനി! നബി (സ) യുടെ സന്നിധാനത്തെപ്പററിയാണ് സൂചന. ആ മഹാത്മാവ്-പ്രവാചകപ്രഭു ആരായിരുന്നു? അവിട്ടത്തെപ്പററി എന്തെല്ലാമെന്തെല്ലാം ചിന്തകൾ പൊങ്ങിവരികയാണ്? നാലായിരം വർഷങ്ങൾക്കുമുമ്പ് ഇബ്രാഹിം നബി (അ) യും, അതിന്നു് മുമ്പും പിമ്പും വേറെയും എത്രയോ നബി (അ) മാരും പഠിപ്പിച്ച സത്യമാർഗ്ഗം അവിടുന്നു് പുന:സ്ഥാപിച്ചു. എല്ലാവിധ എതിർപ്പുകളേയും അതിജീവിച്ചുകൊണ്ട് കേവലം ന്യൂനപക്ഷമായിരുന്ന ഒരുത്തമ സമൂഹത്തെ മക്കാശരീഫിൽ വളർത്തിയെടുത്തു. തുടർന്നു മദീനയിൽ ആ സമൂഹത്തെ ഒരു "ഉമ്മത്ത്" ആക്കി വികസിപ്പിച്ചു. ആ സമുദായത്തെയും അതിലെ ഓരോ വ്യക്തിയേയും മഹോന്നതമായ നിലവാരങ്ങളിലേക്കുയർത്തി. "മദ്ധ്യ മാർഗ്ഗം" സ്വീകരിച്ച ഈ സമുദായവും, അവർ ഉയർത്തിപ്പിടിച്ച ആദർശവും, പ്രാവർത്തികമാക്കി കാട്ടിയ ജീവിത വ്യവസ്ഥയും മാനവലോകത്തു് അത്യുത്ഭുതകരമായ വിപ്ലവങ്ങൾ സൃഷ്ടിച്ചു. ഇതെല്ലാം മനോമുകരത്തിൽക്കൂടി കടന്നുപോകുകയാണ്. കൺമുമ്പിൽ നബി (സ) യും സഹാക്കളും (റ) ഇരിക്കുകയും, പ്രാർത്ഥിക്കുകയും, പ്രവർത്തനങ്ങൾ ആസൂത്രണംചെയ്തു നടപ്പിലാക്കുകയും ചെയ്ത പുണ്യമേറിയ റൌളാശരീഫ്; മനസ്സിൽ ആ മഹാത്മാക്കളും അവരുടെ പ്രവർത്തനങ്ങളും ഇളക്കിവിട്ട

കോളിളക്കങ്ങൾ! മസ്തിഷ്കത്തിൽ ഇതിൻെറയെല്ലാം പിന്നിലുള്ള കാര്യ കാരണ ബന്ധങ്ങൾ_വികാരഭരിതരായി, ഭക്തിനിറഞ്ഞ ഹൃദയങ്ങളോടു കൂടി അല്ലാഹുവിനു വണങ്ങുകതന്നെ!

## അതിരററ കാരുണ്യം

അല്ലാഹുവിൻെറ അതിരററ കാരുണ്യങ്ങളെപ്പററി ആലോചിച്ചു നോക്കുക. അതാ റൗളയുടെ ഭിത്തിയിന്മേൽ മറെറാരായത്തു:- "സമസ്ത ലോകങ്ങൾക്കും ഒരു കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല." (വി. ഖു: 21: 107) തിരുനബി (സ) യുടെ മുൻഗാമികളായ ദൈവദൂതന്മാരെല്ലാം ഓരോ കാലത്തും ദേശത്തുമുള്ള പ്രത്യേകം ഗോത്രങ്ങളേയും സമുദായങ്ങളേയും നേർവഴിയിലേക്കു ക്ഷണിക്കുവാൻ നിയോഗിക്കപ്പെട്ടവരായിരുന്നു. മനുഷ്യ സമുദായത്തെ ഒന്നായി കാണുവാനുള്ള ബുദ്ധിവികാസമോ അങ്ങിനെ ജീവിക്കുവാനുള്ള സൌകര്യങ്ങളോ അന്നുണ്ടായിരുന്നില്ല. എന്നാൽ റസൂൽകരീം (സ) ആഗതനായതു് മനുഷ്യചരിത്രത്തിലെ സുപ്രധാനമായ ഒരു വഴിത്തിരിവിലായിരുന്നു. തിരുമേനി (സ) പ്രവാചക പരമ്പരയിലെ അവസാനത്തെ വ്യക്തിയായിരുന്നു. "സന്തോഷവാർത്ത അറിയിക്കുന്നവനും, മുന്നറിയിപ്പു് കൊടുക്കുന്നവനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷെ അധികം മനുഷ്യരും അറിയുന്നില്ല." (വി. ഖു. 84 : 28) 'പറയുക: അല്ലയോ മനുഷ്യ സമുദായമേ, തീർച്ചയായും ഞാൻ നിങ്ങളിൽ എല്ലാവരിലേക്കും അയക്കപ്പെട്ട, അല്ലാഹുവിൻെറ റസൂലാകുന്നു." (വി. ഖു. 7 : 158) ഇസ്ലാം പഠിപ്പിച്ചുതരുന്ന സത്യദൈവം-അല്ലാഹു-സർവ്വലോക രക്ഷിതാവാണ് (വി. ഖു. 1 : 1); ഇസ്ലാമിൻെറ നിയമസംഹിത-വിശുദ്ധ ഖുർആൻ-അഖില ലോകങ്ങൾക്കുമുള്ള ഒരു സന്ദേശം (വി. ഖു. 38 : 88) ആണ്; അതിൻെറ റസൂൽ നേരത്തെ പറഞ്ഞതുപോലെ സമസ്ത ലോകങ്ങൾക്കും ഒരു കാരുണ്യവും (വി. ഖു. 21 : 107) അതിൽ ദേശം, നിറം, ഗോത്രം, ഭാഷ മുതലായവയെ അടിസ്ഥാനമാക്കിയുള്ള യാതൊരു വിവേചനവും കാണുകയില്ല. സാർവ്വത്രികമായ ഈ കാരുണ്യം ഇഹലോക സുസ്ഥിതിക്കു സഹായകവും, മരണാനന്തര ജീവിതത്തിലെ വിജയത്തിനു മാർഗ്ഗദർശനവുമത്രെ.

നബി (സ) സർവ്വലോകങ്ങൾക്കും ഒരു 'റഹ്മത്ത്' ആണ്. മനുഷ്യസമുദായത്തിൻെറ പുരോഗതിക്കാവശ്യമായ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഒരു മാതൃകയെയാണ് 'റഹ്മത്ത്' സൂചിപ്പിക്കുന്നത്. സർവ്വവിധ പുരോഗമനത്തിനും ആവശ്യമായ ഗുണങ്ങളുടെ സമഞ്ജസമായ ഒരു സമാഹാരം ഈ മാതൃകയിൽ അടങ്ങിയിരിക്കുന്നു. നബി (സ) യുടെ സന്ദേശവും, ജീവിതരീതിയും, അവിടുന്നു കെട്ടിപ്പടുത്ത സമുദായത്തിൻെറ ഘടനയുമെല്ലാം ലോകത്തിൻെറ പുരോഗതിക്കു് അടിത്തറ

പാകി. ആ പുരോഗമനം വ്യക്തിയേയും സമുദായത്തേയും, ഇഹത്തേയും പരത്തേയും സമഗ്രമായും സമഞ്ജസമായും സംയോജിപ്പിക്കുന്ന ഒന്നാണ്. 'മനുഷ്യൻ നിരാശപ്പെട്ടശേഷം മഴയെ ഇറക്കുകയും തൻെറ കാരുണ്യത്തെ വിതറി വിരിക്കുകയും ചെയ്യുന്നവനാണ് അവൻ–അവനത്രെ സംരക്ഷകൻ, സ്തുതി ഉടയവൻ.' (വി. ഖു. 42: 28)

ഇതു ലോകം അനുഭവിച്ചറിഞ്ഞ ചരിത്രസത്യമാണ്. റസൂൽകരീം (സ) ഭൂജാതനായ സന്ദർഭത്തിൽ ലോകത്തിൻെറ സ്ഥിതി എന്തായിരുന്നു? സകല മതങ്ങളും തകർന്ന്, ഭരണങ്ങളും അധ:പ്പതിച്ച്, കരയിലും കടലിലും അക്രമം കൊടികുത്തി വാഴുകയായിരുന്നു. മാനവസമുദായത്തിന്ന് ഉണരുവാനോ, ഉയരുവാനോ യാതൊരു മാർഗ്ഗവുമില്ലെന്ന് ഏതൊരു മനുഷ്യസ്നേഹിയും ഭഗ്നാശയനായി അമ്പരന്നുപോകുന്ന സ്ഥിതിവിശേഷമായിരുന്നു അത്. മാനവസമുദായത്തെ ഒരേകസമുദായമായി വിഭാവനംചെയ്യുവാൻപോലും ആരും ഉണ്ടായിരുന്നില്ല. തൻെറ ദേഹം, തൻെറ ഗോത്രം, തൻെറ രാജ്യം, കയ്യൂക്ക്–ഇതായിരുന്നു അന്നത്തെ ന്യായം, നീതി, സത്യം! സ്വേച്ഛാധിപത്യം മനുഷ്യസ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടി. പൌരോഹിത്യം അവൻെറ ബുദ്ധിയെ ചങ്ങലക്കിട്ടു. സാമ്പത്തികരംഗത്തെ ചൂഷണങ്ങളും കുതിരകയററവും അവൻെറ സ്വാതന്ത്ര്യത്തെ എല്ലാ പ്രകാരത്തിലും ഹനിച്ചുകളഞ്ഞു. ഈ ചങ്ങലകളെ പൊട്ടിച്ച് മനുഷ്യനെ സ്വതന്ത്രനാക്കി അവൻെറ വ്യക്തിത്വത്തെ അർഹിക്കുന്ന സ്ഥാനത്തേക്കുയർത്തിയെന്നതാണ് നബി (സ) ചെയ്ത മൌലികമായ ഗുണം. 'അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളേയും, അവരുടെ ഭാരത്തേയും, അവരിൽനിന്നു അവൻ ഇറക്കിവെക്കുകയും ചെയ്യുന്നു.' (വി. ഖു. 7 : 157) ഇങ്ങിനെ എല്ലാ ഓരോ വ്യക്തിയുടേയും, ജീവനും, സ്വത്തിന്നും, മാനത്തിന്നും സംരക്ഷണം നല്കുകയും, വ്യക്തിയുടെ നേരെ ചൊവ്വെയുള്ള വളർച്ചക്കു വഴിതെളിയിക്കുകയുംചെയ്തു. ഇത്തരത്തിലുള്ള വ്യക്തികൾ ഉൾക്കൊള്ളുന്ന സമുദായം ഉന്നതമാകുവാനേ നിവൃത്തിയുള്ളൂ. ആ ഉത്തമ സമുദായം ബലഹീനരായ വ്യക്തികളെ സഹായിക്കുകയും, പരസ്പര സ്നേഹത്തിൻെറയും സഹോദരത്വത്തിൻെറയും സഹായസഹകരണങ്ങളുടെയും അടിസ്ഥാനത്തിൽ എല്ലാവരും ഒന്നിച്ചുയർന്നുവരികയും ചെയ്തു. മററു സമുദായങ്ങളുമായി (ജൂതർ, ക്രൈസ്തവർ, ബഹുദൈവാരാധകർ) സഹവർത്തിത്വം അംഗീകരിച്ച് നാട്ടിൻെറ പൊതുവായ അഭിവൃദ്ധിയിൽ പങ്കുചേരുകയും ചെയ്തു.

## ധാർമ്മിക വിപ്ലവം

ഏകദൈവ വിശ്വാസം, അന്ത്യപ്രവാചകനിലുള്ള വിശ്വാസം, മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം, നബി (സ) യുടെ അത്യുത്തമ

KOTT_AYAM PUBLIC L
KOTTAYAM.

മാതൃക. ഇതെല്ലാം ഒരു ധാർമ്മിക വിപ്ലവം സൃഷ്ടിച്ചു. ഏതു പ്രസ്ഥാനത്തിനും ഊക്കും ഒഴുക്കും നൽകുന്നതു അതിന്റെ ധാർമ്മിക ശക്തിയാണ്. അറബികൾക്കു് സമ്പാദിക്കുക, തിന്നുക, കുടിക്കുക_ഇതിൽ കവിഞ്ഞ ജീവിത ലക്ഷ്യമില്ലായിരുന്നു. അവർ ഒന്നിച്ചു കൂടിയേടത്തെല്ലാം മദ്യപാനവും ചൂതുകളിയുമായിരുന്നു പ്രധാനം. അവരുടെ ധൈര്യം പ്രകടിപ്പിച്ചത് അന്യോന്യം പടവെട്ടുന്നതിലും, അക്രമവും പ്രതികാരവും കുഴപ്പവും പടർത്തിവിടുന്നതിലുമായിരുന്നു. ക്രൂരജന്തുക്കളെപ്പോലെ പല രൂപത്തിലും ഭാവത്തിലും സ്വതന്ത്രമായി സമുദായമദ്ധ്യത്തിൽ ഉലാത്തുകയും സാധുജനങ്ങളെ ജീവനോടെ വിഴുങ്ങുകയുമായിരുന്നു അവരുടെ “നാഗരീകത!” ഇതെല്ലാം അത്യത്ഭുതകരമാംവിധം മാറിമറിഞ്ഞു. ഓരോ ദിവസവും ഓരോ ഗോത്രങ്ങളിൽനിന്നും നല്ല നല്ല ആളുകൾ ഇസ്ലാമിലേക്കു വരികയായി. ഒരു പുതിയ ആവേശം നാടെങ്ങും അലതല്ലിക്കയറുകയായിരുന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി പുതിയ വിപ്ലവസംഘത്തിൽ പ്രവേശിച്ചു തുടങ്ങി. നബി (സ) യെ നഖശിഖാന്തം എതിർത്തവർ പെട്ടെന്നു ദീനിൽ പ്രവേശിക്കുകയാണ്. അങ്ങിനെ വരുന്നവർ ആകപ്പാടെ മാറിക്കഴിഞ്ഞു നല്ലവരായിത്തീരുകയാണ്. അവരിൽ അന്തർലീനമായി കിടന്നിരുന്ന കഴിവുകൾ വികസിക്കുകയും, അവർ പുതിയ വ്യക്തികളായി മാറുകയും ചെയ്തിരിക്കുകയാണ്. കൊലപാതകികൾ ജീവരക്ഷകന്മാരാകുന്നു, കള്ളന്മാർ വിശ്വസ്ഥന്മാരാകുന്നു, കവർച്ചക്കാർ സമാധാനം പ്രചരിപ്പിക്കുന്നു, കള്ളക്കച്ചവടം പമ്പകടക്കുന്നു, ധിക്കാരികൾ സുശീലരാകുന്നു, സാധുക്കൾ വീരശൂരന്മാരായി മറിയുന്നു, അൻസാരികൾ അവരുടെ സ്വത്ത് മുജാഹിറുകളുമായി പങ്കിടുന്നു, ഇന്നലത്തെ അടിമ ഇന്നത്തെ ധനികനാകുന്നു, ധനികനും, ദരിദ്രനും ഒന്നിച്ചു തോളോടു തോൾ ചേർന്നു അണിനിരക്കുന്നു. എല്ലാവരും ഒന്ന്, സന്തോഷത്തിലും സന്താപത്തിലും ഒന്നു, സമ്പത്തിലും ആപത്തിലും ഒന്നു, ഒരേ ഒരു സാഹോദര്യ സംഘടന അങ്ങിനെ ഉന്നതന്മാരായ സാഹിത്യകാരന്മാർ, നിയമാധിപന്മാർ, വ്യവസായപ്രമുഖന്മാർ, സൈന്യാധിപന്മാർ, ഭരണനിപുണന്മാർ_എല്ലാം ഒന്നാംകിട യോഗ്യന്മാർ ഉയർന്നു വരികയായി. ഉദാഹരണങ്ങൾ പറഞ്ഞുതുടങ്ങിയാൽ അന്ത്യം കാണുവാൻ പ്രയാസം.

## മനുഷ്യന് അത്യുത്തമ മാതൃക

മുഹമ്മദ്നബി (സ) യുടെ ശിഷ്യന്മാരെയും അനുയായികളേയും ഉന്നതവ്യക്തികളാക്കി സംസ്കരിച്ചത് ഇസ്ലാമികസന്ദേശവും ശിക്ഷണവു

യിരുന്നുവെന്നു പറഞ്ഞുകഴിഞ്ഞല്ലോ. നബി (സ) തിരുമേനിയുടെ വ്യക്തിമാഹാത്മ്യവും സ്വഭാവഗുണവും അതിൽ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതങ്ങിനെയല്ലാതെ വരാൻ നിവൃത്തിയില്ല. കാരണം ആയിശാബി (റ) പറഞ്ഞതുപോലെ "അവിടുത്തെ സ്വഭാവം ഖുർആനായിരുന്നു!" വിശുദ്ധ ഖുർആൻ (68 : 4) തന്നെ പറയുന്നതു "തീർച്ചയായും ശ്രേഷ്ഠമായ സ്വഭാവഗുണത്തിലത്രെ (നീ വർത്തിക്കുക)" എന്നാണ്. ഈ ആയത്തും റൌസാശരീഫിന്റെ മതിലിന്മേൽ എഴുതിയിരിക്കയാണ്.

മനുഷ്യവ്യക്തിയുടെ ഔന്നത്യം, വ്യക്തികൾ തമ്മിലുള്ള സമത്വം, സഹോദരത്വം, സ്വാതന്ത്ര്യം, പെരുമാററത്തിലുള്ള അനേകമനേകം ഗുണങ്ങൾ—ഇതെല്ലാം സംശയരഹിതമായ നിലയിൽ പ്രകാശിപ്പിക്കുകയായിരുന്നു അവിടുത്തെ ജീവിതം. എല്ലാ ഗുണങ്ങളും സമഞ്ജസമായി ഒത്തിണങ്ങിയ ഒരു ചിത്രം അവിടുന്ന് സ്വജീവിതത്തിൽ വരഞ്ഞുകാണിച്ചു. അങ്ങിനെയുള്ള ഒരു ചിത്രം അതിന്ന് മുമ്പോ പിമ്പോ എവിടെയും ഒരിക്കലും കണ്ടിട്ടില്ല. നിയമത്തിന്ന് മുമ്പിൽ തിരുമേനി (സ) യും അനുചരന്മാരും (റ), അറബിയും അനറബിയും, പാർസിയും റോമക്കാരനും, കറുത്തവനും വെളുത്തവനും, ധനികനും ദരിദ്രനും, പണ്ഡിതനും പാമരനും എല്ലാം സമന്മാരായിരുന്നു. അതായിരുന്നുവല്ലോ ഖുർആൻ ശരീഫ് നല്കിയ സന്ദേശം, നബി (സ) യും സഖാക്കളും (റ) അനുസരിച്ചു കാണിച്ചുതന്ന ജീവിതരീതി. അവരുടെ മഹത്തായ ചരിത്രത്തിലെ സംഭവങ്ങൾ തുരുതുരെ മനസ്സിൽക്കൂടി കടന്നുപോവുകയാണ്. ചെറിയ ചെറിയ കാര്യങ്ങൾപോലും എന്തുമാത്രം മഹത്തരവും മഹോന്നതവുമാണെന്നു നോക്കുക: ആരായിരുന്നു മുഹമ്മദുനബി (സ)? അല്ലാഹുവിൻെറ ദിവ്യദൂതൻ; മുസൽമാൻെറ സത്യസാക്ഷ്യവചനങ്ങളിൽ—ശഹാദത്ത് കലിമയിൽ—സമ്മതിച്ചു സ്വീകരിക്കപ്പെട്ടിട്ടുള്ള ദൈവദൂതൻ! അവിടുത്തെ മഹോന്നതമായ സ്ഥാനം അംഗീകരിക്കാത്തവൻ മുസൽമാനല്ല. അന്നത്തെ മുസ്ലിംസമുദായത്തിൻെറ പിതാവും നേതാവും ഭരണാധിപനുമെല്ലാമായിരുന്നു തിരുമേനി. അവിടുത്തെ കല്പനകൾ ആ രാഷ്ട്രത്തിലെ ചോദ്യം ചെയ്യപ്പെടാത്ത നിയമങ്ങളായിരുന്നു. എന്നാലും അവിടുത്തെ പെരുമാററം എത്ര മനോഹരമായിരുന്നു? മനുഷ്യനെ മനുഷ്യനാക്കി ഉയർത്തുകയായിരുന്നു അവിടുത്തെ ലക്ഷ്യം. വ്യക്തിമാഹാത്മ്യത്തിൻെറ അന്തഃസത്ത അവന്ന് പഠിപ്പിക്കുകയായിരുന്നു അവിടുത്തെ ദൌത്യം. മനുഷ്യൻ മനുഷ്യന്ന്—ആ മനുഷ്യൻ നബിയായാൽപോലും—വഴങ്ങരുത് എന്ന് അവിടുന്ന് പഠിപ്പിച്ചു. നിയമം നടത്തുന്ന ആൾ മററാരേയുംപോലെ നിയമത്തിന്ന് അധീനനാണ് എന്നു കാണിച്ചുകൊടുത്തു. ഉച്ചനീചത്വം ഒരു പ്രകാരത്തിലും അവിടെങ്ങും തീണ്ടുവാൻപോലും സമ്മതിച്ചില്ല.

നോക്കുക: ഒരു മഹാസാമ്രാജ്യത്തിൻെറ സർവ്വാധിപതി. ആ

കൊച്ചു വീട്ടിന്റെ മൂലയിൽ ചുമരും ചാരിയിരുന്ന തന്റെ ചെരിപ്പ് തയ്ച്ചു ശരിപ്പെടുത്തുന്നു. ഈ ജോലി ചെയ്തുതരാമെന്ന് താല്പര്യപൂർവ്വം ഏറ്ററ പറയുന്ന സ്നേഹിതനോട്, "വേണ്ട, ഓരോ ആളും അവരവരുടെ കാര്യങ്ങൾ അവരവർതന്നെ ചെയ്യുന്നതാണ് നല്ലതു്" എന്നു കല്പിക്കുന്നു. മദീനാപട്ടണത്തിനു് ചുററും പ്രതിരോധത്തിനു്വേണ്ടി ഒരു കിടങ്ങ് കീറുകയാണ്. മററനേകം മുസൽമാന്മാരുടെ കൂടെ സാധാരണ തൊഴിലാളികളെപോലെ അവരുടെ അമീറും (സ) കഷ്ടപ്പെട്ടു ജോലി ചെയ്യുന്നു. പള്ളിയുടെ നിർമ്മാണം നടക്കുമ്പോൾ തിരുമേനി (സ) മണ്ണും മടലും ഓലയും ചുമന്നുകൊണ്ടുവരികയാണ്. യാത്രാമദ്ധ്യത്തിൽ ഭക്ഷണം പാകം ചെയ്യേണ്ട സമയമാകുമ്പോൾ അടുപ്പിലേക്ക് വിറക് പെറുക്കികൊണ്ടുവരുന്നതു റസൂലുല്ലാഹിൽ കരീം (സ) തന്നെ. അവിടുന്നു് ആടുകളെ മേയ്ക്കുന്നു, ഒട്ടകത്തിന്റെ പാൽ കറന്നെടുക്കുന്നു, ഒട്ടകത്തിനു് കുടിക്കാൻ വെള്ളം ചുമന്നുകൊണ്ട് പോടുക്കുന്നു മറുനാടുകളിൽനിന്നു് നാട്ടുവാഴികളുടെ പ്രതിനിധികൾ മദീനായിലെ രാഷ്ട്രത്തലവനെ (സ) കാണുവാൻ വരികയാണ്. സഖാക്കളോപ്പം വിനയസമന്വിതനായി അവരിലൊരാളെന്നവണ്ണം ഇരിക്കുന്ന നേതാവിനെ തിരിച്ചറിയാൻ അവർക്കു പ്രയാസം നേരിടുന്നു. ഈ പ്രയാസം ഒഴിവാക്കുവാൻ തിരുമേനിക്ക് (സ) ഇരിക്കേണ്ടതിനു് മണ്ണുകൊണ്ടു ഒരു പീഠം നിർമ്മിച്ചുവെക്കുന്നു. സഖാക്കൾ തിരുപാദങ്ങളാൽ അതു തട്ടിനീക്കിക്കൊണ്ട്, "ഞാൻ എന്തെല്ലാം അസമത്വങ്ങൾ നശിപ്പിക്കുവാൻ വന്നിരിക്കുന്നുവോ, അതെല്ലാം നിങ്ങൾ കൊണ്ടുവരികയാണോ? ഇന്നു ഇതൊരു മണ്ണിന്റെ പീഠമായിരിക്കും, നാളത്തെ ഭരണാധിപൻ ഇതൊരു സിംഹാസനമാക്കി മാററുകയില്ലേ?" എന്നു ചോദിച്ചു. നബി (സ) യെ കാണുമ്പോൾ എണീററു നിൽക്കുന്ന സഖാക്കളോടു അതാവശ്യമില്ലെന്നും, കൈസറുടെയും കിസ്രായുടെയും മുമ്പാകെ നടക്കുന്ന അത്തരം ആചാരങ്ങൾ നമുക്കു വേണ്ടായെന്നും അവിടുന്നു് ശാസിക്കുന്നു. "സയ്യിദുനാ"—നേതാവേ— എന്നു് തിരുമേനി (സ) യെ അഭിസംബോധനം ചെയ്ത ഒരു സഖാവോട്, "പാടില്ല. ആ മഹിമ അല്ലാഹുവിനുള്ളതാണ്, ഞാൻ അവന്റെ ഒരടിമ മാത്രമാണ്." എന്നു നിർദ്ദേശിക്കുന്നു. അവിടുന്നു് വുസൂ എടുക്കുമ്പോൾ ഉപയോഗിച്ച വെള്ളമെടുത്ത് ഒരാൾ തന്റെ മുഖം നനക്കുവാൻ മുതിരുകയും, അങ്ങിനെ ചെയ്യുന്നതു് നബി (സ) യോടുള്ള സ്നേഹബഹുമാനങ്ങൾ കാണിക്കുവാനാണെന്നു പറയുകയും ചെയ്തപ്പോൾ, "അരുതു്. എന്നോടു സ്നേഹമുണ്ടെങ്കിൽ സത്യം പറയുക, അമാനത്തിനെ പാലിക്കുക, വാഗ്ദത്തം നിറവേററുക; അതെല്ലാമാണ് ശരിയായ സ്നേഹം, ശരിയായ ബഹുമാനം," എന്നു കല്പിച്ചു.

ഇങ്ങിനെ സൌമ്യത്തിന്റെയും വിനയത്തിന്റെയും മകുടോദാഹരണമായ തിരുനബി (സ) യുടെ നീതിപരിപാലനത്തിലെ നിഷ്കർഷയെ

നോക്കുക. ബദർ യുദ്ധത്തിൽ പിടിക്കപ്പെട്ട ശത്രുക്കളുടെ കൈകൾ കയറുകൊണ്ടു കെട്ടിയപ്പോൾ, നബി (സ) യുടെ പിതൃസഹോദരനായ അബ്ബാസ് (റ) ന്റെ കൈകൾ അല്പം അയച്ചുകൊടുത്തതു് കണ്ടു മനസ്സിലാക്കി ആ പക്ഷഭേദം ഒഴിവാക്കുവാൻ അവിടുന്നു് കല്പിച്ചു. തടവുകാരുടെ കൂട്ടത്തിൽ അവിടുത്തെ മരുമകൻ അബുൽആസും (റ) ഉണ്ടായിരുന്നു. അവരെയെല്ലാം വധിക്കേണമെന്നും, ഓരോ പുള്ളിയേയും വധിക്കുന്നതു് അയാളുടെ ഏററവും അടുത്ത ബന്ധുവായിരിക്കേണമെന്നുമായിരുന്നു വിധി. അവിടുന്നു് അതിന്നു് തയ്യാറായി. പിന്നീടു് പിഴ ഒടുക്കി തങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുക്കാൻ എല്ലാവർക്കും സമ്മതം നൽകി. അവിടുത്തെ മകൾ സൈനബ് (റ) അവരുടെ ഭർത്താവിന്റെ വിടുതലിന്നു് വേണ്ടി തന്റെ ഒരു മാല കൊടുത്തയച്ചു. ഈ കൊച്ചു മാല ഏതായിരുന്നുവെന്നോ? വർഷങ്ങൾക്കു് മുമ്പു് നബി (സ) ഖദീജാബീവി (റ) യെ വിവാഹം ചെയ്തപ്പോൾ അവർക്കു നൽകിയ സമ്മാനമായിരുന്നു. പിന്നീടു മകൾ സൈനബ് (റ) വിവാഹിതയായി ഭർത്താവിന്റെ കൂടെ പോകുമ്പോൾ, ആ മാല മാതാവു് മകളുടെ കഴുത്തിൽ ചാർത്തി. ഇതു് കണ്ടമ്പോൾ തിരുമേനി (സ) യുടെ മനസ്സിൽകൂടി എന്തെല്ലാം ഓർമ്മകളും വികാരങ്ങളും കടന്നുപോയിട്ടുണ്ടാകണം! ആരായിരുന്നു ഖദീജ (റ)? എന്തൊരു മാന്യതയുള്ള, എത്രമാത്രം സ്നേഹസമ്പന്നയായ, ദീനിനു്വേണ്ടി എന്തെല്ലാം ത്യാഗം വഹിച്ച മഹിളാരത്നം! അവരോടൊന്നിച്ചു കഴിഞ്ഞുപോയ 25 വർഷത്തെ സേവന നിർഭരമായ, സ്നേഹസമ്പൂർണ്ണമായ ജീവിതത്തിലെ എന്തെല്ലാം ഓർമ്മകൾ! അതെല്ലാം ഓർമ്മിപ്പിക്കുന്ന ഈ ചെറിയ ആഭരണം തിരുമേനി (സ) ക്കു് തന്നെ എടുക്കാമായിരുന്നു, മകൾക്കു് മടക്കിക്കൊടുക്കാമായിരുന്നു. പക്ഷെ, പാടില്ല. നീതിയുടെ തുലാസിൽ സ്വന്തമായ വികാരങ്ങൾക്കു് ഇടം കൊടുക്കുവാൻ അവിടുന്നു് തയ്യാറില്ലായിരുന്നു. മക്കാവിജയത്തിന്നു്ശേഷം നബി (സ) നൽകിയ പൊതുമാപ്പിൽ പിതൃസഹോദരൻ ഹംസ (റ) യെ ക്രൂരവും മൃഗീയവുമായ രീതിയിൽ കൊലചെയ്ത വഹ്ശി (റ) യും, മകൾ സൈനബ് (റ) നെ മുറിപ്പെടുത്തിയ അസ്വദും (റ) ഉൾപെട്ടിരുന്നു. നബി (സ)യേയും സഖാക്കളേയും മക്കായിൽ പന്തിവിരോധംചെയ്തു, ഭക്ഷണപാനീയങ്ങൾ പോലും തടഞ്ഞു ഉപദ്രവിച്ചവരോടു് പകരംവീട്ടുവാൻ ഒരു സൌകര്യം ലഭിച്ചപ്പോൾ, മക്കയിലേക്കു് ഒഴുകുന്ന അരുവി കെട്ടിയടച്ചു തിരിക്കുവാൻ ചില സഖാക്കൾ ഒരുമ്പെട്ടപ്പോൾ, അവിടുന്നു് അതു സമ്മതിച്ചില്ല. 'നാം മനുഷ്യസമുദായത്തെ രക്ഷിക്കുവാനും സംസ്കരിക്കുവാനുമാണു് വന്നിട്ടുള്ളതു്; ഉപദ്രവിക്കുവാനും പട്ടിണികിടത്തുവാനുമല്ല,'' എന്നു് അവിടുന്നു് കല്പിച്ചു.

അവിടുത്തെ ഭരണത്തിൽ എല്ലാ പൌരന്മാർക്കും അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേററിക്കൊടുക്കേണ്ട ഉത്തരവാദിത്വം ഭരണകർത്താ

ക്കാംക്കായിരുന്നു. ഭരണനേതാവിനെ (ജീവിതസൌകര്യങ്ങാം നല്കുന്ന വിഷയത്തിൽ) ഭരണീയരിൽ ദരിദ്രവിഭാഗങ്ങളുടെ കൂടെയായിരുന്നു നിർത്തിയിരുന്നതു്. എല്ലാ പ്രജകളുടെയും വയർ നിറഞ്ഞെന്നു് ബോദ്ധ്യമായാലെ നബി (സ) ഭക്ഷിക്കുകയുള്ളു. എല്ലാവർക്കും വസ്ത്രം കിട്ടിയെന്നു് ഉറപ്പു ലഭിച്ചാലെ അങ്ങു പുതുവസ്ത്രം ധരിക്കുകയുള്ളു.

ഈ മഹത്തായ മാതൃക തുടരുവാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു. "തീർച്ചയായും അല്ലാഹുവിൻെറ റസൂലിൽ നിങ്ങാംക്കു സുന്ദരമായ ഒരു മാതൃകയുണ്ടു്—അല്ലാഹുവിലും അന്ത്യദിനത്തിലും പ്രത്യാശവെക്കുകയും, അധികമായി അല്ലാഹുവിനെ സ്മരിക്കുകയുംചെയ്യുന്ന ഒരുവന്നു്" (വി. ഖു. 33:21) വീണ്ടും അല്ലാഹു കല്പിക്കുന്നു: "നീ പറയുക: നിങ്ങാം അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക, അല്ലാഹു നിങ്ങളെ സ്നേഹിക്കും" (വി. ഖു. 3 : 31) വിശുദ്ധഖുർആൻ കല്പിക്കുന്നതനുസരിച്ചു് ഒരു മനുഷ്യനു് ജീവിക്കാമെന്നും, സർവ്വഗുണസമ്പൂർണ്ണനായി വളർന്നു വിജയിക്കാമെന്നും മുഹമ്മദ്നബി(സ)സ്വന്തം ജീവിതത്തിൽകൂടി നമുക്കു കാണിച്ചുതന്നിരിക്കുന്നു മാത്രമല്ല, ആ മാതൃക അക്ഷരംപ്രതി അനുസരിച്ചു ജീവിച്ച അനേകം സഹാബിവര്യന്മാരെയും നമുക്കു് സമ്മാനിക്കുകയും ചെയ്തിരിക്കുന്നു

# സഹാബിവര്യന്മാർ

വിശുദ്ധ ഖുർആൻ പഠിപ്പിച്ചുതന്ന രീതിയിലുള്ള ജീവിതം തികച്ചും പ്രായോഗികമാണെന്നു് മുഹമ്മദ് നബി (സ) സ്വന്തം ജീവിതത്തിൽ കാണിച്ചുതന്നതുകൂടാതെ, അതനുസരിച്ചു ജീവിതം നയിച്ച ധാരാളം സഹാബിവര്യന്മാരേയും മാനവലോകത്തിനു് കാഴ്ചവെച്ചു. ഇസ്ലാം അപ്രായോഗികമായ ഒരാദർശസമുച്ചയമല്ല, നൂറു ശതമാനവും പ്രായോഗികമായ, പ്രകൃതിക്കനുയോജ്യമായ ഒരു സംസ്കാരമാണെന്നു് തെളിയിച്ചുതന്നു. "(അല്ലാഹു) അത്രെ അവൻെറ റസൂലിനെ മാർഗ്ഗദർശനവും സത്യമതവുമായി അയച്ചവൻ—അതിനെ എല്ലാ മതത്തിൻെറയും മീതെ (വെല്ലുന്നതാക്കി) പ്രഖ്യാപിക്കുന്നതിനു്വേണ്ടി. ഇതിനു് സാക്ഷിയായി അല്ലാഹുതന്നെ മതി. മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണു്. അവന്റെ കൂടെയുള്ളവർ അവിശ്വാസികാംക്കെതിരെ (അതീവ) ശക്തന്മാരും, (വിശ്വാസികളുടെ ഇടയിൽ) അന്യോന്യം കൃപാലുക്കളത്രെ. അല്ലാഹുവിങ്കൽനിന്നു ഔദാര്യവും അവൻെറ തൃപ്തിയും നേടിക്കൊണ്ടു് നമിക്കുന്നവരായി, കുമ്പിടുന്നവരായി അവരെ നീ കാണുന്നു. നമസ്കാരത്തിൻെറ

കലയാൽ അവരുടെ മുഖങ്ങളിൽ അവരുടെ അടയാളങ്ങൾ ഉണ്ട്. അതു തൌറാത്തിൽ അവരുടെ ഉപമയത്രെ. ഇഞ്ചീലിൽ അവരുടെ ഉപമ—ഒരു വിത്തിനെപോലെയെന്നാണ്; അതു അതിൻെറ മുള പുറപ്പെടുവിക്കുന്നു; എന്നിട്ട് അതിനെ ശക്തിപ്പെടുത്തുന്നു; അപ്പോൾ അതു വണ്ണിക്കുന്നു; അങ്ങിനെ അതിൻെറ (സ്വന്ത) തടിയിൽ അതുറച്ചു നില്ക്കുകയായി—വിതച്ചവരെ വിസ്മയിപ്പിച്ചുകൊണ്ട്; അവർമൂലം (അല്ലാഹു) അവിശ്വാസികളെ അരിശം കൊള്ളിക്കുന്നതിന് വേണ്ടി! വിശ്വാസിക്കുകയും സൽക്കർമ്മങ്ങൾ പ്രവൎത്തിക്കുകയും ചെയ്യുന്നവക്ക് പാപമോചനവും വലുതായ പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്.'' (വി. ഖു 48 : 28-29.)

ഇങ്ങിനെ മാതൃകാപുരുഷന്മാരായി ജീവിച്ചു ഇസ്ലാംമതം പ്രചരിപ്പിക്കുകയും, ഇസ്ലാമികസംസ്കാരം പടുത്തുയൎത്തുകയും ചെയ്ത രണ്ടു മഹാത്മാക്കളായിരുന്നു അബൂബക്കർ സിദ്ദീഖും (റ), ഉമർഫാറൂഖും (റ). അവരുടെ ഖബറുകളും റൌസാശരീഫിന് തൊട്ടാണല്ലൊ സ്ഥിതിചെയ്യുന്നതു്. സത്യത്തിനും നീതിക്കുംവേണ്ടി യാതൊരു വിട്ടൊഴിച്ചലും കൂടാതെ അചഞ്ചലമായിനിന്നുകൊണ്ട്, സൌമ്യതവേണ്ടിടത്തു് സൌമ്യതയും, ശൌര്യം വേണ്ടിടത്തു് ശൌര്യവും പ്രകടിപ്പിച്ചു, നബി (സ) യുടെ മാതൃക പിന്തുടൎന്നവരാണ് അവർ രണ്ടുപേരും. ഒരൊന്നാന്തരം വ്യാപാരിയായിരുന്ന അബൂബക്കർ (റ) തൻെറ സമ്പാദ്യം മുഴുവനും ഇസ്ലാമിനുവേണ്ടി അൎപ്പിച്ചു. നബി (സ) തിരുമേനിക്ക്ശേഷം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ വലിയ സമ്പത്തൊന്നും ശേഷിച്ചിരുന്നില്ല. തുണിത്തരങ്ങൾ തലയിൽ ചുമന്നു വിററിട്ടായിരുന്നു അഹോവൃത്തികഴിച്ചുപോന്നതു്. പിന്നീടു മുഴുവസമയവും ഭരണകാര്യങ്ങളിൽ ചിലവഴിക്കേണ്ടിവന്നപ്പോൾ ഒരു തുച്ഛമായ വേതനം സ്വീകരിക്കുകയുണ്ടായി. ഏററവും ചുരുങ്ങിയ വരുമാനമുള്ള ഒരു തൊഴിലാളിയുടെ വേതനമനുസരിച്ചായിരുന്നു ഈ ദിനബത്ത നിശ്ചയിച്ചതു്. ഇതു മതിയാകുമോ എന്ന് ഒരു സഖാവു് ചോദിച്ചപ്പോൾ, മന്ദഹസിച്ചുകൊണ്ടു്, ''ഇങ്ങിനെ ആയാൽ താഴെക്കിടയിലെ തൊഴിലാളികളുടെ വരുമാനം വൎദ്ധിപ്പിക്കുവാൻ ഖലീഫ പരിശ്രമിക്കുമല്ലൊ?'' എന്നായിരുന്നു മറുചോദ്യം ഉന്നയിച്ചതു്! പ്രതിദിനം ലഭിക്കുന്ന റേഷനിൽനിന്ന് ഒരു പിടി ഗോതമ്പു് മാററിവെച്ചു, അതു കൂട്ടിവെച്ചു ഒരു മധുരപലഹാരമുണ്ടാക്കി തനിക്ക് സമ്മാനിച്ച ഭാൎയ്യയെ അനുമോദിക്കുകയും, തൻെറ പ്രതിദിന റേഷനിൽ ഒരുപിടി കുറക്കുവാൻ ബൈത്തുൽമാലിലേക്ക് നിൎദ്ദേശം നല്കുകയുംചെയ്തു! ഇങ്ങിനെയെല്ലാം സൂക്ഷിച്ചു ജീവിച്ചശേഷവും തൃപ്തിവരാതെ, മരണം ആസന്നമായെന്ന് തോന്നിയപ്പോൾ, പൊതുമുതൽ അല്പമെങ്കിലും ഉപയോഗിച്ചുപോയി എന്ന അപരാധം ഒഴിവാക്കുവാൻ തൻെറ ഒരു വീടു് വിററുകളയുകയും, ബൈത്തുൽമാലിൽനിന്നു താൻ എടുത്ത സംഖ്യ മുഴുവൻ തിരിച്ചടക്കുകയും ചെയ്തു.

ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അബൂബക്കർ (റ) ചെയ്ത പ്രസംഗം ശ്രദ്ധേയമാണ്: "എൻെറ ജനങ്ങളെ, നിങ്ങൾ ഭരണകാര്യങ്ങൾ എന്നെ ഏല്പിച്ചിരിക്കയാണ്. നിങ്ങളിൽ ഏററവും നല്ലവനല്ല ഞാൻ. നിങ്ങളുടെയെല്ലാം ഉപദേശവും സഹായവും ഞാൻ ആവശ്യപ്പെടുകയാണ്. ഞാൻ നല്ലതു ചെയ്താൽ എന്നെ പിന്താങ്ങുക, തെററ ചെയ്താൽ ഉപദേശിച്ചുതരിക. ഭരണകർത്താവിൻെറ മുമ്പിൽ സത്യം പറയുന്നത് വ്യക്തമായ ക്കുറാണ്, സത്യം മറച്ചുവെക്കുന്നത് രാജ്യദ്രോഹവും. എൻെറ മുമ്പിൽ ശക്തനും അശക്തനും സമന്മാരാണ്, അവരോട് നീതി പാലിക്കാൻ ഞാൻ ശ്രമിക്കും. ഞാൻ അല്ലാഹുവെയും അവൻെറ റസൂലിനെയും അനുസരിക്കുന്ന കാലത്തോളം എന്നെ നിങ്ങൾ അനുസരിക്കുക. ഞാൻ അല്ലാഹുവിൻെറയും റസൂലിൻെറയും നിയമങ്ങൾ അവഗണിക്കുന്ന നിമിഷം ഞാൻ നിങ്ങളുടെ അനുസരണത്തിനർഹനല്ലാതായിത്തീരും."

ഖലീഫയെന്ന നിലയിൽ "കള്ളനബി" മാർക്കെതിരായും, സക്കാത്ത് നിഷേധികൾക്കെതിരായും അദ്ദേഹം ജിഹാദ് ചെയ്തു. രാജ്യത്ത് സമാധാനവും നീതിയും സ്ഥാപിച്ചു. അവശവിഭാഗങ്ങളെപററി പ്രത്യേകം ശ്രദ്ധവെച്ചു. രാത്രികാലങ്ങളിൽ അജ്ഞാതനായി സാധുക്കളെ തെരഞ്ഞുപിടിച്ചു അവക്ക് ആവശ്യമായ സഹായം എത്തിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. സാധുവും അന്ധയുമായ ഒരു വൃദ്ധയുടെ വീട്ടിൽചെന്നു പലപ്പോഴും സഹായം നല്കുന്നതു് ഉമർ (റ) പതിവാക്കിയിരുന്നു. എന്നാൽ ഏതാണ്ടെല്ലാ ദിവസവും അദ്ദേഹത്തേക്കാൾ മുമ്പായി മററാരോ അവിടെ വന്നു സഹായം നല്കിവരുന്നതായി അദ്ദേഹം മനസ്സിലാക്കി. പിറെറദിവസം അദ്ദേഹം നേരത്തെതന്നെ അവിടെ ചെന്നു നോക്കിയപ്പോൾ തന്നെ കവച്ചുവെക്കുന്ന ആ സാധുജനസ്നേഹി അബൂബക്കർ (റ) ആയിരുന്നുവെന്നു മനസ്സിലായി!

രണ്ടാം ഖലീഫ ഉമർ (റ) ഈ പാരമ്പര്യം കൂടുതൽ കർശനമായി തുടർന്നുപോന്നു. അദ്ദേഹത്തിൻെറ സാമ്രാജ്യം 22 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടായിരുന്നു. ഇറാഖിൽനിന്നുമാത്രം പ്രതിവർഷം 12 കോടി ദിർഹം വരുമാനമുണ്ടായിരുന്നു. ജനസംഖ്യയും ഏറിയേറിവരികയായിരുന്നു. അതോടൊപ്പം ഉത്തരവാദിത്വവും സാമ്രാജ്യത്തിൻെറ വ്യാപ്തിയും പ്രതാപവും ഏറിയേറിവരുന്തോറും അതിനെപ്പററിയുള്ള അഭിമാനമോ അഹങ്കാരമോ അല്ല, ഏറിയേറിവരുന്ന ഉത്തരവാദിത്വത്തെപ്പററിയുള്ള ചിന്തയായിരുന്നു മുന്നേറിനിന്നതു്. ചുമതലാബോധത്തോടെ അല്ലാഹുവിന് തലകുനിച്ച് കൂടുതൽ കൂടുതൽ സൂക്ഷ്മതപാലിക്കുവാൻ ശ്രദ്ധിച്ചു. വേനൽകാലത്തേക്ക് ഒരു ജോടി വസ്ത്രം, ശൈത്യകാലത്തേക്ക് ഒരു ജോടി സാധാരണ തൊഴിലാളിയുടെ വരുമാനമനുസരിച്ച ദിനബത്ത—ഇതായി,

രുന്നു അദ്ദേഹത്തിൻെറ വേതനം. വസ്ത്രം കഴുകി ഉണങ്ങുവാൻ താമസം നേരിടുമ്പോഠം ഉടുക്കുവാൻ വേറെ വസ്ത്രമില്ലാതെ സന്ദർശകരെ കാണുന്ന തിന്നു താമസംനേരിട്ട സന്ദർഭങ്ങഠം ഉണ്ടായിരുന്നു. ഗോതമ്പിന്നു ക്ഷാമം നേരിട്ടപ്പോഠം ദേഹസുഖമില്ലാഞ്ഞിട്ടും ഗോതമ്പു തിന്നുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. ക്ഷാമനാളുകളിൽ ഇശാക്ക്ശേഷം ഉമർ (റ) വീട്ടിൽ കടന്നു പാതിരാവരെ നമസ്കരിക്കും. പിന്നീടു വെളിയിലിറങ്ങി ചുററി നടന്നു സാധുജനങ്ങളുടെ ക്ഷേമാന്വേഷണം നടത്തുകയായി. പട്ടിണി കിടക്കുന്നവർക്കു സ്വന്തംചുമലിൽ ചുമന്നുകൊണ്ടു ഗോതമ്പുമാവു എത്തിച്ചുകൊടുക്കുകയും, പ്രസവവേദനയെടുക്കുന്ന സ്ത്രീയെ ശുശ്രൂഷി ക്കാൻ സ്വഭാര്യയെ കൂട്ടിക്കൊണ്ടു ചെല്ലുകയും ഉണ്ടായിട്ടുണ്ടു. കൈസറി ൻെറ പത്നി ഒരിക്കൽ ഉമറി (റ) ൻെറ ഭാര്യക്കു ഒരു വിലപിടിച്ച സാധനം സമ്മാനമായി അയച്ചുകൊടുത്തു. ഉമർ (റ) അതു ബൈത്തുൽ മാലിലേക്കയക്കുകയാണുണ്ടായതു്. അദ്ദേഹത്തിൻെറ മകൻ ഒരിക്കൽ മിസ്രിൽനിന്നു മദീനത്തേക്കു മടങ്ങുകയായിരുന്നു. ബൈത്തുൽമാലിലേക്കട ക്കേണ്ട കുറെ പണം മിസ്രിലെ ഗവർണ്ണർ അദ്ദേഹത്തിൻെറ കൈവശം കൊടുത്തയച്ചു. വഴിയിൽ ഈ പണം ഉപയോഗിച്ചു ചില വ്യാപാരങ്ങഠം നടത്തുകയും, അതിൽ നല്ല ലാഭമുണ്ടാകുകയുംചെയ്തു. ബൈത്തുൽ മാലിലേ ക്കയച്ച പണം കൃത്യമായി അവിടെ ഒതുക്കി. പക്ഷെ, ഖലീഫ വിട്ടില്ല. മകൻെറ വ്യാപാരത്തിലുണ്ടായ ലാഭവുംകൂടി ബൈത്തുൽമാലിലേക്കു കൊ ടുപ്പിച്ചു. ഉമർ ഖത്താബ് (റ) ൻെറ വീട്ടുവാതുക്കൽ കാവൽക്കാരുണ്ടായിരു ന്നില്ല. ആർക്കും അവിടെ ഏതു സമയത്തും കയറിച്ചെല്ലാമായിരുന്നു. ശാ മിലേക്കു യാത്രതിരിച്ചപ്പോഠം അമീറും വേലക്കാരനും ഒട്ടകപ്പുറത്തു മാറി മാറി സവാരിചെയ്തു. അവസാനം പട്ടണത്തിൻെറ താക്കോൽ സ്വീകരി ക്കുവാൻ പട്ടണത്തിൽ പ്രവേശിക്കുമ്പോഠം ഊഴമനുസരിച്ചു ഒട്ടകപ്പുറത്തു ണ്ടായിരുന്നതു വേലക്കാരനും, ഒട്ടകത്തെ കയർ പിടിച്ചു ഓട്ടിക്കൊണ്ടിരു ന്നതു ജേതാവായ അമീറുൽമുഅ്മിനീൻ ഉമറുബ്നുൽഖത്താബു (റ) മായി രുന്നു! ഇത്രയെല്ലാം സൂക്ഷ്മതയോടുകൂടി ഭരണംനടത്തിവന്ന ഉമറി (റ) ന്റെ അവസാനകാലത്തു തൻെറ പിൻഗാമിയായി എല്ലാ യോഗ്യതകളും ഉണ്ടാ യിരുന്ന സ്വപുത്രനെ നാമനിർദ്ദേശം ചെയ്യേണമെന്നു പലരും ആത്മാർത്ഥ മായിതന്നെ ആവശ്യപ്പെട്ടപ്പോഠം, ഉത്തരവാദിത്വത്തെപ്പററി പേടിച്ചു വിറച്ചു അതൊരിക്കലും പാടില്ലെന്നു കല്പിച്ചു.

ഇങ്ങിനെ എത്രയെത്രയോ സംഭവങ്ങഠം മനസ്സിൽകൂടി തുരുതുരെ പാഞ്ഞുകൊണ്ടിരുന്നു. അതോടൊപ്പം നമ്മുടെ ഭരണ കർത്താക്കളും സമു ദായ നേതാക്കന്മാരും പണ്ഡിതന്മാരും സാമാന്യ ജനങ്ങളും ചെയ്യുന്ന പ്രവർത്തികളെപ്പററിയും, അവർ പ്രകടിപ്പിക്കുന്ന മനഃസ്ഥിതിയെപ്പററി യും ചിന്തിച്ചുപോയി. നബി (സ) യുടെയും സിദ്ദീഖി (റ) ൻെറയും

ഫാറൂഖി (റ) ൻെറയും ഓർമ്മയോടൊപ്പം നമ്മുടെ ആളുകളെപ്പററി ചിന്തിക്കുന്നതുപോലും പാപമാണ്. അവർ കാട്ടിയ മാതൃകയെവിടെ, നാമെവിടെ? അവർ കാട്ടിയതു സാക്ഷാൽ ദൈവീക ജീവിതമായിരുന്നു, ഇസ്ലാമിക സംസ്കാരമായിരുന്നു. അവർ ഭൂലോകത്തു് അല്ലാഹുവിൻെറ പ്രതിനിധികളായിരുന്നു. നാം ശൈത്വാൻെറ ദുർമ്മന്ത്രണങ്ങൾക്കു് വഴങ്ങി ദീനും ദുൻയാവുമില്ലാതെ നട്ടംതിരിയുന്നു. അവർ സത്യം, സമത്വം, സഹോദരത്വം, സ്വാതന്ത്ര്യം ഇതെല്ലാം സംസ്ഥാപിച്ചു–പേരിൽ മാത്രം ഒതുങ്ങിനില്ക്കുന്ന പുറംതൊലിയല്ല, സാക്ഷാൽ പൊരുളുകൾ ഉൾക്കൊള്ളുന്ന നിലയിൽതന്നെ. ഉമർ (റ) അല്ലാഹുവെയല്ലാതെ ആരേയും ഭയന്നില്ല. അദ്ദേഹത്തിൻെറ ഭരണത്തിൻകീഴിൽ ഒരു മലഞ്ചെരുവിലെ കുടിലിൽ താമസിക്കുന്ന ബിദോയിൻ സ്ത്രീക്കും അല്ലാഹുവെയല്ലാതെ ആരേയും ഭയപ്പെടേണ്ടതില്ലായിരുന്നു. അല്ലാഹുവെ ഭയപ്പെടേണ്ടതും, അവൻെറ തൃപ്തിയെ നേടിയെടുക്കേണ്ടതും, എങ്ങിനെയെന്നു എല്ലാവരും അറിഞ്ഞിരുന്നു. അവർ അതനുസരിച്ചു ജീവിച്ചു. സമാധാനവും സംതൃപ്തിയും അവർ അനുഭവിച്ചു.

ചിന്ത വീണ്ടും ചിറകെട്ടത്തു പറന്നു. മക്കായിലെ ഹറം പരിസരങ്ങളിലേക്കു്, മർവാകുന്നിൻ ചെരുവിലേക്ക്, ഇഖ്വാൻ സഹോദരങ്ങളോടൊപ്പം കണ്ണീരൊഴിച്ചു ചെയ്ത കൂട്ടപ്രാർത്ഥനകളിലേക്ക് (പേജ് 141_43.) ഈ സമുദായത്തിൻെറ പ്രശ്നങ്ങൾക്കു് പരിഹാരമില്ലെ? ഉത്തരം വ്യക്തമായിരുന്നു. "ഈ സമുദായത്തിൻെറ ആദ്യം ഏതൊന്നുകൊണ്ടു നന്നായോ അതുകൊണ്ടല്ലാതെ ഇതിൻെറ അന്ത്യവും നന്നാവുകയില്ല." നമുക്കു ഉയരാനും മുന്നോട്ടു നീങ്ങുവാനും ഒരേഒരു മാർഗ്ഗമെയുള്ളു. ഖുർആനിലേക്കു മടങ്ങുക, റസൂലിനെ (സ) പിന്തുടരുക! നേത്രങ്ങൾ റൌസാശരീഫിൻെറ തെക്കെ മതിലിലേക്കു് തിരിയുകയാണ്. അവിടെ ഉല്ലേഖനം ചെയ്തിരിക്കുന്നതു നോക്കുക: "ഇന്ന'ല്ലാഹ വമലായിക്കതഹു, യു'സല്ലൂന അലന്നബിയ്യി; യാ അയ്യുഹല്ല്ദീന ആമനൂ, 'സല്ലൂ'അലൈഹിവസല്ലിമൂ തസ്ലീമാ." (വി. ഖു. 33:56.)

# മടക്കയാത്ര

മദീനായിൽ കഠിനമായ ശീതമായിരുന്നുവെന്നു് നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. എന്നെ ശക്തിയായൊരു ജലദോഷം പിടികൂടുകയുണ്ടായി.

ഭാര്യക്കും നല്ല പനിയുണ്ടായിരുന്നു. താമസസ്ഥലത്തിന്നടുത്തുള്ള പാക്കിസ്താൻ ഡിസ്പൻസറിയിൽനിന്നു് മരുന്നുകൾ വാങ്ങി സേവിച്ചും, ഭക്ഷണത്തിൽ നിയന്ത്രണങ്ങൾ വരുത്തിയും, രോഗം ജാസ്തിയാകാതിരിക്കുവാൻ മുൻകരുതലുകൾ എടുത്തു. എന്നാലും ബിരിയാനി ഞങ്ങളെ വിട്ടില്ല. ഒരു ദിവസം അബ്ദുസ്സമദ്മൌലവി സ്നേഹപൂർവ്വം ബിരിയാനി പാകം ചെയ്തു അയച്ചുതരികയുണ്ടായി. പിന്നീട് അദ്ദേഹത്തെ കണ്ടപ്പോൾ ഈ സൽക്കാരത്തിന്നു് നന്ദി പറഞ്ഞു. ഭക്ഷണം നന്നായോ എന്ന ചോദ്യത്തിനു് വളരെ നന്നായിയെന്നും, ഉച്ചക്കു് കഴിച്ചു തൃപ്തിപ്പെടാതെ കുറച്ചെടുത്തുവെച്ചു രാത്രിയും ഭക്ഷിച്ചുവെന്നും ഞാൻ അറിയിച്ചു. അപ്പോൾ 'നിങ്ങൾ മുഴുവനും ഉച്ചക്കുതന്നെ ഭക്ഷിച്ചിട്ടില്ല, രുചി പിടിക്കാത്തതുകൊണ്ടായിരിക്കാം!' എന്നായി മൌലവി സാഹിബ്! ഇതെല്ലാം അറബികളുടെ മര്യാദയാണ്. അതിഥിസൽക്കാരം അവർ വളരെ ഇഷ്ടപ്പെടുന്നു, സൽക്കാരത്തിന്നു് അതിഥി നന്ദിപറയുന്നതിലേറെ സൽകാരം സ്വീകരിച്ചതിനു് അതിഥിക്കു് നന്ദി പറയുകയാണു് അവർ ചെയ്യുന്നത്. ഇന്ത്യൻ ഡിസ്പൻസറിയിലെ ഡോക്ടർ മജീദും സ്നേഹപൂർവ്വം ഞങ്ങളെ ചികിത്സിക്കുകയുണ്ടായി. തബ്ലീഗ് ജമാഅത്തിലെ ഒരു പ്രമുഖാംഗമെന്ന നിലക്കും മററും തിരുവനന്തപുരത്തുനിന്നുതന്നെ അദ്ദേഹവും ഞാനും സ്നേഹിതന്മാരായിരുന്നു. ഇന്ത്യൻ ഡിസ്പൻസറിയിലെ തലവൻ ഡോക്ടർ ഖാൻസാഹിബ്, ഫാർമസിസ്റ്റ് കെ. സി. മുഹമ്മദ്സാഹിബ് എന്നിവരും എപ്പോഴും ഞങ്ങൾക്കു് സഹായസഹകരണങ്ങൾ നൽകുകയുണ്ടായി.

## സർക്കീട്ട്

അല്പം സുഖം കിട്ടിയാൽ പള്ളിയിൽ പോകേണ്ടതില്ലെങ്കിൽ, മദീനായിലെ തെരുവുകളിൽ കറങ്ങി അധികം വിലയില്ലാത്ത വല്ലതും വാങ്ങുകയോ ശീതള പാനീയം വാങ്ങിക്കുടിക്കുകയോ വെറുതെ നോക്കി രസിക്കുകയോ ചെയ്യും. ഈ സർക്കീട്ടുകളിൽ ചെറിയ പൈതങ്ങളെ കണ്ടാൽ അവരുടെ പേര് ചോദിച്ചും മററും സ്നേഹം പ്രകടിപ്പിക്കുക മിസ്സിസിന്റെ കാര്യമായ തൊഴിലായിരുന്നു. എപ്പോഴും മക്കളും ചെറുമക്കളും മററു കുട്ടികളുമായി കഴിയുവാനിഷ്ടപ്പെടുന്ന അവക്കു് അത് സ്വദേശത്തുള്ള പൈതങ്ങളുടെ ഓർമ്മ പുതുക്കിക്കൊണ്ടിരിക്കുവാൻ സഹായിച്ചു. അങ്ങിനെ പേർ പറഞ്ഞ ഒരു കുട്ടി 'മിസ്ബാഹ്' ആയിരുന്നു. ആകൃതിയിലും പ്രകൃതിയിലും സ്വന്തം പേരക്കുട്ടിയായ 'മിസ്ബാഹി'നെപോലെതന്നെ! അന്നു ഈ കൊച്ചുമിച്ചുവിനെ രണ്ടുമൂന്നു തവണ കാണുകയുണ്ടായി. 'മിസ്ബാഹ്' എന്നു അവനും, 'നെഫ്-ഫീ-സ്-സ്സാ' എന്നു ആ കൊച്ചുമിടുക്കനും അന്യോന്യം പേർ വിളിച്ചു പുഞ്ചിരിച്ചു സംതൃപ്തരായി.

സുലൈമാനി, സെവനപ്പ്, പെപ്സികോലാ, വെററില മുതലായവ വിൽക്കുന്ന ചെറിയ ചെറിയ വ്യാപാരികളുമായി പരിചയമായി. എത്രയും ഹൃദ്യമായ പെരുമാററമായിരുന്നു. അൻസാരികളുടെ സൗശീല്യം ചരിത്രപ്രസിദ്ധമാണല്ലോ. അവർ മുജാഹിദുകളെ കുടുംബ ബന്ധുക്കളെപ്പോലെ സ്വീകരിക്കുകയും അവരുമായി സ്വത്തു പങ്കിടുകയും ചെയ്തതു് നാം പാഠിച്ചതാണല്ലോ. ആ സംസ്കാരം എവിടെ? ഇന്നു ഇന്ത്യക്കാരെ പല രാജ്യങ്ങളിൽനിന്നും മടക്കി അയക്കുകയും, ബങ്കാളികളെയും ബീഹാരികളേയും കൈമാററം ചെയ്യേണമെന്നു് വാദിക്കുകയും ചെയ്യുവാൻ നിർബന്ധിക്കുന്ന "ദേശീയത്വം" എവിടെ?

## ജിദ്ദയിലേക്കു്

അങ്ങിനെ പതിനൊന്നു് ദിവസം മദീനായിൽ കഴിച്ചശേഷം ഞങ്ങൾ ജിദ്ദയിലേക്കു തിരിച്ചു. മടക്കയാത്ര ആരംഭിച്ചിരിക്കുകയാണ്. സാമാനങ്ങളുടെ കൂടെ ഈത്തപ്പഴത്തിന്റെ ചെറിയ ചാക്കുകളുംകൂടിയെന്നതിൽ കവിഞ്ഞു് യാത്രയിൽ വിശേഷിച്ചൊന്നും എടുത്തുപറയാനില്ല. ഈത്തപ്പഴത്തിന്റെ സെന്റർ മദീനയാണ്. മദീനക്കു് പുറമാണു് ഈത്തപ്പനതോപ്പുകൾ ഉള്ള ഓയസിസ് അധികവും. അക്കൂട്ടത്തിലുള്ള ഒന്നായിരുന്നു ഞങ്ങൾ കണ്ട 'ബീർ ഉസ്മാൻ' എന്ന തോട്ടം. ഉസ്മാൻ (റ) വിന്റെ തോട്ടമായിരുന്നു അതു എന്നു പറയപ്പെടുന്നു.

ജിദ്ദയിലെത്തിയതോടെ ഞങ്ങളുടെ കമ്പനി പൊളിഞ്ഞു. ബാഫഖിതങ്ങൾ (മർഹൂം) അവിടെ നേരത്തെ എത്തി തങ്ങളുടെ അമ്മായിയുടെ കൂടെ താമസിക്കുകയായിരുന്നു. സയ്യിദ് അബ്ദുല്ലാ ബാഫഖിയും, കാദർകുട്ടിസാഹിബിന്റെ പെണ്ണുങ്ങളും അവിടേക്കു് പോയി. ഞാനും ഭാര്യയും കാദർകുട്ടി സാഹിബും ഹാജിമാർക്കുള്ള ഹോസ്റ്റലായ "മദീനത്തുൽ ഹുജ്ജാജിൽ" താമസമാക്കി. ധാരാളം ഹാളുകളും, കുളിമുറി, കക്കൂസ്സ് മുതലായ സൗകര്യങ്ങളും ഉള്ള ആ സത്രം വളരെ വൃത്തിയായി സൂക്ഷിച്ചിരിക്കയാണ്. ഹാളുകളിൽ വരിവരിയായി കിടക്കകൾ വിരിച്ചു അതിൽ ഇരുന്നു വായിക്കുകയും, കിടന്നുറങ്ങുകയും, സ്നേഹിതന്മാരുമായി സംസാരിക്കുകയും ചെയ്യുന്നു. നമസ്കാരത്തിന്നു സമയമായാൽ ഹാളിൽതന്നെ ജമാഅത്തായി നമസ്കരിക്കുന്നു. അല്ലെങ്കിൽ അടുത്തുതന്നെയുള്ള പള്ളിയിൽ ചെല്ലുന്നു ഞങ്ങൾ താമസിച്ച മുറിയിൽ ഞങ്ങൾക്കു പുറമെ സിറിയ, ലിബിയ മുതലായ അറബി രാജ്യങ്ങളിലെ വിമാനയാത്രക്കാരാണുണ്ടായിരുന്നതു്. ഞങ്ങൾ ഖസ്റും ജംഉം ആയി നമസ്കരിക്കുന്നതു്കണ്ടു് അതു് മനസ്സിലായിട്ടില്ലാത്ത ചില സ്ത്രീകൾ അതിനെപ്പററി എന്റെ ഭാര്യയോടന്വേഷിക്കുകയും ഞങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. പിന്നീടു് അവിടെ വന്ന ഒരു അറബി

ഞങ്ങളുടെ കൂടെ ഇമാമായിത്തന്ന നമസ്കരിക്കുകയുണ്ടായി— ഖസറും ജംഉമായിട്ട്. നിയ്യത്തും തക്ബീറും ഒന്നിച്ചാകേണമെന്ന കാര്യത്തിൽ വസ്‌വാസ് പിടിച്ച, പല പ്രാവശ്യവും 'അല്ലാഹു' എന്നുച്ചരിച്ച കൈ കെട്ടാൻ സാധിക്കാതെ പ്രാണസങ്കടത്തിൽ ഉഴലുന്ന ചിലരെ നാം നമ്മുടെ പള്ളികളിൽ കാണാറുണ്ടല്ലോ. അതു കേരളത്തിനു പുറത്ത് എവിടെയും ഞാൻ കണ്ടിരുന്നില്ല. ജിദ്ദയിലെ മദീനത്തുൽ ഹുജ്ജാജിൽ അങ്ങനെയുള്ള ഒരു വസ്‌വാസുകാരൻ വൃദ്ധനെ ആദ്യമായും അവസാന മായും കണ്ടു. വെള്ളം ഉപയോഗിക്കുന്ന വിഷയത്തിൽ വസ്‌വാസുള്ള വർ ആരും ഈ യാത്രയിൽ എൻെറ കണ്ണിൽ പെട്ടിട്ടില്ല. ഞങ്ങൾ താമ സിക്കുന്നതിൻെറ തൊട്ടടുത്ത മുറിയിൽ കുറെ ആഫ്രിക്കക്കാർ ഇമ്പമാർന്ന രീതിയിൽ (നമ്മുടെ നാട്ടിൽ ശാദുലിബൈത്തുകൾ ചൊല്ലാറുള്ള രീതി യിൽ) ബൈത്തുകൾ ചൊല്ലുന്നത് കേട്ട് ഞാനും അവിടെ ചെന്നു. യുവ സ്നേഹിതൻ മി. അബ്ദുൽകബീറിനേയും കൂട്ടിനു കിട്ടി. അതൊരു തരീഖത്തു സംഘമായിരുന്നു.

## സഹവർത്തിത്വം

ഭക്ഷണം മിക്കവാറും സത്രപരിസരത്തിലുള്ള ഒരു മലയാളിയുടെ ഹോട്ടലിൽനിന്നായിരുന്നു. ആ ഹോട്ടലിൻെറ പേർ പല ഭാഷകളി ലായി എഴുതിവെച്ചിട്ടുണ്ട്. പാക്കിസ്താൻ ഹോട്ടൽ എന്നു ഉറദുവിലും, ന്യൂ കേരളാ ഹോട്ടൽ എന്നു മലയാളത്തിലും, മലേഷ്യ, ഇന്തോനേഷ്യ, ബർമ്മ, സിലോൺ, തായ്‌ലണ്ട് എന്നൊക്കെ ഇംഗ്ലീഷിലും! ശരിയായ പേർ എന്താണെന്നു് ഉടമസ്ഥനായ മലയാളി സുഹൃത്തിനോട്ട് ചോദിച്ച പ്പോൾ അർത്ഥവത്തായ ഒരു പുഞ്ചിരി മാത്രമായിരുന്നു മറുപടി. ഇതിനു് സമാന്തരമായ ഒരു സഹവർത്തിത്വം ഞാൻ കണ്ടതു് തിരുവനന്തപുരത്തെ ഒരു ജുമാമസ്ജിദിലാണു്. അവിടെ വെള്ളിയാഴ്ചതോറും നമസ്കാരം ശാഫിഈമദ്ഹബനുസരിച്ചും, ഹനഫീ മദ്ഹബനുസരിച്ചും മാറിമാറി നിർവ്വഹിക്കപ്പെടുന്നു. ഇമാമും ഖത്തീബും എല്ലാ വെള്ളിയാഴ്ചയും ഒരാൾതന്നെ!

ഒരു ദിവസത്തെ ഉച്ചഭക്ഷണം ബാഫഖിതങ്ങളുടെ അമ്മായിയുടെ (അളിയന്മാരുടേയും) വീട്ടിലായിരുന്നു. ഹൃദ്യവും വിഭവസമൃദ്ധവുമായ ആ സൽക്കാരത്തിൽ ജിദ്ദയിലെ പ്രധാനികളായ മലയാളി സുഹൃത്തു ക്കളും ഇന്ത്യൻ എമ്പസിയിലെ സുഹൃത്തുക്കളും ഉണ്ടായിരുന്നു. അന്യോ ന്യം പരിചയിക്കാനും, ആശയവിനിമയം ചെയ്യുവാനും സാധിച്ചു.

ജിദ്ദ ഒരു നല്ല പട്ടണമാണ്. നല്ലനല്ല എടുപ്പുകളും, റോഡുകളും, ബസാറുകളും, ആധുനീക സൌകര്യങ്ങളുള്ള ഹോട്ടലുകളും ഉള്ള ഈ പട്ട

ണത്തിലാണ് വിദേശരാജ്യങ്ങളുടെ എമ്പസികരം ഏർപ്പെടുത്തിയിട്ടുള്ളത്.

## കപ്പൽയാത്ര വീണ്ടും

അടുത്ത ദിവസം ഞങ്ങരം കപ്പൽയാത്ര തുടങ്ങി–ബാഫഖിതങ്ങളും കുടുംബാംഗങ്ങളും, കാദർകുട്ടി സാഹിബും ഞാനും ഭാര്യയും മററനേകം സുഹൃത്തുക്കളും കപ്പൽ കയറി. ഞങ്ങളെ യാത്ര പറഞ്ഞയക്കുന്നതിന്ന് തങ്ങളവർകളുടെ സുഹൃത്തുക്കളും ശിഷ്യന്മാരുമായ പലരും ഉണ്ടായിരുന്നു. തങ്ങളുടെ ബന്ധുക്കരം, എമ്പസിയിലെ ഉദ്യോഗസ്ഥന്മാർ, ഉത്താൻ കോയ ഹാജി, പി. കെ. മുഹമ്മദ് സാഹിബ് മുതലായവർ– ഇങ്ങിനെ പലരും. വെറും പ്രാർത്ഥനയും, സ്നേഹവും, സഹോദരത്വവും, പരസ്പര സഹായവും, സന്തോഷവും മാത്രമായി കഴിഞ്ഞു ആറാഴ്ചകരംക്ക്ശേഷം പുണ്യഭൂമിയിൽനിന്ന് പിരിഞ്ഞു സ്വദേശത്തേക്കു പോവുകയാണ്.

നങ്കൂരമെടുത്ത് കപ്പൽ ചെങ്കടലിലേക്കു നീങ്ങി. ഞങ്ങരം കഴിഞ്ഞു പോയ അനുഭവങ്ങളെപ്പററി ചിന്തിച്ചു തുടങ്ങി. അപ്പോരം ഹൃദയാന്തരാളത്തിലുയർന്നുവന്നത് അല്ലാമാഇഖ്ബാലിൻെറ സാമുദായികഗാനമാണ്. അനേക വർഷങ്ങരംക്ക്മുമ്പ് എൻെറ ഉറദു ഉസ്താദ് പഠിപ്പിച്ചുതന്നതിന്ന്ശേഷം ഒരിക്കലും മറന്നുപോയിട്ടില്ലാത്ത ആ മനോഹരമായ ഗാനം അതിൻെറ മുഴുവൻ അന്തസ്സത്തയോടുകൂടി ഹൃദയത്തെ കോരിത്തരിപ്പിക്കുകയായിരുന്നു, ആ ഗാനത്തിൻെറ അർത്ഥഗാംഭീര്യവും, സംഗീത സൗന്ദര്യവും ഉറദുമൂലത്തിൽതന്നെ ആസ്വദിക്കേണ്ടതാണ്. ഒരേകദേശ സാരം മർഹൂം ഉബൈദ് സാഹിബിൻെറ പരിഭാഷയിൽ കാണാം. അത് ഞാൻ ഹജ്ജിന്ന് പുറപ്പെടുന്ന അവസരത്തിൽ അദ്ദേഹം സ്നേഹപൂർവ്വം അയച്ചുതന്നത് അപ്പടി ഇവിടെ ഉദ്ധരിക്കാം. വഞ്ചിപ്പാട്ട് രീതിയിലാണെന്നും പാടിയിട്ടുതന്നെ ആസ്വദിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചിരുന്നു:

1. ചീനയുമറേബ്യതാനു
മെങ്ങളുടെ സ്വന്തമത്രേ!
ചേണെഴുന്ന ഭാരതോർവ്വി
യെങ്ങടേതല്ലോ
മുസ്ലിമീങ്ങളാണു ഞങ്ങരം;
ആ സകല ലോകങ്ങളും
കില്ലില്ലൊട്ടു, മെങ്ങരംക്കററ
ജന്മദേശം താൻ.

2. ഞങ്ങളുടെ നെഞ്ചകത്തിൽ
തൌഹീദിൻെറ 'യമാനത്തു'
ഭംഗമെന്യേ വിലസീടും
കാരണത്താലേ,
മന്നിലേതു വൻശക്തിക്കും
എങ്ങരംക്കുററ നാമവും നൽ
ചിഹ്നവും ഹനിച്ചീടുക
ദുസ്സാധ്യം നൂനം,

3. ഭുവീതിലെയാരാധനാ
കേന്ദ്രങ്ങളിൽ പ്രഥമമാം
ദൈവഗേഹം നിത്യപുണ്യം
പൂഴും കഅബാ;
അതിനെസ്സംരക്ഷിച്ചിടും
കാവൽഭടരാണ് ഞങ്ങൾ
ചിന്നമതു ഞങ്ങൾക്കററ
കാവൽക്കാരനും!

4. വാളുകൾതൻ നിഴൽതന്നിൽ
വളന്നിങ്ങു ഞങ്ങളെല്ലാം
നീളെ കീർത്തിയെപ്പാലിച്ചു
യുവാക്കളായി;
ശത്രുകുലത്തെ മുടിയ്ക്കും
അരിവാളിനൊത്ത, ചാരു-
ചന്ദ്രക്കല ഞങ്ങളുടെ
സാമൂഹ്യചിഹ്നം.

5. ഉച്ചത്തിൽ മുഴങ്ങുകയായ്
ഞങ്ങളുടെ ബാങ്കൊലികൾ
പശ്ചിമ ഭൂഖണ്ഡങ്ങളിൽ
നാലുഭാഗത്തും.
അതുതാനപ്രതിരോധ്യ-
മാകുമസ്മൽ ശക്തിയുടെ
പുതുമയെഴും പ്രവാഹ-
മായിരുന്നല്ലോ.

6. ദ്യോവിൻനാഥാ,
ചെററമങ്ങൾ
അസത്യത്തിൻ പിശാചിനെ
കൈവണങ്ങും ജനതയ-
ല്ലെന്നതു നൂനം;
പരമാർത്ഥമി, തെങ്ങളെ
യൊരായിരം തവണ നീ
പരീക്ഷിച്ചറിഞ്ഞിതല്ലോ
സന്ദേഹമെന്യേ.

7. അന്തലൂസിൽ മോഹനമാം
പൂവനമേ, ഞങ്ങളുടെ
ചന്തമാർന്ന നിരവധി
നീഡക്കൂട്ടങ്ങൾ:
നലമൊടു തവ വൃക്ഷ-
ശാഖകളിൽ പുരാകാലം
വിലസിന ദിനത്തെ നീ
സ്മരിപ്പതുണ്ടോ?

8. ടൈഗ്രീസിൻെറ കല്ലോലമേ
നിനക്കുമറിയാമല്ലോ?
സർഗ്ഗപ്രതാപമിയന്ന
ഞങ്ങടെ വൃത്തം
ഇന്നും തവ തരംഗിണി
മർമ്മരാവങ്ങൾകൊണ്ടു
സുന്ദരമെങ്ങടെ കഥ
ചൊല്ലിച്ചിരിപ്പൂ!

9. പാവനമാം ഹിജാസുർവ്വീ,
നിൻ പരിശുദ്ധിപാലിപ്പാൻ
ജീവനർപ്പിച്ചോരാണെങ്ങ-
ളുടർക്കളത്തിൽ;
അമ്മേ, ഭവൽസിരകളി-
ലിന്നും പ്രവഹിപ്പൂ,
ഞങ്ങൾ-
ധർമ്മപ്പോരിലൊഴുക്കിയ
തപ്തരുധിരം.

10. ഞങ്ങടെ വ്യാപാര സംഘം
നയിപ്പതു ഹിജാസിൻെറ
പുംഗവാധീനായനാം
മഹാത്മാവല്ലോ;
തദീയ തിരുനാമത്താ-
ലെങ്ങടെ ജീവിതമിന്നും
സ്ഥിതികോൾവ്യാപാരിടത്തിൽ
ശ്രേയസ്സു നേടി.

11. ഇഖ്ബാലിൻെറ ഗാനമിതു
പഥികരെയുണർത്തുവാൻ
ശക്തമാകും മഹൽ ഘണ്ടാ-
നിനാദമത്രേ;
ഒട്ടുമേ വൈകിടാതിന്നീ
ഞങ്ങടെയിക്കാരവാനും
തെററിടാതെ നീണ്ടയാത്ര
തുടരുമല്ലോ.

# അക്ബറിൽ

ഫെബ്രുവരി 15-ാംനു- ചൊവ്വാഴ്ചയാണ് അക്ബർ കപ്പൽ ജിദ്ദ വിട്ടു യാത്ര ആരംഭിച്ചത്. മുഗാംലൈൻ കമ്പനി പുതുതായി വാങ്ങിയ കപ്പലായിരുന്നു ഇത്. മുസഫ്ഫരിയേക്കാൾ അധികം ആളുകളെ കയററുവാനും കൂടുതൽ സ്പീഡ് എടുക്കുവാനും സൗകര്യമുണ്ട്. എയർ കണ്ടീഷനുള്ള ഏർപ്പാടുകളും ഉണ്ട്. ഡെക്കു യാത്രക്കാർക്കു് മുസഫ്ഫരിയെ അപേക്ഷിച്ച കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഇതെല്ലാമുണ്ടെങ്കിലും മുസഫ്ഫരിയെപ്പോലെ യാത്രക്കാർക്കു കൂടിയിരിക്കുവാനും സംഘം ചേർന്നു നമസ്ക്കുകയോ മുശാവറ നടത്തുകയോ, ഉല്ലസിക്കുകയോ ചെയ്യുവാനും സൗകര്യം പോരാ. കൂടാതെ യാത്രക്കാരുടെ മനസ്സിൽ വീട്ടുകാര്യങ്ങൾ കടന്നുകൂടിയിരിക്കുകയുമാണ്. മക്കായിലേക്കു പോകുമ്പോഴുണ്ടായിരുന്ന ഏകാഗ്രതയും, ഭക്തിപ്രകടനവും ഇപ്പോൾ കാൺമാനില്ല. പരസ്പര സഹായം, മമത, സ്നേഹം, ഔദാര്യം മുതലായ ഗുണങ്ങൾ പ്രദർശിപ്പിക്കുന്നതിലും അല്പം വ്യത്യാസം വന്നു തുടങ്ങിയിട്ടുണ്ട്. ചുരുക്കം ചില ഹാജിമാരെങ്കിലും തങ്ങളുടെ ഹജ്ജ് പൂർത്തിയായെന്നും, ഇനിയൊന്നും അത്ര കണക്കാക്കേണ്ടതില്ലെന്നും കരുതുന്നതുപോലെ തോന്നിപ്പോയി. ഈ തെററായ പ്രവണത തടയുവാൻ, ഹജ്ജ് കൊണ്ടുണ്ടാകുന്ന വ്യക്തിപരവും സാമൂഹികവുമായ ഗുണങ്ങൾ ഉറപ്പ് വരുത്തുവാൻ പററിയ രീതിയിൽ ക്ലാസുകളും പ്രഭാഷണങ്ങളും സംഘടിപ്പിക്കുവാൻ സൌകര്യം പോരായിരുന്നു. ഒന്നാം ക്ലാസുകാരുടെ ഡെക്കിൽ മററുള്ളവർക്കു പ്രവേശനം നിയന്ത്രിച്ചിരിക്കയായിരുന്നു. ഏതായാലും ഉള്ളേടത്തോളം സൗകര്യങ്ങൾ ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ അമീറുൽഹജ്ജും മററു ദീനി പ്രവർത്തകന്മാരും ശ്രമിക്കാതിരുന്നില്ല.

## തബ്ലീഗ് പരിപാടികൾ

ബാങ്കും ജമാഅത്തുകളും മുറക്കു നടന്നു. എല്ലാ ദിവസവും അസറിനുശേഷം മഗരിബ്‌വരെ ഉച്ചഭാഷിണിയിൽക്കൂടി തബ്ലീഗു പരിപാടികൾ സംഘടിപ്പിച്ചു ഈ പരിപാടികളിൽ ഖുർആൻ പാരായണം, നബി(സ) യെപ്പററിയുള്ള നഅത്തു ഗാനങ്ങൾ, ഹജ്ജിനുശേഷം എന്ത് എന്ന വിഷയത്തെപ്പററിയുള്ള പ്രഭാഷണങ്ങൾ എന്നിവയാണ് ഉൾക്കൊള്ളിച്ചത്. പാട്ടുകളും പ്രഭാഷണങ്ങളും മിക്കവാറും ഉറുദുവിലായിരുന്നു. പുറമെ ബങ്കാളി, മലയാളം, തമിഴ്, ഇംഗ്ലീഷ് മുതലായ ഭാഷകളിലും പ്രസംഗങ്ങൾ ഉണ്ടായിരുന്നു. മലയാളത്തിൽ ബഹു: ബാഫഖി

തങ്ങൾ (മർഹൂം) ചെയ്ത പ്രസംഗത്തിൻെറ രത്നചുരുക്കം ഇംഗ്ലീഷിൽ നമ്മുടെ യുവാവായ ഇഞ്ചിനിയർ മി: ഇ. വി. പി. അബ്ദുല്ല നൽകി. അതു ഏതാണ്ടിപ്രകാരം സംഗ്രഹിക്കാം: "നാം ഹജ്ജ് കഴിഞ്ഞു മടങ്ങുകയാണ്. നമ്മുടെ ഹജ്ജ് അല്ലാഹുവിന് സ്വീകാര്യമായിരിക്കണമെന്നത് നാം എപ്പോഴും ഓർക്കണം. ഹജ്ജ് സമയത്തു കഅബയുടെ ഖില്ലപിടിച്ചുകൊണ്ട് നാം ഓരോരുത്തരും എടുത്ത തീരുമാനങ്ങളും, അല്ലാഹുവോടുചെയ്ത വാഗ്ദാനങ്ങളും നാം മറക്കരുത്. ചെയ്തുപോയ പാപങ്ങൾ പൊറുത്തുതരുവാൻ നാം പ്രാർത്ഥിച്ചു. ആ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയും, നാം ശുദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടല്ലൊ. അങ്ങിനെ നമുക്കു ഒരു പുതിയ ജീവൻ ലഭിച്ചിരിക്കുകയാണ്. മേലിൽ പാപകർമ്മങ്ങളിൽനിന്നും, ദോഷബാധയിൽനിന്നും അകന്നുനിൽക്കുമെന്നും നാം വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഈ വാഗ്ദാനം ഒരു നിമിഷംപോലും നാം മറക്കരുത്. നാം ഹജ്ജിനു പോകുമ്പോൾ ഉണ്ടായിരുന്ന തസ്ബീഹും, തഹ്ലീലും മററു ഇബാദത്തുകളും മടക്കയാത്രയിൽ കുറഞ്ഞതുപോലെ തോന്നുന്നു. നമ്മുടെ തഖ്‌വാ കുറഞ്ഞുപോകയാണോ? അങ്ങിനെയാവരുത്. ഹജ്ജ് ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള നാം മടങ്ങിച്ചെല്ലുമ്പോൾ നമ്മുടെ ദേശങ്ങളിലെ ഇമാമുകൾ ആകുവാൻ ശ്രദ്ധിക്കേണ്ടതും തയ്യാറാകേണ്ടതുമാണ്. ഭയഭക്തിയുടെ കാര്യത്തിൽ നാം ഉത്തമോദാഹരണങ്ങളാകേണം. നമസ്കാരം, നോമ്പ്, സക്കാത്ത്—ഇതെല്ലാം മുറപ്രകാരം കൂടുതൽകൂടുതൽ ശ്രദ്ധയോടുകൂടി നിർവ്വഹിക്കണം. കഴിയുന്നിടത്തോളം അവ്വൽവഖ്തിൽ ജമാഅത്തായി നമസ്കരിക്കുവാൻ ശ്രദ്ധിക്കണം. അതിൽ അല്ലാഹുവിൻെറ റഹ്മത്തുണ്ട്. എല്ലാ നന്മയുടെയും ഉറവിടം അതാണ്. ഹഖ്ടവാടുകൾ വീടുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാം കൊടുക്കാനുള്ളതെല്ലാം കൊടുത്തുതീർക്കുക, നമുക്കു കിട്ടുവാനുള്ളത് ആവശ്യവും കഴിവുംനോക്കി വിട്ടൊഴിക്കുവാൻ സാധിക്കുമെങ്കിൽ അങ്ങിനെ ചെയ്യുക. അങ്ങിനെ വ്യക്തികൾ തമ്മിൽ സ്നേഹവും യോജിപ്പും വളർത്തുക ഇതെല്ലാമാണ് തഖ്‌വാ. തഖ്‌വായുള്ളവരുടെ കൂടെയാണ് അല്ലാഹു. അല്ലാഹുവോട് തെററു ചെയ്യുകയില്ലെന്നു നാം ചെയ്ത വാഗ്ദാനം നിറവേററുവാൻ നാം ശ്രമിക്കാത്തപക്ഷം അവനോടു അടുക്കുവാൻ സാധിക്കുമോ? നാം അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചു ഇബാദത്തെടുത്ത് നല്ല മുസ്ലിംകളായി ജീവിക്കുവാനും, നല്ല മുസ്ലിംകളായി മരിക്കുവാനും, അങ്ങിനെ സ്വർഗ്ഗത്തിനവകാശികളാകുവാനും ശ്രമിക്കുക. അതിനു അല്ലാഹു തുണക്കട്ടെ. അവൻ നമ്മുടെ സമുദായത്തിനു ഇസ്സത്ത് നൽകട്ടെ, ദുൻയാവിലും ആഖിറത്തിലും നല്ലതിനെ തരട്ടെ, ആമീൻ".

മററു പ്രഭാഷണങ്ങളുടെയും പൊരുൾ ഏതാണ്ടിപ്രകാരം തന്നെ ആയിരുന്നു. ഹജ്ജ് നമ്മിൽ ഉണ്ടാക്കിയിരിക്കേണ്ട സംസ്കരണത്തെ

പ്പാറി എല്ലാവരും ഊന്നിയുന്നിപ്പറഞ്ഞു. ജമാലിയാ കോളേജിലെ പ്രൊഫസ്സർ ഗസ്സാലിമൌലവി ഹജ്ജിൻെറ സാമൂഹികവശങ്ങളെ പ്രത്യേകം എടുത്തുകാട്ടുകയും, യോജിപ്പ്, സഹോദരത്വം, പരസ്പരസഹായം മുതലായ ഗുണങ്ങൾ വളർത്തിയെടുക്കേണ്ട ആവശ്യകതയെ വ്യക്തമാക്കുകയും ചെയ്തു. ഹറമൈനിശ്ശരീഫൈനിയിൽ കണ്ടും അനുഭവിച്ചും പഠിച്ചസംസ്കാര വിശേഷങ്ങൾ-ഏകദൈവ വിശ്വാസം, സർവ്വസാഹോദര്യം, തഖ്‌വാ, സാലിഹായ അമലുകളിന്മേൽ പടുത്തുയർത്തേണ്ട ജീവിതം-നമ്മുടെ നാടുകളിലും നാം വളർത്തിയെടുക്കേണ്ടതാണ് എന്നദ്ദേഹം സമർത്ഥിച്ചു.

## മറെറാരു പ്രസംഗം

ഇത് മുററമാണ്. കർബലയെ നമുക്കു ഓർക്കാം. ഓരോ കർബലയുടെയും അനന്തരഫലമായി ഇസ്ലാം ഒരു പുതിയ ജീവൻ നേടിയെടുക്കുന്നുവെന്നാണ് മഹാകവി പാടിയത്. നാം ഹജ്ജ് കഴിഞ്ഞു മടങ്ങുകയാണ്. മക്കായിലും മദീനായിലും നാം ശക്തിയായ വിശ്വാസദാർഢ്യം നേടിയിരിക്കുകയാണ്. നാം പുതിയ ഒരു ജീവിതം കൈക്കൊള്ളേണ്ടതാണ്. എന്തു ചെയ്യുന്നതും അല്ലാഹുവിൻെറ തൃപ്തിയെ ലാക്കാക്കിക്കൊണ്ടായിരിക്കണം. നമ്മുടെ സമുദായത്തെ നമ്മുടെ ജീവിതം സ്വാധീനിക്കണം. അങ്ങിനെ നാം ഓരോരുത്തരും നമ്മുടെ സമുദായത്തിന്നും, അതിൽകൂടി നമ്മുടെ നാട്ടിനും പുതിയ ജീവൻ നേടിക്കൊടുക്കേണ്ടതാണ്.

ഞങ്ങൾക്ക് ബാഫഖിതങ്ങളുടെ നേതൃത്വത്തിൽ ഒരു ചെറിയ ജമാഅത്തുണ്ടായിരുന്നു. അതിൽ മലയാളികളും തമിഴരുമായ 5-10 പേരാണുണ്ടായിരുന്നത്. സൂര്യോദയത്തിനു് മുമ്പ് സുബ്ഹി, ഉച്ചക്ക് ളുഹറും അസറും, സന്ധ്യാ സമയം മഗ്‌രിബും ഇശായും-ഇങ്ങിനെ മൂന്നു നേരം ജമാഅത്തു നടക്കും. ഇതിനു് പുറമെ ചിലപ്പോഴെല്ലാം ഹദീസു പഠനവും ഉണ്ടായിരുന്നു. നവവീ ഇമാമിൻെറ ഒരു ഹദീസ് വ്യാഖ്യാന ഗ്രന്ഥത്തിൽനിന്നു് ഒരു ഭാഗം എടുത്തു തങ്ങൾ വായിക്കും. ഒന്നിച്ചുണ്ടായിരുന്ന ടി. ടി. അബ്ദുല്ലക്കുട്ടി മുസലിയാർ (ഓമശ്ശേരി) അതു മലയാളത്തിൽ പരിഭാഷപ്പെടുത്തി വ്യാഖ്യാനിച്ചുതരും. ദിക്ർ, അഖ്‌ലാഖ്, കറാമത്തു് മുതലായ വിഷയങ്ങളാണ് പഠനത്തിനു് തങ്ങൾ തിരഞ്ഞെടുത്തത്. 'നീ മഹത്തായ സൽഗുണങ്ങൾ ഉള്ളവനാണ്' (വി. ഖു. 68: 4) എന്ന ആയത്തിൻെറ സാരാർത്ഥത്തെ വ്യക്തമാക്കുന്ന, നബി (സ) യുടെ സ്വഭാവ വൈശിഷ്ട്യത്തിന്റെ വിവിധ വശങ്ങളെ എടുത്തുകാട്ടുന്ന, അനേകം ഹദീസുകൾ വായിച്ചുകേട്ടു. ഇതിൽ ഏതാണ്ട് എല്ലാംതന്നെ നാം മുമ്പും കേട്ടതാണ്. പക്ഷെ ഇപ്പോൾ അതിനു്

ഒരു പുതിയ ജീവൻ റസൂൽ (സ്വ) മിനു് പത്തു വർഷം സേവനമനുഷ്ഠിച്ച അനസ് (റ), മദീനത്തെ പള്ളിമൂലയിൽ അനേക വർഷം ഹദീസ് പഠിച്ചും ശേഖരിച്ചും കഴിഞ്ഞ അബൂഹുറൈറ (റ) എന്നിവരുടെ നിവേദനങ്ങൾ, സംഭവങ്ങൾ നടന്ന സ്ഥലങ്ങളെപ്പററിയും സന്ദർഭങ്ങളെപ്പററിയും പുതുതായി ലഭിച്ചിട്ടുള്ള കണ്ടറിവിൻെറ വെളിച്ചത്തിൽ കേൾക്കുകയും, അവയെപ്പററി ചിന്തിക്കുകയും ചെയ്യുമ്പോൾ, ആ പുണ്യപൂമാൻെറ മഹത്വം അനേകമടങ്ങു് ശക്തിയോടെ തെളിഞ്ഞു പ്രകാശിക്കുന്നു. അറബികൾ ആരായിരുന്നു? നബി (സ) അവരെ ആരാക്കി മാററി? കൽക്കരിയിൽനിന്നു വൈരക്കല്ലുണ്ടാകുമോ? പച്ചയിരുമ്പിനെ തങ്കമാക്കി മാററാമോ? സാദ്ധ്യമാണെന്നു് നബി (സ) കാണിച്ചുതന്നു. മക്കാ മദീനാ സന്ദർശനം അതിനെപ്പററിയെല്ലാം സംശയരഹിതമായ വിശ്വാസം ഉണ്ടാക്കിത്തന്നിരിക്കുന്നു. തിരുമേനി (സ) പഠിപ്പിക്കുകയും പ്രയോഗിച്ചു കാണിക്കുകയും ചെയ്തു തന്ന സ്വഭാവ ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തുകതന്നെ_പൂർണ്ണമായും!

കറാമത്തുകളെപ്പററിയും ഇൽഹാമിനെപ്പററിയും വായിച്ചു. ഈ വിഷയങ്ങളെപ്പററി ഞങ്ങൾ തമ്മിൽ അല്പം ചില അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതുകൊണ്ടായിരിക്കുമോ തങ്ങൾ ഈ വിഷയം തിരഞ്ഞെടുത്തതു്? ഇൽഹാമും കറാമത്തും തള്ളിപ്പറയേണ്ട ആവശ്യമില്ല. അതെല്ലാം ഉണ്ടായിട്ടുണ്ടു്, ഉണ്ടാവുകയും ചെയ്യും. പക്ഷെ വെറും ഇൽഹാമിനെ ആധാരമാക്കി, മററു തെളിവുകളൊന്നും കൂടാതെ ഒന്നും ചെയ്തുപോകരുതു്. കറാമത്തുകളെപ്പററിയുള്ള കേട്ടുകേൾവി അപ്പടി വിശ്വസിക്കരുതു്. ഏതായാലും ഇൽഹാമിനെയും കറാമത്തിനെയും ആശ്രയിച്ചു നാം നമ്മുടെ ശറഇയ്യായ കടമകളെ ഒരു പ്രകാരത്തിലും നിരാകരിക്കരുതു്. ഉദാഹരണമായി ഉള്ളതോ ഇല്ലാത്തതോ ആയ ഏതെങ്കിലും ഒരു ഖബറിന്മേൽ ഒരു കെട്ടിടം നിർമ്മിച്ചു നേർച്ച ഏർപ്പെടുത്തേണമെന്നു ഒരു മുസല്യാരോ മുതവല്ലിയോ, മററാ സ്വപ്നം കാണുകയോ, കണ്ടതായി പറയുകയോ ചെയ്താൽ അതു മററുള്ളവർ സ്വീകരിക്കേണ്ടതില്ല, സ്വീകരിക്കരുതു്. വേദനാജനകവും, സമുദായത്തിൻെറ ആരോഗ്യത്തെ കാർന്നുതിന്നുന്നതുമായ പല അനുഭവങ്ങളും ഓർത്തുകൊണ്ടാണു് ഞാൻ ഈ പറയുന്നതു്. നമ്മുടെ വിശ്വാസാദർശങ്ങൾക്കു് കളങ്കം വരുത്തിക്കൊണ്ടു് സമ്പാദിക്കുന്ന പണം ഗുണപ്രദമാകയില്ലയെന്നതിൽ സംശയിക്കാനെന്തുള്ളു! മക്കായിലും മദീനയിലും, ബദ്റിലും ഉഹ്ദിലും എത്രയെത്ര അമ്പിയാക്കൾ, ഔലിയാക്കൾ, ശുഹദാക്കൾ, പണ്ഡിതശ്രേഷ്ഠന്മാർ, ഭക്തവര്യന്മാർ മറവു് ചെയ്യപ്പെട്ടിരിക്കുന്നു. അവിടെ കെട്ടിടങ്ങളുണ്ടോ? കൊടിയും ചന്ദനക്കുടവുമുണ്ടോ? ഇല്ല പക്ഷെ ഓരോ സ്ഥലത്തിനും അതിൻെറതായ ചരിത്രം, അതിൻെറതായ മേന്മ, അതിൻെറതായ ജീവൻ ഉണ്ടു്. അതാണു് നാം മനസ്സിലാക്കേണ്ടതു്. ശുഹദാക്കളുടെയും, ഉലമാക്കളുടെയും ചരിത്രം

പഠിക്കണം, അതിൽനിന്നു പ്രചോദനം ഉൾക്കൊള്ളുകയും വേണം. അമ്പതുപൈസ നേർച്ച നൽകി ലക്ഷംരൂപയുടെ ഷോടതി നേടുന്ന എളുപ്പക്കച്ചവടം നമുക്കു ഭൂഷണമല്ല. "തീർച്ചയായും മനുഷ്യനെ അധ്വാന ക്ലേശത്തിലേക്ക് നാം സൃഷ്ടിച്ചു" (വി. ഖു. 90: 4) "മനുഷ്യനു്, അവൻ പ്രയത്നിച്ചതല്ലാതെ (ലഭിക്കുക) യില്ല" (വി. ഖു. 53: 39) എന്നിങ്ങിനെ എത്രയോ ഖുർആൻ വാക്യങ്ങൾ നമ്മെ കർമ്മധീരരാക്കുവാനാണ് പഠിപ്പിച്ചു തന്നിട്ടുള്ളത്. എന്നാൽ നാം നമ്മുടെ കടമനിർവ്വഹിച്ചു തുടങ്ങുമ്പോൾ, അല്ലാഹു കല്പിച്ച നേരായ മാർഗ്ഗത്തിൽ ചരിച്ചു തുടങ്ങുമ്പോൾ ഇലാഹിയ്യായ കാരുണ്യം—അളവില്ലാത്ത ദൈവികസഹായം—നമുക്ക് ലഭിക്കും. ഈ കാരുണ്യത്തിന്നു് അർഹരാകുവാൻ നമുക്കു ശ്രമിക്കാം. ഫലം അല്ലാഹുവിനു വിടുക. നമുക്കു നല്ലതെന്തെന്നു അല്ലാഹുവിനു അറിയാമല്ലോ.

## ദിക്ർ

അടുത്ത പാഠം 'ദിക്റി'നെ പ്പറ്റി ആയിരുന്നു. "ആകാശഭൂമികളുടെ 'സൃഷ്ടി'യിലും, രാത്രിയുടെയും പകലിന്റെയും മാററത്തിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തങ്ങളുണ്ട്. നിന്നും, ഇരുന്നും, കിടന്നും അല്ലാഹുവിനെ 'ദിക്ർ' ചെയ്യുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലുള്ള വൈഭവത്തെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നവർ; 'ഞങ്ങളുടെ രക്ഷിതാവെ, നീ ഇതു വ്യർത്ഥമായി സൃഷ്ടിച്ചതല്ല; നിനക്കു പുകഴ്ച! നരകാഗ്നിയുടെ ശിക്ഷയിൽനിന്നും ഞങ്ങളെ നീ രക്ഷിക്കേണമെ!" (വി. ഖു 3: 190-191) എന്ന ആയത്തും തുടർന്നുള്ള ഹദീസുകളും വായിച്ചു 'ദിക്റി'ന്നു ദിക്ർ ചൊല്ലൽ എന്ന അർത്ഥം പറഞ്ഞുകൊണ്ടു് വിശുദ്ധഖുർആനിലും ഹദീസ് ശരീഫിലും വന്നിട്ടുള്ളതും നാം സാധാരണ ചൊല്ലാറുള്ളതുമായ പല ദിക്റുകളെപ്പററിയും സംസാരിച്ചു. ഓരോ ദിക്റും ഉച്ചരിക്കുന്നതിന്റെ ഗുണഗണങ്ങൾ വ്യാഖ്യാനിച്ചു. ഇതെല്ലാം സംശയലേശമന്യേ സമ്മതിച്ചുകൊണ്ടുതന്നെ, 'ദിക്ർ' എന്നതിന്നു 'ദിക്ർ ചൊല്ലൽ' എന്ന പരിമിതമായ അർത്ഥം ശരിയാണോ എന്നു ഞാൻ ചോദിച്ചു. ദിക്ർ നാവുകൊണ്ടെന്നപോലെ, ഖൽബുകൊണ്ടും ആവാമെന്നു മുസ്ല്യാർ സമ്മതിക്കുകയും ചെയ്തു. അല്ലാഹുവിനെപ്പററിയും അവന്റെ സൃഷ്ടിജാലങ്ങളെപ്പററിയും ഓർക്കുക, എന്നാൽ ചിന്തിക്കുക, പഠിക്കുക, നിരീക്ഷണ ഗവേഷണങ്ങൾ നടത്തുക-ഇതെല്ലാം, ഇതിലപ്പുറവും പെടും. ആ ഭാഗം നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അതിലുള്ള ശ്രദ്ധ കുറഞ്ഞപ്പോഴാണ് നമ്മുടെ സാമൂഹികവും രാഷ്ട്രീയവുമായ അധഃപതനം ആരംഭിച്ചത്. "വായിക്കുക (അഖിലത്തെയും) സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ

നീ വായിക്കുക, ഒരു രക്തകട്ടയിൽനിന്നും മനുഷ്യനെ അവൻ സൃഷ്ടിച്ചു. വായിക്കുക! നിൻെറ നാഥൻ ഏററവും ഔദാര്യവാൻ അത്രെ. പേന കൊണ്ടു (ള്ള ഉപയോഗത്തെ) പഠിപ്പിച്ചവൻ മനുഷ്യൻ അറിഞ്ഞിട്ടി ല്ലാത്തതു് അവനെ പഠിപ്പിച്ചു" (വി ഖു 96: 1-5) ഈ സൂക്തങ്ങ ളാണ റസൂൽ (സ) തിരുമേനിക്ക ആദ്യമായി ഇറങ്ങിയത്. ബദ്റിലെ ബന്ധനസ്ഥരിൽ അക്ഷരജ്ഞാനമുള്ളവരെ വിട്ടുവിക്കുവാൻ നബി (സ) നിർദ്ദേശിച്ചത് അവരോരുത്തരും 10__10 ആളുകൾക്ക് അക്ഷരാഭ്യസം നൽകുവാനാണ്. "ചീനയിൽ ചെന്നിട്ടെങ്കിലും വിദ്യ അഭ്യസിക്കുക, എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസം എല്ലാ മുസ്ലിം സ്ത്രീ പുരുഷന്മാർക്കും നിർബ്ബന്ധമത്രെ" എന്നു വിധിച്ചതും തിരുനബി (സ) യാണ്. വിശുദ്ധ ഖുർആൻെറ വെളിപാട് മനുഷ്യസമുദായത്തിൻെറ വളർച്ചയിൽ സുപ്രധാനമായ ഒരു വഴിത്തിരിവായിരുന്നു. ശാസ്ത്രഗതി യുടെ ആരംഭംകുറിച്ച ഈ സംഭവത്തിൻെറ ശരിയായ ഫലം അടുത്ത ചില നൂററാണ്ടുകൾക്കകം ലോകമെങ്ങും വ്യക്തമായി പ്രശോഭിച്ചു. എന്നാൽ ഈ മഹത്തായ വളർച്ചയെ തികച്ചും പ്രയോജനപ്പെടുത്തിക്കൊ ണ്ടു് ലോകം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നപ്പോൾ, അതിനു കാരണമായ ദിവ്യസന്ദേശം കൈവശം വെച്ചുകൊണ്ടിരുന്ന മുസ്ലിംകൾ അലസരായി, അശ്രദ്ധരായി ദീർഘനിദ്രയിൽ പ്രവേശിച്ചു. തൽഫലമായി വിശുദ്ധ ഖുർആനും പ്രകൃതിപഠനവും തമ്മിലുള്ള അഭേദ്യമായ ബന്ധം പലർക്കും മനസ്സിലാക്കുവാൻപോലും സാധിക്കാത്തവണ്ണം അവ്യക്തമായി ഭവിച്ചു ദീർഘ നിദ്രയിൽനിന്നു മുസ്ലിംകൾ ഉണർന്നെഴുന്നേററിട്ടുണ്ട്. ഇനിയെങ്കിലും നേരെ ചൊവ്വെ മുന്നേറണമെങ്കിൽ ഈ ചരിത്ര സത്യവും വിശുദ്ധ സന്ദേ ത്തിലെ ഈ ശിക്ഷണവും ശരിക്കും മനസ്സിലാക്കുകയും, മനസാ വാചാ കർമ്മണാ ഉൾക്കൊള്ളുകയും വേണം.

അക്ബർ നല്ല കപ്പലായിരുന്നു. പക്ഷെ അതു കമ്മീഷൻചെയ്തു ബോമ്പെയിൽ എത്തിയ ഉടനെ ഹജ്ജ്യാത്രക്ക് വിടുകയാണുണ്ടായത്. എയർകണ്ടീഷന്നു് സൗകര്യം ഏർപ്പെടുത്തിയിരുന്നതുകൊണ്ടു് മുറിക ളിലെ കണ്ണാടിജനലുകൾമൂടി ബോൾട്ടിട്ടു് ഭദ്രമാക്കിയിരുന്നു. എന്നാൽ എയർകണ്ടീഷൻ ഏർപ്പാടുകൾ പ്രവർത്തിക്കാതെയാവുകയും, മുറികൾ ക്കുള്ളിൽ വായുഗതാഗതമില്ലാത്തതുകൊണ്ടു് ഉഷ്ണം അസഹ്യമായിത്തീരു കയും ചെയ്തു. കൂടാതെ പകുതിദൂരം ഓടികഴിഞ്ഞപ്പോൾ കപ്പലിൻെറ ഒരു എഞ്ചിൻ കേടുപററി നിശ്ചലമായി. റിപ്പേർചെയ്തു പ്രവർത്തിപ്പി ക്കുവാൻ സാധിക്കാതെ വന്നപ്പോൾ മറെറ ഒരിഞ്ചിൻ മാത്രം പ്രവർത്തി പ്പിച്ചു, സ്പീഡ്കുറച്ചു ഓട്ടുവാൻ നിർബ്ബന്ധിതരായി. അതുകൊണ്ടു 6 ദിവസംകൊണ്ടു് തീരേണ്ട യാത്ര ഒരു ദിവസവുംകൂടി നീണ്ടുപോയി. രണ്ടാമത്തെ എഞ്ചിനും ചീത്തയായി പോയെങ്കിൽ ഇനിയും താമസം

നേരിട്ടേനെ.

ബോംബെ ഹാർബർ അടുത്തെത്തിയപ്പോഠം കുളിമുറിയിലെ ടാപ്പുകഠം കഠിനമായി ലീക്ക് ചെയ്യത്തുടങ്ങി. ഒരു സ്പാനർ കൈയിലെടുത്തു പ്ലമ്പറെപോലെ നടന്നുകൊണ്ടിരുന്ന ഒരു ചെറുപ്പക്കാരനോട് ഈ വിവരം പറയുകയും, ആ ടേപ്പ് നന്നാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ സർക്കസിലെ കോമാളിയെപോലെ തീരെ ശ്രദ്ധിക്കാതെ പോയിക്കളയുകയാണ് ആ ചെറുപ്പക്കാരൻ ചെയ്തത്. അയാഠം കസ്റ്റംസിലെ ഒരു സി. ഐ. ഡി. ആയിരുന്നുവെന്നും, ഞങ്ങളൊക്കെ, എന്തെല്ലാം സാധനങ്ങളാണ് കട്ടകടത്തുന്നതു എന്നു കണ്ടുപിടിക്കുവാൻ പുറപ്പെട്ടതാണെന്നും പിന്നീടാണ് മനസ്സിലായത്.

## രണ്ടു മരണങ്ങഠം

കപ്പലിൽവെച്ചു രണ്ടു മരണങ്ങളുണ്ടായി. രണ്ടുപേരും വൃദ്ധന്മാരായ ബങ്കാളികളായിരുന്നു. അമീറും മററും ചേർന്നു് രണ്ട് മയ്യിത്തിനേയും നല്ലപോലെ ശുശ്രൂഷിക്കുകയുണ്ടായി. കുളിയും, കഫനും കഴിഞ്ഞശേഷം ഡെക്കിൽമേൽവെച്ചു അനേകം പേർ ജനാസനമസ്കാരം നിർവ്വഹിച്ചു. മയ്യിത്ത് ഒരു പെട്ടിയിൽ കിടത്തി, അതോടു് ഒരു ഘനമുള്ള കല്ലു കെട്ടി ബന്ധിച്ചു, സമയവും സ്ഥലവും (ലോഞ്ചിററ്യൂഡും ലാട്ടിററ്യൂഡും) തിട്ടപ്പെടുത്തി, കപ്പലിൻെറ കൊടി താഴ്ത്തികെട്ടിയശേഷം കപ്പിയും കയറും ഉപയോഗിച്ചുകൊണ്ട് പെട്ടി വെള്ളത്തിലിറക്കി. കുറേ ആഴത്തിൽ ഇറങ്ങിയശേഷം, ഒരു കയർ ഊരി പെട്ടിയുടെ കീഴ്ഭാഗം തുറന്നു അങ്ങിനെ മയ്യിത്തു് ആഴക്കടലിലേക്കു മുങ്ങി. ഇന്നാലില്ലാഹ്!

# "നിങ്ങഠംതന്നെ മികച്ചുനിൽക്കും— സത്യവിശ്വാസികളാണെങ്കിൽ"......

"ഇതാരാണ് വാങ്ങിച്ചുതന്നത്?"
"രിച്ചൂപ്പാപ്പ"
"എവിടെനിന്നാണ് വാങ്ങിച്ചത്?"
"ബേബെ!"

കഥാനായകൻ ചെറുമകൻ (പേരക്കുട്ടി) മുഹമ്മദ് രിസ്വാനാണ്. "രിച്ചു" എന്നുവെച്ചാൽ രിസ്വാൻ, "ബേബെ" എന്നാൽ ബോംബെ.

ചങ്ങാതി ബോംബെയിലേക്കു ആദ്യമായി വന്നിരിക്കയാണ്. മാതാവ് ഖദീജ (ചന്ദ്രിക വനിതാലോകം മെമ്പർ), പിതാവ് സലീം എന്നിവരോടൊപ്പം ഉമ്മാമയെ സ്വീകരിക്കുവാൻ! കൊച്ചു മകളും കൊച്ചു കുടുംബവും വരുമെന്നു നേരത്തെ അറിഞ്ഞിരുന്നതുകൊണ്ടു് കപ്പൽ ഹാർബറോടടുക്കുന്നതിനു് മുമ്പുതന്നെ "ഉമ്മാമ" യുടെ മനസ്സിൽ അവരെപ്പററിയുള്ള വിചാരമേയുള്ളു. കസ്റ്റംസിൽകൂടി കടന്നുവരേണ്ടതുകൊണ്ടു് വെളിയിൽനിന്നു് ആർക്കും ബാഫഖിതങ്ങളേയും മററും സ്വീകരിക്കാൻ ഹാർബറിലേക്കു പ്രവേശനമില്ലായിരുന്നു. ഹജ്ജുവളണ്ടിയർമാരും, മററു പരിചയക്കാരും ഉണ്ടായിരുന്നുവെങ്കിലും മകളെപ്പററിയോ, മരുമകനെപ്പററിയോ ഒന്നുംതന്നെ അവർക്കു് അറിവില്ലായിരുന്നു. കസ്റ്റംസിൽ കുറെ അധികനേരം ഇരിക്കേണ്ടിവന്നു. ഇതു ഒരു വലിയ അസൗകര്യമാണെന്നു പറയാതെ നിവൃത്തിയില്ല. തീർത്ഥാടനം കഴിഞ്ഞിട്ടോ മററോ ആരെങ്കിലും വിദേശയാത്ര ചെയ്തു മടങ്ങുമ്പോൾ അവക്കു പ്രിയമുള്ള വല്ല സാധനങ്ങളും വിദേശത്തുനിന്നു വാങ്ങിക്കൊണ്ടുവരിക സാധാരണമാണ്. സ്വന്തം ഉപയോഗത്തിനോ, അതിലേറെ ബന്ധുജനങ്ങൾക്കും സ്നേഹിതന്മാർക്കും സമ്മാനിക്കുന്നതിനോ ആയിരിക്കും മിക്കവാറും അങ്ങിനെ ചെയ്യുന്നതു്. അതു ഒരു കുററബോധത്തോടുകൂടിയാകേണ്ടിവരുന്നതു കഷ്ടമാണ്. നമ്മുടെ എക്സ്ചേഞ്ച് നില കണക്കിലെടുത്ത് ഇറക്കുമതികളിന്മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതു ആവശ്യംതന്നെ. പക്ഷെ അങ്ങിനെ ഏർപ്പെടുത്തുന്ന നിബന്ധനങ്ങൾ സാമാന്യ നീതിക്കു ചേർന്നതും, പ്രായോഗികവും, വ്യക്തവുമായിരിക്കണം. കസ്റ്റംസുദ്യോഗസ്ഥന്മാക്കു് ഇഷ്ടംപോലെ വ്യാഖ്യാനിക്കാവുന്ന തരത്തിലാകരുത്. ഉദ്യോഗസ്ഥന്മാക്കു് നൽകുന്ന വിവേചന സ്വാതന്ത്ര്യവും ശിക്ഷാധികാരവും യാത്രക്കാരെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ടു്. മണിക്കൂറുകളോളം ജയിൽപുള്ളികളെപ്പോലെ കസ്റ്റംസ് മുറികളിലിരുത്തി, അവരുടെ പെട്ടികൾ തുറന്നു, സാമാനങ്ങൾ വാരിവിതറി തോന്നുന്നതുപോലെ ഡ്യൂട്ടി കെട്ടുന്നതു് ശരിയല്ല.

ഞങ്ങൾ കസ്റ്റംസ് മുറിയിൽ ചെക്കിങ്ങും കാത്തു സമയം കഴിക്കുകയാണ്. കല്ലട അബ്ദുൽഖാദർ ഹാജി സാഹിബും മററു സുഹൃത്തുക്കളും വെളിയിൽനിന്നു ഇരുമ്പഴികൾക്കും കമ്പിവലകൾക്കും ഉള്ളിൽകൂടി സ്വാഗതം പറയുകയും, ക്ഷേമാന്വേഷണങ്ങൾ കൈമാറുകയും ചെയ്തു. ഗോൾഡ്സ്പോട്ട്പോലെയുള്ള കുപ്പിയിൽനിറച്ച പാനീയങ്ങൾ കുടിക്കുവാൻ വൈക്കോൽ കുഴലുകൾ ഉപയോഗിക്കുന്നതിൻെറ ഒരു സൌകര്യം ഞാനപ്പോഴാണ് മനസ്സിലാക്കിയത്. കമ്പിവലകൾക്കു പുറത്തു കുപ്പി പിടിക്കുക; അകത്തുനിന്നു വൈക്കോലുപയോഗിച്ചു വലിച്ചുകുടിക്കുക—ഇതാണ് സൂത്രം! മധുരപാനീയങ്ങളും മററും അകത്തുകൊണ്ടുവരുന്നതിനും സൌകര്യമുണ്ടു്. പക്ഷെ എൻെറ ഭാര്യക്കു ഏററവും സന്തോഷം നൽ

കിയത് മകൻ ബോമ്പെയിൽ എത്തിയിട്ടുണ്ടെന്നും ഹാജിസാഹിബിൻെറ വീട്ടിൽ കാത്തിരിക്കുന്നുണ്ടെന്നുമുള്ള വാർത്തയാണ്. കസ്റ്റംസ് ചെക്കിങ്ങും മററും കഴിഞ്ഞു ഞങ്ങൾ കല്ലട്ടറയുടെ വീട്ടിലേക്കു തിരിച്ചു. ബാഫഖിതങ്ങളും പെങ്ങന്മാരും എൻെറ ഭാര്യയും ഹാജി സാഹിബിന്റെ കാറിലാണ് തിരിച്ചത്; സാമാനങ്ങളും, മററു ഹാജിമാരും സ്നേഹിതന്മാരും വേറെ കാറുകളിലും. തങ്ങൾ സാധാരണ ഏതു കാറിലും ഇരിക്കാറുള്ളതുപോലെ മുൻസീററിൽ കയറിയിരുന്നു. പിന്നിൽ ജ്യേഷ്ഠത്തിയും അനുജത്തിയും എൻെറ ഭാര്യയും. കാർ ഓട്ടേണ്ടുന്ന ഹാജിസാഹിബ് മറെറന്തോ ആവശ്യത്തിന്നു പോയതായിരുന്നു. ആ തഞ്ചം നോക്കി തങ്ങൾ ജ്യേഷ്ഠത്തിയെ കിക്കിളിയാക്കുവാൻ നിശ്ചയിച്ചു: "ഇത്താത്താ! ഞാൻ കാർ സ്റ്റാർട്ടാക്കി ഓട്ടട്ടെയോ?" "വേണ്ട, തങ്ങൾക്കതറിഞ്ഞുകൂടാ" "സാരമില്ല, ഞാനൊന്നു മെല്ലെ ഓട്ടിനോക്കട്ടെ!" "വേണ്ടേ വേണ്ട! അതൊന്നും തങ്ങൾക്കറിഞ്ഞുകൂടാ!" സംസാരം നീണ്ടുപോയില്ല. ഹാജി സാഹിബ് എത്തിച്ചേരുകയും കാറ് ഓടിച്ചു വീട്ടിലേക്ക് പോകുകയും ചെയ്തു. അല്പനിമിഷങ്ങൾക്കു മുമ്പായിരുന്നു സഊദി ഗവർമ്മെണ്ടിലേക്കുള്ള ഇന്ത്യൻ അമ്പാസഡർ ടി ടി. പി. അബ്ദുല്ലാ സാഹിബും മററു ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും കസ്റ്റംസിലേക്ക് വന്നു തങ്ങളുമായി ദീർഘനേരം സംസാരിച്ചു വിടവാങ്ങിയത്. അദ്ദേഹം അന്നത്തെ പ്ലെയിനിൽ ജിദ്ദയിലേക്കു പോകുകയായിരുന്നു. പ്രൌഢഗംഭീരനായ അമ്പാസഡറായാലും, സൗമ്യശീലത്തിൻെറ പര്യായമായ ഇത്താത്തയായാലും ഓരോരുത്തരുടേയും ഹൃദയത്തിനുള്ളിൽ കടന്നുചെന്നു് സ്നേഹപൂർവ്വം സംസാരിക്കുവാൻ തങ്ങൾക്കുള്ള നൈസർഗ്ഗികമായ കഴിവ് എല്ലാവിധ സന്ധിസംസാരങ്ങളിലും, ഗൌരവമേറിയ ചർച്ചകളിലും തങ്ങൾക്ക് വളരെ സഹായകമായിരുന്നു.

## സൽക്കാരം, സ്വീകരണം

കല്ലട്ടറ അബ്ദുൽകാദർ ഹാജിസാഹിബിൻെറ വീട്ടിൽ മകളും മരുമകനും രിസ്വാനും കാത്തുനിൽക്കുന്നുണ്ടായിരുന്നു. മററനേകം സ്നേഹിതന്മാരും. രണ്ടു ദിവസം ഞങ്ങൾ എല്ലാവരും ബോമ്പെയിൽ തങ്ങി. അപ്പോഴേക്കു പ്ലെയിനിൽ കാദർകുട്ടി സാഹിബിൻെറ സഹോദരിയും എത്തിച്ചേർന്നു. പിന്നെ സ്വീകരണങ്ങളും സൽക്കാരങ്ങളുമായിരുന്നു സർവ്വത്ര. എല്ലാവരും ചേർന്നു മദിരാശിവരെ ഒന്നിച്ചു യാത്ര ചെയ്തു. വഴിക്കെല്ലാം സ്വീകരണംതന്നെ. തങ്ങളും കുടുംബവും ഉണ്ടായിരുന്നതുകൊണ്ട് ഇതെല്ലാം താനെ പൊങ്ങിവന്നതും ഹൃദയംഗമവും ആയിരുന്നു. ഗുണ്ടക്കൽ, കടപ്പ, രേണിഗുണ്ട, ആർക്കോണം മുതലായ സ്റ്റേഷനുകളിലെ ഐ. ആർ. ആർ. സ്ഥാപനങ്ങൾ ഇത്തരം സ്വീകരണ

ങ്ങാം നൽകുന്ന വിഷയത്തിൽ പണ്ടുപണ്ടേ പേര് കേട്ടവരാണല്ലോ

## ചന്ദ്രികയുടെ (സ്വ. ലേ.)

ബോമ്പെ സ്റ്റേഷനിൽ ഞങ്ങളെ പറഞ്ഞയക്കാൻ വന്നവരുടെ കൂടെ ഉത്താൻ കോയഹാജിസാഹിബും ഉണ്ടായിരുന്നു. ഹജ്ജിന്ന് പോകു മ്പോറം ബോമ്പെ സ്റ്റേഷനിൽവെച്ച് സ്വീകരിക്കാനും, പിന്നീട്ട് സാബു സിദ്ദീഖ് മുസാഫർഖാനയിലും ഹജ്ജ്കമ്മിററി ആപ്പീസിലും, മുഗാം ലൈൻ ആപ്പീസിലും, കസ്റ്റംസിലും, കപ്പൽ കയറുമ്പോഴുമെല്ലാം അദ്ദേഹം ഉണ്ടായിരുന്നു. മുസഫ്ഫരിയിൽ ഞങ്ങളുടെ മുറിയിൽനിന്നു നമസ്കാരം കഴിച്ചിട്ടാണ് വിടവാങ്ങിയത്. പിന്നീട് ഹജ്ജ്കമ്മിററി യുടെ പ്രതിനിധിയായി പ്ലെയിനിൽ അദ്ദേഹം മക്കായിലെത്തി. അങ്ങിനെ മക്കായിലും മിനായിലും മദീനായിലും ജിദ്ദയിലുമെല്ലാം അദ്ദേഹം വരികയുണ്ടായി. ആവശ്യമുള്ളേടത്തെല്ലാം അദ്ദേഹം സഹായ ത്തിനെത്തിയിരുന്നു ഞങ്ങറം മടക്കയാത്ര തിരിച്ചശേഷം അദ്ദേഹവും പ്ലെ യിനിൽ ബോമ്പെക്ക മടങ്ങി. ഇപ്പോറം ഞങ്ങളെ പറഞ്ഞയക്കാൻ അദ്ദേ ഹം വീണ്ടും റെയിൽവെസ്റ്റേഷനിൽ എത്തിയിരിക്കയാണ്! വഷ്ങ്ങാറംക്ക് മുമ്പു അദ്ദേഹവുമായി പരിചയപ്പെട്ടതു മുതൽ നേരിട്ടും കത്തുമൂലവും മററു ബന്ധുക്കാറം വഴിയായും എന്നെ ഹജ്ജിന്നയക്കുവാനുള്ള നിരന്തര ശ്രമ മായിരുന്നു അദ്ദേഹം ചെയ്തത്. എൻെറ ഹജ്ജുമായി ഇങ്ങിനെ അഭേ ദ്യ ബന്ധത്തിൽപ്പെട്ട ഹാജിസാഹിബിന്ന് ഞാൻ തുലോം കടപ്പെട്ടിരി ക്കുന്നു. ബോമ്പെ സ്റ്റേഷനിൽനിന്നു വിടവാങ്ങുമ്പോറം അദ്ദേഹം എല്ലാ യിടത്തും ഉണ്ടായിരുന്നുവെന്നതു ഞാൻ പ്രത്യേകം എടുത്തു പറഞ്ഞു "ഞാൻ ചന്ദ്രികയുടെ സ്വ. ലേ യാണല്ലോ" എന്നായിരുന്നു മറുപടി എപ്പോഴും സരസമായി സംസാരിക്കാറുള്ള ഹാജിസാഹിബിൻെറ അനേകം "വിററു"കളിൽ ഒന്നാണ് ഈ "സ്വ. ലേ.". ഒരേ ദിവസം ഒരേ സമയത്ത് പല സ്ഥലങ്ങളിൽനിന്നും റിപ്പോർട്ടുകളയക്കുന്ന ഒരസാ ധാരണ മനുഷ്യനാണ് സ്വ. ലേ. അങ്ങിനെ ഒരൊററ റിപ്പോർട്ടു പോലും അയക്കാത്ത ഉത്താൻകോയ ഹാജി ചന്ദ്രികയുടെ സ്വ. ലേ. ആയി മാറി മക്കായിലും മദീനായിലും ജിദ്ദയിലും ബോമ്പെയിലുമെല്ലാം കാണപ്പെടുകയാണുണ്ടായത്.

## മദിരാശിയിൽ

രണ്ടാം ദിവസം രാവിലെ മദിരാശിയിൽ എത്തി. അന്നുതന്നെ വൈകുന്നേരം ഞങ്ങളും കുടുംബവും, കാദർകുട്ടിസാഹിബും സഹോദരി

യും കൊയിലാണ്ടിക്ക് തിരിച്ചു. ഞാനും ഭാര്യയും രണ്ടു ദിവസം മദിരാശിയിൽ അനുജൻെറ കൂടെ താമസിച്ചു. മലബാർ മുസ്ലിം അസോസ്യേഷൻ സംഘടിപ്പിച്ച ഒരു സ്വീകരണത്തിൽ ഹജ്ജിനെപ്പററി സംസാരിക്കുകയും മദിരാശിയിലെ സ്നേഹിതന്മാരെ കാണുകയും ചെയ്തശേഷം ഞങ്ങൾ തലശ്ശേരിയിലേക്കു വണ്ടി കയറി. ആർക്കോണം, പോത്തന്നൂർ, ഒലവക്കോട്ട്, ഷൊർണ്ണൂർ മുതലായ സ്റ്റേഷനുകളിലും, ഷൊർണ്ണൂരിന്നു ശേഷം വണ്ടി നിർത്തുന്ന എല്ലാ സ്റ്റേഷനുകളിലും സ്നേഹിതന്മാരും ബന്ധുക്കളും കാണുവാൻ വന്നിരുന്നു. കോഴിക്കോട് സ്റ്റേഷനിൽ ചന്ദ്രികയുമായി ബന്ധപ്പെട്ടവരും, തലശ്ശേരിയിൽ കുടുംബബന്ധുക്കളും, എല്ലായിടത്തും സാമൂഹ്യ പ്രവർത്തകരുമായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. അവരെയെല്ലാം വീണ്ടും കാണുന്നതും ക്ഷേമാന്വേഷണങ്ങൾ നടത്തുന്നതും വളരെ സന്തോഷം നൽകുന്ന അനുഭവമായിരുന്നു. ഒരു വിശ്വമഹാസമ്മേളനം കഴിഞ്ഞു, ലോകൈക മുസ്ലിം സാഹോദര്യം എന്താണെന്നു അനുഭവിച്ചറിഞ്ഞുവന്നവരെന്ന നിലയിൽ അവർക്കു നൽകുവാൻ ചില സന്ദേശങ്ങൾ ഉണ്ടായിരുന്നുവെന്നതു് ചില്ലറ കാര്യമല്ലല്ലൊ.

## തലശ്ശേരിയിൽ


അങ്ങിനെ ഞങ്ങൾ തലശ്ശേരിയിൽ സ്വന്തം വീട്ടിൽ എത്തി. ബന്ധുജനങ്ങളോടും സ്നേഹിതന്മാരോടും ഞങ്ങൾക്ക് പലതും പറയുവാനുണ്ടായിരുന്നു, ഡിസമ്പർ അന്ത്യത്തിൽ നടന്ന 'തലശ്ശേരി സംഭവ'ത്തെപ്പററി അവർക്ക് ഞങ്ങളോടും വളരെയൊക്കെ പറയേണ്ടതുണ്ടായിരുന്നു. ആദ്യത്തേതു മുസ്ലിമീങ്ങൾ ഒരു സമുദായമെന്ന നിലയിൽ എന്തൊക്കെയാണ് ചെയ്യേണ്ടത് എന്നതിനെപ്പററി, രണ്ടാമത്തേതു ഇതൊന്നും നേരെ ചൊവ്വെ ചെയ്യാതെയിരുന്നതിൻെറ ഫലമായി മുസ്ലിമീങ്ങളുടെ സ്വത്തിനും മാനത്തിനും വന്നെത്തിയ നാശനഷ്ടങ്ങളെപ്പററി. അടുത്ത ദിവസം ബാഫഖിതങ്ങൾ തലശ്ശേരിയിൽ എത്തി. തങ്ങളും ഞാനും മററും കേയി സാഹിബിൻെറ കൂടെ തലശ്ശേരിയിലും അയൽ പ്രദേശങ്ങളിലും അഗ്നിക്കിരയാക്കപ്പെട്ട പള്ളികളും, മദ്രസകളും മുസ്ലിം വീടുകളും ചുററിക്കാണുകയും, ദൃക്സാക്ഷികളുമായി സംസാരിക്കുകയും ചെയ്തു. അതൊരു ഞെട്ടലുണ്ടാക്കിയ അനുഭവമായിരുന്നു. യാതൊരു ന്യായീകരണവുമില്ലാതെ, മുസ്ലിംങ്ങൾ വളരെ ന്യൂനപക്ഷമായി ബലഹീനരായി തനിച്ചു നിൽക്കുന്ന ഒററതിരിഞ്ഞ സ്ഥലങ്ങളിൽ, ആസൂത്രിതമായി, കൂട്ടത്തോടെ നടത്തപ്പെട്ട മൃഗീയാക്രമണമായിരുന്നു അതു്. കക്ഷിവ്യത്യാസമെല്ലാം മറന്നു ഭൂരിപക്ഷസമുദായത്തിലെ എല്ലാ പാർട്ടികളിലുംപെട്ട ചെറുപ്പക്കാർ അതിൽ പങ്കെടുത്തു. അക്രമപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ അതിനെതിരായി ഭൂരിപക്ഷ സമുദായത്തിലെ കൊള്ളാ

വുന്നവരൊന്നും സംസാരിക്കുകയോ, ഫലപ്രദമായി എന്തെങ്കിലും ചെയ്യുകയോ ഉണ്ടായില്ലെന്നതു ഞങ്ങളെ വളരെയേറെ വേദനിപ്പിക്കുകയുണ്ടായി. ആക്രമണങ്ങൾ ശീഘ്രത്തിൽ നിയന്ത്രണാധീനമാക്കുന്നതിലും, റിലീഫ് സംഘടിപ്പിക്കുന്നതിലും ഗവമ്മെണ്ടും ലീഗും മററും ഫലപ്രദമായ പ്രവത്തനങ്ങൾ ചെയ്യുവെന്നും മനസ്സിലായി. ഇത് സാദ്ധ്യമായത് ഗവർമ്മെണ്ടിൽ ലീഗിനു് പങ്കുള്ളതുകൊണ്ടായിരുന്നു. ഏതായാലും തങ്ങൾ എല്ലായിടത്തും ക്ഷമയുടേയും, സമാധാനത്തിൻെറയും, സ്നേഹത്തിൻെറയും സന്ദേശം നൽകിക്കൊണ്ടിരുന്നു. "സബൂർ ചെയ്യുക. പ്രതികാരം ചിന്തിക്കാൻപോലും പാടില്ല. അ ല്ലാ ഹു വെ ഭയപ്പെടുക. ധൈര്യം അവലംബിക്കുക. ദീനിനുവേണ്ടി മരിക്കേണ്ടിവന്നാൽ അതിനും തയ്യാറായിരിക്കുക. നാം ചെയ്ത പാപങ്ങൾക്ക് ഒരു ശിക്ഷ അനുഭവിച്ചതാണ്. മേലിൽ സൂക്ഷിക്കുക. അല്ലാഹു നമുക്കു നല്ലത് തരും; നല്ല കാലം വരും. എന്തുതന്നെ വന്നാലും ഈമാൻ വിട്ടു് കളിക്കരുത്." അല്ലാഹുവിലും, തഖ്‌വായിലും, സമാധാനത്തിലും നിഷ്കളങ്കമായി വിശ്വസിക്കുകയും, അങ്ങിനെ സമാധാനം നിറഞ്ഞ അന്തരീക്ഷത്തിൽ തഖ്‌വയോടെ ജീവിക്കുക എന്ന ലക്ഷ്യത്തിൻെറ സാക്ഷാൽക്കാരത്തിന്നു് വേണ്ടി സാദ്ധ്യമായതെല്ലാം പ്രവത്തിക്കുകയുംചെയ്യുന്ന ആ മഹാനേതാവിൻെറ സാന്ത്വനവാക്കുകൾക്ക് വ്യക്തമായ ഫലം ഉണ്ടായി. അവിചാരിതമായി ഷോക്കേററു സ്തംഭിച്ചുപോയിരുന്ന വിഭാഗങ്ങൾ ഉണർന്നെഴുനേൽക്കുകയും, ആത്മധൈര്യം വീണ്ടെടുക്കുകയും ചെയ്തു. കുറഞ്ഞ ചില മാസങ്ങൾക്കുള്ളിൽ എല്ലാ പള്ളികളും വീടുകളും മുമ്പത്തേക്കാൾ നല്ല നിലയിൽ നിർമ്മിക്കപ്പെട്ടു. ഇനിയും ഇത്തരം ഹീനമായ ഒരാക്രമണം വരുന്നപക്ഷം അതിനെ എങ്ങിനെ നേരിടേണമെന്നു പഠിക്കുകയും ചെയ്തു.

## ഉൾക്കൊള്ളുക

സമുദായം ഒരുമ്മത്താണ്. ആദംനബി (അ) യിൽനിന്നുതന്നെ ഉടലെടുത്ത ഈ ഉമ്മത്തിനു് ഇബ്രാഹിം നബി (അ) വ്യക്തമായ രൂപം കൊടുത്തു. മുഹമ്മദ് നബി (സ) അതിനെ പരിപൂർണ്ണതയിൽ എത്തിച്ചു. മദ്ധ്യമാർഗ്ഗം കൈക്കൊള്ളുന്ന ഈ ഉത്തമ സമുദായത്തിൻെറ കേന്ദ്രം കഅബാശരീഫാണ്. ഏക ദൈവ വിശ്വാസത്തിൻെറ ഏററവും മഹത്തായ ഒരടയാളമെന്നോണം അതു വിലസുകയാണ്. 'തൌഹീദിൻ്റെ അമാനത്തു് നമ്മുടെ നെഞ്ചകത്തു് ഇരിക്കുന്ന കാലത്തോളം നമ്മുടെ പേരും പെരുമയും നശിപ്പിക്കുവാനോ, മാനത്തിനു് ഹാനിവരുത്തുവാനോ ഒരു ശക്തിക്കും സാദ്ധ്യമല്ല.' ഈ തൌഹീദിൻെറ ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ– വിശുദ്ധ ഖുർആൻ പഠിപ്പിച്ചതന്ന തത്വങ്ങളിന്മേൽ– പടു

ത്തുയർത്തപ്പെട്ട ഉമ്മത്തിൻെറ ചരിത്രമാണ് മദീനാശരീഫ് തുറന്നുകാട്ടുന്നതു്. 'അസത്യത്തിനു് വഴങ്ങുന്നവർ, അല്ലാഹുവെ, ഞങ്ങളല്ല! ഒരായിരം പ്രാവശ്യം നീയിതു് പരീക്ഷിച്ചു കഴിഞ്ഞതാണല്ലൊ?' അതെ ബദറും, ഉഹ്ദും, വേറെയും നൂറുനൂറു പരീക്ഷണങ്ങളും! വിശ്വാസത്തിൻെറയും, തഖ്‌വായുടേയും സന്ദേശം നാം ഉൾക്കൊള്ളുകതന്നെ നബികരീം (സ) കാണിച്ചുതന്ന മാതൃക നമുക്കു വഴികാട്ടിയത്രെ 'ഈ കാരവൻെറ നേതാവ് മുഹമ്മദ് നബി (സ) ആണല്ലൊ! അവിടുത്തെ പേർ മതി ഞങ്ങളുടെ യാത്ര സുഗമമായിരിക്കുവാൻ!' അല്ലാഹു കല്പിച്ച മാർഗ്ഗം, തിരുനബി (സ) കാട്ടിത്തന്ന മാർഗ്ഗം, സ്നേഹത്തിന്റെയും, പരസ്പരസഹായത്തിൻെറയും, ധൈര്യത്തിൻെറയും, യോജിപ്പിൻെറയും മാർഗ്ഗം. ആ നേർവഴിയിൽക്കൂടി നമുക്കു ചലിക്കാം. തനിച്ചും, കുടുംബസമേതവും, സമുദായം ഒന്നായും ഒററക്കെട്ടായും സഞ്ചരിക്കാം. അങ്ങിനെ ചെയ്യുന്നപക്ഷം മാനവലോകം നമ്മോടൊപ്പം വരും. നമ്മുടെ കാരവൻ പുറപ്പെടട്ടെ; ചലിക്കട്ടെ– കഅബയെ ചുററി പ്രതിക്ഷണം ചെയ്തതുപോലെ, സഫാമർവായിടുക്കിൽ ഓടിയതുപോലെ, ബദ്റിലും ഉഹ്ദിലും കണ്ടതുപോലെ, റൌസാശരീഫിൽ ഇരുന്നുകൊണ്ടു് നബി (സ) യും സഖാക്കളും (റ) ആസൂത്രണംചെയ്തു രൂപപ്പെടുത്തിയതുപോലെ. നാം വളരെ വളരെ പിന്നിലാണ് നിൽക്കുന്നതു്. അതുകൊണ്ടു് കുറെ വേഗതയോടെ ഓടണം. ഓടിയെത്താൻ സമയം അല്പം ബാക്കിയുണ്ടു്: 'നിങ്ങൾ ഭഗ്നാശയരാകരുതു്. ദുഃഖിക്കുകയുമരുതു്: നിങ്ങൾ തന്നെ മികച്ചുനിൽക്കും– നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ'' (വി. ഖു. 3 : 139.)





## ഹറംശരീഫിന്റെ പ്ലാൻ

(സ്കെയിലനുസരിച്ചല്ല)

1. കഅബാശരീഫ്, 2. ഹജർ ഇസ്മാഈൽ, 3. മഖാംഇബ്രാഹിം, 4. ഹജറുൽഅസ്വദ്, 5. റുക്നുയമാനി, 6. സംസം, 7. മിമ്പർ, 8. റേഡിയോ സെന്റർ, 9. സഫാ, 10. മർവ 11. ഒററമിനാരത്തും ഖുബ്ബയും, 12_13_14 ഇരട്ടമിനാരത്തുകളുള്ള കവാടങ്ങൾ, 15_15_15 പള്ളി, 16_16_16 മുററം, 17. മതാഫ്, 18. മസ്അ:

(57_ാം പേജ് നോക്കുക)


A
B
തെക്ക്
C
D
E
F
G
H
J
K
L
M
N
O
P
Q
R
U
V
W
X
1
2
3
4
5
6
7
8
9
10
കിഴക്ക്
പടിഞ്ഞാറ്
വടക്ക്
S
T

(159_ാം പേജ് നോക്കുക)

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl No. M301 Acc. No. 69800

This book should be returned on or before the date last stamped below.

- 5 SEP 1978
- 3 FEB 1979
19 JUN 1982
10 JUL 1985
27 SEP 1988
- 3 SEP 1991
11 FEB 1996

Cl. No. M301 Acc. No. 69800
Kut-H
AUTHOR കുട്ടിയമ്മ, ടി. വി.

M301
Kut-H

69800

കുട്ടിയമ്മ, ടി. വി.
ഹജ്ജുയാത്രയിലെ സാമൂഹി-
കചിന്തകൾ

# ഹജ്ജ്‌യാത്രയിലെ സാമൂഹിക ചിന്തകൾ

ടി.പി.കുട്ടിയമ്മു

Indic Digital Archive Foundation
gpura.org